# കേരള നിയമസഭാ നടപടികൾ

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**2017 മേയ് 22, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 18

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 22, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

331/20

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യൂ ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...76

**II ഉത്തരത്തിലെ തിരുത്ത്** ...388

**III അടിയന്തരപ്രമേയം**

എച്ച് 1 എൻ 1 പനി ...388

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധക്ഷണിക്കൽ**

1. ക്രെഷെകളുടെ പ്രവർത്തനം

—ശ്രീ. പി. കെ. ശശി ...412

2. റെയിൽപാത

—ശ്രീ. ഒ. രാജഗോപാൽ ...416

**V സബ്മിഷൻ**

1. വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ്

— ഡോ. എം. കെ. മുനീർ ...421

— ശ്രീ. പി.ടി. എ. റഹിം ...

2. അരൂർ, കുമ്പളം ടോൾ പ്ലാസ വികസനം സംബന്ധിച്ച്

— ശ്രീ. എം. സ്വരാജ് ...423

*പേജ്*

3. മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം

— ശ്രീ. അൻവർ സാദത്ത് ...425

4. ഫയലുകൾ നശിപ്പിച്ചത് സംബന്ധിച്ച്

— ശ്രീ. മുരളി പെരുനെല്ലി ...427

5. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കരാർ

— ശ്രീ. വി. എസ്. അച്യുതാനന്ദൻ ...428

6. മൾട്ടിപ്ലക്സ് തിയേറ്ററുകൾ

—ശ്രീ. പുരുഷൻ കടലുണ്ടി ...432

7. അടൂർ ജനറൽ ആശുപത്രിയുടെ സമഗ്ര വികസനം

— ശ്രീ. ചിറ്റയം ഗോപകുമാർ ...433

8. പുഴയ്ക്കൽ പാലം നിർമ്മാണം

— ശ്രീ. അനിൽ അക്കര ...435

9. ശ്രീശങ്കര പാലത്തിന് സമാന്തര പാലം

— ശ്രീ. എൽദോസ് കുന്നപ്പിള്ളി ...437

10. കരിമണൽ ഉപയോഗിച്ചുള്ള പദ്ധതികൾ

— ശ്രീ. കെ. കൃഷ്ണൻകുട്ടി ...438

11. തെരുവുനായ്ക്കളുടെ കടിയേറ്റുണ്ടായ മരണം

— ശ്രീ. എം. വിൻസെന്റ് ...443

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...446

*പേജ്*

**VII റിപ്പോർട്ട് സമർപ്പണം**

1. ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ...446

2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാല്പത്തിയൊന്നാമത് റിപ്പോർട്ട് ...446

**VIII ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ...446

**IX നിയമനിർമ്മാണകാര്യം**

2017- ലെ കേരള ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ...447

**X. ക്രമപ്രശ്നം**

ബിൽ ക്രമപ്രകാരമല്ല എന്നത് സംബന്ധിച്ച്

— ശ്രീ. വി. ഡി. സതീശൻ ...447

**റൂളിംഗ്** ...448

**നിയമനിർമ്മാണകാര്യം(തുടർച്ച)** ...449

**XI അറിയിപ്പ്** ...

**ചലച്ചിത്ര പ്രദർശനം** ...535

**അനുബന്ധം** ...536

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

*2017 മേയ് 22, തിങ്കൾ*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2017 മേയ് മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*541)

### അഖിലേന്ത്യാ പൊതുപ്രവേശന പരീക്ഷാ നടത്തിപ്പിലെ വീഴ്ചകൾ

1 (*541) ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പൊതു പ്രവേശന പരീക്ഷ സ്വാഗതാർഹമാണെങ്കിലും പരീക്ഷാ നടത്തിപ്പിൽ മുൻ വർഷങ്ങളിലേതുപോലെ ഇപ്രാവശ്യവും ഗുരുതരമായ പ്രശ്നങ്ങൾ ഉയർന്നത് കേന്ദ്ര സർക്കാരിന്റെയും സി.ബി.എസ്.ഇ.-യുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) അടുത്ത വർഷം എഞ്ചിനീയറിംഗ് പരീക്ഷ കൂടി സി.ബി.എസ്.ഇ. നടത്താൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളെ അധിക്ഷേപിക്കുകയും മാനസികമായി തളർത്തുകയും ചെയ്യുന്ന തരത്തിലുള്ള നടപടികളുണ്ടാകരുതെന്ന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ;

(സി) ഇത്തരം പരീക്ഷകളുടെ നടത്തിപ്പിൽ സി.ബി.എസ്.ഇ.-യുടെ ഭാഗത്തുനിന്ന് വീഴ്ചകളുണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്ത് ഈ പരീക്ഷകളുടെ നടത്തിപ്പിന്റെ മേൽനോട്ടം ഇക്കാര്യത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിനെ ഏൽപ്പിക്കാൻ ആവശ്യപ്പെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകുന്നതാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം രാജ്യത്തെ എം.ബി.ബി.എസ്., ബി.ഡി.എസ്. പ്രവേശനം ഏകീകൃത പ്രവേശന പരീക്ഷയായ നീറ്റ്-യു.ജി.സി.യുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. പ്രസ്തുത പ്രവേശന പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല സി.ബി.എസ്.ഇ.-യ്ക്കാണ് നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് നടന്ന നീറ്റ് പരീക്ഷയിൽ ഗുരുതരമായ ചില വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഏകീകൃത പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രവേശനം നടത്താൻ പാടുള്ളുവെന്ന് ഉത്തരവിട്ടിരിക്കുന്നതിനാൽ പരീക്ഷാ നടത്തിപ്പ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ല.

ശ്രീ. എ. എം. ആരിഫ്: സർ, എന്റെ മൂന്നാമത്തെ ചോദ്യത്തിനുള്ള പ്രായോഗിക വിഷമതകളെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. ബാലാവകാശ നിയമങ്ങളും മനുഷ്യാവകാശനിയമങ്ങളും ലംഘിച്ച് നടത്തിയ ദേഹപരിശോധന ഓർത്ത് നാം ലജ്ജിച്ച് തലതാഴ്ത്തുകയാണ്. സി.ബി.എസ്.ഇ. പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മനുഷ്യത്വരഹിതമായി നടപ്പിലാക്കിയവരുടെ പേരിൽ ഇത്രയും ശിക്ഷ മതിയോ എന്നുള്ള കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. 2015-ൽ നീറ്റ് അടിസ്ഥാനത്തിൽ നടത്തിയ ടെസ്റ്റുകളിൽ ബീഹാറിലടക്കം വ്യാപകമായി കൂട്ടകോപ്പിയടി നടക്കുകയുണ്ടായി. ഈ പരീക്ഷ പാസ്സാകുന്നതിനായി ഹീനമായ പല മാർഗ്ഗങ്ങളും സ്വീകരിക്കുന്ന സ്ഥിതിയുണ്ടായപ്പോഴാണ് സുപ്രീംകോടതി ഇടപെട്ട് കേന്ദ്ര സർക്കാരിനോട് ഡ്രസ് കോഡ് അടക്കമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടത്. വസ്ത്രം സംബന്ധിച്ചുള്ള നിബന്ധനകളിൽ പറഞ്ഞിരിക്കുന്നത്, ഘനമേറെയില്ലാത്ത/ലൈറ്റ്, വലിയ ബട്ടൺ, ബ്രൂച്ച്, ബാഡ്ജ്, പൂവ്

മുതലായവയില്ലാത്ത അരക്കയ്യൻ വസ്ത്രം, സൽവാർ, ട്രൗസർ എന്നിവയാകാം, ചെറിയ ഹീലുള്ള ചെരുപ്പ് ധരിക്കാം, ഷൂസ് പാടില്ല എന്നിങ്ങനെ ധാരാളം കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. ഓരോ സംസ്ഥാനങ്ങൾക്കും ഓരോ സമുദായങ്ങളുടെ വിശ്വാസങ്ങളനുസരിച്ച് വ്യത്യസ്തമായ ഡ്രസ് കോഡുണ്ട്. ഇത്തരം പ്രാകൃതമായ പരിശോധനകളില്ലാതെ, സി.സി.ടി.വി. ക്യാമറകൾ പോലുള്ള ആധുനിക നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പരീക്ഷ നടത്താൻ കഴിയും. കുട്ടികളെ മാനസികമായി പീഡിപ്പിക്കാത്തതും തളർത്താത്തതുമായ നിലയിലുള്ള സംവിധാനങ്ങളേർപ്പെടുത്തണം. മേൽപ്പറഞ്ഞ രീതിയിലുള്ള പീഡനങ്ങൾ ഇല്ലാതാക്കാൻ കഴിയുന്ന തരത്തിലുള്ള നല്ല നിർദ്ദേശങ്ങൾ, മലയാള മനോരമയിലും മറ്റും പംക്തി കൈകാര്യം ചെയ്യുന്ന ശ്രീ. ബി. എസ്. വാരിയർ ഈ ലക്കം കലാകൗമുദിയിൽ വലിയൊരു ലേഖനമെഴുതിയിട്ടുണ്ട്. കൂടാതെ വിവിധ പ്രസിദ്ധീകരണങ്ങളിൽ ധാരാളം നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ഈ പരീക്ഷ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ സി.ബി.എസ്.ഇ.-യോടും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തോടും ആവശ്യപ്പെടുമോ എന്നാണ് ഞാൻ ചോദിക്കുന്നത് ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ സമൂഹത്തിൽ നടന്ന ഈ സംഭവം ഒരുപാട് വേദനയുണ്ടാക്കിയിട്ടുണ്ട്. മനുഷ്യാവകാശ ലംഘനമാണ്, ഇത് സഭ ചർച്ച ചെയ്യേണ്ടതുമാണ്. ഈ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഈ കാര്യങ്ങൾ സൂചിപ്പിച്ച് ഈ സഭതന്നെ കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിക്ക് പ്രമേയം നൽകിയിട്ടുള്ളതാണ്. അതോടൊപ്പംതന്നെ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകിച്ചും, എം.എൽ.എ. പറഞ്ഞതുപോലെ, തുടർപരീക്ഷകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളുടെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി അദ്ദേഹത്തിന് കത്തയച്ചിട്ടുണ്ട്. സി.ബി.എസ്.ഇ.-യും സ്വാഭാവികമായും അത്തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, നീറ്റ് എക്സാമിനേഷൻ വന്നതോടുകൂടി എൻട്രൻസ് പ്രവേശന പരീക്ഷാ പരിശീലനത്തിന് അക്കാഡമികളെല്ലാം വലിയ തോതിൽ ഫീസ് വാങ്ങി ധാരാളം കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ വിദ്യാലയങ്ങളിലുള്ള അത്രയും നല്ല റിസോഴ്സസ് വേറെ എങ്ങുമില്ല. ഹയർ സെക്കണ്ടറി അദ്ധ്യാപകർ മികച്ച അദ്ധ്യാപകരാണ്. ആ റിസോഴ്സ് ഉപയോഗിച്ചുകൊണ്ട് താൽപ്പര്യമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് സിലബസ്

നൽകി ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിലുള്ള സംവിധാനങ്ങളോടുകൂടി സ്കൂൾ ടൈം കഴിഞ്ഞ് ശനിയും ഞായറും കോച്ചിംഗ് നടത്താൻ സാധിക്കും. പ്രത്യേക സാങ്ഷൻ വാങ്ങി എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ അദ്ധ്യാപകരെ സെലക്ട് ചെയ്ത് എന്റെ മണ്ഡലത്തിൽ 240 കുട്ടികളെ പഠിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയാണ് ഇത്തവണത്തെ ബാച്ച് ഉദ്ഘാടനം ചെയ്തത്. ചില സംവിധാനങ്ങളുപയോഗിച്ച് പഠിപ്പിക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ നമുക്കുതന്നെ പാവപ്പെട്ട കുട്ടികൾക്കുള്ള പഠന സംവിധാനമേർപ്പെടുത്താൻ സാധിക്കും. ഈ അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ അക്കാഡമികളിൽ പോയി പഠിക്കാൻ നിർവ്വാഹമില്ലാത്ത പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും മക്കൾക്ക് പഠിക്കാനുള്ള സൗകര്യമേർപ്പെടുത്തുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ വിപുലീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും ഇത് പരിഗണിക്കാവുന്ന നല്ല ഒരു അഭിപ്രായമാണ്. കേരളത്തിലെ പരീക്ഷാ പരിഷ്കരണത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യംതന്നെ അതാണ്. പലപ്പോഴും പാഠപുസ്തകത്തെ ആസ്പദമാക്കി സാധാരണ പരീക്ഷകളിലും അതിനപ്പുറമുള്ള ചോദ്യങ്ങൾ എൻട്രൻസ് പരീക്ഷകളിലും വരാറുള്ളതാണ്. അത്തരത്തിലുള്ള ഒരു ഓറിയന്റേഷൻ നമ്മുടെ ക്ലാസ് പഠനത്തിലില്ലാതിരുന്നു എന്നുള്ളതുകൊണ്ടാണ് എൻട്രൻസ് സെന്ററുകളെല്ലാം ഇത്രയധികം വളർന്നത്. ഈ വർഷം ക്വസ്റ്റ്യൻ ബാങ്ക് അടക്കമുള്ള പഠനരീതി നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കും. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ തുടർ വർഷങ്ങളിൽ കേരളത്തിൽ പഠിക്കുന്ന കുട്ടികൾക്ക് നീറ്റും മറ്റ് എൻട്രൻസ് പരീക്ഷകളും, ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ പോലുള്ള മറ്റ് പ്രധാനപ്പെട്ട പരീക്ഷകളും എഴുതാവുന്ന രീതിയിൽ അവർ പ്രാപ്തിയുള്ളവരാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കഠിനമായ പരിശീലനവും പ്രയത്നവും കഴിഞ്ഞ് അവസാന ലക്ഷ്യത്തിലേയ്ക്ക് അടുക്കുന്ന വിദ്യാർത്ഥികളോട് കേരളത്തിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിലെ ചുമതലക്കാർ കാണിച്ച കൊടും ക്രൂരത വാക്കുകൾകൊണ്ട് വിവരിക്കാനാവാത്തതാണ്. മനസ്സും ശരീരവും പരുവപ്പെടുത്തി ഉന്നത റാങ്ക് എന്ന ഏക ലക്ഷ്യത്തിലേയ്ക്ക് കുതിക്കുന്ന നിരവധി വിദ്യാർത്ഥികളുടെ ഭാവിയാണ് പരീക്ഷാ നടത്തിപ്പിനായി സി.ബി.എസ്.ഇ. ചുമതലപ്പെടുത്തിയവർ നിർജ്ജീവമാക്കിക്കളഞ്ഞത്.കൊടും പീഡനത്തിനിരയായി പരീക്ഷാ ഹാളിലേയ്ക്ക് നീങ്ങിയ കുട്ടികളുടെ മാനസികനില എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ; അവർക്ക് എങ്ങനെ ഏകാഗ്രതയോടെ പരീക്ഷ എഴുതാനാകും? ആയതിനാൽ ഇത്തരം പരീക്ഷകളിലെ കൃത്രിമം തടയുന്നതിനായി ആധുനിക

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും ഉപയോഗം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമോ; ആയതിലേയ്ക്കുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിക്കയച്ച കത്തിൽ ഇതെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നീറ്റ് പരീക്ഷ നടത്തുന്നത് സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പുമല്ല. എന്നാൽ കേരളത്തിൽ നടത്തുന്ന പരീക്ഷയുടെ കാര്യത്തിൽ അത്തരത്തിലുള്ള പരിഷ്കരണങ്ങളെക്കുറിച്ച് ഈ പശ്ചാത്തലത്തിൽ ആലോചിക്കാവുന്നതാണ്. സി.ബി.എസ്.ഇ. നടത്തുന്ന പരീക്ഷയ്ക്ക് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നമ്മുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ നേരിട്ട് അറിയിക്കുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മുടെ സംസ്ഥാനത്തുണ്ടായ അപമാനകരമായ ഒരു സംഭവമാണ് നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ ദേഹപരിശോധനയും മറ്റും. അതിൽ സഭ ഒറ്റക്കെട്ടായി പ്രതിഷേധിക്കുകയും വിദ്യാഭ്യാസ വകുപ്പുമന്ത്രി നമ്മുടെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. എൻട്രൻസ് മേഖലയിൽ വലിയ പരിഷ്കരണം അനിവാര്യമാണ്. ഈ എൻട്രൻസ് കുത്തകകൾ പൊളിക്കാൻ, ഇവിടെ നേരത്തെ സൂചിപ്പിക്കപ്പെട്ടതുപോലെ ചില സ്ഥാപനങ്ങളിൽ പോയി പഠിച്ചാൽ നിർബന്ധമായും എൻട്രൻസ് കിട്ടും എന്നൊരു ട്രെൻഡുണ്ട്. ഇത്തരം സംവിധാനങ്ങളിൽക്കൂടി ക്രമീകരണം വരുത്താൻ നമുക്ക് സാധിക്കുമോ; അതുപോലെ നമ്മുടെ സർക്കാർ ഏതെങ്കിലും പരീക്ഷകൾ പുനഃക്രമീകരിക്കാനോ പരീക്ഷകളിൽ പരിഷ്കരണം വരുത്താനോ തീരുമാനിച്ചിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. കേരളത്തിലെ എല്ലാ പരീക്ഷകളും ആധുനികവൽക്കരിക്കുക എന്നുള്ള ഒരു ലക്ഷ്യത്തിലാണ് സംസ്ഥാന സർക്കാർ നീങ്ങുന്നത്. ഈ പശ്ചാത്തലത്തിൽ കുറേക്കൂടി ശ്രദ്ധ വേണം. കേരളത്തിന്റെ പരീക്ഷാ പരിഷ്കരണത്തെക്കുറിച്ചാണ് ഞാൻ ഉത്തരം പറഞ്ഞത്. ചോദ്യ ബാങ്ക് അടക്കം രൂപീകരിക്കുകയും പഠനത്തിന്റെ രീതിശാസ്ത്രം മാറ്റുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ഇത്തരത്തിലുള്ള പരീക്ഷകൾ നേരിടാൻ കുട്ടികൾ സജ്ജരാകും. അവരുടെ മാനസികമായ ഭയം കുറെയൊക്കെ കുറഞ്ഞുവരും. അത്തരത്തിലുള്ള ഒരു പുതിയ സമീപനം കേരളത്തിലെ പരീക്ഷാ പരിഷ്കരണത്തിൽ ഏർപ്പെടുത്തും.

ശ്രീ. കെ. ദാസൻ: സർ, മാറ് മറയ്ക്കാൻ സമരം ചെയ്ത ഈ നാട്ടിൽ മാറ് മറച്ച് വസ്ത്രം ധരിച്ച കുട്ടികളുടെ വസ്ത്രമുരിഞ്ഞെടുത്ത കമ്പോള വിദ്യാഭ്യാസ സംസ്കാരത്തിന് ബദലായി ഒരു സംസ്കാരം വളർത്തിയെടുക്കുന്ന ഇടതുപക്ഷം ഈ പ്രശ്നം ശക്തമായ

പ്രചാരവേലയിലൂടെ ഉയർത്തിക്കൊണ്ടുവരുമോ; വിദ്യാർത്ഥികളുടെ വ്യക്തി സ്വാതന്ത്ര്യവും അവരുടെ ആചാരാനുഷ്ഠാനങ്ങളും ലിംഗവിവേചനവുമെല്ലാം മനുഷ്യാവകാശ പ്രശ്നങ്ങളാണ്. അത് ലംഘിക്കുന്നതിനെതിരെ അതിശക്തമായ ഒരു നിലപാട് കേരള ഗവൺമെന്റ് സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും ഈ പശ്ചാത്തലത്തിലും സ്വീകരിച്ചിട്ടുണ്ട്, അതിനുമുമ്പും സ്വീകരിച്ചിട്ടുണ്ട്, തുടർന്നും അതുതന്നെയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നിർദ്ദേശം നൽകേണ്ടവർക്ക് നിർദ്ദേശം നൽകുകയും അഭിപ്രായം അറിയിക്കേണ്ടവരെ അഭിപ്രായമറിയിക്കുകയും ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്തവണത്തെ എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെയേറെ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും ഇടയായ ഒന്നാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം നല്ല നിലയിൽ പരീക്ഷ നടത്തുന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ ഒരു മാർഗ്ഗനിർദ്ദേശം അല്ലെങ്കിൽ സജഷൻ എന്തുകൊണ്ട് സി.ബി.എസ്.ഇ.-ക്ക് കൊടുത്തുകൂടാ; ശ്രീ. എ. എം. ആരിഫ് ചൂണ്ടിക്കാണിച്ചതുപോലെ, ബീഹാർ, യു.പി. തുടങ്ങിയ പല സംസ്ഥാനങ്ങളിലും നടന്ന ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം കർശനമായ ഡ്രസ് കോഡുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. പക്ഷെ അത് മനുഷ്യാവകാശങ്ങളുടെ ലംഘനമായി മാറുന്നതിനാലാണ് നമ്മളെല്ലാവരും എതിർപ്പ് പ്രകടിപ്പിച്ചത്. കേരളത്തിലെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ എന്തുകൊണ്ട് സി.ബി.എസ്.ഇ.-ക്ക് കൊടുത്തുകൂടാ എന്നുള്ളതാണ് എന്റെ ചോദ്യം.?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും നല്ലൊരു അഭിപ്രായമാണിത്. പ്രശ്നങ്ങളിൽ കൃത്യമായി ഇടപെടണം എന്നുള്ള നിർദ്ദേശമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ഇതിൽ പങ്കെടുത്തത് ആരാണോ അവർക്ക് അർഹമായ ശിക്ഷ കൊടുക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പരീക്ഷാ പരിഷ്കരണം വളരെ ശാസ്ത്രീയമായി ചെയ്യേണ്ട ഒരു കാര്യമാണ്. സാമ്പ്രദായികമായിട്ടുള്ള പരീക്ഷാരീതികൾ പലപ്പോഴും കാലഘട്ടത്തിനനുസരിച്ചല്ല എന്ന് ലോകം മുഴുവനുമുള്ള വിദ്യാഭ്യാസ വിചക്ഷണർ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. അത് തീർച്ചയായും ആധുനികവൽക്കരിക്കേണ്ടതുണ്ട്. അതുപോലെ അവസാന പരീക്ഷയ്ക്കാണോ തുടർമാർക്കിടുന്ന പരീക്ഷയ്ക്കാണോ പ്രാധാന്യം നൽകേണ്ടത് എന്നുള്ള ചർച്ചയും സജീവമാണ്. ഓൺലൈൻ പരീക്ഷ വികസിപ്പിച്ച് ഇന്ന് നാം കാണുന്ന പ്രശ്നങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമമാണ്

കേരളത്തിൽ ഈ വർഷം ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഈ പരീക്ഷണത്തിൽ, ഈ ചർച്ചയിൽ മൂർത്തമായ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുത്താൽ അത് മാനവവിഭവശേഷി മന്ത്രാലയത്തിനും സി.ബി.എസ്.ഇ.-ക്കും നൽകാൻ സാധിക്കും. അവർ പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട രീതി അവർ അഭിപ്രായപ്പെട്ടാൽ നമുക്കും അത് സ്വീകരിക്കാം. പരസ്പര ചർച്ചയിലൂടെ, കൂട്ടായ്മയിലൂടെ ഇന്നത്തെ പരീക്ഷാ രീതികളും സമ്പ്രദായങ്ങളും മാറ്റിയെടുക്കേണ്ടത് ആവശ്യമാണ്. അതിനുള്ള ശ്രമം തീർച്ചയായും വിദ്യാഭ്യാസ വകുപ്പ് നടത്തുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പൊതുപ്രവേശനപരീക്ഷ എഞ്ചിനീയറിംഗിലേയ്ക്കുകൂടി വ്യാപിപ്പിക്കുവാൻ പോകുകയാണ്. നീറ്റ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കേരളത്തിലെ എൻട്രസ് കമ്മീഷണറേറ്റിൽ എണ്ണൂറ് രൂപ അടച്ച് അപേക്ഷ കൊടുത്ത് വില്ലേജ് ആഫീസിൽ നിന്ന് ഇൻകം സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുമൊക്കെ വാങ്ങേണ്ട ഒരവസ്ഥയുണ്ട്. അത് സെലക്ഷൻ കിട്ടിയ കുട്ടികൾക്ക് മാത്രമാക്കാൻ സാധിക്കുമോ; അല്ലെങ്കിൽ വീണ്ടും അപേക്ഷ കൊടുത്ത് പൈസ അടപ്പിക്കേണ്ട സ്ഥിതിയിൽനിന്ന് പൊതുവായി ഒഴിവാക്കാൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നീറ്റ് പരീക്ഷ എഞ്ചിനീയറിംഗിന് ബാധകമാക്കുമെന്ന് തീരുമാനമായതായി അറിവില്ല, നമുക്ക് കമ്മ്യൂണിക്കേഷനൊന്നും ലഭിച്ചിട്ടില്ല. ഒരു പൊതുഅഭിപ്രായം കേൾക്കുന്നു എന്നുമാത്രമേ ഉള്ളൂ. അത്തരത്തിൽ ഒരു സന്ദർഭമുണ്ടാവുകയാണെങ്കിൽ നമുക്ക് ഈ കാര്യം പരിശോധിക്കാവുന്നതാണ്.

**പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവ് നികത്തുന്നതിന് നടപടി**

2 (* 542) <u>ശ്രീ. വി. ജോയി:</u>

<u>ശ്രീ. കെ. വി. വിജയദാസ്:</u>

<u>ശ്രീ. എം. സ്വരാജ്:</u>

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവ് നികത്തുന്നതിനും ആവശ്യത്തിന് തസ്തിക സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ

പുനർനിയമനത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവുമൂലം നഷ്ടപ്പെട്ട തസ്തിക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഈ തസ്തികയിലെ അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ഹയർസെക്കണ്ടറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കാതിരുന്നതുമൂലം വേതനമില്ലാതെ ജോലിചെയ്യേണ്ടിവന്നിരുന്ന മൂവായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് വേതനം നൽകാൻ നടപടിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഇതുസംബന്ധിച്ച് അറിയിപ്പ് നൽകുകയും, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ വിജിലൻസ് സെല്ലിനെക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പരിശോധിച്ച് എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം തസ്തിക നിർണ്ണയം, നിയമനാംഗീകാരം, അധിക അദ്ധ്യാപക-അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം എന്നിവ സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ 2011-12 മുതൽ 2015-16 വരെയുള്ള അഞ്ച് വർഷങ്ങളിലെ തസ്തിക നിർണ്ണയം 2016 മേയ് മാസത്തോടെ പൂർത്തിയായി. ഈ തസ്തിക നിർണ്ണയത്തിലൂടെ അധികമെന്നു കണ്ടെത്തിയ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുമാണ് ഇപ്പോൾ സംരക്ഷണം അനുവദിച്ചിട്ടുള്ളത്. ഈ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിനെയാണ് അദ്ധ്യാപക ബാങ്ക് എന്നുവിളിക്കുന്നത്. ഈ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 5-8-2016-ലെ ജി.ഒ. (പി) നമ്പർ 134/2016/പൊ.വി.വ എന്ന ഉത്തരവിലൂടെ സർക്കാർ വ്യക്തവും വിശദവുമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത ജീവനക്കാരെ എയ്ഡഡ് സ്കൂളുകളിലെ ഒഴിവുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് 3-12-2016-ലെ ജി.ഒ. (പി) നമ്പർ

199/2016/പൊ.വി.വ. പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കണക്കാക്കിയിട്ടുണ്ട്. നിലവിൽ തസ്തിക നഷ്ടമായി അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം 3737 ആണ്. ഇവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 5-8-2016-ലെ ജി.ഒ. (പി) നമ്പർ 134/2016/ പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) 2014-15, 2015-16 കാലയളവിൽ സംസ്ഥാനത്ത് അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് 2014-ൽ സർക്കാർ ഉത്തരവായിട്ടുള്ളത്. അപ്രകാരം ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് 31-10-2016-ലെ സ.ഉ. (കൈ) നമ്പർ 185/201/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വേതനം അനുവദിക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങും ഗവൺമെന്റും നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. സംസ്ഥാനത്തെ ആയിരം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു, മണ്ഡലത്തിലെ ഒരു സ്കൂൾ ഹൈടെക് ആക്കുന്നു, 45000 ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കുന്നു എന്നതൊക്കെ ശരിയാണ്. പക്ഷേ അദ്ധ്യാപകരുടെ യോഗ്യത, നിലവാരം എന്നിവയെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള പഠനം നടത്തുന്നുണ്ടോ; ചില അദ്ധ്യാപകർ അദ്ധ്യാപനത്തിൽ തീരെ താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല. ഇത് സർക്കാർ വിദ്യാലയങ്ങളെ മോശപ്പെടുത്തുന്ന തരത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഇതിൽ അടിയന്തരമായ ഇടപെടൽ നടത്തുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നിശ്ചയിക്കപ്പെട്ട യോഗ്യതകൾ ഉള്ളവർ തന്നെയാണ്. സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് പി.എസ്.സി. വഴിയാണ്. ക്വാളിഫൈഡ് ആണെങ്കിൽ പോലും കാലത്തിനനുസരിച്ച് അദ്ധ്യാപകർ കൂടുതൽ അറിവ് ആർജ്ജിച്ചിരിക്കണം. അതിനുവേണ്ടിയാണ് ഇടയ്ക്കിടെ പരിശീലനങ്ങൾ നടത്താറുള്ളത്. പക്ഷേ സാമ്പ്രദായികമായ പരിശീലനങ്ങൾ ലക്ഷ്യത്തിലെത്താറില്ല എന്നുള്ളതുകൊണ്ട് ഈ വർഷം വെക്കേഷൻ സമയത്ത് കേരളത്തിലെ എല്ലാ അദ്ധ്യാപകർക്കും എട്ട് ദിവസത്തെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രത്യേക പരിശീലനം നൽകുന്നതാണ്. അത് ആധുനികവൽക്കരണം എന്ന, സ്മാർട്ട് ക്ലാസ്സുകളായി മാറുന്ന എന്ന സങ്കൽപ്പംകൂടി ഉള്ളിൽ വച്ചുകൊണ്ടാണ് നടത്തുന്നത്. ഐ.സി.റ്റി. ഉപയോഗിച്ച് കുട്ടികളെ എങ്ങനെ പഠിപ്പിക്കാം എന്ന തരത്തിലുള്ള പരിശീലനം കൂടി അദ്ധ്യാപകർക്ക് നൽകുകയാണ്. ഇത്തരത്തിലുള്ള പരിശീലനം നൽകി ആധുനികവൽക്കരിച്ച്, അന്താരാഷ്ട്ര നിലവാരമുള്ള അദ്ധ്യാപകരാക്കി മാറ്റുക എന്നുള്ള ഒരു പ്രക്രിയയിലാണ് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ്.

ശ്രീ. വി. ജോയി: സർ, പത്ത് അദ്ധ്യാപകരുള്ള ഒരു സ്കൂളിൽ രണ്ട് മൂന്ന് അദ്ധ്യാപകരെങ്കിലും പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാത്ത ഒരവസ്ഥ ഉണ്ടാകുന്നുണ്ട്. ഇത് ഗൗരവമായി പരിശോധിക്കണം. ഹിന്ദി, ഉറുദു, തമിഴ് തുടങ്ങിയ ഭാഷാദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ; അവർക്ക് പി.എഫ്. അടയ്ക്കാൻപോലും സാധിക്കുന്നില്ല എന്നുള്ള പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും പരിഹാരം ഉണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില അദ്ധ്യാപകർ പഠിപ്പിക്കുന്നില്ല എന്നുള്ള അഭിപ്രായം വ്യാപകമായ തോതിൽ ഉയർന്നു വന്നിട്ടില്ല. കേരളത്തിലെ അദ്ധ്യാപകർ വളരെയധികം പൊട്ടൻഷ്യലുള്ളവരാണ്. അവരുടെ പൊട്ടൻഷ്യൽ കൂടുതൽ വർദ്ധിപ്പിക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സ്കൂളുകളെ വികസിപ്പിക്കുവാൻ ജനകീയമായാണ് ശ്രമിക്കുന്നത്, അല്ലാതെ ബ്യൂറോക്രാറ്റിക് ആയിട്ടല്ല എന്ന മറ്റൊരു വശം കൂടി അതിനുണ്ട്. ജനകീയമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ വികസിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ജനകീയ ശ്രദ്ധ അദ്ധ്യാപനത്തിലും മറ്റെല്ലാ കാര്യങ്ങളിലും ഉണ്ടാകും. സ്വാഭാവികമായും ഒരദ്ധ്യാപകനും യഥാർത്ഥ ചുമതലയിൽനിന്ന് വിട്ടുനിൽക്കാൻ കഴിയില്ല. അതാണ് ജനകീയ മോണിറ്ററിംഗിന്റെ പ്രത്യേകത. ആ രീതിയിലാണ് പ്രശ്നങ്ങളെ പരിഹരിക്കുവാൻ ശ്രമിക്കുന്നത്.

ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്തെ 141 RMSA സ്കൂളുകളിൽ പ്രധാന അദ്ധ്യാപകരില്ലാതെയും അദ്ധ്യാപകരില്ലാതെയും വലിയ പ്രയാസമാണ് നേരിടുന്നത്. അവിടെ നിയമപരമായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ആ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടികളെടുക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, RMSA സ്കൂളുകൾ കഴിഞ്ഞ വർഷംവരെ നിരവധി പ്രശ്നങ്ങളുള്ള സ്കൂളുകളായിരുന്നു. ആ സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുക എന്നതാണ് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏകവഴിയെന്ന് മനസ്സിലാക്കി.

അതിനാൽ കേരളത്തിലെ എല്ലാ RMSA സ്കൂളുകളേയും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട് സർക്കാർ സ്കൂളുകളിലുള്ള എല്ലാ നിയമന നിയമങ്ങളും RMSA സ്കൂളുകളിലും ബാധകമാണ്. ഇപ്പോൾ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരില്ല എന്ന പ്രശ്നം ഉദിക്കുന്നില്ല, അവിടെ ഡെയിലി വേജസിൽ അദ്ധ്യാപകരെ നിയമിക്കാനുള്ള സാധ്യതപോലും തുറന്നിട്ടിരിക്കുകയാണ്. RMSA സ്കൂളുകളിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് തുടർന്നുവരുന്ന പ്രശ്നങ്ങളുടെ തുടർച്ചയായിരിക്കാം. സർക്കാർ സ്കൂൾ എന്നുള്ള നിലയ്ക്ക് RMSA സ്കൂളുകളിൽ ഇനി പ്രശ്നങ്ങൾ ഉണ്ടാവില്ലെന്നു മാത്രമല്ല, ഉള്ളതു പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യാം.

ശ്രീ. എം. സ്വരാജ്: സർ, പൊതുവിദ്യാലയങ്ങളെയും പൊതു വിദ്യാഭ്യാസത്തെയും ശക്തിപ്പെടുത്താനും സംരക്ഷിക്കാനുമുള്ള മഹത്തായ പരിശ്രമമാണ് നമ്മൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. ഒന്നാം ക്ലാസ്സിൽ ഒരു കുട്ടിയെ ചേർത്ത് പഠിപ്പിക്കുകയെന്ന സങ്കല്പമെല്ലാം പോയിരിക്കുന്നു. ഇപ്പോൾ എൽ.കെ.ജി.-യും പ്രീ-കെ.ജി.-യുമൊക്കെയായിട്ടാണ് കുട്ടികൾ പഠനം ആരംഭിക്കുന്നത്. അതിനുള്ള സൗകര്യങ്ങളാണ് അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വ്യാപകമായിട്ടുള്ളത്. ഗവൺമെന്റ് സ്കൂളുകളോടുചേർന്ന് ചിലയിടങ്ങളിലുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഏറെക്കുറെ അംഗീകാരം ഇല്ലാത്തവയാണ്. അത് നിലനിർത്തിപോരുന്നത് അദ്ധ്യാപകരുടെയും പി.റ്റി.എ. കമ്മിറ്റിയുടെയുമൊക്കെ സാമ്പത്തിക ബാധ്യതയിലാണ്. നല്ല പ്രീ-പ്രൈമറി വിദ്യാലയംകൂടി ഒരു ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കോമ്പൗണ്ടിൽ ഉണ്ടാകുമ്പോഴാണ് പൊതുവിദ്യാഭ്യാസം ശക്തമായി മുന്നോട്ടുപോവുക. ഇക്കാര്യത്തിൽ സർക്കാരിന് എന്താണ് ചെയ്യാൻ കഴിയുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. പൊതുവിദ്യാഭ്യാസ യജ്ഞം നടക്കുമ്പോൾ പ്രീ-പ്രൈമറി മുതൽ സർവ്വകലാശാല വിദ്യാഭ്യാസം വരെ ജനകീയമായി ശ്രദ്ധിക്കണമെന്നുള്ളതു തന്നെയാണ് ആശയം. പ്രീ-പ്രൈമറി മേഖലയിൽ. പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറിയിലും സർക്കാർ നടത്തുന്ന പ്രീ-പ്രൈമറിയിലും നിരവധി പ്രശ്നങ്ങളുണ്ട്. അതെല്ലാം പരിഹരിക്കുന്നതിന് കൃത്യമായ നിർദ്ദേശം ഉണ്ടാകണം. ആ നിർദ്ദേശം രൂപീകരിക്കാൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഒരു സമിതി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ പ്രീ-പ്രൈമറിയെ എങ്ങനെ മെച്ചപ്പെടുത്താം, അവിടത്തെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്നതു സംബന്ധിച്ച് പഠനം നടക്കുകയാണ്. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച് പ്രീ-പ്രൈമറിയിലെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രീ-പ്രൈമറി മുതൽ സർവ്വകലാശാല വിദ്യാഭ്യാസംവരെ പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിൽ ഉൾപ്പെടുത്തും.

ശ്രീ. എൻ. വിജയൻ പിള്ള : സർ, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്കുവേണ്ടി അങ്ങും ഈ ഗവൺമെന്റും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അതിനെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും എ.ഇ.ഒ.-യോ ഡി.ഇ.ഒ.-യോ പാസ്സാക്കാതെ ട്രഷറിയിൽനിന്ന് മാറ്റാൻ കഴിയില്ല. സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന നിലയിൽ, എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാർ മുഖേന അദ്ധ്യാപകരുടെ ശമ്പളം നേരിട്ട് ട്രഷറിയിൽനിന്ന് മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതിന് സാങ്കേതികമായ ധാരാളം പ്രശ്നങ്ങളുണ്ട്. എങ്കിലും എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഇത്തരം പ്രശ്നവും ചർച്ച ചെയ്യാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ടീച്ചേഴ്സ് ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ടാണ് എന്റെ ചോദ്യം. എയ്ഡഡ് സ്കൂളുകളിൽ റിസർവേഷൻ വഴിയല്ല അദ്ധ്യാപകരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിലൂടെ ടീച്ചേഴ്സ് ബാങ്കിൽവന്ന് അവിടെനിന്ന് നേരെ പി.എസ്.സി. വഴി ഗവൺമെന്റ് സ്കൂളുകളിൽ ഉൾപ്പെടെ നിയമനം നടക്കുകയാണ്. ഇതിന്റെ ഫലമായി റിസർവേഷനിലുൾപ്പെടെ പി.എസ്.സി.-യിലൂടെ വരേണ്ട അദ്ധ്യാപകർക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടാകും. ഇതേ അവസ്ഥ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുണ്ടായിരുന്നു. പക്ഷെ അന്നെടുത്ത തീരുമാനം, ടീച്ചേഴ്സ് ബാങ്കിൽനിന്ന് എയ്ഡഡ് ടീച്ചേഴ്സിനെ നിയമിച്ചുകഴിഞ്ഞാൽ പി.എസ്.സി. നിയമനം നടത്തുമ്പോൾ അവർക്ക് പുറത്തുപോകേണ്ടിവരുമെന്നാണ്. പക്ഷെ നിർഭാഗ്യകരമെന്ന് പറയട്ടെ, കഴിഞ്ഞ രണ്ടു വർഷവും പി.എസ്.സി. നിയമനം ഇത്തരം വിദ്യാലയങ്ങളിൽ നടന്നിട്ടില്ല. ഇന്ന് റിസർവേഷനിലൂടെയാണ് അദ്ധ്യാപകർക്ക് കടന്നുവരാൻ സാധിക്കുന്നത്. പക്ഷെ ആ സാധ്യത അടയ്ക്കുന്ന ഒരു സാഹചര്യമാണ് എയ്ഡഡ് വഴിയുള്ള അദ്ധ്യാപക നിയമനം നടക്കുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത്. അതുകൊണ്ട് ഒന്നുകിൽ നിലവിലുള്ള റിസർവേഷൻ പ്രൊട്ടക്ട് ചെയ്യണം, അല്ലെങ്കിൽ ഇതുമൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നിലവിലുള്ള റിസർവേഷനെ ബാധിക്കാത്ത രീതിയിലാണ് ഈ വർഷം ടീച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരെ വിന്യസിച്ചത്. പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ മാത്രമാണ് താൽക്കാലികമായി ടീച്ചേഴ്സ് ബാങ്കിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നത്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സ്കൂളുകളിൽ അവിടത്തെ എക്സസ് ടീച്ചർ

എന്ന നിലയ്ക്ക് താൽക്കാലികമായി നിയമിക്കും. ലിസ്റ്റ് വന്നാൽ, പി.എസ്.സി.-യിൽനിന്ന് അദ്ധ്യാപകരെ റിസർവേഷനിലും അല്ലാതെയും നിയമിക്കുന്ന സമയത്ത് ഒരു പോസ്റ്റിലും എയ്ഡഡ് സ്കൂൾ അദ്ധ്യാപകനെ നിയമിക്കുന്നില്ല. അവിടെ ഒഴിവുണ്ടെങ്കിൽ താൽക്കാലികമായി മാത്രമാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. റിസർവേഷനും പി.എസ്.സി. നിയമന അവകാശവും ഒരിക്കലും നഷ്ടപ്പെടുന്നില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, അദ്ധ്യാപക ബാങ്ക് യാഥാർത്ഥ്യമാക്കാനും അതിന്റെ സങ്കീർണ്ണമായ കുരുക്കഴിക്കാനും സർക്കാർ സ്വീകരിച്ച നടപടി വളരെ അഭിനന്ദനാർഹമാണ്. കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം എൽ.പി., യു.പി., എച്ച്.എസ്.എ. അദ്ധ്യാപക മേഖലകളിൽ ഒരു നിയമനംപോലും നടത്തിയിരുന്നില്ല. ഈ സർക്കാർ കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ വികാരം കണക്കിലെടുത്ത് കൂടുതൽ പോസ്റ്റുകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ അദ്ധ്യാപകരുള്ളത് എയ്ഡഡ് മേഖലയിലാണ്. എയ്ഡഡ് മേഖലയിൽ എസ്.സി./എസ്.ടി. അദ്ധ്യാപകരുടെ പ്രാതിനിധ്യം വളരെ പരിമിതമാണ്. ഒരു ശതമാനം പോലുമില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു ലക്ഷത്തി പതിനാറായിരത്തോളം വരുന്ന എയ്ഡഡ് അദ്ധ്യാപകരിൽ 378 പേർ എസ്.സി. വിഭാഗത്തിലും 78 പേർ എസ്.ടി. വിഭാഗത്തിലുമാണ്. എയ്ഡഡ് മേഖലയിലെ സംവരണ വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെങ്കിലും ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അദ്ധ്യാപക-അനദ്ധ്യാപക മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിൽ ചില തടസ്സങ്ങൾ നേരിട്ടതിനാൽ അത് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. തീർച്ചയായും സർക്കാർ ഇടപെട്ട് ആ മേഖലയിൽ സംവരണം കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നതാണ്. ഇതുപോലുള്ള മറ്റ് മേഖലകളിലും സംവരണം കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ സ്കൂളുകളിലെ ഒരു വിഭാഗം ടീച്ചേഴ്സ് വളരെ അസംതൃപ്തരായി നിൽക്കുകയാണ്. 2015-16-ലെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയെന്നാണ് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞത്. 2016-17-ലെ ഒരു അക്കാദമിക് ഇയർ കൂടി കടന്നുപോയിട്ടുണ്ട്. വിദ്യാഭ്യാസ

അവകാശ നിയമം വന്നതിനുശേഷം ടീച്ചേഴ്സ്-സ്റ്റുഡന്റ്സ് റേഷ്യോ കുറച്ചിട്ടുപോലും തെക്കൻ മേഖലകളിൽ ടീച്ചേഴ്സിന്റെ കുറവ് കാര്യമായിട്ടുണ്ട്. അതേസമയം മലബാർ മേഖലകളിൽ പ്രത്യേകിച്ച് ഞാൻ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലയിൽ കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. ഒരു ക്ലാസ്സിൽ അറുപതും എഴുപതും കുട്ടികളെ ഇരുത്തിയാണ് അദ്ധ്യാപകർ പഠിപ്പിക്കുന്നത്. അതേസമയം അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തിയിട്ടുമില്ല. അത്തരത്തിലുള്ള ഗുരുതരമായ പ്രശ്നം നിലനിൽക്കുന്നു. 2014-15 അക്കാദമിക് വർഷത്തിൽ അനുവദിച്ച പുതിയ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്ന സമയത്ത് 3,000 പോസ്റ്റ് ക്രിയേറ്റ് ചെയ്തിരുന്നതാണ്. അത് ബാലൻ കമ്മിറ്റിക്ക് വിട്ടിട്ടുള്ള കേസ്സാണ്. അതിനെക്കുറിച്ച് തീരുമാനമായിട്ടില്ല. ഇപ്പോൾ പുതിയ ഗവൺമെന്റ് വന്നതിനുശേഷം ബജറ്റിൽ 2,500 പോസ്റ്റുകൾ അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു. പക്ഷെ അതിനുള്ള നടപടിക്രമങ്ങളിലേയ്ക്ക് ഗവൺമെന്റ് പോയിട്ടില്ല. മാത്രവുമല്ല ഇത് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് തടഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് പോസ്റ്റുകൾ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനവുമുണ്ടെന്നതിനാൽ ടീച്ചേഴ്സ് വളരെ ആശങ്കയിലാണ്. ഇതിൽ സർക്കാരിന്റെ നിലപാടെന്താണ്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കേരളത്തിലെ ഹയർ സെക്കണ്ടറിയിൽ മാത്രമല്ല, ഒരു മേഖലയിലുള്ള അദ്ധ്യാപകർക്കും ഇത്തരമൊരു ആശങ്കയുടെ ആവശ്യമില്ല. എല്ലാ മേഖലയിലെയും പ്രശ്നങ്ങൾ പരിഹരിച്ച് ഒരു ക്ലീൻ പ്ലാറ്റ്ഫോം നിർമ്മിച്ചുകൊണ്ടാണ് കേരളത്തിൽ ജനകീയ വിദ്യാഭ്യാസം വളർത്താൻ ശ്രമിക്കുന്നത്. ഹയർ സെക്കണ്ടറിയിലെ തസ്തിക നിർണ്ണയത്തെക്കുറിച്ച് ഇവിടെ രണ്ടുമൂന്നുതവണ അഭിപ്രായം പറഞ്ഞതാണ്. ഇപ്പോൾ ആ ഫയൽ ഫിനാൻസ് വകുപ്പിന്റെ പരിഗണനയിലാണ്. എത്രയുംപെട്ടെന്ന് അതിന് തീരുമാനമെടുക്കും. അതുകൊണ്ട് 2014-15, 2015-16 എന്നീ രണ്ടുവർഷക്കാലത്ത് നിർണ്ണയിക്കപ്പെടാതിരുന്ന തസ്തിക എത്രയും വേഗം നിർണ്ണയിക്കുകയും അതിൽ തീരുമാനമെടുക്കുകയും ചെയ്യും.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വിദ്യാലയങ്ങളുടെ സമയക്രമം മാറ്റുന്നത് സംബന്ധിച്ചും വിദ്യാർത്ഥികളുടെ പഠനഭാരം സംബന്ധിച്ചും ഇക്കൊല്ലം പ്രത്യേകിച്ച് എന്തെങ്കിലും നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അത് പൊതുജനാഭിപ്രായം സ്വരൂപിച്ച് നടത്തേണ്ട ചർച്ചകളാണ്. അങ്ങനെയൊരു ചർച്ചയ്ക്ക് തുടക്കം കുറിച്ചിട്ടില്ല.

അതുപോലെതന്നെ പഠിക്കാനുള്ള വിഷയങ്ങൾ കുറയ്ക്കാനുള്ള ശ്രമവും നടക്കില്ല. കാരണം നമ്മുടെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്തിക്കൊണ്ടുള്ള മാറ്റങ്ങളാണ് പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലുമൊക്കെ വരുത്തേണ്ടത്. ഈ വർഷം ഭൗതികമായി കുട്ടികൾക്ക് ഭാരം കുറയ്ക്കത്തക്ക രീതിയിലാണ് മൂന്നുതവണയായി പുസ്തകം പ്രിന്റ് ചെയ്യുന്നത്. കേരളത്തിന്റെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പരിഷ്കരണത്തിനാണ് ഭാവിയിൽ സർക്കാർ മുൻതൂക്കം നൽകുന്നത്.

ഡോ. എം. കെ. മുനീർ: സർ, ചോദ്യം ചോദിക്കുന്നതിനുമുമ്പ് എനിക്കൊരു ചെറിയ നിർദ്ദേശമുണ്ട്. പ്രീ-പ്രൈമറി സ്കൂൾ പരിഗണിക്കുമ്പോൾ അങ്കണവാടികളെ പ്രീ-പ്രൈമറിയായി പരിഗണിച്ച് സ്കൂളിൽ സ്ഥലമുള്ളിടത്ത് അങ്കണവാടി തുടങ്ങാൻ അനുവദിക്കുകയും അതിനെ പ്രീ-പ്രൈമറിയായി രൂപാന്തരപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അതിലൂടെ കേരളത്തിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ സാധിക്കും. കുട്ടികളുടെ സ്കൂൾ സമയത്തിൽ മാറ്റം വരുത്തുന്നുവെന്നും അത് രാവിലെ 8.30 മുതൽ ഉച്ചയ്ക്കുശേഷം 1.30 വരെയാക്കുന്നുവെന്നും ഒരു വാർത്ത കേട്ടു. ഇത് ധൃതിപിടിച്ച് ചെയ്യില്ലായെന്ന് മുമ്പ് പറഞ്ഞിട്ടുള്ളതാണ്. പക്ഷെ അടുത്ത ക്യാബിനറ്റിൽതന്നെ ഇത് നടപ്പിലാക്കുമെന്ന് ഒരു പത്രവാർത്ത വന്നു. അതിൽ വല്ല കഴമ്പുമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത്തരത്തിലൊരു ആലോചന നടന്നിട്ടില്ലെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചു. അങ്ങ് സൂചിപ്പിച്ച അങ്കണവാടിയുടെ പ്രശ്നമുൾപ്പെടെ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ ധാരാളം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അത്തരം മാറ്റങ്ങൾ വരുത്തുമ്പോൾ ബന്ധപ്പെട്ടവരുമായും അതുമായി ജ്ഞാനമുള്ളവരുമായുമെല്ലാം വിശദമായ ചർച്ച നടത്തും. കാരണം ജനകീയമായാണ് വിദ്യാഭ്യാസ രംഗത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്. അപ്പോൾ പരിഷ്കാരങ്ങളും ജനകീയമായി വരുത്താനാണ് ശ്രമിക്കുന്നത്. അപ്പോഴേ all inclusive എന്ന അർത്ഥത്തിൽ മനസ്സ് മുഴുവനും ഇതിനൊപ്പം വരികയുള്ളൂ. അത്തരത്തിലാണ് ഇതെല്ലാം നടത്താൻ ശ്രമിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമെല്ലാം കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. എന്നാൽ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പുറമെ എല്ലാ വിദ്യാലയങ്ങളിലും

സ്പെഷ്യൽ ടീച്ചർമാരെയും പ്രീ-പ്രൈമറി ടീച്ചർമാരെയും കൗൺസിലിംഗ് ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. പക്ഷെ, ഈ ടീച്ചർമാർക്ക് എസ്.എസ്.എ.-യും പി.റ്റി.എ.-യുംവഴി കൊടുക്കുന്ന ശമ്പളം വളരെ തുച്ഛമാണ്. പൊതുവിദ്യാഭ്യാസ മികവിന്റെ ഭാഗമായി ഇത്തരം പോസ്റ്റുകളെ സ്ഥിരം പോസ്റ്റാക്കി മാറ്റാൻ കഴിയുമോ; ഇവർക്ക് എല്ലാ വർഷവും നിയമനം ഉറപ്പുവരുത്താൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എസ്.എസ്.എ. വഴിയാണ് ഇത്തരം അദ്ധ്യാപകരെ നിയമിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ പ്രോജക്ട് എന്ന രീതിയിലാണ് അത് നടപ്പിലാക്കുന്നത്. ഓരോ വർഷവും അനുവദിച്ചുകിട്ടുന്ന പണമനുസരിച്ചാണ് അവരെ നിയമിക്കുന്നതും ശമ്പളം കൊടുക്കുന്നതും. അതാത് വർഷത്തെ കേന്ദ്ര സർക്കാരിന്റെ അലോട്ട്മെന്റ് അനുസരിച്ചാണ് ഇതെല്ലാം ചെയ്യുന്നത്. കുറേ വർഷങ്ങളായി ഇല്ലാതിരുന്ന രീതിയിലാണ് ഇപ്പോൾ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. ഭാവിയിൽ സ്കൂളുകളിൽ സ്ഥിരമായിട്ടുണ്ടാകുന്ന സംവിധാനമെന്ന രീതിയിൽ അതിനെ എങ്ങനെ മാറ്റാൻ കഴിയുമെന്ന കാര്യം ദീർഘവീക്ഷണത്തോടുകൂടി സർക്കാർ പരിശോധിക്കും.

ഡോ. എൻ. ജയരാജ്: സർ, ഏത് നല്ല കാര്യവും പ്രാർത്ഥനയോടുകൂടി ചെയ്യുന്നത് നല്ലതാണ്. നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പലയിടത്തും വളരെ വ്യത്യസ്തമായ പ്രാർത്ഥനാ രീതിയാണുള്ളത്. ചിലത് മതപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രാർത്ഥനകളാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ രാവിലെ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ പ്രാർത്ഥന വേണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, പൊതുവായി എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയുന്ന മതേതര സ്വഭാവമുള്ള പൊതു പ്രാർത്ഥന സ്കൂളുകളിൽ ആവിഷ്കരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് വളരെയേറെ പരിഷ്കാരങ്ങൾ നടത്തുന്ന ഈ കാലഘട്ടത്തിൽ അങ്ങ് അതിന് മുൻകയ്യെടുക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ശ്രീ. എ. എം. ആരിഫ് ഇതുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ നേരത്തെ ഉന്നയിച്ചതാണ്. മനസ്സ് നന്നാവട്ടെ എന്നുള്ള ഗാനം എല്ലാ സ്കൂളുകളിലും....

മി. സ്പീക്കർ: അത് ഉത്തരവായി ഇറങ്ങിയിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: അതിനുള്ള നിർദ്ദേശം കൊടുത്തതാണ്. അതിൽ വൈവിദ്ധ്യത്തിന്റെ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്.

മി. സ്പീക്കർ: നിർദ്ദേശം കൊടുത്താൽ അത് നടപ്പിലാക്കണ്ടെ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത് ഉപയോഗിക്കാവുന്നതാണ് എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. എൻ. ജയരാജ് ചോദിച്ച ചോദ്യം തന്നെയാണ് ഞാൻ ചോദിക്കുന്നത്. എൻ.എസ്.എസ്.-ന്റെ ഒരു ഗാനം ഉപയോഗിച്ചുകൊള്ളാൻ പറഞ്ഞാൽ ആര് ഉപയോഗിക്കാനാണ്; പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഇത്രയും തന്റേടമായി നടപടി സ്വീകരിക്കുമ്പോൾ, ഇതെല്ലാം സർക്കാരിന്റെ പണമാണ്; ഇത് രാജ്യത്തിന്റെ സ്വത്തല്ലേ; മതത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിലും ഓരോ പാട്ട് പാടുന്നതിന്റെ ന്യായമെന്താണ്; നിർബന്ധമായും മതേതര ഗാനം ഉപയോഗിക്കണമെന്നുള്ള സ്ട്രിക്റ്റായ ഉത്തരവ് കൊടുക്കാനുള്ള തന്റേടം മന്ത്രിക്കുണ്ടോ എന്നാണ് എനിക്കറിയേണ്ടത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ അതിന്റെ ആശയം പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട പല ചോദ്യങ്ങൾക്കും ഞാൻ ഇവിടെ ഉത്തരം പറഞ്ഞതാണ്. തകർന്നുകിടക്കുന്ന ഒരു മേഖലയെ ജനകീയമായി വികസിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഏകപക്ഷീയമായി പലതും അടിച്ചേൽപ്പിക്കുന്നത് പല പ്രശ്നങ്ങളുമുണ്ടാക്കും. നമുക്ക് എല്ലാം ശരിയാക്കുകയാണ് വേണ്ടത്. അതിന് എല്ലാ മനസ്സും ഒന്നിച്ചുവരണം. ഒന്നിച്ചുവരണമെങ്കിൽ എല്ലാവരെയും ബോധ്യപ്പെടുത്തി ജനകീയ ചർച്ചകൾ നടത്തണം. ഏകപക്ഷീയമായി എന്തെങ്കിലും ചെയ്യുമ്പോൾ അതിന് നെഗറ്റീവ് റിഫ്ലക്സ് ഉണ്ടായാൽ ഇതുവരെ നമ്മൾ ചെയ്തതിനെല്ലാം തിരിച്ചടിയുണ്ടാകും. നമ്മുടെ വിദ്യാഭ്യാസ മേഖല സുസ്ഥിരമാകത്തക്ക രീതിയിൽ ജനങ്ങളെ ഒരുക്കിക്കൊണ്ടുവരുന്ന രീതിയിലാണ് ഇതിനെ കാണുന്നത്.

### പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച സുപ്രധാന പദ്ധതികൾ

3 (*543) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച സുപ്രധാന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി കരാർ കാലാവധിക്കുമുമ്പേ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധ്യമാകുംവിധം പൊതുമരാമത്ത് വകുപ്പിനെ ശാക്തീകരിക്കാനും ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗം വിപുലപ്പെടുത്തി നവീകരിക്കാനും എടുത്ത നടപടികൾ വിശദമാക്കാമോ;

(സി) സമയബന്ധിതമായ നിർമ്മാണത്തോടൊപ്പംതന്നെ ഗുണനിലവാരം ഉറപ്പാക്കാനുള്ള സാമൂഹ്യ പരിശോധന പ്രാവർത്തികമാക്കാൻ സാധ്യമായിട്ടുണ്ടോ; അതിന്റെ ഫലപ്രാപ്തി വിലയിരുത്തി ഈ രീതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന വണ്ടിപ്പെരിയാർ പാലം, കല്ലാർ പാലം, പി.സി. കനാൽ (പുതുപൊന്നാനി-കൊച്ചി കനാൽ) പാലവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ദേശീയ പാതയുടെ വിവിധ സ്ഥലങ്ങളിലായി ഉപരിതലങ്ങൾ പുതുക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗങ്ങളിൽ വരുന്ന പദ്ധതികൾ യഥാക്രമം അനുബന്ധം I-ഉം അനുബന്ധം II-ഉം ആയി ചേർത്തിരിക്കുന്നു.*

ഇടപ്പള്ളി മേൽപ്പാലം, പാലാരിവട്ടം മേൽപ്പാലം, കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ തുടങ്ങിയവയാണ് കെ.ആർ.എഫ്.ബി. പൂർത്തീകരിച്ച പദ്ധതികൾ. ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ കെ.എസ്.റ്റി.പി. II പദ്ധതിയിൽപ്പെട്ട രണ്ട് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. പൊൻകുന്നം-തൊടുപുഴ റോഡിന്റെ അപ്ഗ്രഡേഷൻ.
2. പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ ഉപരിതലം പുതുക്കൽ.

(ബി) കരാർ കാലാവധിക്കുമുമ്പേ പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാർക്ക് ബോണസ് നൽകുന്നതിനും കാലതാമസം വരുത്തുന്ന കരാറുകാർക്ക് പിഴ ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചുവരുന്നു (ഇ.പി.സി. വ്യവസ്ഥ). പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയും പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ സാങ്കേതിക വിദ്യയുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപയോഗം പൊതുമരാമത്ത് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി എഞ്ചിനീയർമാർക്ക് ട്രെയിനിംഗ് നൽകിവരുന്നു. കൂടാതെ പൊതുമരാമത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുതിയ കെട്ടിടങ്ങളുടെ രൂപരേഖ തയ്യാറാക്കുമ്പോൾ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് പരിഗണിക്കാറുണ്ട്. ഇതിനുപുറമെ കെട്ടിടങ്ങളുടെ എനർജി ഓഡിറ്റും നടത്തിവരുന്നു.

(സി) സമയബന്ധിതമായ നിർമ്മാണത്തോടൊപ്പംതന്നെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പ്രവൃത്തികളിൽ നടപ്പാക്കിവരുന്നു. ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ നേതൃത്വത്തിലുള്ള സാമൂഹ്യ പരിശോധന നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 215 മരാമത്ത് പണികൾ പൂർത്തീകരിക്കുകയും അവയ്ക്കെല്ലാമായി 2065 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി. വകുപ്പിൽ മാത്രമായി 125 വർക്കുകൾ നടന്നു; 1125.29 കോടി രൂപയാണ് അതിനായി ചെലവഴിച്ചത്. മറ്റ് വകുപ്പുകൾ ചുമതലപ്പെടുത്തിയ പ്രവൃത്തികളിൽ പൂർത്തിയാക്കിയത് 90 ആണ്; അവയ്ക്ക് 940 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതാണ് ആകെ 215 വർക്കുകൾ, 2065 കോടി രൂപ എന്നുപറഞ്ഞത്. അതുപോലെ അറ്റകുറ്റപ്പണികൾക്കായി 366 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വളരെ ചെറുകിടയായ 4000 വർക്കുകളാണ് സംസ്ഥാനത്താകെ നടപ്പാക്കിയിട്ടുള്ളത്. കൂടാതെ കെ.എസ്.റ്റി.പി., നബാർഡ്, സെൻട്രൽ റോഡ് ഫണ്ട്, ട്രിക്ക്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡ് എന്നിവ വഴിയും പണികൾ നടന്നിട്ടുണ്ട്. ഇതിന് ഏകദേശം 1000 കോടി രൂപ ചെലവഴിക്കുകയും 25 പ്രധാനപ്പെട്ട വർക്കുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, പൊതുമരാമത്ത് വകുപ്പിനെ ശുദ്ധീകരണ യജ്ഞത്തിലൂടെ മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് നേതൃത്വം നൽകുന്നത്. പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും മന്ത്രിതന്നെ നേരിട്ട് ഇൻവോൾവാകുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. അതുപോലെ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെയും വിജിലൻസ് വിഭാഗത്തെയും ശക്തിപ്പെടുത്താനും ഈ വകുപ്പ് പ്രത്യേകം ശ്രദ്ധിച്ചു. സോഷ്യൽ ഓഡിറ്റ് സംവിധാനം മരാമത്ത് വകുപ്പിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമവും വളരെ ശ്രദ്ധേയമാണ്. എങ്കിലും പഴയകാലത്തെ ശീലങ്ങളുടെയും അഭിരുചികളുടെയും അവശേഷിപ്പ് താഴെത്തട്ടിൽ

ചിലയിടങ്ങളിലെങ്കിലും ബാക്കിയുണ്ടെന്നതാണ് സത്യം. അതെല്ലാം മാറ്റിയെടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ വഴിയുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ വരെയെന്നുള്ളത് സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയണം. ഫയലുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ഹാർഡ് കോപ്പിയായി അയയ്ക്കുന്നത് ഒഴിവാക്കി ഓൺലൈൻ വഴിതന്നെ അയച്ച് കാലതാമസം ഒഴിവാക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. പൊതുമരാമത്ത് പ്രവൃത്തികളിൽ പലതും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തതാണ് ഇപ്പോൾ നേരിടുന്ന പ്രശ്നം, പ്രത്യേകിച്ച് പാലങ്ങളുടെ പ്രവൃത്തി. പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവയ്ക്ക് സമയം ക്ലിപ്തപ്പെടുത്തി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഏതൊരു പ്രവൃത്തിക്കും സമയബന്ധിതമായിത്തന്നെയാണ് തീരുമാനങ്ങൾ എടുക്കുന്നത്. പക്ഷെ പല കാരണങ്ങളാൽ കാലതാമസം വരുന്നുണ്ട്. പാലങ്ങളാകുമ്പോൾ നദികളിലെയും തോടുകളിലെയും ഒഴുക്ക് സംബന്ധിച്ച് പരിശോധിക്കണം. വളരെ വിശദമായി പഠിച്ച് സമയമെടുത്ത് മാത്രമേ പാലങ്ങൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. റോഡുകളുടെ കാര്യത്തിൽ അത്ര പ്രശ്നമില്ല. ഇതുകൂടാതെ മറ്റുചില പ്രശ്നങ്ങളുമുണ്ടാകും. പൊതുവെ സമയബന്ധിതമായാണ് പ്രവൃത്തികൾ തീർക്കുന്നത്. ഞാൻ നേരത്തേ പറഞ്ഞല്ലോ ഏതാണ്ട് 3000 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ ഭൂരിപക്ഷവും മുൻ ഗവൺമെന്റുകളുടെ കാലത്ത് ആരംഭിച്ചതാണ്, കുറച്ച് ഇപ്പോൾ തുടങ്ങിയതുമുണ്ട്. അതോടൊപ്പം പി.ഡബ്ല്യു.ഡി.-യുടെ മറ്റ് ഏജൻസികൾ വഴിയുള്ള പ്രവൃത്തികളെ സംബന്ധിച്ചും ഞാൻ പറഞ്ഞു. ഇപ്പോൾ വർക്കുകൾ ലോഡ് ചെയ്ത് ടെണ്ടറിംഗിന് ഉപയോഗിക്കുന്നത് സോഫ്റ്റ് എന്നുപറയുന്ന ഏറ്റവും ആധുനികമായ സമ്പ്രദായമാണ്. അങ്ങ് പറഞ്ഞ ഓൺലൈൻ അടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ച് തീർച്ചയായും പരിശോധിക്കാം.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, പ്രവൃത്തികൾ മറിച്ചുനൽകാൻ മാത്രം ഒരു കോർപ്പറേഷന്റെ ആവശ്യമുണ്ടോ? കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ സ്ഥിതി അതാണ്; സാധാരണഗതിയിൽ പ്രവൃത്തി ഏറ്റെടുത്ത് മറിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ രക്തസാക്ഷി, എന്റെ നിയോജകമണ്ഡലത്തിലെ നീലേശ്വരത്തെ കോട്ടപ്പുറം പാലമാണ്. വർഷങ്ങളായി പണി പൂർത്തീകരിക്കാൻ കഴിയാതെ മറിച്ചുകൊടുത്ത് ഇപ്പോൾ പകുതി വഴിക്കുവച്ച് ഉപേക്ഷിച്ചു. ഇപ്പോൾ മന്ത്രി നേരിട്ട് സംഭവസ്ഥലം സന്ദർശിക്കുകയും രാഷ്ട്രീയ ഇച്ഛാശക്തിയോടെ അതിൽ ഇടപെട്ടുകൊണ്ട് പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടൽ

നടത്തുകയും ചെയ്തു. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവൃത്തി ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; കരാർ പ്രവൃത്തിയിൽനിന്ന് ഇവരെ വിലക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ച കാലത്ത് വളരെ ആവേശകരമായ പ്രതികരണമാണുണ്ടായിരുന്നത്. എല്ലാ വർക്കുകളും കോർപ്പറേഷന് കൊടുത്ത് നേരിട്ടാണ് അവർ ചെയ്തുകൊണ്ടിരുന്നത്. പിന്നീട് എഞ്ചിനീയർമാരും മറ്റ് സംവിധാനങ്ങളൊക്കെ വന്നു. ഗവൺമെന്റ് പണം കൊടുക്കാതെ വന്നപ്പോൾ അതിന്റെ പ്രവർത്തനം അസ്തമിക്കുകയും ജീവനക്കാരുടെ നിലനിൽപ്പിനുവേണ്ടി പ്രവൃത്തി പുനർലേലം ചെയ്തുകൊടുക്കുന്ന ഒരു സിസ്റ്റമുണ്ടാക്കി; ഗവൺമെന്റ് അറിഞ്ഞുകൊണ്ടല്ല. അതിൽ മാത്രമല്ല, ഗവൺമെന്റിന്റെ പല പബ്ലിക് സെക്ടറുകളിലും കമ്മീഷൻ പണി ചെയ്യുകയാണ്. അത് തെറ്റായ കാര്യമാണ്. ഇപ്പോൾ അത് അവസാനിപ്പിച്ചു. എന്നാൽ പൂർണ്ണമായും അവസാനിപ്പിച്ച് കൺസ്ട്രക്ഷൻ കോർപ്പറേഷന് നേരിട്ട് വർക്ക് ചെയ്യാനുള്ള സംവിധാനമില്ല. കിഫ്ബി വന്നതോടുകൂടി ഇവരെ അതിന്റെ ഒരു എസ്.പി.വി.-യായി തീരുമാനിച്ച് വർക്ക് ഏറ്റെടുത്ത് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്ന സിസ്റ്റമാണുള്ളത്. അവർ ഇപ്പോൾ പ്രവൃത്തികളൊന്നും മറിച്ചുകൊടുക്കുന്നില്ല, അല്ലെങ്കിൽ അനുവദിക്കുന്നില്ല.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പി.ഡബ്ല്യു.ഡി. റോഡുകൾ നിർമ്മിക്കുമ്പോൾ റോഡിനെ നശിപ്പിക്കുന്ന വെള്ളക്കെട്ട് ഒഴിവാക്കാനും കാൽനടയാത്രക്കാർക്ക് ആവശ്യമായ നടപ്പാതയും ഡ്രെയിനേജും ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; റോഡിൽ ഒരു കുഴിയുണ്ടായാൽ അപ്പോൾ തന്നെ അടച്ചാൽ നന്നായിരിക്കും. പിന്നീട് ആ കുഴികൾ വലുതായി റോഡിനെ തന്നെ നശിപ്പിക്കുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് ചെറിയ കുഴികളുണ്ടാകുമ്പോൾ തന്നെ അത് അടയ്ക്കാൻ, മുമ്പുണ്ടായിരുന്ന എൻ.എം.ആർ. പോലുള്ള എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, വെള്ളക്കെട്ടുകളും കുത്തൊഴുക്കുകളുമൊക്കെ പരിഹരിക്കാൻ ഓടകളും കലുങ്കുകളുമൊക്കെ നിർമ്മിച്ചുവരികയാണ്. ബജറ്റിന്റെ പരിമിതികൊണ്ട് ചില സ്ഥലങ്ങളിൽ താമസിച്ചിട്ടുണ്ടാകാം. പക്ഷേ ഗവൺമെന്റിന്റെ നിലപാട് ഇതാണ്. കുറേയധികം ചെയ്തിട്ടുണ്ട്. ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് സാധ്യതയനുസരിച്ച് പൂർണ്ണമായിട്ടും ഇനിയും ചെയ്യാം. ഏതായാലും എല്ലാ കുറവുകളും പരിഹരിച്ച് റോഡ്, പാലങ്ങൾ, ഗവൺമെന്റ് കെട്ടിടങ്ങൾ എന്നിവ ഏറ്റവും ആധുനികമായ തരത്തിൽ കാലത്തിനനുസൃതമായി

നിർമ്മിക്കാനുള്ള കാഴ്ചപ്പാട് സ്വീകരിക്കുകയും ആ ലക്ഷ്യത്തിലേയ്ക്ക് കഴിയുന്നത്ര വേഗം പ്രയാണം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. അത് ഇപ്പോൾ നടപ്പിലായിത്തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ മന്ത്രിസഭായോഗം തീരുമാനിച്ച്, ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനത്ത് മെയിന്റനൻസ് വിംഗ് എന്ന ഒരു പ്രത്യേക വിഭാഗം അനുവദിച്ച് നൽകിയിട്ടുണ്ട്. അതിനായി ഒരു മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ ഇവിടെ നിയമിക്കണം. നിലവിൽ ചീഫ് എഞ്ചിനീയർമാർ കുറവാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചുമതല കൊടുത്തിരിക്കുകയാണ്. റോഡ് പണി നടക്കുമ്പോൾ തന്നെ അത് പരിശോധിച്ച് കുഴപ്പമുണ്ടെങ്കിൽ പരിഹരിച്ചുപോകുകയും പണി പൂർത്തിയായിക്കഴിഞ്ഞാലും അത് പരിശോധിച്ച് തിരുത്തുകയും ചെയ്യും. പഴയ എൻ.എം.ആർ. സമ്പ്രദായങ്ങളൊക്കെ നിർത്തി. എൻ.എം.ആർ. എന്നുള്ള പേരിലല്ലെങ്കിലും എന്തുവേണമെന്നുള്ളത് പരിശോധിക്കുന്നതാണ്. സാമ്പത്തിക പ്രശ്നങ്ങളൊക്കെ ഇതിനകത്ത് വരും. അക്കാര്യം പരിശോധിക്കുന്നുണ്ട്. മൊത്തത്തിൽ ഏറ്റെടുക്കുന്ന ഭാരിച്ച പണികൾക്കനുസരണമായ എഞ്ചിനീയർമാർ നമ്മുടെ വകുപ്പിലില്ല; ഓവർസീയർമാരുടെ എണ്ണവും കുറവാണ്; വാഹന സൗകര്യങ്ങളില്ല. ഇതെല്ലാം കൂടി ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ക്യാബിനറ്റിൽ ചർച്ച ചെയ്ത് മേൽനോട്ടം വഹിക്കേണ്ടവരുടെ കാര്യത്തിൽ കഴിയാവുന്നത്ര വർദ്ധനവ് വരുത്തി കൂടുതൽ ശക്തമായ പ്രവർത്തനം നടത്തുന്നതാണ്. എന്തായാലും കഴിഞ്ഞകാല തെറ്റുകളൊന്നും ആവർത്തിക്കുന്നില്ല. പുതിയ തെറ്റുകൾ നടത്താനും ഉദ്ദേശിക്കുന്നില്ല. ഏറ്റവും നന്നായി നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, ആധുനിക സാങ്കേതിക സംവിധാനങ്ങളുപയോഗിച്ച് റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിൽ ശ്ലാഘനീയമായ പ്രവർത്തനമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചിരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഒരു പ്രത്യേക റോഡ് ഇപ്രകാരം ചെയ്യുന്നതാണെന്ന് നേരത്തെ അറിയിച്ചിരുന്നു. മാലിന്യ നിർമ്മാർജ്ജനത്തെക്കൂടി സഹായിക്കുന്ന തരത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പുതിയ പല നിർമ്മാണങ്ങളിലും വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

ഉദാഹരണമായി കിഫ്ബിയിൽ ആദ്യമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ മണ്ഡലത്തിലേയ്ക്ക് വരുന്ന റോഡായ അമ്പലപ്പുഴ-തിരുവല്ല റോഡ് - അവിടെ വേസ്റ്റ് പ്ലാസ്റ്റിക്ക്, ജിയോ-ടെക്സ്റ്റൈൽ, സ്വാഭാവിക റബ്ബർ ഇതെല്ലാം ഉപയോഗിച്ചാണ് ആ റോഡ് നിർമ്മിക്കുന്നത്. പുതിയ എല്ലാ റോഡുകളിലും ഇത്തരം സാങ്കേതിക വിദ്യകൾ പ്രയോഗിക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൂടാതെ ജർമ്മൻ സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ഒരേ സമയത്ത് റോഡ് പൊളിക്കുകയും അതേ സമയത്ത് റോഡ് നിർമ്മിക്കുകയും ചെയ്യുന്ന രീതിയാണ്. ശബ്ദമില്ല, പുകയില്ല ഒന്നുമില്ല. എപ്പോഴും റോഡ് തുടങ്ങുന്ന പാതിരാപ്പള്ളി മുതൽ പുറക്കാട് വരെയുള്ള ഭാഗത്ത് അത് സ്വീകരിച്ചിട്ടുണ്ട്. വലിയ വിജയമാണ്. കേരളം മുഴുവൻ ഭാവിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ സാങ്കേതികവിദ്യയാണ്; പുതിയ കാലത്തിനനുസരിച്ചുള്ള നിർമ്മാണം ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, വാഹനങ്ങളുടെ എണ്ണം അധികമാവുകയും ബസ് നടുറോഡിൽ നിർത്തി യാത്രക്കാരെ കയറ്റുകയും ചെയ്യുന്നതുമൂലം ബസ് സ്റ്റോപ്പുപോലും ബസ് സ്റ്റാൻഡായി മാറുന്ന സാഹചര്യമുണ്ട്. പഞ്ചായത്ത് വകുപ്പുമായി ആലോചിച്ച് അര സെന്റ് അല്ലെങ്കിൽ ഒരു സെന്റ് സ്ഥലം കണ്ടെത്തി ഒരു ബസ് ബേ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? അത്തരത്തിൽ ഒരു പ്രത്യേക പ്രവൃത്തി ഏറ്റെടുത്താൽ സമയലാഭവും ഡീസൽ ചെലവ് കുറയുകയും സാമ്പത്തികമായ ധാരാളം മാറ്റങ്ങളുണ്ടാക്കാനും സാധിക്കും. അങ്ങനെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബസ് സ്റ്റോപ്പിൽ പലപ്പോഴും ബസ് നിർത്താത്തത് കേരളത്തിൽ വലിയ ആക്ഷേപത്തിന് ഇടവരുത്തിയിരുന്നു. അതിന് ഇപ്പോൾ കുറേയധികം പരിഹാരം കണ്ടിട്ടുണ്ട്. അങ്ങ് പറയുന്നതുപോലെ റോഡ് സൈഡിൽ സ്ഥലമില്ല. പഞ്ചായത്തും നഗരസഭയുമായൊക്കെ ആലോചിച്ച് സ്ഥലം കണ്ടെത്തി ബസ് ബേ നിർമ്മിക്കുന്ന കാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്. നല്ലൊരു നിർദ്ദേശമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കിഫ്ബിയുടെ സംവിധാനത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. പി.ഡബ്ല്യു.ഡി.-ക്ക് ഏറ്റവും താഴെത്തലം മുതൽ മുകൾത്തട്ടുവരെ ഒരു വെൽ എസ്റ്റാബ്ലിഷ്ഡ് സിസ്റ്റമുണ്ട്. ഇത്രയും മികച്ച ഒരു സംവിധാനമുള്ള സാഹചര്യത്തിൽ കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളും നടത്തിപ്പും പി.ഡബ്ല്യു.ഡി.-ക്ക് കൊടുക്കാതിരിക്കുന്നത് ശരിയാണോ. പി.ഡബ്ല്യു.ഡി.യെ മറികടന്നുപോകുന്ന നടപടി അങ്ങ് അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കിഫ്ബി വഴി വകമാറ്റി ചെലവഴിക്കാൻ സാധ്യതയില്ല. കാരണം ബജറ്റിലുള്ള പണമല്ല അത്. ബജറ്റിൽ നമ്മുടെയെല്ലാം അറിവിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒരു ലിസ്റ്റ് പ്രഖ്യാപിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നാണ് പണമെടുക്കുന്നത്. അതെല്ലാം ഇവിടെ വ്യക്തമാക്കപ്പെട്ടതാണ്. വകമാറ്റി ചെലവഴിക്കുന്ന പ്രശ്നമില്ല. രണ്ടാമത്തെ കാര്യം, ഇതിന്റെ പ്രാഥമികമായ എ.എസ്. വകുപ്പ് തന്നെയാണ് കൊടുക്കുന്നത്. പക്ഷേ അതിനൊരു ബോർഡുണ്ട്. അത് ഇവിടെ ചർച്ച ചെയ്ത് ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. ആ ബോർഡ് പരിശോധിച്ച് ഓരോ വർക്കുകളും അംഗീകരിച്ച്; എസ്.പി.വി.-ക്ക് കൊടുത്ത് ടെണ്ടർ ചെയ്താണ് ചെയ്യുന്നത്. ഇപ്രകാരം പുറത്ത് നിന്ന് പണമെടുത്ത് ചെയ്യുന്നതുകൊണ്ട് പുതിയ സാങ്കേതികമേന്മയും കൃത്യനിഷ്ഠയും വേണ്ടതിനാൽ വിശദമായ പരിശോധന കിഫ്ബി തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. അതല്ലാതെ കിഫ്ബി നിലനിൽക്കില്ല. അതുകൊണ്ടാണ് അത് അംഗീകരിച്ചുപോകുന്നത്. ഭരണഘടനാപരമായി ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങൾക്ക് യാതൊരു കോട്ടവും വരുത്താനാവില്ല. അത് അതുപോലെ തന്നെ നിലനിർത്തുകയാണ് ചെയ്യുന്നത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, കഴിഞ്ഞ ബജറ്റിൽ എന്റെ മണ്ഡലത്തിൽ പുതുതായി രണ്ട് മൂന്ന് റോഡുകൾ പ്രഖ്യാപിച്ചു. അത് കിഫ്ബിയിൽ കൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി എനിക്ക് എഴുതി തന്ന മറുപടിയിൽ പറയുന്നത്. അതിന് ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അത്തരം പദ്ധതികൾ തുടങ്ങാൻ ഇനി എത്രകാലം വേണ്ടിവരും: അതിന് എന്തൊക്കെ നടപടിയാണ് വേണ്ടത്? പുതിയ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ റോഡിന്റെ വീതിയോ നീളമോ കൂട്ടുന്നതിന് സ്ഥലമേറ്റെടുക്കേണ്ട പ്രശ്നമുണ്ട്. അതുംകൂടി ഈ കൂട്ടത്തിൽ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങ് ചോദിക്കുന്നത് ഈ ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല. ഗവൺമെന്റ് പൂർത്തീകരിച്ച റോഡുകളെപ്പറ്റിയാണ് ചോദ്യം. അതിന് ഞാൻ വ്യക്തമായി മറുപടി തന്നു. മറ്റ് കാര്യങ്ങൾ, അത് സാങ്കേതികമായ കാര്യമനുസരിച്ച് നടക്കും. എത്ര കാലമെടുക്കുമെന്ന് ഇപ്പോൾ മുൻകൂട്ടി നോട്ടീസില്ലാതെ പറയാൻ കഴിയില്ല. നോട്ടീസ് നൽകിയാൽ പിന്നീട് പറയാം.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, അങ്ങ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തുവെന്ന് പറയുന്നത് നല്ല കാര്യമാണ്. ഇപ്പോൾ എല്ലായിടത്തും മാലിന്യ സംസ്കരണം വലിയ പ്രശ്നമാണ്. തദ്ദേശസ്വയംഭരണ വകുപ്പ് വിചാരിച്ചിട്ട് ഒന്നും നടക്കുന്നില്ല. മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും പ്ലാസ്റ്റിക് ശേഖരിച്ചുവയ്ക്കുകയാണ്. ഈ

സാമ്പത്തിക വർഷം കുറേ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുവാനും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് നല്ലൊരു പദ്ധതി തയ്യാറാക്കുകയും ചെയ്താൽ മാലിന്യ സംസ്കരണത്തിന് വലിയൊരു ആക്കം കൂട്ടും. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇപ്പോൾ പ്ലാസ്റ്റിക് കിട്ടാനില്ല. പ്ലാസ്റ്റിക് തന്നാൽ റാഞ്ചിക്കൊണ്ടുപോകും. ക്ലീൻ കേരള എന്ന കമ്പനിയുണ്ട്. അവിടെ നിന്നാണ് പി.ഡബ്ല്യൂ.ഡി. ഒരു കിലോഗ്രാമിന് 70 രൂപ കൊടുത്ത് പ്ലാസ്റ്റിക് വാങ്ങുന്നത്. അതുകൊണ്ട് പ്ലാസ്റ്റിക് കൂട്ടിവച്ചിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് ബഹുമാനപ്പെട്ട മന്ത്രിയെയോ അല്ലെങ്കിൽ കമ്പനിയെയോ അറിയിച്ചാൽ മതി. പ്ലാസ്റ്റിക് പൂർണ്ണമായും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് കിട്ടാനില്ല എന്നുള്ളതാണ് പൊതുവെയുള്ള സ്ഥിതി. ചങ്ങനാശ്ശേരിയിലെ പ്രത്യേക സാഹചര്യം അദ്ദേഹം പറഞ്ഞത് വസ്തുതയായിരിക്കും. അത് പരിശോധിച്ച് പ്ലാസ്റ്റിക് എടുക്കുവാനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇപ്പോൾ റോഡുകളൊക്കെ നല്ലതായിക്കൊണ്ടിരിക്കുകയാണ്. പല കാരണങ്ങളാൽ പോലീസും മറ്റ് ഡിപ്പാർട്ടുമെന്റുകളും കേസെടുക്കുന്ന വണ്ടികളെല്ലാം പിടിച്ച് റോഡ് സൈഡിൽ കൂട്ടിയിട്ടിരിക്കുകയാണ്. വാഹനങ്ങൾ പല ഭാഗത്തും റോഡ് കയ്യേറിയിരിക്കുകയാണ്. ഇതൊഴിവാക്കിക്കിട്ടാൻ വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിനുള്ള നിയമം നിലവിലുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കേരളത്തിൽ ബാധകമാക്കിയിട്ട് കുറേക്കാലമായി. ഇതെല്ലാം പ്രാദേശികമായിട്ടുള്ള ഒരു പ്രശ്നമാണ്. മൂന്നിലൊരു ഭാഗം റോഡ് കയ്യേറിയിരിക്കുകയാണ്. ഇത് മാറ്റാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളൊക്കെ അങ്ങേയ്ക്ക് അറിയാമല്ലോ. ഇതെല്ലാം മാറ്റാൻ തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം പഴയ വാഹനങ്ങളെല്ലാം റോഡ് സൈഡിൽ ഇട്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷനിൽ സ്ഥലമില്ലാത്തതുകൊണ്ട് ചിലപ്പോൾ അവരും റോഡിലേയ്ക്ക് ഇറക്കിയിടും. അത് അവരുടെ കുറ്റമല്ല. ജില്ലാടിസ്ഥാനത്തിൽ ചർച്ചകൾ നടത്തി ഇതെല്ലാം എടുത്തുമാറ്റാനുള്ള തീരുമാനമെടുക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും, ബഹുജന പ്രസ്ഥാനങ്ങളും, വ്യാപാരികളും സഹായിക്കേണ്ടത് അത്യാവശ്യമാണ്. അക്കാര്യത്തിൽ പ്രാദേശികമായി ഇപ്പോഴും പൂർണ്ണമായിട്ടും ഉറപ്പ് വരുന്നില്ല. എന്നാൽ ആവശ്യം തികച്ചും ന്യായമാണ്. ഹൈവേ പ്രൊട്ടക്ട് ചെയ്യുക തന്നെ ചെയ്യും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. അത് വൃത്തിയാക്കി സെഗ്രഗേറ്റ് ചെയ്ത് ക്ലീൻ കേരള എന്ന തദ്ദേശഭരണ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനിയെ അറിയിച്ചാൽ അവർ അതെടുക്കും. പി.ഡബ്ല്യു.ഡി. ഡിപ്പാർട്ട്മെന്റിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് വർക്കുകളും പ്ലാസ്റ്റിക് ഉപയോഗിച്ച് നടത്തണം എന്ന വ്യക്തമായ നിർദ്ദേശം പി.ഡബ്ല്യു.ഡി ഡിപ്പാർട്ടുമെന്റിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ആവശ്യത്തിന് പ്ലാസ്റ്റിക് കിട്ടുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സാഹചര്യം. അതുകൊണ്ട് പ്ലാസ്റ്റിക് സെഗ്രഗേറ്റ് ചെയ്ത് വൃത്തിയാക്കി ക്ലീൻ കേരള കമ്പനിയെ അറിയിച്ചാൽ അവർ അത് എടുക്കുകയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് കൈമാറുകയും ചെയ്യും.

ശ്രീ. പി. ഉബൈദുള്ള: സർ, റോഡുകളുടെ വികസനത്തിന് വലിയ തടസ്സമായി നിൽക്കുന്നത് കയ്യേറ്റങ്ങളാണ്. കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കയ്യേറ്റത്തോടൊപ്പം റോഡ് സൈഡുകളിൽ അനധികൃതമായി കെട്ടിപ്പൊക്കിയിട്ടുള്ള ഷെഡ്ഡുകൾ, സ്തൂപങ്ങൾ, കൊടിമരങ്ങൾ എന്നിവയൊക്കെ റോഡ് വികസനത്തിന് മാത്രമല്ല യാത്രക്കാർക്കും വലിയ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് എല്ലാ കൊടിമരങ്ങളും സ്തൂപങ്ങളും അനധികൃതമായി കെട്ടിപ്പൊക്കിയ ഷെഡ്ഡുകളും പൊളിച്ചുനീക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, റോഡ് നന്നായി വികസിപ്പിച്ചാൽ ഇതിന് മാറ്റമുണ്ടാകും. ഉദാഹരണമായി നാല് വരിയാക്കിയ സ്ഥലങ്ങളിൽ ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. പലയിടത്തും ദേശീയപാത നാല് വരിപ്പാതയാക്കിയിട്ടുണ്ട്. അവിടെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒന്നുംതന്നെയില്ല. ദേശീയപാത നാലു വരിയാക്കുമ്പോൾ അവിടെ ഉള്ളതെല്ലാം പോകും. ആ സമയത്ത് നമുക്ക് മാറ്റാൻ കഴിയും. അതിനുള്ള എല്ലാ സഹകരണവും ഉണ്ടാകണം. ഇലക്ട്രിക് പോസ്റ്റ് ഉണ്ടെങ്കിൽ അത് എടുത്തു മാറ്റാൻ കഴിയുമോ? നമ്മൾ അത് സൈഡിലേയ്ക്ക് മാറ്റും. കമ്പി തപാലുമുണ്ട്. ഇത്തരം പ്രശ്നങ്ങൾ ദീർഘകാലമായി ഉള്ളതാണ്. പൊതുവായ ആവശ്യമെന്ന നിലയിൽ ഇപ്പോൾ എല്ലാവരും ഉന്നയിക്കുകയാണ്. അതുകൊണ്ട് റോഡ് പുതുക്കി നല്ല നിലയിൽ പണിയുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ദേശീയപാതയിൽ ചെയ്തതുപോലെ എല്ലാവരും അതിനായി സഹകരിക്കണം. അങ്ങനെയൊരു സ്ഥിതി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല എന്ന നിലപാടുള്ള ചില ഉദ്യോഗസ്ഥരുണ്ട്. ഗുരുവായൂർ മേൽപ്പാലത്തിന്റെ പദ്ധതി ബജ്ഡറ്റിൽ പ്രഖ്യാപിച്ചതാണ്. അതിന്റെ ഡി.പി.ആർ. നേരത്തേ സമർപ്പിച്ചുമാണ്. 1/20 എന്ന ദൂരത്തിൽ ആർ.ഒ.ബി. സമർപ്പിച്ചു. അത് നാല് മാസം വച്ചിരുന്നതിനുശേഷം സി.ടി.ഇ. എന്നൊരു ഉദ്യോഗസ്ഥൻ വീണ്ടും അത് 1/20 ആക്കി ഡി.പി.ആർ. തരണമെന്ന് പറഞ്ഞ് തിരിച്ചയച്ചിരിക്കുകയാണ്. അങ്ങനെ ഒരു വർഷം നഷ്ടപ്പെട്ടു. ആ തരത്തിൽ പദ്ധതികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> ഗുരുവായൂർ മേൽപ്പാലത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി രണ്ട് മീറ്റിംഗുകൾ നടത്തിയതാണ്. ഗവൺമെന്റിന്റെ ഉദ്ദേശ്യം ആ മീറ്റിംഗിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫയലുകൾ വൈകിപ്പിക്കുന്നത് എല്ലാ വകുപ്പിലും പരമ്പരാഗതമായി പലരും ചെയ്യുന്ന കാര്യമാണ്. പി.ഡബ്ല്യൂ.ഡി.യിൽ അത് കുറച്ച് കൂടുതലാണ്. ഇതുകാരണം സാമ്പത്തിക നഷ്ടംതന്നെ വരുന്നുണ്ട്. കുട്ടനാട്ടും-തിരുവിതാംകൂറും മണ്ണിന്റെ വില നിശ്ചയിച്ചുകൊടുക്കാത്തതുമൂലം മൂന്ന് വർഷംകൊണ്ട് ഒരുപണിയും നടക്കുന്നില്ല. ആ ഫയലുകൾ എന്നെ കാണിച്ചിട്ടില്ല, പൂഴ്ത്തിവച്ചിരിക്കുയാണ്. അതിനാലാണ് അന്വേഷിക്കണമെന്ന് പറഞ്ഞത്. ഫയലിനെപ്പറ്റി പരിശോധിക്കുന്നുണ്ട്. അതിന്റെ ഓർഡർ ഇറങ്ങുമെന്ന് പറയുന്നുണ്ട്. ഇതൊക്കെ സംഭവിക്കുന്നുണ്ട്. നമ്മൾ ജാഗ്രതയോടുകൂടി അത് നടപ്പിലാക്കേണ്ടതുണ്ട്. ഈ ശീലം അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കുറെ നടപടികളെടുത്തിട്ടുണ്ട്. പരമാവധി നടപടികൾ ഒഴിവാക്കാം; എന്നാൽ ചിലത് വേണ്ടതുമാണ്. കൂടുതൽ അഴിമതികൾ നടക്കുന്നിടത്ത് നടപടികൾ വേണ്ടിവരും. ഒരു സന്ദേശം നൽകിക്കൊണ്ട് ചെറിയ വിഭാഗത്തിനെതിരെ നടപടിയെടുക്കും. അങ്ങ് പറഞ്ഞ മേൽപ്പാലത്തിന്റെ പ്രവർത്തനത്തിന് ഇത്രയും കാലതാമസം വരുത്തിയത് ചില ഉദ്യോഗസ്ഥരുടെ പിടിവാശി ഉള്ളതിനാലാണ്. അത് തിരുത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. പാലിക്കപ്പെടുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

## റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുന്ന തുകയിൽ കുറവ് വരുത്താൻ നടപടി

4 (*544) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന തുകയിൽ കുറവുവരുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ രീതികളാണ് നിർമ്മാണങ്ങളിൽ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ & ബി) പൊതുമരാമത്ത് വകുപ്പിന്റെ ഒട്ടുമിക്ക പ്രവൃത്തികളും ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചുവരുന്നു. റോഡുകളുടെ ഉപരിതലം പുതുക്കി പണിയുമ്പോൾ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ അത് ഒഴിവാക്കുന്നതിനായി റോഡിന്റെ ഉപരിതലം ഉയർത്തുകയും ആയതുപോലെ തന്നെ ഓടകളും, കലുങ്കുകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കാറുമുണ്ട്. കൂടാതെ മഴക്കാലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടാൽ ഉടൻതന്നെ ഷെൽമാർക്ക് ഉപയോഗിച്ച് അടയ്ക്കുന്നതുമാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചെലവിൽ കുറവ് വരുത്തുന്നതിനായി അറ്റകുറ്റ പ്രവൃത്തികൾ ചെയ്യുമ്പോൾ തന്നെ പൊതുമരാമത്ത് വകുപ്പ് ഗുണനിലവാരം ഉറപ്പാക്കുന്നതാണ്. കാലവർഷം മുഖേന കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് ഗുണനിലവാരത്തോടുകൂടിയ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. നിലവിൽ കിഫ്ബി വഴി ചെയ്യുന്ന

പ്രവൃത്തികൾക്ക് Defect Liability Period കൂടാതെ 4 വർഷത്തെ മെയിന്റനൻസ് അതാത് കരാറുകാർ തന്നെ പരിപാലന ചുമതലയും ഏറ്റെടുക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇത് നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ഭാഗത്ത് അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് 7 വർഷം വരെ ആവശ്യമായി വരുന്നില്ല.

എം.ഡി.ആർ./സ്റ്റേറ്റ് ഹൈവേകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബി.എം.&ബി.സി. ഉപയോഗിച്ച് റോഡിന്റെ ഉപരിതലം MoRTH സ്പെസിഫിക്കേഷൻ പ്രകാരം ചെയ്തുവരുന്നു. ഇതുമൂലം അറ്റകുറ്റ പ്രവൃത്തികളുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വിഭാവനം ചെയ്തിട്ടുണ്ട്. റോഡിന്റെ അടിത്തറയിൽ ആവശ്യമായ ഉറപ്പില്ലാത്ത ഭാഗങ്ങളിൽ ഭൂവസ്ത്രം (Geo Textile) ഉപയോഗിച്ച് റോഡിന്റെ അടിത്തറ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളിൽ റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതിനുമുമ്പായി പരിശോധന പൂർത്തീകരിച്ച് ആവശ്യമായ ഡിസൈൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതുവഴി അറ്റകുറ്റപ്രവൃത്തികൾക്കുള്ള ചെലവ് പരമാവധി കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

(സി) ഭരണതലത്തിൽ ഇത് നടപ്പാക്കുന്നതിനും റോഡുകളുടെ പരിപാലനത്തിനും വേണ്ടി ഒരു മെയിന്റനൻസ് വിഭാഗം രൂപീകരിക്കുന്നതിന് സർക്കാർതലത്തിൽ പ്രാരംഭപ്രവൃത്തികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

വകുപ്പിന്റെ സകല സാധ്യതകളും ഉപയോഗിച്ച് ഇപ്പോൾ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുന്ന തുക കുറവ് വരുത്തേണ്ടത് അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്ത വിധത്തിൽ കാലാവധി മുഴുവൻ ഗ്യാരണ്ടി പിരീഡ് കിടക്കുന്ന റോഡുകളും മറ്റ് പൊതുമരാമത്ത് നിർമ്മാണങ്ങളും പൂർത്തിയാക്കുന്നതിലൂടെയാണ്. അത് നമുക്ക് 100 ശതമാനവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അത് പൂർത്തിയാക്കുന്നതിനു വേണ്ടി ഈ ഗവൺമെന്റ് മാത്രമല്ല നേരത്തെയുള്ള ഗവൺമെന്റും ശ്രമിച്ചിട്ടുണ്ട്. ടാറിംഗിന്റെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചുമാത്രമാണ് പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മാണം നടത്തുന്നത്. മറ്റ് രീതികളെല്ലാം മാറ്റി. പുതിയ സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയ പാതയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

ആവശ്യമായ ഓടകളും കലുങ്കുകളും നിർമ്മിച്ച് ഷെൽമാർക്ക് ചെയ്യുന്നുണ്ട്. മെയിന്റനൻസ് വിംഗിനെ നിയമിച്ച കാര്യം പറഞ്ഞു. അതുപോലെതന്നെ എല്ലാ പി.ഡബ്ല്യു.ഡി. റോഡുകളും നിർമ്മിക്കുമ്പോഴും നിർമ്മിച്ച് കഴിഞ്ഞാലും മെയിന്റനൻസ് വിംഗ് പരിശോധിക്കേണ്ടതായുണ്ട്. കിഫ്ബി വഴി ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും നിലവിൽ Defect Liability Period കൂടാതെ 4 വർഷത്തെ മെയിന്റനൻസ് പിരീഡ് കൂടി കരാറുകാർ തന്നെ ഏറ്റെടുത്ത് തുടങ്ങുകയാണ്. ഇതുകൂടാതെ മറ്റ് പല പുതിയ നിബന്ധനകളും വയ്ക്കുന്നുണ്ട്. ഇതിന്റെയെല്ലാം ഫലമായി മാറ്റങ്ങൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, നിലവിലെ റോഡുകളുടെ മെയിന്റനൻസ് സംബന്ധിച്ചാണ് ചോദിക്കാനുള്ളത്. ഓരോ വർഷവും മഴക്കാലം കഴിയുമ്പോൾ രൂപപ്പെടുന്ന കുഴികൾ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടി ഓരോ റോഡിനും പ്രത്യേകമായി ടെൻഡർ വിളിച്ച് കരാറുകാരെ ഏൽപ്പിക്കുന്ന രീതിയാണ് ഉള്ളത്. ഓരോ കുഴികൾ ചെറിയ തോതിൽ രൂപപ്പെടുമ്പോൾ തന്നെ മെയിന്റനൻസ് നടത്താനുള്ള സൗകര്യം ഉണ്ടായാൽ അത് വലിയ രീതിയിൽ കുഴികൾ രൂപപ്പെടുന്നത് തടയാൻ സാധിക്കും. അങ്ങ് സൂചിപ്പിച്ചതുപോലെ അതിന് പരിഹാരമെന്ന നിലയിൽ പുതിയതായി നിർമ്മിക്കുന്ന റോഡുകൾക്ക് ഡിഫക്ട് ലയബിലിറ്റി പിരീഡും നാലു വർഷത്തെ വാറണ്ടിയുമൊക്കെ കൊടുക്കുന്നുണ്ട്. പക്ഷേ നിലവിൽ നിർമ്മിച്ചിരിക്കുന്ന റോഡുകൾക്ക് ഓരോ വർഷവും പ്രത്യേകം മെയിന്റനൻസ് കരാറുകൾ കൊടുക്കുന്നതിന് പകരം രണ്ടോ മൂന്നോ വർഷത്തെ ദീർഘനാളത്തെ മെയിന്റനൻസ് കോൺട്രാക്ട് ഒരു സിംഗിൾ വർക്കായി കൊടുക്കാൻ സാധിച്ചാൽ ആ റോഡുകളിൽ നിരന്തരമായി ഇത്തരം കുഴികൾ രൂപപ്പെടുന്നത് തടയാൻ സാധിക്കും. അതുപോലെ കുഴികൾ രൂപപ്പെടുന്ന മുറയ്ക്ക് തന്നെ അത് മെയിന്റനൻസ് നടത്താനും സാധിക്കും. ഓരോ വർഷവും നടത്തുന്ന മെയിന്റനൻസിന് പകരമായി രണ്ടോ മൂന്നോ വർഷം നീണ്ടുനിൽക്കുന്ന ഒറ്റ വർക്കായി മെയിന്റനൻസ് കോൺട്രാക്ട് കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ദീർഘകാലമായി കേരളപ്പിറവിയുടെ കാലം മുതലേ കുഴികൾ ഉണ്ടാകുമ്പോൾ നികത്തുന്ന രീതിയാണുള്ളത്. അത് ഇപ്പോഴും നമ്മൾ തുടരുന്നു. ഓരോ കരാർ കൊടുക്കുമ്പോഴും അതിനോടൊപ്പം മൂന്ന് നാല് വർഷം മെയിന്റനൻസ് കൂടി ഉൾപ്പെടുത്തിയാൽ അതിന്റെ ചുമതല ആ കരാറുകാരനാണ്. അങ്ങ് പറഞ്ഞതുപോലെ മെയിന്റനൻസ് മാത്രമായി ഒന്നോ, രണ്ടോ വർഷക്കാലം പ്രത്യേകം കൊടുക്കാമോ എന്ന കാര്യം ആലോചിക്കാം.

അങ്ങനെ ചെയ്താലുള്ള പ്രശ്നം, മെയിന്റനൻസ് വേണ്ടി വന്നില്ലെങ്കിൽ കരാറുകാരന് കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. അതെല്ലാം പരിശോധിച്ച് ചെയ്യാം. ഏതായാലും റോഡ് പണിയോടൊപ്പം മെയിന്റനൻസ് കോൺട്രാക്റ്റ് കൂടി കൊടുക്കുന്ന നാല് വർഷ പദ്ധതി ഉറപ്പായും സാർവ്വത്രികമായി നടപ്പിലാക്കും.

ശ്രീ. റോജി എം. ജോൺ: സർ, മഴക്കാലത്ത് പി.ഡബ്ല്യൂ.ഡി. ഡിവിഷനുകളിൽ ഷെൽമാർക്ക് ലഭ്യമാകുന്നില്ല എന്നുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുപോലെ പല റോഡുകളുടേയും വർക്കുകൾ തടസ്സപ്പെടുന്നത് ടാർ ലഭ്യമാകാത്തതിനാലാണ്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, മഴക്കാലത്ത് സ്ഥിരമായി ചില പ്രദേശങ്ങളിലാണ് പ്രശ്നങ്ങളുണ്ടാകുന്നത്. അവിടെ മഴ പെയ്താൽ റോഡ് പൊളിയും എന്നുള്ളത് ഉറപ്പാണ്. അത് ഐഡന്റിഫൈ ചെയ്ത് അത്തരം സ്ഥലങ്ങളിൽ മാറ്റങ്ങൾ വരുത്തണം. ടൈലിംഗും ഇന്റർലോക്കും ഉൾപ്പെടെയുള്ള പലതും നമ്മൾ ചെയ്തിട്ടുണ്ട്. അത്തരം കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സ്ഥിരമായി പ്രശ്നങ്ങളുണ്ടാകുന്ന പ്രദേശം അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. അത്തരം സ്ഥലങ്ങൾ കണ്ടെത്താൻ പി.ഡബ്ല്യൂ.ഡി. വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്ഥിരമായി കേടാവുന്ന എല്ലാ റോഡുകളും അപ്ഗ്രേഡ് ചെയ്യാനുള്ള പദ്ധതികൾ പ്രത്യേകമായി സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അറ്റകുറ്റപ്പണികൾക്ക് വേണ്ടി നീക്കിവയ്ക്കുന്ന തുകയുടെ വലിയൊരു ഭാഗം ഗുണപരമല്ലാത്ത രീതിയിലാണ് ചെലവഴിക്കുന്നത്. സംസ്ഥാന ബജറ്റിലും സി.ആർ.എഫ്.-ലും അനുവദിക്കപ്പെട്ടിരിക്കുന്ന ഒരു കോടി രൂപ, രണ്ട് കോടി രൂപ, അഞ്ച് കോടി രൂപ എന്നിങ്ങനെ മേജർ വർക്കുകളിൽ എ.എസ്.-ഉം റ്റി.എസ്.-ഉം ആയി കിടക്കുന്ന വർക്കുകൾപോലും അതിന് മുമ്പ് മെയിന്റനൻസ് എന്നുള്ള രൂപേണ 30 ലക്ഷം രൂപ, 50 ലക്ഷം രൂപ വാങ്ങി അവിടെ പെയിന്റടിച്ച് പോകുന്നതുപോലെ ടാറിട്ട് പോകുകയാണ്. മേജർ വർക്ക് നടത്തിക്കഴിഞ്ഞാൽ ഈ മെയിന്റനൻസ് വർക്ക് എങ്ങനെയാണ് നടത്തിയത് എന്ന് അറിയാനുള്ള യാതൊരു മാർഗ്ഗവുമില്ല. ഈ തട്ടിപ്പ് തടഞ്ഞ് മെയിന്റനൻസിന് നീക്കിവച്ചിരിക്കുന്ന തുക പരമാവധി ഗുണപരമായ രീതിയിൽ ചെലവഴിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. കഴിഞ്ഞ വർഷം തന്നെ ആ പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയിട്ടില്ല എന്നൊന്നും ആർക്കും പറയാൻ കഴിയില്ല. കഴിഞ്ഞ തവണ നമ്മൾ നടത്തിയതെല്ലാം അതുപോലെ കിടക്കുകയാണ്. ആ നിലയിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. 40 ലക്ഷം രൂപയൊന്നും കൊടുത്തിട്ടില്ല. പരമാവധി അഞ്ച് ലക്ഷം, പത്ത് ലക്ഷം, പതിനഞ്ച് ലക്ഷം രൂപയാണ് കൊടുത്തിട്ടുള്ളത്. അതിൽ കൂടുതൽ കൊടുത്തിട്ടില്ല. എം.എൽ.എ.മാരും, ജനപ്രതിനിധികളും എഴുതിത്തരുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നുണ്ട്. ഒരു വർക്ക് പ്രഖ്യാപിച്ച് കഴിഞ്ഞ് 6 മാസത്തിനുള്ളിൽ ആ വർക്ക് നടന്നാൽ പിന്നെ മേജർ റിപ്പെയർ നടത്തുന്നില്ല. ഇതെല്ലാം പ്രായോഗികമായി ചെയ്യേണ്ടതാണ്. എന്തായാലും ഇക്കാര്യം ശ്രദ്ധിക്കും. ഇതൊരു വേസ്റ്റ് ആകാതിരിക്കാൻ നടപടി സ്വീകരിക്കും. കഴിഞ്ഞ വർഷം ഇത് വിജയമായിരുന്നു. ഈ വർഷവും നമുക്ക് അത് വിജയിപ്പിക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പുതിയ റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോഴും ധാരാളം അപേക്ഷകളുണ്ട്. അതിന് ചില മാനദണ്ഡങ്ങൾ വയ്ക്കാൻ വേണ്ടി കാബിനറ്റ് ഒരു തീരുമാനമെടുത്ത് പരിശോധിക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വില്ലേജ് ജനകീയ സമിതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തനവും

5 (*545) ശ്രീ. ബി.സത്യൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഭൂസംരക്ഷണ ഉപയോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിനും വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും വേണ്ടി രൂപംനൽകിയ വില്ലേജ് ജനകീയ സമിതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തനവും എന്താണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും അറിയിക്കാമോ;

(സി) പ്രസ്തുത നിയമപ്രകാരം എത്രമാത്രം കൃഷി ഭൂമി ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിന് സാധ്യമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) ഭൂസംരക്ഷണ ഉപഭോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി രൂപം നൽകിയ വില്ലേജ്തല ജനകീയ സമിതികളുടെ പ്രവർത്തനം പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ മിക്ക വില്ലേജ് ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം വില്ലേജിലെ ജനകീയ സമിതി കൃത്യമായി ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും കേരള ഭൂവിനിയോഗ ഉത്തരവിലും കേരള നെൽവയൽ സംരക്ഷണ ആക്ടിലും ചട്ടങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്. കേരള ഭൂവിനിയോഗ ഉത്തരവ് 1967-ൽ നടപ്പിൽവന്നതിനു മുൻപോ പിൻപോ തുടർച്ചയായി 3 വർഷം ഏതെങ്കിലും ഭക്ഷ്യധാന്യം കൃഷി ചെയ്തുവന്നിരുന്ന ഭൂമി, ജില്ലാ കളക്ടറുടെയോ, ആർ.ഡി.ഒ.യുടെയോ രേഖാമൂലമായ അനുമതിയിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ നെല്ലൊഴികെ മറ്റേതെങ്കിലും ഭക്ഷ്യധാന്യം കൃഷി ചെയ്യുന്നതിലേയ്ക്കായി മാറ്റംവരുത്തുകയോ മാറ്റംവരുത്താൻ ശ്രമിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്ന് ക്ലോസ് 6-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ക്ലോസിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം കൃഷിഭൂമിയിൽ നെല്ലോ മറ്റേതെങ്കിലും ഭക്ഷ്യധാന്യങ്ങളോ കൃഷി ചെയ്യുന്നതിന് കൈവശക്കാരനോട് ആവശ്യപ്പെടാൻ ജില്ലാ കളക്ടർക്കും ആർ.ഡി.ഒ.യ്ക്കും അധികാരമുണ്ട്.

(സി) റവന്യൂ വകുപ്പ് മുഖാന്തരം മേൽപ്പറഞ്ഞ വിഷയം പരിശോധനാ വിധേയമാക്കിയിട്ടില്ല.

**മഴവെള്ളക്കൊയ്ത്തിനും ഭൂഗർഭജല റീചാർജിംഗിനുമായി നടപടികൾ**

6 (*546) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. എസ്. ശർമ്മ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് മഴവെള്ളക്കൊയ്ത്തിനും ഭൂഗർഭജല റീചാർജിംഗിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപയുടെ നിക്ഷേപമാണ് കിഫ്ബിയിൽ നിന്നും നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ 2017-18 ബജറ്റിൽ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ/കുഴൽക്കിണർ വഴിയുള്ള റീ-ചാർജ്ജിംഗ് വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു

കേരള വാട്ടർ അതോറിറ്റി "നീരുറവ്" എന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ മഴവെള്ള സംഭരണവും സ്വാഭാവിക ഉറവ സംരക്ഷണവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കേന്ദ്ര കാര്യാലയത്തിനടുത്തായി ഒരു കുളം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുളത്തിൽ നിന്നുള്ള ജലം കേന്ദ്ര

കാര്യാലയത്തിനടുത്ത് പ്രവർത്തിക്കുന്ന ശുദ്ധീകരണ ശാലയിൽ എത്തിച്ച ശുദ്ധീകരിച്ചശേഷം വിതരണം ചെയ്യാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കൂടാതെ കിണറുകൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ കിണറിൽ ജലലഭ്യത കൂട്ടാൻ വേണ്ടി കിണറുകൾക്കുസമീപം മഴക്കുഴി നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ള ഉപയോഗശൂന്യമായ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി നടപ്പിലാക്കിയ "മഴവെള്ള സംഭരണം-ജല പരിപോഷണം" പദ്ധതി പ്രകാരം 15 ഗ്രാമപഞ്ചായത്തുകളിലെ 4000-ത്തോളം കുടുംബങ്ങൾക്ക് മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിന് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകുകയുണ്ടായി. സംസ്ഥാന പദ്ധതിയുടെ ഭാഗമായി മഴകേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി വരും വർഷങ്ങളിലും നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി "ജലസൗഹ്യദ വിദ്യാലയം" പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവും അതുവഴി ജനസമൂഹങ്ങളിലേയ്ക്കുമെത്തിച്ച് അവയുടെ ആവശ്യകത തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണവും ജലദൗർലഭ്യത്തിനുള്ള ഒരു പരിഹാരമാർഗ്ഗവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള 840 ഓളം സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

മഴ ലഭ്യതയിൽ വന്ന വർദ്ധിച്ച കുറവ് മൂലമുണ്ടായ വരൾച്ച കണക്കിലെടുത്ത് സംസ്ഥാനത്തെ പരമ്പരാഗത ജല സംഭരണികളായ കുളങ്ങൾ നവീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ജലസേചന വകുപ്പ് മുൻഗണന നൽകുന്നുണ്ട്. ജല സുഭിക്ഷ എന്ന പേരിൽ മഴവെള്ളക്കൊയ്ത്തിലൂടെ കിണർ റീചാർജിംഗ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ പദ്ധതികളുടെ പുനരുദ്ധാരണത്തിന് താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു:

- കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 9 നഗരസഭകളിലെ ശുദ്ധജലവിതരണ സംവിധാനത്തിന്റെ

പുനരുദ്ധാരണം നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

- ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി വിതരണത്തിന് കൂടുതൽ ജലം ലഭ്യമാക്കൽ
- പഴയതും കേടുവന്നതുമായ എ.സി./പ്രിമോ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പൈപ്പ് പോളിസി അടിസ്ഥാനമാക്കി ഗുണമേന്മയുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കൽ
- തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെട്ട അരുവിക്കരയിലെ 72 എം.എൽ.ഡി. പ്ലാന്റിന്റേയും വെള്ളയമ്പലത്ത് സ്ഥിതിചെയ്യുന്ന 36 എം.എൽ.ഡി. പ്ലാന്റിന്റെയും കോഴിക്കോട് മാവൂർ പ്ലാന്റിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ ജിക്കാ പദ്ധതിയിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്നു.
- സ്റ്റേറ്റ് പ്ലാനിൽ ഒപ്റ്റിമൈസേഷൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുകയും സ്റ്റാന്റ് ബൈ പമ്പ് സെറ്റുകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തുവരുന്നു.
- വ്യാസം കുറഞ്ഞ പഴയ പൈപ്പുകൾ മാറ്റി വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.
- 2016-17-ലെ പുതുക്കിയ ബജറ്റിലും 2017-18-ലെ ബജറ്റിലും പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ പുനരുദ്ധാരണവും വിപുലീകരണവും ഉൾപ്പെട്ടിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പട്ടികയും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾ വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**റോഡുകളുടെ വികസനം**

7 (*547) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും വികസനവും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള തുക എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നത്; വിവരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്തെ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും വികസനവും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ ഒരു യോഗം ചേരുകയും ടി യോഗത്തിൽ പ്രവൃത്തികളെ സംബന്ധിച്ച് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2016-17-ൽ റോഡുകളും പാലങ്ങളും വിഭാഗത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാംതന്നെ 15-8-2017-നുള്ളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 15-12-2017-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. 2017-18-ൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് 30-6-2017-നുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് കർശനനിർദ്ദേശം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പ്രോഗ്രസ് റിപ്പോർട്ട് കൃത്യമായി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് അവലോകനം ചെയ്ത് പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കരാറുകാർക്ക് ആധുനിക യന്ത്രം ഉപയോഗിച്ച് പല പ്രവൃത്തികളും സമയബന്ധിതമായി തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള തുക ബഡ്ജറ്റിലൂടെയും

കിഫ്ബി വഴിയും സ്വരൂപിക്കുന്നതാണ്. ദേശീയപാതകളുടെ വികസനത്തിന് ഫണ്ട് കണ്ടെത്തുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. കെ.ആർ.എഫ്.ബി.-യിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന മോട്ടോർ വാഹന നികുതി ഇനത്തിൽ ലഭ്യമാകുന്ന 10% വിഹിതം ഉപയോഗിച്ചാണ് തിരിച്ചടവ് നടത്തുന്നത്.

**മൂന്നാർ മാർക്കറ്റും ടൗണും ഏറ്റെടുക്കാനുള്ള നിർദ്ദേശം**

8 (*548) ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ കയ്യേറ്റ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ മൂന്നാർ മാർക്കറ്റും ടൗണും ഏറ്റെടുക്കാനുള്ള ഒരു നിർദ്ദേശം എപ്പോഴെങ്കിലും സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും എത്രത്തോളം പുരോഗതി കൈവരിക്കാനായി എന്നും വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**പഠനോപാധികളിലും പാഠ്യപദ്ധതികളിലും നവീകരണം**

9 (*549) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക വിദ്യാഭ്യാസം എന്ന സുപ്രധാന നേട്ടം കൈവരിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഓരോ പഠന ഘട്ടത്തിലും വിഭാവനം ചെയ്ത കഴിവുകൾ ആർജ്ജിക്കുന്നില്ലെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി അറിയിക്കാമോ; ഇക്കാര്യത്തിൽ സോഷ്യൽ ഓഡിറ്റിനുള്ള സാധ്യത പരിശോധിക്കുമോ;

(ബി) പഠനോപാധികളിലും പാഠ്യപദ്ധതികളിലും നിരന്തര നവീകരണം

ഉറപ്പാക്കാൻ പരിപാടിയുണ്ടോ;

(സി) പാഠ്യപദ്ധതിയുടെ ഭാഗമായി സമൂഹത്തിന്റെ ആവശ്യാനുസരണം കാർഷികമേഖലയിലും പരമ്പരാഗത തൊഴിൽമേഖലയിലുമുൾപ്പെടെ ആധുനിക സാങ്കേതിക രീതികളും ലഘുയന്ത്രങ്ങളുടെ ഉപയോഗവും പരിചയപ്പെടാനിടയാക്കി സാമ്പത്തികമായും സാമൂഹികമായും പിന്നോക്ക നിലയിലുള്ളവരുടെ പാർശ്വവത്കരണം ഒഴിവാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ നിലവിലെ "കേരള സ്കൂൾ പാഠ്യപദ്ധതി" വിദ്യാർത്ഥികളിൽ ഓരോ ഘട്ടത്തിലും നേടിയിരിക്കേണ്ട പഠന നേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ എല്ലാ വിദ്യാർത്ഥികളും ഓരോ ഘട്ടത്തിലേയ്ക്കും വിഭാവനം ചെയ്തിട്ടുള്ള പഠന നേട്ടങ്ങൾ (ലേണിംഗ് ഔട്ട്കംസ്) നേടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനും പഠനം ഉറപ്പാക്കുന്നതിനുമുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളേയും മികവിന്റെ കേന്ദ്രങ്ങളാക്കാനും അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സോഷ്യൽ ആഡിറ്റിംഗിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. പാഠോപാധികളും പാഠ്യപദ്ധതികളും നിരന്തരം നവീകരിക്കാറുണ്ട്. നിലവിലെ പാഠ്യപദ്ധതി ഗവേഷാത്മ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

(സി) നിലവിലെ പാഠ്യപദ്ധതിയിൽ കാർഷികമേഖല, പരമ്പരാഗത തൊഴിൽ മേഖല, ആധുനിക സാങ്കേതിക രീതികൾ, ലഘുയന്ത്രങ്ങളുടെ ഉപയോഗം എന്നീ മേഖലകളെ പരിചയപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്ന ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യസരംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്താൻ**

**നടപടി**

10 (*550) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ജില്ലാതല അഷ്വറൻസ് സർക്കിളുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) യൂണിവേഴ്സിറ്റി കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കൊച്ചി സർവ്വകലാശാല കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അദ്ധ്യാപക പരിശീലനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക്-വ്യവസായിക മേഖലകളുടെ സമന്വയമായ "ട്രെസ്റ്റ്" (Trivandrum Engineering Science and Technology Research Park- (TREST)) പാർക്കും പ്രവർത്തിച്ചുവരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തിവരുന്നത്.

ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം അന്താരാഷ്ട്ര നിലവാരത്തി

ലെത്തിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ സർവ്വകലാശാല തലത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്റർ സ്കൂൾ/ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇന്റർ ഡിസിപ്ലിനറിയായ വിഷയങ്ങളിൽ ഗവേഷകർക്കുവേണ്ട സഹായ സൗകര്യങ്ങളും നിർദ്ദേശങ്ങളും ഇത്തരം പഠന കേന്ദ്രങ്ങൾ നൽകിവരുന്നു. അത്യാധുനിക പഠനോപാധികളും സജ്ജീകരണങ്ങളുമുള്ള ലബോറട്ടറികൾ, യന്ത്ര സംവിധാനങ്ങൾ എന്നിവ ഗവേഷകർക്ക് ഉപയോഗിക്കുവാനുള്ള അവസരമൊരുക്കുകയും ശില്പശാലകളും പഠനക്ലാസുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ നിരവധി വിദേശ സർവ്വകലാശാലകളുമായും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുവാനുമുള്ള കരാറുകളും ഉണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു:

1. എറുഡൈറ്റ് പദ്ധതി
2. ക്ലസ്റ്റർ കോളേജ് പദ്ധതി
3. ഉന്നത വിദ്യാഭ്യാസ സ്കോർഷിപ്പ് പദ്ധതി
4. കൗൺസിൽ ജേണൽ.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രഭാവം സൃഷ്ടിക്കാൻ കഴിയുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

(എ) പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)

(ബി) ധൈഷണിക പര്യാവരൺ (ലേണർ എക്കോസിസ്റ്റം കാമ്പസുകൾ)

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിരന്തര നിരീക്ഷണത്തിനും മാർഗ്ഗദർശനത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള 'ജില്ലാതല അഷ്വറൻസ് സർക്കിളുകൾ' രൂപീകരിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 2 കോടി രൂപ 2017-18-ലെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ

ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ. (സാധാ) 807/2017/ഉ.വി.വ.പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ വിഷയത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി 'കിറ്റ്കോ'(KITCO)-യെ ചുമതലപ്പെടുത്തുന്നതിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് അനുമതി നൽകിക്കൊണ്ട് 9-5-2017-ലെ സ.ഉ. (സാധാ) നമ്പർ 852/2017/ഉ.വി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

**ജലാശയങ്ങൾ മലിനമാകുന്നത് തടയാൻ കർശന നടപടികൾ**

11 (*551) ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല സംരക്ഷണത്തിനായി 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ജലസംരക്ഷണത്തിന്റെ അടിസ്ഥാന ഘടകം നീർത്തടങ്ങളാണ് എന്നതിനാൽ അവയെ നദീതടങ്ങളിലേയ്ക്ക് സംയോജിപ്പിച്ച് ജല സംരക്ഷണം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ജലാശയങ്ങൾ മലിനമാകുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിനായി തദ്ദേശ സ്വയംഭരണം, ജലവിഭവം, ആരോഗ്യം, മലിനീകരണ നിയന്ത്രണം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിക്കായി വകയിരുത്തിയിരുന്നു. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയിൽ 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തുറന്ന കിണർ/കുഴൽ കിണർ റീചാർജ്ജിംഗ് വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയവ കൃത്രിമ ഭൂജല പരിപോഷണത്തിനായി വ്യാപകമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനം രൂക്ഷമായ വരൾച്ചയെ നേരിടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഹരിത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷത്തോളം വരുന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുക വഴി ഭൂജല നിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ കഴിയുന്നതുമാണ്.

(ബി) മണ്ണ്-ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയ/പ്രകൃതിദത്ത യൂണിറ്റ് നീർത്തടങ്ങളാണ്. എന്നാൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലല്ല നിലവിൽ പദ്ധതികൾ നിർവ്വഹിച്ചുവരുന്നത്. അത് പരിഹരിച്ച് സംയോജിത നീർത്തടാധിഷ്ഠിത പദ്ധതികളുടെ അടിസ്ഥാനത്തിൽ ജലവിഭവമേഖലയിൽ ഇടപെടുന്നതിനും ജനസംരക്ഷണം ഉറപ്പാക്കുന്നതിനും ഹരിത കേരളം പദ്ധതി വിഭാവനം ചെയ്യുന്നു. ഇത്തരത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ നദീതടാടിസ്ഥാനത്തിൽ യോജിപ്പിച്ച് നദീതടങ്ങളുടെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് ജില്ലാതല പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി & ഡി) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല

നിയമം 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വീടുകൾ, വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഇത്തരം സ്ഥാപനങ്ങളെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ നിരീക്ഷിച്ചും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നുണ്ട്.

നഗരത്തോട് ചേർന്നാണ് ജലാശയങ്ങളിൽ മാലിന്യം കൂടുതലായി എത്തിച്ചേരുന്നത്/നിക്ഷേപിക്കപ്പെടുന്നത്. ഇത് തടയുന്നതിന് സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി കെട്ടി മാലിന്യനിക്ഷേപം തടയുന്നതിനുള്ള നടപടികൾ ജനസേചന വകുപ്പ് സ്വീകരിക്കുന്നുണ്ട്.

**മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ ഭൂമി കയ്യേറ്റം**

12 (*552) ശ്രീ.വി. അബ്ദുറഹിമാൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭൂമി പാട്ടത്തിനോ അല്ലെങ്കിൽ ഉപയോഗത്തിനോ ലൈസൻസ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് അറിയിക്കാമോ;

(ബി) നഗരങ്ങളിൽ ഡ്രെയിനേജ് കവറിംഗ് ഇടുന്നതിനും റോഡ് സൈഡിൽ പടികൾ കെട്ടുന്നതിനും ഭൂമിയുടെ കമ്പോള വിലയുടെ ഒരു ശതമാനം പ്രതിവർഷം നൽകണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടാണോ വ്യക്തികളും സ്ഥാപനങ്ങളും അങ്ങനെ ചെയ്തിരിക്കുന്നതെന്ന കാര്യം പരിശോധിക്കാൻ എന്തു സംവിധാനമാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള വ്യാപകമായ കയ്യേറ്റങ്ങളും ഭൂമി ദുരുപയോഗവും തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വാണിജ്യാവശ്യത്തിന് 40 ച.മീ. വരെയുള്ള ഭൂമിക്ക് കമ്പോളവിലയുടെ 2 ശതമാനം നിരക്കിലും (ഏറ്റവും കുറഞ്ഞത് 5000 രൂപ വാർഷിക തുക), 40 ച.മീ. മുതൽ 400 ച.മീ. വരെയുള്ള ഭൂമിക്ക് കമ്പോള വിലയുടെ 5 ശതമാനം നിരക്കിലും മിനിമം (ഏറ്റവും കുറഞ്ഞത് 15000 രൂപ വരെ വാർഷിക തുക), 400 ച.മീ. മുകളിൽ കമ്പോള വിലയുടെ 5 ശതമാനം നിരക്കിലും, വാണിജ്യേതര ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിക്ക് കമ്പോള വിലയുടെ 2 ശതമാനം നിരക്കിലും വാർഷിക പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്.

സാമൂഹിക-കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് 400 ച.മീ വരെയുള്ള ഭൂമിക്ക് കമ്പോള വിലയുടെ 0.5 ശതമാനം നിരക്കിലും, 400 ച.മീ മുകളിലുള്ളതിന് 2 ശതമാനം നിരക്കിലും സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകുന്ന ഭൂമിക്ക് കമ്പോള വിലയുടെ 2.5 ശതമാനം നിരക്കിലും വാർഷിക പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്.

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ട ഭൂമിയുടെ കമ്പോള വിലയുടെ 2 ശതമാനം നിരക്കിലും മറ്റ് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും പാട്ട ഭൂമിയുടെ കമ്പോള വിലയുടെ 3 ശതമാനം നിരക്കിലും വാർഷിക പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്.

(ബി) റോഡ് പുറമ്പോക്കിൽപ്പെടുന്ന റോഡ് ഡ്രെയിനേജ് കവർ ഇടുന്നതും, റോഡ് സൈഡിൽ പടികൾ കെട്ടുന്നതും സംബന്ധിച്ച കാര്യങ്ങൾ പൊതുമരാമത്ത് വകുപ്പ് തദ്ദേശ സ്വയം ഭരണ വകുപ്പ് , നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളുടെ അധികാര പരിധിയിൽ വരുന്നതാണ്. കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്.

(സി) ഇത്തരത്തിലുള്ള കയ്യേറ്റങ്ങളും ഭൂമി ദുരുപയോഗവും തടയുന്നതിന് ഭൂമിയുടെ സംരക്ഷണ ചുമതലയുള്ള അതാത് വകുപ്പുകൾ, കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാങ്കേതിക സർവ്വകലാശാലകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടി

13 (*553) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സാങ്കേതിക സർവ്വകലാശാലകളുടെ സിലബസ്, പാഠ്യപദ്ധതി എന്നിവ കാലാനുസൃതമായി പരിഷ്കരിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലകളുടെ സിലബസ്, പാഠ്യപദ്ധതി, ഇന്റേൺഷിപ്പ് രീതികൾ എന്നിവ ലോകത്തിലെ മികച്ച സർവ്വകലാശാലകളുമായി തുലനം ചെയ്യാനാവുന്ന രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരളത്തിൽ ഇപ്പോൾ നിലവിലുള്ള എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല കോളേജുകളെ അഫിലിയേറ്റ് ചെയ്ത് അധ്യയനം തുടങ്ങിയത് 2015-16 മുതൽക്കാണ്. സാങ്കേതിക മേഖലയിൽ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് മൂന്ന് വർഷം കൂടുമ്പോൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 2018 അഡ്മിഷൻ മുതൽക്ക് സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടി സർവ്വകലാശാല കൈക്കൊണ്ടുവരുന്നു.

(ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല 2015-ൽ പാഠ്യപദ്ധതി, സിലബസ് എന്നിവ തയ്യാറാക്കുന്ന വേളയിൽ ഇന്ത്യയിലും ലോകത്തിലും മറ്റു സാങ്കേതിക സർവ്വകലാശാലകളിലെ പാഠ്യപദ്ധതിയും സിലബസും പരിശോധിക്കുകയും പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയും അതനുസരിച്ച് പാഠ്യപദ്ധതി ക്രമീകരിക്കുകയും അതുപ്രകാരം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് വ്യവസായ സ്ഥാപനങ്ങളിലും ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിലും

അവസരം ഉണ്ടാക്കിയിട്ടുണ്ട്. 2016 മേയ്, ജൂൺ മാസങ്ങളിൽ ഇന്റേൺഷിപ്പ് 50 ശതമാനം ഒന്നാം വർഷ വിദ്യാർത്ഥികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വർഷവും ഇന്റേൺഷിപ്പിനായുള്ള പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാല സ്വയം സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതിയിൽ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അക്രഡിറ്റേഷൻ, റാങ്കിംഗ് (എൻ.ഐ.ആർ.എഫ്) എന്നിവയിൽ നമ്മുടെ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനായി അക്കാദമിക് ഓഡിറ്റിംഗ് എല്ലാ സെമസ്റ്ററിലും എല്ലാ കോളേജുകളിലും നടത്തിവരുന്നു. പുതിയ പാഠ്യ വിഷയങ്ങളിൽ നൈപുണ്യം കൈവരിക്കുന്നതിനായി അദ്ധ്യാപകർക്ക് സർവ്വകലാശാല പരിശീലനം നൽകിവരുന്നു.

**ഹയർ സെക്കന്ററി സ്കൂളുകളിൽ ഏകോപിത ഭരണ സമ്പ്രദായം**

14 (*554) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ പത്താംക്ലാസ് വരെയുള്ള വിഭാഗത്തിന്റെയും ഹയർസെക്കന്ററി വിഭാഗത്തിന്റെയും ഭരണപരമായ നിയന്ത്രണത്തിനായി ഏകോപിത ഭരണ സമ്പ്രദായം രൂപീകരിക്കുന്നതിനെ കുറിച്ച് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ബി) കുട്ടികളുടെ എണ്ണത്തിനനുസൃതമായി വിദ്യാലയങ്ങളുടെ എണ്ണം പര്യാപ്തമായതിനാൽ, എയ്ഡഡ്-അൺ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിച്ച് നിലവിലുള്ളവയെ തകർച്ചയിലേക്ക് നയിക്കുന്ന രീതി നിർത്തലാക്കുമോ;

(സി) ഓരോ വർഷവുമുള്ള അദ്ധ്യാപക തസ്തിക നിർണ്ണയ പ്രക്രിയ അഴിമതി പ്രേരകം മാത്രമായി മാറുന്നുവെന്ന ആക്ഷേപമുള്ളതിനാൽ ഈ സമ്പ്രദായം പുനഃപരിശോധിക്കാൻ നടപടിയുണ്ടാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അൺ-എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നില്ല. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് നിരാക്ഷേപ പത്രം (NOC) നൽകുന്നതും അൺ എയ്ഡഡ്/എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതും തൽക്കാലം നിർത്തിവച്ചിട്ടുണ്ട്.

(സി) യു.ഐ.ഡി. സ്റ്റേഞ്ചിന്റെ അടിസ്ഥാനത്തിലുള്ള നിലവിലെ തസ്തിക നിർണ്ണയ സംവിധാനം പുനഃപരിശോധിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംവിധാനങ്ങൾ

15 (*555) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ലാബുകളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി യഥാസമയത്തുള്ള പരിശോധനയും വിലയിരുത്തലും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ & ബി) പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും, പാലങ്ങളും) വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിലുള്ള

ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടപ്പാക്കിവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും പ്രവർത്തനം നടത്തുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Two-Tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി ഉറപ്പുവരുത്തുന്നു. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും, സാമ്പിളുകൾ ശേഖരിക്കുകയും, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യുന്നു.

(സി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്ന വിവിധ ഘട്ടങ്ങളിൽ യഥാസമയം തന്നെ പ്രവൃത്തികളുടെ പരിശോധനയും വിലയിരുത്തലുകളും നടത്തുന്നു. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തത്തോടുകൂടി സോഷ്യൽ ഓഡിറ്റിംഗും നടത്തുന്ന കാര്യം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതാണ്. സമിതി രൂപീകരണം അന്തിമഘട്ടത്തിലാണ്. ദേശീയപാത വിഭാഗത്തിൽ നിലവിൽ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ എല്ലാ പ്രവൃത്തികളിലും ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ഉദ്യോഗസ്ഥർ അതാതുസമയം പരിശോധനകൾ നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ഗുണനിലവാര പരിശോധനകൾ ലാബുകളിലൂടെ നടത്താറുണ്ട്.

(ഡി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. സാധാരണയായി manpower ഉപയോഗിച്ച് ചെയ്തുവരുന്ന പ്രവൃത്തികൾ നിലവിൽ മെഷീനറി ഉപയോഗിച്ചും, NRMB, കയർ ജിയോടെക്സ്റ്റയിൽസ്, ഷ്രെഡഡ് പ്ലാസ്റ്റിക മുതലായവ നിർമ്മാണ പ്രവൃത്തിയിൽ ഉപയോഗിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പ്രവൃത്തികൾ നടത്തുന്നു. ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാണ്. ആയവ ആവശ്യമായ പ്രവൃത്തികളിൽ ഉപയോഗപ്പെടുത്താറുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പരമ്പരാഗത രീതി ഒഴിവാക്കി ദേശീയ നിലവാരത്തിൽ ഉപരിതലം പുതുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബി വഴി ചെയ്യുന്ന പ്രവൃത്തികളിൽ മെയിന്റനൻസ് കോൺട്രാക്ട് കൂടി ഉൾപ്പെടുത്തിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

## 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ

16 (*556) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം നല്കുന്ന അസൈൻമെൻറ് ഓർഡർ റൂൾ 9(അപ്പൻറിക്സ് 1), 9(2)(അപ്പൻറിക്സ് 2) പ്രകാരം അനുവദിക്കുന്ന പട്ടയ ഫോറത്തിലെ വ്യവസ്ഥകളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 4 പ്രകാരമുള്ള ഉദ്ദേശ്യം രേഖപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ബന്ധപ്പെട്ട ഓർഡറുകളിലും പട്ടയ ഫോറത്തിലെ വ്യവസ്ഥകളിലും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം നൽകുന്ന അസൈൻമെന്റ് ഓർഡർ റൂൾ 9 (1) അപ്പെന്റിക്സ് 1-ലെ രണ്ടാമത്തെ നിബന്ധനയിലും 9(2) (അപ്പെന്റിക്സ് 2) പ്രകാരം അനുവദിക്കുന്ന പട്ടയ ഫോറത്തിലെ വ്യവസ്ഥകളിൽ 8-ാമത്തെ നിബന്ധനയിലും പതിച്ചുനൽകിയ ഭൂമിയിൽ ഒരു വർഷത്തിനുള്ളിൽ പാർക്കുകയോ/കൃഷി നടത്തുകയോ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചു കാണുന്നു. എന്നാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 4 പ്രകാരമുള്ള ഉദ്ദേശ്യം പ്രത്യേകമായി രേഖപ്പെടുത്തി കാണുന്നില്ല.

(ബി) ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പുഴകളിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി**

17 (*557) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലശോഷണവും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിന് ഇരുപത് പുഴകളിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പുഴകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(ബി) ഈ പദ്ധതിക്ക് എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്നും കിഫ്ബിയിൽ നിന്നും ഇതിനായുള്ള തുക അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ജലശോഷണവും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിന് പുഴകളിൽ റെഗുലേറ്റർ/റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ (ഇത്തിപ്പുഴ, മുറിഞ്ഞപുഴ, പൂത്തോട്ട) അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ ഇരുപതോളം പുഴകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) ടി പദ്ധതിക്ക് കിഫ്ബിയിൽനിന്നും 600 കോടി രൂപ ധനസഹായമാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ടി പ്രവൃത്തികളുടെ ലൊക്കേഷൻ തീരുമാനിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡിസൈൻ ലഭിച്ചതിനുശേഷം DPR തയ്യാറാക്കി അനന്തര നടപടികൾക്കായി സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കലും സർവ്വകക്ഷിയോഗ തീരുമാനവും

18 (*558) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈയടക്കിവച്ചിരിക്കുന്ന വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) 2017 മേയ് 7-ന് നടന്ന സർവ്വകക്ഷിയോഗത്തിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) മൂന്നാറിലെ ഭൂമി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-3-2017-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗതീരുമാനങ്ങൾ മേയ് 7-ന് നടന്ന യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) 1957-ലെ ഭൂസംരക്ഷണ നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ ഭൂമിയുടെ പരിധിയിൽ നിന്നും റവന്യൂ രേഖകളിലുള്ളതോ കരം അടയ്ക്കുന്നതോ ആയ സ്ഥലങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വൻകിട കയ്യേറ്റക്കാർ കരമടയ്ക്കുന്ന ഭൂമി ഏതു വിധേനയാണ് തിരിച്ചുപിടിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) സി.എച്ച്.ആർ. ഭൂമിയെ റവന്യൂ ഭൂമിയായി പരിഗണിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്;

(എഫ്) ചെറുകിട കയ്യേറ്റങ്ങളെ ഒഴിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് 1957-ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ബ്രിട്ടീഷുകാർ ഉപേക്ഷിച്ചിട്ട് പോയ ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് അതിലുള്ള ഉടമസ്ഥാവകാശം റദ്ദാക്കാനും അത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഉതകുന്ന നിയമനിർമ്മാണം കൊണ്ടുവരുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറിയിട്ടുള്ള വൻകിട, ചെറുകിട കയ്യേറ്റക്കാരുടെയും, ചട്ട വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരുടെയും വിവരങ്ങൾ സംബന്ധിച്ച് ദ്രുത പരിശോധന നടത്തി പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ പരിശോധനാ നടപടികൾ ദേവികുളം സബ്കളക്ടറുടെ നിയന്ത്രണത്തിൽ ദേവികുളം, ഉടുമ്പൻചോല അഡീഷണൽ തഹസീൽദാർമാർ, മൂന്നാർ സ്പെഷ്യൽ റവന്യൂ ആഫീസർ എന്നിവർ മുഖാന്തിരം പുരോഗമിച്ചുവരുന്നു. ചില കയ്യേറ്റങ്ങൾ കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിച്ചിട്ടുണ്ട് മറ്റുള്ളവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

(ബി & സി) ഇടുക്കി ജില്ലയിലെ ഭൂമിയുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുന്നതിനും ആശയ സമന്വയം ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചാണ് 7-5-2017-ന് സർവ്വകക്ഷി യോഗം വിളിച്ചിരുന്നത്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ എല്ലാപേരും ഏകാഭിപ്രായമാണ് സ്വീകരിച്ചത്. 27-3-2017-ലെ യോഗത്തിൽ ഉന്നയിച്ച ചില കാര്യങ്ങൾ പരിശോധിക്കുവാനാണ് തീരുമാനിച്ചിരുന്നത്.

(ഡി) ഉണ്ട്. എന്നാൽ വൻകിട കയ്യേറ്റക്കാർ കരമടയ്ക്കുന്ന ഭൂമികളോട് ചേർന്നുള്ള സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതും ആയതിന്മേലുള്ള അനധികൃത നിർമ്മാണം/പരിവർത്തനം എന്നിവ നടത്തിയ കേസുകളിൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമം/1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം എന്നിവ പ്രകാരമുള്ളതായ ഒഴിപ്പിക്കൽ നടപടികളും, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളും, പട്ടയം ലഭിച്ച ഭൂമിയിൽ പട്ടയ വ്യവസ്ഥാ ലംഘനം, സി.എച്ച്.ആർ. മേഖലയിലുള്ള പാട്ട ഭൂമികളിൽ ടി വ്യവസ്ഥകളുടെ ലംഘനം എന്നിവ ബോദ്ധ്യപ്പെടുന്ന കേസുകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) സി.എച്ച്.ആർ ഭൂമി സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്സിൽ 5-11-2007-ൽ ഫയൽ ചെയ്ത അഫിഡവിറ്റിൽ CHR ഭൂമി റവന്യൂ ഭൂമിയാണെന്നും അതിലെ മരങ്ങളെ സംബന്ധിച്ച അവകാശം വനം വകുപ്പിനാണെന്നും ഉള്ള നിലപാടാണ് എടുത്തിരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ്

19 (*559) പ്രൊഫ. കെ. യു. അരുണൻ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏത് ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇൻഷ്വറൻസ് കമ്പനികളെ ഏല്പിച്ചുവെങ്കിലും നടപ്പിലാകാതെ പോയ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. 30-9-2016-ലെ ജി.ഒ. (എം. എസ്.) നമ്പർ 163/16/പൊ.വി.വ. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) ഒന്നു മുതൽ പത്തുവരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50,000 രൂപയും ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000 രൂപയും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പ്രസ്തുത തുകയ്ക്ക് പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിൽ നടപ്പിലാക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകിവരുന്നു.

**സ്കൂൾ യൂണിഫോം സംബന്ധിച്ച ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം**

20 (*560) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്കൂളിൽ വിവിധ ദിവസങ്ങളിൽ വ്യത്യസ്ത യൂണിഫോം ഏർപ്പെടുത്തുന്നത് വിലക്കണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിന്മേൽ എന്തെല്ലാം നടപടികൾ ഇതേവരെ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ സമ്പ്രദായം സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അന്വേഷിക്കുമോ; അടുത്ത അദ്ധ്യയന വർഷം മുതൽ ഇത് നിരോധിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂളുകളിൽ വിവിധ ദിവസങ്ങളിൽ വ്യത്യസ്ത യൂണിഫോം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബാലവകാശ കമ്മീഷന്റെ നിർദ്ദേശം 28-5-2016-ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി & സി) 28-5-2016-ലെ സർക്കുലർ നിർദ്ദേശങ്ങളനുസരിച്ച് വ്യത്യസ്ത ദിവസങ്ങളിൽ വ്യത്യസ്ത യൂണിഫോം ധരിക്കണമെന്നത് അനുവദനീയമല്ല എന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിരുന്നു. എങ്കിലും നിലവിൽ ഈ രീതി തുടരുന്ന സ്കൂളുകൾക്ക് 2016-17 അദ്ധ്യയന വർഷംകൂടി തൽസ്ഥിതി തുടരാൻ അനുവാദം നൽകിയിരുന്നു.

## മലയാള മഹാ നിഘണ്ടുവിലെ തെറ്റുകൾ തിരുത്തി സമഗ്രമാക്കാൻ നടപടി

21 (*561) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള മഹാ നിഘണ്ടു പദ്ധതിയിലെ 2016-ൽ പ്രസിദ്ധീകരിച്ച ഒമ്പതാം വാല്യത്തിൽ വ്യാപകമായി തെറ്റുകൾ കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'പു' മുതൽ 'പ്ര' വരെയുള്ള അക്ഷരങ്ങളിൽ തുടങ്ങുന്ന ഈ വാല്യത്തിൽ മലയാള ഭാഷയിൽ നിത്യേന പ്രയോഗിക്കുന്ന പല പദങ്ങളും സ്ഥാനം പിടിച്ചിട്ടില്ലെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) മലയാള മഹാനിഘണ്ടു, ഭാഷാ സമൂഹത്തിന്റെ ജീവനും ആത്മാവുമാണെന്നത് പരിഗണിച്ച് ഒമ്പതാം വാല്യത്തിൽ വന്ന തെറ്റുകൾ തിരുത്തി, ഒഴിവാക്കപ്പെട്ട വാക്കുകൾ ഉൾക്കൊള്ളിച്ച് സമഗ്രവും സമ്പൂർണ്ണവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലയാള മഹാനിഘണ്ടുവിൽ ഉൾപ്പെടേണ്ട ചില പദങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്നത് ഗൗരവമായി കാണുന്നുണ്ട്.

(സി) മലയാള മഹാനിഘണ്ടുവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ പ്രസ്തുത വാല്യത്തിന്റെ വിൽപ്പന പ്രസാധകരായ കേരള സർവ്വകലാശാല നിർത്തിവച്ചു. തുടർന്ന്, തെറ്റുകൾ വന്നുകൂടിയതായുള്ള പരാതിയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സർവ്വകലാശാലയുടെ മലയാള പഠന വിഭാഗത്തിലെ പ്രൊഫസർ ഡോ. സി. ആർ. പ്രസാദ് (കൺവീനർ), അസോസിയേറ്റ് പ്രൊഫസർ ഡോ. എസ്. ഷിഫാ, ഇംഗ്ലീഷ് പഠന വിഭാഗത്തിലെ പ്രൊഫസർ ഡോ. മീന റ്റി. പിള്ള എന്നിവരടങ്ങുന്ന ഒരു അന്വേഷണ സമിതിയെ നിയോഗിച്ചു. പ്രാഥമിക പരിശോധനയിൽ മഹാനിഘണ്ടുവിനെ സംബന്ധിച്ചുള്ള പരാതിയിൽ കഴമ്പുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ജലസംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

22 (*562) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കുളങ്ങൾ, നീർച്ചാലുകൾ, അരുവികൾ, തോടുകൾ, തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വൻകിട ജലവിതരണ കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) മേൽപ്പറഞ്ഞ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജലസംരക്ഷണ മിഷൻ ആണ് ജലസംരക്ഷണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതി. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും പ്രയോജനപ്രദമാകുന്ന രീതിയിൽ ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജല സംരക്ഷണ മിഷൻ ലക്ഷ്യമിടുന്നത്.

കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കിവരുന്നു.

വേനൽക്കാലം ജലസമൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'നീരുറവ്' പദ്ധതിയിൽ മഴവെള്ള സംഭരണവും സ്വാഭാവിക ഉറവ സംരക്ഷണവും വിഭാവനം ചെയ്തിട്ടുണ്ട്.

നദികളിലും മറ്റ് ഉപരിതല ഭൂഗർഭ ജല സ്രോതസ്സുകളിലും ജലലഭ്യത ഉറപ്പാക്കാൻ സ്ഥിരം തടയണകൾ, റെഗുലേറ്റർ-കം-ബ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ജലസേചന വകുപ്പ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ പുതിയ സംരംഭമായ ജലസംരക്ഷണ മിഷൻ നടപ്പിലാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ തുടങ്ങിയവയുടെ ശുചീകരണവും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംയോജിത നീർത്തട മാസ്റ്റർ പ്ലാനുകൾ ബ്ലോക്ക് തലത്തിൽ രൂപപ്പെടുത്തി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ച് വിവിധ വകുപ്പുകൾ മുഖേന നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, തടാകങ്ങൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധതരം പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടന്നുവരുന്നു. 2016-17 വർഷം പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണത്തിനായി 24247 പ്രവൃത്തികളും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ പരമ്പരാഗത പൊതുജല സ്രോതസ്സുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 5998 പ്രവൃത്തികളും മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട 3698 പ്രവൃത്തികളും നടന്നുവരുന്നു.

മഴവെള്ള സംഭരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയാണ് ആനതാഴ്ച്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ ജലസ്രോതസ്സ് മലിനമാകുന്നതും കയ്യേറ്റം ചെയ്യുന്നത് തടയുന്നതിനുമായി കുളത്തിനു ചുറ്റും വേലി നിർമ്മിക്കുന്ന പ്രവൃത്തിയുമുൾപ്പെടുത്തിയിട്ടുണ്ട്. വണ്ടിച്ചിറ കുളത്തിലെ ചോർച്ച തടയുകയും ജലസംഭരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുകയുമാണ് വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിടുന്നത്.

മേൽ വിവരിച്ച പദ്ധതികൾ കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കക്കുഴി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നു.

(സി) വൻകിട ജലവിതരണ കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും പുനരുദ്ധാരണം വാർഷിക അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക ഉപയോഗിച്ച് എല്ലാ വർഷവും നടത്താറുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും അനുസരിച്ചാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച്, ജലവിതരണ കനാലുകളുടെ നിർമ്മാണം, ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 17-11-2016-ലെ സ.ഉ. (സാധാ) 3125/16/തസ്വഭവ നമ്പറായും ജലവിഭവ വകുപ്പ് 29-11-2016-ലെ സ.ഉ (സാധാ) 933/16/ജവിവ നമ്പറായും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17 വർഷം 48522 പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചുവരുന്നു.

(ഡി) പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും (സ്വകാര്യ ഭൂമിയിലെ കുളങ്ങളുടെ പുനരുദ്ധാരണമൊഴികെ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം അനുവദനീയമായ പ്രവൃത്തികളാണ്.

എല്ലാ വർഷവും ജലവിതരണത്തിന് മുന്നോടിയായി വിവിധ പഞ്ചായത്തുകൾ ഉൾപ്പെടുന്ന കനാലുകളിലെ കാടുവെട്ടി മാറ്റൽ, അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. കുറ്റ്യാടി ജലസേചന പദ്ധതി കനാലുകൾ കടന്നുപോകുന്ന 42 പഞ്ചായത്തുകളിലും വർഷങ്ങളായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെളിയും മണ്ണും കാടും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

**ഭവനനിർമ്മാണ പദ്ധതികൾ**

23 (*563) ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണത്തിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ ഫാക്ടിന്റെ ഒരു ഉപഉൽപ്പന്നമായ ജിഎഫ്ആർജി (ഗ്ലാസ് ഫൈബർ റിഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.ടി.യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. ഈ സാങ്കേതിക വിദ്യ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്. ഈ നിർമ്മാണ രീതിക്ക് സിമെന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞ തോതിൽ മതിയാകുന്നതാണ്. ചുമരുകൾ സിമെന്റ് പൂശേണ്ട ആവശ്യമില്ല. തറയുടെയും സ്ലാബുകളുടെയും നിർമ്മാണത്തിനും ഈ പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതാണ്. തൊഴിലാളികൾ കുറച്ചുമതി. കുറഞ്ഞ നിർമ്മാണ കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്. ഈ രീതിയിലുള്ള നിർമ്മാണ രീതി പ്രാവർത്തികമാക്കുന്നതിന് ക്രെയിൻ മുതലായ മെഷിനറി സൈറ്റിലെത്തിച്ച് ഉപയോഗിക്കുന്നതിനായി പദ്ധതി പ്രദേശത്തെ സ്ഥലസൗകര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. Mass Construction വരുമ്പോൾ മേൽപ്പറഞ്ഞ രീതിയിൽ നിർമ്മാണം നടത്തുന്നതാണ് സാമ്പത്തികമായി അഭികാമ്യം.

**പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

24 (*564) ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. എം. രാജഗോപാലൻ
ശ്രീ. ഐ. ബി. സതീഷ്
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള സംവിധാനം എന്താണ്;

(സി) വകുപ്പിന്റെ പ്രവർത്തനങ്ങൾ സത്വരവും സുതാര്യവുമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങൾ എത്രമാത്രം ഫലവത്തായിട്ടുണ്ട്; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification-നും Delhi Schedule of Rate-ഉം നടപ്പിലാക്കി. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബി.എം. & ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) പ്രകാരമുള്ള റോഡുകൾ നിർമ്മിച്ചുവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് പൂർണ്ണമായും നടപ്പാക്കിവരുന്നു.

പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുൻപുണ്ടായിരുന്ന പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ച് പുതിയ മാന്വൽ നടപ്പിൽവരുത്തി. ഇത് മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ NIC (National Informatic Centre)-യുമായി സഹകരിച്ച് ഓൺലൈൻ സംവിധാനമായ പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതുവഴി വകുപ്പിലെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻകാലങ്ങളിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് എന്നീ സംവിധാനങ്ങൾവഴി വകുപ്പിന്റെ പ്രവൃത്തികൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് പൂർണ്ണമായും നടപ്പിലാക്കിയതുവഴി പ്രവൃത്തികളുടെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ കഴിയുന്നുണ്ട്.

ദേശീയപാത വിഭാഗത്തിൽ എല്ലാ പ്രവൃത്തികളും ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചുവരുന്നു.

11 ദേശീയപാതയിലായി സംസ്ഥാനത്ത് ആകെ 1780 കി.മീ. റോഡാണ് ദേശീയപാതയുടെ കീഴിലുള്ളത്. ഇതിൽ 155.65 കി.മീ. നാലുവരിപ്പാതയും, 1351.86 കി.മീ. രണ്ടുവരിപ്പാതയും, ശേഷിക്കുന്ന 221.64 കി.മീ. രണ്ടുവരിയിൽ താഴെ വീതിയുള്ളതുമാണ്. നിലവിലെ ഗതാഗത സാന്ദ്രതയും ഭാവിയിലെ വർദ്ധനവും കണക്കിലെടുത്ത് സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.17-ഉം എൻ.എച്ച്. 47-ഉം സർവ്വീസ് റോഡോടുകൂടിയ നാലുവരിപ്പാതയും മറ്റ് എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയും വികസിപ്പിക്കുവാൻ കേന്ദ്ര ഗതാഗത മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി PRICE സോഫ്റ്റ്വെയർ വഴി എസ്റ്റിമേറ്റുകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ ജി.ഐ.എസ്. മാപ്പിംഗിലൂടെ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടുതലത്തിലുള്ള ക്വാളിറ്റി ഓഡിറ്റിംഗും 5 കോടിയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് മാനുവൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ എല്ലാ പ്രവൃത്തികളും ഉന്നത ഗുണനിലവാരം പുലർത്തുന്ന രീതിയിലുള്ള MoRTH/ICR/CPWD specification അനുസരിച്ചാണ് ചെയ്തുവരുന്നത്.

പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രൊവിഷണൽ മാനേജ്മെന്റ്, കാര്യക്ഷമത വർദ്ധനവ്, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കി സാങ്കേതിക വിദ്യാപരിശീലനം, ആസൂത്രണം, നിർവ്വഹണം, അവലോകനം, പദ്ധതി നടത്തിപ്പ്, പദ്ധതി അവലോകനം എന്നീ മേഖലകളിൽ പരിശീലനം നൽകിവരുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ അഞ്ച് ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികളിൽ ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതുവഴി ടെണ്ടറിംഗ് സംവിധാനം വേഗത്തിലും അഴിമതിരഹിതവും സുതാര്യതയിലുമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതുവഴി ബില്ലുകളുടെ പേയ്മെന്റിനായി പരമ്പരാഗതമായി ഉപയോഗിച്ചുവന്ന ചെക്ക് സംവിധാനം മാറ്റി പകരം കരാറുകാരുടെ അക്കൗണ്ടിൽ നേരിട്ട് തുക ലഭ്യമാക്കുവാൻ സാധിക്കുന്നു. മേൽ പറഞ്ഞ ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ കൂടുതൽ വേഗത്തിലും സുതാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

25 (*565) ശ്രീ. പി. ഉണ്ണി:
ശ്രീ. എസ്. ശർമ്മ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഉന്നത വിദ്യാഭ്യാസ നിലവാരം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള നൂതന പദ്ധതികൾ താഴെപ്പറയുന്നതാണ്:

1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)
2. ഫോറസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR)
3. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (SCHOLAR SUPPORT PROGRAMME)
4. പണ്ഡിതനൊപ്പം/പഠിതാവിനൊപ്പം (WALK WITH A SCHOLAR)

എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് [Trivandrum Engineering Science and Technology Research Park (TREST)] പാർക്കും പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്നും യുവ സംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതിപ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതിയും അദ്ധ്യാപക പരിശീലനത്തിനായി അദ്ധ്യാപക ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയും പട്ടികജാതി, പട്ടികവർഗ്ഗ, വനിതാ, അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതിയും, റൂസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവൃത്തി പരിചയ മേളകൾ സംഘടിപ്പിക്കുവാനും നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സമർപ്പിക്കുകയും അർഹമായ തുക നേടിയെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എറുഡൈറ്റ് അഥവാ Scholar in Residence Scheme.

(ബി)ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായപദ്ധതികളൊന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(സി) പി.ജി/എം.ഫിൽ/പി.എച്ച്.ഡി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആസ്പയർ സ്കോളർഷിപ്പ് കേരളത്തിനകത്ത് ഗവേഷണം നടത്തുന്നവർക്ക് പ്രതിമാസം 8,000 രൂപ വീതവും കേരളത്തിന് പുറത്ത് ഗവേഷണം നടത്തുന്നവർക്ക് 10,000 രൂപ വീതവും നൽകിവരുന്നു. പി.ജി. വിദ്യാർത്ഥികൾക്ക് ഒരു മാസത്തേയ്ക്കും എം.ഫിൽ വിദ്യാർത്ഥികൾക്ക് രണ്ട് മാസത്തേയ്ക്കും പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് 3 മുതൽ 4 മാസത്തേയ്ക്കുമാണ് സ്കോളർഷിപ്പ് തുക അനുവദിച്ചുനൽകുന്നത്.

(ഡി) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള 38 ഗവൺമെന്റ് കോളേജുകളിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് Live Class-കളും റെക്കാർഡ് ചെയ്ത ക്ലാസ്സുകളും ലഭ്യമാക്കുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും സ്മാർട്ട് ക്ലാസ് മുറികൾ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ 220 ലക്ഷം രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി NMEICT-യുടെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കിവരുന്നു.

**വിദ്യാഭ്യാസ വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം നേടിയവരുടെ പ്രശ്നങ്ങൾ**

26 (*566) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിലെ യു.ഡി.എഫ്. സർക്കാരുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ദീർഘവീക്ഷണമില്ലാതെ വാണിജ്യതാല്പര്യ സംരക്ഷണാർത്ഥം ഇടപെട്ടതിന്റെ ഫലമായി സംസ്ഥാനത്ത് മാനവ വിഭവശേഷിസൃഷ്ടി ദേശതാല്പര്യാനുസൃതം സാധ്യമായിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വേണ്ട നയരൂപീകരണം നടത്തുമോ;

(ബി) വൻതുക വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് പരിശീലനത്തിനും യോഗ്യതയ്ക്കും അനുസൃതമായ ന്യായമായ വേതനം ലഭിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ പാവപ്പെട്ടവരെ സർഫെയ്സി നിയമപ്രകാരം കിടപ്പാടം നഷ്ടപ്പെടുന്ന തരത്തിലുള്ള നടപടികളിൽ നിന്നും രക്ഷിക്കുന്നതിനായി നടപ്പിലാക്കിയ 900 കോടി രൂപയുടെ കടാശ്വാസ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് പറയുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ദീർഘവീക്ഷണത്തോടുകൂടിയ ഒരു കർമ്മ പദ്ധതി നിലവിലില്ല എന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഫലപ്രദമായ മാനവവിഭവശേഷി വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ദീർഘകാല പദ്ധതികൾ, സർക്കാരിന്റെ നയപരമായ തീരുമാനത്തിനു വിധേയമായി രൂപീകരിച്ചുവരുന്നുണ്ട്.

(ബി) വൻതുക വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ എല്ലാവർക്കും പരിശീലനത്തിനും യോഗ്യതയ്ക്കും അനുസൃതമായ തരത്തിലുള്ള വേതനം ലഭിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. എങ്കിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്ലേയ്സ്മെന്റ് പ്രവർത്തനങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ചുള്ള തൊഴിൽ, വേതനം ഇവ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Educational Loan Repayment Support Scheme) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 16-5-2017-ലെ ജി.ഒ. (പി) നമ്പർ 65/2017/ധന ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

താഴെപ്പറയുന്ന രണ്ട് വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്:

എ. (i) 9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ (സ്റ്റാൻഡേർഡ് അക്കൗണ്ടുകൾ)

01.04.2016-നു മുൻപ് വായ്പാ തിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമേ തിരിച്ചടവ് സഹായം ലഭ്യമാകുകയുള്ളൂ. വായ്പാ തിരിച്ചടവ് അവധിക്കുശേഷമുള്ള 1-4-2016 മുതലുള്ള വാർഷിക തിരിച്ചടവ് സർക്കാരും വായ്പയെടുത്തയാളും കൂട്ടിച്ചേർത്ത് ചുവടെ വ്യക്തമാക്കിയിട്ടുള്ള അനുപാതത്തിൽ തിരിച്ചടവ്

നടത്താവുന്നതാണ്:

| വർഷം | വിഹിത അനുപാതം സംസ്ഥാന സർക്കാർ | വിഹിത അനുപാതം വായ്പ എടുത്തയാൾ |
|---|---|---|
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

(ii) (എ) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ

വായ്പയെടുത്തയാൾ വായ്പാ തുകയുടെ 40% മുൻകൂറായി അടയ്ക്കുകയും പ്രസ്തുത വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തു കൊടുക്കുകയും ചെയ്യുന്നപക്ഷം ബാക്കിവരുന്ന 60% സർക്കാർ നൽകിക്കൊണ്ട് ലോൺ ക്ലോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

(ii) (ബി) 31-3-2016-നോ അതിനു മുൻപോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷത്തിനുമേൽ 9 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ

ഒരു സ്പെഷ്യൽ പാക്കേജിലൂടെ ഇത്തരം ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്നപക്ഷം കുടിശ്ശികയായ മുതലിന്റെ 50%, (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതായിരിക്കും. ബാക്കി നിൽക്കുന്ന വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി തിരിച്ചടവ് കാലാവധി അവശേഷിക്കുന്ന പക്ഷം, ബാങ്ക് വായ്പ പുനഃക്രമീകരിച്ച് നൽകുന്നതായിരിക്കും. അല്ലാത്തപക്ഷം കുടിശ്ശിക നിൽക്കുന്ന തുക മുഴുവനായും വായ്പയെടുത്തയാൾ തിരിച്ചടയ്ക്കേണ്ടതാണ്.

(ബി) വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊടുക്കുന്നപക്ഷം വിദ്യാഭ്യാസ വായ്പയുടെ കാലയളവിൽ മരണപ്പെട്ടു പോയതോ, അപകടംമൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ മുഴുവൻ വായ്പാ തുകയും സർക്കാർ നൽകുന്നതായിരിക്കും.

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.
- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.
- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
- 1-4-2016-ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ കവിയാത്ത വായ്പയെടുത്ത വിദ്യാർത്ഥികൾക്കു മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്ന മുറയ്ക്കുമാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

27 (*567) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് എല്ലാവർക്കും വീട് ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നടപ്പിലാക്കുന്നതിന് ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല.

## പൊതുമരാമത്ത് വകുപ്പിന്റെ നവീന നിർമ്മാണ രീതികൾ

28 (*568) ശ്രീ. ആർ. രാജേഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന സർക്കാർ നയം നടപ്പിലാക്കാനായി സ്വീകരിച്ച നവീന സാങ്കേതികവിദ്യയും നിർമ്മാണരീതികളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) റോഡ് സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾ ആരംഭിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി സുധാകരൻ):

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയപ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ എന്നിവയുടെ ഗുണനിലവാരം പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാണ് പ്രധാനമായി സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഈ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദപരമായ സാങ്കേതികവിദ്യകളും നിർമ്മാണ രീതികളും നടപ്പിലാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ NRMB (Natural Rubberised Modified Bitumen) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 200.00 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡ് നിർമ്മാണത്തിൽ ബലക്കുറവുള്ള മണ്ണുള്ള പ്രദേശങ്ങളിൽ ജിയോടെക്സ്റ്റയിൽ (കയർ) ഉപയോഗിക്കുന്നതിനും തീരുമാനിച്ചു.

ആലപ്പുഴ ജില്ലയിൽ നാഷണൽ ഹൈവേയിൽ പുറക്കാട് മുതൽ പാതിരപ്പള്ളി വരെയുള്ള 22 കി. മീ. ദൂരം കോൾഡ് മൈലിംഗ് ആന്റ് ഇൻസിറ്റു റീസൈക്കിൾ സാങ്കേതികവിദ്യ പ്രകാരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകളുടെ മെയിന്റനൻസ്, പാലങ്ങളുടെ മെയിന്റനൻസ് എന്നിവയ്ക്കുവേണ്ടി പ്രത്യേക വിഭാഗം രൂപീകരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിനസ് എന്നിവ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്കിളിംഗും ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പപ്പോൾ തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ് വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ 27-12-2016 തീയതിയിലെ F.No. RW/NH.33044/24/2015/S 7R(R)പ്രകാരം, സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 കി.മീ. റോഡ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് ചെയ്യുവാനും അതിന്റെ പെർഫോർമെൻസ് വിലയിരുത്തി റിപ്പോർട്ട് ചെയ്യുവാനും അതിന്റെ അടിസ്ഥാനത്തിൽ ഇത് കരാറിൽ നിർബന്ധമാക്കുവാനും തീരുമാനിച്ചുകൊണ്ടുള്ള കത്ത് കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

കൂടാതെ മേജർ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുന്നതിനും നിർവ്വഹണത്തിനുമായി കിഫ്ബി രൂപീകരിക്കുകയും അതുവഴി പ്രസ്തുത പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കിയും വരുന്നു. പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും എറണാകുളത്തും കോഴിക്കോട്ടും പുതിയതായി റീജിയണൽ ഓഫീസുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിനനുസരിച്ചുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു. കാര്യക്ഷമത വർദ്ധിപ്പിക്കാനായി പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകിവരുന്നു.

പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തെ സംബന്ധിച്ചിടത്തോളം നൂതന സാങ്കേതിക വിദ്യകൾ സംബന്ധിച്ച് വിവിധ വിഷയങ്ങളിൽ ജീവനക്കാർക്ക് വകുപ്പ്തല ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഹരിത നിർമ്മാണ രീതി ഗ്രിഹ റേറ്റിംഗ് അനുസരിച്ച് ചെയ്യുന്നതിനുവേണ്ടിയും എനർജി ഓഡിറ്റിംഗ് നടത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു.

(ബി) സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സൈൻ ബോർഡുകൾ, റിഫ്ളക്ടറുകൾ, മാർക്കിംഗുകൾ, ക്രാഷ് ബാരിയറുകൾ, ഹംബുകൾ, റംബിൾ സ്ട്രിപ്പുകൾ, കാൽനട യാത്രക്കാർക്കുള്ള ഗാർഡ് റെയിലുകൾ എന്നിവ സ്ഥാപിച്ചു വരുന്നു. കൂടാതെ ബസ്ബേകൾ, ബ്ലിങ്കർ ലൈറ്റുകൾ, സ്കൂൾ മേഖലാ സുരക്ഷാ നടപടികൾ, സ്കൈവാക്കുകൾ, അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി/പദ്ധതിയേതര ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ മുഖേന താഴെപ്പറയുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരുന്നു:

1 സൈൻ ബോർഡ് സ്ഥാപിക്കൽ

2 ഡയറക്ഷൻ ബോർഡ് സ്ഥാപിക്കൽ

3 അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കൽ

4 വിവിധതരം റോഡ് മാർക്കിംഗുകൾ സ്ഥാപിക്കൽ

5 അപകട സാധ്യതയേറിയ മേഖലകളിൽ ബ്ലിങ്കർ ലൈറ്റുകൾ സ്ഥാപിക്കൽ

6 റിഫ്ളക്ടറുകൾ, സ്റ്റഡുകൾ, ഡിലീനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ സ്ഥാപിക്കൽ

കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകുന്ന നിശ്ചിത ഫണ്ടിൽ ഉൾക്കൊള്ളിച്ച് സ്കൂൾ മേഖലാ സുരക്ഷാ നടപടികൾ, ക്രാഷ് ബാരിയർ സ്ഥാപിക്കൽ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം കേരളത്തിലുടനീളം സ്ഥിരമായി വാഹനാപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ പ്രത്യേകമായി കണ്ടെത്തി അവയെ അതീവ അപകടമേഖലകൾ (ബ്ലാക് സ്പോട്ട്) എന്ന പട്ടികയിൽ ഉൾപ്പെടുത്തി അവ നിവാരണം ചെയ്യുക എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

റോഡ് സുരക്ഷാ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ദേശീയപാതാ വിഭാഗത്തിൽ റോഡ് സേഫ്റ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിന് വേണ്ടി റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്താറുണ്ട്. അപകടമേഖലകളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തി അപകടത്തിന്റെ

കാരണം മനസ്സിലാക്കി ഉപരിതല നവീകരണവും നിർമ്മാണത്തിലെ അപാകത ആണെങ്കിൽ ആയതും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ക്രാഷ് ബാരിയറുകൾ, മുന്നറിയിപ്പ് ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, റാംബിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിക്കാറുണ്ട്.

(സി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കൂടി ആകെ 78 പാലങ്ങളുടെയും 179 റോഡുകളുടെയും പദ്ധതികൾ കൂടാതെ 8 ഫ്ലൈ ഓവറുകളും 4 അണ്ടർ പാസ്സേജുകളും 17 ബൈപ്പാസുകളുമാണ് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത്. ഇതിൽ റോഡുകളുടെയും പാലങ്ങളുടെയും പദ്ധതികൾ പൊതുമരാമത്ത് (റോഡ്) വിഭാഗത്തിനെ ഏൽപ്പിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 1496/2016/പൊ.മ.വ. തീയതി 31-10-2016, ജി.ഒ.(ആർ.റ്റി.)നമ്പർ1192/2016/ പൊ.മ.വ. തീയതി 20-8-2016 & ജി.ഒ. (ആർ.റ്റി.) നമ്പർ 1502/2016/പൊ.മ.വ. തീയതി 1-11-2016 എന്നീ ഉത്തരവുകൾ പ്രകാരം 75 പാലങ്ങൾക്കായി 1430 കോടി രൂപയുടെയും 176 റോഡുകൾക്കായി 3086 കോടി രൂപയുടെയും പ്രവൃത്തികൾക്ക് കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി പ്രാവർത്തികമാക്കുന്നതിന് കെ.ആർ.എഫ്.ബി.-യെ എസ്.പി.വി. (Special Purpose Vehicle) ആക്കിക്കൊണ്ട് അനുമതി നൽകിയിട്ടുണ്ട്. അനുമതി നൽകിയ റോഡുകളിൽ 46 റോഡുകളുടെ (1528.72 കോടി രൂപ) ഡി.പി.ആർ. റോഡ് ഫണ്ട് ബോർഡ് മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടമായി 14 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒരു റോഡിന്റെ പ്രവൃത്തി തുടങ്ങി, 4 റോഡുകളുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്. മറ്റ് റോഡുകൾക്ക് സാങ്കേതികാനുമതി നൽകി ഉടൻ തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2-ാം ഘട്ടമായി 24 പ്രോജക്റ്റുകൾക്ക് കിഫ്ബി പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഡി.പി.ആർ. കഴിയുന്നതും വേഗം കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അനുമതി നൽകിയ 75 പാലങ്ങളിൽ 28 പാലങ്ങളുടെ ഡി.പി.ആർ (640.22 കോടി രൂപ) വിശദമായി ഇൻവെസ്റ്റിഗേഷൻ നടത്തി കിഫ്ബിയിൽ സമർപ്പിക്കുകയും അതിൽ 18 പാലങ്ങൾക്ക് പ്രാഥമിക അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡിസൈൻ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്ക് ഡി.പി.ആർ. കഴിയുന്നത്ര വേഗത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൻ കീഴിൽ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ദേശീയപാത-66 നാലുവരിയായി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽനിന്നും 153 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെ 5 കിലോമീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായിവരുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കിലോമീറ്റർ ഭാഗത്തെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗതിയിലാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം നിർമ്മാണത്തിന് 20 കോടി രൂപയുടെ പ്രാഥമിക അനുമതി കിഫ്ബിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ വൈറ്റില ഫ്ലൈഓവറിന്റെ നിർമ്മാണത്തിനുവേണ്ടി 10-5-2017-ലെ ജി.ഒ.(ആർ.റ്റി.) 616/2017/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ അംഗീകാരം നൽകിയിട്ടുണ്ട്.

കെട്ടിട വിഭാഗത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ വകുപ്പിനുവേണ്ടി വിവിധ രജിസ്ട്രേഷൻ കോംപ്ലക്സുകളുടെയും സബ് രജിസ്ട്രാർ ഓഫീസുകളുടെയും നിർമ്മാണത്തിനായി 49.75 കോടി രൂപയുടെ 15 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും അവയുടെ ഡി.പി.ആർ. രജിസ്ട്രേഷൻ വകുപ്പ് മുഖേന കിഫ്ബിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**റോഡുകളുടെയും പാലങ്ങളുടെയും ജി.ഐ.എസ്. മാപ്പിംഗ്**

29 (*569) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി.സതീശൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റോഡുകളുടെയും പാലങ്ങളുടെയും ജി.ഐ.എസ് മാപ്പിംഗ് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള റോഡുകളുടെയും പാലങ്ങളുടെയും ഡാറ്റകൾ ജി.ഐ.എസ്. മാപ്പിംഗിനു വേണ്ടി അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ;

(സി) എന്തെല്ലാം പ്രയോജനങ്ങളാണ് മാപ്പിംഗ് വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ചു വരുന്നതുമായ നിരത്തുകളുടെയും പാലങ്ങളുടെയും ജി.ഐ.എസ്. മാപ്പുകൾ തയ്യാറാക്കുന്നത് ലോകബാങ്ക് സഹായത്തോടുകൂടിയുള്ള കെ.എസ്.റ്റി.പി. ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. 2007-നുശേഷം ജി.ഐ.എസ്. മാപ്പുകൾ പുതുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.റ്റി.പി. വഴി എടുത്തെങ്കിലും യോഗ്യതയുള്ള കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ മുന്നോട്ടുവന്നില്ല.

(ബി) ഇല്ല.

(സി) ജി.ഐ.എസ്. മാപ്പിംഗ് വഴി പൊതുമരാമത്ത് വകുപ്പിന് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്:

1. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്തുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഡാറ്റാ ബേസും ഡിജിറ്റൽ മാപ്പും തയ്യാറാക്കുന്നതുവഴി പ്രസ്തുത വിവരങ്ങൾ ആവശ്യാനുസരണം ഡിജിറ്റൽ മാധ്യമങ്ങൾവഴി വളരെ എളുപ്പം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.
2. നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ മുതലായ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ തരത്തിലുള്ള ആസ്തികൾ ജി.ഐ.എസ്. മാപ്പിംഗിലൂടെ ബന്ധിപ്പിക്കുന്നതുവഴി ആസ്തികളുടെ പരിപാലനവും നിയന്ത്രണവും കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നു.
3. ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഒരു ആസ്തിയിൽ കഴിഞ്ഞ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ഉടൻ മനസ്സിലാക്കുവാനും അതനുസരിച്ച് തുടർന്ന് വേണ്ട പണികൾ ചെയ്യണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനും കഴിയും. ഇതുവഴി അനാവശ്യമായ സാമ്പത്തിക ചെലവുകൾ നിയന്ത്രിക്കാനും സാധിക്കും.
4. നിരത്തിലെ അപകടങ്ങളും അത്യാഹിതങ്ങളും ശാസ്ത്രീയമായ രീതിയിൽ അവലോകനം ചെയ്യുവാനും ഈ വിവരങ്ങൾ ശേഖരിച്ച് വ്യത്യസ്ത അപഗ്രഥനങ്ങൾക്കായി ഉപയോഗിക്കുവാനും സാധിക്കുന്നു.
5. ഗതാഗതം ഫലപ്രദമായ രീതിയിൽ പുനഃക്രമീകരിക്കുവാനും അതുവഴി ട്രാഫിക് നിയന്ത്രിക്കുവാനും ഈ സമ്പ്രദായത്താൽ സാധിക്കുന്നു.
6. ഭൂപ്രകൃതിപരമായ വികസന ദിശകളിലേയ്ക്ക് പുതിയ നിരത്തുകളുടെ മാതൃകകൾ അവയുടെ പ്രയോഗസാധ്യമായ ശൈലിയിൽ ചെലവ് കുറഞ്ഞ രീതിയിൽ വിലയിരുത്താവുന്നതാണ്.

**ചെറുകിട ഭ്രവുടമകളുടെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടി**

30 (*570) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് മലയോര കർഷക പട്ടയ വിതരണത്തിനുള്ള സംയുക്ത പരിശോധനക്കായി നിയോഗിച്ച ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലെ പ്രത്യേക സംഘത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാരായ ചെറുകിട ഭ്രവുടമകളുടെ പട്ടയ പ്രശ്നം എത്രത്തോളം പരിഹരിക്കാനായി എന്ന കാര്യം വിശദമാക്കുമോ;

(സി) അത് വിജയപ്രദമായിരുന്നെങ്കിൽ, മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ചെറുകിട ഭ്രവുടമകൾ പട്ടയമില്ലാത്തതിന്റെ പേരിൽ ഭ്രമി ക്രയവിക്രയത്തിനും കാർഷിക വായ്പക്കും നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാകുമായിരുന്നുവെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(ബി &സി) ) ബാധകമല്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**അരൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

1 (4865) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം മുഖേന പാണാവള്ളി മൃഗാശുപത്രിക്ക് പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗം മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

2 (4866) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡ് പ്രവൃത്തികളാണ് 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയത്;

(ബി) ഈ റോഡ് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏത് വരെയായി എന്ന് വിശദമാക്കാമോ;

(സി) 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1 | കങ്കോൽ-ചീമേനി റോഡ്-കി.മീ.2/700-10/000 വരെ ഡി.ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി |
| 2 | ചെറുപുഴ-മുതുവം റോഡ് കി.മീ.0/000-10/280 വരെ ഡി.ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി |
| 3 | പുന്നക്കടവ്-പുതിയപുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ ഏഴിലോട്-റോഡ് കി.മീ.0/000-9/500 വരെ ഡി.ബി.എം.& ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി |
| 4 | വെള്ളോറ-കക്കറ-കടുക്കരംമുക്ക് റോഡ്-ചക്കാലക്കുന്ന് (വഴി) കി.മീ.0/ 000-11/000 വരെ ഡി.ബി.എം.& ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി |

(ബി& സി) ഈ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയശേഷം മാത്രമേ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ ഓവർസിയർമാരുടെ ഒഴിവുകൾ

3 (4867) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളും നിരത്തുകളും വിഭാഗം ഓഫീസുകളിൽ ഓവർസിയർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം നിർമ്മാണ പ്രവർത്തനങ്ങളും എസ്റ്റിമേറ്റ് തയ്യാറാക്കലുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത ഒഴിവുകൾ നികത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) തൃപ്പൂണിത്തുറ റോഡ്സ് സെക്ഷനാഫീസിൽ ഒഴിഞ്ഞുകിടന്നിരുന്ന മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബ്രിഡ്ജസ് സെക്ഷനാഫീസിൽ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല. കൂടാതെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് 27-4-2017-ൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

## ഇലക്ട്രിസിറ്റി/വാട്ടർ/ടെലിഫോൺ ചാർജ്ജ് ഇനങ്ങളിലുള്ള പി.ഡബ്ല്യൂ.ഡി.-യുടെ കുടിശ്ശിക

4 (4868) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെയും റസ്റ്റ് ഹൗസുകളുടെയും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെയും ഇലക്ട്രിസിറ്റി / വാട്ടർ/ടെലിഫോൺ ചാർജ്ജ് ഇനങ്ങളിൽ എന്തു തുക കുടിശ്ശികയായുണ്ട്; കുടിശ്ശിക ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) 2016-17, 2017-18 ബജറ്റുകളിൽ മേൽപ്പറഞ്ഞ ചാർജ്ജുകളുടെ ചെലവിനായി വകയിരുത്തിയ തുക എത്രയാണ്;

(സി) ചീഫ് എൻജിനീയർ ഓഫീസിൽനിന്നും പ്രസ്തുത തുകയുടെ അലോട്ട്മെന്റ് പി.ഡബ്ല്യൂ.ഡി. ഡിവിഷൻ ആഫീസുകളിലേക്ക് നൽകാൻ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ വിവിധ ഡിവിഷൻ ഓഫീസുകളുടെ കീഴിൽ വരുന്ന റെസ്റ്റ് ഹൗസുകളിലെയും ഓഫീസുകളിലെയും ഇലക്ട്രിസിറ്റി/വാട്ടർ/ടെലിഫോൺ ചാർജ്ജ് ഇനങ്ങളുടെ കുടിശ്ശിക അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു*.

ക്വാർട്ടേഴ്സുകളിലെ ഇലക്ട്രിസിറ്റി/വാട്ടർ/ടെലിഫോൺ ചാർജ്ജുകൾ അതിലെ താമസക്കാരാണ് അടയ്ക്കേണ്ടത്. എന്നാൽ, യഥാസമയം താമസക്കാരിൽ നിന്നും തുക ഈടാക്കാത്തതു കാരണം കോഴിക്കോട് ബിൽഡിംഗ്സ് ഡിവിഷന്റെ കീഴിലും, തൃശ്ശൂർ ഡിവിഷന്റെ കീഴിലും, എറണാകുളം ഡിവിഷന്റെ കീഴിലും വാട്ടർ ചാർജ്ജിനത്തിലും യഥാക്രമം 4,82,96,214 രൂപ, 51,63,869 രൂപ, 6 കോടി രൂപ എന്നിങ്ങനെ കുടിശ്ശികയുണ്ട്.

ഓഫീസുകളിലെയും റെസ്റ്റ് ഹൗസുകളിലേയും കുടിശ്ശിക, ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. ക്വാർട്ടേഴ്സുകളിലെ കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാത്തതുമൂലമാണ്.

(ബി) 2016-17, 2017-18 ബജറ്റുകളിൽ ടെലിഫോൺ/ഇലക്ട്രിസിറ്റി/വാട്ടർ ചാർജ്ജ് ഇനങ്ങളിൽ വകയിരുത്തിയ തുക അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു*.

(സി) ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ടി ചാർജ്ജുകളുടെ അലോട്ട്മെന്റ് യഥാസമയം നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.ടി. സെൽ, എച്ച്.ആർ.ഡി. സെൽ വിഭാഗങ്ങളിലെ ജീവനക്കാരുടെ യോഗ്യത

5 (4869) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ സിവിൽ എൻജിനീയറിംഗ് യോഗ്യതയുള്ള ജീവനക്കാർ ഐ.ടി. സെൽ, എച്ച്.ആർ.ഡി. സെൽ എന്നിവിടങ്ങളിലെ ഇലക്ട്രോണിക്സ് മാനേജ്മെന്റ് യോഗ്യതയുള്ള തസ്തികകളിൽ ജോലിചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി. സെൽ, എച്ച്. ആർ. ഡി. സെൽ തുടങ്ങിയ വിഭാഗങ്ങളിൽ അതാത് യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ എച്ച്.ആർ. ഡി. സെൽ, ഐ. ടി. സെൽ, എന്നിവിടങ്ങളിൽ ഇലക്ട്രോണിക്സ് യോഗ്യത ആവശ്യമായ തസ്തികകൾ ഒന്നും തന്നെയില്ല.

(ബി) പൊതുമരാമത്ത് വകുപ്പിലെ എച്ച്.ആർ.ഡി.സെൽ, ഐ.ടി.സെൽ എന്നിവിടങ്ങളിൽ വേണ്ടുന്ന യോഗ്യത ഉള്ളവരെയാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്.

## സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ റോഡുകൾ

6 (4870) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ചെട്ടിക്കുളങ്ങര-ചുനക്കര റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(സി) ചെട്ടിക്കുളങ്ങര-ചുനക്കര റോഡ് 2016-17-ൽ സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുവേണ്ടി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. നാളിതുവരെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല.

**എം.ഇ.എസ്.കോളേജ്-പയ്യനടം റോഡിന് ഭരണാനുമതി**

7 (4871) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മണ്ണാർക്കാട് മണ്ഡലത്തിലെ എം.ഇ.എസ്. കോളേജ്-പയ്യനടം റോഡിന് ഭരണാനുമതി നൽകുവാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ബി) എന്നത്തേക്ക് ഭരണാനുമതി നല്കാൻ കഴിയുമെന്നും എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മണ്ണാർക്കാട് മണ്ഡലത്തിലെ എം.ഇ.എസ്. കോളേജ്-പയ്യനടം റോഡിന് 1-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിയശേഷം കിഫ്ബിയിൽ അംഗീകാരത്തിനു സമർപ്പിക്കുന്നതാണ്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ടി.പി. ഒന്നാംഘട്ടം പദ്ധതി**

8 (4872) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ടം പദ്ധതി നടത്തിപ്പിലെ വീഴ്ചയ്ക്ക് ആർബിട്രേഷൻ ട്രൈബ്യൂണൽ നഷ്ടപരിഹാരം വിധിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നഷ്ടപരിഹാരം യഥാസമയം നൽകാത്തതിനാൽ സംസ്ഥാന സർക്കാർ പ്രതിമാസം പലിശ നൽകുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രൈബ്യൂണൽ വിധിക്കെതിരെ നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഒന്നാം ഘട്ട പദ്ധതി നടപ്പാക്കിയ കമ്പനിക്ക് യഥാസമയം പണം നല്കാതിരുന്നതിൽ മനംനൊന്ത് അതിന്റെ ഉന്നത ഉദ്യോഗസ്ഥൻ ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ക്രമക്കേടുകളുടെ ഉത്തരവാദികൾ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നല്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. ഒന്നാംഘട്ടം പദ്ധതിയിൽ M/s PATI-BEL കമ്പനിക്ക് നൽകിയ കരാറുമായി ബന്ധപ്പെട്ട്, കമ്പനി 2007 വർഷത്തിൽ 35 കോടി രൂപയും പലിശയും നഷ്ടപരിഹാരം ആവശ്യപ്പെടുകയുണ്ടായി. ആയതിൽ 33 കോടി രൂപ നൽകുവാൻ സർക്കാർ തയ്യാറായെങ്കിലും M/s PATI-BEL കമ്പനി അത് സ്വീകരിക്കാൻ തയ്യാറായില്ല. തുടർന്ന് 125 കോടി രൂപയും പലിശയും ഉൾപ്പെടെ ആവശ്യപ്പെട്ട് ആർബിട്രേഷൻ ട്രൈബ്യൂണലിനെ കമ്പനി സമീപിക്കുകയും ആയതിൽ 3-11-2015 തീയതിലെ അവാർഡ് പ്രകാരം 16,13,27,463 രൂപയും പലിശയും നൽകുവാൻ വിധിക്കുകയുമുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിനും കെ.എസ്.റ്റി.പി.ക്കും അനുകൂലമായ ആർബിട്രേഷൻ ഉത്തരവായതിനാൽ അതിനെതിരെ അപ്പീൽ നൽകേണ്ടതില്ലെന്ന് നിയമോപദേശം ലഭിച്ചിരുന്നു.

(ഡി) ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കിയ കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥന് കെ.എസ്.ടി.പി.-യുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ആത്മഹത്യ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

## പി.ഡബ്ല്യൂ.ഡി.റോഡ് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

9 (4873) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട മുൻ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറുകയോ, അല്ലെങ്കിൽ സ്വന്തം ഭൂമിയോട് ചേർക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റോഡുകളുടെ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്; എത്ര ഏക്കർ ഭൂമി ഇത് വഴി അന്യാധീനപ്പെട്ടിട്ടുണ്ട്; ഓരോ റോഡുകളുടെയും ഇത്തരത്തിലുള്ള ഭൂമിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ഭൂമി സംരക്ഷിച്ചുകൊണ്ട് ഇവിടെ വിശ്രമകേന്ദ്രങ്ങളും ബസ് ഷെൽട്ടറുകളും സ്ഥാപിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കയ്യേറിയ ഈ ഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

1. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കൊല്ലം ഡിവിഷന്റെ കീഴിൽ കയ്യേറിയിട്ടുള്ളതായ റോഡ്സ് സെക്ഷൻ ഏഴുകോണിന്റെ അധീനതയിലുള്ള കൊല്ലം ചെങ്കോട്ട റോഡിന്റെ ഏകദേശം 1 കിലോമീറ്റർ ദൂരം (ലാന്റ് വാല്യൂ 1.5 കോടി) ഏറ്റെടുത്തിട്ടുണ്ട്.
2. കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള ഒരു കയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. റീ.സ.28-ൽ പാനൂർ അംശം ഏലാങ്കോട് ദേശത്ത് 5 സ്ക്വയർ മീറ്റർ (0.0012 ആർ) സ്ഥലം കയ്യേറി കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
3. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും പാലക്കാടിന്റെ കീഴിലുള്ള പഴയ എൻ.എച്ച്.റോഡിൽ കാഴ്ചപറമ്പിനു സമീപത്ത്, നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട റോഡിൽ സ്വകാര്യ വ്യക്തി കയ്യേറ്റം നടത്തിയിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലത്ത് പാലക്കാട്-പൊന്നാനി റോഡിൽ കാക്കത്തോട് പാലത്തിനുസമീപം കയ്യേറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

   1. പഴയ എൻ.എച്ച്. റോഡ്- ഉദ്ദേശം 1 സെന്റ്
   2. പാലക്കാട്-പൊന്നാനി റോഡ് -ഏകദേശം 3 സെന്റ്

കെ.എസ്.ടി.പി.യുടെ എം.സി. റോഡിലെ കയ്യേറ്റങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു:

1. നിലമേൽ രാജ് റസിഡൻസി ഹോട്ടലിന് സമീപമുള്ള എം.സി.റോഡിലും എതിർവശത്തുള്ള പഴയ റോഡിലും ഉള്ള കയ്യേറ്റം
2. എം.സി. റോഡിൽ ചടയമംഗലം ശ്രീരംഗം വളവ്
3. എം.സി.റോഡിൽ ചടയമംഗലം ആറാട്ട് കടവ്
4. ചടയമംഗലം പെൻഷൻ ഭവന് എതിർവശം
5. പൊലിക്കോട്-ആനാട് ഭാഗം പഴയ റോഡിന്റെ ഇരുവശവും പുതിയ എം.സി. റോഡിന്റെ ഇരുവശവും
6. വാളകം ബഥനി സ്കൂളിന് സമീപം എം.സി.റോഡിനോട് ചേർന്നുള്ള ബഥനി മഠത്തിന്റെയും ബഥനി സ്കൂളിന്റെയും അതിർത്തി.
7. സദാനന്ദപുരം പഴയ എം.സി.റോഡിനും, പുതിയ എം.സി. റോഡിനും ഇടയിലുള്ള സ്ഥലത്തിന്റെ അതിരുകൾ
8. വള്ളക്കടവ് ബി.എസ്.എൻ.എൽ. ടവറിന് സമീപം ചെയി.77/830
9. ആറാട്ട്കടവ് ശ്രീരംഗം വളവ് ചെയി.51/700 ഇടതുവശം.
10. ജടായുപാറയ്ക്ക് സമീപം
11. ഹോട്ടൽ രാജ് റസിഡൻസി ചെയി.44/510 ഇടതുവശം
12. ഇരട്ടച്ചിറ ജംഗ്ഷൻ
13. ഇഞ്ചക്കാട് ബിസ്മി ഹോട്ടലിന് സമീപം ചെയി.76/150
14. കുളനട കുപ്പണ്ണൂർ ഭാഗത്ത് ചെയി.105/500.

ശ്രദ്ധയിൽപ്പെട്ട കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡുകളുടെ വശങ്ങളിൽ ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥലങ്ങളിൽ യാത്രക്കാർക്ക് ആധുനിക രീതിയിലുള്ള വിശ്രമകേന്ദ്രങ്ങൾ, Ashwas Public Amenities Kerala Limited സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേ നിർമ്മാണം നടത്തുന്നതിനും പദ്ധതിയുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിൽ, കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സ.ഉ.(കൈ) നമ്പർ 63/16/പൊ.മ.വ.തീയതി 3-9-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും, റവന്യൂ വകുപ്പിന്റെ സഹായത്തോടെ അവ ഒഴിപ്പിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കാനും നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമായുള്ള കർശനനിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ലീസിന് നൽകുന്ന നടപടി

10 (4874) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ ലീസിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ലീസിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും, ഇവ നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) നിലവിൽ നാമമാത്രമായി പ്രവർത്തിക്കുന്ന പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വ്യവസ്ഥകൾ ലഘൂകരിച്ച് ഇവ സഹകരണ സ്ഥാപനങ്ങൾക്ക് ലീസിനുനല്കാൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ ഇടുക്കി ജില്ലയിലെ മൂന്നാർ റസ്റ്റ് ഹൗസ്, എറണാകുളം ജില്ലയിലെ ആലുവ റസ്റ്റ് ഹൗസ് എന്നിവയാണ് ലീസിന് നൽകിയിട്ടുള്ളത്.

(ബി) ROMT (Renovate Operate Maintain & Transfer) എന്ന വ്യവസ്ഥ പ്രകാരമാണ് മേൽപ്പറഞ്ഞ റസ്റ്റ് ഹൗസുകൾ ലീസിന് നൽകിയിരിക്കുന്നത്. സംസ്ഥാന സർക്കാരുമായുള്ള എഗ്രിമെന്റ് പ്രകാരം 30 വർഷത്തേയ്ക്കാണ് റസ്റ്റ് ഹൗസ് ലീസിന് നൽകിയിരിക്കുന്നത്. പ്രസ്തുത എഗ്രിമെന്റ് പ്രകാരം ഓരോ വർഷവും കരാറിൽ പറയുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കണമെന്നും ആയതിന് കാലതാമസം ഉണ്ടാകുന്നപക്ഷം 15% പീനൽ ഇന്ററസ്റ്റ് ഉൾപ്പെടെ സർക്കാരിലേയ്ക്ക് അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

(സി) പരിഗണനയിലില്ല.

## പി.ഡബ്ല്യൂ.ഡി.മാന്വൽ പരിഷ്കരണം

11 (4875) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വലിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ മികവ്, നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പുതിയ മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(സി) ഭരണതലത്തിൽ മാന്വൽ പരിഷ്കരണത്തിനനുസൃതമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

1. പുതുക്കിയ മാന്വലിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.
2. പണി നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്.
3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്തഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

5. ആധുനികമായ നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കരാറുകാരുടെ രജിസ്ട്രേഷൻ രീതി കാലോചിതമായി പരിഷ്കരിച്ചു.

7. അഞ്ചുകോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധന സമ്പ്രദായം ഏർപ്പെടുത്തി. കൂടാതെ അഞ്ചുകോടി രൂപയ്ക്ക് മുകളിലുള്ള പണികൾക്ക് പുറത്തുനിന്നുള്ള ഏജൻസിയെ കൊണ്ടുള്ള സാങ്കേതിക പരിശോധനയ്ക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും 50 ശതമാനത്തിൽ അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴ കൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1 ശതമാനം ലിക്വിഡേറ്റഡ് ഡാമേജ് (പരമാവധി പത്ത് ശതമാനം) ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പുതുക്കിയ മാന്വലിനോടനുബന്ധിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു ക്വാളിറ്റി കൺട്രോൾ മാന്വലും ഒരു ലാബ് മാന്വലും ജി.ഒ.(ആർ.ടി.)നമ്പർ 1389/2015/പൊ.മ.വ., തീയതി 10-9-2015 പ്രകാരവും ജി.ഒ.(ആർ.ടി.)നമ്പർ 1346/2015/പൊ.മ.വ. തീയതി 11-9-2015 പ്രകാരവും ഉത്തരവായിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും ഒരു ക്വാളിറ്റി കൺട്രോൾ ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജണൽ ലാബും പ്രവർത്തിച്ചുവരുന്നു. ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ കെ.എച്ച്.ആർ.ഐ.യിൽ നിന്നും വേർപെടുത്തി തിരുവനന്തപുരത്ത് റീജണൽ ലാബ് തുടങ്ങുവാൻ ജി.ഒ.(എം.എസ്)-24/2017/പൊ.മ.വ. തീയതി 10-4-2017 പ്രകാരവും ഉത്തരവായിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ വകുപ്പ് വഴി നടത്തുന്നതിന് മേഖല അടിസ്ഥാനത്തിൽ പുതിയ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഡിസൈൻ വിഭാഗത്തിൽ ബ്രിഡ്ജസ്, ബിൽഡിംഗ്സ് കൂടാതെ ഹൈവേ ഡിസൈൻ വിഭാഗം കൂടി ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ വിന്യസിച്ചു. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പി.പി.യു. യൂണിറ്റും വിപുലീകരിച്ചു. എസ്റ്റിമേഷന് വേണ്ടി പ്രൈസ് സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തു. ഇൻഫർമേഷൻ ടെക്നോളജി അപ്ഡേറ്റ് ചെയ്തുകൊണ്ട് പ്ലാനിംഗിനും ഡിസൈനിംഗിനും ഉള്ള ആധുനിക സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ തുടങ്ങി. വകുപ്പ് മുഴുവൻ ഇത് വ്യാപിപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് കണക്ഷനും സജ്ജമാക്കി.

## റോഡ് വികസന പദ്ധതികൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് നടപടി

12 (4876) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പദ്ധതികൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിശ്ചിത കാലയളവിനുമുമ്പ് റോഡുകൾ തകരുകയോ നിർമ്മാണ വൈകല്യം കണ്ടെത്തുകയോ ചെയ്താൽ അത് കരാറുകാരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ് വികസന പദ്ധതികൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം നടപ്പാക്കിവരികയും പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതുവഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ ഓഡിറ്റിംഗും നടപ്പിലാക്കിവരുന്നു. പ്രൈസ് സോഫ്റ്റ്‌വെയർവഴി എസ്റ്റിമേറ്റുകൾ ഓൺലൈൻവഴി സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ ജി.ഐ.എസ്. മാപ്പിംഗിലൂടെ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കരാറുകാരുടെ ബിൽ തുക നൽകുന്നതിനായി ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയനിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി.വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക സാങ്കേതിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. ഇ.പി.സി.വ്യവസ്ഥയിൽ നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചാൽ കരാറുകാരന് ബോണസ് നൽകുന്നതിനും എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ കരാറുകാരനിൽനിന്നും കരാർ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.റ്റി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരവും MORTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിന്റെ നിബന്ധനപ്രകാരം ഈ പദ്ധതികൾ സൂപ്പർവൈസ് ചെയ്യുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. കൂടാതെ കെ.എസ്.റ്റി.പി. എഞ്ചിനീയേഴ്സിന്റെ മേൽനോട്ടവും പദ്ധതി നടത്തിപ്പിൽ ഉണ്ട്.

കെ.ആർ.എഫ്.ബി.-യുടെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് നഗരറോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ നഗര റോഡ് വികസന പദ്ധതികളിൽ ഉന്നത ഗുണനിലവാരത്തോടുകൂടിയ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉപയോഗിച്ചു വരുന്നത്. ആധുനിക സാങ്കേതിക വിദ്യയും നൂതന നിർമ്മാണ രീതികളും അവലംബിച്ച് ഉന്നത ഗുണനിലവാരമുള്ള റോഡുകളാണ് നിർമ്മിക്കുന്നത്.

(ബി) റോഡുകളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനും കണ്ടെത്തുന്നതിനും പൊതുമരാമത്ത് മാന്വൽ പ്രകാരം വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ പ്രവൃത്തികൾ പരിശോധിക്കുകയും

ക്രമക്കേടുകൾ കണ്ടെത്തിയാൽ അതിനെതിരെ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ദേശീയപാതയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ടൂ-ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുവാൻ പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.റ്റി.പി. പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പുവരുത്തിയതിനുശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനുശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധന കൺസൾട്ടന്റ് എഞ്ചിനീയർ സൂപ്പർവൈസ് ചെയ്യുന്നുണ്ട്. പ്രവൃത്തിക്ക് ആവശ്യമുള്ള ആധുനിക യന്ത്രോപകരണങ്ങൾ കരാർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള പ്രവൃത്തികൾക്ക് ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകളോ നിർമ്മാണ വൈകല്യമോ കണ്ടെത്തിയാൽ സ്വന്തം ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. അത് നടപ്പാക്കാത്തപക്ഷം അതിനുവേണ്ടിവരുന്ന ചെലവ് കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും ഈടാക്കുന്നതാണ്. കെ.എസ്.റ്റി.പി. നടത്തുന്ന റോഡ് വികസന പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒരു വർഷം തകരാറുകൾ ഉണ്ടാകാതെ പരിഹരിക്കേണ്ട ചുമതല കോൺട്രാക്ടർക്ക് നൽകി എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെ.എസ്.റ്റി.പി. ഏറ്റെടുത്ത് നടത്തുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികൾക്ക് ആറ് വർഷം റോഡ് തകരാതെ പരിപാലിക്കണമെന്ന വ്യവസ്ഥയും എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഹിൽ ഹൈവേ പദ്ധതി

13 (4877) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടക്കുന്ന ചെറുപുഴ - ഉളിക്കൽ - പള്ളിത്തോട് പ്രവൃത്തിയോടൊപ്പം ആലക്കോട്, കരുവഞ്ചാൽ എന്നീ രണ്ട് പാലങ്ങളുടെ നിർമ്മാണം കൂടി നടത്തുന്ന കാര്യം പരിശോധിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി അനുവദിച്ച തുകയിൽ ഒതുക്കി നിർത്തി , താവുകുന്ന് - പോത്തുകുണ്ട് - നടുവിൽ ബൈപാസ് റോഡിന്റെ പ്രവൃത്തി കൂടി നടത്തുന്നതിന് പരിഗണന നൽകുമോ?

ഉത്തരം

(എ) ഹിൽ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടക്കുന്ന ചെറുപുഴ-ഉളിക്കൽ-പള്ളിത്തോട് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആലക്കോട്, കരുവഞ്ചാൽ എന്നീ പാലങ്ങളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ആലക്കോട്, കരുവഞ്ചാൽ എന്നീ പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിഗണനയിലില്ല.

## പടന്ന തോട്ടുകം പാലം

14(4878) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പടന്ന പഞ്ചായത്തിലെ പടന്ന -തോട്ടുകം പാലം പണിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ പടന്ന പഞ്ചായത്തിലെ പടന്ന-തോട്ടുകം പാലം പണിയുടെ ടെണ്ടർ രേഖകൾ, ആയതിന്റെ ഫേം പിരീഡ് കഴിഞ്ഞ് മാത്രമാണ് ലഭിച്ചത്. മാത്രമല്ല, ടെണ്ടർ അംഗീകാരത്തിന് ആവശ്യമായ രേഖകൾ എല്ലാംതന്നെ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആയത് എല്ലാം ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കോന്നി ബൈപാസിന്റെ നിർമ്മാണം**

15 (4879) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിലേക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) ബൈപാസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാനായി ഇൻവെസ്റ്റിഗേഷൻ വർക്കിനുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. കോന്നി ബൈപ്പാസ് നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള പ്രവൃത്തിക്ക് 5 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും കരാർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് കേരള എൽ.എ.ആർ. ചട്ടം 2015 പ്രകാരം പദ്ധതിയുടെ സാമൂഹിക ആഘാത അനുമാന പഠനം ജില്ലാ കളക്ടർ നടത്തേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാനായി ഇൻവെസ്റ്റിഗേഷൻ വർക്കിനുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ അനുസരിച്ചുള്ള ഡി.പി.ആർ തയ്യാറാക്കി അനുമതി നൽകിയതിനുശേഷമേ പണികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**തങ്കളം - കാക്കനാട് റോഡ് പ്രവൃത്തി**

16 (4880) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബജറ്റുകളിൽ മതിയായ തുക വകയിരുത്തിയ തങ്കളം - കാക്കനാട് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തങ്കളം-കാക്കനാട് റോഡിന്റെ കി.മീ.26/057 മുതൽ 26/857 വരെയുള്ള ഭാഗത്തെ പണി പൂർത്തീകരിച്ചു. കി.മീ.25/830 മുതൽ 26/057 വരെയും, 26/857 മുതൽ 27/300 വരെയുള്ള ഭാഗത്ത് ബോക്സ് കൾവെർട്ട് പൂർത്തീകരിച്ചു. ഡ്രെയിനേജ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി & സി) കി.മീ.26/057 മുതൽ 26/027 വരെയുള്ള ഭാഗത്തേയ്ക്ക് 135.68 ലക്ഷം രൂപയും ബാക്കി ഭാഗത്ത് 125 ലക്ഷം രൂപയ്ക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. 337.32 ലക്ഷം രൂപയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചെയിനേജ് 22/600 മുതൽ 24/600 വരെയുള്ള ഭാഗത്തേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി സംബന്ധിച്ച 30 കോടി രൂപയുടെ എസ്റ്റിമേറ്റും, വാല്യുവേഷനും, റിക്വിസിഷനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. 2017-18-ലെ ബജറ്റ് സ്പീച്ചിൽ 37 കോടി രൂപ കെ.ഐ.ഐ.എഫ്.ബി. മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി പ്രഖ്യാപിച്ചിട്ടുണ്ട്. കെ.ഐ.ഐ.എഫ്.ബി.-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**വൈക്കം മുറിഞ്ഞപുഴ പാലത്തിൽ ടോൾ പിരിവ്**

17 (4881) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ ബൂത്തിൽനിന്നും ഇതിനകം എത്ര രൂപ ചുങ്കമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഉത്തരവിൻ പ്രകാരമാണ് മുറിഞ്ഞപുഴ പാലത്തിൽ ടോൾ ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈക്കം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ടോൾപിരിവ് നിർത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ടോൾ തുടങ്ങിയ തീയതിയായ 15-1-2011 മുതൽ 15-5-2017 വരെ 1,28,21,597 രൂപ ചുങ്കമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ 811/എച്ച്2/11/പി.ഡബ്ല്യൂ.ഡി തീയതി 12-1-2011 പ്രകാരമാണ് മുറിഞ്ഞപുഴ പാലത്തിന് 15-1-2011 മുതൽ ടോൾ പിരിവ് ഏർപ്പെടുത്തിയത്.

(ഡി) വൈക്കം നിയോജകമണ്ഡലത്തിൽ മുറിഞ്ഞപുഴ-ചെമ്പുവാലേൽ പാലം എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ സെക്ഷനുകൾ**

18 (4882) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു നിയോജകമണ്ഡലം തന്നെ രണ്ടും മൂന്നും സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ജനപ്രതിനിധികൾക്കും മറ്റും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറനാട് മണ്ഡലം നിലവിൽ എത്ര സെക്ഷനുകളുടെ കീഴിലാണ് വരുന്നത്; വ്യക്തമാക്കുമോ; പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും അതിന് മുന്നോടിയായിട്ടുള്ള മറ്റ് നടപടിക്രമങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ ഒരു നിയോജകമണ്ഡലം ഒരു സെക്ഷന് കീഴിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലം, മഞ്ചേരി, നിലമ്പൂർ, കൊണ്ടോട്ടി, വണ്ടൂർ എന്നീ 4 റോഡ് സെക്ഷനുകൾ ഉൾപ്പെട്ടതാണ്. എല്ലാ നിയമസഭാ നിയോജകമണ്ഡലത്തിലും ഒരു സെക്ഷൻ ഓഫീസ് എങ്കിലും വേണമെന്ന് ജി.ഒ.(എം.എസ്) 65/2013/പൊ.മ.വ. തീയതി 3-8-2013 സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയോജകമണ്ഡലത്തിലും ഒരു റോഡ് സെക്ഷൻ നിലവിലുണ്ട്. എന്നാൽ ഏറനാട് പോലുള്ള വലിയ നിയോജകമണ്ഡലത്തിലുള്ള ഒന്നിലധികം സെക്ഷൻ ഓഫീസുകൾ ഒന്നാക്കി ചുരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## നൈറ്റ് വാച്ച്മാൻ/ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്തർ വകുപ്പ്/ജില്ലാസ്ഥലംമാറ്റം

19 (4883) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നൈറ്റ് വാച്ച്മാൻ/ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്തർ വകുപ്പ്/ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്താണ്; ഇത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ നൈറ്റ് വാച്ച്മാൻ/ആഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്തർ വകുപ്പ്/ ജില്ലാ സ്ഥലം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേർക്ക് നിയമനം നൽകി; വിശദാംശം ലഭ്യമാക്കുമോ;

(സി) വകുപ്പിൽ മൂന്ന് വർഷത്തിലേറെയായി ഒരേ ഓഫീസിൽ ജോലി നോക്കി വരുന്ന അറ്റൻഡർമാരുടെ പേര്, ജോലി നോക്കുന്ന ഓഫീസ്, എന്നു മുതൽ പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്നു, അവരുടെ ഹോം സ്റ്റേഷൻ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ജീവനക്കാരുടെ ഒരു വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനായി നീക്കി വയ്ക്കണമെന്നതാണ് മാനദണ്ഡം. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ27/2013/ഉ.ഭ.പ.വ. തീയതി 28-9-2013-അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 22 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ആറ് പേർക്ക് നിയമനം നൽകി. വിശദാംശം ചുവടെ ചേർക്കുന്നു:

1. അനില.കെ., ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. കോഴിക്കോട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

2. സബിത.സി.ആർ. പൊതുമരാമത്ത് (ജി &ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. പാലക്കാട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

3. സരീഷ് കുമാർ.സി.ആർ., മ്യൂസിയം & മൃഗശാല, തിരുവനന്തപുരം. കോട്ടയം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്.

4. അനു.എം., ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബ്, തിരുവനന്തപുരം. കൊല്ലം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്.

5. അംബിക.കെ.കെ., ടാക്സസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. എറണാകുളം ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

6. ജയ മംഗലശ്ശേരി, സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. കണ്ണൂർ ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

(സി) ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

**റോഡു നിർമ്മാണസാങ്കേതിക വിദ്യ**

20 (4884) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണസാങ്കേതിക വിദ്യയിൽ മാറ്റങ്ങളെന്തെങ്കിലും വരുത്തുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥയിൽ വളരെക്കാലം നില നിൽക്കുന്നതും, താരതമ്യേന ചെലവ് കുറഞ്ഞതും, നിർമ്മാണ വസ്തുക്കൾ സുലഭവുമായ വിധത്തിലുള്ള റോഡ് നിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ നിലവിൽ എല്ലാ പ്രവൃത്തികളും ഐ.ആർ.സി. മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരം ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഐ.ആർ.സി. മാർഗ്ഗ നിർദ്ദേശങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ അതനുസരിച്ചുള്ള മാറ്റങ്ങൾ ദേശീയപാതാ വിഭാഗവും കൈക്കൊള്ളാറുണ്ട്. സംസ്ഥാന നിരത്തുകളിലും ഈ രീതി അവലംബിച്ചുവരുന്നു.

(ബി & സി) സംസ്ഥാനത്തിന്റെ കാലാവസ്ഥയിൽ വളരെക്കാലം നിലനിൽക്കുന്ന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ ബി.എം.&ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കി റോഡുകളിൽ ഉപയോഗശൂന്യമയ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ ഉപരിതലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 29 എം.എം. ചീപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്.

ബി.എം. & ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പെർഫോർമൻസ് വിലയിരുത്തുന്നതിന് കെ.എച്ച്.ആർ.ഐ.(കേരള സ്റ്റേറ്റ് ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യെ നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ 200.00 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

റോഡ്സ് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ ബി.എം.&ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ സാധാരണ ബിറ്റുമിന് പകരമായി എൻ.ആർ.എം.ബി (Natural Rubber Modified Bituminous) ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ ഭൂവസ്ത്രം (Geotextile) ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡ് നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഡൽഹി ആസ്ഥാനമാക്കിയുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ആർ.ആർ.ഐ.-യിൽ നടന്നുവരുന്നു.

**നാട്ടിക മണ്ഡലത്തിലെ ഭരണാനുമതിയുള്ള പ്രവൃത്തികൾ**

21 (4885) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച,നാട്ടിക മണ്ഡലത്തിലെ ഭരണാനുമതിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) 2017-18 ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച,നാട്ടിക മണ്ഡലത്തിലെ ഭരണാനുമതിയുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 ബജറ്റിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിൽ ഭരണാനുമതിയുള്ള പ്രവൃത്തികൾ താഴെപ്പറയുന്നു:

1. ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽ കാർമൽ സ്കൂളിനു സമീപം കി.മീ.3/100-ൽ കലുങ്കിന്റെ പുനർ നിർമ്മാണം-63 ലക്ഷം രൂപ- ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.
2. കണ്ടശ്ശാംകടവ്-തൃപ്രയാർ റോഡിൽ കി.മീ.6/200 മുതൽ 7/660 വരെയും ചെമ്മപ്പിള്ളി പെരിങ്ങോട്ടുകര റോഡിൽ കി.മീ.0/000 മുതൽ 1/900 വരെയുള്ള ബി.എം.& ബി.സി. പ്രവൃത്തികൾ -163 ലക്ഷം രൂപ – ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

കെട്ടിടവിഭാഗത്തിൽ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയ നാട്ടിക മണ്ഡലത്തിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ലിസ്റ്റ് ശേഖരിച്ച് നൽകുന്നതാണ്. കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

### ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണം ഊർജ്ജിതമാക്കാൻ നടപടി

22 (4886) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച്, ചേലക്കര ബൈപ്പാസ് നിർമ്മാണപ്രവൃത്തി കെ.ഐ.ഐ.എഫ്.ബി. വഴി നടപ്പിലാക്കുന്നതിനായി 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (ആർ.ബി.ഡി.സി.കെ.) നിയമിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൊതുമരാമത്തു വകുപ്പിനെത്തന്നെ ഏൽപ്പിച്ചുകൊണ്ടും എസ്.പി.വി. സ്റ്റാറ്റസ് ആർ.ബി.ഡി.സി.കെ.-യിൽ നിന്നും മാറ്റി കെ.ആർ.എഫ്.ബി.-യെ ഏൽപ്പിച്ചുകൊണ്ടും 14-3-2017-ലെ സ.ഉ.(സാധാ) നമ്പർ 329/2017/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അലൈൻമെന്റ് പ്ലാനിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായി വരുന്ന ഭൂമിയുടെ Wet land conversion നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എൽ.എ. നടപടികൾ പൂർത്തിയാകേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കി കെ.ഐ.ഐ.എഫ്.ബി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടിക്രമങ്ങളിലേയ്ക്ക് കടക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചേലക്കര മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം

23 (4887) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്.എച്ച്. റോഡിൽ ചേലക്കര മണ്ഡലത്തിലെ, വാഴക്കോട് മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗം റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയത് എന്നാണ്;

(ബി) ഗതാഗത പ്രാധാന്യമുള്ള പ്രസ്തുത റോഡിൽ പല ഭാഗങ്ങളിലും ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്നത് കണക്കിലെടുത്ത് പുനരുദ്ധാരണ പ്രവൃത്തി നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011-12, 2012-13 വർഷങ്ങളിൽ റോഡിന്റെ വിവിധ ഭാഗങ്ങളിൽ ബിറ്റുമിൻ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ബി.എം.&ബി.സി. ചെയ്ത് പുനരുദ്ധാരണം ചെയ്യുന്നതിനായി 2017-18 വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ നഗരത്തിലെ റോഡ് വികസനം

24 (4888) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ വട്ടയാൽ ചർച്ച് റോഡ് (ത്രിവേണി ജംഗ്ഷൻ മുതൽ വാടയ്ക്കൽ ബൗണ്ടർ റോഡുവരെ) കുതിരപ്പന്തി റോഡ് (വലിയകുളം ജംഗ്ഷൻ മുതൽ വാടയ്ക്കൽ ഗുരുമന്ദിരം വരെയുള്ളത്) വികസിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കറുകയിൽ ജംഗ്ഷൻ മുതൽ കുതിരപ്പന്തി വരെയുള്ള നിലവിലെ റോഡ് പ്രായോഗികമായി പരിഷ്കരിച്ച് വീതികൂട്ടിയാൽ തിരുവമ്പാടി റെയിൽവേ സ്റ്റേഷൻ റോഡിലെ തിരക്ക് ഒഴിവാക്കാനും യാത്ര സുഗമമാക്കാനും സാധിക്കുമെന്നത് പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) എൻ.എച്ച്. ബൈപ്പാസ് റോഡിനോടനുബന്ധിച്ചുള്ള നോർത്ത് അപ്രോച്ച് റോഡ് റെയിൽവേ സൗത്ത് ഗേറ്റിന് സമീപം എത്തിച്ചാൽ റെയിൽവേ യാത്രക്കാർക്ക് കൂടി ഗുണകരമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വട്ടയാൽ ചർച്ച് റോഡ് വികസനത്തിന് നഗരസഭയിൽനിന്നും നിലവിൽ യാതൊരു പ്രവൃത്തികളും ഏറ്റെടുത്തിട്ടില്ല. കുതിരപ്പന്തി റോഡിൽ വലിയകുളം ജംഗ്ഷൻ മുതൽ 460 മീറ്റർ ദൂരത്തിൽ റോഡിലെ കുഴികൾ അടച്ച് റീടാറിംഗ് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി തുടങ്ങി മേൽ റോഡ് വികസിപ്പിക്കാൻ നഗരസഭയ്ക്ക് നിലവിൽ പദ്ധതിയില്ല.

(ബി & സി) നിലവിൽ ഈ പദ്ധതികൾ പരിഗണനയിലില്ല.

## ചേലക്കര നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി.റോഡ്സ് വിഭാഗത്തിലെ പ്രവൃത്തികൾ

25 (4889) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തിന് ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ചേലക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ അധീനതയിൽ വരുന്ന ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും, ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു*.

## കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ പാർട്ടീഷൻ വർക്ക്

26 (4890) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ പാർട്ടീഷൻ വർക്ക് പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനം ഇതുവരേയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോമ്പൗണ്ട് വാളിന് വകയിരുത്തിയിട്ടുള്ള തുക പാർട്ടീഷൻ വർക്ക് പൂർത്തീകരിക്കുന്നതിനുവേണ്ടി മാറ്റിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പാർട്ടീഷൻ വർക്ക് ഉടൻ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം കോമ്പൗണ്ട് വാളിന് വകയിരുത്തിയ തുക പാർട്ടീഷൻ വർക്ക് പൂർത്തീകരിക്കുന്നതിലേയ്ക്കായി മാറ്റിക്കൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പാർട്ടീഷൻ വർക്ക് പൂർത്തീകരിക്കുന്നതാണ്.

(ഡി) 31-8-2017-ഓടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

27(4891) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(സി) ഇനിയും ഡി.പി.ആർ. സമർപ്പിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിനു കീഴിലെ തലശ്ശേരി നിയോജക മണ്ഡലത്തിലെ മുഴുവൻ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തി മാത്രമേ 2016-17 വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ളൂ. മട്ടാമ്പ്രം പള്ളിമുകുന്ദ് ജംഗ്ഷൻ റോഡ് ഇന്റർലോക്ക് ബ്ലോക്ക് ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തി - അടങ്കൽ തുക 1 കോടി രൂപ.

കെട്ടിട വിഭാഗത്തിലും ഒരു പ്രവൃത്തി മാത്രമാണുള്ളത്. ഗവൺമെന്റ് കോളേജ് തലശ്ശേരിക്ക് ചൊക്ലി ഓർഗനൈസിംഗ് കമ്മിറ്റി നിർമ്മിച്ചുവരുന്ന 3 താൽക്കാലിക കെട്ടിടങ്ങളുടെ പ്രവർത്തനം സജ്ജമാക്കുന്നതിലേയ്ക്കുള്ള അടിയന്തര സൗകര്യങ്ങൾ പ്രിൻസിപ്പൽ നിർദ്ദേശിച്ച ലിസ്റ്റ് പ്രകാരം പ്രവൃത്തികൾ ഒരുക്കുന്നതിനുള്ള പ്രവൃത്തിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. എൻ. ഷംസീർ 25 ലക്ഷം രൂപ അനുവദിച്ച് നിർദ്ദേശിച്ചിരുന്നത്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) മട്ടാമ്പ്രം പള്ളിമുകുന്ദ് ജംഗ്ഷൻ റോഡ് ഇന്റർലോക്ക് ബ്ലോക്ക് ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് ഒരു കോടി രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും പ്രസ്തുത റോഡിൽ നഗരസഭയുടെ നേതൃത്വത്തിൽ അറ്റകുറ്റപ്പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ അതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കെട്ടിട വിഭാഗത്തിലെ പ്രവൃത്തിയുടെ ഓർഗനൈസിംഗ് കമ്മിറ്റി നിർമ്മിച്ചുകൊണ്ടിരിക്കുന്ന താൽക്കാലിക കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമേ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) സ്വീകരിക്കുന്നതാണ്.

**അങ്കമാലി മുതൽ മണ്ണുത്തി വരെ റീ ടാറിംഗ്**

28 (4892) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ (എൻ.എച്ച്. 47) അങ്കമാലി മുതൽ മണ്ണുത്തി വരെയുള്ള ഭാഗങ്ങളിൽ പലയിടങ്ങളിലും നിലവിലുള്ള ടാറിംഗ് നീക്കി റീ ടാറിംഗ് നടത്തുന്നത് റോഡിന്റെ സുരക്ഷിതത്വത്തിനും നിലനിൽപ്പിനും കൂടുതൽ ഗുണകരമാണോ; ആയതിന് ശാസ്ത്രീയമായ പിൻബലമുണ്ടോയെന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പലയിടത്തും നിലവിലുള്ള ടാറിംഗ് നീക്കി ആഴ്ചകൾ കഴിഞ്ഞിട്ടും റീ ടാറിംഗ് നടത്താത്തതുമൂലം ടൂവീലർ അടക്കമുള്ള വാഹനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് വലിയ വിഷമങ്ങളും അപകടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റീ ടാറിംഗ് ഉടൻ പൂർത്തിയാക്കുന്നതിനും ദേശീയ പാതയിലെ ഗതാഗതം സുഗമമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബിറ്റുമിനസ് ഓവർലേയുടെ ഡിഫ്ലക്ഷൻ 1.2 മില്ലീ മീറ്ററിൽ കൂടരുതെന്നും സർഫസ് റഫ്നസ് 3000 മില്ലീ മീറ്റർ/കി.മീറ്ററിൽ കൂടരുതെന്നുമാണ് ഐ.ആർ.സി. കോഡ് 81-1997-ൽ പ്രതിപാദിച്ചിട്ടുള്ളത്. ആയതിനാൽ കാലാവധി കഴിഞ്ഞ സർഫസിൽ വെയറിംഗ് കോഴ്സിന് ഏത് രീതിയിലുള്ള മിക്സ് ആണ് ഉപയോഗിക്കേണ്ടത് എന്ന് കണ്ടുപിടിക്കുന്നത് ബി1 ടെസ്റ്റ് വഴിയാണ്. അങ്കമാലി മുതൽ മണ്ണുത്തി വരെയുള്ള ഭാഗങ്ങളിൽ മേൽ സൂചിപ്പിച്ച അളവുകളുടെ പരമാവധി പരിധി കഴിഞ്ഞതിനാൽ നിലവിലുള്ള സർഫസ് നീക്കം ചെയ്ത് ഒരേ ലെവൽ വരുത്തുകയും ആവശ്യമായ സർഫസ് റഫ്നസ് 3000 മില്ലീ മീറ്റർ/കി.മീ. പരിധിക്കുള്ളിൽ വരുത്തേണ്ടതുമുണ്ട്. അതുകൊണ്ടാണ് നിലവിലുള്ള സർഫസ് മില്ലിംഗ് നടത്തി മാറ്റുന്നത്. കൂടാതെ നിലവിലുള്ള സർഫസ് ഇളക്കിമാറ്റാതെ റിലേ ചെയ്യുകയാണെങ്കിൽ റോഡിന്റെ ഡിസൈൻ ലെവലിനെ ബാധിക്കുകയും ഡ്രെയിനേജ് സംവിധാനത്തിന് വിപരീതഫലം ഉണ്ടാക്കുകയും ചെയ്യും.

(ബി) കോൺട്രാക്ടർ നിലവിലുള്ള ടാറിംഗ് സർഫസ് മില്ലിംഗ് ചെയ്തതിനുശേഷം രണ്ടു ദിവസത്തിനുള്ളിൽ ബി.സി. ഓവർലേ ചെയ്യാനായിരുന്നു തീരുമാനിച്ചിരുന്നത്. നിർഭാഗ്യവശാൽ ഹോട്ട് മിക്സ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും ചല്ലിയുടെ ദൗർലഭ്യവും, കൂടാതെ കാലാവസ്ഥാ വ്യതിയാനവും പ്രവൃത്തിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്.

(സി) നിലവിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾ എല്ലാം തന്നെ തീർന്നിട്ടുണ്ട്. അനുകൂല കാലാവസ്ഥ ഉണ്ടാവുകയും പരിസരവാസികളുടെ എതിർപ്പും ഇല്ലാതിരുന്നാൽ 15 ദിവസത്തിനുള്ളിൽ ജോലികൾ തീർക്കാമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്.

## റാപ്പിഡ് റെയിൽവേ കോറിഡോർ

29(4893) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റാപ്പിഡ് റെയിൽവേ കോറിഡോറിന്റെ സാധ്യതാ പഠനം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ; കേന്ദ്രത്തിന്റെ നിലപാട് ഇക്കാര്യത്തിൽ എന്തായിരുന്നുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ റാപിഡ് റെയിൽ കോറിഡോറിന്റെ സാധ്യതാപഠനവും വിശദ പദ്ധതി റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് പ്രകാരം ആകെ ചെലവ് 3063.97 കോടി (മൂവായിരത്തി അറുപത്തി മൂന്ന് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ മാത്രം) രൂപയാണ്. ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി റെയിൽ മേൽപ്പാലം/റെയിൽ അടിപ്പാത നിർമ്മാണം മറ്റൊരു പദ്ധതിയായി നടപ്പാക്കുവാൻ ആലോചിച്ചുവരുന്നു. അതുവഴി പദ്ധതിയുടെ ചെലവ് 2114 കോടി (രണ്ടായിരത്തി ഒരുന്നൂറ്റി പതിനാലു കോടി രൂപ മാത്രം) രൂപയായി കുറയ്ക്കുവാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) റാപിഡ് റെയിൽ കോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി റെയിൽവേ ബോർഡും ദക്ഷിണ റെയിൽവെയുടെ ചെന്നൈ മേഖല ഓഫീസുമായും ചർച്ചകൾ തുടരുന്നു. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ

30(4894) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് - റോഡുകൾ, ബിൽഡിംഗ്സ്, ദേശീയപാത എന്നീ വിഭാഗങ്ങളിലെ വിവിധ ഓഫീസുകളിൽ (സെക്ഷൻ, സബ്ഡിവിഷൻ, സർക്കിൾ) നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഏതെല്ലാം തസ്തികകളിൽ ഈ സർക്കാറിന്റെ കാലയളവിൽ നിയമനം നടത്തി;

(ഡി) ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ജില്ലയിലെ ഒഴിവുകൾ നികത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലെ ബിൽഡിംഗ്സ്, റോഡ്സ്, ദേശീയപാത വിഭാഗങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(സി) പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് എഞ്ചിനീയർ - 90 (സംസ്ഥാനതല നിയമനം)
2. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 302 (സംസ്ഥാനതല നിയമനം)
3. ക്ലാർക്ക് - 7 (ജില്ലാതല നിയമനം)
4. ഓഫീസ് അറ്റൻഡന്റ് - 2 (ജില്ലാതല നിയമനം)
5. ടൈപ്പിസ്റ്റ് - 4 (ജില്ലാതല നിയമനം)
6. മൂന്നാം ഗ്രേഡ് ഓവർസിയർ - 700 (സംസ്ഥാനതല നിയമനം)

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിന് പി.ഡബ്ല്യൂ.ഡി. വക സ്ഥലം വിട്ടുനൽകാൻ നടപടി

31 (4895) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ നല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിനോട് ചേർന്നു കിടക്കുന്നതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ പഴയ കടലുണ്ടി - ഫറോക്ക് റോഡിന്റെ സ്ഥലം നല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കാൻ വിട്ടു നൽകണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം സ്കൂളിന് നൽകുന്നതിന് എതിർപ്പില്ലെന്ന് പൊതുമരാമത്ത് (പി. എസ്.) വകുപ്പ് അറിയിച്ചിട്ടും സ്കൂളിന് കൈമാറി നൽകുന്നതിനുള്ള തടസ്സവും കാലതാമസവും എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥലം സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുവാൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - ഡി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ പഴയ കടലുണ്ടി-ഫറോക്ക് റോഡിന്റെ സ്ഥലം നല്ലൂർ ഗവൺമെന്റ് ഗണപത് യു.പി. സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുന്നതിലേയ്ക്കാവശ്യമായ താൽക്കാലിക ഉപയോഗാനുമതി 6-1-2016-ലെ 5302/പി.എസ്2/2013/പൊ.മ.വ. പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടി പൊതുവിദ്യാഭ്യാസ വകുപ്പാണ് കൈക്കൊള്ളേണ്ടത്.

## വാമനപുരം മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്.പ്രവൃത്തികൾ

32 (4896) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എസ്. എൽ. ടി. എഫ്. പ്രകാരം അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയായി;

(സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എസ്.എൽ.ടി.എഫ്. പ്രകാരം അനുവദിച്ച പ്രവൃത്തികളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

**കണ്ണൂർ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം**

33 (4897) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു മരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് നിലവിൽ എത്ര സെക്ഷൻ ഓഫീസുകളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസുകളുമാണ് സംസ്ഥാനത്തുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിൽ സർക്കാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ട് മുഖേനയും എം. പി., എം. എൽ. എ.ഫണ്ട് മുഖേനയും, കെട്ടിടങ്ങൾക്ക് ഇപ്പോൾ വർഷത്തിൽ എത്ര ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുണ്ട്;

(സി) കിഫ്ബി വഴിയുള്ള പദ്ധതികൾ വരുന്നതോടെ ഇലക്ട്രിക്കൽ വിഭാഗത്തിൽ ജോലി ഭാരം കൂടുന്നത് കണക്കിലെടുത്ത് പുതിയ സെക്ഷൻ ഓഫീസുകളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും കണ്ണൂർ ജില്ലയിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്ക് കീഴിൽ 42 സെക്ഷൻ ഓഫീസുകളുമുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കണ്ണൂർ ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ വകുപ്പുകൾക്കായി 142 എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 258 എസ്റ്റിമേറ്റും എം.പി., എം.എൽ.എ. ഫണ്ട് മുഖേന 110 എസ്റ്റിമേറ്റും ഉൾപ്പെടെ കെട്ടിടങ്ങൾക്കായി ആകെ 510 എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. കണ്ണൂരിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും ഓഫീസും അനുവദിക്കുന്നത് നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. അതിന് മന്ത്രിസഭ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.

**ചടയമംഗലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ**

34 (4898) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2017 ഏപ്രിൽ 30 വരെ ചടയമംഗലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പൊതുമരാമത്തു പണികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു*.

**അപകടകരമായ കൊട്ടും വളവുകൾ**

35 (4899) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല വികസനത്തിൽ ഏറെ മുന്നേറിയ കേരളത്തിലെ റോഡുകളിൽ കാലങ്ങളായി നിലനിൽക്കുന്ന പല കൊട്ടുംവളവുകളും നിത്യേന അപകടങ്ങൾക്ക് വഴിവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനപ്പെരുപ്പവും തിരക്കുമനുസരിച്ച് റോഡുകൾ വികസിക്കുമ്പോൾ ഇത്തരം അപകടകരമായ വളവുകൾ മാത്രം മാറ്റിയെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) ഇത്തരം വളവുകളിലുള്ള കയ്യേറ്റവും മറ്റും ഒഴിപ്പിച്ചും ആവശ്യമെങ്കിൽ ഭൂമി ഏറ്റെടുത്തും അപകടവളവുകൾ നേരെയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം വളവുകൾ നിലവിലുള്ള ഇടങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ അടിയന്തിരമായി സ്ഥാപിക്കുവാൻ പി.ഡബ്ല്യൂ.ഡി. മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനപ്പെരുപ്പവും തിരക്കുമനുസരിച്ച് റോഡുകൾ വികസിപ്പിക്കുമ്പോൾ ഇത്തരം അപകടകരമായ വളവുകൾ മാറ്റിയെടുക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. എന്നിരുന്നാലും പ്രസ്തുത വളവുകൾ മാറ്റിയെടുക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുമ്പോൾ പ്രാദേശികമായ പലതരത്തിലുള്ള എതിർപ്പുകൾ മറികടന്ന് പൂർണ്ണമായ ഭൂമി ഏറ്റെടുക്കൽ പലപ്പോഴും സാധിക്കാറില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ അപകടകരമായ പല വളവുകളും മാറ്റിയെടുക്കാൻ സാധിച്ചിട്ടില്ല.

(സി) ഈ വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർമാരും, ജില്ലാതല ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ പൊതുമരാമത്ത് വകുപ്പ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള കർശന നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു. കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകുന്ന മുറയ്ക്ക് പ്രസ്തുത വളവുകൾ മാറ്റിയെടുത്ത് അപകടനിവാരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയേതര ഫണ്ടും, കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ഫണ്ടും ഉപയോഗിച്ച് നിലവിൽ സംസ്ഥാനത്തുടനീളം ഇത്തരം വളവുകളിലും മറ്റ് ആവശ്യസ്ഥലങ്ങളിലും ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡപ്രകാരമുള്ള സൈൻ ബോർഡുകൾ സ്ഥാപിച്ചുവരുന്നു.

**ചെർക്കള ടൗണിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

36 (4900) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിലെ ചെർക്കള ടൗണിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ച തുക, ചെയ്ത് തീർത്ത പ്രവൃത്തികൾ, ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നിവയിൽ വിശദീകരണം നൽകാമോ;

(സി) അനുവദിച്ച തുക മുഴുവൻ ഉപയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ഈ പ്രവൃത്തി ടെണ്ടർ ചെയ്തതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും കരാറുകാരന് കൊടുക്കാനുള്ള പണം കൊടുത്തു തീർത്തോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ജി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ്സ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ്സിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഠൗൺ ഇംപ്രൂവ്മെന്റിന്റെ ഭാഗമായി ചെർക്കള ടൗണിലെ ബി.എം. & ബി.സി. പ്രവൃത്തികൾക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ട്രാഫിക് സേഫ്റ്റി പ്രവൃത്തികൾ 85 ശതമാനം പൂർത്തിയായിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കുവാനുള്ളത്.

(സി) ഇല്ല.

(ഡി) എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) 14-7-2014-ലാണ് പ്രസ്തുത പ്രവൃത്തി ഉത്തരമേഖല നിരത്തുവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ചെയ്തത്.

(എഫ്) സി.എച്ച്. മുഹമ്മദ് മുനീർ, സ്കാർലറ്റ്, കസാനകോട്ട, കണ്ണൂർ എന്നയാളാണ് പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ. കരാറുകാരന് പണം മുഴുവൻ കൊടുത്തുതീർത്തിട്ടില്ല. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ അന്വേഷണം കഴിഞ്ഞശേഷമേ ബിൽ തുക കൊടുക്കുവാൻ സാധിക്കുകയുള്ളൂ.

(ജി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസും ഒരു ക്രിമിനൽ കേസും നിലവിലുണ്ട്.

പ്രവൃത്തി തടസ്സപ്പെടുത്തുകയും തൊഴിലാളികളെ മർദ്ദിക്കുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്തതിനെതിരെ ഡിപ്പാർട്ടുമെന്റ് ഫയൽ ചെയ്ത കേസിൽ അന്വേഷണം നടക്കുന്നു. കൂടാതെ ഈ പ്രവൃത്തി സംബന്ധിച്ച് VC-09/16/KSD എന്ന നമ്പറിൽ ഒരു വിജിലൻസ് കേസും നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**റോഡുകളിലെ കുഴികൾ യഥാസമയം അടയ്ക്കാൻ സംവിധാനം**

37 (4901) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ ഉണ്ടാകുന്ന ചെറിയ കുഴികൾ വലിയകുഴികളായി രൂപാന്തരപ്പെടാൻ അനുവദിക്കാതെ യഥാസമയം അടയ്ക്കുന്ന തരത്തിൽ മരാമത്ത് സംവിധാനം പുനക്രമീകരിക്കുമോ;

(ബി) റോഡുകളിൽ ചെറിയ കുഴികൾ ഉണ്ടാകുമ്പോൾ തന്നെ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) മഴക്കാലത്തിന് മുമ്പായി റോഡ് വശങ്ങളിലുള്ള ഓടകളിലും കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ നിരത്തുകളിൽ ചെറിയ കുഴികൾ രൂപം കൊള്ളുമ്പോൾ തന്നെ ഇൻസ്റ്റന്റ് ബിറ്റുമിൻ മിക്സ് ഉപയോഗിച്ച് യഥാസമയം തന്നെ കുഴികൾ അടയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്.

സംസ്ഥാനത്ത് റോഡുകളിൽ ഉണ്ടാകുന്ന കേടുപാടുകളെക്കുറിച്ച് റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് അവ യഥാസമയം പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച റോഡുകൾ പരിശോധന നടത്തിയശേഷം അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നൽകുന്ന റിപ്പോർട്ടുകൾ ഈ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകി യഥാസമയം തന്നെ പണി പൂർത്തീകരിച്ച് വരുന്നുണ്ട്.

(ബി) റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കുന്നതിനായി ഒരു കാൾ സെന്റർ സംവിധാനം പ്രവർത്തിച്ചുവരുന്നു. 1800 425 7771 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ അറിയിക്കാവുന്നതാണ്. ഇത് കൂടാതെ കത്ത് മുഖേനയോ, ഫോൺ മുഖേനയോ, ഇ-മെയിൽ വഴി അതാത് ഭാഗത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവരെ അറിയിക്കാവുന്നതാണ്.

(സി) മഴക്കാലത്തിന് മുമ്പായി റോഡുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും കലുങ്കുകളിൽ മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി മഴവെള്ളം ഒഴുകി പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 14 ജില്ലകൾക്കും മഴക്കാലപൂർവ്വ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി മുഖേന നോൺ പ്ലാൻ ഫണ്ടിൽ തുക അനുവദിച്ച് പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം തന്നെ 2017 മേയ് മാസം 31-ാം തീയതിക്ക് മുമ്പായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

### ഹരിപ്പാട് മണ്ഡലത്തിലെ പല്ലന-കുമാരകോടി റോഡിന്റെ പ്രധാന അപ്രോച്ച് റോഡ്

38 (4902) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പല്ലന-കുമാരകോടി റോഡിന്റെ പ്രധാന അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിൽ എത്ര ശതമാനം പുരോഗതി ഇതിനകം കൈവരിച്ചിട്ടുണ്ട്;

(സി) ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന് 8 മീറ്റർ വീതിയിൽ സ്ഥലം പഞ്ചായത്ത് വിട്ടുനൽകാത്തതാണ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാകുവാനുള്ള കാരണം.

(ബി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിൽ ഇതിനകം 40% പുരോഗതി കൈവരിച്ചിട്ടുണ്ട്.

(സി) 8 മീറ്റർ വീതിയിൽ പഞ്ചായത്ത് സ്ഥലം വിട്ടുനൽകിയാൽമാത്രമേ അനന്തര നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

**ഹരിപ്പാട് നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി**

39 (4903) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ ഭാഗമായി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ എത്ര പ്രോജക്ടുകളുടെ വിശദമായ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്;

(ബി) എത്ര പ്രോജക്ടുകൾക്ക് ഇതിനകം ഭരണാനുമതി നൽകി;

(സി) വിശദമായ എസ്റ്റിമേറ്റുകൾ ലഭ്യമാക്കിയിട്ടും, ധനകാര്യവകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സമയപരിധി പാലിക്കാതെ ഈ പ്രോജക്ടുകളുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണമെന്താണ്;

(ഡി) ഈ പ്രോജക്ടുകൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പതിനേഴ്.

(ബി) എട്ട്.

(സി & ഡി) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് എല്ലാ പ്രോജക്ടുകൾക്കും ഭരണാനുമതി നൽകിവരുന്നുണ്ട്.

## റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനായി അനുവദിച്ച തുക

40 (4904) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഭരണാനുമതി നൽകിയ എത്ര റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര പ്രവൃത്തികൾ ടെൻഡർ നടപടി ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനായി 1319.70 കോടി രൂപ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഹെഡിൽ ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി ആരംഭിച്ചവയുടെയും ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നവയുടെയും ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. ദേശീയപാതാ വിഭാഗത്തിനുകീഴിൽ റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനായി അനുവദിച്ച തുകയുടെയും പ്രവൃത്തിയുടെയും വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

## തെക്കിൽ-ആലറ്റി റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി

41 (4905) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ-ആലറ്റി (Thekkil -Alatty) റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ-ആലറ്റി റോഡിന് 01-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് റൂബിസോഫ്റ്റ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**കാസർഗോഡ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

42 (4906) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ കഴിഞ്ഞ പതിനഞ്ച് വർഷം നടത്തിയ പ്രവൃത്തികൾ റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ ഇനി ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കാൻ ബാക്കിയുള്ളതെന്നും അതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രക്രിയകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് മണ്ഡലത്തിൽ നബാർഡ് തുകയും സി.ആർ.എഫും ഉപയോഗിച്ച് നിർമ്മിച്ച റോഡുകളും പാലങ്ങളും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിൽ ഇനി ഈ ഫണ്ടുകൾ ഉപയോഗിച്ച് ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ ആലോചനയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) കാസർഗോഡ് മണ്ഡലത്തിൽ ഓടങ്കൽ പാലത്തിന് 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുപ്പക്കൽ പാലം നിർമ്മിക്കുവാനുണ്ട്. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(ഡി)

1. ആർ.ഐ.ഡി.എഫ്.-18-വിദ്യാനഗർ-മായിപ്പാടി റോഡിൽ കി.മീ.5/600-ൽ മായിപ്പാടി പാലത്തിന്റെ ഡക്ക് സ്ലാബ് പുനർ നിർമ്മിക്കുന്നതിന്റെയും സബ് സ്ട്രക്ചർ ബലപ്പെടുത്തുന്നതുമായ പ്രവൃത്തി.

2. ആർ.ഐ.ഡി.എഫ്-21-നീർച്ചാൽ-കോട്ടക്കണി-മധൂർ റോഡിൽ കോട്ടക്കെണി പാലം പുനർ നിർമ്മാണ പ്രവൃത്തി (85% പൂർത്തീകരിച്ചു.)

(ഇ) സി.ആർ.എഫ്.ഫണ്ട് ഉപയോഗിച്ച് 2016-17-ൽ ഭരണാനുമതി നൽകിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു:

1. ചന്ദേര-തൃക്കരിപ്പൂർ-ഒളവര റോഡ് കി.മീ.0/000-12/000 പുനരുദ്ധാരണം - 10 കോടി

2. ഹോസ്ദുർഗ്ഗ്-നീലേശ്വർ വഴി മടിക്കി റോഡ് കി.മീ.0/000-13/000 പുനരുദ്ധാരണം - 12 കോടി

**സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തിക**

43 (4907) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ് മാൻ തസ്തികയുടെ നിലവിലുള്ള സ്ട്രെങ്ത് എത്രയെന്ന് പറയാമോ;

(ബി) ആയതിന്മേലുള്ള നിയമനരീതിയും വിവിധ വിഭാഗങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തസ്തികകളും എണ്ണവും ശതമാനവും വ്യക്തമാക്കാമോ;

(സി) നിശ്ചിത ശതമാനത്തിൽ കൂടുതൽ ജീവനക്കാർ മറ്റ് വിഭാഗങ്ങൾക്ക് അർഹതപ്പെട്ട തസ്തികകളിൽ ജോലി നോക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് എങ്ങനെ സംഭവിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ തസ്തികയുടെ നിലവിലുള്ള കേഡർ സ്ട്രെങ്ത് 623 ആണ്.

(ബി) പ്രസ്തുത തസ്തികയിൽ 50 ശതമാനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ടും ബാക്കി 50 ശതമാനം മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയുമാണ് നിയമനം നടത്തിവരുന്നത്. മൂന്നാം ഗ്രേഡ് ഓവർസിയറുടെ ഉദ്യോഗക്കയറ്റം ഒഴികെ മറ്റ് വിഭാഗങ്ങൾക്കായി സെക്കന്റ് ഗ്രേഡ് ഓവർസിയറുടെ ഒഴിവുകൾ ഒന്നുംതന്നെ നീക്കിവച്ചിട്ടില്ല.

(സി) ഇല്ല.

(ഡി & ഇ) ബാധകമല്ല.

**പാലങ്ങളുടെ ബലക്ഷയം**

44(4908) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാത്ത് പാലത്തിനുണ്ടായ ബലക്ഷയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിലയിരുത്തൽ നടത്തുമോ;

(ബി) കേരളത്തിലെ ദേശീയ പാതയിൽ വരുന്ന പാലങ്ങളുടെ സർവ്വേ നടത്തുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ബലക്ഷയമുള്ളതും, അപകടസാധ്യതയുള്ളതുമായ പാലങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ഇ) പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈട് നില്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏനാത്ത് പാലത്തിനുണ്ടായ ബലക്ഷയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ടി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ വരുന്ന 2249 പാലങ്ങളിൽ 603 പാലങ്ങൾ നല്ല സ്ഥിതിയിലാണെന്നും, 1281 പാലങ്ങൾക്ക് ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള 365 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതാണോ, അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണോ എന്ന് തീരുമാനിക്കുന്നതിനായി വിശദമായ പരിശോധന ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഉദ്ദേശം 200 പാലങ്ങൾക്ക് പുനരുദ്ധാരണ പ്രവൃത്തിയും 165 പാലങ്ങൾക്ക് പുനർ നിർമ്മാണവും ആവശ്യമാണെന്ന് കരുതുന്നു. എന്നാൽ വിശദമായ പരിശോധന നടത്തിയാൽ മാത്രമേ യഥാർത്ഥ സ്ഥിതി വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ബി) കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും സർവ്വേ നടത്താൻ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം (MoRTH) M/s SN Bhobe & Associates Pvt. Ltd എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി & ഡി) ബലക്ഷയമുള്ളതും അപകട സാധ്യതയുള്ളതുമായ പാലങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടിയായി പുനരുദ്ധാരണ പ്രവൃത്തികളും പുനർ നിർമ്മാണ പ്രവൃത്തികളും ആവശ്യമായി വരുന്ന പാലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടത് അനിവാര്യമാണ്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി പരിശോധിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയൂ.

ഇതിനായി 8-5-2017-ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നു. ഇതുപ്രകാരം പുനരുദ്ധാരണം ആവശ്യമായ പാലങ്ങൾ ഇൻവെസ്റ്റിഗേഷൻ നടത്തി 30-8-2017-നകം ഡി.പി.ആർ. സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പാലങ്ങളും 6 മാസത്തിലൊരിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലത്തിൽ പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കി

വിവരങ്ങൾ സൂക്ഷിക്കണമെന്നും വർഷത്തിലൊരിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലത്തിലും പരിശോധന നടത്തി ഉറപ്പ് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 8-5-2017-ൽ നടന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ദേശീയപാതയിൽ ഉള്ള പാലങ്ങളുടെ പുനർ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽനിന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാറുണ്ട്. പാലങ്ങൾ മോർത്ത് സ്പെസിഫിക്കേഷൻ ഐ.ആർ.സി. ഗൈഡ്‌ലൈൻസ് അനുസരിച്ചാണ് നിർമ്മിക്കുന്നത്. ഗുണനിലവാരം ഉറപ്പാക്കുന്നത് കരാറുകാരന്റെ ഉത്തരവാദിത്തം ആക്കുന്നതിലേയ്ക്കായി ദേശീയപാതയിൽ പാലങ്ങളുടെ നിർമ്മാണം ഇ.പി.സി. വ്യവസ്ഥയിലാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

(ഇ) പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈടുനിൽക്കുന്നതിനും ഈ പാലങ്ങളുടെ നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടം മുതൽ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഗുണനിലവാരം സംബന്ധിച്ച് ക്വാളിറ്റി മാനുവൽ നിർദ്ദേശിക്കുന്ന പ്രകാരം പ്രവൃത്തികൾ നടത്തുന്നതിനും പാലത്തിന്റെ നിർമ്മാണത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും ഇതിന്മേലുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**റോഡുകളുടെ വശങ്ങളിലെ സ്ഥലം ഉപയോഗപ്രദമാക്കാൻ നടപടി**

45 (4909) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകളുടെ വശങ്ങളിൽ ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം ഉപയോഗപ്രദമാക്കാനുള്ള പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) റോഡുകളിലെ ഓടകൾ ഉൾപ്പെടെയുള്ള സ്ഥലം ശരിയായി സംരക്ഷിക്കാത്തതിനാൽ സ്വകാര്യ വ്യക്തികൾ കൈയേറി ഇവിടങ്ങളിൽ കച്ചവട സ്ഥാപനങ്ങളുൾപ്പടെയുള്ളവ സ്ഥാപിക്കുന്നതുമൂലം കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ തലങ്ങും വിലങ്ങും സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളും കേബിളുകളും നീക്കംചെയ്ത് ലഭ്യമായ പരമാവധി സ്ഥലം കാൽനടയാത്രയ്ക്കുൾപ്പടെ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ റോഡുകളുടെ വശങ്ങളിൽ ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥലങ്ങളിൽ യാത്രക്കാർക്ക് ആധുനിക രീതിയിലുള്ള വിശ്രമകേന്ദ്രങ്ങൾ (Ashwas Public Amenities Kerala Limited) എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേ നിർമ്മാണം നടത്തുന്നതിനും പദ്ധതിയുണ്ട്. ദേശീയപാത 66-ൽ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ടി നാലുവരിപ്പാത വികസനപദ്ധതി നടപ്പാക്കിക്കഴിയുമ്പോൾ ദേശീയപാതയുടെ വശങ്ങളിൽ ഉപയോഗശൂന്യമായ സ്ഥലങ്ങളുണ്ടെങ്കിൽ പാർക്കിംഗ് ഏരിയ, ബസ് വെയിറ്റിംഗ് ഷെഡ്, റെസ്റ്റ് ഏരിയ മുതലായവ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. കെ.എസ്.ടി.പി.-യുടെ കീഴിലുള്ള എം.സി. റോഡിന്റെയും തൈക്കോട്ട് കഴക്കൂട്ടം റോഡിന്റെയും ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം അളന്നുതിട്ടപ്പെടുത്തി റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നടപടി റോഡ് ഫണ്ട് ബോർഡ് പരിശോധിച്ചുവരുന്നു.

(ബി & സി) റോഡുകളിലെ ഓടകൾ ഉൾപ്പെടെയുള്ള സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറി ഇവിടങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ സ്ഥാപിക്കുന്നതുമൂലം കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിൽ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി 3-9-2016-ലെ സ.ഉ.(കൈ) നമ്പർ 63/16/പൊ.മ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കുന്നതിനുമുള്ള നിയമനടപടികൾ സ്വീകരിക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളും കേബിളുകളും നീക്കം ചെയ്യുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷിത യാത്രയ്ക്കുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. പുതിയതായി വികസിപ്പിക്കുന്ന നാലുവരിപ്പാത റോഡ് പദ്ധതികളിൽ കേബിളുകൾ, പൈപ്പുകൾ മുതലായവ സുരക്ഷിതമായി സ്ഥാപിക്കുന്നതിനുള്ള സൗകര്യവും ചെയ്യുന്നുണ്ട്. ഇതിനുപുറമെ കാൽനടയാത്രക്കാർക്കുവേണ്ടി ഫുട്പാത്തുകളിൽ ടൈലുകൾ വിരിച്ച് സുരക്ഷിതത്വവും മനോഹരവുമാക്കാറുണ്ട്.

**കാസർഗോഡ് മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി**

46 (4910) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ടതും ശോചനീയാവസ്ഥയിലുമായ ചെർക്കള- കല്ലട്ക്ക, മുള്ളേരിയ-അർളപ്പദവ്, ബദിയടുക്ക- കിന്നിങ്കാർ-ഏത്തടുക്ക-സൂളപ്പദവ്, ചേരക്കൈ-ലൈറ്റ് ഹൗസ്-പള്ളം-കസബ എന്നീ റോഡുകളുടെ പുനർ നിർമ്മാണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ബി) താൽക്കാലിക ആശ്വാസമെന്ന നിലയിൽ പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണിക്ക് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും അറ്റകുറ്റപ്പണി എപ്പോൾ തുടങ്ങുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നാല് റോഡുകളിൽ ഏതെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കാനുള്ള പ്രൊപ്പോസലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കല്ലട്ക്ക-ചെർക്കള റോഡ് പുനരുദ്ധാരണത്തിന് 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ചെയ്ത് പൂർത്തീകരിച്ചുവരുന്നു.

ബദിയട്ക്ക-കിന്നിങ്കാർ-ഏത്തടുക്ക-സൂളപ്പദവ് റോഡിന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മുള്ളേരിയ-അർളപ്പദവ്, ചേരകൈ-ലൈറ്റ്ഹൗസ്-പള്ളം-കസബ റോഡ് എന്നിവയിൽ നിലവിൽ പുനർനിർമ്മാണ പ്രവൃത്തികളൊന്നുമില്ല.

(ബി) കല്ലട്ക്ക-ചെർക്കള റോഡിന് എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി കി.മീ.23/227-33/000 വരെ അറ്റകുറ്റപ്പണികൾക്ക് 23.10 ലക്ഷം രൂപയും

കി.മീ.33/000-50/500 വരെയുള്ള അറ്റകുറ്റപ്പണികൾക്ക് 24.45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അടുത്ത പ്രവൃത്തിയുടെ ടെണ്ടറിന് മതിയായ കരാറുകാരുടെ അഭാവത്തിൽ ടെണ്ടർ സമർപ്പിക്കേണ്ട കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

മുള്ളേരിയ-അർളപ്പദവ് റോഡിന് എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതിന് കഴിയും.

ബദിയടുക്ക – കിന്നിങ്കാർ - ഏത്തടുക്ക - സൂളപ്പദവ് റോഡിന് എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി കി.മീ.2/000-20/000 വരെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് 8.85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ചേരകൈ-ലൈറ്റ് ഹൗസ്-പള്ളം-കസബ റോഡിന് നിലവിൽ അറ്റകുറ്റപ്പണികളൊന്നും അനുവദിച്ചിട്ടില്ല.

(സി) കല്ലടുക്ക - ചെർക്കള റോഡ് ദേശീയപാതയാക്കുന്നതിന് മോർത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്**

47 (4911) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;

(സി) പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിന്റെ (യഥാർത്ഥ പേര്) റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നടക്കുന്ന

സ്ഥലപരിശോധന നടത്തിയശേഷം ടി പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ലഭ്യമാണോയെന്നതടക്കമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റീകാസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട മണ്ഡലത്തിലെ റോഡുകൾ**

48(4912) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 17 ബജറ്റിൽ ഭരണാനുമതിയില്ലാതെ നിർദ്ദേശിക്കപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച സി. ഇ./ആർ ആന്റ് ബി./11900/2016/ജി 3/74/പി.ഡബ്ല്യു.ഡി. ഫയലിൽ തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

**ഉത്തരം**

(എ & ബി) കാട്ടാക്കട മണ്ഡലത്തിലെ അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 11-1-2017-ൽ സി.ഇ./ആർ &ബി/11900/2016/TVM നമ്പർ കത്ത് പ്രകാരം ജി3/74/2017-പൊ.മ.വ. ഫയലിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2017-18-ലെ ബജറ്റ് പ്രഖ്യാപനം അനുസരിച്ച് പുളിയറക്കോണം-കുഴക്കാട് റോഡ് (16.21 കോടി രൂപ), കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡ് (16.31 കോടി രൂപ) എന്നീ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്ന 182 റോഡുകളിൽ (ഖണ്ഡിക 156) ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊട്ടൻകാവ്-നെല്ലിക്കാട്-ചീനിവിള-ഊന്നാംപാറ-ളുങ്ങാംപാറ-തെരളിക്കുഴി മുണ്ടുക്കോണം റോഡ് പുനരുദ്ധാരണ പ്രവൃത്തി കെ.ഐ.ഐ.എഫ്.ബി.-യിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത പദ്ധതിയുടെ പ്രീ-ഫീസിബിലിറ്റി സ്റ്റഡി, പ്രോജക്ട് കൺസെപ്റ്റ് നോട്ട് എന്നിവ നിലവിലെ എസ്.ഒ.ആർ-ന് വിധേയമായും 3-2-2017-ലെ ജി3/39/2017/പൊ.മ.വ. നമ്പർ സർക്കാർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും തയ്യാറാക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ 11-5-2017-ലെ ജി3/59/2017 പൊ.മ.വ. നമ്പർ

സർക്കാർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ പ്രവൃത്തിയും, പെരുകാവ്-ചൂഴാറ്റുകോട്ട റോഡിന്റെ 0/000 കി.മീ. മുതൽ 2/600 കി.മീ. വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം - ശങ്കരൻ നായർ റോഡ് - പേയാട് മാർക്കറ്റ് ജംഗ്ഷൻ പിടാരം റോഡ് ബി.എം.& ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം (21.29 കോടി), വണ്ടന്നൂർ - മേലാരിയോട്-വണ്ടന്നൂർ റസ്സൽപുരം-പുന്നാവൂർ-വെളിയംകോട്-കോടിയോട്-മൂലക്കോണം റോഡിന്റെ പുനരുദ്ധാരണം-13 കി.മീ. (16 കോടി) എന്നീ പ്രവൃത്തികളും 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലോ 2017-18-ലെ ബജറ്റ് പ്രസംഗത്തിലോ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തിരക്കിട്ട നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്ന ഈ ഘട്ടത്തിൽ ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്ത പുതിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെടുന്നത് കിഫ്ബി തൽക്കാലം പ്രോത്സാഹിപ്പിക്കുന്നില്ല.

**കുവള്ളൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

49(4913) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ കുവള്ളൂരിനേയും പൈമറ്റത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കുവള്ളൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടവുമായി ബന്ധപ്പെട്ട് താല്ക്കാലികമായി തീർപ്പാക്കിയ 365/D1/PWD/2016 എന്ന ഫയലിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പാലം നിർമ്മാണത്തിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ കുവള്ളൂർ പാലത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് താൽക്കാലികമായി ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ഈ ഡിസൈൻ അനുസരിച്ചിട്ടുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ ഫൈനൽ ഡിസൈൻ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ

നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലത്തിനുള്ള ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫൈനൽ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ബാലുശ്ശേരി ബൈപ്പാസിന്റെ അലൈൻമെന്റ്**

50 (4914) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി ബൈപ്പാസിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ബൈപാസ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ബാലുശ്ശേരി ബൈപ്പാസിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് എസ്റ്റീം ഡെവലപ്പേഴ്സ് എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

51 (4915) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ ഏതെങ്കിലും പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) നേരത്തെ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ മണ്ഡലത്തിൽ നടന്നു വരുന്നതുമായ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടും ഇതിനകം പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത നിർമ്മാണ പ്രവൃത്തികൾ മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത നിർമ്മാണ പ്രവൃത്തികൾ കുറ്റ്യാടി മണ്ഡലത്തിലില്ല.

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

52 (4916) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; തുക അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) റോഡിന്റെ ഫോർമേഷൻ (ബേസും സബ് ബേസും) നിർമ്മിക്കുന്നതിന് 45 സെ.മീ. ആഴത്തിൽ മണ്ണെടുത്തപ്പോൾ വാട്ടർ അതോറിറ്റിയുടെ കുറ്റിപ്പുറം ഭാഗത്തേയ്ക്കുള്ള പ്രധാന പൈപ്പ് ലൈൻ (200 എം.എം.ഡി.ഐ.പൈപ്പ്) പൊട്ടി ജലവിതരണം തടസ്സപ്പെടുകയും തുടർന്ന് റോഡ് പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. ഈ റോഡിലെ 6 കി.മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നിർദ്ദിഷ്ട റോഡിന്റെ അരികിലേയ്ക്ക് മാറ്റുന്നതിന് വാട്ടർ അതോറിറ്റി 91 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അടിയന്തരമായി ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി 2,80,000 രൂപയും പ്രവൃത്തി പുരോഗമിക്കുന്ന ഭാഗത്തെ പൈപ്പ് ലൈൻ മാറ്റുന്നതിന് 30,00,000 രൂപയും ഉൾപ്പെടെ കൂടുതലായി ആവശ്യമുള്ള 20,59,95,757 രൂപയ്ക്കുള്ള വിശദമായ റിവൈസ്ഡ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 25-1-2017-ന് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും, പ്രസ്തുത പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കുവാൻ 11-4-2017-ലെ ജി3/129/2017 നമ്പർ കത്തുപ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു. ഇത് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**മാവേലിക്കര-പള്ളിക്കൽ റോഡ് നിർമ്മാണം**

53 (4917) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മാവേലിക്കര-ബുദ്ധ ജംഗ്ഷൻ-കല്ലുമല-കുറത്തികാട്-കറ്റാനം (മാവേലിക്കര-പള്ളിക്കൽ റോഡ്) നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മാവേലിക്കര മിച്ചൽ ജംഗ്ഷൻ വൈഡനിംഗിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്"നാറ്റ്പാക്ക്"-നെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 20-8-2016-ലെ സ.ഉ.(സാധാ)നമ്പർ1192/2016/പൊ.മ.വ. (ക്രമ നമ്പർ 40) പ്രകാരം 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മാവേലിക്കര-പുതിയകാവ്-പള്ളിക്കൽ റോഡ് നിർമ്മാണ പ്രവർത്തനം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ ഡി.പി.ആർ. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന് ഏത് ഏജൻസിയെ ചുമതലപ്പെടുത്തുമെന്ന് തീരുമാനിച്ചിട്ടില്ല.

**കോട്ടക്കൽ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്**

54 (4918) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഞ്ച് സ്കൂൾ ബസ്സുകൾ വാങ്ങുവാൻ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ

എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എൽ.സി. പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആസ്തി വികസന ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭാഗത്ത് നിന്നും ശരിയായ പിന്തുണ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള 59,93,000 രൂപയുടെ ഭരണാനുമതി 2-5-2017-ൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.സി. പ്രൊപ്പോസൽ മലപ്പുറം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 18-5-2017-ൽ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഡിവിഷന്റെ ഭാഗത്ത് നിന്നും എല്ലാ പിന്തുണയും നൽകുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 25-3-2017-ലെ ഉത്തരവ് 02.05.2017-ൽ മാത്രമാണ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിച്ചതെങ്കിലും 18.05.2017-ൽ എൽ.സി. പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

**രാമനാട്ടുകര - മീഞ്ചന്ത റോഡിൽ ഒഴുക്ക് ചാൽ നിർമ്മിക്കുന്ന നടപടി**

55 (4919) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര - മീഞ്ചന്ത റോഡിൽ (എൻ. എച്ച്.) അരീക്കാട് അങ്ങാടിയിൽ റോഡിൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും പ്രയാസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗത്ത് ഒഴുക്ക്ചാൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ ) നാഷണൽ ഹൈവേ 17-ൽ രാമനാട്ടുകര-മീഞ്ചന്ത റോഡിൽ അരിക്കാട്ട്

അങ്ങാടിയിൽ, റോഡിൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും പ്രയാസമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 135 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നേരത്തെ FDR-ൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. 2017-18-ലെ ഫ്ലഡ് ഡാമേജ് റിലീഫിൽ (FDR) ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് വീണ്ടും സമർപ്പിക്കുന്നതാണ്.

## ഇംപ്രസ്റ്റ് മണി

56 (4920) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെയും കെട്ടിടങ്ങളുടെയും റസ്റ്റ്ഹൗസുകളുടെയും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെയും അടിയന്തര അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി ഇതിനു മുൻപ് നൽകിയിരുന്നോ; ആയത് അവസാനിപ്പിക്കാൻ കാരണം എന്ത്; ന്യൂനതകൾ ഒഴിവാക്കി വ്യക്തമായ വ്യവസ്ഥകളോടെ ഇംപ്രസ്റ്റ് മണി നൽകുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെയും പാലങ്ങളുടെയും അടിയന്തര അറ്റകുറ്റപ്പണികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഓരോ സാമ്പത്തിക വർഷത്തിലും 50,000 രൂപ വീതം ഇംപ്രസ്റ്റ് മണി നൽകിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിലെ റസ്റ്റ് ഹൗസുകളുടെയും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇംപ്രസ്റ്റ് മണി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 2008 മുതൽ ഇംപ്രസ്റ്റ് മണി നൽകിവരുന്നുണ്ട്. ഇംപ്രസ്റ്റ് മണി നൽകുന്നത് അവസാനിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഇംപ്രസ്റ്റ് മണി നൽകുന്നതിനുള്ള പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കൊയിലാണ്ടി മണ്ഡലത്തിലെ അദർ ഡിസ്ട്രിക്റ്റ് റോഡുകൾ

57(4921) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ അദർ ഡിസ്ട്രിക്റ്റ് റോഡ്സ് (ഒ.ഡി.ആർ.) ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ ഒ.ഡി.ആറിന്റെയും ചെയിനേജ്, കടന്ന് പോകുന്ന വഴി എന്നിവ വിശദമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒ.ഡി. ആറുകളിൽ അറ്റകുറ്റപണി അത്യാവശ്യമായി നടത്തേണ്ട നിലയിൽ തകർന്നിരിക്കുന്ന റോഡുകൾ ഏതെല്ലാം; ലിസ്റ്റ് ലഭ്യമാക്കാമോ; ഓരോ റോഡും അറ്റകുറ്റപണി നടത്തണമെങ്കിൽ വേണ്ടിവരുന്ന ചെലവ് ഏകദേശം എത്രയാണ്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) അദർ ഡിസ്ട്രിക്റ്റ് റോഡുകൾ (ഒ.ഡി.ആർ.) മേജർ ഡിസ്ട്രിക്റ്റ് റോഡായി (എം.ഡി.ആർ.) പൊതുമരാമത്ത് വകുപ്പിലേയ്ക്ക് മാറ്റപ്പെട്ടതിനുശേഷം നിലവിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഒ.ഡി.ആർ. നിലവിൽ ഇല്ല.

**മുല്ലശ്ശേരി പഞ്ചായത്തിലെ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി**

58 (4922) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ അന്നകര - കോക്കൂർ റോഡ്, മുല്ലശ്ശേരി-താണവീഥി-പറപ്പൂർ റോഡ് എന്നിവ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷനും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റേയും അനുമതിയും ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതിയുള്ളതും, കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും, 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും, റെഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം. നയപരമായ തീരുമാനം ആകയാൽ മന്ത്രിസഭാ സമിതിയുടെ അംഗീകാരവും ആവശ്യമാണ്.

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവാൽ റോഡിന്റെ മെക്കാഡം ടാറിംഗ്

59 (4923) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവാൽ റോഡിന്റെ മെക്കാഡം ടാറിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുവാനാണോ ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവാൽ പി.ഡബ്ള്യൂ.ഡി റോഡിന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടുണ്ട് (ക്രമ നമ്പർ40).

(സി) ഈ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ശ്രീകണ്ഠപുരം ടൗണിന്റെ വികസന പദ്ധതി

60 (4924) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠപുരം ടൗണിന്റെ വികസന പദ്ധതിക്കുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനക്ക് ലഭിച്ചോ;

(ബി) പ്രസ്തുത ടൗണിന്റെ വികസന കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)) ശ്രീകണ്ഠപുരം ടൗൺ വികസനം പദ്ധതിക്കുള്ള വിശദമായ എസ്റ്റിമേറ്റിന് 03.03.2016-ലെ സ.ഉ.(സാധാ) നമ്പർ544/2016/പൊ.മ.വ. പ്രകാരം 300 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

61 (4925) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് വിവിധ വിഭാഗങ്ങൾക്ക് അർഹമായ തസ്തികകളുടെ എണ്ണവും ആയതിന് നിഷ്കർഷിക്കുന്ന ശതമാനവും എത്രയൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ ഒഴിവുകൾ എത്രയെന്നും അവ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വിഭാഗത്തിന് അർഹതപ്പെട്ട തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ അനുസരിച്ച് എത്രയും വേഗം നിയമനം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ) പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ

| | | |
|---|---|---|
| ആകെ എണ്ണം | - | 638 |
| നിയമനാനുപാതം | - | 6:3:1 |
| നേരിട്ടുള്ള നിയമനം | - | 383 എണ്ണം |
| സ്ഥാനക്കയറ്റം (ഡിപ്ലോമ ക്വാട്ട) | - | 191 എണ്ണം |
| സ്ഥാനക്കയറ്റം (സർട്ടിഫിക്കറ്റ് ക്വാട്ട) | - | 64 എണ്ണം. |

(ബി-ഡി)) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ട് നിയമനത്തിന് നിലവിൽ 115 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിൽ 90 പേരുടെ നിയമന ശിപാർശ ലഭിച്ചു. ഇവർക്ക് 12-5-2017-ന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 25 തസ്തികകളിലേയ്ക്കുള്ള നിയമന ശിപാർശ ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. 24 തസ്തികകൾ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടതാണ്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ കാരണം ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സർക്കുലർ പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിനാലാണ് സ്ഥാനക്കയറ്റം വൈകുന്നത്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ ലൈസൻസ് സമ്പ്രദായം

62 (4926) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ലൈസൻസ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പുതിയ ലൈസൻസ് നൽകുന്നതിന് സിവിൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും, ഡിപ്ലോമയും ഉള്ളവർക്ക് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ ലൈസൻസ് നൽകുന്നത് 2012-ലെ പുതുക്കിയ മാന്വൽ പ്രകാരമാണ്. ഇത് പരിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ കാറ്റഗറി ' എ ' ലൈസൻസ് ബി.ടെക് ഉള്ളവർക്ക് നൽകാം എന്ന ചട്ടം നിലവിലുണ്ട്. എന്നാൽ ഡിപ്ലോമ ഹോൾഡേഴ്സിന് ലൈസൻസ് നൽകാം എന്ന നിർദ്ദേശം ബാധകമാക്കിയിട്ടില്ല. പുതിയ ലൈസൻസ് നൽകുന്നതിന് സിവിൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും ഡിപ്ലോമയും ഉള്ളവർക്ക് മുൻഗണന നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വലിയഴിക്കൽ പാലത്തിന്റെ പാരിസ്ഥിതിക അനുമതി

63 (4927) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴിക്കൽ പാലത്തിന്റെ പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത ഫയൽ ഏത് ഉദ്യോഗസ്ഥന്റെ പരിഗണനയിലാണെന്നും, എന്തൊക്കെ നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പാരിസ്ഥിതിക അനുമതിക്കായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി & സി) ഇതുമായി ബന്ധപ്പെട്ട് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ (എൻ.സി.ഇ.എസ്.എസ്.)-ൽ നിന്നും ലഭിച്ച റിപ്പോർട്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

**കുറ്റിപ്പുറം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലെ ഒഴിവുകൾ**

64 (4928) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം (റോഡ്സ് ആന്റ് ബ്രിഡ്ജസ്) അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള പരാതിയിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ;

(സി) ഓവർസിയറുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി)പൊതുമരാമത്ത് വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയതിൻ പ്രകാരം ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയുടെ കെ.പി.എസ്.സി. റാങ്ക് ലിസ്റ്റ് 27.04.2017-ന് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് അടിയന്തരമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

**പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ഡിവിഷൻ ആഫീസുകൾ**

65 (4929) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് എത്ര ഡിവിഷൻ ആഫീസുകളാണ് നിലവിൽ ഉള്ളത്; അവ എവിടെയൊക്കെയാണ്; പ്രസ്തുത ഡിവിഷനുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ വർക്കുകൾ പൊതുമരാമത്ത് ഇലക്ട്രിക് വിഭാഗം ഏറ്റെടുത്ത് നടത്തേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ മെഡിക്കൽ കോളേജുകൾ, മറ്റ് സ്പെഷ്യൽ ബിൽഡിംഗുകൾ, കോടതി സമുച്ചയങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നതിനും സൂപ്പർവൈസ് ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്താനും നിലവിലെ ജീവനക്കാർ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒരു ചീഫ് എൻജിനീയർ, രണ്ട് സൂപ്രണ്ടിംഗ് എൻജിനീയർ എന്നിവരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നിലവിൽ ഉള്ളതിന് പുറമേ നാല് ഡിവിഷൻ ആഫീസുകൾ കൂടിയെങ്കിലും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 ഡിവിഷൻ ഓഫീസുകളുണ്ട്. പ്രസ്തുത ഡിവിഷനുകളിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**തീരദേശപാതയുടെ രൂപരേഖ**

66 (4930) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപാതയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാഷണൽ ഹൈവേയിൽനിന്നും വ്യത്യസ്ഥമായി തീരദേശ പാത മുഖാന്തരമുള്ള നേട്ടങ്ങൾ, ജനങ്ങൾക്ക് ലഭിക്കുന്ന സേവനം എന്നിവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) നിർദ്ദിഷ്ട തീരദേശപാത നിർമ്മാണത്തിന് ആവശ്യമായ ചെലവ് എത്ര രൂപയാണ്; ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി കിഫ്ബിയിൽനിന്നും ധനസഹായം ലഭ്യമാണോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കെതിരെ തീരദേശവാസികളിൽ നിന്നും എതിർപ്പുണ്ടായിട്ടുണ്ടോ; എങ്കിൽ അവർ ഉന്നയിക്കുന്ന ആവലാതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽനിന്നും ആരംഭിക്കുകയും കാസർഗോഡ് ജില്ലയിലെ തലപ്പാടിയിലെ കുഞ്ഞത്തൂർ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) തീരദേശ പാത കേരളത്തിലെ എല്ലാ ചെറുതും, വലുതുമായ നിരവധി തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. കണ്ടെയിനറുകളുടെ സഞ്ചാരം സുഗമമാക്കുന്നു. ഭൂവിനിയോഗ ഘടന മാറുന്നതുകൊണ്ട് ഉണ്ടാകുന്ന മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, വിനോദസഞ്ചാര വികസനം, ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക, തുടങ്ങി നിരവധി മേഖലകളിൽ നിർദ്ദിഷ്ട പാത മുഖാന്തരം ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നു.

(സി) നാറ്റ്പാകിന്റെ റിപ്പോർട്ട് പ്രകാരം 655.60 കി.മീ. തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി ഏകദേശം 6048 കോടി രൂപയാണ് മതിപ്പ ചെലവായി കണക്കാക്കിയിരിക്കുന്നത്. കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിക്കുന്നതിനായി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക 152) തുക വകയിരുത്തിയിട്ടുണ്ട്. തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖാന്തരം ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇതുവരെ തീരദേശവാസികളിൽനിന്നും എതിർപ്പൊന്നും ഉണ്ടായിട്ടില്ല. മാത്രമല്ല കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി നാറ്റ്പാക് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിലവിലുള്ള തീരദേശ റോഡ് ശൃംഖലയെ സംയോജിപ്പിച്ചുകൊണ്ടായിരിക്കും ഈ സംസ്ഥാനപാത രൂപം കൊള്ളുക.

## കരുനാഗപ്പള്ളി മുതൽ ഓച്ചിറ വരെയുള്ള ദേശീയപാതയിൽ റോഡിന്റെ ഇരുവശത്തുമുള്ള കുഴികൾ നികത്തുവാൻ നടപടി

67 (4931) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ കരുനാഗപ്പള്ളി മുതൽ ഓച്ചിറ വരെയുള്ള പ്രദേശങ്ങളിലെ പ്രധാന റോഡിന്റെ ടാർ നിരപ്പിന് ഇരുവശവും ഗ്രാവലിട്ട് ബലപ്പെടുത്താത്തതിനാൽ കുത്തനെ താഴ്ന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി പ്രസ്തുതഭാഗത്തെ റോഡിന് ഇരുവശത്തുമുള്ള കുഴികൾ നികത്തി അപകടരഹിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭാഗത്തെ റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത 66-ൽ കരുനാഗപ്പള്ളി മുതൽ ഓച്ചിറ വരെയുള്ള പ്രദേശത്ത് റോഡിന്റെ വശങ്ങളിൽ ചില സ്ഥലങ്ങളിൽ ടാർ നിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താഴ്ന്ന് കിടക്കുന്ന പ്രസ്തുത ഭാഗങ്ങൾ നികത്തി അപകടരഹിതമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്യുന്ന നടപടി സ്വീകരിച്ചുവരുന്നു.

## തേവര ഫെറിയിൽനിന്നും കൊച്ചി നഗരത്തിലേയ്ക്കുള്ള റോഡിന് സമാന്തരമായി പുതിയ റോഡ്

68 (4932) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെല്ലിംഗ്ടൺ ഐലന്റ് കുണ്ടന്നൂർ റോഡിൽ തേവരഫെറിയിൽനിന്നും

തേവര ജംഗ്ഷൻവഴി കൊച്ചി നഗരത്തിലേക്കുള്ള ഏകറോഡിന്റെ വീതി കുറവായതിനാൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി പൂർത്തിയാകുന്ന കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലവും നിർദ്ദിഷ്ട കുമ്പളം- തേവരഫെറി പാലവും എത്തിച്ചേരുന്ന പ്രസ്തുത റോഡിൽ നിന്നും കൊച്ചി നഗരത്തിലേക്ക് നിലവിലുള്ള റോഡിലൂടെയുള്ള യാത്ര കൂടുതൽ ദുഷ്കരമാകാനുള്ള സാധ്യത കണക്കിലെടുത്ത് പ്രസ്തുത റോഡിന് സമാന്തരമായി പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന് സമാന്തരമായി പുതിയ റോഡ് നിർമ്മിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മഴക്കാലത്തിനു മുൻപ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

69 (4933) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി എത്ര കോടി രൂപ അനുവദിച്ചു; ജില്ല തിരിച്ച് ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) മഴക്കാലം ആരംഭിക്കുന്നതിനുമുൻപ് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ അനുവദിച്ച ഫണ്ടിന്റെ വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

(ബി) മഴക്കാലപൂർവ്വ പ്രവൃത്തികൾ 31-5-2017-ന് മുമ്പായി പൂർത്തീകരിക്കുന്നതിനായി 19-4-2017-ൽ ഇതുസംബന്ധിച്ച് ചേർന്ന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി 13.75 കോടി രൂപയുടെ ഫണ്ട് നോൺ പ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പിന് കീഴിലെ റസ്റ്റ് ഹൗസുകൾ

70 (4934) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ആണ് നിലവിൽ ഉള്ളത്;

(ബി) ഇവയെ ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ്, തേഡ് ഗ്രേഡ് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഫസ്റ്റ് ഗ്രേഡ് റസ്റ്റ്ഹൗസുകൾ എത്ര വീതം ഉണ്ട്; ഏതെല്ലാം;

(സി) ഇവയിൽ ഓരോ വിഭാഗത്തിന്റെയും സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) റസ്റ്റ് ഹൗസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരെ നിയമിക്കാൻ വേണ്ട തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 150 റസ്റ്റ് ഹൗസുകളാണ് ഉള്ളത്.

(ബി) 17-7-2013-ലെ സ.ഉ. (അച്ചടി) നമ്പർ.58/2013/പൊ.മ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ്, തേഡ് ഗ്രേഡ് എന്നിങ്ങനെ റസ്റ്റ് ഹൗസുകളെ തരം തിരിച്ചിരിക്കുന്നത്. മുറികളുടെ എണ്ണത്തിന്റെയും മറ്റ് ഭൗതിക സൗകര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് തരം തിരിച്ചിരിക്കുന്നത്.

1. എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലുള്ള, പത്തോ അതിലധികമോ മുറികൾ ഉള്ളതുമായ റസ്റ്റ് ഹൗസുകളും തിരുവല്ല, തൊടുപുഴ, തിരൂർ, തലശ്ശേരി, കുറ്റാലം എന്നിവിടങ്ങളിൽ ഉള്ളതുമായ റസ്റ്റ് ഹൗസുകളും ക്ലാസ്സ് 1/ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടുന്നു.

2. ആറോ അതിലധികമോ മുറികൾ ഉള്ളതും ക്ലാസ്സ് 1/ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടാത്തതുമായവ ക്ലാസ്സ് 2/സെക്കന്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടുന്നു.

3. അഞ്ചോ അതിൽ താഴെയോ മുറികൾ ഉള്ളതും മറ്റ് ഗ്രേഡുകളിൽ ഉൾപ്പെടാത്തതുമായ റസ്റ്റ്ഹൗസുകൾ ക്ലാസ്സ് 3/തേർഡ് ഗ്രേഡ് റസ്റ്റ് ഹൗസുകളിൽ ഉൾപ്പെട്ടിരിക്കുന്നു.

ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസുകൾ 15 എണ്ണം ഉണ്ട്. ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. റസ്റ്റ് ഹൗസ്, തിരുവനന്തപുരം
2. റസ്റ്റ് ഹൗസ്, കൊല്ലം
3. കേരള പാലസ്, കുറ്റാലം
4. റസ്റ്റ് ഹൗസ്, ആലപ്പുഴ
5. റസ്റ്റ് ഹൗസ്, തിരുവല്ല
6. റസ്റ്റ് ഹൗസ്, കോട്ടയം
7. റസ്റ്റ് ഹൗസ്, തൊടുപുഴ
8. റസ്റ്റ് ഹൗസ്, എറണാകുളം
9. റസ്റ്റ് ഹൗസ്, തൃശ്ശൂർ
10. റസ്റ്റ് ഹൗസ്, തിരൂർ
11. റസ്റ്റ് ഹൗസ്, പാലക്കാട്
12. റസ്റ്റ് ഹൗസ്, കോഴിക്കോട്
13. റസ്റ്റ് ഹൗസ്, കൽപ്പറ്റ
14. റസ്റ്റ് ഹൗസ്, തലശ്ശേരി
15. റസ്റ്റ് ഹൗസ്, പത്തനംതിട്ട.

(സി & ഡി) റസ്റ്റ് ഹൗസുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അടക്കമുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ഭരണ/കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് ആവശ്യമായ സ്റ്റാഫിനെ റസ്റ്റ് ഹൗസുകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ നൈറ്റ് വാച്ചർ/അറ്റൻഡന്റ് തസ്തിക**

71 (4935) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നൈറ്റ് വാച്ചർമാരുടെ എത്ര അനുവദനീയ തസ്തികകളുണ്ട്; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; ആന്റിസിപ്പേറ്ററി ഒഴിവുകൾ സഹിതം എത്ര ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ്മാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; ആന്റിസിപ്പേറ്ററി ഒഴിവുകൾ സഹിതം എത്ര ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നൈറ്റ് വാച്ച്മാൻ/ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഏതു കാലയളവുവരെ ഉണ്ടാകാനിടയുള്ള ഒഴിവുകളാണ് ആന്റിസിപ്പേറ്ററി ഒഴിവുകളായി കണക്കാക്കി PSC -ക്ക് റിപ്പോർട്ട് ചെയ്തത്; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര നൈറ്റ് വാച്ച്മാൻമാരെ അന്തർ ജില്ലാ/വകുപ്പ് സ്ഥലംമാറ്റം നൽകി പൊതുമരാമത്ത് വകുപ്പിൽ നിയമിച്ചു; അവരുടെ പേരും ഓഫീസും ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഓഫീസ് അറ്റൻഡന്റ് മാരെ അന്തർ വകുപ്പ് / ജില്ലാ സ്ഥലം മാറ്റം നൽകി പൊതുമരാമത്ത് വകുപ്പിൽ നിയമിച്ചു ; ഇങ്ങനെ നിയമനം നൽകിയവരുടെ പേര്, മേൽവിലാസം, ജോലി ചെയ്തിരുന്ന വകുപ്പ്, ജില്ല, പ്രസ്തുത വകുപ്പുകളിൽ ജോലി ചെയ്ത കാലയളവ് എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ വാച്ച്മാൻമാരുടെ അനുവദനീയമായ തസ്തികകൾ 186 എണ്ണമാണ്. അതിൽ 173 പേർ ജോലി ചെയ്യുന്നു. 13 ഒഴിവുകൾ നിലവിലുണ്ട്. ആയവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം -5, ഇടുക്കി-2, തൃശ്ശൂർ-3, മലപ്പുറം-1, വയനാട്-1, കണ്ണൂർ-1

(ബി) പൊതുമരാമത്ത് വകുപ്പിലെ അറ്റൻഡർമാരുടെ അനുവദനീയമായ തസ്തിക 921 എണ്ണമാണ്. അതിൽ 909 പേർ ജോലി ചെയ്തുവരുന്നു. 12 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 11 എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം -2, പത്തനംതിട്ട-3, ഇടുക്കി-3, പാലക്കാട്-3

(സി) പൊതുമരാമത്ത് വകുപ്പിൽ 31.12.2017 വരെയുള്ള കാലയളവിലെ ഓഫീസ് അറ്റൻഡർമാരുടെ ഒഴിവുകൾ 25.10.2016-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ നൈറ്റ് വാച്ച്മാൻമാരുടെ ഒഴിവുകൾ ഒന്നും തന്നെയില്ല.

(ഡി) അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന 2 നൈറ്റ് വാച്ച്മാൻമാരെ ഈ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. സരീഷ് കുമാർ. പി. ആർ,

   മ്യൂസിയം & മൃഗശാല, തിരുവനന്തപുരം

   കോട്ടയം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്.

2. അനു. എം.,

   കെമിക്കൽ എക്സാമിനേഷൻ ലാബ്,

   തിരുവനന്തപുരം,

   കൊല്ലം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഓഫീസ് അറ്റൻഡന്റുമാരെ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അനില. കെ. കെ.,

   കടലുണ്ടി, കോഴിക്കോട്,

   എസ്.സി.എസ്.റ്റി. വകുപ്പ്, ഗവൺമെന്റ്

   സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (26-6-2015 മുതൽ 28-6-2016 വരെ)

   കോഴിക്കോട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

2. സബിത. സി. ആർ.,

ആലത്തൂർ, പാലക്കാട്, പൊതുമരാമത്ത് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (20-10-2014 മുതൽ 26-7-2016 വരെ) പാലക്കാട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

3. അംബിക. കെ. കെ.,

പള്ളുരുത്തി, എറണാകുളം

ടാക്സസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം (26-6-2015 മുതൽ 7-2-2017 വരെ)

എറണാകുളം ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

4. ജയ മംഗലശ്ശേരി,

മേലൂർ, ധർമ്മടം, കണ്ണൂർ

സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം (11-5-2015 മുതൽ 8-3-2017 വരെ)

കണ്ണൂർ ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

**പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണുപരിശോധന**

72 (4936) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണുപരിശോധന ഉൾപ്പെടെയുള്ളവ നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം സംവിധാനങ്ങൾ വകുപ്പിന് കീഴിൽ ഇല്ലാത്തതിനാൽ പാലങ്ങളുടേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്ന അവസ്ഥ നിലവിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണ് പരിശോധനകൾ കെ.എച്ച്.ആർ.ഐ.-ൽ നിലവിലുണ്ട്. എന്നാൽ കെട്ടിട വിഭാഗത്തിന് കീഴിൽവരുന്ന എല്ലാ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ കെ.എച്ച്.ആർ.ഐ. അപര്യാപ്തമായതിനാൽ സർക്കാർ എംപാനൽ ചെയ്ത കൺസൾട്ടൻസ് വഴിയും സോയിൽ ഇൻവെസ്റ്റിഗേഷനുകൾ നടത്തിവരുന്നു.

(ബി) എംപാനൽ നടത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ.24/2017/പൊ.മ. തീയതി 10-4-2017 പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലാബുകളോടനുബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുവേണ്ടിയുള്ള എഞ്ചിനീയർമാരെ നിയമിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി ഡി.പി.ആർ. പ്രിപ്പറേഷൻ, ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഒരു എം.ഒ.യു. എഗ്രിമെന്റ് ഏർപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ എംപാനൽഡ് കൺസൾട്ടൻസി രീതിയെ ഒഴിവാക്കി അവശ്യഘട്ടങ്ങളിൽ ഓപ്പൺ ടെണ്ടർ വിളിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ വേണ്ടി നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇൻവെസ്റ്റിഗേഷൻ വൈകുന്നതു കാരണം പാലങ്ങളുടേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കാലതാമസം ഒഴിവാക്കുന്നതിന് മേൽ നടപടികൾ സ്വീകരിച്ചത്.

**തിരുവനന്തപുരം നഗരത്തിൽ അനുവദിച്ച സർക്കാർ ക്വാർട്ടേഴ്സുകൾ**

73 (4937) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക ഉത്തരവ് പ്രകാരം മുഖ്യമന്ത്രി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഇതിൽ എത്രപേർ

ക്വാർട്ടേഴ്സുകളിൽ കരാർ വച്ച് താമസമാക്കി; ക്വാർട്ടേഴ്സ് അനുവദിച്ചിട്ടും ഇതുവരെ താമസിക്കാത്തവർ എത്ര, താമസിക്കാത്തതിനുള്ള കാരണം എന്നീ വിവരങ്ങൾ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രത്യേക ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരത്തിൽ എത്ര സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് ക്വാർട്ടേഴ്സ് അനുവദിച്ച് ഉത്തരവായി; അവരുടെ പേര്, ഓഫീസ്, ജോലി ചെയ്യുന്ന വകുപ്പ്, ക്വാർട്ടേഴ്സ് നമ്പർ, സ്ഥിരം മേൽവിലാസം സഹിതമുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രത്യേക ഉത്തരവ് പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിച്ച എത്ര പേർ അവിടെ താമസമാക്കി, മറ്റുള്ളവർ താമസമാക്കാത്തതിന് കാരണം, ഏതുവർഷം വരെ ഒഴിയുന്ന ക്വാർട്ടേഴ്സുകളാണ് ഇത്തരത്തിൽ പ്രത്യേക ഉത്തരവിലൂടെ അനുവദിച്ച് നൽകിയിട്ടുള്ളത്, പ്രത്യേക ഉത്തരവ് നൽകാനുണ്ടായ മാനദണ്ഡം എന്താണ് എന്നിവ വ്യക്തമാക്കുമോ;

(ഡി) പ്രത്യേക ഉത്തരവിലൂടെ ക്വാർട്ടേഴ്സുകൾ അനർഹർ കൈവശപ്പെടുത്തിയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; തിരുവനന്തപുരം നഗരത്തിലെ സർക്കാർ ക്വാർട്ടേഴ്സുകളിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിവിധ കോടതികളിൽനിന്ന് സ്റ്റേ വാങ്ങി തിരുവനന്തപുരം നഗരത്തിലെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ തുടരുന്നവരുടെ പേരും, വിലാസവും ക്വാർട്ടേഴ്സ് നമ്പരും എന്നാണ് സ്റ്റേ ലഭിച്ചതെന്നും സ്റ്റേ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക ഉത്തരവ് പ്രകാരം മുഖ്യമന്ത്രി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ 101 പേർ കരാർ വച്ച് ക്വാർട്ടേഴ്സുകളിൽ താമസമാക്കി. ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ട എല്ലാവരും താമസമാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരത്തിൽ ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ട സർക്കാർ ജീവനക്കാരിൽ 32 പേർക്ക് ക്വാർട്ടേഴ്സ് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 'എ'* ആയി ചേർത്തിരിക്കുന്നു.

(സി) പ്രത്യേക ഉത്തരവ് പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിച്ച 30 പേർ താമസമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 2 പേരിൽ ഒരാൾ കരാർ വച്ചിട്ടില്ലാത്തതിനാലും മറ്റൊരാൾക്ക് ജില്ലാ കളക്ടറുടെ നടപടിക്രമം ലഭിച്ചിട്ടില്ലാത്തതിനാലുമാണ് താമസമാക്കാത്തത്. 2018 വരെ ഒഴിയുന്ന ക്വാർട്ടേഴ്സുകളാണ് പ്രത്യേക ഉത്തരവിലൂടെ അനുവദിച്ച് നൽകിയിട്ടുള്ളത്. Rules for allotment and occupation of Government Servant Quarters 2006 ചട്ടങ്ങളിലെ ചട്ടം 32 പ്രകാരമാണ് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ സ്റ്റേ വാങ്ങി താമസം തുടരുന്നവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു. ഇവരെ ഒഴിപ്പിക്കുവാൻ അംഗീകൃത മാർഗ്ഗം വഴി ബന്ധപ്പെട്ട കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിട്ടുണ്ട്.

സുലേഖ. ആർ.എസ്, ഗവ.എൽ.പി.സ്കൂൾ, ത്രിവിക്രമംഗലം, ക്വാർട്ടർ നമ്പർ2/21 ആർ.എച്ച്.എസ്. മേലാറന്നൂർ-സ്റ്റേ ലഭിച്ചത് 10-4-2017.

എം. സൈനലാബ്ദീൻ, സെക്ഷൻ ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്-ഗസറ്റഡ് ക്വാർട്ടർ ഫ്ലാറ്റ് ടൈപ്പ് നമ്പർ4, ജവഹർനഗർ-സ്റ്റേ ലഭിച്ചത് 22-12-2016.

പ്രദീപ് രവി, ക്ലാർക്ക്, മുൻ ഹെൽത്ത് മിനിസ്റ്ററുടെ ഓഫീസ്, മുൻമന്ത്രിസഭയിൽ -ക്വാർട്ടർ നമ്പർCRHS-15, ടിയാളെ 10 ദിവസത്തിനുള്ളിൽ ഒഴിപ്പിക്കാനുള്ള അനുമതി ജില്ലാ കളക്ടറുടെ നടപടി ക്രമ നമ്പർഎ 7/58797/16 തീയതി 2-5-2017 പ്രകാരം ഉത്തരവായിട്ടുണ്ട്.

എം. പത്മകുമാർ, ക്വാർട്ടർ നമ്പർ എൻ.10 (കഴിഞ്ഞ മന്ത്രിസഭയിലെ സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി) സ്റ്റേ ലഭിച്ചത് 28-3-2017.

കെ. എം. മുഹമ്മദ് താഹ, അക്കൗണ്ടന്റ് ഓഫീസർ, ഫിനാൻസ് വിംഗ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് - ഒബ്സർവേറ്ററി ക്വാർട്ടർ നമ്പർസി1, സ്റ്റേ ലഭിച്ചത് 11-4-2017.

ഷാജഹാൻ. എസ്., ട്രേഡ് ഇൻസ്ട്രക്ടർ, സെൻട്രൽ പോളിടെക്നിക്, വട്ടിയൂർക്കാവ്, ക്വാർട്ടേഴ്സ് നമ്പർ ഡി1 എ, നേതാജി നഗർ, സ്റ്റേ ലഭിച്ചത് 5-1-2017.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൈതപ്പൊയിൽ അഗസ്ത്യാർമൂഴി റോഡ്

74 (4938) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച തിരുവമ്പാടി മണ്ഡലത്തിലെ കൈതപ്പൊയിൽ അഗസ്ത്യാർമൂഴി റോഡിന്റെ വിശദാംശവും നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ;

(ബി) 31-5-2017- ന്റെ കിഫ്ബി ഭരണ സമിതി യോഗത്തിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി ) തിരുവമ്പാടി മണ്ഡലത്തിലെ കൈതപ്പൊയിൽ- അഗസ്ത്യാർമൂഴി റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ ബജറ്റിൽ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുന്നു.

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ

75(4939) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകളുടെ വിശദമായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫിനാൻസിംഗ് രീതിയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദ പദ്ധതിരേഖ സർക്കാർ അംഗീകരിച്ച് 11.09.2015-ലെ ജി.ഒ.(എം.എസ്) 74/2015/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് www.krtl.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി മെട്രോ മാതൃകയിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ/വിദേശ വായ്പകൾവഴി സ്വരൂപിക്കാനാണ് ഡി.പി.ആർ. നിർദ്ദേശിക്കുന്നത്. ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായശേഷം ഫിനാൻസിംഗ് രീതിയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായശേഷം ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പദ്ധതിക്കുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡ് ടെൻഡർ**

76 (4940) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ്.സ്കീമിൽ അനുമതി ലഭിച്ച ഒടുവള്ളിത്തട്ട്- നടുവിൽ - കുടിയാൻമല റോഡ് ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിൽ ഉൾപ്പെടുത്തി ഹിൽഹൈവേ സ്കീമിൽ പ്രവൃത്തി നടക്കുന്ന നടുവിൽ ഷാപ്പ് കവല മുതൽ വേങ്കുന്ന് കവല വരെയുള്ള ഭാഗം ഒഴിവാക്കി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സി.ആർ.എഫ്. സ്കീമിൽ അനുമതി ലഭിച്ച ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡ് ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയില്ല.

(ബി) ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ലാഭനഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ ടെൻഡർ

പ്രൊപ്പോസൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഇതിന്മേൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് യോഗ്യതയുണ്ടെങ്കിൽ ടിയാന്റെ ടെണ്ടർ പരിഗണിക്കുവാനും അല്ലാത്തപക്ഷം റീടെണ്ടർ ചെയ്യുവാനുമുള്ള നിർദ്ദേശം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകുകയുണ്ടായി. എന്നാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരൻ ബഹു മാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഹൈക്കോടതി വിധി പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി ധനകാര്യ, നിയമ വകുപ്പുകളുമായി ആലോചിച്ച് ഫയൽ പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത റോഡിൽ ഉൾപ്പെടുത്തി ഹിൽ ഹൈവേ സ്കീമിൽ പ്രവൃത്തി നടക്കുന്ന നടുവിൽ ഷാപ്പ് കവല മുതൽ വേങ്കുന്ന് കവല വരെയുള്ള ഭാഗം ഒഴിവാക്കി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. നിലവിൽ പ്രവൃത്തി ചെയ്യുമ്പോൾ പ്രസ്തുത സ്ഥലം ഒഴിവാക്കിയേ ചെയ്യുകയുള്ളൂ.

(ഡി) കോടതി വ്യവഹാരത്തിന് അന്തിമ തീർപ്പുണ്ടാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ശ്രീകൃഷ്ണപുരത്ത് റസ്റ്റ് ഹൗസ് നിർമ്മിക്കാൻ നടപടി

77 (4941) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരത്ത് പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി ) ആരും നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

## കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ

78 (4942) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധിക്കുള്ളിൽ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുവാൻ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എത്രകരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്;

(സി) ഇങ്ങനെയുള്ള കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കാലാവധിക്കുള്ളിൽ കരാറുകാരന്റെ കാരണത്താൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതിന് മാന്വലിൽ വ്യവസ്ഥ ഉണ്ട്.

(ബി) കെ.എസ്.ടി.പി.-യിൽ കരാറുകാരിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പിഴ ഈടാക്കിയിട്ടില്ല. ദേശീയപാത വിഭാഗത്തിനുകീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം 12 കരാറുകാരിൽനിന്നും, നിരത്ത് വിഭാഗത്തിൽ 361 കരാറുകാരിൽനിന്നും, കെട്ടിട വിഭാഗത്തിൽ 144 കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

(സി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ക്ലോസ് 2116.2-ൽ പ്രവൃത്തി ഏറ്റെടുത്തിട്ട് വേണ്ടത്ര പുരോഗതി കോൺട്രാക്ടറുടെ ഭാഗത്തുനിന്ന് ഇല്ലാതെ വരികയോ അല്ലെങ്കിൽ ടൈം ഓഫ് കംപ്ലീഷൻ കാലാവധി നീട്ടിയിട്ട് അതിനുള്ളിൽ പ്രവൃത്തി തീർക്കാതെ വരികയോ ആണെങ്കിൽ എഗ്രിമെന്റ് അതോറിറ്റി ആ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത് കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പണി റി-അറേഞ്ച് ചെയ്യുവാൻ വ്യവസ്ഥയുണ്ട്. കൂടാതെ ഇത്തരത്തിൽ സ്ഥിരമായി കോൺട്രാക്ടിൽ വീഴ്ചവരുത്തുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ദിവസവേതനാടിസ്ഥാനത്തിലെ നിയമനം**

79 (4943) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പൊതുമരാമത്ത് വകുപ്പിലെ ചില ഓഫീസുകളിൽ അംഗീകൃത തസ്തികയിലോ അല്ലാതെയോ ദിവസവേതനാടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. സാധാരണഗതിയിൽ ഇത്തരം തസ്തികകളിൽ ദിവസ വേതനക്കാരെ നിയമിക്കാൻ സാധ്യമല്ല.

(ബി) ബാധകമല്ല.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പൊതുമരാമത്ത് നടപടികൾ**

80 (4944) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ; റോഡുകളുടെ അപാകതകൊണ്ടുണ്ടാകുന്ന അപകടങ്ങൾ എത്ര ശതമാനമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് റോഡുകൾ അനധികൃതമായി കയ്യേറി കച്ചവടം നടത്തിവരുന്നതും റോഡിന്റെ വശങ്ങളിൽ റോഡ് മറച്ചുകൊണ്ട് അനധികൃതമായും, അനുമതിയോട് കൂടിയും സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, ഹൊർഡിങ്ങുകൾ, ഫ്ലക്സ് ബോർഡുകൾ ഇവയെല്ലാം റോഡ് സുരക്ഷയ്ക്ക് ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും അവ ഒഴിപ്പിക്കുന്നതിനും ആ സ്ഥലം ഗതാഗതയോഗ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) റോഡ് സുരക്ഷാ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ദേശീയപാതാ വിഭാഗത്തിൽ റോഡ് സേഫ്റ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിന് വേണ്ടി റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്താറുണ്ട്. അപകടമേഖലകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അപകടത്തിന്റെ കാരണം മനസ്സിലാക്കി അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. നിർമ്മാണത്തിലെ അപാകതകൾ മൂലമാണ് അപകടം എങ്കിൽ കാരണം കണ്ടെത്തി അത് പരിഹരിക്കാറുണ്ട്. കൂടാതെ റോഡ് സുരക്ഷയ്ക്ക് ആവശ്യമായ ക്രാഷ് ബാരിയറുകൾ, മുന്നറിയിപ്പ് ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, റാംബിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിക്കാറുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം കയ്യേറ്റം ഒഴിപ്പിക്കാറുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള ബോർഡുകളും ഹോർഡിങ്ങുകളും നീക്കം ചെയ്യാറുണ്ട്. കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും പിന്നീട് പോലീസ് സഹായത്തോടെ ഒഴിപ്പിക്കുകയും ആണ് ചെയ്യുന്നത്. കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി ഫുട്പാത്തുകൾ നിർമ്മിക്കുകയും അവ ടൈലുകൾ പാകി മനോഹരമാക്കുകയും ചെയ്തുവരുന്നു.

## എൻ.എച്ച്. 47 വീതികൂട്ടൽ നടപടി

81 (4945) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 47 വികസനത്തിനായി റോഡിന്റെ ഇരുവശത്തുനിന്നും 7.5 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിന് മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുതിയ അലൈൻമെന്റനുസരിച്ച് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊട്ടിയം മുതൽ കടമ്പാട്ട്കോണം വരെയുള്ള നാഷണൽ ഹൈവേയുടെ വികസനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുതിയ അലൈൻമെന്റനുസരിച്ച് ഒരു വശത്തുനിന്നുമാത്രം ഭൂമി ഏറ്റെടുക്കുന്നതിനെതിരെ പൊതുജനങ്ങൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) പൊതുജനങ്ങളുടെ പരാതിയ്ക്കടിസ്ഥാനമായ കാര്യങ്ങളുടെ നിജസ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച അലൈൻമെന്റ് അനുസരിച്ചാണ് എൻ.എച്ച്.-47-ന്റെ വികസനത്തിനുള്ള സ്ഥലമെടുപ്പ് നടത്തുന്നത്. റൈറ്റ് ഓഫ് വേ (RoW) 45 മീറ്റർ ലഭിക്കത്തക്ക വിധത്തിൽ പരമാവധി സ്ഥലങ്ങളിലും റോഡിന്റെ മധ്യഭാഗത്ത് നിന്ന് ഇരുവശങ്ങളിലേയ്ക്കും തുല്യ അളവിലാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(ബി - ഡി) ദേശീയപാതാ 47-ന്റെ വികസനത്തിന്റെ ഭാഗമായി കൊട്ടിയം ജംഗ്ഷനിൽ 1.14 കി.മീ., ചാത്തന്നൂർ ജംഗ്ഷനിൽ 910 മീറ്റർ പാരിപ്പള്ളി ജംഗ്ഷനിൽ 683 മീറ്റർ വീതം ദൈർഘ്യമുള്ള ഫ്ലൈഓവറുകൾ നിർമ്മിക്കാനാണ് ദേശീയപാതാ അതോറിറ്റി ഓഫ് ഇൻഡ്യ ഉദ്ദേശിച്ചിട്ടുള്ളത്. തുടർന്നുള്ള ഭാഗങ്ങളിൽ ഇരുവശങ്ങളിൽ നിന്നും തുല്യ അളവിൽ സ്ഥലമെടുത്തുള്ള വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ഭൂമി കൈമാറ്റങ്ങൾക്ക് ഇ - രജിസ്ട്രേഷൻ**

82 (4946) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റങ്ങൾക്ക് ഇ - രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് ആവശ്യമായ പരിശീലനം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ എല്ലാ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ - രജിസ്ട്രേഷൻ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുന്നോടിയായി വിവരങ്ങൾ ഓൺലൈനായി ഓഫീസിൽ സമർപ്പിക്കുന്നതിനും, രജിസ്റ്റർ ചെയ്യാനുള്ള സമയം മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ എടുത്ത് ഓഫീസിൽ നിശ്ചിത സമയത്ത് ഹാജരായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലാകാലങ്ങളിൽ വകുപ്പ് വരുത്തുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഓഫീസുകളിൽ നിലവിൽ ആവശ്യമായ കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ മുതലായവ ലഭ്യമാണ്.

**ഇ - സ്റ്റാമ്പിംഗ്**

83 (4947) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിലൂടെ സർക്കാരിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് അറിയിക്കാമോ;

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ പട്ടം, ശാസ്തമംഗലം സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതുവഴി താഴെ വിവരിക്കുന്ന നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു:

1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് അവസരമില്ല.
4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

**സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾ**

84 (4948) ശ്രീ. എം. സ്വരാജ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിൽ എന്തൊക്കെ സേവനങ്ങളാണ് ഓൺലൈനിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ പൂർണ്ണമായ നെറ്റ് വർക്ക് സംവിധാനം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി,കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. ബാധ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റ് കക്ഷികൾക്ക് ഓൺലൈനായി ലഭിക്കുന്നതിനും സാധിക്കുന്നു.

2. ആധാർ രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾ നൽകി ഓൺലൈനായി ടോക്കൺ എടുക്കുവാനുള്ള സൗകര്യം.

3. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷ ഓൺലൈനായി നൽകുവാനുള്ള സൗകര്യം.

4. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി നൽകുവാനുള്ള സൗകര്യം.

(ബി) ഉണ്ട്; ഓൺലൈനായി വിവരങ്ങൾ നൽകി, രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കിയശേഷം കക്ഷികൾക്ക് ഓഫീസിൽ ആധാരം ഹാജരാക്കി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

**സ്വന്തമായി പ്രമാണം എഴുതിയതിന്റെ വിവരങ്ങൾ**

85 (4949) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി വിൽക്കുന്നവർക്കും വാങ്ങുന്നവർക്കും ആധാരമെഴുത്തുകാരുടെ സഹായമില്ലാതെ, സ്വന്തമായി പ്രമാണം എഴുതി രജിസ്റ്റർ ചെയ്യാമെന്നുള്ള ഉത്തരവ് വന്നതിന് ശേഷം അന്നു മുതൽ 31-3-2017-വരെ കേരളത്തിൽ എത്ര രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട്;

(ബി) അതിൽ സ്വന്തമായി പ്രമാണം എഴുതി രജിസ്റ്റർ ചെയ്തവർ എത്ര; വിശദമായ കണക്കുകൾ നൽകാമോ?

<u>ഉത്തരം</u>

(എ) 7,50,760 (ഏഴ ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി അറുപത്)

(ബി) 255 (ഇരുനൂറ്റി അൻപത്തി അഞ്ച്)

ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 38 |
| കൊല്ലം | 35 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 12 |
| കോട്ടയം | 11 |
| ഇടുക്കി | 3 |
| എറണാകുളം | 31 |
| തൃശ്ശൂർ | 40 |
| പാലക്കാട് | 17 |
| മലപ്പുറം | 5 |
| കോഴിക്കോട് | 20 |
| വയനാട് | 3 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 9 |
| ആകെ | 255 |

## സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

86 (4950) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-10-1960-ലെ ജി.ഒ.(എം.എസ്.) 795/60/അഗ്രി നമ്പർ പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചത് കോ ഓപ്പറേറ്റീവ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കാണോ അതോ സംഘങ്ങളിലെ അംഗങ്ങൾക്കാണോയെന്ന് വിശദമാക്കുമോ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘം, സംഘത്തിന്റെ ബിസിനസ്സ് സംബന്ധമായ ആവശ്യാർത്ഥം എഴുതി വാങ്ങുന്ന ആധാരങ്ങൾക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിർത്തലാക്കി, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ജി.ഒ.(എം.എസ്.) 795/60/അഗ്രി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 1960-ലെ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനോ പുനഃപരിശോധിക്കുന്നതിനോ ഉള്ള നിർദ്ദേശം രജിസ്ട്രേഷൻ വകുപ്പിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 8-10-1960-ലെ ജി.ഒ.(എം.എസ്.) 795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചത് കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കാണ്.

(ബി &സി) 8-10-1960-ലെ ജി.ഒ.(എം.എസ്.) 795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടതായ പരാതികൾ ലഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് മുദ്രയിളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് വന്നാൽ മാത്രമേ സഹകരണ സംഘങ്ങൾക്ക് ജി.ഒ.(എം.എസ്.) 795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**കാസർഗോഡ് ഉദുമ സബ് രജിസ്ട്രാർ ഓഫീസ്**

87 (4951) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത സ്ഥാപനം ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം 22-3-1971-ലാണ് ആരംഭിച്ചത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നഫീസത്തുൽ മിസിരിയ കെ. കെ. മുനീറ എന്നിവരുടെ മുക്ത്യാർ എജന്റ് എന്ന നിലയിൽ ശ്രീ. കെ. കെ. അബ്ദുള്ള ഹാജി എന്നയാൾ എഴുതി നൽകിയ 4030/2011-ാം നമ്പർ ദാനാധാര പ്രകാരം ഉദുമ വില്ലേജിൽ റീസർവ്വേ നമ്പർ 155-ൽപ്പെട്ട 10 സെന്റ് വസ്തു ടി ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായിട്ടുണ്ട്.

(ഡി) ഉണ്ട്. ടി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റൈസേഷൻ നടപടി**

88 (4952) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) രജിസ്ട്രേഷൻ വകുപ്പുകളിലെ എല്ലാ സാമ്പത്തിക ഇടപാടുകളും ഓൺ ലൈൻ വഴി ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കഴിഞ്ഞ 30 വർഷത്തെ രജിസ്ട്രേഷൻ വിവരങ്ങളും മറ്റ് ജില്ലകളിൽ 20 വർഷത്തെ രജിസ്ട്രേഷൻ വിവരങ്ങളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇന്ത്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം എന്ന പരിപാടിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനാവശ്യമായ പദ്ധതി തുക യഥാസമയം ലഭിക്കുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

(സി & ഡി) നിലവിൽ രജിസ്ട്രേഷൻ ഫീസ്, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ അപേക്ഷാ ഫീസ് എന്നിവ ഓൺലൈൻ വഴി ഒടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സേവനപ്രദാനം നവീകരിക്കുന്നതിന്റെ ഭാഗമായി ആധാര രജിസ്ട്രേഷൻ നടത്തുന്നതിനുള്ള മുദ്രപത്രം ഇലക്ട്രോണിക് രൂപത്തിൽ എടുക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സൗകര്യം സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

## ചെറുവയ്ക്കൽ വില്ലേജിലെ 30 സെന്റ് സ്ഥലം കൈമാറ്റം ചെയ്തതിന്റെ വിവരങ്ങൾ

89 (4953) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചെറുവക്കൽ വില്ലേജിൽ, മെഡിക്കൽ കോളേജിനു സമീപമുള്ള സർവ്വെ 819- ൽ പ്പെട്ട ( റീ സർവ്വേ 7/9) 30 സെന്റ് സ്ഥലം ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ കൈമാറ്റം ചെയ്തതത്തിന്റെ ഡോക്കുമെന്റ് നമ്പർ വ്യക്തമാക്കുമോ;കൈമാറ്റ വില എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർവ്വെ നമ്പരിൽ റോഡ് ആക്സസ് ഉള്ള സ്ഥലത്തിന് നിശ്ചയിച്ചിട്ടുള്ള 50 ശതമാനം വർദ്ധന വരുത്തിയ വില സെന്റിന് എത്രയാണ്;

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര രൂപ ഈ കൈമാറ്റത്തിന് ഈടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഡോക്യുമെന്റ് നമ്പർ 867/2017

കൈമാറ്റവില - 1,42,50,000 രൂപ

(ബി) ചെറുവയ്ക്കൽ വില്ലേജിലെ റിസർവ്വെ 7/9 Wet Land ഇനത്തിൽ ഒരു ആർ വസ്തുവിന് 50% വർദ്ധനവ് വരുത്തിയ ന്യായവില 3,90,000 രൂപയാണ് (സെന്റിന് 1,57,895 രൂപ). എന്നാൽ റീസർവ്വെ 7-ൽപ്പെട്ട എൻ.എച്ച്/ പി.ഡബ്ല്യ.ഡി റോഡ് ആക്സസ് എന്ന ക്ലാസ്സിഫിക്കേഷനിൽ ഒരു ആറിന് 7,50,000 രൂപ കണക്കാക്കിയിട്ടുള്ളതും, 50% വർദ്ധനവ് വരുത്തി 11,25,000 രൂപ ന്യായവില (സെന്റിന് 4,55,466 രൂപ) നിശ്ചയിച്ചിട്ടുള്ളതുമാണ്.

(സി) ടി വസ്തു രജിസ്റ്റർ ചെയ്യുന്നതിന് SRO 136/2017, 137/2017 എന്നീ നമ്പരുകളിലായി പ്രസിദ്ധീകരിച്ചിട്ടുള്ള 17-3-2017 തീയതിയിലെ G.O(P)No.12/2017/TD, G.O(P)No.13/2017/TD എന്നീ ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ ഫീസിലും, സ്റ്റാമ്പ് ഡ്യൂട്ടിയിലും സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത കൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയിട്ടില്ല.

## ട്രെയിൻ സർവ്വീസുകൾ

90 (4954) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് മതിയായ ട്രെയിൻ സർവ്വീസുകൾ ഇല്ലാത്തത് കാരണം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് സംസ്ഥാനത്തേക്ക് പുതിയ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ ട്രെയിൻ സർവ്വീസുകൾ നേടിയെടുക്കുന്ന കാര്യത്തിൽ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് സംസ്ഥാനത്തേയ്ക്ക് പുതിയ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് 2017-ലെ എം.പി.-മാരുടെ യോഗത്തിൽ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശബരി റെയിൽ പ്രോജക്ട്

91 (4955) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നടപടിക്രമങ്ങൾ ഏതു വരെയായി; ഇതിനായി സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന കേന്ദ്ര സർക്കാർ വിഹിതത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽപ്പാത കോട്ടയം ജില്ലയിൽ പതിമൂന്നോളം വില്ലേജുകളിൽ കൂടിയാണ് കടന്നുപോകുന്നത്. ഇതിൽ മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ച് റെയിൽവേ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പ്രത്യേക പൊന്നുംവില കാര്യാലയങ്ങൾ ഇല്ലാത്തതിനാലാണ് നടപടികൾ വൈകുന്നത്.

കോട്ടയം ജില്ലയിൽ ഭൂമി ഏറ്റെടുത്തിട്ടില്ല. എറണാകുളം ജില്ലയിൽ അഞ്ച് വില്ലേജുകളിലായി അങ്കമാലി - 2.88 ഹെക്ടർ; നെടുമ്പാശ്ശേരി- 4.78 ഹെക്ടർ; മറ്റൂര്- 10.23 ഹെക്ടർ; വടക്കുംഭാഗം- 5.33 ഹെക്ടർ; ചേലാമറ്റം -1.17 ഹെക്ടർ ഉൾപ്പെടെ ആകെ 24.39 ഹെക്ടർ വിസ്തീർണ്ണത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഭൂമി ഏറ്റെടുത്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി കോട്ടയം ജില്ലയിൽ കേന്ദ്രവിഹിതമായി രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ കേന്ദ്ര വിഹിതമായി ലഭിച്ച 39,15,11,977 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**ട്രെയിൻ യാത്രക്കാരുടെ പ്രശ്നങ്ങൾ**

92 (4956) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന്റെ പരിമിതികൾ കണക്കിലെടുത്ത്, നേമം സ്റ്റേഷൻ വികസിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഓഫീസ് ജീവനക്കാരും, വിദ്യാർത്ഥികളും ഉൾപ്പെടെ നിരവധിപേർ ആശ്രയിക്കുന്ന, നിത്യേനയുള്ള ട്രെയിനുകളിൽ അനുഭവപ്പെടുന്ന തിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ ട്രെയിനുകളിലെ ബോഗികളുടെ എണ്ണം കൂട്ടുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ട്രെയിനുകൾ മിക്കപ്പോഴും വൈകിഓടുന്നതുമൂലം ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും യഥാസമയം ഓഫീസുകളിലും, പാഠശാലകളിലും എത്താൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാസഞ്ചർ ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം കൂട്ടുന്നതിന് റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുന്നതാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. റെയിൽ പാതയിലെ ജോലി മൂലമുണ്ടാകുന്ന വേഗത നിയന്ത്രണം, സാങ്കേതിക തകരാറുകൾ എന്നീ കാരണങ്ങളാലാണ് ട്രെയിനുകൾ വൈകുന്നത്.

## കൊല്ലങ്കോട് സ്റ്റേഷനിൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

93 (4957) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ രാമേശ്വരത്തേക്ക്, കൊല്ലങ്കോട് റെയിൽവേ സ്റ്റേഷൻവഴി കടന്നുപോകുന്ന ട്രെയിനുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) രാമേശ്വരത്തേക്ക് പോകുന്ന ട്രെയിനുകൾക്ക് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട്ടിലെ പ്രധാന ക്ഷേത്രങ്ങളായ പഴനി, മധുര, രാമേശ്വരം എന്നിവിടങ്ങളിലേക്ക് പോകാൻ നെന്മാറ, ചിറ്റൂർ, ആലത്തൂർ, തരൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾ ആശ്രയിക്കുന്ന ഏക റെയിൽവേ സ്റ്റേഷൻ കൊല്ലങ്കോടായതിനാൽ, ഇതുവഴി രാമേശ്വരത്തേക്ക് പോകുന്ന ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പ് അനുവദിക്കാനുള്ള നടപടി റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) നിലവിൽ എറണാകുളം-രാമേശ്വരം-എറണാകുളം ഒരു പ്രതിവാര പ്രത്യേക ട്രെയിൻ നമ്പർ 06035/06036 പാലക്കാട് ഡിവിഷനിലെ കൊല്ലങ്കോട്വഴി കടന്നുപോകുന്നു. ഈ ട്രെയിനിന് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എറണാകുളം-രാമേശ്വരം-എറണാകുളം സ്പെഷ്യൽ ട്രെയിനായ 06035/06036-ന് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സർവ്വീസ് തുടങ്ങുന്നതിന് മുമ്പ് തന്നെ ഡിവിഷണൽ ഹെഡ്ക്വാർട്ടേഴ്സിൽ ശിപാർശ നൽകിയിരുന്നുവെങ്കിലും നാളിതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം ഒരിക്കൽകൂടി റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിലെ റിസർവേഷൻ സൗകര്യം

94 (4958) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് റെയിൽവെ സ്റ്റേഷനിൽ മുമ്പ് ഉണ്ടായിരുന്ന റിസർവേഷൻ സൗകര്യം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട്, കൊല്ലങ്കോട് റെയിൽവെ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യം പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിലെ നിലവിലുള്ള യാത്രക്കാരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യത്തിന്റെ ആവശ്യകതയില്ല. എന്നിരുന്നാലും ഭാവിയിൽ യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന മുറയ്ക്ക് ഈ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽവെ ഓവർ ബ്രിഡ്ജ്

95 (4959) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പത്ത് കോടി രൂപ അനുവദിച്ചുകൊണ്ടുള്ള 17-1-2011-ലെ G.O.(Rt)No.73/2011/PWD - എന്ന ഉത്തരവിൻ പ്രകാരം സ്വീകരിച്ച് വരുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത റെയിൽവെ ഓവർ ബ്രിഡ്ജുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടത്തുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിന്റെ അംഗീകാരം നൽകിയ അലൈൻമെന്റ് അനുസരിച്ച് പ്രസ്തുത ബൈപ്പാസിന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി. റെയിൽവേയുടെ നിലവിലുള്ള ഏഴ് കണ്ണി പാലത്തിന് മുകളിലൂടെ ആയതിനാൽ മേൽ അലൈൻമെന്റ് മാറ്റേണ്ടിവരുമെന്ന് 2016 മാർച്ച് മാസം നടന്ന റെയിൽവേ ടീമിന്റെ സംയുക്ത പരിശോധനയിൽ വാക്കാൽ അറിയിച്ചിട്ടുണ്ട്. തുടർന്ന് റെയിൽവെയുടെ ലൈൻ ക്രോസ് ചെയ്യുന്ന ഭാഗം പുനർനിശ്ചയിക്കുന്നതിന് വേണ്ടി

റെയിൽവെയുമായി വീണ്ടും ഒരു സംയുക്ത പരിശോധന നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അലൈൻമെന്റ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ലാന്റ് അക്വിസിഷൻ നടപടികൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

(സി) ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

**ഗവൺമെന്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന എയ്ഡഡ് അദ്ധ്യാപകർ**

96 (4960) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താല്ക്കാലികമായി ഗവൺമെന്റ് സ്കൂളുകളിൽ ജോലി ചെയ്ത് ശമ്പളം പറ്റുന്ന എയ്ഡഡ് അദ്ധ്യാപകരെ ഗവൺമെന്റ് അദ്ധ്യാപകരായാണോ, എയ്ഡഡ് അദ്ധ്യാപകരായാണോ സർക്കാർ പരിഗണിക്കുന്നത്;

(ബി) ഇങ്ങനെ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ നഷ്ടപ്പെട്ട സേവനകാലവും സാമ്പത്തിക ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളിൽ പുനർവിന്യസിക്കപ്പെടുന്ന എയ്ഡഡ് വിഭാഗത്തിലെ സംരക്ഷിതാദ്ധ്യാപകരെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരായിത്തന്നെയാണ് കണക്കാക്കുന്നത്.

(ബി) 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം നടത്തിയ തസ്തിക നിർണ്ണയത്തിന്റെ ഫലമായി 2011-12 മുതൽ സ്കൂളുകളിൽ തസ്തിക നഷ്ടമായ ആരുടെയും ശമ്പളം 31-5-2016 വരെ നൽകാതിരുന്നിട്ടില്ല. സംരക്ഷിതാദ്ധ്യാപകർക്ക് പുനർവിന്യാസ തീയതി മുതൽ മാത്രമേ ശമ്പളത്തിന് അർഹതയുള്ളൂവെന്ന് മേൽപ്പറഞ്ഞ ഉത്തരവിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ 1-6-2016 മുതൽ പുനർവിന്യസിക്കപ്പെട്ട തീയതിയുടെ തലേദിവസം വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഐ.ടി. വിഷയത്തിൽ ഗ്രേസ് മാർക്ക്

97 (4961) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേസ് മാർക്ക് ഉണ്ടായിട്ടും എസ്. എസ്. എൽ. സി. പരീക്ഷയിൽ ഐ. ടി. വിഷയത്തിനൊഴികെ മറ്റെല്ലാ വിഷയങ്ങൾക്കും എ പ്ളസ് നേടിയ വിദ്യാർത്ഥികൾക്ക് ഐ. ടി. വിഷയത്തിൽ ഗ്രേസ് മാർക്ക് നൽകാത്തതിനാൽ എ പ്ളസ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. ടി. വിഷയത്തിന് ഗ്രേസ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## വി.എച്ച്.എസ്.സി. ഫിസിക്സ് ജൂനിയർ-സീനിയർ തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

98 (4962) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ഫിസിക്സ് ജൂനിയർ തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ഒഴിവുകൾ എന്തുകൊണ്ട് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് വ്യക്തമാക്കുമോ;-

(സി) എൻ.വി.റ്റി- ഫിസിക്സ് സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നിലവിലുണ്ടായിരുന്ന നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി & ഡി) നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (സീനിയർ) തസ്തികയിൽ നിലവിൽ 8 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (ജൂനിയർ) തസ്തികയിലെ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഒഴിവുകളായതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**പഠന-ബോധന പ്രവർത്തനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ**

99 (4963) ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠന-ബോധന പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ എങ്ങനെയെല്ലാമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കായി മൾട്ടിമീഡിയ പഠന സഹായങ്ങൾ ഉൾപ്പെടുന്ന ലേണിംഗ് പോർട്ടൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികളുടെ പഠനഭാരം, അദ്ധ്യാപകരുടെ ബോധനഭാരം എന്നിവ ലഘൂകരിക്കുന്നതിനും കുട്ടികളുടെ സ്വയം പഠനശേഷി വളർത്തുന്നതിനും സഹായിക്കുംവിധം ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുദിനം മാറ്റങ്ങൾക്ക് വിധേയമാകുന്ന വിവരസാങ്കേതിക വിദ്യ ഇതര മേഖലകളിലെന്നപോലെ പഠന-ബോധന പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഐ.സി.ടി. ഉപകരണങ്ങൾ, അവ

ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലനം, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി, അനുയോജ്യമായ ഇ-കണ്ടന്റുകൾ തുടങ്ങിയവ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതോടൊപ്പം ഇപ്രകാരം ലഭ്യമാക്കുന്ന സൗകര്യങ്ങൾ സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വിവിധ പഠന-ബോധന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) ഓരോ പാഠഭാഗങ്ങളും ലളിതവും ഫലപ്രദവുമായി വിനിമയം ചെയ്യുന്നതിനും വിദ്യാർത്ഥികളിൽ അനായാസം പഠന പ്രവർത്തനങ്ങൾ എത്തിക്കുന്നതിനും അനുയോജ്യമായ ഇ-കണ്ടന്റുകൾ ആവശ്യമാണ്. വിദ്യാർത്ഥിയുടെ നിലവാരത്തിനും നിലവിലുള്ള രീതിശാസ്ത്രത്തിന് അനുയോജ്യവുമായ ഇ-കണ്ടന്റുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക ലേണിംഗ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18 അധ്യയനവർഷം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇത് ലഭ്യമാക്കുന്നതാണ്.

(സി) പഠന പ്രവർത്തനങ്ങൾ ലളിതവും ഫലപ്രദവുമാക്കുക, പ്രയാസമേറിയ പാഠഭാഗങ്ങൾ രസകരമായി വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് സഹായിക്കുക, ക്ലാസ് മുറികളിലും പഠന പ്രവർത്തനങ്ങളിലും പ്രയാസമുള്ള പഠന വിഭവങ്ങൾ വീഡിയോ, ഓഡിയോ, അനിമേഷൻ, ഇന്ററാക്ടീവ് തുടങ്ങിയവയിലൂടെ കുട്ടികളിലെത്തിക്കുക, പഠനാസൂത്രണം നടത്തുന്നതിനും പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും അദ്ധ്യാപകർക്ക് സൗകര്യങ്ങളൊരുക്കുക, സ്വയംപഠനത്തിന് വിദ്യാർത്ഥികൾക്ക് സൗകര്യങ്ങളൊരുക്കുക, പാഠഭാഗങ്ങൾ ക്ലാസ് മുറിക്ക് പുറത്തും ലോകത്തെവിടെവച്ചും ഉപയോഗിക്കുന്നതിന് സൗകര്യമൊരുക്കുക തുടങ്ങിയവയാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ.

(ഡി) ആധുനിക വിവരവിനിമയ സാങ്കേതികവിദ്യ മറ്റ് മേഖലകളിലെന്ന പോലെ വിദ്യാഭ്യാസ മേഖലയിലും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇത് അദ്ധ്യാപകരുടെ ബോധന പ്രവർത്തനങ്ങൾക്കും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാണ്. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഐ.സി.ടി. ഉപകരണങ്ങൾ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി, അദ്ധ്യാപക പരിശീലനം, ഇ-കണ്ടന്റ് തുടങ്ങിയവ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പഠനബോധന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## എസ്.എസ്.എൽ.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ

100 (4964) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മാലോത്ത് കർത്ത ഹയർ സെക്കന്ററി സ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; തൽസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണർ കാസർഗോഡ് ജില്ലയിലെ മാലോത്ത് കസ്ബ ഗവൺമെന്റ് ഹൈസ്കൂളിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഹെഡ്മാസ്റ്റർ, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർമാർ, പരാതിക്കാരൻ എന്നിവരെ നേരിൽ കേട്ടതിനുശേഷം അവരോരോരുത്തരുടെയും മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത അന്വേഷണത്തിന്റെ വെളിച്ചത്തിൽ പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ചീഫ് സൂപ്രണ്ടിന് പരീക്ഷാ സമയത്ത് ഹാളിൽ കയറി മോണിറ്റർ ചെയ്യുന്നതിന് അപാകതയില്ലെങ്കിലും, കുട്ടികൾക്ക് ആത്മവിശ്വാസം പകരാനാണെന്ന് പറഞ്ഞ് പരീക്ഷാ സമയത്ത് ക്ലാസ്സിൽ കയറിയത് നീതീകരിക്കാനാകില്ലെന്നും malpractice നടത്തിയെന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊതുസമൂഹത്തിന് സംശയത്തിനിടനൽകുന്ന വിധത്തിലുള്ള ഇത്തരം ക്ലാസ് സന്ദർശനങ്ങൾ മേലിൽ ഒഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതാണെന്ന് പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ

101 (4965) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തെറ്റുകൾ കടന്നുകൂടാതിരിക്കുന്നതിന് എന്തെങ്കിലും മുൻകരുതലുകൾ എടുത്തിട്ടുണ്ടോ;എങ്കിൽ അറിയിക്കാമോ;

(ബി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തെറ്റ് തിരുത്തുവാനായി 2015-ലും, 2016-ലും എത്ര അപേക്ഷകൾ വീതം ലഭിച്ചുവെന്നും അതിൽ ഇനിയും തെറ്റുതിരുത്തി നൽകുവാനുള്ളവ എത്രയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരീക്ഷാഭവൻ 2016 ഒക്ടോബർ 21-ന് എസ്.എസ്.എൽ.സി. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം എ ലിസ്റ്റാക്കുകയും 'എ' ലിസ്റ്റിൽ വിദ്യാർത്ഥികളുടെ തെറ്റുവന്ന വിവരങ്ങൾ പ്രധാനാദ്ധ്യാപകർ ഇ-മെയിൽ ചെയ്യുന്നതിനനുസരിച്ച് തിരുത്തിനൽകുകയും ചെയ്തിരുന്നു. കൂടാതെ മേയ് 5-ന് എസ്.എസ്.എൽ.സി. റിസൾട്ട് പ്രഖ്യാപിച്ചശേഷം വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് പ്രിവ്യൂ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നൽകുകയും വിദ്യാർത്ഥികളുടെ വിവരങ്ങളിലെ തെറ്റുകളുണ്ടെങ്കിൽ അറിയിക്കുവാൻ എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാനാദ്ധ്യാപകരിൽ നിന്നുള്ള അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തിരുത്തലുകൾ കമ്പ്യൂട്ടർ ഡാറ്റയിൽ വരുത്തുന്ന നടപടി നടന്നുവരുന്നു. ഇപ്രകാരം എല്ലാ തിരുത്തലുകളും വരുത്തിയ ശേഷമാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്.

(ബി) 2015-ൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്താനായി 3119 അപേക്ഷകൾ ലഭിച്ചു. മുഴുവൻ സർട്ടിഫിക്കറ്റുകളും തെറ്റുതിരുത്തി നൽകി. 2016-ൽ 1000-ൽ താഴെ അപേക്ഷകൾ ലഭിച്ചു. ലഭിച്ച അപേക്ഷകൾ തെറ്റുതിരുത്തി നൽകിയിട്ടുണ്ട്.

**മിഡ്-ഡേ മീൽ സ്കീം**

102 (4966) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മിഡ്-ഡേ മീൽ' പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; ഈ വർഷം ഇതുവരെ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1984 മുതൽ സംസ്ഥാനം തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കി വന്നിരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 1995 മുതൽ കേന്ദ്ര/സംസ്ഥാന ഫണ്ടുകളുപയോഗിച്ചാണ് നടപ്പാക്കിവരുന്നത്. പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.* ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു തുടർപദ്ധതിയാണ്. ആയതുകൊണ്ട് തന്നെ ഉത്തരം (എ)-യിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും ഈ വർഷം നടപ്പിലാക്കുന്നതാണ്.

(സി) 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഉച്ചഭക്ഷണ പദ്ധതിക്കായി 20341.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മാൻഡേറ്ററി വിഹിതം 11635.48 ലക്ഷം രൂപ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാന സർക്കാർ ബജറ്റിൽ പ്ലാൻ ശീർഷകങ്ങളിൽ 64053 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകങ്ങളിൽ 4234.66 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് പ്രാവശ്യം പാൽ നൽകുന്നതിന് 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2017-18 വർഷത്തെ ഫണ്ട് ഇതുവരേയും വിനിയോഗിച്ച് തുടങ്ങിയിട്ടില്ല. ജൂൺ ആദ്യവാരം തന്നെ സ്കൂളുകൾക്കുള്ള ഫണ്ട് വിതരണം നടത്തുന്നതിലേയ്ക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ശ്രീ. ടോമി ജോസഫ് അനിത്താനത്തിന് മിനിമം പെൻഷൻ**

103 (4967) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 10 വർഷം സേവനം ചെയ്ത ശ്രീ. ടോമി ജോസഫ് അനിത്താനത്തിന് മിനിമം പെൻഷൻ നൽകണമെന്നുള്ള ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അനുകൂല ഉത്തരവ് സർക്കാർ നടപ്പാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ് ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രീ. ടോമി ജോസഫ് പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ പരാതി പ്രകാരം ഫയൽ നമ്പർ ജി. ഇ. ഡി./എസ്. സി. 1/35/2017- ൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; റിപ്പോർട്ട് നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; അല്ലെങ്കിൽ റിപ്പോർട്ട് വൈകുന്നതിന്റെ കാരണം അറിയിക്കാമോ?

ഉത്തരം

(എ-സി) ശ്രീ. ടോമി ജോസഫ് ഫയൽ ചെയ്ത WP(C) No.30119/2017 നമ്പർ കേസ്സിനെ സംബന്ധിച്ച റിപ്പോർട്ട് 26-4-2017-ലെ G.EDN/SC1/35/17 G.Edn. നമ്പർ സർക്കാർ കത്ത് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ശ്രീ. ടോമി ജോസഫ് ടിയാൾ ഫയൽ ചെയ്ത കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലി ചെയ്തിരുന്ന സ്കൂളിലോ എറണാകുളം മേഖലാ ഓഫീസിലോ ഇതേവരെ പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ലായെന്നും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## എൽ.പി., യു.പി., ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ്

104 (4968) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി ,യു.പി, ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് (സർക്കാർ, എയ്ഡഡ്)കെ-ടെററ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതി മുതലാണ് ഇതിന് പ്രാബല്യമുള്ളത്; അറിയിക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളേയോ, നിയമനങ്ങളെയോ ഇത് ബാധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 25-7-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 244/12/ പൊ.വി.വ. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ എൽ.പി., യു.പി., ഹൈസ്കൂൾ അദ്ധ്യാപകർക്ക് കെ-ടെറ്റ് 2012-13 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. 30-8-2016 ലെ ജി.ഒ. (പി) നമ്പർ 145/2016/പൊ.വി.വ. പ്രകാരം ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളെ ഇത് ബാധിക്കുകയില്ല. പി.എസ്.സി. വിജ്ഞാപനത്തിൽ കെ-ടെറ്റ് യോഗ്യത കൂടി ചേർക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധമാവുകയുള്ളൂ.

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ

105 (4969) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 15 സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയിന്മേൽ ഡി.പി.ഐ.യും ജനറൽ എഡ്യൂക്കേഷൻ (എം) സെക്ഷനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ഐ.-യിലെയും ജനറൽ എഡ്യൂക്കേഷൻ (എം) സെക്ഷനിലെയും ഫയൽ നമ്പർ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ റിപ്പോർട്ടും ഭരണാനുമതിക്കാവശ്യമായി സ്വീകരിച്ച പ്രവർത്തനങ്ങളും കാലതാമസം നേരിടുന്നതിന്റെ വിശദവിവരവും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി ഡയറക്ടേറ്റിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയോ/ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) മേയ് 30-ന് മുമ്പായി ഭരണാനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) മാവേലിക്കര നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 15 സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയിന്മേലുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8-5-2017-ലെ ഡബ്ല്യൂ. 3/15346/2017/ ഡി.പി.ഐ. നമ്പർ കത്ത് പ്രകാരം 19-5-2017-ൽ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽ ലഭിക്കുകയുണ്ടായി. ആയതിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ജനറൽ എഡ്യുക്കേഷൻ വകുപ്പിൽ 249/M2/2017/G.Edn നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) നടപടികൾ വേഗത്തിൽ നടന്നുവരുന്നു.

## പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ

106 (4970) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഉദുമ നിയോജകമണ്ഡലത്തിലെ തച്ചങ്ങാട് ഗവ.ഹൈസ്കൂളിൽ പ്ലസ് ടു അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്ത് മാത്രമേ സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ കഴിയുകയുള്ളൂ. 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ 2017-18 വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ. ടി പ്രക്രിയ പൂർത്തിയാക്കിയശേഷം പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ ആരംഭിക്കുന്നതിനായി സർക്കാർ നയപരമായ തീരുമാനമെടുത്ത് അപേക്ഷ ക്ഷണിക്കുന്നപക്ഷം ടി നയപരമായ തീരുമാനത്തിനുള്ളിൽ വരികയാണെങ്കിൽ തച്ചങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അധികൃതർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ഹയർ സെക്കന്ററി മേഖലയിലെ അദ്ധ്യാപകർക്ക് നിയമന അംഗീകാരം

107 (4971) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹയർസെക്കന്ററി മേഖലയിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ടെന്നും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരാണ് നിലവിൽ ഹയർ സെക്കന്ററി മേഖലയിൽ ദിവസവേതനമോ, ശമ്പളമോ ഇല്ലാതെ ജോലിചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1. മുസ്ലീം എച്ച്.എസ്.എസ്., പുതുനഗരം.

2. വി.ഐ.എം.എച്ച്.എസ്.എസ്., പല്ലശ്ശന.

(സി) 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളുടെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. എയ്ഡഡ് സ്കൂളുകളിൽ നിയമപ്രകാരം നിയമനം നടത്തുന്നത് മാനേജ്മെന്റാണ്.

**ഹയർ സെക്കന്ററി മേഖലകളിൽ അദ്ധ്യാപകരുടെ ഒഴിവ്**

108 (4972) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കന്ററി മേഖലകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് നിലവിലുള്ളത്; തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

തസ്തികമാറ്റ നിയമനം, ജൂനിയർ-സീനിയർ പ്രൊമോഷൻ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ട് അഡ്വൈസ് ലഭിക്കാനുള്ളത് എന്നിവ ചേർത്ത് നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ |
|---|---|---|
| (1) | (2) | (3) |
| 1 | എച്ച്.എച്ച്.എസ്.ടി. (ജൂനി.)പൊളിറ്റിക്സ് | 28 |
| 2. | എച്ച്.എച്ച്.എസ്.ടി. പൊളിറ്റിക്സ് | 31 |
| 3. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഹിസ്റ്ററി | 32 |
| 4. | എച്ച്.എച്ച്.എസ്.ടി. ഹിസ്റ്ററി | 41 |
| 5. | എച്ച്.എച്ച്.എസ്.ടി. സോഷ്യൽ വർക്ക് | 04 |
| 6. | എച്ച്.എച്ച്.എസ്.ടി. കന്നഡ | 01 |
| 7. | എച്ച്.എച്ച്.എസ്.ടി. (ജൂനി.) ബോട്ടണി | 20 |
| 8. | എച്ച്.എച്ച്.എസ്.ടി. ബോട്ടണി | 07 |
| 9. | എച്ച്.എച്ച്.എസ്.ടി. ഫിലോസഫി | 01 |
| 10. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഫിലോസഫി | 02 |

| (1) | (2) | (3) |
|---|---|---|
| 11. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)സോഷ്യോളജി | 04 |
| 12 | എച്ച്.എച്ച്.എസ്.ടി. സോഷ്യോളജി | 19 |
| 13. | എച്ച്.എച്ച്.എസ്.ടി. ഇസ്ലാമിക് ഹിസ്റ്ററി | 01 |
| 14. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഇക്കണോമിക്സ് | 45 |
| 15. | എച്ച്.എച്ച്.എസ്.ടി. ഇക്കണോമിക്സ് | 29 |
| 16. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)സ്റ്റാറ്റിസ്റ്റിക്സ് | 01 |
| 17. | എച്ച്.എച്ച്.എസ്.ടി. സ്റ്റാറ്റിസ്റ്റിക്സ് | ഇല്ല. |
| 18. | റഷ്യൻ | ഇല്ല. |
| 19. | എച്ച്.എച്ച്.എസ്.ടി. ഇംഗ്ലീഷ് | 109 |
| 20. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഇംഗ്ലീഷ് | 99 |
| 21. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഹിന്ദി | 32 |
| 22. | എച്ച്.എച്ച്.എസ്.ടി. ഹിന്ദി | 12 |
| 23. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഉറുദു. | 10 |
| 24. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)അറബിക് | 24 |
| 25. | എച്ച്.എച്ച്.എസ്.ടി. അറബിക് | 04 |
| 26. | എച്ച്.എച്ച്.എസ്.ടി. ജിയോളജി | 02 |
| 27. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)മാത്തമാറ്റിക്സ് | 87 |
| 28. | എച്ച്.എച്ച്.എസ്.ടി. മാത്തമാറ്റിക്സ് | 40 |
| 29. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)കെമിസ്ട്രി | 16 |
| 30. | എച്ച്.എച്ച്.എസ്.ടി. കെമിസ്ട്രി | 27 |
| 31. | എച്ച്.എച്ച്.എസ്.ടി. ഫിസിക്സ് | 11 |
| 32. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)ഫിസിക്സ് | 30 |
| 33. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)മലയാളം | 69 |
| 34. | എച്ച്.എച്ച്.എസ്.ടി. മലയാളം | 28 |
| 35. | എച്ച്.എച്ച്.എസ്.ടി. (ജൂനി.)സംസ്കൃതം | 11 |
| 36. | എച്ച്.എച്ച്.എസ്.ടി. സംസ്കൃതം | 01 |
| 37. | എച്ച്.എച്ച്.എസ്.ടി. ജേർണലിസം | 05 |

## കായിക അദ്ധ്യാപകരുടെ ശമ്പളം

109 (4973) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി. എസ്. സി. വഴി ഹൈസ്കൂൾ അദ്ധ്യാപകനായി നിയമനം ലഭിക്കുന്ന കായിക അദ്ധ്യാപകന് യു. പി. സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം മാത്രമാണ് നൽകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണ്; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. വഴി കായികാദ്ധ്യാപകരെ യു.പി. സ്കൂളിലും ഹൈസ്കൂളിലും നിയമിക്കുന്നുണ്ട്. ഹൈസ്കൂളിലായാലും യു.പി. സ്കൂളിലായാലും കായികാദ്ധ്യാപകനായിട്ടാണ് നിയമനം ലഭിക്കുന്നത്. കായികാദ്ധ്യാപകരും സംഗീതം, ചിത്രകല, ക്രാഫ്റ്റ് അദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർക്ക് ആദ്യകാല ശമ്പള പരിഷ്കരണ റിപ്പോർട്ട് മുതൽ ഒരേ ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്. ഹൈസ്കൂൾ വിഭാഗത്തിലും യു.പി. വിഭാഗത്തിലും ഇവർ ഒരേ ജോലിയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ യു.പി./ഹൈസ്കൂൾ വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ഇവർക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ അനുവദിക്കാനാവില്ല.

## സൗജന്യ യൂണിഫോം വിതരണം

110 (4974) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് സൗജന്യമായി യൂണിഫോം വിതരണം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട തുണിത്തരങ്ങൾ ഏതെല്ലാം മേഖലകളിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ യൂണിഫോം നൽകേണ്ട കുട്ടികളുടെ എണ്ണം ആറാം പ്രവൃത്തി ദിവസത്തിനുശേഷം മാത്രമേ കൃത്യമായി കണക്കാക്കാൻ കഴിയൂ എന്നിരുന്നാലും ഏകദേശം 755297 കുട്ടികൾക്ക് യൂണിഫോം വിതരണം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ നിന്നും 219151 കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ബാക്കിവരുന്ന കുട്ടികൾക്ക് അതാത് സ്കൂൾ തലത്തിൽ തന്നെയാണ് യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എംപാനൽ ചെയ്ത ബിഡ്ഡർമാരിൽ നിന്നോ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ നിന്നോ ആണ് യൂണിഫോം വാങ്ങേണ്ടത്.

(സി) സംസ്ഥാനത്തെ സർക്കാർ മേഖലയിലെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ടി സ്കൂളുകൾ ആവശ്യപ്പെട്ടത് അനുസരിച്ചുള്ള കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിൽ നൽകി വന്നതുപോലെ 400 രൂപ നിരക്കിൽ രണ്ട് ജോഡി യൂണിഫോമിനുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പ്ലസ് വൺ പ്രവേശനം**

111 (4975) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം വ്യക്തമാക്കാമോ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ പത്താം ക്ലാസ്സ് പരീക്ഷയുടെ റിസൾട്ട് വൈകുന്നത് കാരണം ഈ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമത്തിനകം പ്ലസ് വൺ പ്രവേശനം നേടാൻ കഴിയുകയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യം പരിഗണിച്ച് നിലവിൽ നിശ്ചയിച്ചിരിക്കുന്ന സമയക്രമം പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള സമയക്രമം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഈ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് വഴി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമത്തിനകം പ്ലസ് വൺ പ്രവേശനം നേടുന്നതിന് അവസരമുണ്ട്.

(സി) 2017-18 അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയക്രമം പുനഃക്രമീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഏകജാലക പ്രവേശനത്തിന്റെ മുഖ്യ അലോട്ട്മെന്റിലേയ്ക്ക് അപേക്ഷിക്കുവാനുള്ള സമയം ദീർഘിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിക്കുവാൻ തീരുമാനിച്ച് അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സുകളിലെ വിധിക്കനുസരിച്ച് സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

**നീറ്റ് പരീക്ഷ**

112 (4976) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീറ്റ് പരീക്ഷ എഴുതാനെത്തിയ വിദ്യാർത്ഥിനികളുടെ വസ്ത്രം അഴിച്ചു പരിശോധന, വസ്ത്രം മുറിച്ചു മാറ്റൽ, തുടങ്ങിയ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരീക്ഷാർത്ഥികൾക്ക് നൽകിയ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മറ്റ് വിദ്യാർത്ഥിനികളുടെയും പോലീസുകാരുടേയും മുമ്പിൽ വച്ച് സി. ബി. എസ്. ഇ. അധികാരികളുടെ ഭാഗത്ത് നിന്നുമുണ്ടായ ഇത്തരം പ്രവണതകൾ സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിൽ നടന്നുവെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയാമോ ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഇത്തരം ഹീന പ്രവൃത്തികൾ ചെയ്ത സി. ബി. എസ്. ഇ. ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ &ബി) സംസ്ഥാനത്തെ പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ട ഈ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് സംസ്ഥാന എൻട്രൻസ് കമ്മീഷണറിൽ നിന്നും ബന്ധപ്പെട്ട പോലീസ് അധികാരികളിൽനിന്നും ലഭ്യമാക്കുന്നതാണ്.

(സി) ഈ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് സി.ബി.എസ്.ഇ. റീജിയണൽ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ഡി) സി.ബി.എസ്.ഇ. സംസ്ഥാന സർക്കാരിന്റെ അധീനതയിൽ അല്ലാത്തതിനാൽ ഇതിലെ നിയമ പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് ഇത്തരം പ്രവൃത്തികൾ ചെയ്തവർക്കെതിരെയും ഇപ്രകാരം ആവർത്തിക്കാതിരിക്കുന്നതിൽ സാധ്യമായതെല്ലാം ചെയ്യുന്നതാണ്.

**മലയാളം നിർബന്ധിത ഭാഷയാക്കാനുള്ള നടപടി**

113 (4977) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കാനുള്ള നടപടിയുടെ പൂർത്തീകരണം ഏതു ഘട്ടത്തിലാണെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത പാഠ്യഭാഷയാക്കി നിശ്ചയിച്ച് 10-4-2017-ന് 705-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച ബിൽ [2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ] 28-4-2017-ന് നിയമസഭയിൽ അവതരിപ്പിക്കുകയും അത് 17-5-2017-ന് ചേർന്ന സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 അദ്ധ്യയനവർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കുക, സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ നിരോധനം ഏർപ്പെടുത്തുന്നത് വിലക്കുക, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുമ്പോഴും

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുമ്പോഴും മലയാളഭാഷാ പഠനം നിർബന്ധമാക്കുന്ന വ്യവസ്ഥകൾ വയ്ക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ ബില്ലിനുള്ളത്. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന പ്രഥമാദ്ധ്യാപകർക്ക് പിഴശിക്ഷ ചുമത്താനും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം പിൻവലിക്കാനും അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### അറബിക് രണ്ടാം ഭാഷയായി അനുവദിക്കുന്നതിനുള്ള നടപടി

114 (4978) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഗവണ്മെന്റ് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്ലസ്ടു വിഭാഗത്തിൽ അറബിക് രണ്ടാംഭാഷയായി അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പത്താംക്ലാസ് വരെ അറബിക് ഒന്നാം ഭാഷ പഠിച്ച മോയൻസ് സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് പ്ലസ്ടുവിൽ അറബിക് രണ്ടാംഭാഷയായി പഠിക്കുന്നതിനുള്ള സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### ഹൈടെക്/സ്മാർട്ട് ക്ലാസ്

115 (4979) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളാണ് ഹൈടെക്/സ്മാർട്ട് ക്ലാസ് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈടെക് ആക്കി മാറ്റുമ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഹൈടെക് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ, വിവരസാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിന് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുമോ; വിശദീകരിക്കുമോ;

(ഡി) നിലവിലെ അദ്ധ്യാപകർക്കു ഐ.ടി. പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഹൈടെക് ആക്കുന്നതാണ്.

(ബി) സ്കൂളിലെ അടച്ചുറപ്പുള്ളതും പൊടിശല്യമില്ലാത്തതുമായ എല്ലാ ക്ലാസ് മുറികളിലും ലാപ് ടോപ്പ്, വൈറ്റ് ബോർഡ്, മൾട്ടിമീഡിയ പ്രോജക്ടർ, ശബ്ദസംവിധാനം, ഇന്റർനെറ്റ് കണക്ഷൻ, ഇ-കണ്ടന്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

(സി) ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസമാണ് സ്കൂളുകളിൽ നടപ്പാക്കുന്നത്. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐ.സി.ടി.-യുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന-ബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആയതിനാൽ വിവര സാങ്കേതിക വിദ്യാപഠനത്തിന് മാത്രമായി പ്രത്യേക അദ്ധ്യാപകരെ നിയമിക്കേണ്ട ആവശ്യം വരുന്നില്ല.

(ഡി) നിലവിലുള്ള എല്ലാ അദ്ധ്യാപകർക്കും പ്രത്യേക ഐ.സി.ടി. പരിശീലനം നൽകുന്നുണ്ട്. 2017 ഏപ്രിൽ മാസത്തിൽ 38000 അപ്പർപ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. മേയ് മാസത്തിൽ 11 മേഖലകളിൽ/വിഷയങ്ങളിലായി എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നുണ്ട്. പതിനൊന്ന് മേഖലകളിലായി തിരിച്ച് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകർക്കും പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്സിന് കെട്ടിടം

116 (4980) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്. എസ്സ്. എസ്സിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ആദ്യഗഡുവായി ഭരണാനുമതി നൽകിയ തുകയുടെ 20 ശതമാനം അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കെട്ടിടം നിർമ്മിക്കുന്നത്. ടി കെട്ടിട നിർമ്മാണത്തിനായി 412 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്.

(സി) ഭരണാനുമതി നൽകിയ തുകയുടെ 20 ശതമാനം ആദ്യ ഗഡുവായി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിട നിർമ്മാണം**

117 (4981) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്, സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ലായെന്ന കാരണത്താൽ അനുമതി നിഷേധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത്;

(സി) മാസ്റ്റർ പ്ലാൻ ആവശ്യപ്പെടുന്നതുമൂലം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ ഹെഡ്മാസ്റ്റർ/അദ്ധ്യാപക രക്ഷാകർത്തൃ സമിതി/സ്കൂൾ വികസന കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ സർക്കാർ അക്രഡിറ്റഡ് ഏജൻസിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

(സി & ഡി) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർവ്വ ശിക്ഷാ അഭിയാൻ**

118 (4982) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതിയുടെ സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; ഈ വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി))വിശദാംശം അനുബന്ധം 1 -II ആയി ചേർത്തിരിക്കുന്നു*.

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി**

119 (4983) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u>
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) യുടെ ചുമതലകൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പഠനവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളെ സംബന്ധിച്ച നയ സമീപനം വ്യക്തമാക്കുന്ന രേഖയായ കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്. 2007), അനുഭവങ്ങളുടെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യുന്നതിന് തയ്യാറാകുമോ;

(സി) വിദ്യാഭ്യാസ മേഖലയിലെ പുത്തൻ പ്രവണതകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂളുകൾക്കാവശ്യമായ ഡിജിറ്റൽ കണ്ടന്റ് വികസിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടി.- യുടെ പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തക നിർമ്മാണം, അദ്ധ്യാപക പരിശീലനം, ഗവേഷണം എന്നീ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം പൊതു വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗങ്ങളായ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ് എസ്.എസ്.എ., ആർ.എം.എസ്.എ., ഐ.റ്റി @ സ്കൂൾ, എസ്.ഐ.ഇ.ടി. തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ അക്കാദമിക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും എസ്.സി.ഇ.ആർ.ടി.-യാണ്.

(ബി) കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്. 2007) പുനരവലോകനം ചെയ്ത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(സി) പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമായ ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിക്കുന്നതിന് ഐ.റ്റി. @ സ്കൂൾ പ്രോജക്ടുമായും, എസ്.ഐ.ഇ.ടി.യുമായും സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് അക്കാദമിക പിന്തുണയും എസ്.സി.ഇ.ആർ.ടി. നൽകിവരുന്നു.

**പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടി**

120 (4984) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി പ്രത്യേകിച്ചും വിദ്യാർത്ഥിനികൾ ചില പ്രാകൃത രീതിയിലുള്ള പരിശോധനയ്ക്ക് വിധേയമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിയുള്ള കോപ്പിയടി ഏതെങ്കിലും ഇലക്ട്രോണിക് സംവിധാനത്തിലൂടെ തടയാനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) അല്ലെങ്കിൽ പരീക്ഷാ ഹാളിൽ മൊബൈൽ ഫോൺ ജാമർ ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടത്തുന്ന പരീക്ഷകൾ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി &സി) ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിയുള്ള കോപ്പിയടി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂൾ കെട്ടിടങ്ങളുടെയും സ്കൂൾ ബസ്സുകളുടെയും ഫിറ്റ്നസ് പരിശോധന

121 (4985) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വകുപ്പ് ശേഖരിക്കാറുണ്ടോ; വിശദീകരിക്കുമോ;

ഉത്തരം

അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട മാനേജ്മെന്റും നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/ എയ്ഡഡ്/ അംഗീകൃത സ്വകാര്യ സ്കൂൾ കെട്ടിടങ്ങളും പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്കൂൾ ഉപയോഗയോഗ്യമല്ലാത്തതോ, ജീർണ്ണാവസ്ഥയിലുള്ളതോ, മഴക്കാലത്ത് പഠന

പ്രവർത്തനം നടത്താനാവാത്തതോ ആയി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരികളുടെയോ അടിയന്തര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെയോ ശ്രദ്ധയിൽ കൊണ്ടുവന്ന് അപാകതകൾ പരിഹരിച്ച് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങളിൽ ക്ലാസ് നടത്തരുതെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശേഖരിക്കുകയും ചെയ്തുവരുന്നു.

## സ്കൂൾ പ്രിൻസിപ്പൽമാരുടെ അധിക ചുമതല

122 (4986) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ സ്കൂൾ നടത്തിപ്പിനോടൊപ്പം അദ്ധ്യാപനംകൂടി ചെയ്യുന്നതുകൊണ്ട് സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അറിയിക്കാമോ;

(ബി) ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്നൊഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(സി) 150-ൽ അധികം കുട്ടികളുള്ള എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ, 100 ലധികം കുട്ടികളുള്ള യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരെ അദ്ധ്യാപനത്തിൽ നിന്ന് ഒഴിവാക്കിയ ഉത്തരവിൽ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരെ കുറിച്ച് എന്തെങ്കിലും പരാമർശം ഉണ്ടായിരുന്നോ;എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണനയിലില്ല.

(സി) പരാമർശിക്കപ്പെട്ടിട്ടില്ല.

## സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തകവും യൂണിഫോമും ലഭിക്കുന്നതിന് നടപടി

123 (4987) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകവും യൂണിഫോമും സ്കൂൾ തുറക്കുമ്പോൾത്തന്നെ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതിനോടകം എല്ലാ കുട്ടികൾക്കും പുസ്തകവും യൂണിഫോമും വിതരണം നടത്തുവാൻ കഴിഞ്ഞിട്ടുള്ള എത്ര സ്കൂളുകളുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെയും (കെ.ബി.പി.എസ്.) 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാഠപുസ്തക വിതരണം മോണിറ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ജില്ലാതലത്തിൽ ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചുകൊണ്ട് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റ രീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മേൽനോട്ടത്തിൽ അതത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പാഠപുസ്തക വിതരണത്തിന്റെ പരിശോധനയ്ക്കുള്ള നിർദ്ദേശം നൽകുകയും അവലോകനം നടത്തി പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചുമതലയും നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ മേഖലാടിസ്ഥാനത്തിൽ പാഠപുസ്തക വിതരണം കാര്യക്ഷമമാക്കുന്നതിനും ഏകോപനത്തിനുമായി രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചുമതല നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിലെന്നപോലെ രണ്ട് ജോഡി യൂണിഫോമിന് 400 രൂപ നിരക്കിൽ നൽകുന്നതിന് 19-5-2017-ന് ഉത്തരവ് നൽകിയിട്ടുണ്ട്. 22-5-2017 മുതൽ ഈ തുക സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പാഠപുസ്തക വിതരണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൃത്യമായ കണക്ക് ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

യൂണിഫോം വിതരണം 22-5-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതും തുടർന്ന് 25-5-2017 ഓടുകൂടി എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ ക്ലാസ്സെടുക്കുന്ന സർക്കാർ അദ്ധ്യാപകർ

124 (4988) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെയും ഹയർ സെക്കന്ററി സ്കൂളുകളിലെയും പല അദ്ധ്യാപകരും, സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നുവെന്നത് വസ്തുതയാണോ;

(ബി) പല സർക്കാർ അദ്ധ്യാപകരും എൻട്രൻസ് ക്രാഷ് കോഴ്സിന് ക്ലാസ്സുകളെടുക്കുന്നതായും, കൊല്ലം ജില്ലയിലെ കടയ്ക്കലുള്ള ചിങ്ങോലി, ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപമുള്ള സ്വകാര്യ ട്യൂഷൻ സെന്റർ എന്നിവിടങ്ങളിൽ ക്ലാസ്സെടുക്കുന്നതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളിലെയും ഹയർസെക്കന്ററി സ്കൂളിലെയും അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി വിഷയത്തിൽ 2 അദ്ധ്യാപകർ മുമ്പ് സ്വകാര്യ ട്യൂഷൻ എടുത്തത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിരുന്നു.

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകർ എൻട്രൻസ് കോച്ചിംഗ് നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(സി) പരാതിയിന്മേൽ അന്വേഷണ നടപടി പുരോഗമിച്ചുവരുന്നു.

## മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവരുടെ തുടർപഠന സാധ്യത

125 (4989) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഈ വർഷം എത്ര പേർ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി; പാസ്സായവരുടെ എണ്ണവും എ പ്ലസ് നേടിയവരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ബി) ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുടെ എണ്ണവും അവിടെ നിലവിലുള്ള പ്ലസ് വൺ സീറ്റുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(സി) മറ്റു കോഴ്സുകൾക്ക് (ഐ.ടി.ഐ., പോളിടെക്നിക്ക്, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ) നിലവിലുള്ള സ്ഥാപനങ്ങളും അവിടെയുള്ള സീറ്റുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനത്തിനുള്ള സാഹചര്യം ജില്ലയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ആനുപാതികമായി ഓരോ വിദ്യാലയത്തിലും കോഴ്സുകളും സീറ്റുകളും വർദ്ധിപ്പിക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | ആകെ പരീക്ഷ എഴുതിയവർ - | 80,584 |
| | പാസ്സായവരുടെ എണ്ണം - | 76,985 |
| | എ പ്ലസ് നേടിയവരുടെ എണ്ണം - | 3,640 |

(ബി) സർക്കാർ മേഖലയിൽ 85 സ്കൂളുകളും, 26,100 സീറ്റുകളുമുണ്ട്. എയ്ഡഡ് മേഖലയിൽ 88 സ്കൂളുകളും 23,280 സീറ്റുകളുമുണ്ട്.

(സി) ഐ.റ്റി.ഐ. - 6 സർക്കാർ ഐ.റ്റി.ഐ.കളും 692 സീറ്റുകളുമുണ്ട്. ഭൗതിക സാഹചര്യങ്ങൾ ലഭ്യമായ സ്ഥാപനങ്ങളിൽ 30 ശതമാനം അധിക സീറ്റുകളിൽ കൂടി പ്രവേശനം നൽകുന്നുണ്ട്.

2016 വർഷം മലപ്പുറം ജില്ലയിലുള്ള 41 സ്വകാര്യ ഐ.ടി.ഐ.കളിൽ ആകെ 6837 സീറ്റുകൾ ഉണ്ടായിരുന്നതിൽ 2755 പേർ മാത്രമേ പ്രവേശനം നേടിയിരുന്നുള്ളൂ. കൂടാതെ പട്ടികജാതി വകുപ്പിനുകീഴിലുള്ള 4 എസ്.സി.ഡി.ഡി.

ഐ.ടി.ഐ.-കളിൽ 146 സീറ്റുകൾ ഉണ്ടായിരുന്നതിൽ 126 സീറ്റുകളിൽ പ്രവേശനം നടത്തിയിരുന്നു. സ്വകാര്യ ഐ.ടി.ഐ.കളിലും എസ്.സി.ഡി.ഡി.ഐ.ടി.ഐ.-കളിലും ഏകദേശം ഇതേ സ്ഥിതി തന്നെ 2017 വർഷവും (ആഗസ്റ്റ് സെഷൻ) പ്രതീക്ഷിക്കുന്നു.

പോളിടെക്നിക് - സർക്കാർ കോളേജുകൾ 4-ഉം, സീറ്റുകളുടെ എണ്ണം 790-ഉം, എയ്ഡഡ് കോളേജുകൾ-1-ഉം, സീറ്റുകളുടെ എണ്ണം-360-ഉം, സ്വാശ്രയ കോളേജുകൾ- 4-ഉം സീറ്റുകളുടെ എണ്ണം 1140-ഉം ആണ്.

സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് 1-ഉം, സീറ്റുകളുടെ എണ്ണം 60-ഉം ആണ്.

(ഡി) സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിലുള്ള ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.റ്റി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ ലഭ്യമായ സീറ്റും, ഓപ്പൺ സ്കൂൾ സംവിധാനം കൂടി പ്രയോജനപ്പെടുത്തുന്നപക്ഷം എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനത്തിനുള്ള സാഹചര്യം മലപ്പുറം ജില്ലയിൽ ലഭ്യമാണ്.

(ഇ) ബാധകമല്ല.

**വാമനപുരം മണ്ഡലത്തിലെ സ്കൂളുകളിലെ നിക്ഷേപം**

126 (4990) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ നിന്നും പ്രത്യേക ഫീസ് ഇനത്തിൽ മുൻകാലങ്ങളിൽ പിരിച്ചെടുത്തിരുന്ന തുക സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പേരിൽ ട്രഷറികളിൽ നിക്ഷേപിച്ചിരുന്നത് പിൻവലിച്ച് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ ഓരോ സ്കൂളിലും ഈയിനത്തിൽ എത്ര രൂപ വീതം നിക്ഷേപമുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽനിന്നും സ്പെഷ്യൽ ഫീസ് ഇനത്തിലും കോഷൻ ഡെപ്പോസിറ്റിനത്തിലും ശേഖരിക്കുന്ന തുകയാണ് സംസ്ഥാന ട്രഷറികളിലെ പി.ഡി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത്. കോഷൻ ഡെപ്പോസിറ്റ് പഠനം

പൂർത്തിയാക്കിയതിനുശേഷം വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകുന്നു. ഇതിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ ശേഖരിക്കുന്ന തുക സ്കൂളിന്റെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്കായി അതാത് സാമ്പത്തിക വർഷം വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം സ്കൂൾ പ്രധാനാദ്ധ്യാപകരും പ്രിൻസിപ്പൽമാരും അതാത് വർഷം ശേഖരിക്കുന്ന സ്പെഷ്യൽ ഫീസ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ കിടക്കുന്ന തുക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ പ്രസ്തുത തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള സാധ്യത സർക്കാർ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും പ്രധാനാദ്ധ്യാപകർക്കും പി.ഡി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്ന തുക സ്റ്റോർ പർച്ചേസ് മാനുവൽ വ്യവസ്ഥകൾക്ക് വിധേയമായും എൽ.എസ്.ജി.ഡി. വിഭാഗം എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിനിയോഗിക്കുവാൻ 29-3-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 884/2017/പൊ.വി.വ. പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനും ക്ലാസ് മുറികളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിനുമുള്ള അറ്റകുറ്റപ്പണികൾക്കായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥി കേന്ദ്രീകൃത അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അടുക്കള, ഡൈനിംഗ് ഹാൾ, ടോയ്‌ലെറ്റുകൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ 17 ഗവൺമെന്റ് സ്കൂളുകളിലെയും 18 എയ്ഡഡ് സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരുടെ പേരിൽ ട്രഷറികളിൽ നിക്ഷേപിച്ചിരിക്കുന്ന സ്പെഷ്യൽ ഫീസ് തുക സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ എല്ലാവരും സ്കൂളിനൊപ്പം എന്ന പദ്ധതി

127 (4991) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്നും തലശ്ശേരി നിയോജകമണ്ഡലത്തിലെ 'എല്ലാവരും സ്കൂളിനൊപ്പം' - 'എ കോമ്പ്രിഹെൻസീവ് പ്രോഗ്രാം ടു പ്രൊവൈഡ് ഡിജിറ്റൽ ഫെസിലിറ്റീസ് ടു സ്കൂൾ' എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമായോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിന് എന്തെങ്കിലും ഇടപെടൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നു ഉണ്ടായോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 'എല്ലാവരും സ്കൂളിനൊപ്പം ' 'എ കോമ്പ്രിഹെൻസീവ് പ്രോഗ്രാം ടു പ്രൊവൈഡ് ഡിജിറ്റൽ ഫെസിലിറ്റീസ് ടു സ്കൂൾ' എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കുവാൻ വേണ്ട നിർദ്ദേശം കണ്ണൂർ ഡി.ഡി.ഇ.-യ്ക്കും ഡി.പി.ഐ.-യ്ക്കും നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പാഠപുസ്തക വിതരണം

128 (4992) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ അക്കാദമിക വർഷത്തേക്കുള്ള പാഠപുസ്തക വിതരണം പൂർത്തിയായോ;

(ബി) സൗജന്യ യൂണിഫോം വിതരണം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ പാഠപുസ്തക അഴിമതി സംബന്ധിച്ച കേസ് നിലവിലുണ്ടോ; ഇതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 അക്കാദമിക വർഷത്തിലേയ്ക്ക് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക വിതരണം പൂർത്തിയായിവരുന്നു. +1 പാഠപുസ്തക വിതരണം മേയ് മാസം അവസാനപാദത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. +2 പാഠപുസ്തകങ്ങളുടെ വിതരണം ഏകദേശം പൂർത്തിയായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിലെന്നപോലെ രണ്ട് ജോഡി യൂണിഫോമിന് 400 രൂപ നിരക്കിൽ നൽകുന്നതിന് 19-5-2017-ന് ഉത്തരവ് നൽകിയിട്ടുണ്ട്. 22-5-2017 മുതൽ ഈ തുക സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

യൂണിഫോം വിതരണം 22-5-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതും തുടർന്ന് 25-5-2017-ഓടുകൂടി എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷ**

129 (4993) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 29 സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒരു തസ്തിക പോലും ഇല്ല എന്നിരിക്കെ, ടി സ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നത് ആരെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും, ബി എഡും എടുത്തവർ ആണ് ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതെങ്കിൽ അതുമൂലം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിൽ കണ്ടു വരുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് വിഷയത്തിന് പ്രാധാന്യം നൽകുന്ന അവസരത്തിൽ ജില്ലയിലെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലും ഇല്ല എന്നത് ടി ആശയത്തിന്റെ ശോഭ കെടുത്തും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) ടി സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 7-1-2002 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/02/ പൊ.വി. പ്രകാരം 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ 5 ഡിവിഷനുകളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഹൈസ്കൂളിൽ ഒരു ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്)-ന്റെ തസ്തിക അനുവദിക്കാൻ കഴിയൂ. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ഓരോ ഡിവിഷനോ അല്ലെങ്കിൽ ആകെ 4 ഡിവിഷനോ മാത്രമുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകന്റെ തസ്തിക അനുവദിക്കുന്നില്ല എന്നത് വസ്തുതയാണ്. ഇത്തരം വിദ്യാലയങ്ങളിൽ മറ്റ് കോർ സബ്ജക്ടുകൾ (ഭൗതിക ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം മുതലായവ) പഠിപ്പിക്കുന്ന അദ്ധ്യാപകരാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

**സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി**

130 (4994) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് കുന്നപ്പിള്ളി:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 40 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്കൂളുകൾ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ 'കിറ്റ്കോ' പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ടി പദ്ധതി 2016-2021 കാലയളവിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

**സ്കൂൾ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ**

131 (4995) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസും ഗതാഗത വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ വാഹനങ്ങളിൽ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ എത്ര പരിശോധനകൾ 2016-17 വർഷത്തിൽ നടത്തിയെന്നും എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ കയറ്റിക്കൊണ്ട് പോകുന്ന സ്കൂൾ/

പബ്ലിക് കാരിയറുകൾ സ്കൂൾ തുറക്കുന്നതിന് മുമ്പായി ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കി മോട്ടോർവാഹന വകുപ്പിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദവിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്റരുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശനനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

**അദ്ധ്യാപക വിദ്യാർത്ഥി അനുപാതം**

132 (4996) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ് അടിസ്ഥാനത്തിൽ നിർണ്ണയിച്ചാൽ മതിയെന്ന തരത്തിൽ സുപ്രീംകോടതിയിൽനിന്നും വിധിയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിധി പകർപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിലുള്ള ഔദ്യോഗികമായ അറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ചുകഴിഞ്ഞ് ആയത് പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേര്

133 (4997) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർബുക്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിന് നേരെ എസ്.സി./എസ്.റ്റി. എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തുന്ന നടപടി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർബുക്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിന് നേരെ ചുവന്ന മഷി ഉപയോഗിച്ച് മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്

134 (4998) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് കേരള (സീമാറ്റ് - കേരള) യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാര്യനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട പ്രസ്തുത സ്ഥാപനം ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര വിജയിച്ചില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്ത് നയപരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തക്കവിധം സീമാറ്റിനെ പരിവർത്തനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വകുപ്പിലെ ഹെഡ്മാസ്റ്റർ മുതൽ ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ളവർക്ക് നൽകിവരുന്ന മാനേജ്മെന്റ് പരിശീലനത്തിന്റെ അവലോകനം ഓരോ പരിശീലന പരിപാടിയും അവസാനിക്കുന്ന ദിവസം കൃത്യമായി നടത്താറുണ്ട്. ഇതിനുപുറമെ ഇതര മാർഗ്ഗങ്ങളിലൂടെയും ട്രെയിനിംഗ് സംബന്ധമായ ഫീഡ് ബാക്ക് ശേഖരിക്കുന്നുണ്ട്. ഇത്തരം അവലോകനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പ്രവർത്തനരീതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് (ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ) മാനേജ്മെന്റ് പരിശീലനം നൽകുന്നതിനായി സ്ഥാപിതമായ സീമാറ്റ്-കേരള, മാനേജ്മെന്റ് പരിശീലനത്തിനുപുറമേ ഇതുമായി ബന്ധപ്പെട്ട ഗവേഷണ പരിപാടികളും നടത്തിവരുന്നുണ്ട്. കൂടാതെ നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ ജില്ലാതലം വരെയുള്ള ഓഫീസർമാർക്ക് മാനേജ്മെന്റ് പരിശീലനവും സീമാറ്റ്-കേരള മുഖാന്തരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്ത് നയപരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തക്കവണ്ണം സീമാറ്റിനെ പരിവർത്തനപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സംസ്ഥാനത്തെ സ്കൂളുകൾ

135 (4999) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾ ഉണ്ടായിരുന്നു;

(ബി) ഇതിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ എത്ര;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകളുള്ള ജില്ല ഏതാണ്;

(ഡി) പ്രസ്തുത ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ എത്ര വീതമുണ്ട്;

(ഇ) പ്രസ്തുത ജില്ലയിൽ എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സിലബസുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുണ്ട്;

(എഫ്) അവിടെ എത്ര നവോദയ വിദ്യാലയങ്ങൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ജവഹർ നവോദയ വിദ്യാലയം എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന 12882 സ്കൂളുകൾ. അവയിൽ സർക്കാർ സ്കൂൾ - 4619

എയ്ഡഡ് സ്കൂൾ - 7140

അൺ എയ്ഡഡ് സ്കൂൾ - 1123

(സി) മലപ്പുറം

(ഡി) സർക്കാർ സ്കൂൾ - 546

എയ്ഡഡ് സ്കൂൾ - 781

അൺ എയ്ഡഡ് സ്കൂൾ - 221

(ഇ) സി.ബി.എസ്.ഇ. സ്കൂൾ - 113

ഐ.സി.എസ്.ഇ. സ്കൂൾ - 3

(എഫ്) ഒരു കേന്ദ്രീയ വിദ്യാലയവും ഒരു ജവഹർ നവോദയ വിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്.

## സ്കൂളുകളിലെ ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി

136 (5000) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റലാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ആയത് 'കിഫ്ബി ' അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടുവരെ 4775 സ്കൂളുകളിലായി 45000 ക്ലാസ്സ് മുറികളാണ് ഹൈടെക് ആക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ നടത്തേണ്ട പ്രവർത്തനങ്ങൾ (സുരക്ഷിതമായ മുറി, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഷെൽഫ്) പൂർത്തിയാക്കുന്ന സ്കൂളുകളെ മുൻഗണനാക്രമത്തിൽ നിർവ്വഹണത്തിന് പരിഗണിക്കും. മുഴുവൻ ക്ലാസ്സ് മുറികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കാത്ത സ്കൂളുകളിൽ ഓരോ ഘട്ടത്തിലും ക്ലാസ് മുറികൾ പൂർത്തിയാക്കുന്നമുറയ്ക്ക് ഐ.ടി.സി. സൗകര്യങ്ങൾ ഒരുക്കും. സർക്കാർ/എയ്ഡഡ് മേഖലകളിൽനിന്നുള്ള 2685 ഹൈസ്കൂളുകളും 1701 ഹയർസെക്കന്ററി സ്കൂളുകളും 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. (ആകെ 4475 സ്കൂളുകൾ). എല്ലാ ക്ലാസ്സ്

മുറികളിലും ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, വൈറ്റ് ബോർഡ്, ശബ്ദസംവിധാനം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഐ.ടി. ലാബിൽ ഡെസ്ക്ടോപ്പ്, യു.പി.എസ്., മൾട്ടി-ഫംഗ്ഷൻ പ്രിന്റർ, എൽ.സി.ഡി. ടി.വി., എച്ച്.ഡി. ക്യാമറ എന്നിവയും ലഭ്യമാക്കുന്നുണ്ട്. ഐ.ടി. ലാബും ക്ലാസ്സ് മുറികളും തമ്മിൽ നെറ്റ് വർക്കിംഗ് നടത്തുന്നതോടൊപ്പം ലാബിലെ സെർവർ കമ്പ്യൂട്ടറിനെ ഓരോ ക്ലാസ്സ് മുറിയുമായി ബന്ധിപ്പിച്ച് വിവരങ്ങൾ പങ്കുവയ്ക്കാൻ സംവിധാനവും ഒരുക്കുന്നതാണ്. ഫൈബർ അധിഷ്ഠിത അതിവേഗ ഇന്റർനെറ്റ് കണക്ഷനാണ് എല്ലാ ക്ലാസ്സ് മുറികളിലും ലഭ്യമാക്കുന്നത്.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഐ.ടി. @ സ്കൂൾ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിക്കുള്ള തുക കിഫ്ബി മുഖേനയാണ് കണ്ടെത്തുന്നത്.

### കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കമ്പ്യൂട്ടർ ടീച്ചർമാർ

137 (5001) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എയ്ഡഡ് സ്കൂളുകളിൽ പി.റ്റി.എ.- യുടെ ചെലവിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ അദ്ധ്യാപകരുടെ പേര് , ഇവർ ഓരോരുത്തരും നിലവിൽ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന വേതനം, സ്കൂളിന്റെ പേര്, മാനേജ്മെന്റിന്റെ/മാനേജരുടെ പേര്, വിലാസം, ഇവർ എന്ന് മുതൽ ഈ സ്കൂളിൽ പ്രവർത്തിക്കുന്നു തുടങ്ങിയ വിവരങ്ങൾ സഹിതം പട്ടിക ലഭ്യമാക്കാമോ;

(ബി) ഇത്തരം അദ്ധ്യാപകർക്ക് വളരെ തുച്ഛമായ വേതനം മാത്രമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് ന്യായമായ വേതനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എട്ടാം ക്ലാസിൽ ഐ.ടി. പഠനം ആരംഭിച്ച 2002-03 വർഷം മുതൽ 2004-05 വർഷം വരെ സ്കൂളുകളിൽ ഐ.ടി. പഠനത്തിന് സഹായിക്കുന്നതിനായി ഇൻസ്ട്രക്ടർമാരെ നിയോഗിക്കുന്നതിന് അനുവാദം നൽകിയിരുന്നു. എന്നാൽ നിലവിലുള്ള അദ്ധ്യാപകർതന്നെ ഐ.സി.ടി. പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതാണ് ഉചിതമെന്ന കണ്ടെത്തലിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-5-2005-ലെ എൻ.ഇ.പി.(3)37770/05/ ഡി.പി.ഐ. നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചിരുന്ന ഐ.ടി. ഇൻസ്ട്രക്ടർമാരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചിരുന്നു.

(ബി & സി) ബാധകമല്ല.

**സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുവാനുള്ള പദ്ധതി**

138 (5002) ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുവാനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റലാക്കുന്നതിനുള്ള

വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ആയത് കിഫ്ബി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടുവരെ 4,775 സ്കൂളുകളിലായി 45,000 ക്ലാസ് മുറികളാണ് ഹൈടെക് ആക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ നടത്തേണ്ട പ്രവർത്തനങ്ങൾ (സുരക്ഷിതമായ മുറി, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഷെൽഫ്) പൂർത്തിയാക്കുന്ന സ്കൂളുകളെ മുൻഗണനാക്രമത്തിൽ നിർവ്വഹണത്തിന് പരിഗണിക്കും. മുഴുവൻ ക്ലാസ് മുറികൾ പൂർത്തിയാകുന്ന മുറയ്ക്ക് മുന്നൊരുക്കങ്ങൾ പൂർത്തിയാകാത്ത സ്കൂളുകളിൽ ഓരോ ഘട്ടത്തിലും ക്ലാസ് മുറികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഐ.സി.ടി. സൗകര്യങ്ങൾ ഒരുക്കും. സർക്കാർ/എയ്ഡഡ് മേഖലകളിൽനിന്നുള്ള 2685 ഹൈസ്കൂളുകളും 1701 ഹയർസെക്കന്ററി സ്കൂളുകളും 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. (ആകെ 4475 സ്കൂളുകൾ). എല്ലാ ക്ലാസ് മുറികളിലും ലാപ് ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, വൈറ്റ് ബോർഡ്, ശബ്ദസംവിധാനം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഐ.ടി. ലാബിൽ ഡെസ്ക്ടോപ്, യു.പി.എസ്., മൾട്ടി-ഫംഗ്ഷൻ പ്രിന്റർ, എൽ.സി.ഡി. ടി.വി., എച്ച്.ഡി. ക്യാമറ എന്നിവയും ലഭ്യമാക്കുന്നുണ്ട്. ഐ.ടി. ലാബും ക്ലാസ് മുറികളും തമ്മിൽ നെറ്റ്‌വർക്കിംഗ് നടത്തുന്നതോടൊപ്പം ലാബിലെ സെർവർ കമ്പ്യൂട്ടറിനെ ഓരോ ക്ലാസ് മുറിയുമായി ബന്ധിപ്പിച്ച് വിവരങ്ങൾ പങ്കുവയ്ക്കാൻ സംവിധാനവും ഒരുക്കുന്നതാണ്. ഫൈബർ അധിഷ്ഠിത അതിവേഗ ഇന്റർനെറ്റ് കണക്ഷനാണ് എല്ലാ ക്ലാസ് മുറികളിലും ലഭ്യമാക്കുന്നത്.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഐ.ടി.@സ്കൂൾ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജകമണ്ഡലങ്ങളിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിക്കുള്ള തുക കിഫ്ബി മുഖേനയാണ് കണ്ടെത്തുന്നത്.

### വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

139 (5003) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ഡി.ഇ.ഒ., എ.ഇ.ഒ., ഡി.ഡി.ഇ., എ.എ., എ.ഒ., പി.എ. റ്റു ഡി.ഇ.ഒ തസ്തികകളിൽ ഇപ്പോഴുള്ള ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ;

(ബി) ഓരോ തസ്തികകൾക്കുമുള്ള ഡി.പി.സി കൂടിയിട്ടുണ്ടോ; ഒഴിവുകൾ മുൻകൂട്ടി കണ്ടുകൊണ്ട് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(സി) ചില ഡി.ഡി.ഇ. ഓഫീസുകളിലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും സൂപ്പർവൈസറി തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ഡി) 2017 മാർച്ച് മാസം മുതൽ ഒഴിവുകൾ നിലവിലുള്ള ഓഫീസുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഇ) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് ഏതാനും ആഴ്ചകൾ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ ടി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കാത്ത കാര്യം പരിശോധിക്കുമോ;

(എഫ്) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ പി.എ.-മാർ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ, അക്കൗണ്ട്സ് ഓഫീസർമാർ, അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ തുടങ്ങിയ നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വിദ്യാഭ്യാസ ഉപഡയറക്ടർ | - | 08 |
| ജില്ലാ വിദ്യാഭ്യാസ ഓഫീസർ | - | 09 |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ | - | 16 |

എ.എ., എ.ഒ., പി.എ.ടു ഡി.ഇ.ഒ. തസ്തികകളിൽ നിലവിൽ ഒഴിവില്ല.

(ബി) ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി ഡി.പി.സി. കൂടി ആയതിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികയിലേയ്ക്ക് നിയമപ്രകാരം യോഗ്യരായ ഉദ്യോഗസ്ഥർ ഇല്ലാതിരുന്നതിനാൽ ഒരാൾ മാത്രമേ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ.

(സി) കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒഴികെയുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് നിയമ വ്യവഹാരം നിലനിൽക്കുന്നതിനാൽ (ഭാഷാ ന്യൂനപക്ഷ സംവരണം) ഇക്കാര്യം പ്രത്യേകം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) <u>ഡി.ഡി.ഇ. ഒഴിവ്</u>

| | | |
|---|---|---|
| ഡയറക്ടറേറ്റ് | - | 6 എണ്ണം |
| പാലക്കാട് | - | 1 എണ്ണം |
| വയനാട് | - | 1 എണ്ണം |

<u>ഡി.ഇ.ഒ. ഒഴിവ്</u>

1. ഡി.ഇ.ഒ. തിരുവനന്തപുരം
2. ഡി.ഇ.ഒ. കാഞ്ഞിരപ്പള്ളി
3. ഡി.ഇ.ഒ. കട്ടപ്പന
4. ഡി.ഇ.ഒ. ചേർത്തല
5. ഡി.ഇ.ഒ. പുനലൂർ
6. ഡി.ഇ.ഒ. പാലക്കാട്
7. ഡി.ഇ.ഒ. കാസർഗോഡ്
8. ഡി.ഇ.ഒ. തലശ്ശേരി (ഏപ്രിൽ 1 മുതൽ)
9. ഡി.ഇ.ഒ. ഒറ്റപ്പാലം

<u>എ.ഇ.ഒ. ഒഴിവ്</u>

1. എ.ഇ.ഒ. വർക്കല
2. എ.ഇ.ഒ. കായംകുളം
3. എ.ഇ.ഒ. മൂന്നാർ (തമിഴ് മൈനോരിറ്റി)
4. എ.ഇ.ഒ. അങ്കമാലി
5. എ.ഇ.ഒ. ചാലക്കുടി
6. എ.ഇ.ഒ. തൃശ്ശൂർ ഈസ്റ്റ്
7. എ.ഇ.ഒ. മണ്ണാർക്കാട്
8. എ.ഇ.ഒ. പാലക്കാട്

9. എ.ഇ.ഒ. ആലത്തൂർ

10. എ.ഇ.ഒ. മലപ്പുറം

11. എ.ഇ.ഒ. ഇടപ്പങ്ങറ്റ

12. എ.ഇ.ഒ. വണ്ടൂർ

13. എ.ഇ.ഒ. മേലടി

14. എ.ഇ.ഒ. മാടായി

15. എ.ഇ.ഒ. ചൊക്ലി

16. എ.ഇ.ഒ. തലശ്ശേരി നോർത്ത്

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ**

140 (5004) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത എത്ര അപേക്ഷകർ കോഴിക്കോട് ജില്ലയിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ; അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷകരുടെ കാര്യത്തിൽ സീനിയോറിറ്റി മാനദണ്ഡമുണ്ടോ; ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരാളും വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഒരാളും ഉണ്ട്. അവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അപേക്ഷകന്റെ പേര്: ശ്രീ. അബ്ദുൾ അസീസ്, S/o.(late) മൊയ്തീൻ. പി., ജി.എൽ.പി.എസ്. ചെമ്പുകടവ് [G.O(Rt.) No.606/2017/G.Edn. തീയതി 6-3-2017]

2. അപേക്ഷകന്റെ പേര്: ശ്രീ. ഫാരിസ് എം., S/o. അബ്ദുൾ റഷീദ് എം., യു.ഡി.സി., ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ബാലുശ്ശേരി (G.O.(MS) No.33/2017/G.Edn. തീയതി 28-4-2017) ഹയർ സെക്കന്ററി വകുപ്പിൽ ആശ്രിത നിയമനത്തിനായി നിലവിൽ കോഴിക്കോട് ജില്ലയിൽ സർക്കാർ ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത അപേക്ഷകർ ഇല്ല.

(ബി) ഉണ്ട്. അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിലാണ് സീനിയോറിറ്റി കണക്കാക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിലും വൊക്കേഷണൽ വിദ്യാഭ്യാസ വകുപ്പിലും നിയമനത്തിനായി കാത്തുനിൽക്കുന്നത് ഒരേ ഒരു അപേക്ഷകൻ മാത്രമാണ് എന്നതിനാൽ ലിസ്റ്റ് പ്രസക്തമല്ല.

### ഉച്ചക്കഞ്ഞി വിതരണത്തിലെ ക്രമക്കേട്

141 (5005) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി. പി. ഐ. ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ വ്യക്തി ഉച്ചക്കഞ്ഞി വിതരണത്തിൽ സർക്കാർ നൽകിയ തുക തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകളിലെ തുകയാണ് തട്ടിയെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ ജീവനക്കാരനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തട്ടിയെടുത്ത തുക തിരികെ വാങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ പേരിലായി 27,99,700 രൂപ (ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ് രൂപ) ആണ് ടിയാൾ തട്ടിയെടുത്തിട്ടുള്ളത്. ഏതെല്ലാം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലെ തുകയാണ് എന്നുള്ള കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു.

(സി&ഡി) അറസ്റ്റ് ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ ഉത്തരവുകൾ പാലിക്കാത്ത എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

142 (5006) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാന്റ് കിട്ടുന്ന എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര എന്നും ഇവർ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടോ എന്നും 2016-17 തുടങ്ങി നാളിതുവരെ ഉത്തരവുകൾ പാലിക്കാതെ കണ്ടെത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം എന്നും വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നല്കുന്ന എൻ.ഒ.സി. റദ്ദാക്കാനും ഗ്രാന്റുകൾ തിരിച്ചുപിടിക്കാനും കൂടാതെ എൻ.ഒ.സി. പുതുക്കി നല്കുന്നതു തടയുവാനും ഇതിനു കൂട്ടുനിന്ന സ്കൂൾ അധികൃതർ, പ്രധാനാദ്ധ്യാപകർ, അദ്ധ്യാപകർ എന്നിവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) 2017 ഏപ്രിൽ 28-ന് സർക്കാർ പുറപ്പെടുവിച്ച, മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ ക്ലാസ്സെടുക്കരുതെന്നുള്ള നിർദ്ദേശം ലംഘിച്ചതായി കണ്ടെത്തിയ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂൾ അധികൃതർ/ പ്രധാന അദ്ധ്യാപകർ/ അദ്ധ്യാപകർ എത്ര എന്നും അവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴും രഹസ്യമായി പല എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും മധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നത് പരിശോധിക്കാൻ എന്തെല്ലാം കർശനനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം (ജില്ല തിരിച്ച്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. പൊതുവായുള്ള സർക്കാർ ഉത്തരവുകൾ ഈ വിദ്യാലയങ്ങൾ പാലിക്കുന്നുണ്ട്.

(ബി) കെ.ഇ.ആർ.-ലെയോ സർക്കാർ ഉത്തരവുകളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017 മധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തിയതിന്റെ പേരിൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) മധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തരുതെന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/വിദ്യാഭ്യാസ ഉപ-ഡയറക്ടർമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സർക്കാർ അദ്ധ്യാപകർ മക്കളെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കണമെന്ന നിബന്ധന**

143 (5007) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ മക്കളെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ തന്നെയാണോ പഠിപ്പിക്കുന്നതെന്ന് വിദ്യാഭ്യാസ വകുപ്പ് കണക്കെടുത്തിട്ടുണ്ടോ;

(ബി) ഈ കണക്കെടുപ്പിന്റെ ഉദ്ദേശ്യവും ഫലവും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ശമ്പളം പറ്റുന്ന അദ്ധ്യാപകൻ കുട്ടിയെ സർക്കാർ, എയ്ഡഡ് സ്കൂളിൽത്തന്നെ പഠിപ്പിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി)ബാധകമല്ല

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാനുള്ള നടപടി**

144 (5008) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ലാത്ത എല്ലാ ജില്ലകളിലും ആയത് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ജില്ലകളിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ - സി) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പരിശോധിച്ചുവരുന്നു.

**സർക്കാർ എയ്ഡഡ് യു.പി.സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകർ**

145 (5009) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് യു.പി. സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകർ നിർബന്ധമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്താംകോട്ട എ.ഇ.ഒ.-യുടെ പരിധിയിൽപ്പെട്ട കണത്താർകുന്നം സെൻറ് ആൻഡ്രൂസ് യു.പി.സ്കൂളിൽ 2013 മുതൽ ജോലിചെയ്തു വരുന്ന ഏക ഹിന്ദി അദ്ധ്യാപിക ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ മാനേജ്മെന്റ് നിയമനം സർക്കാർ അംഗീകരിക്കാത്തതിന്റെ പേരിൽ പിരിച്ചുവിടാൻ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധിയൽപ്പെട്ടിട്ടുണ്ടോ;

(സി) അൺ ഇക്കണോമിക് ആയ സെൻറ് ആൻഡ്രൂസ് യു.പി. സ്കൂളിൽ ജോലിചെയ്യുന്ന ശ്രീമതി ലീലാമ്മ ഫിലിപ്പിന് ദിവസ വേതനത്തിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ദിവസവേതനത്തിന് പ്രായപരിധിയുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ, എയ്ഡഡ് യു.പി. സ്കൂളുകളിൽ ഹിന്ദി പഠനത്തിനായി തസ്തിക ലഭ്യമായതിനാൽ അദ്ധ്യാപകർ നിർബന്ധമായും ഉണ്ടായിരിക്കണം.

(ബി) 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ ശ്രീമതി ലീലാമ്മ ഫിലിപ്പിനെ കണത്താർകുന്നം സെന്റ് ആൻഡ്രൂസ് യു.പി. സ്കൂളിൽ മാനേജർ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുകയും പ്രസ്തുത നിയമനം ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചുനൽകുകയും ഈ കാലയളവിലെ ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. 2013-14, 2014-15, 2015-16 വർഷങ്ങളിൽ ടി സ്കൂൾ അൺ ഇക്കണോമിക് സ്കൂളുകളുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നതിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിച്ച് നൽകുവാൻ കഴിയുകയുള്ളൂ. 2016-17 വർഷത്തിൽ ടി സ്കൂളിൽ നിയമനങ്ങൾ നടത്തിയിട്ടില്ല.

(സി) അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനങ്ങളെല്ലാം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് അംഗീകരിക്കാൻ കഴിയുന്നത്. എന്നിരുന്നാലും ഒരു ക്ലാസ്സിൽ ശരാശരി 15 വിദ്യാർത്ഥികളുള്ള സ്കൂളുകളിലെ ഇത്തരം ദിവസവേതനാടിസ്ഥാനത്തിൽ നൽകുന്ന നിയമനാംഗീകാരം റിവ്യൂ ചെയ്ത് ശമ്പള സ്കെയിലിലേയ്ക്ക് മാറ്റിനൽകാൻ പ്രൈമറി സ്കൂളുകളെ സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസറേയും ഹൈസ്കൂളുകളെ സംബന്ധിച്ച് വിദ്യാഭ്യാസ ഉപ-ഡയറക്ടറേയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഡി) റെഗുലർ അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധിയും ഇളവുകളും തന്നെയാണ് ദിവസവേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾക്കും ബാധകമായിട്ടുള്ളത്.

**കുട്ടികളിൽ ശരിയായ സാമൂഹ്യ അവബോധം വളർത്തൽ**

146 (5010) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ ശരിയായ സാമൂഹ്യ അവബോധവും പൗരബോധവും ഇല്ലാത്തതു കാരണം ചെറുപ്രായത്തിൽ തന്നെ മദ്യത്തിനും മറ്റ് ലഹരി പദാർത്ഥങ്ങൾക്കും അടിമകളായി മാറുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ഉത്തമ പൗരൻ എങ്ങനെയായിരിക്കണം എന്നത് കുട്ടികളെ പഠിപ്പിക്കാനും അത്തരത്തിൽ അവബോധം സൃഷ്ടിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) മൊബൈൽഫോണിന്റെയും നവമാദ്ധ്യമങ്ങളുടെയും ദൂഷ്യ ഫലങ്ങളെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികളെ ഉത്തമ പൗരന്മാരാക്കി വളർത്തുന്നതിനുതകുന്ന തരത്തിലാണ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പൗരബോധവും സാമൂഹിക ഉത്തരവാദിത്വവും വളർത്തുവാൻ ഉപകരിക്കുംവിധമാണ് വിവിധ വിഷയങ്ങളും അതിനനുസൃതമായി പഠന പ്രവർത്തനങ്ങളും തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മുഖ്യപരിഗണനാ ഘടകങ്ങളിൽ മേൽപ്പറഞ്ഞ വിഷയവും ഉൾപ്പെടുന്നു.

(സി) പാഠ്യപദ്ധതി പരിഷ്കരണഘട്ടത്തിൽ ഈ വിഷയങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകുന്നതാണ്.

**വെള്ളറടയിൽ ഗവൺമെന്റ് ഹൈസ്കൂൾ**

147 (5011) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറടയിൽ ഗവൺമെന്റ് ഹൈസ്കൂൾ ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വെള്ളറട ഗവൺമെന്റ് യു.പി.സ്കൂളിനെ ഗേൾസ് ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹൈസ്കൂളായി ഉയർത്തിയ യു.പി. സ്കൂളുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ഹൈസ്കൂൾ ഇല്ല. എയ്ഡഡ് മേഖലയിൽ വേലായുധ പണിക്കർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളിൽ ശുചിമുറിയുടെ അപര്യാപ്തത

148 (5012) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ശുചിമുറിയുടെ അപര്യാപ്തതയും, ശുചിത്വക്കുറവും, കൂടാതെ പെൺകുട്ടികൾക്ക് ഉപയോഗിച്ച സാനിറ്ററി നാപ്കിൻ നശിപ്പിക്കാനോ കളയാനോ പറ്റാത്ത സാഹചര്യവും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പെൺകുട്ടികൾ വളരെയധികം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ) ഉണ്ട്.

(സി) ജലലഭ്യതയോടുകൂടിയ യൂറിനൽ, ശൗചാലയം, പെൺകുട്ടികൾക്കായുള്ള നാപ്കിൻ വെന്റിംഗ് മെഷീൻ, മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഇൻസിനറേറ്ററുകൾ എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുവാനുള്ള അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സാനിട്ടറി നാപ്കിനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## മൂർക്കനാട് ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകന്റെ നടപടി

149 (5013) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മൂർക്കനാട് സുബുല്ലുസലാം ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകൻ വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനുമെതിരെ പ്രചരണം നടത്തിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ അദ്ധ്യാപകനെതിരെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) മൂർക്കനാട് സുബുലുസലാം ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകൻ വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് രക്ഷിതാവിന്റെ അനുവാദമില്ലാതെ സർക്കാരിനെയും വിദ്യാഭ്യാസ വകുപ്പിനെയും മോശമായി ചിത്രീകരിച്ചുകൊണ്ട് ഡോക്കുമെന്ററി ചിത്രീകരിച്ചു എന്ന പരാതി ടി വിദ്യാർത്ഥിനിയുടെ പിതാവിൽനിന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുവാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഗ്രന്ഥശാലകൾ**

150 (5014) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതു ഗ്രന്ഥശാലകൾ ഉണ്ടെന്ന് ഗ്രേഡ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ഗ്രന്ഥശാലകൾക്കും അനുവദിച്ചിരിക്കുന്ന വാർഷിക ഗ്രാന്റ് തുകയും ലൈബ്രേറിയൻ അലവൻസും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പൊതു ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ യോഗ്യത എന്താണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഈ ലൈബ്രേറിയൻമാർക്ക് സർക്കാർ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എ ഗ്രേഡ് ലൈബ്രറിയിലെ നിശ്ചിത യോഗ്യതയുള്ള ലൈബ്രേറിയൻമാരെ പാർട്ട് ടൈം ജീവനക്കാരായി നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഗ്രന്ഥശാലകളിൽ സർക്കാർ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) രജിസ്റ്റർ ചെയ്ത എല്ലാ എ ഗ്രേഡ് ഗ്രന്ഥശാലയിലും ഒരു വർഷം കൊണ്ട് ഇന്റർനെറ്റ് സംവിധാനം സജ്ജീകരിക്കുമെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) പൊതു ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് എം. എൽ. എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 8182 പൊതു ഗ്രന്ഥശാലകൾ ഉണ്ട്. ഇതിൽ 5838 ഗ്രന്ഥശാലകൾ ഗ്രഡേഷനിൽ പങ്കെടുത്ത് ഗ്രാന്റ് വാങ്ങുന്നുണ്ട്. അവയുടെ വിവരം ഗ്രേഡ് തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എ ഗ്രേഡ് | - | 1868 |
| ബി ഗ്രേഡ് | - | 1224 |
| സി ഗ്രേഡ് | - | 713 |
| ഡി ഗ്രേഡ് | - | 530 |
| ഇ ഗ്രേഡ് | - | 741 |
| എഫ് ഗ്രേഡ് | - | 762 |

(ബി) ചുവടെ ചേർക്കുംപ്രകാരം വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്:

| ഗ്രേഡ് | വാർഷിക ഗ്രാന്റ് | ലൈബ്രേറിയൻ അലവൻസ് |
|---|---|---|
| എ | 20000 | 20400 |
| ബി | 15000 | 20400 |
| സി | 12000 | 20400 |
| ഡി | 10000 | 17400 |
| ഇ | 8500 | 17400 |
| എഫ് | 7500 | 17400 |

(സി) പൊതുഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് നിലവിൽ യോഗ്യത നിശ്ചയിച്ചിട്ടില്ല. 2016-17 വർഷം എല്ലാ ലൈബ്രേറിയൻമാർക്കുമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഒരു മാസം നീണ്ടുനിന്ന പരിശീലനം സംഘടിപ്പിച്ചിരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 2013-14 മുതൽ ഇതുവരെ 270 ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) 2016-17 വർഷം സർക്കാർ ബജറ്റിൽ ഈ നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി നിമിത്തം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ജി) സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടനിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിച്ചുവരുന്നുണ്ട്. കമ്പ്യൂട്ടർ മുതലായ ഉപകരണങ്ങൾ മൂലധനസ്വഭാവമുള്ള ആസ്തികളുടെ ഗണത്തിൽപ്പെടാത്തതിനാൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഗ്രന്ഥശാലകൾക്ക് പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതിയില്ല.

**അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിദ്യാലയങ്ങൾ**

151 (5015) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന എത്ര എയ്ഡഡ് വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വിദ്യാലയങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16-ലെ സ്ഥിതിവിവര കണക്കു പ്രകാരം എൽ.പി.-2447, യു.പി -571, എച്ച്.എസ്. - 91 എന്നിങ്ങനെ ആകെ 3109 സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികളില്ലാത്തവയായുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

## ഇന്റർനാഷണൽ ലീഡേഴ്സ് ഇൻ എഡ്യൂക്കേഷണൽ പ്രോഗ്രാമിൽ പങ്കെടുത്തതിന് ഡ്യൂട്ടി ലീവ്

152 (5016) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുണൈറ്റഡ് സ്റ്റേറ്റ് ഇന്ത്യ-എഡ്യൂക്കേഷൻ ഫൗണ്ടേഷനും അമേരിക്കൻ ഗവൺമെന്റും സംയുക്തമായി നടത്തുന്ന ഐ.എൽ.ഇ.പി. (ഇന്റർനാഷണൽ ലീഡേഴ്സ് ഇൻ എജ്യൂക്കേഷണൽ പ്രോഗ്രാം)-ൽ പങ്കെടുക്കുന്നതിനുള്ള ഫുൾബ്രൈറ്റ് ഫെലോഷിപ്പിന് 2014-ൽ കേരളത്തിൽനിന്നും 4 അദ്ധ്യാപകർ അർഹത നേടിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ ശ്രീമതി ബോബിജോസ്, ജി.എച്ച്.എസ്.എസ്. ഇരിങ്ങാലക്കുടയുടെ ലീവ് മാത്രമാണ് ജി.ഒ.(ആർ.റ്റി.) നമ്പർ3460/14, തീയതി 28-8-2014 പ്രകാരം പൊതുവിദ്യാഭ്യാസ (യു) സെക്ഷനിൽ നിന്നും ഡ്യൂട്ടി ലീവ് ആയി പരിഗണിച്ചിട്ടുള്ളൂ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച്, ഫുൾബ്രൈറ്റ് ഫെലോഷിപ്പിന് അർഹത നേടിയ ശ്രീമതി എം. ദേവി, എച്ച്.എസ്.എ., സെന്റ് ജോൺസ് എച്ച്.എസ്.എസ്. കവളങ്ങാട് തന്റെ ലീവ് ഡ്യൂട്ടി ലീവ് ആയി പരിഗണിക്കുന്നതിനുവേണ്ടി നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ശ്രീമതി എം. ദേവി തന്റെ ലീവ് ഡ്യൂട്ടി ലീവായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ അപേക്ഷ 905232 എന്ന ഫയൽ നമ്പരിൽ പൊതുവിദ്യാഭ്യാസ (എ) സെക്ഷനിൽ എന്നാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ എന്ത് നടപടിയാണ് ഈ ഫയലിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇവരുടെ ലീവ് ഡ്യൂട്ടി ലീവ് ആയി പരിഗണിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ഫയൽ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. ടി ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) 4-10-2016.

(ഇ) ധനവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ ധന വകുപ്പിലേയ്ക്ക് അയയ്ക്കുകയും 28-8-2014-ലെ സ.ഉ.(സാധാ) നമ്പർ3460/2014/പൊ.വി.വ ഉത്തരവിന്റെ തീർപ്പ് ഫയൽ സഹിതം ലഭ്യമാക്കാൻ ധന വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം പൊതുവിദ്യാഭ്യാസ (യു) വകുപ്പിൽനിന്നും ടി തീർപ്പ് ഫയൽ ലഭ്യമാക്കി ആയത് സഹിതം ഫയൽ ധനവകുപ്പിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചിട്ടുണ്ട്.

(എഫ്) തടസ്സമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.

**കുട്ടികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിനുള്ള നടപടി**

153 (5017) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിന് സ്കൂൾ പാഠ്യപദ്ധതിയിൽ ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും ഉൾപ്പെടുത്തുവാൻ സംസ്ഥാനതല പാഠ്യപദ്ധതി നിർണ്ണയ സമിതിക്ക് നിർദ്ദേശം നൽകുമോ; എങ്കിൽ അറിയിക്കാമോ;

(ബി) കുട്ടികൾക്ക് കൃഷിയോടുള്ള മനോഭാവം വർദ്ധിപ്പിക്കുന്നതിന് സ്കൂളുകളിൽ എല്ലാ ക്ലാസ്സുകാർക്കും ആഴ്ചയിൽ ഒരു പീരിയഡ് കാർഷിക പരിശീലനത്തിനും കാർഷിക പഠനത്തിനുമായി മാറ്റിവയ്ക്കുമോ; വ്യക്തമാക്കാമോ

<u>ഉത്തരം</u>

(എ) പരിസ്ഥിതി അവബോധം ഒരു പ്രധാന വിഷയമേഖലയായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സയൻസിലും ഭാഷാവിഷയങ്ങളിലും ഇത് വേണ്ടത്ര രീതിയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ സ്കൂൾ പാഠ്യപദ്ധതിയിൽ ആഴ്ചയിൽ ഒരു പീരിയഡ് ഇതിലേയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പാഠ്യപദ്ധതി പരിഷ്കരണ സമയത്ത് ഈ വിഷയം പരിശോധിക്കുന്നതാണ്.

**പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ**

154 (5018) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതുവരെ എയ്ഡഡ് സ്കൂളിലെ എത്ര അദ്ധ്യാപകരെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി സർക്കാർ സ്കൂളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്; സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ, പ്രൊട്ടക്റ്റ് ചെയ്ത അദ്ധ്യാപകരെ പുനർ വിന്യസിച്ചതിനുശേഷം അദ്ധ്യാപക ഒഴിവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അദ്ധ്യാപക ഒഴിവ് വന്നിട്ടുണ്ടെങ്കിൽ ഈ ഒഴിവ് എങ്ങനെയാണ് നികത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) പിന്നീട് വന്ന ഒഴിവുകളിലേക്ക് സർക്കാർ സ്കൂളുകളിലേക്ക് പ്രൊട്ടക്റ്റ് ചെയ്ത് നിയമിച്ച അദ്ധ്യാപകരെ തന്നെ തിരികെ നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അദ്ധ്യാപക ബാങ്കിൽ 3737 സംരക്ഷിത ജീവനക്കാരാണുള്ളത്. ഇതിൽ 3652 പേർ അദ്ധ്യാപകരും 85 പേർ അനദ്ധ്യാപകരുമാണ്. ഇവരിൽ 2961 പേരെ സർക്കാർ സ്കൂളുകളിലാണ് പുനർവിന്യസിച്ചിരിക്കുന്നത്.

(ബി) വന്നിട്ടുണ്ട്.

പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നത് പ്രസ്തുത കാറ്റഗറിയിൽ ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലെങ്കിൽ മാത്രമാണ്. കൂടാതെ ഇത് തികച്ചും താൽക്കാലികമായ നടപടിയാണ്.

(സി) സർക്കാർ സ്കൂളിൽ പി.എസ്.സി. വഴി നികത്തേണ്ട മുഴുവൻ ഒഴിവുകളും പി.എസ്.സി. വഴി തന്നെയാണ് നികത്തുന്നത്. പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്നാൽ സംരക്ഷിതാദ്ധ്യാപകരെ സർക്കാർ സ്കൂളിൽ തുടരാൻ അനുവദിക്കുന്നില്ല.

(ഡി) അപ്രകാരം ഒരു സ്ഥലത്തും നിയമനം നൽകിയിട്ടില്ല. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ മാത്രമേ താൽക്കാലികമായി സർക്കാർ സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നുള്ളൂ.

## ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്

155(5019) ശ്രീ. എ. എം. ആരിഫ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (ഡയറ്റ്)-ന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) അതാതു ജില്ലകളിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ അക്കാദമിക പ്രവർത്തനങ്ങൾക്ക് എല്ലാവിധത്തിലുമുള്ള നേതൃത്വം നൽകാൻ ബാധ്യതപ്പെട്ട ഈ സ്ഥാപനം ഗുണമേന്മയുള്ള പ്രൈമറി വിദ്യാഭ്യാസത്തിനായി അദ്ധ്യാപകരെയും മറ്റു സംവിധാനങ്ങളെയും സജ്ജമാക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ജില്ലാ ഭരണകൂടങ്ങൾക്ക് അക്കാദമിക ആസൂത്രണത്തിനും വിദ്യാഭ്യാസ കാര്യങ്ങളിൽ ജില്ലകളിൽ രൂപീകരിക്കേണ്ട നയപരമായ കാര്യങ്ങൾക്ക് ഉപദേശം നൽകുന്നതിനുമുള്ള അംഗീകൃത സ്ഥാപനമായി ഡയറ്റിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) ഉണ്ട്; ഡയറ്റ് അദ്ധ്യാപകർ പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലന മോഡ്യൂൾ തയ്യാറാക്കുകയും പരിശീലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം, അവലോകനം, തൽസമയ പരിഹാരബോധനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം പരിശീലനത്തിലൂടെ ലഭിച്ച വിവരങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ക്ലാസ്റൂം മോണിട്ടറിംഗ് നടത്തുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിലൂടെ ഗുണമേന്മയുള്ള പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## മാതൃകാവിദ്യാലയം പദ്ധതി

156 (5020)ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മാതൃകാവിദ്യാലയം പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതുമായി ബന്ധപ്പെട്ട നിർവ്വഹണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി 'കിഫ്ബി'-യുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

157(5021) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കളെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ പഠിപ്പിക്കുന്നത് നിരുൽസാഹപ്പെടുത്തി അവരെ സംസ്ഥാന സിലബസിലുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് മാർഗ്ഗനിർദേശം കൊണ്ടുവരുമോ ;

(ബി) എങ്കിൽ നാദാപുരം ബി.ആർ.സി.- യിലെ ട്രെയിനർമാരായ അദ്ധ്യാപകരുടെയും ജീവനക്കാരുടേയും മക്കൾ സർക്കാർ സ്കൂളുകളിൽ ആണോ പഠനം നടത്തുന്നത് എന്ന് പരിശോധിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്. എന്നാൽ ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തിക്കൊണ്ട് കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർസെക്കന്ററി അദ്ധ്യാപക റാങ്ക് ലിസ്റ്റ്**

158 (5022) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ഹയർസെക്കന്ററി അദ്ധ്യാപക റാങ്ക് ലിസ്റ്റ് 2017 ജൂൺ 30-ന് അവസാനിക്കുമെന്നതിനാലും പുതിയ വിജ്ഞാപനം വന്നാലും വീണ്ടും മൂന്ന് വർഷമെങ്കിലും കഴിഞ്ഞുമാത്രമേ പുതിയ ലിസ്റ്റ് പ്രസിദ്ധികരിയ്ക്കുവാൻ സാധ്യതയുള്ളൂ എന്നതിനാലും ടി കാലയളവിൽ ഒഴിവു വരുന്ന അദ്ധ്യാപക തസ്തികകളിൽ നിയമനം നടക്കാത്തതുമൂലം, അദ്ധ്യാപകർ ഇല്ലാത്ത കാരണത്താൽ വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ നിന്നും എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പോകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി വിഷയം പരിഹരിയ്ക്കുന്നതിനായി മുൻ സർക്കാരുകൾ ചെയ്തു പോലെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ ശ്രമിക്കുമോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിലുള്ള ഒഴിവുകൾ ജൂൺ 30-ന് മുൻപായി പി.എസ്.സി.- യിൽ റിപ്പോർട്ട് ചെയ്യുന്നതിന് മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) 2017 ജൂൺ 30 വരെയുള്ള എല്ലാ ഒഴിവുകളും ഇതിനോടകംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

159 (5023) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1938 കലാകായിക അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ എസ്.എസ്.എ. മുഖാന്തരം സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഒരാളുടെ പ്രതിമാസ ശമ്പളം 25,200 (ഇരുപത്തി അഞ്ചായിരത്തി ഇരുന്നൂറ് രൂപ) ആണ്.

## ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ ആരംഭിക്കുന്നത്

160(5024) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു വിദ്യാർത്ഥികളുടെ പ്രവേശനം സുഗമമാക്കുന്നതിന് സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) നിലവിലുള്ള ഹൈസ്കൂളുകളിൽ എവിടെയെങ്കിലും പുതിയതായി ഹയർസെക്കന്ററി അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉത്തരം

(എ & ബി) വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തുമാത്രമേ സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകളും നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിക്കുവാൻ കഴിയുകയുള്ളൂ. 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ 2017-18 വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

## ഹയർസെക്കന്ററി സ്കൂളുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിൽ അദ്ധ്യാപകർ

161 (5025) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(ബി) ഈ യോഗ്യത നേടാൻ സാധിക്കുന്ന കോളേജുകൾ കേരളത്തിലുണ്ടോ ; എങ്കിൽ ഏതെല്ലാം കോളേജുകളിലാണെന്ന് അറിയിക്കാമോ;

(സി) കൊച്ചിൻ യൂണിവേഴ്സിറ്റി/ഭാരതിയാർ യൂണിവേഴ്സിറ്റി കോയമ്പത്തൂർ എന്നിവയുടെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പി.ജി. ഡിപ്ലോമ കോഴ്സ് മേൽ തസ്തികയിൽ നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനു 50% മാർക്കിൽ കുറയാതെ മാസ്റ്റർ ബിരുദവും ബി.എഡ്ഡും സെറ്റും യോഗ്യത ഉണ്ടാവണം.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഹയർസെക്കന്ററി തലം വരെയുള്ള പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ

162 (5026) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കൻഡറി തലം വരെയുള്ള പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്താറുള്ളത്;

(ബി) ഇത്തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതുമൂലം ചോദ്യപേപ്പർ ചോരുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ചോദ്യപേപ്പർ ചോർച്ച ഒഴിവാക്കുന്നതിനായി നിലവിലെ രീതിക്ക് ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും പരീക്ഷാ നടത്തിപ്പിലും സമൂലമായമാറ്റം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി.-യുടെ മോഡൽ ചോദ്യപേപ്പറുകളും പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകളും തയ്യാറാക്കുന്നത് പരീക്ഷാഭവനാണ്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യിൽ നിന്ന് വിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കി വാങ്ങുകയും പ്രസ്തുത പാനലിൽനിന്നും ഹയർസെക്കന്ററി അദ്ധ്യാപകരെയും കോളേജ് അദ്ധ്യാപകരെയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

1991-ൽ ഹയർ സെക്കന്ററി രൂപീകരിച്ചതുമുതൽ ഒന്നും രണ്ടും വർഷ പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് കോളേജ്/ സർവ്വകലാശാല അദ്ധ്യാപകരാണ്. 2011 മുതൽ ഒന്നാം വർഷ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ഹയർ സെക്കന്ററി അദ്ധ്യാപകരാണ്.

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ എസ്.സി.ഇ.ആർ.ടി. വഴി ട്രെയിനിംഗ് ലഭിച്ച തെരഞ്ഞെടുത്ത അദ്ധ്യാപകരെയാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുന്നത്.

(ബി) ഇത്തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതുമൂലം ചോദ്യപേപ്പർ ചോരുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല.

(സി) പൊതുപരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ആലോചിച്ചുവരുന്നു. മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷാ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായകമാകും.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

163(5027) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ., എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവക്കും കൂടിയാണെന്നിരിക്കെ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ., എസ്.എം.സി., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവർക്കും കൂടിയാണെന്നതിനാൽ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവിധ കർമ്മപദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ഇവരുടെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തിനായുള്ള ധനകാര്യ ഉദ്ഗ്രഥനത്തിലും പദ്ധതി നടത്തിപ്പിലും മേൽ വിഭാഗങ്ങളുടെ പൂർണ്ണ സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിന് 8-12-2016-ലെ സർക്കാർ ഉത്തരവ് 202/2016/പൊ.വി.വ. പ്രകാരം വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിലയിരുത്തുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരും സംസ്ഥാന-ജില്ലാതല മിഷനുകളും പുരോഗതി വിലയിരുത്തുന്നുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

164 (5028) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2017 ജനുവരി 27-ന് സംസ്ഥാനതല ഉത്ഘാടനം നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ഇപ്പോൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പാതി വഴിയിലായി മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതിനെ പുനരുജ്ജീവിപ്പിയ്ക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017 ജനുവരി 27-ന് സംസ്ഥാനതല ഉദ്ഘാടനം നടത്തിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ മികവിന്റെ കേന്ദ്രങ്ങളായി

ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യിൽനിന്നുള്ള ധനസഹായത്തിനായി KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടിക്രമങ്ങളും പരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മികച്ച അദ്ധ്യയന നിലവാരം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന കാഴ്ചപ്പാടിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സജ്ജമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി & സി) പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപക ശാക്തീകരണത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികൾ മദ്ധ്യവേനലവധി കാലത്ത് നടന്നുവരുന്നു. 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി 'ക്യാമ്പസ് തന്നെ പുസ്തകം' എന്ന ആശയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 'ജൈവവൈവിദ്ധ്യ ഉദ്യാനം സ്കൂളുകളിൽ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. പദ്ധതി മുന്നോട്ടുള്ള പ്രയാണത്തിലായതിനാൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ് എന്ന പ്രസ്താവന അപ്രസക്തമാണ്.

## വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം

165 (5029) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക് വിഷയത്തിന് മറ്റ് വിഷയങ്ങളെ അപേക്ഷിച്ച് വിജയശതമാനം കുറവാണെന്ന സ്ഥിതിവിവര കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണക്ക് പരീക്ഷ റദ്ദ് ചെയ്ത് വീണ്ടും നടത്തിയ സാഹചര്യം വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കിയിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ;

(സി) പുനഃപരീക്ഷയാണ് വിജയശതമാനം കുറയുന്നതിനിടയാക്കിയതെന്ന് കരുതുന്നുണ്ടോ; അല്ലെങ്കിൽ എന്താണ് കാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. പൊതുവെ എല്ലാ വർഷങ്ങളിലും ഗണിതശാസ്ത്ര പരീക്ഷയ്ക്ക് വിജയശതമാനം കുറവായി കാണുന്നുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്ക് യൂണിഫോം**

166 (5030) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യായനവർഷം വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) കൈത്തറി മേഖല സംരക്ഷിക്കുന്നതിന് കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും വിദ്യാർത്ഥിക്ക് യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യയന വർഷത്തിൽ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ബാക്കി കുട്ടികൾക്ക്

മുൻവർഷങ്ങളിൽ എന്നപോലെ രണ്ട് ജോഡി യൂണിഫോമിന് 400 രൂപ നിരക്കിൽ തുക വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയത് അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**വൈസ് ചാൻസലർമാരുടെയും പ്രോ വൈസ് ചാൻസലർമാരുടെയും യോഗ്യത**

167(5031) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈസ് ചാൻസലർമാരുടെയും, പ്രോ വൈസ് ചാൻസലർമാരുടെയും യോഗ്യത യു.ജി.സി. പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് യോഗ്യതാ മാനദണ്ഡങ്ങൾ;

(ബി) സർവകലാശാലകൾ, യു.ജി.സി.-യുടെ പുതുക്കിയ മാനദണ്ഡ പ്രകാരം ചട്ടങ്ങൾ ഭേദഗതി ചെയ്യാത്തതിനാൽ നിയമനങ്ങൾ നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ടോ;

(സി) ഇപ്പോഴത്തെ എല്ലാ വൈസ് ചാൻസലർമാരും പ്രോ വൈസ് ചാൻസലർമാരും യു.ജി.സി. മാനദണ്ഡ പ്രകാരമുള്ള യോഗ്യത ഉള്ളവരാണോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈസ് ചാൻസലർമാരുടെയും പ്രോ വൈസ് ചാൻസലർമാരുടെയും യോഗ്യത 2010-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം താഴെ പറയുന്നവയാണ്:

വൈസ് ചാൻസലർ:

യോഗ്യത:

" Persons of the highest level of competence, integrity, morals of institutional commitment are to be appointed as Vice-Chancellors. The Vice Chancellor to be appointed should be a distinguished academician with a minimum of ten years of experience as professor in a University system or ten years of experience in an equivalent position in a reputed research level/or academic administrative organization."

പ്രോ വൈസ് ചാൻസലർ:

യോഗ്യത:

" The Pro-Vice-Chancellor may be a whole time Professor of the University and shall be appointed by the Executive Council on the recommendation of Vice-Chancellor."

(ബി) ബഹു.കേരള ഹൈക്കോടതിയുടെ 14-2-2017-ലെ WP(C) No.4851/ 2017(F)-ലെ ഇടക്കാല ഉത്തരവ് പ്രകാരം സർവ്വകലാശാലകളിലെ വൈസ്-ചാൻസലർ, പ്രോ-വൈസ് ചാൻസലർ തസ്തികകളിലേയ്ക്കുള്ള നിയമനം 2010-ലെ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നിലവിലെ വൈസ്-ചാൻസലർമാരുടെയും പ്രോ-വൈസ് ചാൻസലർമാരുടെയും യോഗ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ്**

168 (5032) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ് അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ കോഴ്സുകളാണ് ഇവിടെ അനുവദിച്ചിരിക്കുന്നത്; കോളേജിന്റെ പ്രവർത്തനം ആരംഭിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റദ്ദ് ചെയ്യാനുണ്ടായ കാരണം വിശദമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് അടുത്ത അദ്ധ്യയന വർഷം കോളേജിന്റെ പ്രവർത്തനം തുടങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് പറയാമോ;

(സി) നിലവിലുള്ള കോഴ്സുകൾക്ക് പുറമേ വിദ്യാർത്ഥികൾക്ക് ഏറെ താല്പര്യമുള്ള ബി.കോം കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സുകൾക്ക് കുട്ടികളെ കിട്ടാത്ത സാഹചര്യത്തിൽ അവയ്ക്ക് പകരം പുതിയ കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സർവ്വകലാശാലയിൽ അപേക്ഷ ലഭിച്ചത്; ഇതിന്മേൽ എന്തു നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചത്;

(ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്കായി അപേക്ഷകൾ അയച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 17-7-2013-ലെ G.O.(Ms) No.505/2013/H.Edn. പ്രകാരം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട ജില്ലയിലെ അയിരൂർ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ നവീകരിച്ച് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അയിരൂർ 2013-14 അദ്ധ്യയന വർഷത്തിൽ തുടങ്ങുന്നതിനായി അനുമതി നൽകി.

ഇവിടെ നിലവിലുള്ള കോഴ്സുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു:

(1) ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് - 30 (പ്രവേശനം)

(2) ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡ് 2 (വൊക്കേഷണൽ - ജേണലിസം) - 40 (പ്രവേശനം)

(3) ബി.സി.എ. - 30 (പ്രവേശനം)

മതിയായ കെട്ടിട സൗകര്യങ്ങളുടെ അഭാവത്താൽ ക്ലാസ്സ് ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(ബി) 2016-17-ൽ എം.ജി. യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാ സമയത്ത് കെട്ടിടത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും അഭാവത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ 2190A/1/17/Ac AVII തീയതി 30-4-2017 പ്രകാരം പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ താത്കാലികമായി റദ്ദാക്കപ്പെട്ടതായി അറിയിപ്പ് ലഭിക്കുകയുണ്ടായി.

എം.ജി. യൂണിവേഴ്സിറ്റി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ അഫിലിയേഷൻ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് സ്പെഷ്യൽ ഓഫീസറായ ഡോ. ശ്രീകുമാർ. ജി. (പ്രിൻസിപ്പൽ,ടി.എച്ച്.എസ്.എസ്.,അടൂർ)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി. ഫിസിക്സ് ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കാൻ എം.ജി. സർവ്വകലാശാല രജിസ്ട്രാർക്ക് ഏപ്രിൽ 2017-ൽ ഐ.എച്ച്.ആർ.ഡി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഐ.എച്ച്.ആർ.ഡി. ഡയറക്ടറേറ്റിൽനിന്നും സർക്കാരിന് അപേക്ഷ ലഭിച്ചിട്ടില്ല.

## സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി

169 (5033) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര സ്വാശ്രയ കോളേജുകൾക്ക്എൻ.ഒ.സി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി സ്വാശ്രയ കോളേജുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവയുടെ ഇനം തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വെക്കുമോ;

(സി) പുതുതായി സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ നയമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ഒ.സി. നൽകിയ 2 കോളേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി ആർട്സ് & സയൻസ് കോളേജ്, ഗോഡുലം, വെങ്കാട്, ഇടയൂർ, മലപ്പുറം.
2. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, വഴിത്തല.

(സി) സ്വാശ്രയ മേഖലയിൽ പുതിയതായി കോളേജുകളും കോഴ്സുകളും അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം. എന്നാൽ ഇതുസംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധിക്കനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## തലശ്ശേരി ഗവൺമെന്റ് കോളേജ് കെട്ടിടങ്ങളുടെ അനുബന്ധ പ്രവൃത്തികൾ

170 (5034) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയുള്ള തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി-ചൊക്ലി ഗവ.കോളേജിലെ താൽക്കാലിക കെട്ടിടങ്ങൾക്കുള്ള അനുബന്ധ പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമായോ; ഇല്ലെങ്കിൽ അത് ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എം.എൽ.എ.- യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഗവ.കോളേജ് തലശ്ശേരിക്ക് അനുവദിച്ച 25 ലക്ഷം രൂപയുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി-ചൊക്ലി ഗവ. കോളേജിലെ താൽക്കാലിക കെട്ടിടങ്ങൾക്കുള്ള അനുബന്ധ പ്രവൃത്തികളുടെ ഭരണാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ കഴിയാത്തത്.

(ബി) ഇല്ല. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട അനുബന്ധ പ്രവർത്തനങ്ങൾ എതെല്ലാമാണെന്നും ആയതിന്റെ അടിയന്തര പ്രാധാന്യം സംബന്ധിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ടി പ്രവർത്തികൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കോളേജ് പ്രിൻസിപ്പൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് ചീഫ് എഞ്ചിനീയറിൽനിന്നും എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം മാത്രമേ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**സ്വാശ്രയ മാനേജ്മെന്റുകളുടെ നിയന്ത്രണം**

171(5035) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണ് ഉള്ളതെന്നും പുതുതായി എന്തെല്ലാം നിയമങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ വിവിധ തരത്തിലുള്ള എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ.ഐ.സി.റ്റി.ഇ. കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ചാണ് അവലോകനം ചെയ്തുവരുന്നത്. എന്നാൽ സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള സ്വാശ്രയ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്വാശ്രയ മാനേജ്മെന്റുകൾക്കായി പുതിയ നിയമം**

172(T* 5036) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നിയമപരമായി പ്രവർത്തിക്കുന്നതിനാവശ്യമായ പുതിയ നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04/02/2017 തീയതിയിലെ സ.ഉ. (എം.എസ്.) നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ.ദിനേശൻ ചെയർമാനും ഡോ.കെ.കെ.എൻ.കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ജസ്റ്റിസ് കെ.കെ. ദിനേശന്റെ നേതൃത്വത്തിലുള്ള സമിതിയുടെ പ്രവർത്തനം

173 (5037) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള സ്ഥിതി അവലോകനം ചെയ്യുന്നതിന് നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശന്റെ നേതൃത്വത്തിലുള്ള സമിതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സമിതി ഇതിനകം ഏതെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) സ്വാശ്രയ മേഖലയിൽ നടമാടുന്ന അരാജകത്വവും വിദ്യാർത്ഥി പീഢനങ്ങളും അവസാനിപ്പിക്കുവാൻ പുതിയ അദ്ധ്യയന വർഷം സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ?

### ഉത്തരം

(എ-സി) സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ.ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നു. ഇടക്കാല ശിപാർശകളൊന്നും ലഭ്യമാക്കിയിട്ടില്ല. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹരിപ്പാട് ഐ.എച്ച്.ആർ.ഡി.കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

174 (5038) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ സ്തംഭനാവസ്ഥ ഉണ്ടായതിനുള്ള കാരണം എന്താണ്;

(സി) അടിയന്തരമായി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി പുരോഗമിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പാണ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നത്. PWD Schedule Revision കാരണം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള Revised Administrative Sanction ലഭിക്കുന്നതിലും കെട്ടിടത്തിന്റെ Design ലഭ്യമാക്കുന്നതിലും എസ്റ്റിമേറ്റ് പരിശോധനയിലും വന്ന കാലതാമസം മൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പൊതുമരാമത്ത് വകുപ്പ് അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആർട്സ് ആന്റ് സയൻസ് കോളേജുകൾ

175 (5039) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഏറ്റവും കൂടുതൽ ഉള്ള ജില്ല ഏതാണ്;

(സി) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഓരോന്നിലും എത്ര ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ വീതമുണ്ട്;

(ഡി) ഈ ജില്ലകളിൽ ഓരോന്നിലും എത്ര കുട്ടികൾവീതം ആർട്സ് ആന്റ് സയൻസ് വിഭാഗത്തിൽ വിവിധ കോളേജുകളിൽ പഠിതാക്കളായുണ്ട്;

(ഇ) ഈ ജില്ലകളിൽ ഓരോന്നിലും അൺ എയ്ഡഡ് വിഭാഗത്തിൽ എത്ര ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടങ്ങളിൽ എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 623 ആർട്സ് & സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) എറണാകുളം.

(സി & ഡി) പ്രസ്തുത ജില്ലകളിലെ ആർട്സ് & സയൻസ് കോളേജുകളുടെയും പഠിതാക്കളുടെയും എണ്ണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | കോളേജ് | പഠിതാക്കൾ |
|---|---|---|
| തിരുവനന്തപുരം | 44 | 38,000 |
| കോട്ടയം | 50 | 52,119 |
| തൃശ്ശൂർ | 44 | 35,278 |
| മലപ്പുറം | 77 | 47,959 |

(ഇ) പ്രസ്തുത ജില്ലകളിലെ അൺ-എയ്ഡഡ് വിഭാഗത്തിലെ ആർട്ട്സ് & സയൻസ് കോളേജുകളുടെയും അവിടങ്ങളിലെ കുട്ടികളുടെ എണ്ണവും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു:

| ജില്ല | കോളേജ് | കുട്ടികൾ |
|---|---|---|
| തിരുവനന്തപുരം | 22 | 11,479 |
| കോട്ടയം | 29 | 13,924 |
| തൃശ്ശൂർ | 21 | 9,095 |
| മലപ്പുറം | 56 | 27,950 |

## പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം

176 (T 5040) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ ഫണ്ടിൽ നിന്നും മൂന്നരക്കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്രൗണ്ടും ഇൻഡോർ സ്റ്റേഡിയവും നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്ക് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇൻഡോർ സ്റ്റേഡിയത്തിന്റെയും ഗ്രൗണ്ടിന്റെയും നവീകരണത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഇൻഡോർ സ്റ്റേഡിയത്തിന്റെ വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനായി തൃശ്ശൂർ പൊതുമരാമത്ത് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
2. സി.ഡി.സി. ഫണ്ട് ഉപയോഗിച്ച് 4.25 ലക്ഷം രൂപ ചെലവിൽ ഒരു സുരക്ഷാഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്.
3. 2015-16 സാമ്പത്തിക വർഷത്തിലെ CIUP എന്ന പ്ലാൻ ശീർഷകത്തിൽ അനുവദിച്ച 4 ലക്ഷം രൂപ ചെലവഴിച്ച് ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.
4. കോളേജ് ഗ്രൗണ്ടിൽ ഒരു ഹാന്റ് ബാൾ കോർട്ട് നിർമ്മിക്കുന്നതിനും ഒരു ലോംഗ് ജംപ് പിറ്റ് നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് PWD-യിൽനിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിൽനിന്നും ലഭിച്ച 5 ലക്ഷം രൂപ ചെലവഴിച്ച് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.
5. ഗ്രൗണ്ട് വിഭാവനം ചെയ്തപ്പോൾ 8x400 മീറ്റർ ട്രാക്കാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സ്ഥലപരിമിതി നിമിത്തം 4x300 മീറ്റർ ട്രാക്ക് മാത്രമാണ് നിർമ്മിച്ചത്. ആയതിനാൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇൻഡോർ സ്റ്റേഡിയത്തിൽ ഇലക്ട്രിഫിക്കേഷനുള്ള പദ്ധതി നടപ്പാക്കുന്നതിന് PWD എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. സ്റ്റേഡിയത്തിനകത്ത് സുരക്ഷാഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ഹാന്റ്ബോൾ കോർട്ട്, ലോംഗ് ജംപ് പിറ്റ് എന്നിവയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(സി) ഇൻഡോർ സ്റ്റേഡിയത്തിന്റെയും ഗ്രൗണ്ടിന്റെയും നവീകരണത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

## ഭാഷാന്യൂനപക്ഷ മേഖലയിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ

177 (T 5041) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതി തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാഷാന്യൂനപക്ഷ മേഖലയിലെ സർക്കാർ കോളേജുകളിൽ ആവശ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാന ഭാഷാന്യൂനപക്ഷ സമിതിയുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ഗവ. കോളേജിൽ എം.എ. തമിഴ്, എം.കോം. എന്നീ കോഴ്സുകൾ അനുവദിച്ച് 7-11-2016-ലെ സ.ഉ.(കൈ) നമ്പർ 227/2016/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 4-1-2017-ലെ സ.ഉ.(എം.എസ്) നമ്പർ2/2017/ഉ.വി.വ. പ്രകാരം പ്രസ്തുത കോഴ്സുകൾക്ക് ഓരോ തസ്തികവീതം അനുവദിച്ചും ഉത്തരവായിട്ടുണ്ട്.

## എൻ.സി.റ്റി.ഇ. 2014-ലെ നിബന്ധന പ്രകാരമുള്ള നടപടി

178 (5042) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.)-യുടെ 2014 ലെ നിബന്ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് അദ്ധ്യാപക പരിശീലന കോളേജുകളിൽ

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണെന്നും ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(ബി) എൻ.സി.റ്റി.ഇ. (2014) നിബന്ധനയനുസരിച്ച് വേണ്ടത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഇല്ലെങ്കിൽ അത് എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എല്ലാ ബി.എഡ്. കോളേജുകളിലുമുള്ള ഒരു ബാച്ച് (50 വിദ്യാർത്ഥികൾ) 2 ബാച്ച് ആയി ഉയർത്താത്തതിനാൽ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠനാവസരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ 2017-18 വർഷം മുതൽ 2 ബാച്ചുകൾ അനുവദിക്കുമോ; വ്യക്തമാക്കാമോ;

(ഡി) അദ്ധ്യാപക പരിശീലന കലാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കത്തക്കവണ്ണം കോമ്പസിറ്റ് കോളേജുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഇ) എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സ്വാശ്രയ എം.എഡ്. കോഴ്സുകൾ എയ്ഡഡാക്കി മാറ്റുന്നതിന് നയപരമായ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ മാറ്റങ്ങൾ എപ്പോഴേക്ക് പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ& ബി) സർക്കാർ/എയ്ഡഡ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ NCTE-യുടെ 2014-ലെ നിബന്ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. അടിസ്ഥാന യൂണിറ്റ് (50 സീറ്റ്) എന്ന NCTE നിബന്ധന നടപ്പിലാക്കിയിട്ടുള്ളതാണ്. NCTE നിർദ്ദേശങ്ങൾക്കനുസൃതമായി പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. ആകെയുള്ള 4 സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ 3 കേന്ദ്രങ്ങളിലും ബി.എഡ്., എം.എഡ്., കോഴ്സുകൾ നടത്തിവരുന്നു. ഒരു കേന്ദ്രത്തിൽ ബി.എഡ്. കോഴ്സുകളോടൊപ്പം എം.എഡ്. ഗവേഷണം (Ph.D) നടത്തിവരുന്നു.

(ഇ) അധിക സാമ്പത്തിക ബാധ്യത വരുന്ന വിഷയമായതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

## ഐ.എച്ച്.ആർ.ഡി.-യിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വേതനം

179 (5043) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി.-യിൽ അഡ്ഹോക്ക് വ്യവസ്ഥ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്യൂൺ, സെക്യൂരിറ്റി, സ്വീപ്പർ എന്നീ വിഭാഗങ്ങളിൽ ജോലിനോക്കുന്ന 88 കോൺട്രാക്ട് ജീവനക്കാർക്ക് പ്രതിമാസം 9,000 രൂപ മാത്രമാണ് നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേ ജോലിചെയ്യുന്ന വിമുക്തഭടന്മാർക്കും ദിവസ വേതനക്കാർക്കും എത്ര രൂപ വീതമാണ് പ്രതിമാസം/പ്രതിദിനം വേതനം നൽകുന്നത്;

(സി) ഈ ശമ്പളങ്ങളിലെ വേർതിരിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ;

(ഡി) ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി) 28/16/ധന. തീയതി 26.02.2016 പ്രകാരം സംസ്ഥാനത്തെ കോൺട്രാക്ട് അഥവാ ദിവസ വേതന ജീവനക്കാരുടെ മിനിമം ശമ്പളം എത്രയാണ്; ഈ ശമ്പളം ഐ.എച്ച്.ആർ.ഡി.-യിലെ മേൽവിഭാഗം ജിവനക്കാർക്ക് നൽകുന്നതിന് നടപടി സ്വികരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-6-2017 മുതൽ പ്രസ്തുത ജീവനക്കാർക്ക് പ്രതിമാസം 10,800 രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിമുക്ത ഭടൻമാർക്ക് പ്രതിദിനം 4,00 രൂപയും ദിവസവേതനക്കാർക്ക് പ്രതിദിനം 350 രൂപയും വേതനമായി നൽകുന്നുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 28/16/ധന. തീയതി 26-2-2016 പ്രകാരം കോൺട്രാക്ട്/ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ വേതനം ചുവടെ പറയുന്ന പ്രകാരമാണ്:

ഓഫീസ് അറ്റൻഡന്റ്, ഹെൽപ്പർ എന്നീ തസ്തികകളിൽ ദിവസ വേതന ജീവനക്കാർക്ക് 600 രൂപ വീതം പരമാവധി പ്രതിമാസം 16,200 രൂപയായി നിജപ്പെടുത്തി നൽകിവരുന്നു. കോൺട്രാക്ട് അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന പ്രസ്തുത ജീവനക്കാർക്ക് പരമാവധി പ്രതിമാസം 16,500 രൂപ നൽകിവരുന്നു.

സെക്യൂരിറ്റി ജീവനക്കാർക്ക് ദിവസവേതനമായി 675 രൂപ വീതം പരമാവധി പ്രതിമാസം 18,900 രൂപയായി നിജപ്പെടുത്തി നൽകിവരുന്നു. കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് പരമാവധി പ്രതിമാസം 19,000 രൂപ നൽകിവരുന്നു.

ഐ.എച്ച്.ആർ.ഡി.-യിൽ പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ 26-2-2016-ലെ ഉത്തരവിലെ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല. ഐ.എച്ച്.ആർ.ഡി.-യിൽ പത്താം ശമ്പള കമ്മീഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ നിലവാരം**

180 (5044) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോളേജുകളുടെ നിലവാരം ഉയർത്തുവാനും നൂതന കോഴ്സുകൾ ആരംഭിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2013-ന് മുൻപ് മുതൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലി നോക്കിവരുന്ന അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നല്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുുത കോളേജുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റിതര ചെലവുകൾക്കും ആവശ്യമായ ഫണ്ട് വർഷാവർഷം ബജറ്റിൽ ഉൾപ്പെടുത്തി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകളെ സംബന്ധിക്കുന്ന വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) Technical Education Quality Improvement Programme Phase I (TEQIP Phase I)-ൽ ഉൾപ്പെടുത്തി മോഡൽ എഞ്ചിനീയറിംഗ് കോളേജ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എറണാകുളത്തും, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂരിലും Technical Education Quality Improvement Programme Phase II (TEQIP Phase II)-ൽ ഉൾപ്പെടുത്തി ചേർത്തല, അടൂർ, കരുനാഗപ്പള്ളി എന്നീ എഞ്ചിനീയറിംഗ് കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള വിവിധയിനം പരിപാടികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ വിനിയോഗിച്ച് ഐ.എച്ച്.ആർ.ഡി.-യുടെ മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കായി ഇന്റേൺഷിപ്പ്, കരിയർ ഗൈഡൻസ്, ഇൻഡസ്ട്രി ഇന്ററാക്ഷൻ പ്രോഗ്രാം എന്നിങ്ങനെ വിവിധയിനം പരിപാടികൾ നടത്തുന്നുണ്ട്. അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, പെഡഗോഗി ട്രെയിനിംഗ്, ഇൻഡസ്ട്രി ഇന്ററാക്ഷൻ എന്നിങ്ങനെയുള്ള പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾക്ക് NBA (National Board of Accreditation) അക്രഡിറ്റേഷൻ ലഭിച്ചാൽ മാത്രമേ അതത് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ NBA-യുടെ (National Board of Accreditation) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ അതത് കോളേജുകളിൽ പുരോഗമിച്ചുവരുന്നു.

(സി) 1-4-2013-ന് മുമ്പ് ഐ.എച്ച്.ആർ.ഡി.-യിൽ ജോലിയിൽ പ്രവേശിച്ച എല്ലാ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നടപ്പിലാക്കുവാനായി ഐ.എച്ച്.ആർ.ഡി.-യുടെ 94-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റിതര ചെലവുകൾക്കും ആവശ്യമായ ഫണ്ട് വർഷാവർഷം ഐ.എച്ച്.ആർ.ഡി.-യുടെ ബജറ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ടി ആവശ്യങ്ങൾക്കുള്ള ഫണ്ടിന്റെ ഒരു വിഹിതം സംസ്ഥാന ബജറ്റിലും ഉൾപ്പെടുത്തുന്നുണ്ട്.

## പോളിടെക്നിക്കുകളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർ നിയമനം

181 (5045) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട്, കളമശ്ശേരി ഗവ. പോളി ടെക്നിക്കുകളിൽ ബധിര-മൂക വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിച്ച കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് സ്പെഷ്യൽ ബാച്ചിലെ കുട്ടികൾക്കുവേണ്ടി സ്പെഷ്യൽ എഡ്യുക്കേറ്റർ തസ്തിക നിലവിലുണ്ടോ; എങ്കിൽ അറിയിക്കാമോ:

(ബി) ബധിര-മൂക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ആവശ്യമായ യോഗ്യതയുള്ള, ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം നാമമാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈസ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത് പോലെ കോൺട്രാക്ട് അടിസ്ഥാനത്തിൽ സ്പെഷ്യൽ എഡ്യുക്കേറ്റർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഹൈസ്കൂൾ റിസോഴ്സ് ടീച്ചർമാർക്ക് ലഭിക്കുന്ന മിനിമം വേതനമെങ്കിലും ഇവർക്ക് ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഗസ്റ്റ് ഫാക്കൽറ്റിയാണ് നിലവിൽ ഈ ജോലി ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) ഇത് സംബന്ധിച്ച് പ്രൊപ്പോസലുകൾ നിലവിലില്ല.

## നീറ്റ് മെറിറ്റിൽ പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ സ്പോട്ട് അഡ്മിഷൻ ലഭിച്ചവരുടെ ഫീസ്

182 (5046) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 അധ്യയന വർഷം പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ സംസ്ഥാന എൻട്രൻസ് കമ്മീഷണർ നീറ്റ് മെറിറ്റ് പ്രകാരം നടത്തിയ സ്പോട്ട് അഡ്മിഷനിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിച്ചത്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വിദ്യാർത്ഥികൾക്ക് ഫീസ് നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) ഫീസ് നിർണ്ണയിക്കുവാനാവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് വാർഷിക ഫീസ് നിർണ്ണയിച്ച് ഉത്തരവിറക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സ്പോട്ട് അഡ്മിഷനിലൂടെ പ്രവേശനം ലഭിച്ച 30 വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ വിദ്യാർത്ഥികൾക്ക് ഫീസ് നിർണ്ണയിക്കുന്ന കാര്യം ഫീ റെഗുലേറ്ററി കമ്മിറ്റി പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം കരുണ മെഡിക്കൽ കോളേജിൽനിന്നും മേയ് മാസത്തിൽ ലഭ്യമാക്കിയ ഫീസ് നിർണ്ണയത്തിന് ആവശ്യമുള്ള രേഖകൾ ഫീ റെഗുലേറ്ററി കമ്മിറ്റി പരിശോധിച്ചുവരികയാണ്.

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തിക**

183 (5047) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ തടഞ്ഞുവച്ചത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സംഘടനകൾ സർക്കാരിനോ ഡയറക്ടർക്കോ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽനിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറി 5-9-2016 തീയതിയായി നൽകിയ പരാതി പരിശോധിച്ചുവരുന്നു.

(ബി) പോളിമർ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽനിന്ന് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നടത്തുവാൻ തടസ്സങ്ങളില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബാക്കിയുള്ള ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളിൽനിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നടത്തുവാൻ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം 1:1 അനുപാതം ക്രമീകരിക്കേണ്ടതുണ്ട്. ആകെ തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പി.എസ്.സി. വഴി നിയമിതരായവരുടെ എണ്ണം കുറവായതിനാൽ മേൽപ്പറഞ്ഞ അനുപാതം പാലിക്കുന്നതുവരെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

184 (5048) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18 അദ്ധ്യയന വർഷം തന്നെ പ്രസ്തുത കോഴ്സുകൾ ആരംഭിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ 2017-18-ൽ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2017-18 അദ്ധ്യയന വർഷം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

185 (5049) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളും ഉല്പാദന പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പല പോളിടെക്നിക്കുകളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുംവിധം പോളിടെക്നിക്കുകളിൽ കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 45 സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മെഷീനറികളും ഉപകരണങ്ങളും, ഫർണിച്ചറുകളും ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുമായി 2900 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് ആധുനിക വ്യവസായ മേഖലയിലെ നൂതന അറിവുകൾ പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി പരിശീലനം നൽകുന്ന ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ എന്ന പദ്ധതി.
- വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിഷയങ്ങളിലും സോഫ്റ്റ് സ്കിൽ വികസനത്തിനും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഫിനിഷിംഗ് സ്കൂൾ.
- വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന ICT എന്ന പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, കാമ്പസ് നെറ്റ് വർക്കിംഗ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ.
- പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായുള്ള റെമഡിയൽ ക്ലാസുകൾ നടത്തുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം.
- പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ, പോളിടെക്നിക്കുകളുടെ വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്ക് വഴിയുള്ള സാമൂഹ്യ വികസനം, കമ്മ്യൂണിറ്റി കോളേജ് പദ്ധതി എന്നീ ഘടകങ്ങൾ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ.

(ബി) കടുത്തുരുത്തി, കളമശ്ശേരി, തൃശ്ശൂർ വനിതാ പോളിടെക്നിക്ക് കോളേജ്, തൃപ്രയാർ ശ്രീരാമ പോളിടെക്നിക്ക് കോളേജ് എന്നീ സ്ഥാപനങ്ങളിൽ TBI സെന്റർ ജി.ഒ. (എം.എസ്) 808/14/ഉ.വി.വ., തീയതി 23-4-2014 എന്ന ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ ജി.ഒ. (എം.എസ്.) 52/15/ഉ.വി.വ., തീയതി 12-2-2015 പ്രകാരം TBI സെന്റർ ആരംഭിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കോഴിക്കോട് വനിതാ പോളിടെക്നിക് കോളേജിൽ ആരംഭിച്ച ഉൽപ്പാദന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്.

(സി) സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അംഗീകാരം നൽകി ഉത്തരവ് നൽകാറുണ്ട്.

(ഡി) ഡിപ്ലോമ കരിക്കുലം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (SITTTR) പഠനം നടത്തിവരുന്നു. സാങ്കേതിക മേഖലയിൽ ലഭ്യമാകാവുന്ന തൊഴിലവസരങ്ങൾ കൂടി കണക്കിലെടുത്താണ് പഠന വിഷയങ്ങളും കോഴ്സുകളും ക്രമീകരിക്കുന്നത്. അതത് കാലം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (SITTTR) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം**

186 (5050) ശ്രീ. അനിൽ അക്കര:
ശ്രീ. വി. ഡി.സതീശൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനുള്ള ധനം എവിടെനിന്നും കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെപ്പറയുന്ന തുക 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്:

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം - 200 ലക്ഷം.

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം - 200 ലക്ഷം.

മറ്റ് എഞ്ചിനീയറിംഗ് കോളേജുകൾ - 500 ലക്ഷം.

കോളേജുകളിൽ നിന്നുള്ള പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് അനുമതി നേടുകയാണ് ചെയ്യുന്നത്.

ഇതിനു പുറമേ താഴെപ്പറയുന്ന പ്രോജക്ടുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട് പി. ജി. ഹോസ്റ്റൽ - 9 കോടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം പി.ജി. ഹോസ്റ്റൽ - 9 കോടി

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പി.ജി/റിസർച്ച് ഹോസ്റ്റൽ -7 കോടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് ഗേൾസ് ഹോസ്റ്റൽ - 10 കോടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ ഗേൾസ് & ബോയ്സ്/ പി.ജി./ റിസർച്ച് ഹോസ്റ്റൽ - 10 കോടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി ഗേൾസ് & ബോയ്സ്/ പി.ജി./ റിസർച്ച് ഹോസ്റ്റൽ - 10 കോടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ

1. കമ്പ്യൂട്ടർ സയൻസ് ബ്ലോക്ക് - 5 കോടി
2. പി.ജി./റിസർച്ച് ഹോസ്റ്റൽ - 5 കോടി
3. റിസർച്ച്പാർക്ക് - 10 കോടി

ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അദ്ധ്യാപകരാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

187 (5051) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി; ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ സ്ഥിതിയും ചെലവഴിച്ച തുകയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് 730 ലക്ഷം രൂപ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി അനുവദിച്ചു. പ്രസ്തുത നിർമ്മാണപ്രവർത്തന ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പി.ഡബ്ല്യു.ഡി.യുടെ ഹെഡ് ഓഫ് അക്കൗണ്ടിലാണ് (4202-2-105-90) ടി 730 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനായി പി.ഡബ്ല്യു.ഡി. നടപടികൾ സ്വീകരിച്ചുവരുന്നു.

## പോളിടെക്നിക്കുകളുടെ പ്രവർത്തനം

188 (5052) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പോളിടെക്നിക്കുമായി ബന്ധപ്പെട്ട, കേന്ദ്രവിഷ്കൃത പദ്ധതിയുടെ ഫണ്ട് നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോളിടെക്നിക്കുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 45 സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മെഷീനറികളും ഉപകരണങ്ങളും, ഫർണിച്ചറുകളും ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 2900 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് ആധുനിക വ്യവസായ മേഖലയിലെ നൂതന അറിവുകൾ പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി പരിശീലനം നൽകുന്ന ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ എന്ന പദ്ധതി.
- വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിഷയങ്ങളിലും സോഫ്റ്റ് സ്കിൽ വികസനത്തിനും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഫിനിഷിംഗ് സ്കൂൾ.
- വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന ICT എന്ന പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, കാമ്പസ് നെറ്റ് വർക്കിംഗ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ.
- പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായുള്ള റെമഡിയൽ ക്ലാസ്സുകൾ നടത്തുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം.
- പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ, പോളിടെക്നിക്കുകളുടെ വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക് വഴിയുള്ള സാമൂഹ്യ വികസനം, കമ്മ്യൂണിറ്റി കോളേജ് പദ്ധതി എന്നീ ഘടകങ്ങൾ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ.

**ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ**

189 (5053) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ മുട്ടത്തറയിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിലേയ്ക്കായി എത്ര സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2610/2-ൽപ്പെട്ട ഒരു ഏക്കർ ഭൂമി പാട്ടവ്യവസ്ഥകൾക്ക് വിധേയമായി 2% പാട്ട നിരക്കിൽ 30 വർഷത്തേയ്ക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയ്ക്ക് റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് അനുവദിച്ച് 30-1-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 68/2016/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## ഇ-ഗ്രാന്റ് ആനുകൂല്യം

190 (5054) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളിൽനിന്നും സർവ്വകലാശാലകൾ ഫീസ് ഈടാക്കുന്നത് ഏത് രീതിയിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആനുകൂല്യവിതരണം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം നൽകിയിട്ടുണ്ടോ ;

(സി) ഇ-ഗ്രാന്റ് മുടങ്ങിയതുമൂലം ഈ ആനുകൂല്യം കൈപ്പറ്റുന്ന വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് ഉൾപ്പെടെയുള്ള ഫീസ് ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്ന വിദ്യാർത്ഥികളിൽനിന്നും വിവിധ ഫീസ് ഈടാക്കാൻ കഴിയാത്തതുകൊണ്ട് മാത്രം ഇവരുടെ പരീക്ഷാഫലമുൾപ്പെടെയുള്ളവ തടഞ്ഞുവച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതി വിശേഷത്തിനിടയാക്കിയ കാരണമെന്താണ്;

(ഇ) യഥാസമയം നൽകേണ്ട ആനുകൂല്യം നൽകാതെ പരീക്ഷാഫലമുൾപ്പെടെ തടഞ്ഞുവയ്ക്കുകവഴി വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇ-ഗ്രാന്റ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ ഫീസ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ടി സ്ഥാപനം യൂണിവേഴ്സിറ്റിയുടെ ഫണ്ടിലേയ്ക്ക് അടയ്ക്കുകയുമാണ് ചെയ്യുന്നത്.

(ബി) ടി ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഭീമമായ തുക കുടിശ്ശിക ഉണ്ടായിരുന്നു. കുടിശ്ശിക തീർക്കുന്നതിന് കഴിഞ്ഞ വർഷം ബജറ്റ് വിഹിതത്തിന് പുറമെ 70 കോടി രൂപകൂടി അനുവദിച്ചുവെങ്കിലും നിലവിൽ 231 കോടി രൂപ കുടിശ്ശികയുണ്ട്.

(സി) വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല.

(ഡി) പരീക്ഷാഫലം തടഞ്ഞുവച്ചതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇ- ഗ്രാന്റ്സിലെ കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യാത്തതാണ് ഈ സ്ഥിതി വിശേഷത്തിനിടയാക്കിയിട്ടുള്ളത്.

(ഇ) സർവ്വകലാശാലകൾക്ക് നൽകുവാനുള്ള കുടിശ്ശിക തീർത്താൽ മാത്രമേ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കാണാനാകൂ. ഇതുമൂലം കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം സെന്ററിന്റെ വികസനം

191 (5055) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിഗഡ് യൂണിവേഴ്സിറ്റി മലപ്പുറം സെന്ററിന്റെ പുരോഗതിക്കായി കേന്ദ്രസർക്കാരിലും അലിഗഡ് യൂണിവേഴ്സിറ്റി നേതൃത്വത്തിലും സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത സെന്ററിനായി ഇതുവരെ എത്ര തുക ചെലവിട്ടു എന്നും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത യൂണിവേഴ്സിറ്റിയ്ക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതിനോ സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിനോ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അലിഗഡ് യൂണിവേഴ്സിറ്റി മലപ്പുറം സെന്ററിന്റെ നിലവിലെ അവസ്ഥ മാറ്റിയെടുത്ത് വികസിപ്പിക്കുന്നതിന് ഉതകുംവിധം ഈ വിഷയം കേന്ദ്രമാനവ വിഭവശേഷി മന്ത്രിയുടെയും, യു.ജി.സി.-യുടെയും ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) പ്രസ്തുത സെന്ററിനായി കേന്ദ്രത്തിൽനിന്നും ഏകദേശം 60 കോടി രൂപ ലഭിച്ചിട്ടുണ്ട്. ക്ലാസ്സുകൾ നടത്തുവാനും ഭരണ നിർവ്വഹണത്തിനും താമസത്തിനും സെമിപെർമനന്റ് ബിൽഡിംഗുകൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) 20 പുതിയ കോഴ്സുകൾ തുടങ്ങുവാൻ അലിഗഡ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഠന വിഭാഗങ്ങൾക്കായി ഒരു സ്ഥിരം കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

## തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ അദ്ധ്യാപകരുടെ നിയമന അംഗീകാരം

192 (5056) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിൽ മാനേജ്മെന്റ് നിയമനം നല്കിയ ഏതെങ്കിലും അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റിയുടെ നിയമന അംഗീകാരം ലഭിക്കേണ്ടതുണ്ടോ; അവരുടെ പേരു വിവരം ലഭ്യമാക്കാമോ;

(ബി) നാലു വർഷത്തിലേറെയായി ഈ കോളേജിൽ ജോലി ചെയ്തുവരുന്ന ഡോ. മായ. എസ് എന്ന അദ്ധ്യാപികയുടെ നിയമനകാര്യത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് എന്നാണ് യൂണിവേഴ്സിറ്റി കൈപ്പറ്റിയിട്ടുള്ളത്; ഈ ഉത്തരവ് പ്രകാരം ഇതിന്റെ നടപടിക്രമങ്ങൾ ബഹു. ഹൈക്കോടതി നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുമോ;

(സി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം വിഷയങ്ങളാണ് പരിശോധിക്കുന്നത്;

(ഡി) കാലിക്കറ്റ് സർവ്വകലാശാലയുടെ മേയ് 6-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഡോ.മായയുടെ നിയമനകാര്യത്തിൽ എടുത്ത തീരുമാനം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് കൂടുതൽ പരിശോധനയ്ക്ക് സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

അവരുടെ പേരു വിവരം

1. ശ്രീമതി മായ. എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി

2. ശ്രീ. ബിജു. കെ. പി., അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി

3. ശ്രീ. കണ്ണൻ. കെ. എൻ., അസിസ്റ്റന്റ് പ്രൊഫസർ പൊളിറ്റിക്കൽ സയൻസ്

4. ശ്രീമതി അർച്ചന അരവിന്ദൻ, അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്

5. ശ്രീമതി സൗമ്യ ശ്രീധർ. വി., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്

6. ശ്രീമതി ദീപ്തി. പി. വി., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്

7. ശ്രീ. അരുൺകുമാർ.പി. എം., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്

8. ശ്രീ. സുനിൽകുമാർ. പി., അസിസ്റ്റന്റ് പ്രൊഫസർ, സുവോളജി

9. ശ്രീ. പ്രശാന്ത്. സി. ബി., അസിസ്റ്റന്റ് പ്രൊഫസർ, സ്റ്റാറ്റിസ്റ്റിക്സ്

(ബി) ഡോ. മായ. എസ്. എന്ന അദ്ധ്യാപികയുടെ നിയമനകാര്യത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് 16-1-2017-ൽ കാലിക്കറ്റ് സർവ്വകലാശാല കൈപ്പറ്റിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് സർവ്വകലാശാല നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(സി & ഡി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനത്തിനായി സെലക്ഷൻ കമ്മറ്റി തയ്യാറാക്കിയ മിനിട്സും, നൽകിയ മാർക്കിന്റെ ടാബുലേഷൻ ഷീറ്റും, അനുബന്ധ രേഖകളും പ്രസ്തുത കാലത്തെ ഗൈഡ് ലൈൻ പ്രകാരമാണോ എന്ന് പരിശോധിക്കാൻ സർവ്വകലാശാല സിൻഡിക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് കാലിക്കറ്റ് സർവ്വകലാശാല മേയ് 6-നു ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഡോ. മായ എസ്., ഡോ. ബിജു.കെ.പി. എന്നിവരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയ്ക്കായി ഡോ.സി.അബ്ദുൽ മജീദ് കൺവീനറായും ശ്രീ. കെ. കെ. ഹനീഫ, അഡ്വ.പി.എം.നിയാസ്, ഡോ.കെ.എം.നസീർ, ഡോ. സി.സി.ബാബു എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ് സ്ഥലം മാറ്റം**

193 (5057) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റായി നിയമിക്കുന്നതിന് തയ്യാറാക്കിയ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്.

9-5-2017-ലെ സ.ഉ.(കൈ) നമ്പർ 123/2017/ഉ.വി.വ. പ്രകാരം പ്രൊബേഷൻ മാനദണ്ഡമാക്കാതെ, സർവ്വീസ് സീനിയോറിറ്റിയുടെയും, ഓപ്ഷന്റെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ രീതി**

194 (5058) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ രീതി അവലംബിക്കാൻ അനുമതി ഉണ്ടോ;

(ബി) ഇല്ലെങ്കിൽ വിവിധ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ രീതി പ്രോത്സാഹിപ്പിക്കുന്ന നടപടിയിലേക്ക് നീങ്ങുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇതു തടയാൻ ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ രീതി അവലംബിക്കുവാൻ യു. ജി. സി.യുടെ അനുമതി ഉണ്ട്.

**കേരള സാക്ഷരതാ മിഷനിലെ ജീവനക്കാർ**

195 (5059) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സാക്ഷരതാ മിഷനിൽ താൽക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നിയമിച്ചത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സാക്ഷരതാ മിഷൻ അതോറിറ്റിയിൽ കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചവരുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:-

കരാറടിസ്ഥാനത്തിൽ നിയമിച്ചവർ

- ഡോ. ജെ. വിജയമ്മ – അസിസ്റ്റന്റ് ഡയറക്ടർ (സംസ്ഥാന ഓഫീസ്)
- ശ്രീമതി ചിത്ര നാരായണൻ - അസിസ്റ്റന്റ് എഡിറ്റർ (സംസ്ഥാന ഓഫീസ്)

ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചവർ

- ശ്രീമതി ജയലക്ഷ്മി - ഡിടിപി ഓപ്പറേറ്റർ (സേവനം അവസാനിപ്പിച്ചിട്ടുണ്ട്) (സംസ്ഥാന ഓഫീസ്)
- ശ്രീ. വേണുഗോപാലൻ നായർ - നൈറ്റ് വാച്ച്മാൻ, (സംസ്ഥാന ഓഫീസ്)
- ശ്രീമതി ശരണ്യ കെ. - ഓഫീസ് അസിസ്റ്റന്റ്, മലപ്പുറം ജില്ലാ സാക്ഷരതാ മിഷൻ ഓഫീസ്

(സി) അല്ല. കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സാക്ഷരതാ മിഷൻ അതോറിറ്റിയിലെ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കരാർ/ദിവസ വേതനാടിസ്ഥാനത്തിലുമാണ് നടത്തിവരുന്നത്. ഈ സ്ഥാപനത്തിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിധിയിൽ വരുന്നതല്ല. 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം, പ്രസ്തുത സ്ഥാപനത്തിൽ

ബാധകമല്ല. മാത്രമല്ല, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ സൃഷ്ടിച്ചിരിക്കുന്ന തസ്തികകളിൽ ഒന്നുംതന്നെ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുള്ള സ്ഥിരം തസ്തികകളില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്താൻ നിർവ്വാഹമില്ല.

**ദേവികുളത്ത് ഐസക് കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

196 (5060) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ നമ്പർ 20/1-ൽ ഉൾപ്പെട്ട സർക്കാർ ഭൂമി ഐസക് എന്നയാൾ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഒഴിപ്പിക്കുന്നതിന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഡി.എച്ച്. വില്ലേജിൽ സർവ്വെ നമ്പർ 20/1-ൽപ്പെട്ട 4 സെന്റ് വസ്തു പതിച്ചുകിട്ടുന്നതിലേയ്ക്കായി സാമുവൽ മകൻ ഐസക്ക് എന്നയാൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-34320/14-ാം നമ്പർ റിട്ട് ഹർജിയിൽ, ജില്ലാ കളക്ടർ ഇടുക്കി ഹർജിക്കാരനെ നേരിൽ കേട്ട് ഉചിതമായ തീരുമാനമെടുക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ ടിയാനെ നേരിൽ കേൾക്കുകയും റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്തു. ടി സ്ഥലം പതിച്ച് നൽകുന്നതിന് അർഹതയില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പട്ടയത്തിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ദേവികുളം തഹസിൽദാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പ്**

197 (5061) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ "കാക്കത്തുരുത്ത്" പാലത്തിന്റെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട്, LARR ആക്ട്, 2013 - ലെ വ്യവസ്ഥകളനുസരിച്ച് അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (BVR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 17-4-17-ൽ നടന്ന എൽ.എ കോൺഫറൻസിൽ, കാക്കത്തുരുത്ത് പാലത്തിന്റെ വീതി കൂട്ടുന്നതിനാൽ അലൈൻമെന്റിന് വ്യതിയാനം സംഭവിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ അർത്ഥനയും, ഭരണാനുമതിയും അലൈൻമെന്റ് സ്കെച്ചും ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**പാപ്പാത്തിചോലയിൽ ടോം സക്കറിയയും സഹോദരന്മാരും തട്ടിയെടുത്ത പട്ടയഭൂമി**

198 (5062) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പാത്തിചോലയിൽ റവന്യൂ വകുപ്പ് കുരിശ് പൊളിച്ച് നീക്കിയ സ്ഥലത്ത് നിന്നും നീക്കിയ ഷെഡ്ഡുകൾ പട്ടികജാതിക്കാരുടെ കുടിലുകളായിരുന്നു എന്നത് വസ്തുതയാണോ;

(ബി) ഈ ഷെഡ്ഡുകൾക്ക് ചിന്നക്കനാൽ വില്ലേജിൽ നിന്നും കൈവശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(സി) ടോം സക്കറിയയും സഹോദരന്മാരും നിരവധി ആദിവാസികളുടെയും പട്ടികജാതിക്കാരുടെയും പട്ടയഭൂമി തട്ടിയെടുത്ത് അതിനോട് ചേർന്നുള്ള ഏക്കർ കണക്കിന് സർക്കാർ ഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) ചിന്നക്കനാൽ വില്ലേജിൽ ആദിവാസികൾക്ക് അനുവദിച്ച ഭൂമി തട്ടിയെടുത്തത് സംബന്ധിച്ച് ഒഴിപ്പിക്കൽ നടപടികൾ ആരംഭിച്ചതിനെതിരെ വെള്ളക്കുന്നേൽ കുടുംബം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നടപടിയിലിരിക്കുന്നതുമാണ്.

**ഇരിട്ടി താലൂക്കിൽ പടിയൂർ വില്ലേജിൽ കൈവശ ഭൂമിക്ക് പട്ടയം**

199 (5063) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പടിയൂർ വില്ലേജിൽ ആര്യങ്കോട് പ്രദേശത്ത് കൈവശഭൂമിക്ക് പട്ടയം നൽകുന്നവർക്ക് ഒരു റോഡിന്റെ ഇരുവശവും കൈവശഭൂമി ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു പ്ലോട്ടിനു മാത്രം പട്ടയം നൽകിയാൽ മതിയെന്ന് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വി. കെ. ഗോപാലൻ (വലിയകുന്നത്ത് വീട്), സാനു(കയ്യാന്നിപ്പുറത്ത്), ഗോപി (പാറപ്പുറത്ത്), കരുണൻ (ഓലേടത്ത്), ഗോപി (പള്ളത്തുകാലായിൽ) എന്നിവരുടെ മുഴുവൻ കൈവശഭൂമിക്കും പട്ടയം നൽകുന്നതിന് എന്തു നിയമ തടസ്സമാണുള്ളതെന്ന് വ്യക്കമാക്കുമോ;

(സി) ഇവരുടെ കൈവശഭൂമി എത്രയെന്നും കൈവശഭൂമിക്ക് മുഴുവൻ പട്ടയം ലഭ്യമാക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂരംശം ദേശത്ത് പടിയൂർ വില്ലേജിലെ റീ.സർവ്വെ നമ്പർ1/1 എ-യിൽ പെട്ടതും 100 പ്ലോട്ടുകളായി തിരിച്ചിട്ടിരുന്നതുമായ 52.64 ഏക്കർ മിച്ചഭൂമി കയ്യേറി കൈവശംവച്ച് വരുന്നവരുടെ അർഹത പരിശോധിച്ച്, ഒരു വ്യക്തി/കുടുംബത്തിന് ഒരു പ്ലോട്ട് എന്ന് നിജപ്പെടുത്തി, കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം പതിച്ചുനൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 2-12-2016-ലെ സ.ഉ.(സാധാ) നമ്പർ 5193/2016/റവന്യൂ പ്രകാരം സെക്രട്ടറി, ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വി. കെ. ഗോപാലൻ, സാന്ദ (കയ്യാനിപ്പുറത്ത്), കരുണൻ (ഓലേത്ത്) എന്നിവർ ഒന്നിലധികം പ്ലോട്ടുകൾ കൈവശംവച്ചുവരുന്നു. മേൽ സർക്കാർ ഉത്തരവിൽ ഒരു വ്യക്തി/കുടുംബത്തിന് ഒരു പ്ലോട്ട് എന്ന് നിജപ്പെടുത്തിയിട്ടുള്ളതിനാൽ മുഴുവൻ കൈവശ ഭൂമിക്കും പട്ടയം നൽകാനാവില്ല.

ഗോപി (പാറപ്പുറത്ത്), ഗോപി(പള്ളത്തുകാലായിൽ) എന്നിവർ കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമാനുസരണ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോരുത്തരും കൈവശം വച്ചുവരുന്ന ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വി.കെ. ഗോപാലൻ | - | 0.2656 ഹെക്ടർ |
| സാന്ദ (കയ്യാനിപ്പുറത്ത്) | - | 0.1297 ഹെക്ടർ |
| ഓലയടത്ത് കരുണൻ | - | 0.1983 ഹെക്ടർ |
| പാറപ്പുറത്ത് ഗോപി | - | 0.0742 ഹെക്ടർ |
| ഗോപി പള്ളത്തുകാലായിൽ | - | 0.1733 ഹെക്ടർ |

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കക്ഷികൾക്ക് ഒരു പ്ലോട്ട് എന്ന് നിജപ്പെടുത്തി ഓഫർ ഓഫ് അസൈൻമെന്റ് അനുവദിക്കുകയും ക്രയവില ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. വി. കെ. ഗോപാലൻ ഒഴികെ മറ്റ് നാല്പേരും ക്രയവില ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ ഡീഡ് ഓഫ് അസൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. വി. കെ. ഗോപാലൻ ക്രയവില ഒടുക്കുന്ന മുറയ്ക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര പാലമേൽ ആനന്ദമന്ദിരത്തിൽ കെ. രവീന്ദ്രന്റെ പരാതിയിന്മേൽ നടപടി**

200 (5064) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പാലമേൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 220/2-15-ൽ കല്ല്യാണിയമ്മയുടെയും മകൻ ആനന്ദിന്റെയും പേരിൽ 7694-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട 45.5 സെന്റ് വസ്തുവിൽനിന്നും കല്ലട ജലസേചന പദ്ധതിയ്ക്കായി 14.75 സെന്റ് വസ്തു ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ബാക്കിയുള്ള സ്ഥലത്തിന് റീസർവ്വേയ്ക്കുശേഷം പുതിയ തണ്ടപ്പേർ നൽകിയിട്ടില്ലായെന്നും റീസർവ്വെയിൽ വന്ന പ്രസ്തുത തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ട് മാവേലിക്കര താലൂക്കിൽ, പാലമേൽ വില്ലേജിൽ ആനന്ദമന്ദിരത്തിൽ കെ. രവീന്ദ്രൻ 26-12-2012-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ ഇതു സംബന്ധിച്ച c1/5617/2013-ഫയലിന്റെ തുടർനടപടികൾ വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) 1978-79 കാലയളവിലാണ് കല്ലട ജലസേചന പദ്ധതിക്കായി സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളത്. പരാതികക്ഷികളായ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദമന്ദിരത്തിൽ കല്ല്യാണിയമ്മയുടെയും മകൻ കെ.രവീന്ദ്രന്റെയും സ്ഥലം പാലമേൽ വില്ലേജിൽ ബ്ലോക്ക് 21-ൽ റീസർവ്വേ 401/6-ൽ പൂർണ്ണമായും 400-ന്റെ ഭാഗവും ആയാണ് കിടക്കുന്നത്. ആയതിൽ 401/6-ൽപ്പെട്ട 18.00 ആർസ് വസ്തു പൂർണ്ണമായും 4408 നമ്പർ തണ്ടപ്പേർ പ്രകാരം എരുമക്കുഴി മുറിയിൽ കാഞ്ഞിരവിളയിൽ പാർവ്വതി കല്യാണി മക്കൾ ജഗദമ്മ, രാധാമണി, ചന്ദ്രിക, സരോജം, കുട്ടപ്പൻ, രവീന്ദ്രനാഥൻ, കുട്ടപ്പൻ സുരേന്ദ്രൻ, കുട്ടപ്പൻ പ്രസന്നൻ, കുട്ടപ്പൻ പ്രസാദ് എന്നിവരുടെ ഉടമസ്ഥതയിലാണ്. അവശേഷിക്കുന്നതും കക്ഷികളുടെ കൈവശത്തിരിക്കുന്നതുമായ സ്ഥലം റീസർവ്വെ റിക്കാർഡുകളിൽ കനാൽ പുറമ്പോക്കായും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കല്ലട ജലസേചന പദ്ധതിയുടെ കനാലിനുവേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതിന്റെ എൽ.എ. സ്കെച്ച് പരിശോധിച്ചതിൽ പരാതിക്ക് ആസ്പദമായിട്ടുള്ള സ്ഥലം പാലമേൽ വില്ലേജിൽ ബ്ലോക്ക് 21-ൽ മുൻ സർവ്വേ നമ്പർ 220/2/15-ൽ ഉൾപ്പെട്ടിരിക്കുന്നു. പ്രസ്തുത എൽ.എ. സ്കെച്ച് പ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 18.00 ആർസും സ്കെച്ചിനോടൊപ്പം ഹാജരാക്കിയ വിസ്തീർണ്ണത്തിൽ 30.58 ആർസും ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെ വിസ്തീർണ്ണത്തിലെ പൊരുത്തക്കേട് പരിശോധിക്കുന്നതിനായി പ്രസ്തുത സബ് ഡിവിഷൻ മുൻ സർവ്വെ നമ്പർ 220/2/15-ന്റെ ഓൾഡ് മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കാൻ മാവേലിക്കര തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൾഡ് മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചെറുവണ്ണൂർ നല്ലളത്തെ മാതൃകാ വില്ലേജ് ആക്കി മാറ്റുവാൻ നടപടി**

201 (5065) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ നല്ലളം വില്ലേജിനെ ആധുനിക വിവര സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സ്മാർട്ട് വില്ലേജ് ആക്കി മാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനപങ്കാളിത്തത്തോടെ നവീകരിച്ച വില്ലേജ് ഓഫീസിൽനിന്നും ജനങ്ങൾക്ക് ഏറ്റവും നല്ല സേവനം ലഭ്യമാകുന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വില്ലേജിനെ മാതൃകാ വില്ലേജ് ഓഫീസ് ആക്കി മാറ്റുവാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടി വില്ലേജ് ഓഫീസിൽ നിന്നും ജനങ്ങൾക്ക് ഏറ്റവും നല്ല സേവനം ലഭ്യമാക്കി മാതൃകാ വില്ലേജാഫീസാക്കി മാറ്റുന്നതാണ്.

**വെള്ളരിക്കുണ്ട് താലൂക്ക് സബ് ഡിവിഷൻ അനുവദിക്കണമെന്ന ആവശ്യം**

202 (5066) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് സബ്ബ് ഡിവിഷൻ ഓഫീസുകൾ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ സബ് ഡിവിഷൻ ഓഫീസുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ പുതിയ താലൂക്കുകളിൽ വിവിധ വകുപ്പുകളുടെ സബ് ഡിവിഷൻ ഓഫീസുകൾ തുടങ്ങുവാൻ ബന്ധപ്പെട്ട വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**എം.എം. ലംബോധരന് വസ്തു സംബന്ധമായി നോട്ടീസ്**

203 (5067) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മൂന്നാർ പ്രദേശത്ത് എം.എം. ലംബോധരൻ എന്ന ആൾക്ക് 300 -ൽപരം ഏക്കർ ഭൂമിയുണ്ടെന്ന് ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടിയാനും കുടുംബാംഗങ്ങൾക്കും ഈ പ്രദേശത്ത് എത്ര എക്കർ ഭൂമി വീതം ഏതൊക്കെ സ്ഥലങ്ങളിൽ ആരുടെയൊക്കെ പേരിൽ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിയ്ക്കാൻ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ വകുപ്പ് ടിയാന് ഈ പ്രദേശത്തെ വസ്തു സംബന്ധമായി എന്തെങ്കിലും നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മരം മുറിക്കുവാനുള്ള അനുമതിക്കെതിരെ അപ്പീൽ നൽകാൻ നടപടി**

204 (5068) ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. വി. റ്റി. കമ്പനിക്ക് 1100 ഏക്കറിലെ 25000 റബ്ബർ മരങ്ങൾ മുറിക്കുവാൻ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ വിധി നിലവിലുള്ള തോട്ടം കേസുകളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിധിക്കെതിരെ അപ്പീൽ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എ.വി.റ്റി. കമ്പനി പത്തനംതിട്ട ജില്ലയിൽ കൈവശംവയ്ക്കുന്ന ഭൂമിയിൽ 7.5 ഏക്കറിന്റെ അവകാശം ഉന്നയിച്ചുകൊണ്ട് ശ്രീ മഹാദേവി ശാസ്താ ക്ഷേത്രം ഭാരവാഹികൾ ഫയൽ ചെയ്ത WP (C) No.34185/2015 നമ്പർ ഹർജിയിൽ എ. വി. തോമസ് കമ്പനിയും മിഡ് ലാന്റ് റബ്ബർ പ്രൊഡ്യൂസ് കമ്പനിയും ഫയൽ ചെയ്ത IA No.2125/2017 അപേക്ഷയിൽ ബഹു. കേരള ഹൈക്കോടതി, കമ്പനി ടാക്സ് ഒടുക്കുന്ന ഭൂമിയിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചു നീക്കുന്നതിന് അനുമതി നൽകി 11.04.2017-ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. മഹാദേവി ശാസ്താ ക്ഷേത്രം ഭാരവാഹികൾ ഫയൽ ചെയ്ത WA-878/2017-ൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ടി ഉത്തരവിനെ 25-5-2017 വരെ സ്റ്റേ ചെയ്തിട്ടുള്ളതാണ്.

(ബി & സി) എ.വി.റ്റി. കമ്പനി കൈവശം വച്ച് കരം അടച്ചുവരുന്ന ഭൂമിയിൽ കൃഷി ആവശ്യത്തിനായി റവന്യൂ അധികാരികളുടെ അനുമതിയോടെ മരം മുറിക്കുന്നതിനാണ് കോടതി ഉത്തരവായത്. പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ/റിവിഷൻ ഫയൽ ചെയ്യുന്നതിന് വാക്കാൽ നിർദ്ദേശം സർക്കാർ നൽകിയിരുന്നതാണ്. എന്നാൽ കേസിലെ കക്ഷിയായ ശ്രീ മഹാദേവി ശാസ്താക്ഷേത്രം തന്നെ WA-878/2017 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ അഭിഭാഷകനും മരംമുറിക്കുന്നതിന് നൽകിയ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാണ് അപേക്ഷിച്ചത്. ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് എ.വി.റ്റി. കമ്പനി കൈവശം വച്ച് കരം അടയ്ക്കുന്ന ഭൂമിക്ക് മാത്രം ബാധകമായതാണ്. അത് ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയുമാണ്. നിലവിലുള്ള തോട്ടം കേസുകളെ ഇത് പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ലാത്തതാണ്.

**കാണം/വെറുംപാട്ടം കുടുംബങ്ങൾക്ക് കൈവശാവകാശരേഖകൾ**

205 (5069) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി സർട്ടിഫിക്കറ്റും കൈവശാവകാശ രേഖകളുമില്ലാതെ വീടും പുരയിടവും കുടുംബങ്ങളുമായി താമസിക്കുന്ന കാണം/വെറുംപാട്ടം കുടുംബക്കാർ പാലക്കാട്, തൃശ്ശൂർ തുടങ്ങി ഏതെല്ലാം ജില്ലകളിലുണ്ട്; എത്ര കുടുംബങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം വില്ലേജ്/താലൂക്ക്/ജില്ലാ കളക്ടറേറ്റ് ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടപ്പുണ്ട് എന്നും ഇവ തീർപ്പാക്കാത്തതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) 2016-ൽ മുൻ സർക്കാർ ഇവർക്ക് രേഖകൾ നൽകേണ്ടതില്ല എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നിയമസഭയുടെ മേശപ്പുറത്ത് വച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കാനും പ്രസ്തുത കുടുംബങ്ങൾക്ക് കൈവശാവകാശരേഖകളും നികുതിയടയ്ക്കാനുള്ള അവകാശവും ഉറപ്പുവരുത്തുവാനും എന്തു നടപടി ഈ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കാണം/വെറുംപാട്ടം അവകാശമായി ഭൂമി കൈവശം വച്ചുവരുന്ന 35,000-ൽ അധികം കേസുകൾ/അപേക്ഷകൾ പാലക്കാട് ജില്ലയിൽ നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിൽ കാണം/വെറുംപാട്ടം ഭൂമികളുടെ കൈമാറ്റങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി പട്ടയദാരുടെ പേരുകൾകൂടി ഉൾപ്പെടുത്തി നികുതി സ്വീകരിക്കുകയും കൈവശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തുവരുന്നു. അതിനാൽ നികുതി രസീതോ, കൈവശാവകാശ രേഖകളോ ഇല്ലാതെ താമസിക്കുന്ന ആളുകൾ തൃശ്ശൂർ ജില്ലയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൃശ്ശൂർ ജില്ലയിൽ കാണം/വെറുംപാട്ടം സെറ്റിൽ ചെയ്യുന്നതിനായി നിലവിലുള്ള അപേക്ഷകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| താലൂക്കുകളിൽ | 20,168 (കാണം) |
| സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.) | 32,433 (വെറുംപാട്ടം) |
| ഡെപ്യൂട്ടി കളക്ടർ (എൽ.റ്റി.) | 7,968 (വെറുംപാട്ടം) |

മറ്റ് ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) അത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**പട്ടയം നൽകുന്നതിനുള്ള നയം**

206 (5070) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര ആളുകൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം വിഭാഗത്തിലുള്ള പട്ടയങ്ങളെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ പട്ടയം നൽകുന്നതിനുള്ള നയം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 7852 |
| കൊല്ലം | - | 1310 |
| പത്തനംതിട്ട | - | 2158 |
| കോട്ടയം | - | 2788 |
| ആലപ്പുഴ | - | 1114 |
| ഇടുക്കി | - | 39323 |
| എറണാകുളം | - | 5705 |
| തൃശ്ശൂർ | - | 11109 |
| മലപ്പുറം | - | 18164 |
| പാലക്കാട് | - | 14514 |
| കോഴിക്കോട് | - | 12182 |
| കണ്ണൂർ | - | 21400 |
| കാസർഗോഡ് | - | 11444 |
| വയനാട് | - | 777 |
| ആകെ | - | 149840 |

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള ഭൂമി പതിവ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെയും കാലകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും പട്ടയം നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർവ്വേ-റവന്യൂ വകുപ്പുകളിലെ വാഹനങ്ങൾ

207 (5071) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ വകുപ്പിലും റവന്യൂ വകുപ്പിലും കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലേലം ചെയത് വിൽപ്പന നടത്തിയ വാഹനങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പുകളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വാങ്ങിയ പുതിയ വാഹനങ്ങളുടെ വിവരം അറിയിക്കാമോ;

(സി) ലേലം ചെയ്ത് വിൽപ്പന നടത്തിയ വാഹനങ്ങൾക്ക് പകരം വാഹനം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വേ വകുപ്പിലും റവന്യൂ വകുപ്പിലും കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ 67 വാഹനങ്ങൾ ലേലം ചെയ്തു വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പുകളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 279 പുതിയ വാഹനങ്ങൾ വാങ്ങി.

(സി) ചില കാര്യാലയങ്ങളിൽ ലേലം ചെയ്തു വിൽപ്പന നടത്തിയ വാഹനങ്ങൾക്ക് പകരം വാഹനം അനുവദിച്ചുനൽകിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ബാലുശ്ശേരി കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള ഭൂമി

208 (5072) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18-4-2017-ലെ ബി2/165/2017/റവ. നമ്പർ നിർദ്ദേശപ്രകാരം തടസ്സങ്ങളുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലാ കളക്ടർ 6-5-2017-ന് DCKKD/2576/2017-B2 നമ്പർ കത്ത് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കയച്ചതു പ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) കോവിലകം താഴെപാലം അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള നിർബന്ധിത ഭൂമി ഏറ്റെടുക്കുന്നതിനായി 1-1-2014 മുതൽ നിലവിൽ വന്ന എൽ.എ.ആർ. ആക്ട് 2013 എൽ.എ.ആർ. റൂൾസ് 2015 പ്രകാരം ഉത്തരവാകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ ഉത്തരവ് ത്വരിതഗതിയിലാക്കാമോ?

<u>ഉത്തരം</u>

(എ – ഡി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴം പാലത്തിനുവേണ്ടി ഉഭയസമ്മതപ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ 15-12-2015-ലെ സ.ഉ.(ആർ.റ്റി.) 6625/15/RD പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൈമാറാൻ കക്ഷികൾ സന്നദ്ധരല്ലാതെ വന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടന്നില്ല.

18-4-2017-ലെ ബി2/165/2017/റവ. നമ്പർ കത്ത് പ്രകാരം, നെഗോഷ്യേറ്റഡ് പർച്ചേസ് ആയി ഏറ്റെടുക്കാൻ ഉത്തരവായ പ്രസ്തുത സ്ഥലം പൊന്നുംവില നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുവാനുള്ള നിർദ്ദേശമാണ് നൽകിയത്. ഭൂമി വിട്ടുനൽകേണ്ട വ്യക്തി നെഗോഷ്യേറ്റഡ് പർച്ചേസിന് തയ്യാറല്ലാത്തതിനാൽ ഉഭയകക്ഷി ചർച്ചയിലൂടെ സമവായത്തിലെത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനു പകരം 1-1-2014 മുതൽ നിലവിൽ വന്ന എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരം ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ 6-5-2017-ന് കത്ത് നൽകുകയുണ്ടായി. 10-5-2017-ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി കൂടിയ SLEC-SLMC കമ്മിറ്റി, പ്രസ്തുത ശിപാർശ പരിശോധിക്കുകയും ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ 15-12-2015-ലെ സ.ഉ.(ആർ.റ്റി.) 6625/15/RD നമ്പർ സർക്കാർ ഉത്തരവ് റദ്ദു ചെയ്യാനും, LARR Act 2013 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭരണവകുപ്പായ പൊതുമരാമത്ത് വകുപ്പിന് നിരദ്ദേശം നൽകാനും തീരുമാനിച്ചു. ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വകുപ്പു മുഖാന്തരം ഉത്തരവാകുന്ന മുറയ്ക്ക് 1-1-2014-ൽ നിലവിൽ വന്ന നിയമവും ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ അർത്ഥനാധികാരി പാലിക്കുകയാണെങ്കിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## നഷ്ടപ്പെട്ട പട്ടയങ്ങൾക്ക് പകരം പുതിയവ ലഭിക്കാനുള്ള നടപടി

209 (5073) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഭവന നിർമ്മാണത്തിന് 1980-ൽ സമർപ്പിച്ച പട്ടയങ്ങൾ നഷ്ടപ്പെട്ടുപോയതിന്റെ അടിസ്ഥാനത്തിൽ ഈ കുടുംബങ്ങൾക്ക് പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കേണ്ടത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

നിലവിലുള്ള നിയമപ്രകാരം ഒരിക്കൽ പട്ടയം അനുവദിച്ച ഭൂമിക്ക് വീണ്ടും പട്ടയം അനുവദിച്ച് നൽകാനാവുന്നതല്ല. എന്നാൽ പട്ടയം അനുവദിച്ച ഫയൽ ലഭ്യമാകുന്നപക്ഷം സർട്ടിഫൈഡ് കോപ്പി അനുവദിക്കാവുന്നതാണ്.

## തൃക്കണ്ണാട് ഫിഷറീസ് വകുപ്പിന്റെ സ്ഥലം കയ്യേറി കെട്ടിടം നിർമ്മിച്ചതിനെതിരെ നടപടി

210 (5074) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ഉദുമ പഞ്ചായത്തിൽ തൃക്കണ്ണാട് ക്ഷേത്രത്തിന് മുൻവശം RS:No.237/11-ൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം സ്വകാര്യ വ്യക്തി കയ്യേറി കെട്ടിടം നിർമ്മിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് വകുപ്പ് പ്രസ്തുത സ്ഥലം ഒഴിപ്പിച്ച് തരണമെന്നാവശ്യപ്പെട്ട് ജില്ലാ ഭരണകൂടത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ വിഷയത്തിൽ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഉണ്ട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്, ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം എന്നിവർ ജില്ലാ ഭരണകൂടത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും കയ്യേറ്റം നടന്നുവെന്ന് കണ്ടെത്തുകയും ചെയ്തതിനെത്തുടർന്ന് കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റിസോർട്ട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തോട്ടഭൂമി ഏറ്റെടുക്കുവാൻ തീരുമാനം

211 (5075) ശ്രീ. വി. ടി.ബൽറാം:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടഭൂമി മുറിച്ചുവിൽക്കുന്നതും അത് റിസോർട്ട് നിർമ്മാണത്തിന് ഉപയോഗിക്കുന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) തോട്ടഭൂമി മുറിച്ച് വിൽക്കുകയും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തോട്ടഭൂമി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പേരിയാർ, വാഗമൺ വില്ലേജുകളിൽ തോട്ടഭൂമിയിൽ റിസോർട്ട് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതിനെതിരെ ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. കൂടാതെ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ മലങ്കര എസ്റ്റേറ്റ് വക തോട്ടഭൂമി മുറിച്ച് വിറ്റിട്ടുണ്ട്. ടി ഭൂമിക്ക് ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്തുനൽകിയിട്ടുണ്ട്.

(ബി) കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം സീലിംഗ് പരിധിയിൽനിന്ന് വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഇക്കാ നഗറിൽ ബിനു പാപ്പച്ചൻ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാൻ നടപടി

212 (5076) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. വില്ലേജിൽ മൂന്നാർ ഇക്കാ നഗറിൽ സർവ്വേ നമ്പർ 62/9-ൽ വരുന്ന സർക്കാർ സ്ഥലം ബിനു പാപ്പച്ചൻ എന്നയാൾ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഒഴിപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ സർവ്വെ നമ്പർ 62/9-ൽപ്പെട്ടതും റവന്യൂ രേഖകൾ പ്രകാരം പൊതുമരാമത്ത് വകുപ്പ് വകയായതുമായ 07 സെന്റ് സ്ഥലം ശ്രീ. ബിനു പാപ്പച്ചന്റെ മാതാവായ ശ്രീമതി മിനി പാപ്പച്ചൻ അനധികൃതമായി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ശ്രീ. ബിനു പാപ്പച്ചനും കുടുംബാംഗങ്ങളും കയ്യേറിയ സ്ഥലങ്ങൾ പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് ടിയാനും മറ്റുള്ളവരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജികളിൽ അപേക്ഷകരെ നേരിൽ കേട്ട് അധികാരസ്ഥനായ ഉദ്യോഗസ്ഥൻ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ ഇവരെ നേരിൽ കേൾക്കുകയും ബന്ധപ്പെട്ട റവന്യൂ രേഖകൾ പരിശോധിക്കുകയും ചെയ്തു. കെ.ഡി.എച്ച്. നിയമങ്ങളും ചട്ടങ്ങളും പ്രകാരം പ്രസ്തുത സ്ഥലം പതിച്ചുനൽകുന്നതിന് ആവശ്യമായ അർഹത ടിയാന്മാർക്ക് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമി പതിവിനുള്ള അപേക്ഷ ജില്ലാ കളക്ടർ നിരസിച്ച് ഉത്തരവായി. ഈ ഉത്തരവിനെതിരായി ശ്രീ. ബിനു പാപ്പച്ചൻ ബഹു.ഹൈക്കോടതിയിൽ വീണ്ടും റിട്ട് ഹർജി ഫയൽ ചെയ്തുവെങ്കിലും ജില്ലാ കളക്ടറുടെ ഉത്തരവിനെതിരായി സ്റ്റാറ്റ്യൂട്ടറി അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന് നിരീക്ഷിച്ച് കോടതി ടി റിട്ട് ഹർജി തീർപ്പാക്കിയിട്ടുണ്ട്. പതിവ് അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ. ബിനു പാപ്പച്ചൻ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ അപ്പീൽ അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ 13147/17-ാം നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ടി കേസിലെ 11-4-2017-ലെ വിധിന്യായത്തിൽ പരാതിക്കാരനെ നേരിൽ കേട്ടശേഷം ഒരു മാസത്തിനകം അപ്പീൽ തീർപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകി ബഹു.ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ടിയാനെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയും മാഫിയാ ഭീഷണി നേരിടുന്നവർക്ക് സംരക്ഷണവും

213 (5077) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂവകുപ്പിലെ അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) സർക്കാർഭ്രൂമി കയ്യേറ്റം ചെയ്യുകയോ ഒഴിപ്പിക്കാൻ തയ്യാറാവുകയോ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ഭൂനിയമങ്ങൾ കർശനമായി നടപ്പാക്കാൻ ശ്രമിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർ മാഫിയാ ഭീഷണി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന ക്രിമിനലുകളിൽനിന്ന് അവർക്ക് സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ 224 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുക എന്നത് സർക്കാരിന്റെ നയമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

(സി) ചില ഭീഷണികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ പരിപൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്.

## പെരുവന്താനത്ത് ടി. ആർ. ആന്റ് റ്റീ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

214 (5078) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി.സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ 6000 ഏക്കർ സർക്കാർ ഭൂമി ടി. ആർ. ആന്റ് റ്റീ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്ന പരാതിയിൽ അന്വേഷണം പൂർത്തിയായോ; എങ്കിൽ എന്താണ് കണ്ടെത്തൽ എന്നറിയിക്കുമോ;

(ബി) അനധികൃതമായി കയ്യേറിയ ഭൂമി ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം ലാന്റ് റിസംപ്ഷൻ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറുടെ നടപടി ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ & ബി) സ്വതന്ത്ര്യത്തിനു മുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് നിയമാനുസൃതം കൈമാറിക്കിട്ടിയിട്ടില്ലാത്തതുമായ മുഴുവൻ സർക്കാർ ഭൂമിയും കെ.എൽ.സി. നിയമപ്രകാരം ഏറ്റെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഇടുക്കി ജില്ലയിൽ പെരുവന്താനം വില്ലേജിലെ ടി.ആർ. & ടി കമ്പനിയുടെ കൈവശ ഭൂമി സംബന്ധിച്ച രേഖകൾ പരിശോധിക്കുകയും ടി ഭൂമി സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനി കൈവശം വച്ചിരുന്ന സർക്കാർ ഭൂമിയാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി ഭൂമിയിൽ നിന്നും ഒഴിഞ്ഞുപോകുന്നതിന് കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 12 പ്രകാരം ടി. ആർ. & ടി കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ നടപടിക്കെതിരെ കമ്പനി ഫയൽ ചെയ്ത WP(C)26798/2016 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. കേസ്സിൽ അന്തിമ ഉത്തരവ് ആയിട്ടില്ലാത്തതുമാണ്.

**വിദേശത്തുള്ളവർക്ക വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം**

215 (5079) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ;

(ബി) ക്രീമിലെയർ സർട്ടിഫിക്കറ്റിനായി ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്ന സ്ഥിതി ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ) നിലവിലെ സർക്കാർ നിർദ്ദേശപ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പ്രത്യേകാവശ്യത്തിനായാണ്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ആജീവനാന്തമാണ്. (27-4-2007) ലെ സ.ഉ. (കയ്യെഴുത്ത്) 136/07/

ആർ.ഡി.) വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായി നിജപ്പെടുത്തി സർക്കാർ 25-4-2013-ലെ ജി. ഒ.(പി) 160/2013/ ആർ.ഡി പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകൾ കാലവിളംബം കൂടാതെതന്നെ തീർപ്പാക്കിവരുന്നുണ്ട്.

(സി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത് അപേക്ഷകന്റെ/രക്ഷകർത്താവിന്റെ സത്യവാങ്മൂലത്തിന്റെയും വില്ലേജ് ആഫീസറുടെ പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ്.

**ലക്ഷം വീടുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകിയത് സംബന്ധിച്ച ഉത്തരവുകൾ**

216 (5080) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ടും അല്ലാതെയും വർഷങ്ങളായി ലക്ഷം വീടുകളിൽ താമസിച്ചുവരുന്ന ആളുകൾക്ക് പട്ടയം നൽകാറുണ്ടോ;

(ബി) ഇത്തരത്തിൽ ലക്ഷം വീടുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് കഴിഞ്ഞ സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലക്ഷം വീടുകളിൽ താമസിക്കുന്ന എത്ര പേർക്ക് പട്ടയങ്ങൾ നൽകിയെന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലക്ഷം വീടുകളിൽ താമസിക്കുന്ന എത്ര പേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടത്തിൽ ലക്ഷം വീടുകൾക്ക് പട്ടയം നൽകിയതിന്റെ എല്ലാ ഉത്തരവുകളുടെയും പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) നൽകാറുണ്ട്.

(ബി) ലക്ഷം വീട് പദ്ധതി പ്രകാരമുള്ള ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയം, പോക്കുവരവ് ഇവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കാർ ഉത്തരവ് (കൈ) നമ്പർ 289/15/റവ. തീയതി 30/06/2015 പ്രകാരം കഴിഞ്ഞ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

| ജില്ല | പട്ടയങ്ങൾ |
|---|---|
| തിരുവനന്തപുരം | 45 |
| കൊല്ലം | 129 |
| ആലപ്പുഴ | 12 |
| പത്തനംതിട്ട | 170 |
| കോട്ടയം | 463 (കോളനി പട്ടയം ഉൾപ്പെടെ) |
| ഇടുക്കി | 11 |
| എറണാകുളം | 9 |
| തൃശ്ശൂർ | 97 |
| പാലക്കാട് | 325 (4 സെന്റ് കോളനി പട്ടയങ്ങൾ) |
| മലപ്പുറം | 211 |
| കോഴിക്കോട് | 348 |
| കണ്ണൂർ | 167 |
| കാസർഗോഡ് | നൽകിയിട്ടില്ല |
| വയനാട് | 20 |
| (ഡി) | |
| തിരുവനന്തപുരം | നൽകിയിട്ടില്ല |
| കൊല്ലം | 21 |
| ആലപ്പുഴ | നൽകിയിട്ടില്ല |
| പത്തനംതിട്ട | നടപടികൾ സ്വീകരിച്ചുവരുന്നു |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം | 8 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 115 (കോളനി പട്ടയങ്ങൾ) |
| മലപ്പുറം | 19 |
| കോഴിക്കോട് | 28 |
| കണ്ണൂർ | 62 |
| കാസർഗോഡ് | 44 |
| വയനാട് | 40 |

(ഇ) ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## റവന്യൂ റിക്കവറി കുടിശ്ശിക ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതി

217 (5081) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി കുടിശ്ശികകളിന്മേൽ തവണകളായി തിരിച്ചടവ് അനുവദിക്കുന്നതിനുള്ള ജില്ലാ കളക്ടർമാരുടെ അധികാരപരിധി ഉയർത്തി നല്കിയെങ്കിലും ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ കളക്ടർ നേരിട്ടാണോ ഈ അധികാരം കയ്യാളുന്നതെന്ന് വ്യക്തമാക്കുമോ; കീഴുദ്യോഗസ്ഥർക്ക് പ്രസ്തുത അധികാരം കൈമാറി നല്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലാ കളക്ടർ നേരിട്ടും ചില ജില്ലകളിൽ കീഴുദ്യോഗസ്ഥർക്ക് പ്രസ്തുത അധികാരം കൈമാറിയും നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അഭാവത്തിൽ അപേക്ഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർ ജില്ലാ കളക്ടർക്കുവേണ്ടി റവന്യൂ റിക്കവറി കുടിശ്ശികകളിന്മേൽ തവണകൾ അനുവദിക്കാറുണ്ട്.

## റവന്യൂ വകുപ്പിലെ താൽക്കാലിക തസ്തികകൾ

218 (5082) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എത്ര താല്ക്കാലിക തസ്തികകൾ നിലവിലുണ്ട്;

(ബി) 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികയാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും ജീവനക്കാരെ പുനർ വിന്യസിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കുന്നത് ഭൂപരിഷ്കരണനിയമത്തെ ദുർബലപ്പെടുത്തുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

### ഉത്തരം

(എ) ലാൻഡ് റവന്യൂ വകുപ്പിൽ ആകെ 4360 താൽക്കാലിക തസ്തികകൾ നിലവിലുണ്ട്.

(ബി) കാലങ്ങളായി തുടർച്ചാനുമതി നൽകിവരുന്ന താൽക്കാലിക തസ്തികകൾ 'സ്ഥിരം തസ്തികകളാക്കുന്നത് സംബന്ധിച്ച വിഷയം' സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിച്ചുവരുന്ന Quasi Judicial അധികാരമുള്ള സ്ഥാപനങ്ങളാണ് താലൂക്ക് ലാൻഡ് ബോർഡ് & ലാൻഡ് ട്രിബ്യൂണൽ. താലൂക്ക് ലാൻഡ് ബോർഡിന്റെ ചെയർമാൻ ചുമതല വഹിക്കുന്നത് സാധാരണയായി ഡെപ്യൂട്ടി കളക്ടർ എൽ.ആർ, സബ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർമാർ തുടങ്ങിയ തസ്തികകളിലെ ഉദ്യോഗസ്ഥരാണ്. 1980-കൾക്കുശേഷം ഭൂപരിഷ്കരണ നിയമത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ ഈ ഉദ്യോഗസ്ഥരുടെ സേവനം മറ്റു മേഖലകളിലേയ്ക്കും വിഷയങ്ങളിലേയ്ക്കും മാറ്റിയിട്ടുള്ളതായി കാണുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമം നടപ്പിലാക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം മറ്റ് മേഖലകളിലേയ്ക്ക് മാറ്റിയതിനാലാണ് നിലവിൽ ഭൂപരിഷ്കരണ നിയമത്തിന്റെ പ്രസക്തി സംസ്ഥാനത്ത് ഇത്ര കണ്ട് കുറയാൻ കാരണം. ഈ സാഹചര്യത്തിൽ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട ആഫീസുകളിൽനിന്നും ജീവനക്കാരെ മറ്റുജോലികൾക്കായി നിയോഗിക്കാറില്ല.

**അരൂർ മണ്ഡലത്തിലെ ഭൂരഹിതർ**

219 (5083) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ ഭൂരഹിതരായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

അരൂർ മണ്ഡലത്തിൽ ഭൂരഹിതരായ കുടുംബങ്ങളുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | അരൂർ | 595 |
| 2 | എഴുപുന്ന | 188 |
| 3 | കോടംതുരുത്ത് | 59 |
| 4 | കുത്തിയതോട് | 110 |
| 5 | തുറവൂർ | 113 |
| 6 | അരൂക്കുറ്റി | 18 |
| 7 | പാണാവള്ളി | 350 |
| 8 | പെരുമ്പളം | 21 |
| 9 | പള്ളിപ്പുറം | 403 |
| 10 | തൈക്കാട്ടുശ്ശേരി | 61 |
| | ആകെ | 1918 |

## ആലപ്പുഴ ജില്ലയിൽ തീർപ്പാക്കാതെയുള്ള ദുരിതാശ്വാസ സഹായ അപേക്ഷകൾ

220 (5084) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2017 ഏപ്രിൽ 30 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ അനന്തര നടപടികൾ ആലപ്പുഴ ജില്ലയിലെ വില്ലജ് ആഫീസുകൾ, താലൂക്ക് ആഫീസുകൾ, കളക്ടറേറ്റ് എന്നിവിടങ്ങളിൽ തീർപ്പാക്കാതെയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽ ഈ കാലയളവിൽ ലഭിച്ച അപേക്ഷകളുടെ അനന്തര നടപടികൾ ഇപ്പോഴും തീർപ്പാക്കാതെ പെൻഡിംഗിലുണ്ടോ എന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ പെൻഡിംഗിലുള്ള അപേക്ഷകരുടെ പേരു വിവരങ്ങൾ സഹിതം വിശദാംശം നൽകുമോ;

(ഡി) ഈ അപേക്ഷകൾ പെൻഡിംഗിലായതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2016 മേയ് മുതൽ 2017 ഏപ്രിൽ 30 വരെ ലഭിച്ച അപേക്ഷകളിൽ ആലപ്പുഴ ജില്ലയിലെ ആറ് താലൂക്കുകളിലായി 517 അപേക്ഷകളിൽ നടപടി പൂർത്തിയാക്കാനുണ്ട്. ജില്ലാകളക്ടറുടെ ഓഫീസിൽ മേൽപ്പറഞ്ഞ കാലയളവിൽ അപേക്ഷകൾ പെൻഡിംഗില്ല.

(ബി-ഡി) ചെങ്ങന്നൂർ താലൂക്ക് ഓഫീസിൽ അപേക്ഷകൾ പെൻഡിംഗില്ല.

## കെട്ടിടനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ കലവറ മുഖേന സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാൻ പദ്ധതി

221 (5085) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ സിമന്റ്, മണൽ, കമ്പി തുടങ്ങിയവയുടെ വില അനുദിനം വർദ്ധിച്ച് വരുന്നതുമൂലം സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സ്വപ്നമായിത്തന്നെ അവശേഷിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത ഇടത്തരക്കാരായ ആളുകൾക്കും നിശ്ചിത വാർഷിക വരുമാനമുള്ള സർക്കാർ ജീവനക്കാർക്കും ഒരു വീട് നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സർക്കാർ ഏജൻസിയായ കലവറ മുഖേന നിശ്ചിത ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. നിലവിൽ 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് മാത്രമാണ് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്ക് ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകിവരുന്നത്.

(സി) 1000 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യ നിരക്കിൽ കമ്പി, സിമന്റ് എന്നിവ നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## കാർഡമം ഹിൽ റിസർവ് സംരക്ഷിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ

222 (5086) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ കാർഡമം ഹിൽ റിസർവ് (സി. എച്ച്. ആർ.) എത്ര ഏക്കർ ഭൂപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്;

(ബി) പ്രസ്തുത ഭൂപ്രദേശം വനഭൂമിയായിട്ടോ റവന്യൂ ഭൂമിയായിട്ടോ നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ ഭൂമി കാർഷികാവശ്യങ്ങൾക്ക് ആർക്കെങ്കിലും പാട്ടത്തിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം; എത്ര ഏക്കർ/ഹെക്ടർ വീതമെന്നും വെളിപ്പെടുത്തുമോ;

(ഡി) സി. എച്ച്. ആർ. അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശമാണോ; എങ്കിൽ പ്രസ്തുത മേഖല സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 1897-ലെ വിളംബരം പ്രകാരം കാർഡമം ഹിൽസ് റിസർവ് എന്ന് വിളിക്കപ്പെടുന്നതും ടി വിളംബരത്തിൽ പ്രത്യേകം അതിർത്തി നിശ്ചയിച്ചിട്ടുള്ളതുമായ പ്രദേശം 15720 ഏക്കറാണ്. എന്നാൽ 9-8-1958-ലെ ജി.ഒ.(എം.എസ്) 804/1958/റവ. പ്രകാരം വിസ്തീർണ്ണം 334 ചതുരശ്ര മൈലും പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ താലൂക്കുകളിൽ കൂടി ഉൾപ്പെട്ടുവരുന്നതുമാണ്.

(ബി) 11-8-1897-ൽ തിരുവിതാംകൂർ ഗസറ്റിൽ 1392-ാം നമ്പർ ആയി പ്രസിദ്ധപ്പെടുത്തിയ ഉത്തരവിൽ പറയുന്ന അതിർത്തിക്കുള്ളിലുള്ള ഏകദേശം 15720 ഏക്കർ ഭൂപ്രദേശം റിസർവ് വനഭൂമിയായി കരുതാവുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിലെ പീരുമേട്, ഉടുമ്പൻചോല, ദേവികുളം, ഇടുക്കി എന്നീ താലൂക്കുകളിൽ ഏലം കൃഷിക്കായി 32000 ഏക്കർ ഭൂമി കൃഷിക്കാർക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അതെ. സി.എച്ച്.ആർ. ഭൂപ്രദേശവുമായി ബന്ധപ്പെട്ട് നിലവിലുള്ള പതിവ്/പാട്ട ചട്ടങ്ങൾ പ്രകാരവും ഭൂസംരക്ഷണ നിയമ പ്രകാരവും ടി ഭൂപ്രദേശം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി നിർദ്ദേശിച്ച ഭൂമിയുടെ സർവ്വെ നമ്പർ

223 (5087) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ജില്ലാഭരണകൂടം കണ്ടെത്തി നിർദ്ദേശിച്ച ഭൂമിയുടെ സർവ്വെ നമ്പറുകളും, ബി.റ്റി.ആർ. പ്രകാരം അതിൽ ഓരോന്നിന്റെയും ഇനവും തരവും വിശദമാക്കുമോ;

(ബി) ഈ ഭൂമി ഏറ്റെടുക്കുന്നതിനുള്ള മതിപ്പുവില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നിയമ വ്യവസ്ഥ പ്രകാരമാണ് വില നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർവ്വെ നമ്പരിലെ ഭൂമിക്ക് പ്രാബല്യത്തിലുള്ള മര്യാദ വില ആർ-ന് എത്രയാണ് ; കണക്കാക്കിയ മതിപ്പുവില പ്രകാരം ആർ-ന് എന്തു വില വരും;

(ഡി) ഈ ഭൂമി നിർദ്ദേശിക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2013-ലെ എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് ഒരു ആറിന് 1,01,542 രൂപ കണക്കാക്കി അടിസ്ഥാനവില അംഗീകരിച്ചിട്ടുള്ളതും 17-2-2016-ലെ ജില്ലാതല വില നിർണ്ണയ സമിതി യോഗത്തിൽ ഒരു ആറിന് 4,19,900 രൂപ പ്രകാരം ഭൂമിവില നിശ്ചയിച്ചിട്ടുള്ളതുമാണ്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) മലയാളം സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി മലയാളം സർവ്വകലാശാല വി.സി 17-12-2014-ൽ സമർപ്പിച്ച അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടികൾ സ്വീകരിച്ചത്.

**വില്ലേജ് മാനുവൽ പ്രകാരം സർക്കാർ ഭൂമിയുടെ അതിർത്തി പരിശോധന**

224 (5088) ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് മാനുവൽ അധ്യായം ഒൻപതിലെ 134-ാം നിർദ്ദേശം അനുസരിച്ച് വില്ലേജ് അസിസ്റ്റന്റുമാർ മൂന്നു മാസത്തിലൊരിക്കൽ സർക്കാർ ഭൂമിയുടെ അതിർത്തി പരിശോധിക്കുകയും അളന്ന് തിട്ടപ്പെടുത്തുകയും ചെയ്യണമെന്ന് നിബന്ധനയുണ്ടോ;

(ബി) ഈ നിബന്ധനപ്രകാരം മൊത്തം ഭൂമിയുടെ 10% റവന്യൂ ഇൻസ്പെക്ടറും 5% തഹസീൽദാരും, മൂന്നു മാസത്തിലൊരിക്കൽ നേരിട്ട് പരിശോധന നടത്തേണ്ടതുണ്ടോ;

(സി) അധികാരികൾ കേരളത്തിലെ ഏതെങ്കിലും സ്ഥലത്ത് മേൽപ്പറഞ്ഞ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പരിശോധന കൃത്യമായ രീതിയിൽ നടത്തുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വില്ലേജ് മാന്വൽ അധ്യായം 9-ലെ ഖണ്ഡിക 134 അനുസരിച്ച് അനധികൃത പ്രവേശനങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനുവേണ്ടി വില്ലേജ് അസിസ്റ്റന്റ് 3 മാസത്തിലൊരിക്കലെങ്കിലും സർക്കാർ വക ഭൂമികളുടെ അതിർത്തിയിലുള്ള സർവ്വേ അടയാളങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതും, വിവരം വില്ലേജ് ആഫീസറെ ധരിപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

(ബി) അനധികൃത പ്രവേശനം സംബന്ധിച്ച് വില്ലേജ് അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ 10% റവന്യൂ ഇൻസ്പെക്ടറും, 5% തഹസീൽദാരും ഓവർ ചെക്ക് ചെയ്യാൻ ഈ നിയമപ്രകാരം ബാധ്യസ്ഥരാണ്.

(സി) മേൽപ്പറഞ്ഞ നിയമങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ഭൂമിയുടെ അടിസ്ഥാന നികുതിയും കരം നിർണ്ണയിക്കാൻ അവകാശമുള്ള ഉദ്യോഗസ്ഥനും**

225 (5089) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അടിസ്ഥാന നികുതി ചുമത്തുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 1961 -ലെ കേരളാ ഭൂനികുതി ആക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) 1895-ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ ആക്റ്റ് പ്രകാരം ഒരു വസ്തുവിന്റെ ഉടമസ്ഥനാണെന്ന് അവകാശമുന്നയിക്കുന്ന ആൾക്ക് ഏത് ഉദ്യോഗസ്ഥനാണ് അവകാശം നിർണ്ണയിച്ച് കരം ഒടുക്കി നൽകുന്നത്;

(സി) ഇത്തരത്തിൽ കരം ഒടുക്കി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിനു മേൽ സ്പഷ്ടീകരണം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ആക്ടിലെ വകുപ്പ് 5 പ്രകാരം ഏത് വിവരണത്തിൽപ്പെട്ടതായാലും, ഏത് നടപ്പവകാശപ്രകാരം കൈവശം വയ്ക്കുന്നതായാലും, സംസ്ഥാനത്തെ എല്ലാ ഭൂമികൾ സംബന്ധിച്ചും അടിസ്ഥാന ഭൂനികുതി ചുമത്തി വസൂലാക്കുന്നതിനും, വകുപ്പ് 6 പ്രകാരം അടിസ്ഥാന ഭൂനികുതി നിരക്ക് നിശ്ചയിക്കുന്നതിനും, വകുപ്പ് 6 എ പ്രകാരം അടിസ്ഥാന ഭൂനികുതി നിർണ്ണയിക്കുന്നതിനും, വകുപ്പ് 7 പ്രകാരം സർവ്വേ ചെയ്തിട്ടില്ലാത്ത ഭൂമികളിൽ താൽക്കാലികമായി നികുതി ചുമത്തുന്നതിനും വ്യവസ്ഥയുണ്ട്.

(ബി & സി) ഇല്ല.

നികുതി പിരിച്ചെടുക്കുന്ന ആവശ്യത്തിലേയ്ക്കായി 1961-ലെ കേരള ഭൂനികുതി ആക്ട് നിലവിൽ വന്നതിനാലും, 2005-ലെ റദ്ദാക്കലും ഒഴിവാക്കലും ഓർഡിനൻസ് പ്രകാരം 1895-ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് റദ്ദാക്കിയിട്ടുള്ളതിനാലും, മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നടപടികൾ ഇനി സ്വീകരിക്കാൻ സാധ്യമല്ല. പ്രസ്തുത ആക്ട് പ്രകാരം നികുതി പിരിച്ചെടുക്കുന്ന ആവശ്യത്തിലേയ്ക്കായി 1961-ലെ ഭൂനികുതി ആക്ട് പ്രകാരവും, 1957-ലെ Land Conservancy Act പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

## പടിയൂർ വില്ലേജിലെ ആര്യങ്കാട് പ്രദേശത്ത് പട്ടയത്തിന് ലഭിച്ച അപേക്ഷ

226 (5090) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂർ വില്ലേജിലെ ആര്യങ്കാട് പ്രദേശത്ത് എത്ര കുടുംബങ്ങളാണ് ഭൂമി പതിച്ച് ചട്ടപ്രകാരം പട്ടയത്തിന് അപേക്ഷ നൽകിയത്; അപേക്ഷകരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകർ പട്ടയത്തിന് യോഗ്യരാണെന്ന് കണ്ടെത്തിയിട്ടുണ്ട്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും അപേക്ഷകൾ നിരസിയ്ക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ അപേക്ഷകളാണ് നിരസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഓരോരുത്തരുടെയും അപേക്ഷകൾ നിരസിക്കാനിടയായ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 89 അപേക്ഷകൾ ലഭിച്ചിച്ചിട്ടുണ്ട്. അപേക്ഷകരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കും കേരള ഭൂ പതിവ് ചട്ടങ്ങൾക്കും വിധേയമായി ഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. നിലവിൽ അപേക്ഷകളൊന്നും നിരസിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വരൾച്ച സംബന്ധിച്ച് പഠനം നടത്താൻ കേന്ദ്രസംഘം**

227 (T5091) ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ചയെക്കുറിച്ച് പഠിക്കാൻ കേന്ദ്രം നിയോഗിച്ച വിദഗ്ധ സംഘം ഏതൊക്കെ ജില്ലകൾ സന്ദർശിച്ചു; കൂടുതൽ കൃഷിനാശം ഏതൊക്കെ ജില്ലയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വരൾച്ചയെക്കുറിച്ച് പഠിക്കാൻ കേരളത്തിലെത്തിയ കേന്ദ്ര സംഘം തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ സന്ദർശനം നടത്തിയിരുന്നു. ഖാരിഫ് സീസണിൽ കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കൃഷി നാശം രേഖപ്പെടുത്തിയത്. റാബി സീസണിൽ കൂടുതൽ കൃഷി നാശം രേഖപ്പെടുത്തിയത് പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കൊല്ലം, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ആണ്.

**സർവ്വെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും**

228 (5092) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരവും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരവും അറിയിക്കാമോ;

(സി) വാടക ഇനത്തിൽ ഓരോ കെട്ടിടത്തിനും പ്രതിവർഷം നൽകുന്ന തുകയുടെ വിവരം വ്യക്തമാക്കാമോ;

(ഡി) വാടക ഇനത്തിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനായി സർക്കാർ കെട്ടിടങ്ങൾ കണ്ടെത്തി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. അധികാരികൾ സർക്കാർ കെട്ടിടം ലഭ്യമല്ലായെന്ന എൻ.എ.സി. നൽകുന്ന പ്രകാരമാണ് വാടക കെട്ടിടങ്ങൾ കണ്ടെത്തി നിയമപ്രകാരം നടപടി സ്വീകരിച്ച് കെട്ടിടം ഏറ്റെടുത്ത് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നത്. സർക്കാർ കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ചാലക്കുടി ഒ. എൽ. ജോസിന് പട്ടയം കിട്ടുന്നതിന് നടപടി**

229 (5093) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട കിഴക്കുംമുറി വില്ലേജ്, കൊരട്ടി ദേശത്ത് ഒ.എൽ. ജോസ്, ഒലിയപുരം വീട്, കൊരട്ടിയുടെ "ഇടവഴി പുറമ്പോക്ക്" ഭൂമിയ്ക്ക് പട്ടയം കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ (File No.29045/L3/14/RD) സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) കാലവിളംബം കൂടാതെ പ്രസ്തുത അപേക്ഷയിൽ തീർപ്പു കൽപ്പിക്കുന്നതിനും പട്ടയം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടി താലൂക്ക് കിഴക്കുംമുറി വില്ലേജ് ഒ.എൽ.ജോസ്, ഒലിയപുരം വീട്, കൊരട്ടി എന്നവരുടെ കൈവശത്തിലുള്ള ഭൂമി ഇടവഴി പുറമ്പോക്കിൽപ്പെട്ടതും കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി നൽകുന്നതിന് ശ്രീ. ഒ. എൽ. ജോസിന്റെ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയൽ (29045/L3/14/RD) 17-6-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത ഭൂമി തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ മാത്രമേ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോസിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാൻ നടപടി

230 (5094) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ജനസാന്ദ്രതയുള്ള ഈരാറ്റുപേട്ട കേന്ദ്രമാക്കി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ No.B1-8061/06/dt.17-12-2016 പ്രകാരം പാലാ മീനച്ചിൽ തഹസീൽദാറുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ (എഫ്) വകുപ്പ് F1/51/2017/RD (e-1305076) നമ്പർ 31-3-2017 തീയതിയിലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് പൂഞ്ഞാർ താലൂക്ക് രൂപീകരണം സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്മേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഇത് സംബന്ധിച്ച 30-11-2016-ലെ 879731/F1/2016/RD നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പത്ത് പഞ്ചായത്തുകൾ ഉൾപ്പെട്ട് കിടക്കുന്ന ജനസാന്ദ്രത കൂടിയ പൂഞ്ഞാർ നിയോജകമണ്ഡലത്തിന്റെ പ്രധാന ഭാഗമായ ഈരാറ്റുപേട്ടയിൽ പൂഞ്ഞാർ താലൂക്ക് ഓഫീസ് തുടങ്ങുന്നതിനാവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ & ഇ) പൂഞ്ഞാർ കേന്ദ്രമായി താലൂക്ക് രൂപീകരിക്കുന്ന വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഹരിപ്പാട് താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ വാടക**

231 (5095) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ വാടക പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഹരിപ്പാട് വില്ലേജിൽ നിലകൊള്ളുന്ന കാർത്തികപ്പള്ളി താലൂക്കാഫീസ് കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട ഈ വകുപ്പിന്റെ ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

**പാലക്കാട് ജില്ലയിലെ കാണം-വെറുംപാട്ടം അവകാശികൾ**

232 (5096) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാണം-വെറുംപാട്ടം അവകാശികളായി നാളിതുവരെ നികുതി സർട്ടിഫിക്കറ്റും കൈവശരേഖകളും ലഭിക്കാതെ, വീടുകളും കൃഷിയുമായി കഴിയുന്ന കുടുംബങ്ങൾ പാലക്കാട് ജില്ലയിൽ എത്ര പേരുണ്ട്;

(ബി) ഇവർ വില്ലേജ്-താലൂക്ക്-ജില്ലാഓഫീസുകളിൽ അപേക്ഷ നൽകിയിട്ടും അധികാരികൾ തീരുമാനമെടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ 6 കുടുംബങ്ങൾ ഇതുസംബന്ധിച്ച പരാതി നൽകിയത് എന്നാണെന്നും എന്തൊക്കെ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരം വിഭാഗങ്ങൾക്ക് ഏതുകാലഘട്ടംവരെയുള്ള രേഖകൾ നൽകിയിരുന്നു; 2016 - ൽ മുൻസർക്കാർ ഇവർക്ക് രേഖകൾ നൽകേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇവർക്ക് രേഖകൾ നൽകുന്ന കാര്യം പരിഗണിക്കുവാനും മുൻസർക്കാർ അവസാന നാളിൽ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുവാനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കാണം/വെറുംപാട്ടം അവകാശമായി വീടുകളും കൃഷിയുമായി കഴിയുന്ന കുടുംബങ്ങളുടെ പട്ടയ സംബന്ധമായ 35,000-ൽ അധികം കേസുകൾ നിലവിലുണ്ട്.

(ബി) അപേക്ഷ സമർപ്പിച്ചവർ ആധികാരിക രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ് കുടിയായ്മ അംഗീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. രേഖകൾ ഹാജരാക്കാൻ വൈകുന്നത് തീരുമാനമെടുക്കാൻ വൈകുന്നതിന് കാരണമാകുന്നുണ്ട്.

(സി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ 6 കുടുംബങ്ങൾ റീസർവ്വേ അപാകതകൾ പരിഹരിക്കുന്നതിനായിട്ടാണ് 13-3-2014, 4-7-2014 എന്നീ തീയതികളിൽ അപേക്ഷ സമർപ്പിച്ചിരുന്നത്. ടി അപേക്ഷകളിന്മേലുള്ള തുടർ നടപടികൾ ഒറ്റപ്പാലം അസിസ്റ്റന്റ് തഹസിൽദാർ പൂർത്തീകരിച്ച് ഒറ്റപ്പാലം റീസർവ്വേ സൂപ്രണ്ടിന് വിസ്തീർണ്ണം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2016 മേയ് മാസം വരെ രേഖകൾ നൽകിയിട്ടുണ്ട്. 2016-ൽ മുൻ സർക്കാർ ഇവർക്ക് രേഖകൾ നൽകേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇവരുടെ അപേക്ഷകളിൽ പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിൽ വേനൽ മഴയിലും കാറ്റിലും പെട്ട് കിടപ്പാടം നഷ്ടപ്പെട്ടവർക്ക് ധനസഹായം

233 (5097) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽമഴയിലും കാറ്റിലും സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തര ധനസഹായം അനുവദിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കനത്ത വേനൽ മഴയിലും കാറ്റിലുംപെട്ട് കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വീട് പുനർനിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ ഏതൊക്കെ അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു എന്ന് വിശദമാക്കാമോ;

(സി) കൃഷിനാശവുമായി ബന്ധപ്പെട്ട ധനസഹായത്തിനായി പാലക്കാട് ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു; ഇതിന്റെ വിശദാംശങ്ങൾ താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 23-7-2015-ലെ സ.ഉ.(എം.എസ്.) നമ്പർ343/2015/ഡി.എം.ഡി. ഉത്തരവ് പ്രകാരം 'ശക്തമായ കാറ്റ്' ഒരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനെ തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 'സംസ്ഥാന ദുരന്ത പ്രതികരണ നിധി'യുടെ മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം 'നഷ്ടപരിഹാരം' അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. വേനൽമഴ ഒരു പ്രകൃതി ദുരന്തമല്ല.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ദുരന്തപ്രതികരണ നിധിയിൽ നിന്നും ആശ്വാസ സഹായം അനുവദിക്കാറില്ല. ശക്തമായ കാറ്റിൽ തകർന്ന വീടുകൾക്ക് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അതാത് ജില്ലാ കളക്ടർ മുഖേന ആശ്വാസ സഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്.

(സി) പാലക്കാട് ജില്ലാ പ്രൻസിപ്പൽ കൃഷി ഓഫീസറുടെ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ജില്ലയിൽ നാളിതുവരെയായി 288 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ അല്ല ബ്ലോക്ക് അടിസ്ഥാനത്തിലാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഓച്ചിറയിലെ പഴയ ദേശീയ പാതയിലെ അനധികൃത കയ്യേറ്റങ്ങൾ**

234 (5098) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഭാഗത്ത് പഴയ ദേശീയപാത കടന്നുപോകുന്ന ഭാഗങ്ങളിൽ അനധികൃത കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ ഭാഗത്തെ പഴയ ദേശീയപാത കടന്നുപോകുന്ന ഭാഗങ്ങൾ അളന്ന് തിട്ടപ്പെടുത്തി അതിരടയാളങ്ങൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ കത്ത് ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ

(സി) പ്രസ്തുത പ്രദേശം അളന്ന് തിട്ടപ്പെടുത്തി അതിരടയാളങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ എൻ.എച്ച്. റോഡിൽ ചെയിനേജ് 0/000 മുതൽ 1/200 കി.മീ. വരെ റോഡ് അളന്നു തിട്ടപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ട്. അളവുനടപടിക്ക് ആവശ്യമായ ക്രമീകരണങ്ങൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നതിന് പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കൊല്ലം ജില്ലാ കളക്ടർ അറിയിപ്പ് നൽകിയിട്ടുള്ളതും മറുപടി ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽനിന്നും അളവ് നടപടിക്ക് ആവശ്യമായ ക്രമീകരണങ്ങൾ പൂർത്തിയാക്കിയതായുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അളവ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**സർവ്വീസ് ഇനാം ഭൂമി പതിച്ച് ലഭിക്കാൻ അപേക്ഷ**

235 (5099) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് ഇനാം ഭൂമി പതിച്ചു ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-12-2018 വരെ ദീർഘിപ്പിച്ചു നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 1981-ലെ കേരള സർവ്വീസ് ഇനാം ലാന്റ് (Vesting and Enfranchisement) ആക്ട് പ്രകാരം ഇനാം ഭൂമി പതിച്ചുനൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 31-12-2018 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ**

236 (5100) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നത് വ്യക്തമാക്കാമോ;

(സി) ഇവിടെ പ്രവർത്തിക്കുന്ന ഓഫീസുകളിൽ സ്ഥല പരിമിതി മൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1998 ആഗസ്റ്റ് 27-ന് കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ നിലവിൽ വന്നു.

(ബി) മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ 10 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി & ഡി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന താലൂക്ക് ഓഫീസ്, സിവിൽ സപ്ലൈസ് ഓഫീസ്, സെയിൽസ് ടാക്സ് ഓഫീസ് എന്നിവ സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി

237 (5101) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രവീതമാണ് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി (NLRMP) പ്രകാരം (ഇപ്പോൾ ഡിജിറ്റൽ ഇൻഡ്യ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതിക്ക് (DILRMP)) അനുവദിച്ച തുകയും ആയത് വിനിയോഗിച്ച് ഡിജിറ്റൈസേഷൻ ജോലികൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയതും, ജി.പി.എസ്. നെറ്റ് വർക്കുകൾ സ്ഥാപിക്കൽ, ഇ-രേഖ പ്രോജക്ട്, 14 ജില്ലകളിലെ ഡിജിറ്റൈസേഷൻ സെന്ററുകൾ, റെക്കോർഡ് റൂം സ്ഥാപിക്കുക തുടങ്ങിയ ചെലവുകൾ സംബന്ധിച്ച വർഷം തിരിച്ചുള്ള വരവ് ചെലവ് കണക്ക് വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതിക്ക് കേന്ദ്രവിഹിതം ലഭിച്ചില്ല.

പ്രസ്തുത പദ്ധതി ഡിജിറ്റൽ ഇൻഡ്യ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി (DILRMP) ആയി പ്രഖ്യാപിച്ചതിനുശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷം 12.49 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ ഡാറ്റാ എൻട്രി/റീഎൻട്രി/മൈഗ്രേഷൻ/ വെരിഫിക്കേഷൻ/ ഇന്റർനെറ്റ് കണക്റ്റിവിറ്റി/ലാപ്ടോപ്പ്/പി.സി.വാടക/മറ്റിനം എന്നിവയ്ക്കായി 13 ജില്ലകളിലേയ്ക്ക് 7,80,20,396 രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ (100% CSS) ഭാഗമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ എന്നീ മൂന്നു വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു കമ്പ്യൂട്ടർവത്കരണത്തിനാണ് സംസ്ഥാനം ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനുവേണ്ടി 142.05 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**മാവേലിക്കര താലൂക്ക് ആഫീസിന്റെ ശോചനീയാവസ്ഥ**

238 (5102) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ആഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസ് നില്ക്കുന്ന സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ആവശ്യമായ തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര താലൂക്കിൽ സർവ്വേയർമാരുടെ കുറവ് കാരണം റീ സർവ്വേ നടപടികൾ വേഗത്തിലാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. മാവേലിക്കര താലൂക്ക് ഓഫീസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര താലൂക്കാഫീസിൽ സർവ്വേയർമാരുടെ 2 തസ്തിക നിലവിലുള്ളതും ടി തസ്തികകളിൽ 2 പേർ ജോലി ചെയ്തുവരുന്നതുമാണ്.

**കാസർഗോഡ് ജില്ലയിലെ റീ സർവ്വെ പ്രവർത്തനങ്ങൾ**

239 (5103) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ റീ-സർവ്വെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര ജീവനക്കാരെയാണ് പ്രത്യേകമായി നിയോഗിച്ചിട്ടുള്ളത്;

(സി) മറ്റ് ജില്ലകളിൽനിന്നും സ്ത്രീ ജീവനക്കാരെയും രോഗികളായ ജീവനക്കാരെയും റീ-സർവ്വെ ജോലിക്കായി കാസർഗോഡ് നിയോഗിച്ചിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 11 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ്, അജാനൂർ, ചെറുവത്തൂർ, പീലിക്കോട്, മാണിയാട്ട്, പള്ളിക്കര-I, പള്ളിക്കര II, കീക്കാൻ, ചിത്താരി, ഉദുമ എന്നീ 10 വില്ലേജുകളുടെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 436 ജീവനക്കാർ.

(സി & ഡി) വകുപ്പിൽ 40%-ൽ അധികം സ്ത്രീ ജീവനക്കാർ ഉള്ള സാഹചര്യത്തിൽ സ്ത്രീ ജീവനക്കാരെ പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ ജീവനക്കാർ സമർപ്പിച്ചിരുന്ന അപേക്ഷകൾ പരിഗണിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ട കേസുകളിൽ അനുഭാവപൂർവ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പാങ്ങപ്പാറ വില്ലേജിലെ വസ്തുകരം കുടിശ്ശിക

240 (5104) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പാങ്ങപ്പാറ വില്ലേജിൽ വർഷങ്ങളായി കരം ഒടുക്കാത്ത എത്ര ഭൂമിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത ഭൂ ഉടമകളിൽ കുടിശ്ശിക കരം ഒടുക്കുവാൻ അനുമതി നല്കണമെന്ന് അപേക്ഷിച്ചിട്ടുള്ളവർ എത്ര പേരുണ്ട്; വിശദാംശം നല്കുമോ;

(സി) 2013-ന് ശേഷം ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ അനുമതി നൽകുന്നതിന് കാലതാമസമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി & സി) കുടിശ്ശിക കരം ഒടുക്കുന്നതിന് പ്രത്യേക അപേക്ഷ സ്വീകരിക്കാതെ തന്നെ, കക്ഷി കുടിശ്ശിക കരം ഒടുക്കുവാൻ എത്തുമ്പോൾ ആവശ്യമെങ്കിൽ ബാധ്യതാ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് നിയമാനുസൃതമായി കരം ഒടുക്കി നൽകിവരുന്നു.

(ഡി) കുടിശ്ശിക കരം ഒടുക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തോപ്പുംപടി, പള്ളുരുത്തി, ഇടക്കൊച്ചി വില്ലേജുകളിൽ ബോട്ട്-ഇൻ-ലാൻഡ് വസ്തുക്കൾ

241 (5105) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ള വസ്തുക്കൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) തോപ്പുംപടി, പള്ളുരുത്തി, ഇടക്കൊച്ചി വില്ലേജുകളിൽ ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ള വസ്തുവകകൾ ഏതെല്ലാമെന്നും ഇത് എന്നാണ് ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ളതുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമികൾ സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 21-7-2015 - ലെ 42989/എച്ച്3/2015/റവ. നമ്പർ സർക്കുലറിലെ മാനദണ്ഡപ്രകാരമാണ് ബോട്ട്-ഇൻ-ലാൻഡാക്കിയ വസ്തുക്കൾ ഏറ്റെടുക്കുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

(ബി) ഇടക്കൊച്ചി വില്ലജിൽ സർവ്വെ നമ്പർ 349/1,2, 350/1,2,4,5 എന്നിവയിൽപ്പെട്ട 01.23.00 ഏക്കറും സർവ്വെ 287/2, 289/1,2,3,4,8 എന്നിവയിൽപ്പെട്ട 01.69.420 ഏക്കർ ഭൂമിയും തോപ്പുംപടി വില്ലേജിൽ സർവ്വെ 2421/1-ൽപ്പെട്ട 1.50.529 ഏക്കർ ഭൂമിയും ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്തിട്ടുണ്ട്. 11.04.1973- ൽ ആണ് ടി വസ്തു ഏറ്റെടുത്തിട്ടുള്ളത്. പള്ളുരുത്തി വില്ലേജിൽ ബോട്ട്-ഇൻ-ലാൻഡ് ഇല്ല.

(സി) പ്രസ്തുത ഭൂമികൾ കേരള റവന്യൂ റിക്കവറി നിയമം 1968 പ്രകാരം ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത് അഞ്ചു വർഷം കഴിഞ്ഞതിനാൽ സർക്കാരിന്റെ പ്രത്യേക തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചടയമംഗലത്തെ ഭൂപ്രശ്നം പരിഹരിക്കുന്നത് നടപടി**

242 (5106) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ വയലിക്കോയാ തങ്ങൾ ഭൂപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

വയലിക്കോയ തങ്ങൾ പട്ടയ ഭൂമി പ്രശ്നം ചർച്ച ചെയ്യുന്നതിനായി 3-1-2017-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആത്യന്തികമായി പഠിച്ച് പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)– യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുകളിൽ റവന്യൂ വകുപ്പും ഇട്ടിവ ഗ്രാമപഞ്ചായത്തും കക്ഷി ചേരുന്ന കാര്യത്തിലും ഉപാധിരഹിതമായി പ്രസ്തുത ഭൂമിയിൽ നിന്നും കരം സ്വീകരിക്കുന്ന കാര്യത്തിലും, അഡീഷണൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആരാഞ്ഞിട്ടുണ്ട്.

**പാട്ട ഭൂമിയിൽ നിന്നുള്ള വരുമാനം**

243 (5107) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അധീനതയിലുള്ള പാട്ട ഭൂമിയിൽനിന്നും സർക്കാരിന് 2016-17 വർഷം എത്ര വരുമാനം ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 വർഷം എത്ര തുകയാണ് പാട്ട കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ അധീനതയിലുള്ള പാട്ട ഭൂമിയിൽനിന്നും സർക്കാരിന് 2016-17 സാമ്പത്തിക വർഷം 13,82,70,133 രൂപ (പതിമൂന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം 63,21,76,127 രൂപ (അറുപത്തി മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) കുടിശ്ശികയായി സർക്കാരിന് ലഭിക്കുവാനുണ്ട്. ഇതിൽ 52,34,68,850 രൂപ തൃശ്ശൂർ ജില്ലയിലെ മെസേഴ്സ് വൈഗ ത്രഡ്സ് എന്ന സ്ഥാപനത്തിന്റെ മാത്രം പാട്ട കുടിശ്ശികയാണ്.

## സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വിവരങ്ങൾ

244 (5108) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് പ്രധാനമായും വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിതരണം ചെയ്യപ്പെട്ടിട്ടുള്ള പട്ടയങ്ങളിൽ 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ലാന്റ് അസൈൻമെൻറ് ആക്ടും 1960-ലെ കേരള ലാന്റ് അസൈൻമെൻറ് ആക്ടും ഈ നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ബാധകമായിട്ടുള്ളവ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരവും, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും, മിച്ച ഭൂമിയായി ഏറ്റെടുത്തിട്ടുള്ള ഭൂമികളും, സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്തിട്ടുള്ള ഭൂമികൾക്കും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. അതുകൂടാതെ ദേവസ്വം പട്ടയം, എൽ.റ്റി.പട്ടയം, വനഭൂമി പട്ടയം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയം, കോളനി പട്ടയം, ലക്ഷം വീട് പട്ടയം എന്നീ പട്ടയങ്ങളും നൽകിവരുന്നുണ്ട്.

(ബി) ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവുമാണ് പട്ടയം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 1950-ലെ ട്രാവൻകൂർ കൊച്ചിൻ ലാൻഡ് അസൈൻമെന്റ് ആക്ടും 1960-ലെ കേരള ലാൻഡ് അസൈൻമെന്റ് ആക്ടും ടി നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ബാധകമായിട്ടുള്ളവ എത്ര ശതമാനമെന്ന് വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഭൂരിഭാഗം പട്ടയങ്ങളും 1960-ലെ കേരള ലാൻഡ് അസൈൻമെന്റ് ആക്ടും ടി നിയമത്തിന്റെ കീഴിലുള്ള ചട്ടങ്ങളും പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്.

## മൂന്നാറിൽ വൈദ്യുതി ബോർഡിന്റെ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കുന്നതിനുള്ള നടപടി

245 (5109) ശ്രീ. വി. ഡി.സതീശൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറിയതായി കാണിച്ച് വൈദ്യുതി ബോർഡ് റവന്യൂ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം കയ്യേറിയെന്നും, എത്ര ആളുകളാണ് കയ്യേറ്റം നടത്തിയതെന്നും റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(സി) കയ്യേറിയ സ്ഥലത്തിന്റെ സർവ്വെ നമ്പരും വിശദാംശങ്ങളും നൽകുമോ;

(ഡി) വൈദ്യുതി ബോർഡ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കാനായി റവന്യൂ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡ് വക സ്ഥലം കയ്യേറിയതായുള്ള റിപ്പോർട്ടുകളിന്മേലുള്ള അന്വേഷണം പല റവന്യൂ രേഖകളുടെയും അഭാവംമൂലം ഫലപ്രാപ്തിയിലെത്തിയിട്ടില്ലാത്തതും, തുടർനടപടികളിലിരിക്കുന്നതും, ഭൂരിഭാഗം കേസുകളിലും കയ്യേറ്റം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്.

(സി)

1. പ്രിൻസ്, കെ.ഡി.എച്ച്. വില്ലേജ്, സർവ്വെ നമ്പർ 843
2. ബിനുപാപ്പച്ചൻ (കെ.ഡി.എച്ച് വില്ലേജ്, സർവ്വെ നമ്പർ 843 - 9.5 സെന്റ്)

3. ആഷാ അലക്സ് (കെ.ഡി.എച്ച്. വില്ലേജ്, സർവ്വെ നമ്പർ 843 -7.5 സെന്റ്)

   ടാറ്റാ ടീ. ലി. (പെരിയ കനാൽ എസ്റ്റേറ്റ്, ചിന്നക്കനാൽ ബ്ലോക്ക് 8, സർവ്വെ നമ്പർ 219 -1.1758 ഹെ.)

4. വിവിധ വ്യക്തികൾ (26 പേർ)

   (ചിന്നക്കനാൽ ബ്ലോക്ക് 8, സർവ്വെ നമ്പർ 219- 5.0898 ഹെ.)

5. ഹാരിസൺ മലയാളം ലി. (പൂപ്പാറ ബ്ലോക്ക് 13, സർവ്വെ നമ്പർ 1 – 5.5896 ഹെ.)

6. വിവിധ വ്യക്തികൾ (5 പേർ), (പൂപ്പാറ ബ്ലോക്ക് 13 സർവ്വെ നമ്പർ 1, 2.1408 ഹെ.)

(ഡി) മൂന്നാർ മേഖലയിലെ സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി അഡീഷണൽ തഹസീൽദാർ, ദേവികുളം, അഡീഷണൽ തഹസിൽദാർ, ഉടുമ്പൻചോല, സ്പെഷ്യൽ റവന്യൂ ആഫീസർ, മൂന്നാർ, എന്നിവരുടെ നേതൃത്വത്തിലുള്ള റവന്യൂ-സർവ്വെ-ഭൂസംരക്ഷണ സേന ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക സംഘം ദേവികുളം സബ് കളക്ടറുടെ നിയന്ത്രണത്തിലും ഏകോപനത്തിലും പ്രവർത്തിച്ചുവരുന്നു.

(ഇ) സർക്കാർ ഭൂമി കയ്യേറ്റം ബോദ്ധ്യപ്പെടുന്ന കേസുകളിൽ ഭൂസംരക്ഷണ നിയമം (ലാന്റ് കൺസർവൻസി ആക്ട്) പ്രകാരമുള്ള നോട്ടീസ് നടത്താറുണ്ട്.

**മൂന്നാറിൽ സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കാൻ നടപടികൾ**

246 (5110) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൂറിസം മേഖലയിലുൾപ്പെടെ സംസ്ഥാനത്ത് നടന്ന സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് രാഷ്ട്രീയ ഭേദമില്ലാതെ എന്തെല്ലാം അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) മൂന്നാർ മേഖലയിൽ കയ്യേറ്റം ഒഴിപ്പിക്കലിലൂടെ തിരിച്ചുപിടിച്ച റവന്യൂ ഭൂമി എത്രയെന്ന് കയ്യേറിയവരുടെ വിവരം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്നാർ മേഖലയിലെ സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി അഡീഷണൽ തഹസീൽദാർ ദേവികുളം, അഡീഷണൽ തഹസീൽദാർ, ഉടുമ്പൻചോല, സ്പെഷ്യൽ റവന്യൂ ആഫീസർ മൂന്നാർ എന്നിവരുടെ നേതൃത്വത്തിലുള്ള റവന്യൂ-സർവ്വെ-ഭൂസംരക്ഷണ സേന ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക സംഘം ദേവികുളം സബ് കളക്ടറുടെ നിയന്ത്രണത്തിലും ഏകോപനത്തിലും പ്രവർത്തിച്ചുവരുന്നു.

വൻകിട കയ്യേറ്റക്കാർ കരമടക്കുന്ന ഭൂമികളോട് ചേർന്നുള്ള സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതും ആയതിന്മേലുള്ള അനധികൃത നിർമ്മാണം, പരിവർത്തനം എന്നിവ നടത്തിയ കേസുകളിൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം എന്നിവ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളും പട്ടയം ലഭിച്ച ഭൂമിയിൽ പട്ടയവ്യവസ്ഥാ ലംഘനം, സി.എച്ച്.ആർ. മേഖലയിലുള്ള പാട്ടഭൂമികളിൽ ടി വ്യവസ്ഥകളുടെ ലംഘനം എന്നിവ ബോദ്ധ്യപ്പെടുന്ന കേസുകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിന്മേൽ സ്വീകരിച്ച കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾക്കെതിരായി കക്ഷികൾ ഫയൽ ചെയ്ത ഹർജികൾ വിവിധ കോടതികളിൽ തുടർനടപടികളിലിരിക്കുന്നതും, പല കേസുകളും ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികളുടെ വിവിധ ഘട്ടങ്ങളിലുമായി തുടർനടപടികളിൽ ഇരിക്കുന്നതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാർ മേഖലയിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത കേസുകളുടെ ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം ചേർത്തുകൊള്ളുന്നു.

1. മനു, S/O മുത്തു, പുതുക്കോട്ടയിൽ, ആനച്ചാൽ, കുഞ്ചിത്തണ്ണി, വില്ലേജ് ബ്ലോക്ക്-14, സർവ്വെ നമ്പർ-164, വിസ്തീർണ്ണം - 0.00.24 ഹെ.
2. അലിയാർ, S/O മൈതീൻ, ചെരയ്ക്കുക്കടിയിൽ അമ്പഴച്ചാൽ, അജാസ്, S/O അലി, മറ്റത്തുംപടിയിൽ ആനച്ചാൽ, കുഞ്ചിത്തണ്ണി, ബ്ലോക്ക്-10, സർവ്വെ നമ്പർ-9 5/3 വിസ്തീർണ്ണം- 13.71 ഹെ.
3. കെ. വി. ജോസ്., പെരിങ്ങരകുഴ, മൂവാറ്റുപുഴ, (എം.ഡി., വിച്ചൂസ് കൺസ്ട്രക്ഷൻസ്), പള്ളിവാസൽ, സർവ്വെ.നമ്പർ 222/2, വിസ്തീർണ്ണം - 0.63.00-ഹെ.
4. മണി, S/O ലൂർദ്ദ്, ദേവികുളം, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 10 സെന്റ്.
5. ഒന്നിലധികം വ്യക്തികൾ, കെ.ഡി.എച്ച്. 20/1,വിസ്തീർണ്ണം - 32 സെന്റ്.
6. ജയമേരി, ജയഭവൻ, തട്ടാത്തിമുക്ക്, പള്ളിവാസൽ, 50/1-1, വിസ്തീർണ്ണം - 40 സ്ക്വയർ മീറ്റർ.
7. വിവിധ വ്യക്തികൾ, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 40 സെന്റ്.

8. മാരിയമ്മാൾ, സെവൻമല എസ്റ്റേറ്റ്, മൂന്നാർ, കെ.ഡി.എച്ച് 20/1, വിസ്തീർണ്ണം - 03 സെന്റ്.

9. പാണ്ടിയമ്മാൾ, മൂന്നാർ കോളനി, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 03 സെന്റ്.

10. ആനന്ദി, മൂന്നാർ കോളനി, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 02 സെന്റ്.

11. സനിൽ പി.എം., പാറേക്കാട്ടിൽ ചാലശ്ശേരി, കാരിക്കോട്, സർവ്വെ നമ്പർ 256/12, വിസ്തീർണ്ണം - 09.74 ആർ.

12. കുറുപ്പു സ്വാമി, ഇക്കാനഗർ, മൂന്നാർ, കെ.ഡി.എച്ച്. 20/1, മൂന്നാർ, വിസ്തീർണ്ണം - 03 സെന്റ്.

13. ചന്ദ്രശേഖരൻ, എം.ജി.കോളനി, മൂന്നാർ, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 05 സെന്റ്.

14. ഭാഗ്യം, രാജീവ് ഗാന്ധി കോളനി, ഇക്കാനഗർ, മൂന്നാർ, കെ.ഡി.എച്ച് 843, വിസ്തീർണ്ണം - 03 സെന്റ്.

15. മഹാലക്ഷ്മി, എം.ജി.കോളനി, മൂന്നാർ, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 02 സെന്റ്.

16. പിച്ചയ്യ, എം.ജി.കോളനി, മൂന്നാർ, കെ.ഡി.എച്ച്. 20/1, വിസ്തീർണ്ണം - 02 സെന്റ്.

17. വിവിധ വ്യക്തികൾ, കെ.ഡി.എച്ച്. 843, വിസ്തീർണ്ണം - 63 സെന്റ്.

18. ഷൈലാ ബീവി, എം. ജി. കോളനി, മൂന്നാർ, കെ.ഡി.എച്ച് 20/1, വിസ്തീർണ്ണം - 10 സെന്റ്.

19. ജോർജ്, S/O കുര്യൻ, പന്തീരുംപാറ, മൂന്നാർ, കെ.ഡി.എച്ച് 20/1, വിസ്തീർണ്ണം - 05 സെന്റ്.

20. എ.ഐ.റ്റി.യു.സി ആഫീസ്, ഗവ.എച്ച്.എസ്.-ന് സമീപം, പഴയ മൂന്നാർ, കെ.ഡി.എച്ച്, വിസ്തീർണ്ണം - 02 സെന്റ്.

21. മൂന്നാർ സർവ്വീസ് സഹകരണ ബാങ്ക്, മൂന്നാർ, കെ.ഡി.എച്ച് 62/28, വിസ്തീർണ്ണം - 03 സെന്റ്.

22. ലൂർദ്ദ് മേരി, 9-ാം റൂം ലൈൻ, മൂന്നാർ, കെ.ഡി.എച്ച്, വിസ്തീർണ്ണം - 20 സെന്റ്.

23. കാളി സ്വാമി മുതൽ പേർ, കന്നിമല എസ്റ്റേറ്റ്, ലോവർ ഡിവിഷൻ, മൂന്നാർ, കെ.ഡി.എച്ച്, വിസ്തീർണ്ണം - 07 സെന്റ്.

24. രവി ചന്ദ്രൻ, കെ.ഡി.എച്ച്., 912, വിസ്തീർണ്ണം - 08 സെന്റ്.

25. ജയലക്ഷ്മി, W/O പളനി സ്വാമി, ആറ്റുകാട്, പള്ളിവാസൽ, 169, 170, 170/1, വിസ്തീർണ്ണം - 39.080 സെന്റ്.

26. ടോം സക്കറിയ വെള്ളുക്കുന്നേൽ, സൂര്യനെല്ലി, (സ്പിരിറ്റ് ഇൻ ജീസസ് മിനിസ്ട്രീസ്), ചിന്നക്കനാൽ, 34/1, വിസ്തീർണ്ണം - 300 ഏക്കർ.

**കാസർഗോഡ് കളക്ടറേറ്റിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ**

247 (5111) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കളക്ടറേറ്റിൽ തീർപ്പാകാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫയലുകൾ തീരുമാനമാകാതെ അനന്തമായി കിടക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ ഏതു വിഷയവുമായി ബന്ധപ്പെട്ടവയാണെന്നും പെട്ടെന്ന് തീർപ്പാക്കാവുന്നതും എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കൃത്യവിലോപവും അലസതയും കാരണം തീരുമാനമാകാത്തതുമായ ഫയലുകൾ ഏതാണെന്നും വ്യക്തമാക്കാമോ;

(ഡി) ഒരു മാസമായി കാസർഗോഡ് കളക്ടറേറ്റിൽ കിട്ടിയ അപേക്ഷകൾ എത്രയാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ അപേക്ഷകളിൽ തീരുമാനമാകാൻ എത്ര ദിവസം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് താലൂക്ക് ഓഫീസിലെ തീരുമാനമാകാത്ത ഫയലുകളുടെ എണ്ണം സംബന്ധിച്ച വിശദാംശവും അവ എന്നത്തേക്ക് തീർപ്പാക്കാനാകും എന്ന വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 33,339 ഫയലുകൾ.

(ബി & സി) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതും, കോടതി കേസ്സുകളുമായി ബന്ധപ്പെട്ടതും ഭൂമി സംബന്ധിച്ചതും, തണ്ണീർത്തടം, നെൽവയൽ നികത്തൽ കേസുകൾ തുടങ്ങിയ വിഷയങ്ങളിൽ ഉടൻ തീർപ്പ് കൽപ്പിക്കാൻ പറ്റാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. ഉദ്യോഗസ്ഥന്മാരുടെ കൃത്യവിലോപവും അലസതയുംകൊണ്ട് ഫയൽ കുടിശ്ശിക ഇല്ല.

(ഡി) 2017 ഏപ്രിൽ 15 മുതൽ 2017 മേയ് 16 വരെ മൊത്തം ലഭിച്ച തപാലുകൾ 5458 ആണ്. ഇതിൽ ജനങ്ങളുടെ അപേക്ഷകൾ 2837 ആണ്. സെക്ഷൻ തിരിച്ചുള്ള അപേക്ഷകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഇ) അപേക്ഷയുടെ സ്വഭാവമനുസരിച്ചാണ് ഫയൽ തീർപ്പുകൽപ്പിക്കുന്നത്. കോടതി കേസും റവന്യൂ റിക്കവറി, ഭൂമി സംബന്ധിച്ച ഫയലുകൾ കൂടാതെ സബ് ഓഫീസുകളിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ട അപേക്ഷകൾ ഒഴികെ മറ്റെല്ലാം തന്നെ ഒരു മാസത്തിനകം തീർപ്പു കൽപ്പിക്കാൻ കഴിയും.

(എഫ്) കാസർഗോഡ് താലൂക്കിൽ തീരുമാനമാകാത്ത ഫയലുകളുടെ എണ്ണം 5736. ഇതിൽ കോടതി കേസ്, ഭൂമി സംബന്ധിച്ച ഫയലുകൾ, ഒഴിപ്പിക്കൽ കേസ് (കെ.എൽ.സി.) ബന്ധപ്പെട്ട ഫയലുകൾ 2112 ആണ്. ശേഷിക്കുന്ന 3624 ഫയലുകളിന്മേൽ 6 മാസത്തിനകം തീർപ്പു കൽപ്പിക്കാൻ കഴിയും.

## വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം

248 (5112) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) റീ-ടാറിങ്ങ് പ്രവൃത്തികൾ മാത്രമാണോ ഈ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയുന്നത് ;

(സി) റോഡുകളുടെ കോൺക്രീറ്റ്/ഡ്രെയിനേജ്/വൈഡനിങ്ങ് തുടങ്ങിയ പ്രവൃത്തികൾക്ക് ഈ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ - സി) 10-10-2012-ലെ സ.ഉ.(കൈ) നമ്പർ 384/2012/ ഡി.എം.ഡി. ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രകൃതി ക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് ഉപയോഗിക്കേണ്ടത്. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി മാത്രമാണ് മേൽ ഉത്തരവ് പ്രകാരം അനുവദനീയമായത്.

(ഡി) ഇല്ല. കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സ.ഉ.(എം.എസ്.) നമ്പർ 194/2015/ഡി.എം.ഡി. തീയതി 20-5-2015 പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമാണ് പ്രകൃതിക്ഷോഭത്തിൽ/ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നത്.

**ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്**

249 (5113) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 70 (2) പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് സ്റ്റേറ്റ് അതോറിറ്റി അതിന്റെ ഓരോ വർഷത്തെയും പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട ഒന്നാണോ; എങ്കിൽ 2005-ന് ശേഷം സ്റ്റേറ്റ് അതോറിറ്റി വാർഷിക റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ.-യുടെ പ്രവർത്തനവും ഉൾക്കൊള്ളിച്ച റിപ്പോർട്ട് പ്രസ്തുത കാലയളവിൽ എസ്.ഡി.എം.എ. സെക്രട്ടറി എന്ന പദവി വഹിച്ചിരുന്ന ലാൻഡ് റവന്യൂ കമ്മിഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) അതെ 2007-ൽ രൂപീകൃതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക്, 2012 മുതലാണ് സാങ്കേതിക പ്രവർത്തകരെ ലഭിച്ചതും പ്രവർത്തനം ശക്തിപ്പെട്ടതും. 2011-12 മുതലുള്ള എല്ലാ വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ.-യുടെ പ്രവർത്തനവും ഉൾക്കൊള്ളിച്ച് റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്. ഇവ ഇംഗ്ലീഷ് ഭാഷയിലാണ് തയ്യാറാക്കിയിരുന്നത്. മുടക്കം കൂടാതെ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകുന്നതിനാൽ ഈ നിധി ലഭ്യമാകുന്നും ഉണ്ട്.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ, 18-2-2016-ൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, ഒരു പ്രത്യേക ഫോർമാറ്റിൽ, 2015-16 മുതൽ ഉള്ള റിപ്പോർട്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് നിർദ്ദേശം നൽകി. ഇത് പ്രകാരം 20-10-2016-ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ ഇംഗ്ലീഷിൽ ഒരു വിശദമായ വാർഷിക റിപ്പോർട്ട് സമർപ്പിച്ചു. ഇത് പരിഗണിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-16-ലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി, മലയാളത്തിൽ തർജ്ജമ ചെയ്ത് റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ആയതനുസരിച്ച് 2015-16-ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ അവസാന വരവ്-ചിലവ് കണക്കുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് സഭയിൽ സമർപ്പിക്കുന്നതാണ്.

**ശക്തികുളങ്ങര ഹാർബറിനായി ഭൂമി ഏറ്റെടുക്കൽ**

250 ( T5114) <u>ശ്രീ.എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തികുളങ്ങര ഹാർബറിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ശക്തികുളങ്ങര ഹാർബറിന്റെ വികസനത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 18-6-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ3143/15/റവ. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ, 17-2-2016-ന് ജില്ലാ കളക്ടർ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അടിസ്ഥാനവില റിപ്പോർട്ട് (BVR) അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് 22-2-2016, 11-8-2016 തീയതികളിൽ ജില്ലാതല വിലനിർണ്ണയ സമിതി യോഗം ചേർന്നിരുന്നെങ്കിലും, ഭൂവുടമകൾ തമ്മിൽ അവകാശ തർക്കങ്ങളും കോടതി കേസുകളും നിലനിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ധാരണയിൽ എത്താൻ സാധിച്ചില്ല. ബഹു. മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 6-5-2017- ന് ചേർന്ന യോഗത്തിലും പ്രസ്തുത വിഷയത്തിൽ ധാരണയിലെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ LARR ആക്ട്, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അർത്ഥനാധികാരിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ഭൂരഹിതർക്ക് വിതരണം ചെയ്യാൻ പര്യാപ്തമായ ഭൂമി**

251 (5115) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ എത്രപേർ ഭൂമി ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കരുനാഗപ്പള്ളി താലൂക്കിൽ 2016 ജൂൺ 1-നു ശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഭൂരഹിതർക്ക് വിതരണം ചെയ്യാൻ പര്യാപ്തമായ ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലുണ്ടോ; ലഭ്യമായ ഭൂമിയുടെ അളവ് സംബന്ധിച്ച വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 3268 പേർ ഭൂമി ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കരുനാഗപ്പള്ളി താലൂക്കിൽ 2016 ജൂൺ 1-ന് ശേഷം വിതരണം ചെയ്ത പട്ടയം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

1. തേവലക്കര - 1 (എൽ.എ.പട്ടയം)
2. വടക്കുംതല - 18(കോളനി പട്ടയം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ആലപ്പാട് - 1(സുനാമി പട്ടയം)
4. ക്ലാപ്പന - 1(സുനാമി പട്ടയം)
5. കല്ലേലിഭാഗം - 1(കോളനി പട്ടയം)
ആകെ - 22 പട്ടയങ്ങൾ

(സി) കരുനാഗപ്പള്ളി താലൂക്കിൽ ചവറ വില്ലേജിൽ ബ്ലോക്ക് 20 റീസർവ്വെ 309/10-ൽപ്പെട്ട 4.27 ആർസ് സ്ഥലം ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് ലഭ്യമാണ്.

**ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണം**

252 (5116) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "ചാലക്കുടിയിൽ റവന്യൂ ടവർ" നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) റവന്യൂ ടവർ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണത്തിനുവേണ്ടി ചാലക്കുടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ളതും, ചാലക്കുടി ഫ്ലൈഓവറിന് ചേർന്ന് കിടക്കുന്നതുമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറേണ്ടതും, ടി പദ്ധതിക്ക് അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ**

253 (5117) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പാട്ടക്കാലാവധി കഴിഞ്ഞതായ എത്ര തോട്ടങ്ങളാണുള്ളത്; ഓരോ തോട്ടത്തിന്റെയും വിസ്തൃതി സഹിതം വ്യക്തമാക്കാമോ; ഈ സ്ഥലങ്ങൾ ഏതൊക്കെ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതാണ്;

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ ഏതെങ്കിലും തോട്ടങ്ങളുടെ കാലാവധി പുതുക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; ഓരോ തോട്ടത്തിന്റെയും വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ കാലാവധി ഇനിയും ദീർഘിപ്പിച്ചു നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ദീർഘിപ്പിക്കുന്നില്ലെങ്കിൽ ഈ ഭൂമി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഉള്ളത് ഇടുക്കി ജില്ലയിൽ ആണ്. ഇടുക്കി ജില്ലയിൽ പാട്ടക്കാലാവധി കഴിഞ്ഞ 4 തോട്ടങ്ങളും കാലാവധി കഴിഞ്ഞ 13 കുത്തകപ്പാട്ട കേസുകളും ഉണ്ട്. ആയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| | താലൂക്ക് | വിസ്തൃതി (ഏക്കറിൽ) | ഉടമസ്ഥത/റിമാർക്സ് |
|---|---|---|---|
| 1 | തൊടുപുഴ | 1413.5 ഏക്കർ | M/s.HML കമ്പനിക്ക് നൽകിയത്. ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ സ്പെഷ്യൽ ഓഫീസർ അന്വേഷണം നടത്തിവരുന്നു. |
| 2 | ഇടുക്കി | 64.5 ഏക്കർ | റവന്യൂ വകുപ്പിന് കീഴിൽ |
| 3 | തൊടുപുഴ | 2.16 ഏക്കർ | മലങ്കര റബ്ബർ കമ്പനിക്ക് പാട്ടത്തിന് നൽകിയത് |
| 4 | ഉടുമ്പൻചോല | 4.18 ഏക്കർ | ഹെലിബറിയ ടീ എസ്റ്റേറ്റിന് പാട്ടത്തിന് നൽകിയത് |

കാലാവധി കഴിഞ്ഞ 13 കുത്തകപ്പാട്ട കേസുകൾ

| ക്രമ നമ്പർ | പേര് | വിസ്തൃതി |
|---|---|---|
| 1 | മ്ലാമല എസ്റ്റേറ്റ് | 15.10 ഏക്കർ |
| 2 | സെമിനിവാലി എസ്റ്റേറ്റ് | 0.68 ഏക്കർ |
| 3 | ഹെലിബറിയ എസ്റ്റേറ്റ് | 6.39 ഏക്കർ |
| 4 | ഗ്ലെൻമേരി എസ്റ്റേറ്റ് | 0.75 ഏക്കർ |

| | | |
|---|---|---|
| 5 | ടൈഫോർഡ് എസ്റ്റേറ്റ് | 5 ഏക്കർ |
| 6 | ഹെലിബറിയ എസ്റ്റേറ്റ് | 23.81 ഏക്കർ |
| 7 | ടൈഫോർഡ് എസ്റ്റേറ്റ് | 4.95 ഏക്കർ |
| 8 | ആലംപ്പള്ളി എസ്റ്റേറ്റ് | 27.65 ഏക്കർ |
| 9 | ആലംപ്പള്ളി എസ്റ്റേറ്റ് | 17.61 ഏക്കർ |
| 10 | ഹൈലാൻഡ് പ്രൊഡ്യൂസ് കമ്പനി | 7.2 ഏക്കർ |
| 11 | അമരാവതി എസ്റ്റേറ്റ് | 01.60 ഏക്കർ |
| 12 | മുരിക്കടി എസ്റ്റേറ്റ് | 0.5 ഏക്കർ |
| 13 | മുരിക്കടി എസ്റ്റേറ്റ് | 2.6 ഏക്കർ |

തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വനംവകുപ്പ് മുഖാന്തരം പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങൾ ഉള്ളതാണ്. ഇതിന് പുറമെ പാലക്കാട് ജില്ല, മലമ്പുഴ – 1 വില്ലേജിൽ ഏമൂർ ഭഗവതി ദേവസ്വത്തിന്റെ കീഴിൽ 319.8914 ഹെക്ടർ വിസ്തൃതിയിൽ തോട്ടങ്ങൾ ഉള്ളതാണ്.

(ബി) ഇല്ല.

(സി & ഡി) നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട്**

254 (5118) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുവാനുള്ള പ്രൊപ്പോസലുകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിനു വേണ്ടിയുള്ള ദീർഘകാലമായ പ്രൊപ്പോസലുകളിൽ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനായി " കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പേരശ്ശന്നൂർ ക്ഷേത്രത്തിന് സമീപം പുഴയുടെ വലതുഭാഗം സംരക്ഷണം " എന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലും മലപ്പുറം ജില്ലയിൽ നിന്നും ലഭ്യമായിട്ടുള്ള മറ്റ് പ്രൊപ്പോസലുകളും ഭരണാനുമതി ലഭ്യമാക്കുന്നതിനായി അടുത്ത സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി യോഗത്തിൽ സമർപ്പിക്കുന്നതാണ്.

## സർക്കാർ ഭൂമി കയ്യേറ്റം, കുടിയേറ്റം എന്നിവ സംബന്ധിച്ച് വ്യത്യസ്ത സമീപനം

255 (5119) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം ഏറ്റവും കൂടുതലായി കണ്ടെത്തിയ മേഖലകളെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം, കുടിയേറ്റം എന്നിവ വേർതിരിച്ചുകണ്ട് സർക്കാർ സമീപനത്തിൽ വ്യത്യസ്തത പുലർത്തുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) അനധികൃത കെയ്യേറ്റ-കുടിയേറ്റങ്ങളുടെ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരും സർക്കാരും തമ്മിലോ ഉദ്യോഗസ്ഥരും സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തമ്മിലോ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തിട്ടുണ്ടോ; ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവങ്ങളുണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം കൂടുതലായി കണ്ടെത്തിയ മേഖലകളെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ റവന്യൂ ഭൂമിയിലും വനഭൂമിയിലും അനധികൃത കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. കായൽ-പുഴ പുറമ്പോക്ക് കയ്യേറ്റങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് കുടിയേറ്റക്കാരിൽ യോഗ്യരായവർക്ക് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) അനധികൃത കയ്യേറ്റ-കുടിയേറ്റങ്ങളുടെ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരും സർക്കാരും തമ്മിലോ ഉദ്യോഗസ്ഥരും സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തമ്മിലോ അഭിപ്രായവ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവങ്ങൾ ഇടുക്കി ജില്ലയിൽ ഉണ്ടായിട്ടുള്ളതാണ്.

**മാമ്പഴത്തറക്കാർക്ക് കൈവശാവകാശരേഖ ലഭ്യമാക്കുന്നതിന് നടപടി**

256 (5120) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിലെ തെന്മല വില്ലേജിൽ മാമ്പഴത്തറ പ്രദേശത്തെ ജനങ്ങളുടെ കൈവശമുള്ള ഭൂമിക്ക് കൊല്ലം സ്പെഷ്യൽ ലാന്റ് ട്രൈബൂണൽ 1976-ൽ കുടികിടപ്പവകാശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവർക്ക് തെന്മല വില്ലേജ് ഓഫീസർ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണമെന്താണ്;

(സി) ഇവർക്ക് കാർഷിക ലോൺ എടുക്കുന്നതിനുപോലും കഴിയാത്ത സാഹചര്യം പരിഗണിച്ച് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ താലൂക്കിലെ തെന്മല വില്ലേജിൽ സർവെ 872/1/893- ൽപ്പെട്ട 14.84.62 ഹെക്ടർ ഭൂമി വില്ലേജ് റിക്കാർഡ് പ്രകാരം മാമ്പഴത്തറ ദേവസ്വം വകയ്ക്ക് കൊട്ടാരക്കര ദേവസ്വം സൂപ്രണ്ടിന്റെ പേരിൽ 47-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ടതാണ്. പ്രസ്തുത ഭൂമിയിലെ കുടികിടപ്പുകാർക്ക് 1976-ൽ കൊല്ലം സ്പെഷ്യൽ മുൻസിഫ് ലാന്റ് ട്രിബ്യൂണൽ വഴി ക്രയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി & സി) ടി സർവെയിൽപ്പെട്ട വസ്തുവിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം ബോധ്യപ്പെട്ടതിനാൽ ക്രയ സർട്ടിഫിക്കറ്റുകളും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആധാരങ്ങളും വില്ലേജ് ഓഫീസർ മുഖേന പരിശോധിച്ചതിൽ ബി.റ്റി.ആർ.-ലും തണ്ടപ്പേരിലും ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ ഭൂമിക്ക് ക്രയ സർട്ടിഫിക്കറ്റുകൾ പ്രകാരം പതിവ് അനുവദിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. അതിനാൽ ടി ക്രയ സർട്ടിഫിക്കറ്റ് പ്രകാരം തണ്ടപ്പേര് പിടിച്ച് കരം ഒടുക്കാൻ കഴിയാതെ വരികയും ക്രയ സർട്ടിഫിക്കറ്റുകളിൽ ചിലത് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതെ വന്നിട്ടുള്ളത്. ആയതിനാൽ കൈവശ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേർ പിടിച്ച് കരം ഒടുക്കി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൈവശഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

**വീടുനിർമ്മിക്കുന്നതിന് വയൽ നികത്താനനുവാദം നൽകുന്ന ഉത്തരവ്**

257 (5121) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമസത്തിനായി വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തുകളിൽ 10 സെന്റ്, നഗരങ്ങളിൽ 5 സെന്റ് എന്നീ രീതിയിൽ വയൽ നികത്തുന്നതിന് അനുവാദം നൽകുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതുതരത്തിലുള്ള ഉത്തരവാണ് നിലവിലുള്ളത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവിറങ്ങിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) കൃത്യമായ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 5(3)(i) പ്രകാരം നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ 10 സെന്റും, മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി പരിവർത്തനപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നിലമെന്ന വിഭാഗത്തിലോ തണ്ണീർത്തടമെന്ന വിഭാഗത്തിലോ ഉൾപ്പെടാത്തതും പ്രസ്തുത നിയമത്തിലെ നിർവ്വചനപ്രകാരം നെൽവയലിലോ, തണ്ണീർത്തടത്തിലോ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം അഥവാ തത്തുല്യപദങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂ ഉടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ് (6) പ്രകാരം ജില്ലാ കളക്ടർ/ആർ.ഡി.ഒ വീട് നിർമ്മാണത്തിനായി മാത്രം പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ആയതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർ, കൃഷി ആഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച ശേഷം അനുമതി നൽകാവുന്നതാണ് എന്ന് 22-12-2016-ലെ 46848/പി1/2016/റവന്യൂ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

258 (5122) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം ഏതെല്ലാം ജില്ലകളിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇപ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം എല്ലാ ജില്ലകളിലും പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പട്ടയ വിതരണം നടത്തുന്നത്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം - 2738 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കൊല്ലം - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 84 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പത്തനംതിട്ട - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ 2026 പട്ടയങ്ങളും ഈ സർക്കാരിന്റെ കാലത്ത് 29 പട്ടയങ്ങളും നൽകിയിട്ടുണ്ട്.

ആലപ്പുഴ - ജില്ലയിൽ 4/17 വരെ 10496 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കോട്ടയം - ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1016 എൽഎ. പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

വയനാട് - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ 185 പട്ടയങ്ങളും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി 24 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

കണ്ണൂർ - 2011 നു ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച പട്ടയത്തിനു പുറമെ 12 പട്ടയങ്ങളും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പട്ടയങ്ങൾ ഒന്നും അനുവദിച്ചിട്ടില്ല.

എറണാകുളം - ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31-3-2017 വരെ 797 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 38 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയങ്ങൾ വിതരണം ചെയ്തിട്ടില്ല.

കാസർഗോഡ് - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 11,444 പട്ടയങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2982 പേർക്കും പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

മലപ്പുറം - നിലവിൽ മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെയാണ് പട്ടയങ്ങൾ വിതരണം ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 309 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പാലക്കാട് - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 121 പേർക്ക് പുറമ്പോക്ക് പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

ഇടുക്കി - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 15156 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ - കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തൃശ്ശൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ, മുകുന്ദപുരം, ചാലക്കുടി, ചാവക്കാട് എന്നീ താലൂക്കുകളിൽ യഥാക്രമം 415,322,244,171,20,154 എന്നിങ്ങനെ 1326 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

### പയ്യന്നൂർ കാങ്കോൽ വില്ലേജിൽ ആലക്കാട്ടുള്ള 250 കുടുംബങ്ങൾ

259 (5123) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽപ്പെട്ട കാങ്കോൽ വില്ലേജിൽ ആലക്കാട്ടുള്ള പാറപ്രദേശത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3 സെന്റ് വീതം 250 കുടുംബങ്ങൾക്ക് പതിച്ച് നല്കിയ ഭൂമിയിൽ വീട് വച്ച് താമസിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് ജനസമ്പർക്കപരിപാടിയിൽ 30-1-17 ന് ഗുണഭോക്താക്കൾ നല്കിയ പരാതിയിന്മേൽ (രജിസ്റ്റർ നമ്പർ 15141914, അപേക്ഷാ നമ്പർ 10227) തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പയ്യന്നൂർ

വില്ലേജിൽ താമസിക്കുന്ന അപേക്ഷകയ്ക്ക്, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തളിപ്പറമ്പ് താലൂക്കിലെ കാങ്കോൽ വില്ലേജിലാണ് ഭൂമി അനുവദിച്ചത്. ഭൂമി കാങ്കോൽ വില്ലേജിലായതിനാൽ, പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ നിന്നും അർഹതപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം അനുവദിക്കുമ്പോൾ, അപേക്ഷകയ്ക്ക് ധനസഹായം ലഭിക്കുന്നില്ല എന്നതാണ് പരാതി. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം, വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി ഇല്ല. വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പഞ്ചായത്ത് സ്കീമിൽ അപേക്ഷകയെ ഉൾപ്പെടുത്തുന്നതിന് കാങ്കോൽ - ആലപടമ്പ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡാറ്റാ ബാങ്ക് പരിഷ്കരിക്കാൻ നടപടി

260 (5124) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല്പത് വർഷം പഴക്കമുള്ള വീടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പോലും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഭൂമിയിൽ വീട് വയ്ക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഡാറ്റാ ബാങ്ക് ഉടൻ പരിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഭൂമിയിൽ പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും വീട് വയ്ക്കുന്നതിനായി അനുവാദം ജില്ലാ കളക്ടർക്ക് നൽകാവുന്നതാണ്. അന്തിമ ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുവാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതിനുള്ള വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുകയാണ്.

## കോട്ടയം റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

261 (5125) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന് എത്ര വിസ്തീർണ്ണം ഉണ്ടെന്നും അതിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് എത്ര വിസ്തീർണ്ണം ആവശ്യമുണ്ടെന്നും

അറിയിക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ അധികനിലകൂടി പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് 3736 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ട്. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന് 3160 സ്ക്വയർ ഫീറ്റും ടോറൻസ് ഓഫീസിന് 1500 സ്ക്വയർ ഫീറ്റും വിസ്തീർണ്ണം ആവശ്യമുണ്ട്.

(സി) ഉണ്ട്. പ്രസ്തുത കെട്ടിടത്തിൽ അധികനില പണിയുന്നതിന് 49,40,965 രൂപ പി.ഡബ്ല്യു.ഡി. ഹെഡ്ഡിൽ 27/10/2016-ൽ ഡിപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

**ഇടുക്കി ജില്ലയിലെ റീ-സർവ്വെ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു.**

262 (5126) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്.ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ ദീർഘകാലമായി മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കിയിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇടുക്കിയിലെ റീ- സർവ്വേ പ്രവർത്തനങ്ങൾ അടുത്ത വർഷമെങ്കിലും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴയ സർവ്വേ റിക്കാർഡുകളുടെ അഭാവം, പതിവ് ഭൂമിയുടെ

സ്കെച്ചുകളുടെ അഭാവം, കുത്തകപ്പാട്ട ഭൂമികളുടെ റിക്കാർഡുകളുടെ അഭാവം, ജില്ലയിലെ റീസർവ്വേ ഇതര ജോലികളുടെ ആധിക്യം (പട്ടയം, കയ്യേറ്റം, ഫോറസ്റ്റ് സർവ്വെ, മിച്ചഭൂമി സർവ്വേ മുതലായവ) തുടർച്ചയായി സർവ്വേ ചെയ്യുന്നതിനുള്ള പ്രതികൂല കാലാവസ്ഥ, മറ്റ് ജില്ലകളേക്കാൾ ഫീൽഡ് ജോലിക്ക് പ്രയാസമുള്ള ഭൂപ്രകൃതി, വന്യ ജീവികളുടെ സാമീപ്യം, വ്യാജ പട്ടയങ്ങൾ, വ്യാജ ആധാരങ്ങൾ എന്നിവ ജില്ലയിലെ റീസർവ്വേ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നു.

(സി) 24-1-2017-ലെ സ.ഉ.(എം.എസ്സ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലും റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 5 വില്ലേജുകളുടെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## സർവ്വെ വകുപ്പിൽ നിലവിലുള്ള സർവ്വെ സൂപ്രണ്ട് തസ്തിക

263 (5127) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെ വകുപ്പിൽ നിലവിലുള്ള സർവ്വെ സൂപ്രണ്ട് തസ്തികയുടെ എണ്ണവും , സർവ്വെ സൂപ്രണ്ടുമാരുടെ എണ്ണവും അറിയിക്കാമോ;

(ബി) സർവ്വെ സൂപ്രണ്ട് തസ്തികയിലുള്ള ഏതെങ്കിലും ജീവനക്കാർ വിദേശത്തോ, മറ്റ് സ്ഥലങ്ങളിൽ ജോലിക്രമീകരണ വ്യവസ്ഥയിലോ ജോലിചെയ്യുന്നുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങളും അതിനുള്ള കാരണവും അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ സർവ്വെ സൂപ്രണ്ടുമാർക്കു പകരം ഫീൽഡ് ജീവനക്കാരെ നിയോഗിച്ച് സൂപ്രണ്ടുമാരുടെ സേവനം വകുപ്പിൽ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) സർവ്വെ സൂപ്രണ്ട് തസ്തികകൾ | - | 65 |
| നിലവിലെ സൂപ്രണ്ടുമാരുടെ എണ്ണം | - | 62 |
| റിട്ടയർമെന്റ് ഒഴിവ് | - | 3 |

(ബി) ഉണ്ട്. മാനന്തവാടി റീസർവ്വെ സൂപ്രണ്ടായ ശ്രീ. അജിത്ത് കുമാർ.ആർ.ജി. എന്നയാളെ CBI-യിലെ RC 04(E) /2014 നമ്പർ കേസ് അന്വേഷണത്തിനായി CBI-യുടെ അഭ്യർത്ഥന പ്രകാരം നിയോഗിച്ചിട്ടുണ്ട്.

(സി) സർവ്വേ സൂപ്രണ്ടുമാരുടെ അഭാവത്തിൽ ടി ചുമതല ഫീൽഡ് ജീവനക്കാരായ ഹെഡ് സർവ്വെയർമാർക്ക് താൽക്കാലികമായി നൽകാറുണ്ട്.

**തോട്ടഭൂമി വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം**

264 (5128) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി മുറിച്ച് വില്പന നടത്തുന്നതു തടയാൻ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനായി ഏതൊക്കെ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടഭൂമി സംബന്ധിച്ച നിയമ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് എത്രത്തോളം ഭൂമി മറിച്ചു വിറ്റിട്ടുണ്ടെന്നും, സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ട് എന്നതും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം സീലിംഗ് പരിധിയിൽനിന്ന് വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജ്ജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(1)(e) പ്രകാരം ഇളവ് നൽകിയിട്ടുള്ള തോട്ടഭൂമിയിൽനിന്നും മുറിച്ച് വിറ്റതായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൃശ്ശൂർ | 35.34 ഏക്കർ, |
| കോഴിക്കോട് | 40 ഏക്കർ, |
| വയനാട് | 153.72.503 ഏക്കർ |
| കാസർഗോഡ് | 256.41 ഏക്കർ |

മറ്റുജില്ലകളിൽ ഇപ്രകാരമുള്ള തോട്ടഭൂമി ദുരുപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല.

**ഭവനനിർമ്മാണ മേഖലയിൽ പ്രീഫാബ് സാങ്കേതിക വിദ്യ**

265 (5129) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള സംസ്ഥാന പാർപ്പിട നയം പുനരവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭൂമിയുടെ ലഭ്യത കുറവായ കേരളത്തിൽ, ഭൂലഭ്യതയ്ക്കനുസരിച്ചുള്ള ഒരു ഭവന നിർമ്മാണ നയം രൂപീകരിക്കുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പരിഗണിച്ച് ഭവന നിർമ്മാണ മേഖലയിൽ ദുർബല ജനവിഭാഗങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രീഫാബ് സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-ലെ കേരള സംസ്ഥാന പാർപ്പിട നയം പുനരവലോകനം ചെയ്തിട്ടില്ല. എന്നിരുന്നാലും ഈ സർക്കാർ അധികാരമേറ്റതിനുശേഷം സമഗ്ര കേരള വികസനത്തിനുവേണ്ടി അഞ്ചു വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിക്ക് (ലൈഫ്) അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഈ കാര്യം പരിശോധിക്കുന്നതാണ്.

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പരിഗണിച്ച് ഭവന നിർമ്മാണ മേഖലയിൽ ദുർബല ജനവിഭാഗങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ 2009-ൽ ആരംഭിച്ച കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറ നിലവിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്) 12 എണ്ണം പ്രവർത്തിച്ചുവരുന്നു. 5 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയായിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലും ഉടൻതന്നെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്. കെസ്നിക്കിന്റെ കലവറകൾ കൂടാതെ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയും സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ ബി.പി.എൽ. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. നിലവിൽ 600 ച.അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് കലവറയിൽനിന്നും സിമന്റ്, കമ്പി എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ 15% സൗജന്യ നിരക്കിലാണ് നൽകിവരുന്നത്.

(ഡി) പ്രീ ഫാബ് കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്റേയും പ്രോത്സാഹിപ്പിക്കുന്നതിന്റേയും ഭാഗമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി രണ്ട് വീടുകളുടെ മാതൃകകൾ 10 ലക്ഷം രൂപ ചെലവിൽ പി.റ്റി.പി. നഗറിലുള്ള കാമ്പസ്സിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 ലക്ഷം രൂപയ്ക്ക് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പാലക്കാട് മാതൃക വീട് നിർമ്മിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ മാതൃകകൾ കാണുന്നതിനും കണ്ട് പഠിക്കുന്നതിനും പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും സാഹചര്യം ലഭിക്കുന്നതാണ്.

സംസ്ഥാനത്ത് ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പ്രീ ഫാബ് സാങ്കേതിക വിദ്യ (Pre-fab Technology) ജനകീയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ചു വരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ ഫാക്ടിന്റെ ഒരു ഉപ-ഉല്പന്നമായ ജി.എഫ്.ആർ.ജി (ഗ്ലാസ്സ് ഫൈബർ റി-ഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.ടി.യുടെ സാങ്കേതിക

സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ സാങ്കേതികവിദ്യ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിച്ചിരിക്കുന്നത്. ഈ നിർമ്മാണ രീതിക്ക് സിമന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞ തോതിൽ മതിയാകുന്നതാണ്. ചുമരുകൾ സിമന്റ് പൂശേണ്ട ആവശ്യമില്ല. തറയുടേയും സ്ലാബുകളുടേയും നിർമ്മാണത്തിനും ഈ പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതാണ്. തൊഴിലാളികൾ കുറച്ച് മതി. കുറഞ്ഞ നിർമ്മാണ കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്. ഈ രീതിയിലുള്ള നിർമ്മാണ രീതി പ്രാവർത്തികമാക്കുന്നതിന് ക്രെയിൻ മുതലായ മെഷിനറി സൈറ്റിലെത്തിച്ച് ഉപയോഗിക്കുന്നതിനായി പദ്ധതി പ്രദേശത്തിലെ സ്ഥലസൗകര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. Mass construction വരുമ്പോൾ മേൽപ്പറഞ്ഞ രീതിയിൽ നിർമ്മാണം നടത്തുന്നതാണ് സാമ്പത്തികമായി അഭികാമ്യം.

## ദേവികുളം ടൗണിൽ ഭവനനിർമ്മാണ വകുപ്പിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ നടപടി

266 (5130) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ദേവികുളം ടൗണിൽ ഭവനനിർമ്മാണ വകുപ്പിന്റെ ഒരു കെട്ടിടം ഉദ്ഘാടനം ചെയ്യാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഈ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവികുളത്ത് സർക്കാർ ഭൂമിയിൽ രണ്ടും മൂന്നും ഘട്ടങ്ങളിലായി സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിൽ 12 ഫ്ലാറ്റുകൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി & സി) നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത 12 ഫ്ലാറ്റുകൾ 12-8-2015-ന് ഭവന നിർമ്മാണ ബോർഡ് ദേവികുളം സബ് കളക്ടർക്ക് കൈമാറുകയും ടി ഫ്ലാറ്റുകളിൽ വൈദ്യുതി, ജലം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി തഹസീൽദാർ മുഖേന അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഉദ്ഘാടനം, അലോട്ട്മെന്റ് തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഹൗസിംഗ് ബോർഡ് വനിതാ ഹോസ്റ്റൽ**

267 (5131) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഹൗസിംഗ് ബോർഡ് പണികഴിപ്പിച്ച വനിതാ ഹോസ്റ്റൽ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരെ നിയമിച്ച് വനിതാഹോസ്റ്റലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സേവന വേതന വ്യവസ്ഥകൾ, റൂം റെന്റ് എന്നിവയുടെ നിബന്ധനകൾ പാലിച്ച് ജീവനക്കാരെ നിയമിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ ഗ്രാമീണ കുടിവെള്ള (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) പദ്ധതി**

268 (5132) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ല അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10 മുതൽ 2016-17 വരെയുള്ള കാലയളവിൽ കേന്ദ്രസഹായത്തോടെയുള്ള 242 പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി. കൂടാതെ ഈ കാലയളവിൽ മുൻവർഷങ്ങളിലുൾപ്പെടെ കേന്ദ്രസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ 131 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ഏകദേശം 29 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ (2016-17) കേന്ദ്രസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള 188 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്. മേൽ പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധീകരിച്ച ജലം ലഭ്യമാക്കാനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനും സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി സ്രോതസ്സുകളുടെ സംരക്ഷണം, ശുദ്ധജലം സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള പരിശീലന ബോധവൽക്കരണ പരിപാടികൾ, കംപ്യൂട്ടറൈസേഷൻ എന്നിവയും നടപ്പിലാക്കിവരുന്നു. ഇതിൽ പരിശീലന ബോധവൽക്കരണ പരിപാടികൾ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള CCDU, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കിവരുന്നത്.

എൻ.ആർ.ഡി.ഡബ്ല്യൂ.പി.-ക്ക് 2009-10 മുതൽ 2016-17 വരെ ലഭിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും കണക്ക് അനുബന്ധം (1) ആയി ചേർക്കുന്നു.+

പ്രസ്തുത കാലയളവിൽ ചെലവഴിച്ച കേന്ദ്ര വിഹിതത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.* കേന്ദ്രസഹായത്തോടെയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കുള്ള സംസ്ഥാനവിഹിതമുൾപ്പെടെ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കായി സംസ്ഥാന സർക്കാർ പ്രസ്തുത കാലയളവിൽ 2487.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് 48.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തതനുസരിച്ച് 2017-18 സാമ്പത്തിക വർഷം കേന്ദ്രസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള 50-ൽപ്പരം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെങ്കിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടന്നുവരുന്ന പദ്ധതികളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതായിട്ടുണ്ട്.

എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി നിർവ്വഹണത്തിനുള്ള

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രവിഹിതത്തിലുണ്ടായ കാര്യമായ കുറവ് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമായിരിക്കുകയാണ്. ഇതുകാരണം 2016-17 സാമ്പത്തിക വർഷം ദേശീയഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. നിലവിൽ സൻസദ് ആദർശ് ഗ്രാമയോജന പഞ്ചായത്തുകൾ, ഫ്ലൂറൈഡ്/ആർസനിക് ബാധിത പ്രദേശങ്ങൾ, വെളിമ്പ്രദേശ മലവിസർജ്ജനരഹിത പ്രദേശങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് മാത്രമേ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ പുതിയ പദ്ധതികൾ അനുവദിക്കുന്നുള്ളൂ.

ഈ സാഹചര്യത്തിൽ വെളിമ്പ്രദേശ മലവിസർജ്ജനരഹിത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് നടന്നുവരുന്ന കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കി ആവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഇതുവരെയും അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല.

**വിളപ്പിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി**

269 (5133) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി 31-3-2016 തീയതിയിലെ സ.ഉ (സാധാ) നമ്പർ.330/2016/ഡബ്ളൂ.ആർ.ഡി പ്രകാരം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രവൃത്തികൾ എന്ന് ആരംഭിയ്ക്കാനാകുമെന്നും തുടർന്നുള്ള നടപടിക്രമങ്ങൾ എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പ്രസ്തുത പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ചീലപ്പാറയിലുള്ള ഉന്നതതല സംഭരണി എന്നീ ഘടകങ്ങളുടെ എസ്റ്റിമേറ്റുകൾക്ക് കേരള വാട്ടർ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ മറ്റ് ഘടകങ്ങളുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി മൂന്ന് മാസത്തിനകം പ്രവൃത്തി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സി. എൽ. ആർ./എച്ച്. ആർ. തൊഴിലാളികളുടെ ദിവസവേതനം**

270 (5134) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന സി. എൽ. ആർ./എച്ച്. ആർ. തൊഴിലാളികളുടെ ദിവസ വേതനം എത്രയാണ്; ഇത് പുതുക്കി നിശ്ചയിച്ചത് ഏത് വർഷമാണ്;

(ബി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിനുകീഴിൽ ജോലി ചെയ്യുന്ന സി. എൽ. ആർ./എച്ച്. ആർ. തൊഴിലാളികളുടെ ദിവസ വേതനം 300 രൂപ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർദ്ധിപ്പിച്ച വേതനം ഈ തൊഴിലാളികൾക്കും ലഭിക്കുന്നതിനുള്ള തടസ്സമെന്താണെന്നറിയിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന സി.എൽ.ആർ. എച്ച്. ആർ. തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന ദിവസവേതനം 600 രൂപയാണ്. 2016-ലാണ് ഇപ്രകാരം പുതുക്കി നിശ്ചയിച്ചത്.

(ബി) ഉണ്ട്.

(സി) പുതുക്കിയ നിരക്കിൽ വേതനം നൽകുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (ഐ & എ)-യ്ക്ക് നൽകിയിട്ടുണ്ട്.

**നദീ സംരക്ഷണ പദ്ധതികൾക്കായി തെരഞ്ഞെടുക്കപ്പെട്ട നദികൾ**

271 (5135) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീ സംരക്ഷണ പദ്ധതികൾക്കുവേണ്ടി ഏതൊക്കെ നദികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ബി) ഇതിലേക്ക് കേന്ദ്ര സഹായത്തിനായി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക കേന്ദ്രം അനുവദിച്ചുവെന്നും ഇത് ഏതൊക്കെ പദ്ധതികൾക്കെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പമ്പാ നദി.

(ബി) പമ്പാ നദിയുടെ സംരക്ഷണം ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സഹായത്തിനായി പമ്പാ ആക്ഷൻ പ്ലാൻ Phase-1 എന്ന പദ്ധതി 2001-ൽ തയ്യാറാക്കി സമർപ്പിക്കുകയും 2003-ൽ ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ കാലാവധി 2017 മാർച്ച് 31 വരെ ആയിരുന്നു.

(സി) പമ്പാ ആക്ഷൻ പ്ലാൻ Phase-1-നായി 70:30 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവു പങ്കിടുന്ന വ്യവസ്ഥയിൽ 18.45 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. 1-4-2015 മുതൽ ഫണ്ടിന്റെ അനുപാതം 50:50 ആക്കിയിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രവിഹിതം 12.886 കോടി രൂപയാണ്. ഇതിൽ 2.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നീ വകുപ്പുകൾക്കാണ് ഈ തുക അനുവദിച്ചത്.

## ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

272 (5136) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന ലോക ബാങ്ക് സ്കീമിൽ എത്ര ഡാമുകളെ ഉൾപ്പെടുത്താനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്;എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത ബജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയുടെയും ചെലവാക്കിയ തുകയുടെയും കണക്കുകൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ജീവനക്കാർക്ക് ശമ്പളയിനത്തിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ തുക ചെലവഴിക്കുന്നതിന് എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുണ്ടായിരുന്നത്; വിശദമാക്കാമോ;

(എഫ്) തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ലാപ്സാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി, പെരിയാർവാലി, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റിയാടി എന്നീ 16 ഡാമുകൾ, ബാരേജുകൾ, റഗുലേറ്ററുകൾ എന്നിവയും ഡാമുകളുടെ സർവ്വീലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ് ക്വോർട്ടേഴ്സിന്റെ നിർമ്മാണവുമാണ് DRIP പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ജലസേചന വകുപ്പിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 37 ഡാമുകളാണ് ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായി 40 കോടി രൂപ 2016-17 വർഷത്തിൽ ജലസേചന വകുപ്പിന് വകയിരുത്തിയിരുന്നു. ഇതിൽ 39,93,10,871 രൂപ വകുപ്പ് ചെലവഴിച്ചു.

കെ.എസ്.ഇ.ബി.-ക്കുവേണ്ടി 2016-17 വർഷത്തിൽ പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക - 25 കോടി.

2016-17 വർഷത്തിൽ 31.78 കോടി രൂപ KSEBL ചെലവഴിച്ചിട്ടുണ്ട്.

(സി)

ജലസേചന വകുപ്പിന് ബജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയും ചെലവാക്കിയ തകയും ചുവടെ ചേർക്കുന്നു:

| വർഷം | ബജറ്റ് വിഹിതം (കോടി) | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 42.5 | 85,26,000 |
| 2013-14 | 40 | 2,49,24,343 |
| 2014-15 | 30 | 6,47,23,953 |
| 2015-16 | 40 | 7,36,98,896 |
| 2016-17 | 40 | 39,93,10,871 |

കെ.എസ്.ഇ.ബി.-ക്ക് ബജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു:

| വർഷം | സംസ്ഥാന ബജറ്റിൽ | ചെലവഴിച്ച തുക (രൂപ കോടിയിൽ) |
|---|---|---|

| | വകയിരുത്തിയ തുക (റിവൈസ്ഡ് ബജറ്റ് അലോക്കേഷൻ പ്രകാരം (രൂപ കോടിയിൽ)) | |
|---|---|---|
| 2012-13 | 18.75 | 0.05 |
| 2013-14 | 30 | 2.8 |
| 2014-15 | 32 | 3.33 |
| 2015-16 | 30 | 6.98 |
| 2016-17 | 25 | 31.78 |

(ഡി) ജലസേചന വകുപ്പ് DRIP-ന്റെ Head of Account-ൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. കെ.എസ്.ഇ.ബി.-യിൽ ഡാം സേഫ്റ്റി വിഭാഗമാണ് ഡ്രിപ്പ് സ്കീമിൽപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നത്. ഡാം സേഫ്റ്റി വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ ചെലവാക്കിയ തുക 9.72 കോടി രൂപയാണ്.

(ഇ) DRIP പദ്ധതിക്ക് 2012-ൽ ഉടമ്പടി വച്ചെങ്കിലും ലോകബാങ്കിന്റെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിക്ക് പല നിയന്ത്രണങ്ങളും ഉണ്ടായിരുന്നു. പദ്ധതികളുടെ അനുമതികൾക്കായി ഓരോ പദ്ധതിയുടെയും പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റ് തയ്യാറാക്കി Central Water Commission (CWC)-ന്റെയും ലോക ബാങ്കിന്റെയും അനുമതിക്കായി അയയ്ക്കേണ്ടതുണ്ട്. CWC-യുടെ കീഴിലുള്ള സെൻട്രൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റേയും ലോക ബാങ്കിന്റെയും അനുമതി കിട്ടിയാൽ മാത്രമേ വിവിധ ജോലികളുടെ ടെൻഡർ നടപടികൾ നടത്തുവാൻ കഴിയുകയുള്ളൂ. പ്രോജക്ട് സ്ക്രീനിങ് ടെംപ്ലേറ്റ് അനുമതി ലഭിക്കുന്നതിനായി ഡാമുകളുടെ ഹൈഡ്രോളജി റിവ്യൂ പഠനങ്ങളുടെയും, ഡാം സേഫ്റ്റി റിവ്യൂ പാനൽ രൂപീകരിച്ച് അവരുടെ പരിശോധനകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിലാണ് പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റിന് അനുമതി നൽകുന്നത്. ഡാമുകളുടെ ഹൈഡ്രോളജി റിവ്യൂ നടത്തുന്നതിനും അവയുടെ അനുമതി ലഭ്യമാക്കുന്നതിനും അതുപോലെ ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ പരിശോധനകൾക്കുംവേണ്ടി വളരെയധികം സമയം വേണ്ടിവന്നു. ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾക്കും ലോക ബാങ്ക്, CWC തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതി ലഭ്യമാകുന്നതിനും കൂടുതൽ സമയം വേണ്ടി വന്നതിനാൽ വിഭാവനം ചെയ്ത തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ

ആദ്യഘട്ടങ്ങളിൽ നടത്തുന്നതിന് കാലതാമസം നേരിട്ടു, 2015-ഓടു കൂടി സ്ഥിതിഗതികൾ മെച്ചപ്പെടുകയും ഡാമുകളുടെ വർക്കുകൾ ടെണ്ടർ ചെയ്യുകയും ചെയ്തു. പല രൂപത്തിൽ ഉണ്ടായ വ്യവഹാരങ്ങളും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

(എഫ്) തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ഇതുവരെ ലാപ്സായിട്ടില്ല.

**കരമന-കിള്ളിയാറുകളെ മാലിന്യമുക്തമാക്കുന്നതിന് നടപടി**

273 (5137)ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരമന-കിള്ളിയാറുകളെ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി കരമന - കിള്ളിയാർ റിവർ മാനേജ്മെന്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി പ്രകാരം (KRSM) കിള്ളിയാർ മാലിന്യമുക്തമാക്കുന്ന പൈലറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടമായി താഴെ പറയുന്ന 4 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. ശിവനഗർ പ്രദേശത്തെ സ്വീവർ ലൈൻ പുനരുദ്ധാരണം
2. ശാസ്ത്രി നഗർ പ്രദേശത്തെ സ്വീവർ ലൈൻ പുനരുദ്ധാരണം
3. കൈലാസ് നഗർ പ്രദേശത്തെ സ്വീവർ ലൈൻ പുനരുദ്ധാരണം
4. കുര്യാത്തി പമ്പിംഗ് സ്റ്റേഷനിൽ 3 പുതുതലമുറ പമ്പുസെറ്റുകൾ സ്ഥാപിക്കൽ.

ഇതുകൂടാതെ കിള്ളിപ്പാലം മുതൽ തിട്ടക്കുടി പാലം വരെ ബണ്ട് റോഡിൽ പുതിയ സ്വീവർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഇന്റർ കണക്ഷൻ പ്രവൃത്തിയൊഴികെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റർ കണക്ഷൻ പ്രവൃത്തി ചെയ്യുവാനായി ടാർ കട്ടിംഗ് സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെടുത്തി 3 പുതിയ പ്രവൃത്തികൾക്കുകൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെക്നിക്കൽ സാംഗ്ഷനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ കരമന കിള്ളി മലിനീകരണ നിർമ്മാർജ്ജനത്തിനായി ശാസ്ത്രീയ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു

നദികളുടെയും നഗരാതിർത്തിയിലുള്ള പാലങ്ങളിൽ ഫെൻസിംഗ് പിടിപ്പിച്ച പ്രവൃത്തി നടപ്പിലാക്കിയതോടുകൂടി പാലത്തിലൂടെ ആറ്റിലേയ്ക്ക് വാഹനങ്ങളിൽ കൊണ്ടുവന്ന് തള്ളുന്ന ഇറച്ചി വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തടയുവാൻ സാധിച്ചിട്ടുണ്ട്.

മലിനീകരണം തടയുന്നതിനുവേണ്ടി നഗരാതിർത്തിക്കുപുറമേയുള്ള കരമന കിള്ളി നദികളിലെ പാലങ്ങളിൽകൂടി ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ആറിന്റെ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിനും മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന ബയോഡൈവേഴ്സിറ്റി പാർക്കിന്റെ പണി കരമന പാലത്തിന്റെ താഴ്ഭാഗത്ത് വലതുകരയിൽ പുരോഗമിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ സീവേജ് വഹിക്കുന്ന പൈപ്പുകൾ കാലപ്പഴക്കവും അപര്യാപ്തവുമായതിനാൽ അവ പൊട്ടി മലിനജലം സമീപ തോടുകളിൽക്കൂടി ആക്കുളം-വേളി കായൽ, ടി. എസ്. കനാൽ, കരമനയാർ, കിള്ളിയാർ എന്നീ ജലാശയങ്ങളിൽ എത്തിച്ചേർന്ന് ജലമലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നതിനാൽ 107 MLD ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുട്ടത്തറയിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ ഉണ്ടാകുന്ന സ്വീവേജ് മുഴുവൻ ശുദ്ധീകരിക്കാൻ ശേഷിയുള്ള ഒരു പ്ലാന്റാണ് സ്ഥാപിച്ചിരിക്കുന്നത്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി കൂടുതൽ ശേഷിയുള്ള പൈപ്പുകൾ സ്ഥാപിച്ചും പമ്പിംഗ് സ്റ്റേഷനുകൾ മെച്ചപ്പെടുത്തിയും മുഴുവൻ സ്വീവേജും STP-യിൽ എത്തിച്ച് സംസ്കരിച്ചാൽ നഗരത്തിലെ ജലാശയങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ നദികളുടെ വലിപ്പം, വൃഷ്ടി പ്രദേശത്തിന്റെ സവിശേഷതകൾ, നീരൊഴുക്ക്, ജൈവ വൈവിധ്യം എന്നിവ കണക്കിലെടുക്കുമ്പോൾ ഓരോ നദിക്കും പ്രത്യേകമായി മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നത് ശാസ്ത്രീയ സമീപനമല്ല. കൂടാതെ പ്രാദേശിക പ്രശ്നങ്ങൾ രൂപപ്പെടാനുള്ള സാധ്യതയും ഉണ്ട്. ഇത് പരിഗണിക്കുമ്പോൾ സംസ്ഥാനതലത്തിൽ ഒരു അതോറിറ്റിയും അതിനു കീഴിൽ റിവർ ബോർഡുകളും (ഒന്നിലേറെ നദികൾ ചേർന്ന ക്ലസ്റ്റർ) രൂപീകരിക്കുന്നതാണ് ഉചിതം.

**പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ പഴക്കം**

274 (5138) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാമിൽനിന്നും ആരംഭിച്ചിട്ടുള്ള പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ പഴക്കംമൂലം ഉണ്ടായേക്കാവുന്ന അപകടാവസ്ഥ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലിന്റെ പഴക്കംമൂലം ഉണ്ടായേക്കാവുന്ന അപകടങ്ങൾ പരിഹരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പഴക്കംമൂലം ഉണ്ടായേയ്ക്കാവുന്ന അപകടാവസ്ഥ ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴുവൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ ചിലപ്പോൾ നടത്തുവാൻ സാധിക്കാതെവരുന്നു. മുൻ വർഷങ്ങളിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുവേണ്ടി ബജറ്റിൽ വകയിരുത്തിയ 4 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കാലപ്പഴക്കംമൂലം കേടുപാടുകൾ വന്ന കനാലുകളിൽക്കൂടി ചോർച്ചയുണ്ടാ കുന്നതുമൂലം അപകടാവസ്ഥയ്ക്ക് സാധ്യതയുണ്ട്. 2017-18 സാമ്പത്തിക വർഷം പമ്പാ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഈ വർഷം നടപ്പിലാക്കാനുള്ള കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള മുൻഗണനാപ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. ഈ പ്രവൃത്തികൾ ഈ വർഷംതന്നെ ടെണ്ടർചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പമ്പാ ഇറിഗേഷൻ പദ്ധതിയുടെ കാലപ്പഴക്കംചെന്ന എല്ലാ കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തി ഒരു സമഗ്ര പദ്ധതി തയ്യാറാക്കിവരുന്നു.

**പ്രധാന നദികളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ**

275 (T5139) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലാശയങ്ങളും തണ്ണീർതടങ്ങളും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സംസ്ഥാനത്തെ നദികൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം നീരൊഴുക്കിലെ കുറവും ജലമലിനീകരണവുമാണ്. ഇത് പരിഹരിക്കുന്നതിനായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ ആവശ്യമുള്ളിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതോടൊപ്പം ഓരു ജലക്കയറ്റം തടയുന്നതിനായി റെഗുലേറ്ററുകൾ കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇരുപത് നദികളിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതോടൊപ്പം നദികളെത്തന്നെ ചെറുസംഭരണികളാക്കി മാറ്റാൻ കഴിയുന്നിടത്ത് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ആലോചനയുണ്ട്.

(ബി) ജലാശയങ്ങൾ, തണ്ണീർതടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഹരിതകേരള മിഷന്റെ ഭാഗമായ മണ്ണ്-ജലസംരക്ഷണ മിഷൻ നീർത്തടാധിഷ്ഠിത സമീപനത്തോടുകൂടി തയ്യാറാക്കുന്ന ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെയാണ് മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടെ ഇവ നിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഈ വർഷത്തെ ബജറ്റിൽ പരമ്പരാഗത ജലാശയങ്ങളായ കുളങ്ങളുടെ നവീകരണത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

## കൊച്ചി കരുവേലിപ്പടി പമ്പ് ഹൗസിലേയ്ക്കുള്ള കാലഹരണപ്പെട്ട പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

276 (5140) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കരുവേലിപ്പടി പമ്പ് ഹൗസിലേക്കുള്ള 70 മി.മി. പ്രിമോ മെയിൻ പമ്പിന്റെ വെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര ജംഗ്ഷൻ വരെയുള്ള ഭാഗം കാലഹരണപ്പെട്ടതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കാലഹരണപ്പെട്ടതാണെങ്കിൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനോ പുതിയ പൈപ്പ് ലൈൻ ഇടുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ഉണ്ട്. പെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര ജംഗ്ഷൻവരെ സ്ഥാപിച്ചിട്ടുള്ളത് 700 മി.മീ. പ്രിമോ (കോൺക്രീറ്റ്) പൈപ്പ് ലൈൻ ആണ്. ഈ പൈപ്പ് ലൈൻ മാറ്റി പകരം പുതിയത് സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര വരെ 2200 മീറ്റർ 700 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കി ഉടമ്പടി ഉറപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട റോഡ് അധികാരികളിൽനിന്ന് ലഭിച്ചിട്ടില്ല.

**കരാർ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനായി പാലിക്കേണ്ട നിബന്ധനകൾ**

277 (5141) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള കരാർ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനായി അനുമതി നൽകുന്നതിന് മുമ്പ് ചീഫ് എഞ്ചിനീയർ (പ്രോജക്ട്) പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള പ്രവൃത്തികളുടെ സ്ട്രക്ച്ചറൽ ഡ്രോയിംഗുകൾ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ട ആവശ്യം ഉണ്ടോ;

(സി) കരാർ പ്രവൃത്തി ചെയ്യേണ്ട സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശം ആണെങ്കിൽ, ഡിപ്പാർട്ട്മെന്റ് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിൽ 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള ഏതൊരു കരാർ പ്രവൃത്തിയും ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അനുമതികൾ (സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി) ലഭ്യമായിട്ടുണ്ടെന്ന് പ്രോജക്ട് ചീഫ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ പ്രോജക്ട് റിപ്പോർട്ട് മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത് എന്നും ഉറപ്പുവരുത്തേണ്ടതാണ്.

(ബി) 4 കോടി രൂപ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തിയാണെങ്കിലും ഈ പ്രവൃത്തികൾ ചിലപ്പോൾ ഒന്നിലധികം മൈനർ ഇറിഗേഷൻ പ്രവൃത്തികൾ (VCB,

കൾവർട്ടുകൾ, സംരക്ഷണ ഭിത്തികൾ, ചാലുകളുടെ നിർമ്മാണം മുതലായവ പോലുള്ളവ) ചേർന്നതായിരിക്കാം. ഇങ്ങനെയുള്ള ഓരോ പ്രത്യേക പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണ് വരുന്നതെങ്കിൽ ഇവയുടെ ഡിസൈനോ സ്ട്രക്ചറൽ ഡ്രോയിംഗോ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ടതില്ല. എന്നാൽ ഓരോ സ്ട്രക്ചറിന്റേയും സ്വഭാവം കണക്കിലെടുത്ത് അവയുടെ എസ്റ്റിമേറ്റ് തുക ഒരു കോടിയിൽ കൂടിയതാണെങ്കിൽ അത്തരത്തിലുള്ള പ്രവൃത്തികളുടെ ഡിസൈനുകളും ഡ്രോയിംഗുകളും ഐ.ഡി.ആർ.ബി.-യിൽനിന്നും തയ്യാറാക്കേണ്ടതുണ്ട്.

(സി) കരാർ പ്രവൃത്തി ചെയ്യേണ്ട സ്ഥലം സ്വകാര്യവ്യക്തിയുടെ കൈവശം ആണെങ്കിൽ അത് നിയമാനുസൃതമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥലം ഡിപ്പാർട്ട്മെന്റിന് free surrender ചെയ്തു ലഭിക്കുന്നതിനോ അല്ലെങ്കിൽ പ്രസ്തുത ഭൂമി അക്വയർ ചെയ്തു ലഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചതിനുശേഷമാണ് പ്രവൃത്തി ആരംഭിക്കുന്നത്. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് 75% എങ്കിലും സ്ഥലം ലഭ്യമാണെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകാറുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കി ആവശ്യമുള്ള സ്ഥലം നിർമ്മാണ വേളയിൽ ലഭ്യമാക്കി നൽകാമെന്നുള്ള പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഉറപ്പിന്മേൽ ജനപ്രതിനിധികളുടെ അറിവോടുകൂടി ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്കാവശ്യമായ ഭൂമി സ്വകാര്യ വ്യക്തികളുടേത് ആണെങ്കിൽ 2013-ലെ "The Right to fair compensation and transparency in land acquisition, Rehabilitation and resettlement Act, 2013" നിയമപ്രകാരം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്.

**ആലപ്പുഴ ജില്ലയിൽ പൈപ്പ് ലൈൻ നീട്ടൽ നടപടി**

278 (5142) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ കാലത്ത് ആലപ്പുഴ ജില്ലയിൽ ജലവിഭവ വകുപ്പിനുകീഴിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടപടികൾക്കായി ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെ;

(ബി) ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ – സി) പൈപ്പ് ലൈൻ നീട്ടലിനായി ലഭിച്ച ശിപാർശകൾ മണ്ഡലം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ പ്രധാനമായും താൽക്കാലിക തടയണ നിർമ്മാണം, കേടായ പൈപ്പ് ലൈൻ മാറ്റിയിടുക, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കാണ് മുൻഗണന നൽകിയത്.

**താനൂർ പൂരപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കൽ**

279 (5143) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ പൂരപ്പുഴയിലേക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറി ഏക്കറു കണക്കിന് കൃഷി നശിക്കുന്നതിനും കുടിവെള്ളം മലിനമാകുന്നതിനും ഇടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിന്റെ ശാശ്വത പരിഹാരമായി പൂരപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ നിലവിൽ വല്ല പദ്ധതികളും നിലവിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമായി ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ പൂരപ്പുഴയ്ക്ക് കുറുകെ (കെട്ടുങ്ങൽ ബീച്ചിനടുത്ത്) കെട്ടുങ്ങൽ തോടിന് താഴ്ഭാഗത്ത് ഉപ്പുവെള്ള നിർമ്മാർജ്ജന റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി പ്രാഥമികമായി മണ്ണ് പരിശോധനയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി.-യിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പര്യവേഷണ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതി നൽകുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം ആറിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ പദ്ധതികൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

280 (5144) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ആറിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ജലസേചന പദ്ധതികളാണ് ഈ നദിയിൽ നിലവിൽ ഉള്ളത്;

(സി) പ്രതിദിനം എത്ര ജലമാണ് പദ്ധതികളുടെ പ്രവർത്തനത്തിന് ആവശ്യമുള്ളത്;

(ഡി) ജലലഭ്യതയില്ലാത്തതിനാൽ ഏതെങ്കിലും പദ്ധതികളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ;

(ഇ) നദീസംരക്ഷണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ജനപ്രതിനിധികൾ അടക്കമുള്ളവരുടെ അഭിപ്രായം തേടിയിട്ടുണ്ടോ?

ഉത്തരം

(എ) വാമനപുരം ആറിന്റെ സംരക്ഷണത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മീരാൻ കടവ് കറിച്ചട്ടിമൂല റോഡിൽ മീരാൻ കടവ് പാലത്തിനുസമീപം അഞ്ചുതെങ്ങ് കായലിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം.
2. വിതുര പഞ്ചായത്തിൽ തവയ്ക്കൻ കടവ് ഭാഗത്ത് ബലിക്കടവിന്റെ നിർമ്മാണവും വാമനപുരം നദിയുടെ ഇടതുകരയുടെ സംരക്ഷണവും സംബന്ധിച്ച പ്രവൃത്തി.

ബജറ്റ് പ്രഖ്യാപന പ്രകാരം KIIFB ധനസഹായത്തോടെ വാമനപുരം നദിയിലെ ആയിലം കടവിലും കാരേറ്റും റെഗുലേറ്ററുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികൾക്കാവശ്യമായി സൈറ്റ് ഇൻവെസ്റ്റിഗേഷനും ഡിസൈനും പുരോഗതിയിലാണ്.

(ബി) ജലസേചന വകുപ്പിന്റെ കീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പൂവമ്പാറ പാലത്തിനു താഴ്ഭാഗം 40 മീറ്റർ വീതി 2 മീറ്റർ പൊക്കത്തിൽ ഉപ്പ് വെള്ളം കയറാതിരിക്കാൻ ഒരു ചെക്ക് ഡാം നിലവിലുണ്ട്.

ജലസേചന വകുപ്പിന്റെ കീഴിൽ വിതുര പഞ്ചായത്തിൽ ചെറ്റച്ചൽ സൂര്യകാന്തി കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിനുസമീപം 28 മീറ്റർ വീതി, 1.5 മീറ്റർ പൊക്കത്തിൽ ഒരു ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള 19 കുടിവെള്ള പദ്ധതികളുടെ

പ്രവർത്തനത്തിന് പ്രതിദിനം 68.28 എം.എൽ.ഡി. ജലമാണ് ആവശ്യമായിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന പദ്ധതികളും പൂർത്തിയാക്കിയ പദ്ധതികളും കമ്മീഷൻ ചെയ്യുമ്പോൾ പ്രതിദിനം 39.22 എം.എൽ.ഡി. ജലം കൂടി ആവശ്യമായിവരും.

(ഡി) ഉറവിടമായ വാമനപുരം നദിയിൽ ആവശ്യത്തിന് ജലമില്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, പള്ളിപ്പുറം ടെക്നോസിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയുടെ കമ്മീഷനിംഗ് നടത്താൻ സാധിച്ചിട്ടില്ല. വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചതിനാൽ നിലവിലുള്ള പദ്ധതികൾ ഒന്നും പൂർണ്ണമായി നിലച്ചിട്ടില്ല.

(ഇ) ജനപ്രതിനിധികളുടെ കൂടി നിർദ്ദേശാനുസരണമാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത്.

### ദേവികുളം മണ്ഡലത്തിൽ ചെക്ക് ഡാമുകളുടെ നിർമ്മാണം

281 (5145) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെക്ക് ഡാമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നബാർഡ് പദ്ധതിയിൽപ്പെടുത്തി മൂന്നാർ പഞ്ചായത്തിൽ കണ്ണിമല നദിക്ക് കുറുകെ രണ്ട് ചെക്ക് ഡാമുകൾ നിർമ്മിക്കാനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാന്തല്ലൂർ പഞ്ചായത്തിൽ കീഴാന്തൂർ വില്ലേജ് ഡ്രിപ്പ് ഇറിഗേഷൻ സ്കീമിനുവേണ്ടിയുള്ള ചെക്ക് ഡാം നിർമ്മാണം ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം 200 മീറ്റർ മുകൾ വശത്തേയ്ക്ക് മാറ്റി പണിയുന്നതിനുവേണ്ടി

നടപടികൾ സ്വീകരിച്ചുവരുന്നു.

താഴെപ്പറയുന്ന ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്:

1. കാന്തല്ലൂർ പഞ്ചായത്തിലെ കോയക്കോട് മൈക്രോ ഇറിഗേഷനുവേണ്ടി നിർമ്മിക്കുന്ന ചെക്ക് ഡാം.

2. കാന്തല്ലൂർ പഞ്ചായത്തിലെ വെട്ട്ക്കാട്ടിന് സമീപത്തുള്ള കുതുര എന്ന സ്ഥലത്ത് മൈക്രോ ഇറിഗേഷനുവേണ്ടി നിർമ്മിക്കുന്ന ചെക്ക് ഡാം.

കൂടാതെ ദേവികുളം നിയോജകമണ്ഡലത്തിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ചെക്കുഡാമുകളുടെ ഗ്രാമപഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്ത് | നിർമ്മിക്കുന്ന ചെക്ക് ഡാമുകളുടെ എണ്ണം | പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ |
|---|---|---|
| അടിമാലി | 4 | 4 |
| കാന്തല്ലൂർ | 4 | 1 |
| മറയൂർ | 6 | 4 |
| മാങ്കുളം | 16 | 14 |

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റിയിലെ ഡി.പി.സി. യോഗങ്ങൾ

282 (5146) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2010 മുതൽ 2017 വരെ ഹയർ ഡി.പി.സി., ലോവർ ഡി.പി.സി. യോഗങ്ങൾ എന്നിവ എത്ര തവണ കൂടിയിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ചേർന്ന ഡി.പി.സി. യോഗത്തിൽ പരിഗണനയ്ക്ക് വന്നതിൽ എത്ര ഓഫീസർമാരുടെ കാര്യത്തിൽ തീരുമാനമെടുക്കാതെ മാറ്റി വച്ചിട്ടുണ്ട്;

(സി) ഇവരുടെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടിയോ ഉണ്ടായിരുന്നതുകൊണ്ടാണോ ഇപ്രകാരം മാറ്റി വയ്ക്കപ്പെട്ടതെന്ന് വ്യക്തമാക്കാമോ; എങ്കിൽ പേരു സഹിതമുള്ള വിശദാംശം നൽകുമോ;

(ഡി) ഡി.പി.സി.-യിൽ പരിഗണിക്കാതെ മാറ്റിവയ്ക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കോപ്പി ലഭ്യമാക്കുമോ;

(ഇ) കേരള വാട്ടർ അതോറിറ്റിയിലെ വിജിലൻസ് സംവിധാനത്തിന്റെ ഘടന എന്താണ്; എന്തൊക്കെ അന്വേഷണങ്ങളാണ് ഈ വിഭാഗം നടത്തുന്നത്;

(എഫ്) 2017, 2018, 2019 വർഷങ്ങളിൽ ഡി.പി.സി.-യുടെ പരിഗണനയ്ക്ക് വരേണ്ട ഏതെങ്കിലും ഓഫീസർമാരുടെ പേരിൽ വിജിലൻസിന്റെ അച്ചടക്ക നടപടികൾ അവശേഷിക്കുന്നുണ്ടോ; എങ്കിൽ ഡി.പി.സി. കൂടുന്നതിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോ?

ഉത്തരം

(എ) ഹയർ ഡി.പി.സി. 21 തവണയും ലോവർ ഡി.പി.സി 10 തവണയും കൂടിയിട്ടുണ്ട്.

(ബി) പതിനൊന്ന്.

(സി) ഇവരുടെ പേരിൽ അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാലാണ് മാറ്റിവയ്ക്കപ്പെട്ടത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വാട്ടർ അതോറിറ്റിയിലെ ഡി.പി.സി. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958-ലെ ചട്ടം 28 ബി പ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്കെതിരെയുള്ള പരാതികളിന്മേൽ നടപടിയെടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലെ വിജിലൻസ് സെക്ഷനാണ് ചുമതല നൽകിയിട്ടുള്ളത്. ഈ സെക്ഷനിൽ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിനുവേണ്ടി ടെക്നിക്കൽ മെമ്പറിനെ ഹെഡ് ആക്കിക്കൊണ്ട് അദ്ദേഹത്തിന്റെ കീഴിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. ഈ വിജിലൻസ് വിംഗിൽനിന്നും അന്വേഷിക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്ന മറ്റ് ഓഫീസർമാരിൽനിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിന്മേൽ വിജിലൻസ് സെക്ഷൻ സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്), ചീഫ് എഞ്ചിനീയർ (HRD & GI), ടെക്നിക്കൽ മെമ്പർ, മാനേജിംഗ് ഡയറക്ടർ എന്നിവർ പരിശോധിച്ച് തീരുമാനമെടുക്കുന്നു. കൂടാതെ മാനേജിംഗ് ഡയറ്ടർക്ക് തീരുമാനമെടുക്കുന്നതിന് സഹായമാകുന്നതിനുവേണ്ടി ടെക്നിക്കൽ മെമ്പർ, ചീഫ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) എന്നിവർ അടങ്ങിയ വിജിലൻസ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ഗവൺമെന്റിൽനിന്നും വിജിലൻസ് ആന്റ് ആൻറി കറപ്ഷൻ ബ്യൂറോയിൽനിന്നും അല്ലാതെയും വാട്ടർ അതോറിറ്റി ജീവനക്കാർക്കെതിരെ ലഭിക്കുന്ന എല്ലാ തരത്തിലുള്ള പരാതികളിലും അതോറിറ്റിയുടെ പരിധിയിൽനിന്നും അന്വേഷണം നടത്തുന്നുണ്ട്. അതോറിറ്റിയുടെ പരിധിക്ക് പുറത്തേയ്ക്ക് അന്വേഷണം ആവശ്യമാണെങ്കിൽ സർക്കാരിലേയ്ക്കോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേയ്ക്കോ തുടർ അന്വേഷണത്തിനായി റിപ്പോർട്ട് ചെയ്യാറുണ്ട്. ഗവൺമെന്റിൽനിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് സെക്ഷനുമായി ബന്ധപ്പെട്ടുവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി അവയുടെ റിപ്പോർട്ടും നൽകിവരുന്നുണ്ട്.

(എഫ്) ഡി.പി.സി.-യുടെ പരിഗണനയ്ക്കുവരേണ്ട ഓഫീസർമാരുടെ അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ നടപടി

283 (5147) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒന്നാംവിള, രണ്ടാംവിള തുടങ്ങിയ കൃഷികൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് ഈ വർഷം കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) വരും വർഷങ്ങളിൽ കൃഷിയ്ക്ക് മുടക്കം കൂടാതെ ജലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നത്; വിശദവിവരം നൽകുമോ; ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ) ഒന്നാം വിളയ്ക്ക് ആവശ്യാനുസരണം ജലം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷത്തെ കടുത്ത വരൾച്ച മൂലമുണ്ടായ കുടിവെള്ള ക്ഷാമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കുടിവെള്ളത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ജലവിതരണം നടത്തുവാൻ പാലക്കാട് ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രീതിയിൽ ജലവിതരണം നടത്തുകയും ആയതുകൊണ്ട് രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം പൂർണ്ണമായും ലഭ്യമാക്കാൻ കഴിഞ്ഞില്ല. പ്രസ്തുത വിഷയം കർഷക പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കർഷകരെ നേരത്തെതന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തെക്ക പടിഞ്ഞാറൻ കാലവർഷവും തുലാവർഷവും നല്ല രീതിയിൽ ലഭിക്കുകയാണെങ്കിൽ ജലം പാഴാക്കാതെ ജലസംഭരണികളിൽ സംഭരിച്ചുകൊണ്ട് കൃഷിക്ക് ആവശ്യമായ രീതിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ഓപ്പറേഷൻ ഡ്യൂ ഡ്രോപ്പിന്റെ ഭാഗമായി ആരോപണ വിധേയരായവർ**

284 (5148) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ഡ്യൂ ഡ്രോപ്സ് എന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിയിന്മേലുള്ള തുടരന്വേഷണപ്രകാരം ആരോപണ വിധേയരായി എത്ര പേരുണ്ടെന്നും ഇവർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും നടപടികൾ വൈകാൻ കാരണമെന്തെന്നും അറിയിക്കുമോ ;

(സി) ഓപ്പറേഷൻ ഡ്യൂ ഡ്രോപ്സ് -ന്റെ ഭാഗമായി എത്ര പേർക്ക് മെമ്മോ നൽകിയിട്ടുണ്ട്; ആരോപണ വിധേയരായവർക്ക് 2015-ന് ശേഷം മെമ്മോ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ഡി) കേരള വാട്ടർ അതോറിറ്റിയ്ക്കായി ഡി. പി. സി. സമയബന്ധിതമായി കൂടാറുണ്ടോ; ഡി.പി.സി.-യുടെ ക്ലിയറൻസിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ഡി. പി. സി. ഗൈഡ് ലൈൻസ് ലഭ്യമാക്കുമോ;

(ഇ) ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികൾ നേരിട്ട ഉദ്യോഗസ്ഥരെയാണ് ഡി.പി.സി. -യുടെ പരിഗണനയിൽ നിന്നും ഒഴിവാക്കുന്നത്; ഇപ്രകാരം ഡി. പി. സി. ക്ലിയറൻസ് നടത്താതെ 2010 മുതൽ 2017 നാളിതുവരെ എത്ര ഉദ്യോഗസ്ഥരെ ഒഴിവാക്കിയിട്ടുണ്ട്; പേരു വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത നടപടിയിൽ തുടരന്വേഷണം ആവശ്യമായവയിൽ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നടപടിയിന്മേലുള്ള തുടരന്വേഷണംപ്രകാരം 3 ഫയലുകളിൽ 14 പേർ ആരോപണവിധേയരായിട്ടുണ്ട്. ഇവരിൽ ശ്രീ. കെ. മധു, ശ്രീ. സാബു എം. ജോൺ എന്നിവർ കുറ്റക്കാരാണെന്ന് കണ്ട് കേരള വാട്ടർ അതോറിറ്റി ശിക്ഷണ നടപടികൾ സ്വീകരിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീ. യോഹന്നാൻ, ശ്രീ. എ.ബി. രാജൻ, ശ്രീ. എസ്. കെ. കൃഷ്ണകുമാർ, ശ്രീ. വസന്തകുമാർ, ശ്രീ. രവീന്ദ്രനാഥ്, ശ്രീമതി ആർ. ശ്രീകല, ശ്രീ.എം. ജയറാം,

ശ്രീമതി ലളിതമ്മാൾ, ശ്രീ. പി. എൻ. സ്വാമിനാഥ്, ശ്രീ. വി. എം. പ്രവീൺ കുമാർ, ശ്രീ.വി.കെ.ശശി എന്നിവരിൽനിന്നും കേരള വാട്ടർ അതോറിറ്റി വിശദീകരണം തേടുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയുമാണ്.

ഓപ്പറേഷൻ ഡ്യൂ ഡ്രോപ്പ് അന്വേഷണ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തുവാൻ കേരള വാട്ടർ അതോറിറ്റി വിജിലൻസ് സെല്ലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. വാട്ടർ അതോറിറ്റിയുടെ മുഴുവൻ ഓഫീസുകളിലും അന്വേഷണം നടത്തുന്നത് വിജിലൻസ് സെൽ ആകയാൽ കാലതാമസം നേരിടാറുണ്ട്.

(സി) ഓപ്പറേഷൻ ഡ്യൂ ഡ്രോപ്പിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിൽനിന്നും 139 പേർക്ക് മെമ്മോ കൊടുത്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ട അച്ചടക്കനടപടി പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായി ശ്രീ. പി. വി. സെൽവരാജ്, ജൂനിയർ സൂപ്രണ്ട്, ശ്രീ. എ. രാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958-ലെ ചട്ടം 28(b) പ്രകാരമാണ് ഡി.പി.സി. രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടേയോ വാട്ടർ അതോറിറ്റിയുടെ വിജിലൻസ് വിഭാഗത്തിലോ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിനുശേഷം കുറ്റാരോപണപത്രം നൽകിയവരെയാണ് സാധാരണയായി ഡി. പി. സി. ഒഴിവാക്കുന്നത്. ഇപ്രകാരം ഡി.പി.സി. ക്ലിയറൻസ് നടത്താതെ 2010 മുതൽ 2017 നാളിതുവരെ 11 ഉദ്യോഗസ്ഥരെ ഒഴിവാക്കിയിരുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

285 (5149) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ജലവിഭവവകുപ്പിനുകീഴിൽ ഏതെങ്കിലും പുതിയ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നേരത്തെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നീ വിശദാംശങ്ങൾ നൽകുമോ;

(ഡി) ജലവിഭവവകുപ്പിനുകീഴിൽ മണ്ഡലത്തിൽ നിന്ന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഭരണാനുമതിക്കായി മണ്ഡലത്തിൽ നിന്ന് ഇതിനകം സമർപ്പിച്ച പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

ഉണ്ട്. മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർചിറ എൽ.ഐ.സ്കീമിന്റെ ഫീൽഡ് ചാനലിന്റെ നിർമ്മാണം എസ്റ്റിമേറ്റ് തുക 25 ലക്ഷം. പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്.

<u>ഭൂജല വകുപ്പ്:</u>

കോഴിക്കോട് ജില്ലാ ഓഫീസിൽ കൈപമ്പ് ഘടിപ്പിച്ച കുഴൽക്കിണറിലെ റിപ്പയർ പ്രവൃത്തികൾ മൊത്തം 10 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

മണിയൂർ - 2

ആയഞ്ചേരി- 2

കുറ്റ്യാടി - 2

വില്ല്യാപ്പള്ളി - 2

പുറമേരി - 2

<u>ജലനിധി:</u>

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി, പുറമേരി, വില്ല്യപ്പള്ളി, മണിയൂർ എന്നീ പഞ്ചായത്തുകളിലാണ് ജലനിധി രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ജലനിധി ഒന്നാം ഘട്ടത്തിൽ നിയോജക

മണ്ഡലത്തിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ച് ഗുണഭോക്താക്കളെ തുടർ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി:

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കേരള ജല അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. വേളം പഞ്ചായത്തിലെ പായാടിക്കുന്ന്-നമ്പാംപൊയിൽ-പട്ടികജാതി കോളനി കുടിവെള്ള പദ്ധതി - 34 ലക്ഷം രൂപ.
2. വേളം പഞ്ചായത്തിലെ വെള്ളപ്പാട്ടിൽ കുടിവെള്ള പദ്ധതി - 40 ലക്ഷം രൂപ.

(ബി) ഭൂജലവകുപ്പ്:

മണിയൂർ പഞ്ചായത്തിൽ 2 എണ്ണം, കുറ്റ്യാടി 1 എണ്ണം, വില്ല്യപ്പള്ളി 2 എണ്ണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവ പുരോഗമിച്ചുവരുന്നു.

ജലനിധി :

ജലനിധി രണ്ടാംഘട്ടത്തിൽ ഇപ്പോൾ പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

കേരള ജല അതോറിറ്റി:

നേരത്തെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഇപ്പോൾ മണ്ഡലത്തിൽ ജല അതോറിറ്റിക്കുകീഴിൽ നടന്നുവരുന്നു.

1. തിരുവള്ളൂർ പഞ്ചായത്തിലെ എം.പി.എൽ.എ.ഡി. കുയ്യാന കുന്ന് കുടിവെള്ള പദ്ധതി
2. എൻ.ആർ.ഡി.ഡബ്ല്യു.പി. - 21-ാമത് എസ്.എൽ.എസ്.എസ്.സി.- കുന്നമ്മൽ പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതി.

(സി) ഭൂജലവകുപ്പ്

ഭൂജല വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

ജലനിധി

ജലനിധി രണ്ടാം ഘട്ടത്തിൽ ഇപ്പോൾ പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയും എസ്റ്റിമേറ്റ് തുകയും മറ്റുവിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ജലസേചന വകുപ്പ്

ഉണ്ട്. കുറ്റ്യാടി പുഴയിൽ പെരിഞ്ചേരിക്കടവിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പുതുക്കിയ നിരക്കിൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഇ) ജലസേചന വകുപ്പ്

മണിയൂർ പഞ്ചായത്തിലെ ഏഴാം വാർഡിൽ കൈയേലി തോടിന് കുറുകെ വിസിബി കം ബ്രിഡ്ജ് നിർമ്മാണം പി.എം.കെ.എസ്.വൈ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക 90 ലക്ഷം.

ചെരണ്ടത്തൂർചിറ എൽ.ഐ. സ്കീമിന്റെ പുനരുദ്ധാരണം റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക - 60 ലക്ഷം

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം - 1

ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ 27 ലക്ഷം രൂപയുടെ "Dismantling the damaged syphon and Reconstruction of RCC barrel across Kavil Theekkuni Kuttiady Road at ch:2/187 Km. In Nadakkuthazha sub distributary between ch:0/550 Km to 0/650 Km." എന്ന പ്രവൃത്തി.

കേരള ജല അതോറിറ്റി:

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി താഴെപ്പറയുന്ന പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

1. പ്രവളം പഞ്ചായത്തിലെ തട്ടാൻകുന്ന് മണിമല എസ്റ്റേറ്റ് റോഡിൽ തകരാറായ പൈപ്പ് മാറ്റുന്നതിന് 9.70 ലക്ഷം രൂപയുടെ പദ്ധതി
2. തിരുവള്ളൂർ അയഞ്ചേരി റോഡിൽ പൈങ്ങോട്ടായിൽ തകരാറായ ഇരുമ്പ് പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ വേണ്ടി 9 ലക്ഷം രൂപയുടെ പദ്ധതി.
3. ആയഞ്ചേരി കടമേരി റോഡിൽ തകരാറായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 3.50 ലക്ഷം രൂപയുടെ പദ്ധതി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. പുറമേരി കുടിവെള്ള പദ്ധതിയുടെ ഭാഗമായി എളമ്പിലായ് ക്ഷേത്രം റോഡിൽ തകരാറായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

5. തിരുവള്ളൂർ ആയഞ്ചേരി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ ഗുളികപ്പുഴയിലുള്ള പമ്പ് ഹൗസിന്റെ പുനരുദ്ധാരണത്തിനാവശ്യമായ 8 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

6. കുറങ്കോട് കടവ് പമ്പ് ഹൗസിലേയ്ക്കുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

**റാന്നിയിലെ കുടിവെള്ള പദ്ധതികൾ**

286 (5150) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടാങ്ങൽ - ആനിക്കാട്, റാന്നി - ചെറുകോൽ - നാരങ്ങാനം, എഴുമറ്റൂർ എന്നീ കുടിവെള്ള പദ്ധതികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക വ്യക്തമാക്കുമോ ; ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്;

(ബി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ എന്നാരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മല്ലപ്പള്ളി - ആനിക്കാട് - കോട്ടങ്ങൽ (ഭാഗികം) കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 2400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ചെറുകോൽ-നാരങ്ങാനം-റാന്നി കുടിവെള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2015-ൽ തയ്യാറാക്കിയിരുന്നു. പ്രസ്തുത ഡി.ഇ.ആർ. വാട്ടർ അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം പരിശോധിച്ചുവരുന്നു. എഴുമറ്റൂർ പഞ്ചായത്തുകൂടി ഉൾപ്പെട്ട പുറമറ്റം, കല്ലൂപ്പാറ കുന്നന്താനം, എഴുമറ്റൂർ, കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഗ്രീൻ ബുക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി 4235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ കയ്യാർ വില്ലേജിലെ തോടിന്റെ പാർശ്വഭിത്തി പുനർനിർമ്മാണം

287(T5151) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൈവളിഗെ പഞ്ചായത്തിലെ കയ്യാർ വില്ലേജിൽപ്പെട്ട കൂടാൽ മർക്കള, സാന്തിഹിത്തുലു, മുന്നൂർ, മെർക്കള എന്നീ പാടശേഖരങ്ങളിലൂടെ കടന്ന് പോകുന്ന തോടിന്റെ പാർശ്വഭിത്തി തകർന്ന് പാടശേഖരങ്ങൾ കൃഷിയോഗ്യമല്ലാതായി തീർന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാർശ്വഭിത്തി പുനർനിർമ്മാണവും അനുബന്ധ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് എം.എൽ.എ. മുഖാന്തരം 22/02/2017-ൽ മംഗൽപാടി പഞ്ചായത്തിലൂടെ ഒഴുകുന്ന സ്വർണ്ണഗിരി തോടിനെ കുറിച്ച് പരാതി ലഭിച്ചിരുന്നു.

എന്നാൽ കാസർഗോഡ് ജില്ലയിലെ പൈവളിഗെ പഞ്ചായത്തിലെ കയ്യാർ വില്ലേജിലെ പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന തോടിനെ സംബന്ധിച്ച പരാതിയൊന്നും ഇതുവരെ ലഭ്യമായതായി കാണുന്നില്ല.

## പയ്യന്നൂർ ഉളിയത്ത് കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

288 (5152) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഉളിയത്ത്കടവിൽ തൃക്കരിപ്പൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ പ്രവൃത്തിയുടെ ഡി. പി. ആർ. എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉളിയത്ത് കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള സാധ്യതാ പഠനം നടത്തി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തിയശേഷം ഐ.ഡി.ആർ.ബി.-യിൽ നിന്ന് ഡിസൈൻ ലഭ്യമാക്കി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ സമർപ്പിക്കുന്നതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ആമയിഴഞ്ചാൻ തോട് നവീകരണത്തിനായി നടപടി**

289 (5153) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തമ്പാനൂർ ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂലവരെയുള്ള ഭാഗങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത് കെ.എസ്.യു.ഡി.പി. (കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്) മുഖേനയാണ്. 18-5-2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ടോക്കൻ പ്രൊവിഷനായ 100 രൂപ 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള പ്രവൃത്തിക്ക് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തിരുവനന്തപുരം നഗരത്തിലെ തോടുകൾ വൃത്തിയാക്കുന്ന ജോലി**

290 (5154) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>

<u>ശ്രീ. വി. എസ്. ശിവകുമാർ:</u>

<u>ശ്രീ. കെ. മുരളീധരൻ:</u>

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിന് മുന്നോടിയായി തിരുവനന്തപുരം നഗരത്തിലെ തോടുകൾ വൃത്തിയാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ബി) ആമയിഴഞ്ചാൻ തോട്, ഉള്ളൂർ തോട്, കണ്ണമ്മൂല തോട് എന്നിവ പൂർണ്ണമായും മാലിന്യം കൊണ്ടും ചെളിയടിഞ്ഞും വൃത്തിഹീനമായി കിടക്കുന്നത് കാരണം നഗരത്തിൽ പകർച്ച വ്യാധികൾ പടരുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത തോടുകൾ വൃത്തിയാക്കുന്നതിനുള്ള ജോലി ഏറ്റെടുത്തിട്ടുള്ളത്;

(ഡി) വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതാണ് തോടുകൾ വൃത്തിയാക്കുന്ന ജോലി ആരംഭിക്കാത്തതിന് കാരണം എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് വർഷകാലത്തിന് മുമ്പ് തോടുകൾ ശുചിയാക്കുന്ന നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ തെക്കനക്കര കനാൽ, ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം, ഉള്ളൂർ തോട് എന്നിവയാണ് ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന പ്രധാന തോടുകൾ. അവയിൽ തെക്കനക്കര കനാൽ വൃത്തിയാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള 13.50 കോടി രൂപയുടെ എസ്റ്റിമേറ്റ് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അഭാവത്താൽ ഭരണാനുമതി നൽകിയിട്ടില്ല. ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂല ഭാഗം വരെയുള്ള പഴവങ്ങാടി തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത് കെ.എസ്.യു.ഡി.പി മുഖേനയാണ്. ഉള്ളൂർ തോടിലെ ചെളിമാറ്റൽ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളുടെ കരാർ നിലവിലുണ്ട്. പണി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ തുടങ്ങുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)

1. തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് നിവാരണവുമായി ബന്ധപ്പെട്ട് ഉള്ളൂർത്തോടിന്റെ ഇരുകരകളും സംരക്ഷണത്തിനായി കൊല്ലവിള പാലം മുതൽ പാറ്റൂർ വരെയുള്ള ഭാഗങ്ങളിൽ തോട് വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി (ബാലൻസ് വർക്ക്) ഗവൺമെന്റ് കോൺട്രാക്ടർ ശ്രീ. രാജു ഏറ്റെടുത്ത് നടത്തിവരുന്നു.
2. തിരുവനന്തപുരം ജില്ലയിൽ വെള്ളക്കെട്ട് നിവാരണവുമായി ബന്ധപ്പെട്ട് ഉള്ളൂർ തോട് മുതൽ കൊല്ലവിള വരെ ഇരുകരകളുടേയും സംരക്ഷണവും വൃത്തിയാക്കലും സംബന്ധിച്ച പ്രവൃത്തി ഗവൺമെന്റ് കോൺട്രാക്ടർ ശ്രീ. റ്റി. അപ്പുക്കുട്ടൻ ഏറ്റെടുത്ത് നടത്തിവരുന്നു.

ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂല ഭാഗം വരെയുള്ള പഴവങ്ങാടി തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത് കെ.എസ്.യു.ഡി.പി. മുഖേനയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18-5-2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഓച്ചിറ ക്ഷേത്രത്തിനുസമീപത്ത് കൂടി ഒഴുകുന്ന തോട് കയ്യേറ്റത്തിനെതിരെ നടപടി

291 (5155) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറക്ഷേത്രത്തിനു സമീപത്തുകൂടി ഒഴുകുന്ന തോട് ജലവിഭവവകുപ്പിന്റെ ചുമതലയിലുള്ളതാണോ; പ്രസ്തുത തോട് സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തോടിന്റെ ദേശീയപാതയോടു ചേർന്ന ഭാഗങ്ങൾ പൂർണ്ണമായും മൂടപ്പെട്ട നിലയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭാഗത്തെ തോട് പുനഃസ്ഥാപിക്കുമോ ; വിശദീകരിക്കുമോ;

(സി) പ്രസ്തുത തോടിന്റെ അതിർത്തി നിർണ്ണയിച്ച് അതിരടയാളങ്ങൾ സ്ഥാപിക്കുന്നതിന് ജലവിഭവവകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) അതെ. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത തോടിന്റെ ദേശീയപാതയോട് ചേർന്ന കുറെ ഭാഗങ്ങൾ പി.ഡബ്ള്യു.ഡി. ഓട കെട്ടി സ്ലാബ് ഇട്ടിരിക്കുകയാണ്. ബാക്കിയുള്ള ഭാഗങ്ങൾ സമീപത്തുള്ള കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും മാലിന്യങ്ങളാൽ മൂടപ്പെട്ടിരിക്കുകയാണ്. ഈ ഭാഗം ദേശീയപാതയോട് ചേർന്ന് കിടക്കുന്നതിനാൽ പി.ഡബ്ള്യു.ഡി, റവന്യൂ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മാത്രമേ പുനഃസ്ഥാപിക്കാനാവുകയുള്ളൂ.

(സി) ഇക്കാര്യം റവന്യൂ വകുപ്പിന്റെ പരിധിയിലാണ് വരുന്നത്.

**മഴക്കുഴികളുടെ നിർമ്മാണത്തിന് പ്രോത്സാഹനം**

292 (5156) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല സംരക്ഷണത്തിനും പര്യവേഷണത്തിനും വികസനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവ് സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ചില വ്യവസായ സ്ഥാപനങ്ങളും ഫ്ലാറ്റുകളും ഭൂഗർഭജലം അമിതമായി ഊറ്റുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ;

(ഡി) മഴവെള്ളം ഭൂമിയിലേയ്ക്ക് ഊർന്നിറങ്ങുന്നതിനും അതുമൂലം ഭൂഗർഭ ജലവിതാനം ഉയരുന്നതിനും സഹായകമാകുന്ന മഴക്കുഴികളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകുമോ?

ഉത്തരം

(എ) ഭൂജലപര്യവേഷണത്തിനും വികസനത്തിനുമായി "ഭൂജലത്തിനുള്ള അന്വേഷണവും വികസനവും" എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. വിവിധതരം കുഴൽകിണറുകളുടെ ശാസ്ത്രീയമായ സ്ഥാനനിർണ്ണയം, വിവിധ കുഴൽകിണറുകളുടെ നിർമ്മാണം, കിണർ ഡെവലപ്പിംഗ്, ജലലഭ്യതാ പരീക്ഷണം, ലോഗിംഗ്, ഭൂവിഭവശേഷി തിട്ടപ്പെടുത്തൽ, ജലത്തിന്റെ ഗുണനിലവാരത്തിൽ നിർണ്ണയം എന്നിവ ഈ പദ്ധതിയിൻകീഴിൽ ചെയ്തുവരുന്നു.

പൊതുജനങ്ങൾക്കും സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾക്കും ഈ സേവനം വകുപ്പ് ലഭ്യമാക്കി വരുന്നു. ഭൂജല സംരക്ഷണത്തിനായി "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു.

കൃത്രിമ മാർഗ്ഗങ്ങളിലൂടെ കൂടുതൽ ജലം ഭൂമിയിലേയ്ക്ക് താഴ്ത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. അടിയണകൾ, തുറന്ന കിണർ/കുഴൽകിണർ വഴിയുള്ള റീചാർജ്ജിംഗ് എന്നിവ ഇതിൽപ്പെടുന്നു.

'ഹരിതകേരളം' പദ്ധതിയിലൂടെ കുളങ്ങളിലെ മാലിന്യം, ചെളി, പായൽ എന്നിവ നീക്കം ചെയ്യുന്നത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ഭൂഗർഭജല സംരക്ഷണത്തിനും സഹായിക്കുന്നു.

(ബി) സംസ്ഥാനത്ത് ഭൂജലവിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പ് 871 നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥ പഠനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്രഭൂജലബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോർസ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(സി) ഭൂജലത്തിന്റെ അമിത ചൂഷണം സംബന്ധിച്ച പരാതികളിന്മേൽ ഭൂജലവകുപ്പ് അന്വേഷണം നടത്തി അതത് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകുന്നുണ്ട്. ചില പരാതികളിൽ ഭൂജല വകുപ്പ് കുറ്റക്കാർക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 14 പേർക്ക് പിഴ ചുമത്തുകയുണ്ടായിട്ടുണ്ട്.

എറണാകുളം ജില്ലയിൽ രണ്ട് കുപ്പിവെള്ള സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

കൂടാതെ സി.എ. ഹംസ, ചേരോടത്ത് ഹൗസ്, കുട്ടമശ്ശേരി തോട്ടുമുഖം, പി. ഒ., ആലുവ നടത്തിവന്ന അനധികൃത ജലചൂഷണം കോടതി വിധിയിലൂടെ നിർത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ശിവാനന്ദൻ S/o തങ്കപ്പൻ, കളത്തിൽ വീട്, തൃപ്പള്ളം കാഞ്ഞിരക്കടവ് മലമ്പുഴയ്ക്കെതിരേയും ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. മഴക്കുഴികൾ, തുറന്ന കിണർ, കുഴൽ കിണർ എന്നിവ മുഖേനയുള്ള ഭൂജല സംപോഷണം, അടിയണകളുടെ നിർമ്മാണം എന്നിവ വകുപ്പ് നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

**കിണർ റീ-ചാർജിംഗിനായി തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

293 (5157) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂജല നിരപ്പ് കുറയുന്നത് തടയാനായി കിണർ റീ-ചാർജ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) കിണർ റീ-ചാർജിംഗിനായി കിണറുകൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ആയതിന്റെ നടത്തിപ്പിലേക്കായി ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഭൂജലം സംരക്ഷിക്കുന്നതിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. തുറന്ന കിണറുകൾ, കുഴൽ കിണറുകൾ വഴിയുള്ള ഭൂജല സംപോഷണം പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിടുന്നു. നടപ്പു സാമ്പത്തിക വർഷം വകുപ്പിന് 40 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. തുറന്ന കിണറുകൾ വഴിയുള്ള 41 റീ-ചാർജ്ജിംഗ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കിണർ റീ-ചാർജ്ജിംഗിനായി സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കിണറുകളാണ് ഭൂജല വകുപ്പ് ഉപയോഗപ്പെടുത്തിവരുന്നത്.

(സി) ഭൂജല വകുപ്പ്, കൃഷി വകുപ്പ്, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവ വിപുലമായ രീതിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**കുഴൽക്കിണർ നിർമ്മാണം**

294 (5158) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ 40 വർഷത്തോളം പഴക്കമുള്ള സാങ്കേതിക വിദ്യയും ഉപകരണങ്ങളുമാണ് ടൂബ് വെൽ നിർമ്മാണത്തിന് സംസ്ഥാനത്ത് പ്രത്യേകിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഉപയോഗിക്കുന്നത് എന്നതിനാൽ ഇവ മാറ്റി ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിക്കുവാൻ ശ്രമിക്കുമോ;

(ബി) ഉപകരണങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന പഴയ ട്രക്ക് ടൈപ്പ് വണ്ടി മാറ്റി ചെറിയതും കപ്പാസിറ്റിയുള്ളതുമായ വാഹനങ്ങൾ വാങ്ങുവാൻ ശ്രമിക്കുമോ;

(സി) കുഴൽക്കിണറുകൾ കുഴിക്കുന്നതിന് മേയ് 21 വരെയുള്ള നിയന്ത്രണം നീട്ടിനൽകുവാൻ സാധ്യതയുണ്ടോ;

(ഡി) സ്വകാര്യ കുഴൽക്കിണറുകൾ കുഴിക്കുന്നവരെ നിയന്ത്രിക്കുവാൻ നിയമങ്ങൾ നിലവിലുണ്ടോ;

(ഇ) നിരവധി ഉപകരണങ്ങൾ വന്നിട്ടും 1983 -ൽ നിലവിൽ വന്ന കൊല്ലം ജില്ലയിലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം ഉണ്ടാകാത്ത വിഷയം പരിഹരിക്കുമോ;

(എഫ്) ചെറുകിട കുടിവെള്ള പദ്ധതിക്കുള്ള ഏജൻസി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റായിരിക്കെ, ഡിപ്പാർട്ടുമെന്റ് പഞ്ചായത്തുകൾക്ക് കൈമാറുന്ന പദ്ധതികൾ പലതും മുടങ്ങിക്കിടക്കുകയോ ഉപയോഗശൂന്യമായിപ്പോവുകയോ ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് ചെറുകിട കുടിവെള്ള പദ്ധതി സംരക്ഷണത്തിനും പരിപാലനത്തിനും പ്രത്യേക ഫണ്ട് അനുവദിക്കുമോ;

(ജി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലെ ദിവസവേതന ജീവനക്കാരുടെ നിലവിലെ (396 രൂപ ) ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 40 വർഷം പഴക്കമുള്ള ഉപകരണങ്ങളോടൊപ്പം പുതിയ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

(ബി) ചെറിയതും കപ്പാസിറ്റിയുള്ളതുമായ വാഹനങ്ങളാണ് പുതിയതായി വാങ്ങുന്നത്.

(സി) നിയന്ത്രണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് ദുരന്തനിവാരണ അതോറിറ്റിയാണ്.

(ഡി) പ്രാദേശിക ജലലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രം N.O.C നൽകുന്നത് വഴി നിയന്ത്രിച്ചിട്ടുണ്ട്.

(ഇ ) ഭൂജല വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

(എഫ്) ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

**പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കണമെന്ന നിവേദനം**

295 (5159) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കോരുത്തോട്, മുണ്ടക്കയം ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം അടിയന്തരമായി നടപ്പാക്കണമെന്ന എം.എൽ.എ. യുടെ നിവേദനത്തിന്മേൽ ബഹു.മന്ത്രി ആവശ്യമായ നടപടികൾക്കായി ജലവിഭവ സെക്രട്ടറിയ്ക്ക് 14-2-2017 -ൽ 1723/എം.(ഡബ്ല്യു.ആർ)വി.ഐ.പി./2017 നമ്പർ പ്രകാരം നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജലവിഭവ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) 1723/എം(ഡബ്ല്യൂ.ആർ)വി.ഐ.പി/2017 നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി കോട്ടയം പ്രോജക്ട് ഡിവിഷനിലേയും പി.പി.ഡി.യിലേയും ഉദ്യോഗസ്ഥർ 12-4-2017-ൽ പദ്ധതികളുടെ ജലസ്രോതസ്സ് പരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോരുത്തോടിന് അഴുതയാർ സ്രോതസ്സാക്കി ഒരു പദ്ധതി നടപ്പാക്കുന്നതാണ് ഉചിതം എന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ എരുമേലി പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല പദ്ധതിയിൽ നിന്നും അതിന്റെ ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചുകൊണ്ട് പുതിയ ക്ലിയർ വാട്ടർ മെയിൻ (ഏകദേശം 14 കി.മീ.) സ്ഥാപിച്ചാൽ മുണ്ടക്കയത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നും കണ്ടെത്തുകയുണ്ടായി.

പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് സ്ഥലപരിശോധന നടത്തി കരട്രൂപം തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമന രീതി**

296 (5160) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ മാനേജിംഗ് ഡയറക്ടർ, ടെക്നിക്കൽ മെമ്പർ, അക്കൗണ്ട്സ് മെമ്പർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമന രീതിയും, യോഗ്യതയും വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളുടെ അധികാരപരിധിയും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണ്;

(ബി) വാട്ടർ അതോറിറ്റിയിൽ അക്കൗണ്ട്സ് മെമ്പറുടെ തസ്തിക എത്ര വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിലെ മാനേജിംഗ് ഡയറക്ടർ, ടെക്നിക്കൽ മെമ്പർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനം കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് 1986 (ആക്ട് 14 ഓഫ് 1986)-ലെ വ്യവസ്ഥകൾ പ്രകാരവും അതിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരവും ആയിരിക്കേണ്ടതാണ്.

അധികാര പരിധിയും ഉത്തരവാദിത്വങ്ങളും അതിൻ പ്രകാരം തന്നെയാണ്.

(ബി) 5 വർഷമായി ഒഴിഞ്ഞുകിടക്കുന്നു.

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി**

297 (5161) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ 2014-15, 2015-16, 2016-17 വർഷങ്ങളിൽ കേന്ദ്ര വിഹിതം എത്ര കോടി രൂപ വീതമാണ്;

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ.ആർ.ഡി.ഡബ്ല്യു.പി.) എത്ര കോടി രൂപയുടെ ബില്ലുകളാണ് വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ കുടിശ്ശികയുള്ളത്;

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ.ആർ.ഡി.ഡബ്ല്യു.പി.) എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്; ഇതിൽ എത്ര പണികൾ മുടങ്ങിയിട്ടുണ്ട്;

(ഡി) പൊതുമരാമത്ത് ജലവിഭവ വകുപ്പുകളിലെ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം മറ്റ് വകുപ്പുകളിലും വാട്ടർ അതോറിറ്റി പോലെയുള്ള സർക്കാർ ഏജൻസികളിലും നടപ്പാക്കുമോ;

(ഇ) വാട്ടർ അതോറിറ്റിയിലെ കുടിശ്ശിക തീർക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാർ വിഹിതം ഉടനെ നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഫണ്ട് ഇനത്തിൽ കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| വർഷം | കേന്ദ്രവിഹിതം |
|---|---|
| 2014-15 | 124.1 |
| 2015-16 | 48.05 |
| 2016-17 | 75.22 |

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ.ആർ.ഡി.ഡബ്ല്യു.പി)

18-11-2015 മുതൽ 31-3-2017 വരെയുള്ള 234.20 കോടി രൂപയുടെ ബില്ലുകളാണ് കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ കുടിശ്ശികയായുള്ളത്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ.ആർ.ഡി.ഡബ്ല്യ.പി) 2075.40 കോടി രൂപയുടെ 188 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ നിർദ്ദേശം പരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) നിലവിൽ പരിഗണനയിലില്ല.

**മുക്കം മേജർ കുടിവെള്ള പദ്ധതി**

298 (5162) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കൊടുവള്ളി, കുന്ദമംഗലം നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി, കൊടുവള്ളി, കുന്ദമംഗലം നിയോജക മണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ വിഭാവനം ചെയ്ത ചാത്തമംഗലം പഞ്ചായത്തിനും സമീപത്തുള്ള 8 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. ഇതിന്റെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ല.

**അടൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

299 (5163) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ കുടിവെള്ള പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും ആയവ ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിന് ഉണ്ടായിട്ടുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) സമയബന്ധിതമായി ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അടൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഏഴംകുളം, ഏനാദിമംഗലം, ഏറത്ത്, കലഞ്ഞൂർ (ഭാഗികം) എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി.
2. പള്ളിക്കൽ, കടമ്പനാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി
3. പന്തളം തെക്കേക്കര, തുമ്പമൺ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി.
4. വള്ളിക്കോട്, കൊടുമൺ കുടിവെള്ള പദ്ധതിയുടെ വിപുലീകരണം.

(ബി -ഡി) ഉചിതമായ ഫണ്ടുകളിൽ ഉൾപ്പെടുത്തിയശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

**നാട്ടിക മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

300 (5164) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാട്ടിക നിയോജക മണ്ഡലത്തിൽ ചെവ്വൂർ-മരത്താക്കര-ഇല്ലിക്കൽ-ചിറയ്ക്കൽ ശുദ്ധീകരണശാലയ്ക്കുവേണ്ടി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടിക മണ്ഡലത്തിലെ രണ്ട് പദ്ധതികൾക്ക് ഏകദേശം 7 ലക്ഷം രൂപയോളം പി.ഡബ്ല്യു.ഡി.-ക്ക് നൽകുന്നതിന് എന്ത് നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) പി.ഡബ്ല്യു.ഡി.-യിൽ വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക അടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെവ്വൂർ മരത്താക്കര കുടിവെള്ള പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ചാഴൂർ, താന്ന്യം, അന്തിക്കാട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ ഇല്ലിക്കൽ പമ്പ് ഹൗസ് മുതൽ ചിറയ്ക്കൽ ജലശുദ്ധീകരണശാല വരെ മാറ്റുന്ന പ്രവൃത്തിക്ക് അനുമതി ലഭിക്കുകയും ടെൻഡർ ക്ഷണിച്ച് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) പി.ഡബ്ല്യു.ഡി.-യിൽ വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം**

301 (5165) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധീകരണത്തിന് നിലവിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിവരിക്കുമോ;

(സി) പരിശോധിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടിവെള്ളത്തിന്റെ ശുദ്ധീകരണത്തിന് ശുദ്ധീകരണശാലയുടെ ഭാഗമായി എയറേറ്റർ, ക്ലാരിഫ്ളോക്കുലേറ്റർ, ഫിൽട്ടർ യൂണിറ്റ്, ക്ളോറിനേഷൻ തുടങ്ങിയ സംവിധാനങ്ങളുണ്ട്. ശുദ്ധീകരണശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി മുഖേനയുള്ള ശുദ്ധീകരണവും ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ചുള്ള അണുനശീകരണവുമാണ് നടത്തിവരുന്നത്. കേരള ജലഅതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ ജലഅതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുകയും അതനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലയോടനുബന്ധിച്ച് ലാബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. ഈ പരിശോധനയിൽ കളർ (നിറം), ഓഡർ (മണം), ടർബിഡിറ്റി (കലക്കൽ), പി.എച്ച്. മൂല്യം, ഇലക്ട്രിക്കൽ കൺടക്ടിവിറ്റി, അസിഡിറ്റി, ആൽക്കലിനിറ്റി, സൾഫേറ്റ്, റ്റി.ഡി.എസ്. ഹാർഡ്നസ്സ്, കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ലൂറൈഡ്, അയൺ, നൈട്രേറ്റ്, റസിഡ്യുൽ ക്ലോറിൻ, കോളിഫോം, ഇ.കോളി മുതലായവ BIS 10500-2012 നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. പരിശോധനാ റിപ്പോർട്ടുകൾ വേണ്ട നിർദ്ദേശങ്ങളുൾപ്പെടെ ബന്ധപ്പെട്ട മെയിന്റനൻസ് ഓഫീസുകളിൽ അറിയിച്ചുവരുന്നു.

(ബി) ജല ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷൻ ലാബുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ശുദ്ധീകരണശാലയോടനുബന്ധിച്ചും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ സഹിതം സബ്ഡിവിഷൻ ഓഫീസിലേയ്ക്കും സെക്ഷൻ ഓഫീസുകളിലേയ്ക്കും നൽകി വേണ്ട നടപടികൾ കൈക്കൊള്ളാറുണ്ട്.

**ജലശുദ്ധി പരിശോധിക്കാൻ സ്വച്ഛപാനി**

302 (5166) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലശുദ്ധി പരിശോധിക്കാൻ സ്വച്ഛപാനി എന്ന ആധുനിക സാങ്കേതികവിദ്യ, സർക്കാർ സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള, ഐ.ബി.എം-ന്റെ സഹകരണത്തിൽ വികസിപ്പിച്ചെടുത്തതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) വെള്ളത്തിന്റെ ഗുണനിലവാരം തുടർച്ചയായി വിലയിരുത്തുകയും, മാലിന്യം കണ്ടാൽ ഉടൻ മുന്നറിയിപ്പ് നല്കുകയും ചെയ്യും എന്നവകാശപ്പെടുന്ന ഈ സാങ്കേതിക വിദ്യയെക്കുറിച്ച് വിലയിരുത്തി ഉപയോഗപ്രദമെങ്കിൽ ശുദ്ധജലവിതരണ രംഗത്ത് ഉപയോഗപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടത്.

(ബി) ഈ സാങ്കേതികവിദ്യയുടെ വിവരം ലഭ്യമാക്കുന്നതിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയുമായി ബന്ധപ്പെടുന്നതാണ്.

**വാട്ടർ അതോറിറ്റിയിൽ വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാർ**

303 (5167) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ടോ;

(ബി) ഡിസിപ്ലിനറി നടപടികൾ നേരിടുന്നതും വിജിലൻസ് നടപടികൾ അഭിമുഖീകരിക്കുന്നതുമായ ഉദ്യോഗസ്ഥരെ ഡി.പി.സി.-യിൽ ഉൾപ്പെടുത്തുമ്പോൾ അവർക്ക് ഉണ്ടായേക്കാവുന്ന ശിക്ഷാ നടപടികൾ പരിഗണിച്ച് ഡി.പി.സി.-യിൽ നിന്നും ഒഴിവാക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാരെയും ഡി.പി.സി.യുടെ ഫീൽഡ് ഓഫ് ചോയ്സിൽ (പ്രൊമോഷൻ നൽകുവാൻ പരിഗണനയിലുള്ള ജീവനക്കാരുടെ പട്ടിക) ഉൾപ്പെടുത്താറുണ്ട്.

(ബി) ഒഴിവാക്കാറുണ്ട്. കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958-ലെ ചട്ടം 28 (b) പ്രകാരമാണ് ഡി.പി.സി രൂപീകരിച്ചിട്ടുള്ളത്. ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്നും അവരുടെ മെറിറ്റും എബിലിറ്റിയും കണക്കാക്കി പ്രൊമോഷന് അർഹതയുള്ള ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് ഡി.പി.സി. ആണ്. ആയതിനാൽ ശിക്ഷാനടപടികൾ പരിഗണിച്ച് തീരുമാനമെടുക്കുന്നത് ഡി.പി.സി. ആണ്.

**വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ സംഘടനകൾ**

304 (5168) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം കാറ്റഗറിയിലുള്ള ജീവനക്കാരാണ് ഓഫീസർ/സൂപ്പർവൈസറി വിഭാഗത്തിൽ ഉൾപ്പെടുന്നത്;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനായി നടന്ന റഫറണ്ടത്തിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കാണ് വോട്ടവകാശം ഇല്ലാതിരുന്നത്;

(സി) റഫറണ്ടത്തിൽ വോട്ടവകാശമില്ലാത്ത വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങളനുസരിച്ച് ട്രേഡ് യൂണിയനുകളിൽ അംഗത്വമെടുക്കാൻ അവകാശമുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയിലെ അംഗീകൃത സംഘടനകളുടെ ബൈലാ പ്രകാരം റഫറണ്ടത്തിൽ വോട്ടവകാശമില്ലാത്ത ജീവനക്കാർക്ക് അംഗത്വം നൽകുന്നുണ്ടോ; നിലവിലുള്ള നിയമപ്രകാരം ഇത്തരത്തിൽ അംഗത്വം നൽകുന്നത് അനുവദനീയമാണോ;

(ഇ) വാട്ടർ അതോറിറ്റിയിൽ ഓഫീസർ, സൂപ്പർവൈസറി തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് സംഘടനാ സ്വാതന്ത്ര്യം നിഷേധിച്ചിട്ടുണ്ടോ;

(എഫ്) റഫറണ്ടത്തിന്റെ പരിധിയിൽ വരാത്ത വിഭാഗം ജീവനക്കാരുടെ സംഘടനകൾക്ക് അംഗീകാരം നൽകാനും അവരുമായി വിഷയങ്ങൾ ചർച്ച ചെയ്യാനും തയ്യാറാകുമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയിലെ 2017-ലെ റഫറണ്ടത്തിനു മുന്നോടിയായി ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്ത സംഘടനകളുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മുകളിലോട്ട് ഉള്ളവർക്കും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഡിവിഷണൽ അക്കൗണ്ടന്റ് മുതൽ മുകളിലോട്ട് ഉള്ളവർക്കും വോട്ടവകാശം നൽകേണ്ടതില്ല എന്നു തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് വോട്ടവകാശം ഇല്ലായിരുന്നു.

(സി) ട്രേഡ് യൂണിയനുകളിൽ അംഗത്വമെടുക്കുന്നത് അതാത് യൂണിയനുകളുടെ നിയമാവലി അനുസരിച്ചാണ്.

(ഡി) നിലവിലുള്ള അംഗീകൃത സംഘടനകൾ, അതാതു സംഘടനകളുടെ നിയമാവലി പ്രകാരമാണ് ജീവനക്കാർക്ക് അംഗത്വം നൽകുന്നത്. ഇത് നിയമപ്രകാരം അനുവദനീയമാണ്.

(ഇ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സംഘടനാ സ്വാതന്ത്ര്യം നിഷേധിച്ചിട്ടില്ല. എന്നാൽ സർക്കാർ ചട്ടങ്ങളും നിയമങ്ങളും ബാധകമാണ്.

(എഫ്) ഈ വിഭാഗം ജീവനക്കാർ അവരുടെ സംഘടനയ്ക്ക് അംഗീകാരം നൽകുവാനായി അപേക്ഷിക്കുമ്പോൾ അതോറിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് വിധേയമായും നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായും തീരുമാനം ചെയ്യാൻ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

**വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളിലെ ഗുണനിലവാര പരിശോധന**

305 (5169) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ഗുണനിലവാര പരിശോധന ആരാണ് നടത്തുന്നത്;

(സി) സംസ്ഥാനത്ത് എത്ര ജലസംഭരണികൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) എല്ലാ ജലസംഭരണികളുടെയും ഗുണനിലവാര പരിശോധന നടത്താൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ജലസംഭരണികൾ (ഉപരിതല/ഭൂതല/സമ്പ്) നിർമ്മിക്കുന്നത് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (ആർ.സി.സി.) ഉപയോഗിച്ചാണ്. രൂപകല്പന ജലഅതോറിറ്റിയുടെ കൺസൾട്ടൻസി വിഭാഗത്തിന്റെ അംഗീകാരത്തിന് ശേഷമാണ് നിർമ്മാണത്തിന് നൽകുന്നത്.

നിർമ്മാണത്തിന്റെ മേൽനോട്ടവും ഗുണമേന്മയും ഉറപ്പാക്കുന്നത് ബന്ധപ്പെട്ട പ്രോജക്ട് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഓവർസിയർ വരെയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരാണ്. നിലവിലെ IS 456:2000 പ്രകാരമുള്ള ഡിസൈൻ മിക്സ് കോൺക്രീറ്റ് തയ്യാറാക്കി ലാബുകളിൽ ആവശ്യമായ പരിശോധന നടത്തി സർട്ടിഫിക്കേഷനുശേഷമാണ് നിർമ്മാണത്തിന് പ്രസ്തുത കോൺക്രീറ്റ് മിക്സ് ഉപയോഗിക്കാൻ അനുമതി നൽകുന്നത്.

നിർമ്മാണ വേളയിൽ ഓരോ ബാച്ച് കോൺക്രീറ്റിന്റെയും ക്യൂബുകൾ തയ്യാറാക്കി IS നിഷ്കർഷിക്കുന്ന പരിശോധനകൾക്ക് വിധേയമാക്കി കോൺക്രീറ്റിന്റെ ഉറപ്പ് നിശ്ചയിക്കുന്നു. ഇപ്രകാരം ആവശ്യമായ മേൽനോട്ടത്തിലും ഗുണനിലവാരത്തിലും നിർമ്മിക്കുന്ന സംഭരണികൾ വെള്ളം നിറച്ച് ലീക്ക് പ്രൂഫ് ടെസ്റ്റ് നടത്തി ചോർച്ചയില്ലെന്ന് ഉറപ്പാക്കിയാണ് പദ്ധതിക്കായി ഉപയോഗിച്ചുതുടങ്ങുന്നത്. ഉപയോഗത്തിലുള്ള ജലസംഭരണികളുടെ ചോർച്ച ഉൾപ്പെടെയുള്ള ഗുണനിലവാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർ നിരന്തരം നിരീക്ഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. പ്രത്യേക വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളപ്പോൾ ജല അതോറിറ്റിയുടെ കൺസൾട്ടൻസി വിഭാഗമായ വാസ്കോണിൽ നിന്നും എഞ്ചിനീയർമാർ ആവശ്യമായ പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 2056 ജലസംഭരണികൾ ഉണ്ട്.

(ഡി) എല്ലാ ജലസംഭരണികളിലും നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

**വാട്ടർ അതോറിറ്റി പാലോട് സെക്ഷനിൽ നിലവിലുള്ള ഒഴിവുകൾ**

306 (5170) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പാലോട് സെക്ഷനിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച് വിശദവിവരം നൽകാമോ;

(ബി) നിലവിൽ എത്ര തസ്തികകളിൽ ഒഴിവുണ്ട്; കാറ്റഗറി തിരിച്ചുള്ള വിവരം നൽകാമോ;

(സി) പ്രസ്തുത ആഫീസിലെ ജീവനക്കാരുടെ അഭാവം ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും അതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലോട് സെക്ഷനിൽ 6 തസ്തികകൾ നിലവിലുണ്ട്.

വിശദാംശങ്ങൾ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| ഓപ്പറേറ്റർ | - | 1 |
| ഓവർസിയർ | - | 2 |
| എൽ.ഡി.ക്ലാർക്ക് | - | 1 |
| പ്ലംബർ | - | 1 |

(ബി) നിലവിൽ 4 തസ്തികകളിൽ ഒഴിവുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| ഓവർസിയർ ഗ്രേഡ്-3 | - | 2 |
| എൽ.ഡി.ക്ലാർക്ക് | - | 1 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ പാലോട് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതല നെടുമങ്ങാട് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഓവർസിയർ ഗ്രേഡ് 3-ന്റെ 2 ഒഴിവുകളിലേയ്ക്കും 18-5-2017-ലെ ഓർഡർ KWA/JB/E2(B)/15659/2006 പ്രകാരം 2 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. മറ്റു തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം**

307 (5171) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തമിഴ്നാട്ടുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടങ്ങളിൽ കൂടുതൽ കാര്യക്ഷമമായി കുടിവെള്ളം വിതരണം ചെയ്യുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ജലഅതോറിറ്റിയുടെ പദ്ധതികൾ ഇല്ലാത്ത കുടിവെള്ള ദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ച് കുടിവെള്ള വിതരണം നടത്തുകയാണ് ചെയ്യുന്നത്.

(സി) ഇപ്പോൾ ഇത്തരം മേഖലകളിൽ റവന്യൂ വകുപ്പുമായി സഹകരിച്ച് ടാങ്കർ ലോറി വഴി ജലവിതരണം നടത്തിവരുന്നു.

## കുടിവെള്ള പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിൽ കാലതാമസം

308 (5172) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ പാണ്ഡവൻപാറ പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 9/3/17 ൽ പി1-22944/16(1) നമ്പരിലുള്ള കത്ത് പട്ടികജാതി വികസന വകുപ്പിൽ നിന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് അയച്ചിട്ടും നാളിതുവരെയായി എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വിശദമായ എസ്റ്റിമേറ്റ് എന്ന് സമർപ്പിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-3-2017-ൽ പട്ടികജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽ

നിന്ന് അയച്ച കത്ത് 15/3/2017-ൽ ആലപ്പുഴ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. അത് പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിലേയ്ക്ക് 18/3/2017-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർവ്വേ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആവശ്യമായതിനാൽ പി.പി.ഡി. വിഭാഗം വഴി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തുവരുന്നു.

(സി) സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികജാതി വികസന ഡയറക്ടർക്ക് രണ്ട് മാസത്തിനകം സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പയ്യാവൂർ വാട്ടർ സപ്ലൈ സ്കീം

309 (5173) ശ്രീ. കെ. സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ പയ്യാവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ കിണറിന്റെയും ബൂസ്റ്റർ സ്റ്റേഷന്റെയും സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് നടത്തുന്നതിനുവേണ്ടിയുള്ള സർക്കാർ ഉത്തരവിനായി ബഹു. ജില്ലാ കളക്ടർ 10-4-2017-ന് കത്ത് നൽകിയിട്ടുണ്ട്.

(ബി) കിണറിന്റെയും ബൂസ്റ്റർ സ്റ്റേഷന്റെയും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പദ്ധതി

310 (5174) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം നേരിടുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി, പൂഞ്ഞാർ, തീക്കോയി ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഈരാറ്റുപേട്ട വാട്ടർ സപ്ലൈ സ്കീം അടിയന്തരമായി നടപ്പാക്കണമെന്ന 31-1-2017 -ലെ എം. എൽ . എയുടെ നിവേദനത്തിന്മേൽ

ബഹു. മന്ത്രി 14.02.2017- ൽ വാട്ടർ അതോറിറ്റി എം.ഡി.-യ്ക്ക് കൊടുത്ത 1724/M(WR)VIP/2017 നമ്പർ കത്ത് പ്രകാരം നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി എം.ഡി. യുടെ റിപ്പോർട്ട്/നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം അടിയന്തരമായി പരിഹരിയ്ക്കുവാൻ പദ്ധതി നടപ്പാക്കുമോ; എങ്കിൽ ഇതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം വാട്ടർ അതോറിറ്റി കോട്ടയം പ്രോജക്റ്റ് ഡിവിഷനിലേയും പി.പി.ഡി.യിലേയും ഉദ്യോഗസ്ഥർ 12/4/2017-ൽ ഈരാറ്റുപേട്ട പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് പര്യാപ്തമല്ല എന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാൽ മലങ്കര ഡാം സ്രോതസ്സായിട്ടുള്ള രാമപുരം പദ്ധതിയിൽ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുകയും പൈപ്പ് ലൈൻ ഈരാറ്റുപേട്ടയിലേയ്ക്ക് ദീർഘിപ്പിക്കുകയും വേണം. (പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു). സർവ്വേ നടപടികൾ പൂർത്തിയായശേഷം മാത്രമേ പൂഞ്ഞാർ, തീക്കോയി പഞ്ചായത്തുകളുടെ കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

311 (5175) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുടിവെള്ളപദ്ധതി (സി.ഡബ്ല്യു.എസ്.എസ്. ജി.ഒ.(Rt) നമ്പർ.893/2016/ഡബ്ല്യു.ആർ.ഡി. തീയതി 16-11-16) ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ എന്ന് തുടങ്ങാനാകുമെന്നും തുടർന്നുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതിയിൽ പിടാരത്ത് 4.30 ലക്ഷം ലിറ്റർ സംഭരണശേഷി വീതമുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപരിതല ജലസംഭരണിയുടെയും, ഭൂതല ജല സംഭരണിയുടെയും നിർമ്മാണവും, പൂവടയിൽ 8.70 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും, വിളവൂർക്കൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖലകൾ സ്ഥാപിക്കലും ഉൾപ്പെടുത്തിയിരിക്കുന്നു. പിടാരത്ത് നിർമ്മിക്കേണ്ട ജലസംഭരണികളുടെ നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ജലഅതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പൂവടയിൽ നിർമ്മിക്കേണ്ട ജലസംഭരണിക്കുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ജല അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്.

(ബി) പൂവടയിൽ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലം കൈമാറുന്നതനുസരിച്ച് മാത്രമേ പ്രവൃത്തികൾ എന്ന് ആരംഭിക്കുവാനാകുമെന്ന് പറയാൻ കഴിയുകയുള്ളൂ.

**വെങ്കിടങ്ങ് കണ്ണോത്ത് കുടിവെള്ള പദ്ധതി**

312 (5176) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഡ്രോട്ട് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് കണ്ണോത്ത് കുടിവെള്ള പദ്ധതി 28-9-2015-ൽ ഭാഗികമായി ചാർജ്ജ് ചെയ്തിട്ടുള്ളതാണ്.

(ബി) 15-3-2017-ൽ 3 ലക്ഷം രൂപയും, 10-5-2017-ൽ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ലഭിച്ചിട്ടുള്ള 23 ലക്ഷം രൂപയ്ക്ക് ബാക്കി ചെയ്യുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലാശയങ്ങൾ മലിനപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായുള്ള**

**നടപടികൾ**

313 (5177) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ജലാശയങ്ങൾ മലിനപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടാറുണ്ടോ;എങ്കിൽ എത്ര കേസ്സുകളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ അടിയന്തരമായി പരിഹരിക്കേണ്ട തായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രധാനമായും നടപടി സ്വീകരിക്കേണ്ടത്. എന്നാൽ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലാശയങ്ങൾ ശുചിയാക്കുന്നതിനും, നഗരത്തോട് ചേർന്നുവരുന്ന നദികളിലെ പാലങ്ങളിൽ നിന്ന് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുമായി കമ്പിവേലി നിർമ്മിക്കുന്ന പ്രവർത്തനവും ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ജലാശയങ്ങൾ മാലിന്യ മുക്തമാക്കുന്നതിന് ഹരിതകേരള മിഷന്റെ ഭാഗമായി മുൻഗണന നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജല നിയമം 1974 പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഇത്തരം സ്ഥാപനങ്ങളെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അറവുശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്.

സ്വീവേജ് മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും

പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സ്വീവേജ് സിസ്റ്റവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രശ്ന പരിഹാരത്തിന് നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ്.

ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ മനുഷ്യവിസർജ്ജ്യം ജലാശയങ്ങളിൽ കലരാൻ സാഹചര്യമുള്ള സ്ഥലങ്ങളിൽ പൊതു സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചുനൽകുന്നുണ്ട്. കൂടാതെ മലിനജലം ഒഴുകി ജലാശയങ്ങളിൽ എത്താൻ സാധ്യതയുള്ള സ്ഥലങ്ങളിൽ മലിന ജലം തിരിച്ചുവിടുന്നതിനായി ഓടകൾ നിർമ്മിച്ചുനൽകുന്നുണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നാളിതുവരെ 76 -ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2011-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫയൽ ചെയ്തിട്ടുള്ള കളമശ്ശേരി മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട കേസാണ് ഇപ്പോൾ നിലവിലുള്ളത്. ഈ കേസിന്റെ വാദം ഇതുവരെ തുടങ്ങിയിട്ടില്ല.

**അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

314 (5178) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി, ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18-ൽ ബജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്കായി 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം (ഒരു ഏക്കർ) എക്സ് സർവ്വീസ് മെൻ സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി**

315 (5179) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന നാദാപുരത്ത് പ്രസ്തുത പദ്ധതി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) അടിയന്തര പ്രാധാന്യം നൽകി, പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുന്നമ്മലിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി നാദാപുരം മണ്ഡലത്തിലെ ആറു വില്ലേജുകളായ വളയം, വാണിമേൽ, തൂണേരി, നരിപ്പറ്റ, കായക്കൊടി, നാദാപുരം, കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജ് എന്നീ 7 വില്ലേജുകൾക്കുവേണ്ടിയുള്ളതാണ്. ഈ പദ്ധതിയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിയുടെ പ്രധാന ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി ഒഴിച്ച് മറ്റു ഘടകങ്ങളുടെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാവിറ്റി മെയിൻ സ്ഥാപിക്കേണ്ട പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. സ്റ്റേറ്റ് ഹൈവേ 38-ൽ കക്കാട്ട് ജങ്ഷനിലും വാണിമേൽ പഞ്ചായത്തിലെ പാക്കോയി റോഡും മുറിക്കുന്നതിനുള്ള അനുമതിയും PWD-യിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

(ബി) ഈ പദ്ധതിയുടെ അസംസ്കൃത ജല പമ്പ് ഹൗസിലേയ്ക്കും ശുദ്ധജല പമ്പ് ഹൗസിലേയ്ക്കും വൈദ്യുതി കണക്ഷൻ കിട്ടാൻ താമസിച്ചതിനാലും പദ്ധതിയുടെ അസംസ്കൃത ജല പമ്പ് സെറ്റും ശുദ്ധജല പമ്പ് സെറ്റും വർഷങ്ങൾ മുമ്പ്

സ്ഥാപിച്ചതുകൊണ്ട് ആയതിന്റെ ഓവർ ഹോളിങ് നടത്തി പ്രവർത്തന സജ്ജമാക്കേണ്ട പ്രവൃത്തിയും നടത്തേണ്ടതായും വന്നു. ഇത് പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. NRDWP പദ്ധതികൾക്കുള്ള കേന്ദ്രസഹായം ഗണ്യമായി വെട്ടിക്കുറച്ചത് കാരണം കോൺട്രാക്ടർക്ക് നൽകുവാനുള്ള കുടിശ്ശികയും PWD-യിൽ ഒടുക്കേണ്ടതായ തുകയും ഉൾപ്പെടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക യഥാസമയം കണ്ടെത്താൻ സാധിക്കാത്തതും റോഡ് കട്ടിംഗ് അനുമതി ലഭ്യമാകുന്നതിനുള്ള താമസവും പദ്ധതി നിർവ്വഹണം വൈകുന്നതിന് കാരണമായിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടിയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ**

316 (5180) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ , പമ്പ് സെറ്റ് മുതലായവ തകരാറിലായതു കാരണവും ഡിസ്ട്രിബ്യൂഷൻ ലൈൻ ഇല്ലാത്തത് കാരണവും പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര ശുദ്ധജല വിതരണ പദ്ധതികൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉണ്ട് എന്നത് പഞ്ചായത്ത്, വാർഡ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ജല അതോറിറ്റിയുടെ കീഴിൽ ഉണ്ടായിരുന്ന കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊയിലാണ്ടി കുടിവെള്ള പദ്ധതി - (മുനിസിപ്പാലിറ്റി വാർഡ് നമ്പർ 39 (ഭാഗികം), 41 (ഭാഗികം) പമ്പ് സെറ്റ്, വിതരണ ശൃംഖല ഇവ പൂർണ്ണമായി ഉപയോഗശൂന്യമായതിനാൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

ജലനിധിയുടെ കീഴിൽ 2001-2008 കാലയളവിൽ ജലനിധി ചെമ്മഞ്ചേരിയിൽ 28 ചെറുകിട കുടിവെള്ള പദ്ധതികളും ചെങ്ങോട്ടുകാവിൽ 29 പദ്ധതികളുമാണ് ജലനിധി പദ്ധതി പ്രകാരം പൂർത്തീകരിച്ച് തുടർനടത്തിപ്പിനായി ഗുണഭോക്താക്കളെ ഏൽപ്പിച്ചത്. ജലനിധി പദ്ധതിയുടെ നിയമാവലി പ്രകാരം പദ്ധതി പൂർത്തീകരണത്തിനുശേഷം തുടർനടത്തിപ്പും പരിപാലനവും പൂർണ്ണമായും ഗുണഭോക്താക്കളുടെ ചുമതലയാണ്.

**തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം**

317 (5181) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ബി) നഗരത്തിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ;

(സി) ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ അവലംബിക്കുന്ന രീതികൾ വ്യക്തമാക്കാമോ;

(ഡി) ഏറ്റവും അവസാനം നടത്തിയ ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകൾ മേശപ്പുറത്തുവയ്ക്കാമോ ?

ഉത്തരം

(എ) അരുവിക്കരയിലും തിരുവനന്തപുരത്തും സ്ഥാപിച്ചിട്ടുള്ള ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച ജലമാണ് തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്നത്.

ജലസ്രോതസ്സിൽ നിന്നും ശുദ്ധീകരണശാലയിൽ എത്തുന്ന ജലത്തിൽ ആവശ്യമായ തോതിൽ രാസപദാർത്ഥങ്ങൾ (ആലവും കുമ്മായവും) ചേർത്ത് ക്ലാരിഫയറിൽ കൂടി കടത്തിവിട്ടതിനുശേഷം ഫിൽറ്റർ ബെഡിൽ അരിച്ചെടുത്ത ജലത്തിൽ ക്ലോറിൻ ഗ്യാസ് കലർത്തി അണുവിമുക്തമാക്കി സംഭരിച്ച് വിതരണത്തിന് തയ്യാറാക്കുന്നു.

(ബി) ഉണ്ട്.

(സി) ശുദ്ധീകരണശാലയിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഓരോ മണിക്കൂർ ഇടവിട്ട് കലക്കൽ, പി.എച്ച്., ജലത്തിലെ ക്ലോറിന്റെ അളവ് എന്നിവ പരിശോധിച്ച് ഉറപ്പാക്കുന്നു. കൂടാതെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള ജലഗുണനിലവാര പരിശോധന ലാബിൽ കുടിവെള്ളവിതരണ

പദ്ധതിയുടെ വിതരണശൃംഖലയിൽ നിന്നും ശുദ്ധീകരണശാലയിൽ നിന്നും കുടിവെള്ള സാമ്പിളുകൾ എടുത്ത് ഫിസിക്കൽ, കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ നടത്തിവരുന്നു. പരിശോധനാ റിപ്പോർട്ടുകൾ സ്കീമുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരെ അറിയിക്കുകയും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ അതാതു സെക്ഷൻ ഓഫീസുകളിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) TWSS-ന്റെ ഏപ്രിൽ മാസം നടത്തിയ ഗുണനിലവാര പരിശോധനാഫലം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കുളത്തോട്ടുമല കുടിവെള്ള ശുചീകരണ പദ്ധതി**

318 (5182) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തോട്ടുമല കുടിവെള്ള ശുചീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; എങ്കിൽ തടസ്സങ്ങൾ വിശദമാക്കുമോ; ഈ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടാക്കട പഞ്ചായത്തിന് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കുളത്തോട്ടുമലയിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള 10 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ സാധിച്ചിട്ടില്ല. എന്നാൽ കാട്ടാക്കട പഞ്ചായത്തിലെ പോങ്ങറക്കോണത്ത് 0.625 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സമ്പും, പമ്പ് ഹൗസും നിർമ്മിച്ച് കാളിപ്പാറയിൽ നിന്നും നെയ്യാറ്റിൻകരയിലേയ്ക്ക് പോകുന്ന ട്രാൻസ്മിഷൻ മെയിനിൽ നിന്നും ശുദ്ധജലം സമ്പിലെത്തിച്ച് പമ്പ് ചെയ്ത് കുളത്തോട്ടുമലയിലെ നിലവിലുള്ള ഭൂതല ജലസംഭരണിയിലെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) സ്ഥലം ലഭ്യമാവാതെ ഇരിക്കുന്നു എന്നതാണ് തടസ്സം.

## തോപ്പുംപടിയിലെ വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി

319 (5183) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ തോപ്പുംപടിയിലെ വാട്ടർ ടാങ്കിൽ, ടാങ്കിന്റെ കപ്പാസിറ്റിക്കനുസരിച്ച് കുടിവെള്ളം പൂർണ്ണതോതിൽ ശേഖരിക്കാനും വിതരണം ചെയ്യാനും സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കാനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പശ്ചിമ കൊച്ചിയിലെ തോപ്പുംപടിയിലെ വാട്ടർ ടാങ്കിന്റെ ശേഷി 18 ലക്ഷം ലിറ്ററാണ്. ടാങ്കിന്റെ കപ്പാസിറ്റിക്കനുസരിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടതായ ഹൈഡ്രോലിക് ഹെഡ് ലഭ്യമാകുന്നതിന് ജലം ടാങ്കിൽ കയറ്റിയശേഷം ഗ്രാവിറ്റിയിലാണ് വിതരണം ചെയ്യുന്നത്.

(ബി & സി) ഇത് പരിഹരിക്കുന്നതിനായി JnNURM പദ്ധതിയിൽ നിന്നും 15 ദശലക്ഷം ലിറ്റർ ജലം അധികമായി കൊണ്ടുവരുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചുവരുന്നു. ഇതിനായി മട്ടാഞ്ചേരി പാലത്തിനടിയിലൂടെ പുതിയ 600 മി.മീ. എം.എസ്. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. തോപ്പുംപടി (മട്ടാഞ്ചേരി പാലം) മുതൽ കരുവേലിപ്പടി വരെ പഴയ 700 മി.മീ. പ്രിമോ പൈപ്പ് മാറ്റി പകരം പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

## കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ

320 (5184) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിലും മറ്റും ടാങ്കർ ലോറികൾ മുഖേന കുടിവെള്ളം എന്ന വ്യാജേന മലിനമായ ജലം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലവിതരണത്തിന് ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ജലമലിനീകരണമില്ല എന്ന് ഉറപ്പുവരുത്തുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുമോ; ടാങ്കർ ലോറിയിലൂടെയുള്ള ജലവിതരണം പരമാവധി ഈ കിയോസ്ക്കുകളിലേക്ക് പരിമിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് പത്രവാർത്തകൾ ഉണ്ടായിട്ടുണ്ട്.

(ബി) വെള്ളത്തിലെ ഭൗതിക, രാസ, ജൈവ ഘടകങ്ങളുടെ സാന്നിദ്ധ്യം കുടിവെള്ളത്തിന് അനുവദനീയമായ തോതിൽ സാധാരണ ശുദ്ധീകരണ പ്രക്രിയകളിലൂടെ ശുദ്ധീകരിക്കാവുന്ന വെള്ളം ഉള്ള സ്രോതസ്സുകളാണ് ജല അതോറിറ്റി ശുദ്ധജലവിതരണ പദ്ധതികൾക്ക് തെരഞ്ഞെടുക്കുന്നത്. ഈ ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജല അതോറിറ്റി വിതരണം ചെയ്യുന്നത്. ജലശുദ്ധീകരണശാലകളോട് അനുബന്ധിച്ചുള്ള ലാബുകളിലും ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ ജില്ലാതല ലാബുകളിലും വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജല സാമ്പിളുകൾ നിശ്ചിത കാലയളവിൽ പരിശോധന നടത്തി ഭൗതിക രാസ ജൈവ മാലിന്യങ്ങളുടെ സാന്നിദ്ധ്യം പരിധിക്കുള്ളിലാണെന്ന് ഉറപ്പുവരുത്തുന്നു.

(സി) തഹസീൽദാർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചാണ് കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ കിയോസ്ക്കുകൾ സ്ഥാപിക്കുന്നത്. കിയോസ്ക്കുകളിൽ കൂടി വിതരണം ചെയ്യാനുള്ള കുടിവെള്ളം ജലഅതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നുണ്ട്.

**ജലവിതരണത്തിനുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കാത്ത**

**വാഹനങ്ങൾ**

321 (5185) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ചയും മഴലഭ്യതയില്ലാത്തതുമായ കാലാവസ്ഥ മുതലാക്കി ഭൂജലം വിവിധ മാർഗ്ഗങ്ങളിലൂടെ ചൂഷണം/മോഷണം നടത്തി ടാങ്കറുകളിലും മറ്റ് വാഹനങ്ങളിലുമായി വിതരണം നടത്തി ജനങ്ങളിൽ നിന്നും അമിത വില ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ വിപണനം നടത്തുന്ന ജലത്തിന്റെ ഗുണനിലവാരമോ ഉറവിടമോ ഉപഭോക്താക്കൾക്കറിയാത്തതുമൂലം ഗുണനിലവാരമില്ലാത്ത ജലവും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ജലവിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജലം ലഭിച്ച സ്ഥലം, ആയതിനുള്ള ലൈസൻസ്, ഗുണനിലവാര സർട്ടിഫിക്കറ്റ്, വിതരണ അനുമതി പത്രം എന്നിവ പ്രദർശിപ്പിക്കുന്നതിനും അല്ലാത്ത വാഹനങ്ങൾ കണ്ടുകെട്ടാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതോടൊപ്പം സംസ്ഥാനത്ത് നടക്കുന്ന ജലചൂഷണം/മോഷണം തടയുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജല ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(ഡി) ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനും 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിലുണ്ട്. അമിതമായി ജലചൂഷണം നടത്തി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് പരാതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ വിശദമായ പരിശോധന നടത്തി പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലഅതോറിറ്റി വിതരണം ചെയ്യുന്ന ജലം നിയമവിരുദ്ധമായി ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

322 (5186) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജലവിതരണ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ജലഅതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ശുദ്ധീകരണശാലയോടനുബന്ധിച്ചും ലാബുകൾ നിലവിലുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പ്രസ്തുത ലാബോറട്ടറികളിൽ പരിശോധിച്ച് IS 10500-2012 നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്.

ജലനിധി രണ്ടാം ഘട്ട പദ്ധതിയിൻകീഴിൽ ജലവിതരണ പദ്ധതിയുടെ ഭാഗമായി കിണർ കുഴിക്കുന്നതിനു മുമ്പായി സമീപത്തെ കിണറുകളിൽ നിന്നും പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം കുടിവെള്ള സ്രോതസ്സിൽ നിന്നും ശേഖരിക്കുന്ന വെള്ളം വാട്ടർ അതോറിറ്റി ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ തുടർന്നും ടെസ്റ്റുകൾ നടത്തുന്നു. കൂടാതെ പദ്ധതി കമ്മീഷൻ ചെയ്തശേഷം ഉപഭോക്താക്കൾക്കു തന്നെ നേരിട്ടു വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകളും നൽകിയിട്ടുണ്ട്.

(ബി & സി) വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകൾ ഗുണഭോക്തൃ സമിതികൾക്ക്

വിതരണം ചെയ്തുകൊണ്ടുള്ള ജലപരിശോധന പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. കേന്ദ്രസർക്കാരിനുകീഴിലുള്ള Ministry of Drinking Water and Sanitation മുഖേന എല്ലാ സംസ്ഥാനങ്ങളിലും കുടിവെള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള സി.സി.ഡി.യു. വഴിയാണ് വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്. ജലനിധി പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിന് ഒന്ന് എന്ന കണക്കിലാണ് നൽകിയിട്ടുള്ളത്. ഈ കിറ്റ് ഉപയോഗിച്ച് ഗുണഭോക്തൃ സമിതി അംഗങ്ങൾ അവരവരുടെ കുടിവെള്ള സ്കീമുകളുടെ പരിശോധന നടത്തുന്നതാണ്. ആറുമാസത്തിൽ ഒരിക്കൽ ആണ് ടെസ്റ്റുകൾ നടത്തുന്നത്.

സംസ്ഥാനത്ത് നിലവിലുള്ള ലാബുകൾക്കു പുറമേ കേന്ദ്രഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (NRDWP)-യിൽ ഉൾപ്പെടുത്തി 31 സബ് ഡിവിഷണൽ ലാബുകൾക്കുകൂടി അംഗീകാരം ലഭിച്ചിട്ടുണ്ട്.

**പഞ്ചായത്തുകൾക്ക് സമഗ്ര കുടിവെള്ള പദ്ധതി**

323 (5187) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും സമഗ്രമായ കുടിവെള്ള പദ്ധതികൾക്കായി മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; എങ്കിൽവിശദ വിവരം നൽകുമോ;

(ബി) പാലക്കാട് ജില്ലക്കായി ഇത്തരത്തിൽ എന്തെങ്കിലും സമഗ്രമായ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിനായി ഇത്തരത്തിൽ എന്തെങ്കിലും സമഗ്രമായ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത 9 ജില്ലകളായ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചില പദ്ധതികൾക്ക് കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നീ ഫണ്ട് മുഖേന ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾക്ക് ഉചിതമായ ഫണ്ടുകളിൽ ഉൾപ്പെടുത്തിയതിന് ശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) പാലക്കാട് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളെക്കുറിച്ചും പ്രസ്തുത സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കോങ്ങാട് മണ്ഡലത്തിനായിട്ടുള്ള സമഗ്ര പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു:

1. മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഒന്നാംഘട്ട പ്രവൃത്തികൾക്ക്2016 എസ്.എൽ.എസ്.എസ്.സി.-യിൽ 2340 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു.

2. കോങ്ങോട്, കരിമ്പ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2017-18-ലെ കിഫ്ബിയിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

3. പറളി പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി എൻ.സി./പി.സി.-യിൽ ഉൾപ്പെടുത്തി പറളി പഞ്ചായത്തിന് ഒരു കുടിവെള്ള പദ്ധതി 16/09/2012-ൽ കമ്മീഷൻ ചെയ്തു. ഇതിന് ശുദ്ധീകരണശാലയും വിതരണശൃംഖലയും അപര്യാപ്തമായതിനാൽ കലമ്പുഴ മണ്ഡലത്തിലെ മുണ്ടൂർ പഞ്ചായത്തിനും പറളി പഞ്ചായത്തിനും കൂടി സമഗ്ര കുടിവെള്ള പദ്ധതിയാണ് പരിഗണിച്ചിട്ടുള്ളത്.

4. കഞ്ഞിരപ്പുഴ, കാരക്കുറിശ്ശി, തച്ചമ്പാറ സമഗ്ര കുടിവെള്ള പദ്ധതി 16/02/2014-ൽ പൂർത്തീകരിച്ചു.

**2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ട കുടിവെള്ള പദ്ധതി**

324 (5188) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ട എന്തെല്ലാം കുടിവെള്ള പദ്ധതികളാണ് കെ.ഡബ്ല്യൂ.എ.-യുടെ അനാസ്ഥമൂലം

മുടങ്ങിക്കിടക്കുന്നത്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ കരാറുകാർ തയ്യാറാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കെ.ഡബ്ല്യൂ.എ.-യിൽ കരാറുകാരുടെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കെ.ഡബ്ല്യൂ.എ. കരാറുകാർക്ക് ബാങ്കുകൾ സർഫാസി ആക്ട് നടപ്പാക്കാൻ നോട്ടീസ് നൽകിയിട്ടും കെ.ഡബ്ല്യൂ.എ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.ഡബ്ല്യൂ.എ.യുടെ അനാസ്ഥമൂലം 2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ടതായ ശുദ്ധജലവിതരണ പദ്ധതികൾ ഒന്നും തന്നെ മുടങ്ങിക്കിടക്കുന്നില്ല. എന്നാൽ ഫണ്ടിന്റെ കുറവ്, റോഡ് കട്ടിംഗ് അനുമതിക്കുള്ള കാലതാമസം, വൈദ്യുത കണക്ഷനുള്ള താമസം, വ്യവഹാരങ്ങൾ തുടങ്ങിയ മറ്റു കാരണങ്ങൾ കൊണ്ട് 2017 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും സാധിക്കാത്ത പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. യഥാസമയം ബില്ലുകൾ മാറി നൽകാൻ സാധിക്കാത്തത് കരാറുകാരുടെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്കിനു കാരണമാകുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിലേതുപോലെ ബിൽ ഡിസ്കൗണ്ടിങ് സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി SBI-ൽ നിന്ന് ഓവർ ഡ്രാഫ്റ്റ് എടുത്ത് കരാറുകാരുടെ ബിൽ തുക ലോൺ ആയി നൽകാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിക്ക് സർഫാസി ആക്ട് ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 AM]

## II ഉത്തരത്തിലെ തിരുത്ത്

### നക്ഷത്രചിഹ്നമിട്ട 410, നക്ഷത്രചിഹ്നമിടാത്ത 2300, 3589 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മേയ് 15-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 410-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മേയ് 8-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2300-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സർ, 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മേയ് 12-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3589-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

## III അടിയന്തരപ്രമേയം

### എച്ച് 1 എൻ 1 പനി

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട വിഷയമാണ് റൂൾ 50 ആയി തന്നിരിക്കുന്നത്. ഈ സമ്മേളനത്തിൽ രണ്ടാമത്തെ തവണയാണ് ഇതേ വിഷയം ഒരേ വ്യക്തിതന്നെ അവതരിപ്പിക്കുന്നത്. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് അനുവദിക്കുകയാണ്.

സംസ്ഥാനത്ത് എച്ച് 1 എൻ 1 പനി ഭീതിജനകമായ രീതിയിൽ പടരുന്ന സാഹചര്യം നിയന്ത്രിക്കാനുള്ള ക്രിയാത്മകമായ സംവിധാനം വിവിധ ആശുപത്രികളിൽ ഏർപ്പെടുത്താത്തതിനാൽ മരണസംഖ്യ ഉയരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

---

* അനുബന്ധമായി ചേർക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വർഷം ജനവരി മുതൽ കേരളത്തിൽ എച്ച് 1എൻ 1 പനി ബാധിക്കുന്നതിൽ വർദ്ധനവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ഊർജ്ജിതമായ പരിശോധന സംസ്ഥാനത്തുടനീളം ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. 2349 പേരുടെ സ്വാബ് പരിശോധിച്ചതിൽ 590 പേർക്ക് (ഏകദേശം 25 ശതമാനം) എച്ച് 1 എൻ 1 പോസിറ്റീവ് ആയിരുന്നു. ഇതിൽ 40 പേരുടെ മരണം രേഖപ്പെടുത്തിയിട്ടുണ്ട്. മരിച്ച 40 പേരിൽ 24 പേർ ഗുരുതരമായ അസുഖങ്ങളുള്ളവരും തുടർച്ചയായി മറ്റ് പല രോഗങ്ങൾക്ക് ചികിത്സ നടത്തുന്നവരുമായിരുന്നു. എച്ച് 1 എൻ 1 വൈറസ് സാധാരണഗതിയിൽ വർഷങ്ങൾ ഇടവിട്ടാണ് വർദ്ധിച്ചുവരുന്നതായി കാണാറുള്ളത്. ഉദാഹരണത്തിന് 2012-ൽ 663 കേസ്സുകളും 13 മരണങ്ങളും 2015-ൽ 900 കേസ്സുകളും 80 മരണങ്ങളുമുണ്ടായി, 2016-ൽ 23 കേസ്സുകളും 1 മരണം മാത്രമാണ് ഉണ്ടായത്. 2016-ൽ താരതമ്യേന എച്ച് 1 എൻ1 കുറവായിരുന്നു. വൈറസ് പനികളുടെ കാര്യത്തിൽ കണ്ടുവരുന്ന രീതി, അതൊരു സൈക്ലിക്കൽ പാറ്റേണിന്റെ ഭാഗമായാണ് വർദ്ധനവ് ഉണ്ടാകുന്നത് എന്നാണ്. അങ്ങനെയാണ് ഈ വർഷത്തെ എച്ച് 1 എൻ 1 പനിയുടെ കാര്യത്തിൽ വർദ്ധനവുണ്ടായത്. ദക്ഷിണേന്ത്യയിൽ മുഴുവനായും ഈ വർഷം എച്ച് 1എൻ1 പനി ബാധിതരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തമിഴ്നാട്ടിൽ ഏകദേശം 917-ഓളം പേർ മരിച്ചു എന്നാണ് കണക്കുകൾ ലഭ്യമായിട്ടുള്ളത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആലപ്പുഴ, മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നിവിടങ്ങളിൽ പനി പരിശോധിക്കുന്നതിന് സൗകര്യമുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ആവശ്യമായ ഐസൊലേഷൻ സംവിധാനവും മെഡിക്കൽ കോളേജുകളിൽ ഐ.സി. യൂണിറ്റും വെന്റിലേറ്ററും തയ്യാറാക്കിവയ്ക്കുക തുടങ്ങിയ സംവിധാനങ്ങളെല്ലാം ഏർപ്പാടാക്കിയിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ എച്ച് 1 എൻ 1 പനി വരുന്നുവെന്ന് കണ്ടയുടൻ തന്നെ വളരെ നല്ല രീതിയിൽ ആരോഗ്യ വകുപ്പ് ഇടപെട്ട് ഇങ്ങനെയൊരു സാധ്യതയുണ്ടെന്നുള്ള അവെയർനസ് ജനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾക്കടക്കം എ.ബി.സി. പ്രോട്ടോകോൾ പൂർണ്ണമായും പാലിക്കണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്. പരിശോധനയ്ക്കും അതുപോലെ എച്ച് 1 എൻ 1 വ്യാപിക്കാതിരിക്കുന്നതിനുമായി ഗവൺമെന്റിന്റെ എല്ലാ സംവിധാനങ്ങളും സുസജ്ജമാക്കിയിട്ടുണ്ട്. അതുകൊണ്ട് അതിഭയാനകമായ അവസ്ഥയില്ല. പനി പടരുന്നുണ്ടെന്നുള്ള കാര്യം വസ്തുതയാണ്. എന്നാൽ അതിനെ നിയന്ത്രിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ് മാസത്തിൽ പനി തുടങ്ങിയതാണ്.

31 മരണം തുടക്കത്തിലുണ്ടായതിൽ, പലതും സ്വകാര്യ ആശുപത്രികളിൽ ചികിത്സിച്ച് വളരെ ഗുരുതരമായ അവസ്ഥയിലാണ് സർക്കാർ ആശുപത്രികളിലേയ്ക്ക് എത്തിയത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും കഴിയുന്നതും സർക്കാർ ആശുപത്രികളിലേയ്ക്ക് അവർ എത്തിച്ചേരുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളോട് ഇത്തരം കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മരണനിരക്ക് ആദ്യമുണ്ടായ അവസ്ഥയിൽനിന്ന് വലിയ രീതിയിൽ ഉയരുന്നുവെന്ന് പറയാൻ സാധിക്കില്ല. 40 മരണം ഉണ്ടായിട്ടുണ്ടെന്നുള്ളത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ്. ഗവൺമെന്റ് പ്രതിരോധ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് മന്ത്രിതലത്തിൽ നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. എച്ച് 1 എൻ 1 പനി വായുവിലൂടെ പകരുന്ന രോഗമായതിനാൽ ചുമയ്ക്കുമ്പോൾ എടുക്കേണ്ട നിർദ്ദേശങ്ങൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയിൽ വ്യാപകമായ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇത് കൊതുക്, എലി തുടങ്ങിയവ മുഖാന്തരം പകരുന്ന അസുഖമല്ല, അതുകൊണ്ട് തന്നെ രോഗം വന്നയാളെ ഐസൊലേറ്റ് ചെയ്ത് താമസിപ്പിക്കുകയും വിശ്രമിക്കുകയും അടുത്ത് അധികം ആളുകളുടെ സമ്പർക്കമില്ലാതെ നോക്കുകയും ചെയ്താൽ നിയന്ത്രിക്കാൻ സാധിക്കുന്നതുമാണ്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ തന്നെ സംസ്ഥാനത്ത് നടന്നിട്ടുണ്ട്, വളരെ വ്യാപകമായ രീതിയിൽ നടന്നുവരുന്നുണ്ട്. കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്താനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇതുപോലെ എല്ലാ കാര്യങ്ങളും ആരോഗ്യ വകുപ്പ് വളരെ ശ്രദ്ധേയമായി കൈകാര്യം ചെയ്തിട്ടുണ്ട്. ഈ രംഗത്ത് ഉണ്ടായിട്ടുള്ള കാര്യങ്ങൾ പരിശോധിക്കാൻ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചുകൊണ്ട് മേയ് 19-ന് ഉന്നതതല സമിതി വീണ്ടും യോഗം ചേർന്നിട്ടുണ്ട്. എല്ലാ മുൻകരുതലുകളും എടുക്കുന്നതിനാൽ എല്ലാവരുടെയും സഹകരണമാണ് ആവശ്യം. നിരന്തരമായി പ്രശ്നം ചർച്ച ചെയ്യുക എന്നുള്ളതല്ല, ചർച്ച ചെയ്തു, അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സംസ്ഥാനത്ത് പകർച്ചവ്യാധി മരണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളാണ് നമ്മളെല്ലാവരും കൂടി സ്വീകരിക്കേണ്ടത്. ഇത് ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരികയാണെന്നതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമായി ഇതുകാണുന്നില്ല.

മരണപ്പെട്ടുവെന്ന് പറയുമ്പോൾ അത് വളരെ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. കേരളത്തിൽ ആകെ 72-ഓളം ആളുകളാണ് മരണപ്പെട്ടത്. ഓരോ ദിവസവും ഓരോ ആളുകൾ കേരളത്തിൽ മരണപ്പെട്ടുകൊണ്ടിരിക്കുന്ന എന്നുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

കേരളത്തിൽ 20-ാം തീയതി വരെ 850000 (എട്ട് ലക്ഷത്തി അമ്പതിനായിരം) ആളുകൾക്ക് പനി ബാധിച്ചിട്ടുണ്ട്. 20-ാം തീയതി മാത്രം ആശുപത്രിയിൽ പോയത് 9549 പേരാണ്. ഒരാഴ്ചയ്ക്കുമുമ്പ് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അത് ഏകദേശം 9000 പേരായിരുന്നു. അത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ അടുത്ത മൂന്ന് മാസമാണ് ഇതുപോലെയുള്ള ഒരു സ്ഥിതിവിശേഷം വരേണ്ടത്. ഇത് വളരെ അനിയന്ത്രിതമായി പോയിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. എച്ച്1 എൻ1 പനി ആയിരുന്നാലും ഡെങ്കിപ്പനി ആയിരുന്നാലും ഓരോ ദിവസവും വളരെ കൂടുതൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. വായുവിലൂടെ പകരുന്ന ഈ രോഗം പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളോ ബോധവൽക്കരണമോ നടത്തുന്നില്ല. രണ്ടോ മൂന്നോ സ്ഥാപനങ്ങളിൽ മാത്രമാണ് ഇത് ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനമുള്ളതെന്നാണ് ബഹുമാന്യയായ മന്ത്രി പറഞ്ഞത്. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ഇതിനുള്ള സൗകര്യങ്ങളൊരുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത് ചെലവേറിയ പരിശോധനയാണ്. ഇപ്പോൾ എല്ലാം ശുഭമാണെന്നാണ് ബഹുമാന്യയായ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. രോഗം പകരുമ്പോൾ ആരോഗ്യ വകുപ്പ് പകച്ചുനിൽക്കുകയാണ്. ഒരു കാര്യവും ഇവിടെ നടക്കുന്നില്ല. ചികിത്സിക്കുന്ന ഡോക്ടർമാർക്കുതന്നെ രോഗം പകരുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇത് കഴിഞ്ഞ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. ആവശ്യമായ രീതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതുകൊണ്ടാണ് ഈ ദു:സ്ഥിതി കേരളത്തിലുണ്ടായത്. സെക്രട്ടേറിയറ്റിന്റെ മൂക്കിന് താഴെയും ഡി.എച്ച്.എസ്. കോമ്പൗണ്ടിനകത്തുമാണ് ജനറൽ ആശുപത്രി സ്ഥിതിചെയ്യുന്നത്. അവിടം മാലിന്യ കൂമ്പാരമായി മാറിയിരിക്കുകയാണ്. ഒരു പ്രതിരോധ പ്രവർത്തനവും ഇതുവരെ നടന്നിട്ടില്ല. ആളുകൾ ചികിത്സയ്ക്കെത്തുന്ന തലസ്ഥാന നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ആശുപത്രി മാലിന്യ കൂമ്പാരമായി മാറിയിരിക്കുന്നു എന്നാണ് മേയ് 21-ലെ മാതൃഭൂമി ദിനപത്രത്തിലെ എഡിറ്റോറിയലിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. മരുന്നിന്റെയും മനുഷ്യത്വത്തിന്റെയും കേന്ദ്രമാകേണ്ട ആതുരാലയങ്ങൾ, മദ്യശാലകളായി മാറിയിരിക്കുന്ന കാഴ്ച കേരള

ജനത അമ്പരപ്പോടെയാണ് നോക്കിക്കണ്ടത്. കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ഇത്തരത്തിൽ ഒരു സംഭവം ആദ്യമായിട്ടാണ്. ഇതൊന്നും നിയന്ത്രിക്കാൻ ആരുമില്ലാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ ഒരു വർഷമായി പദ്ധതികളുടെ പ്രഖ്യാപനങ്ങളല്ലാതെ അടിസ്ഥാനപരമായി ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഈ നരഹത്യ. അടിസ്ഥാനപരമായി കാര്യങ്ങൾ ചെയ്യാത്തതിന്റെ ഭാഗമായുള്ള വീഴ്ചയാണ് കേരളത്തിലുണ്ടായിരിക്കുന്നത്. കാട് കാണുകയും മരം കാണാതെ പോകുകയും ചെയ്യുന്നതുപോലെയാണ് ഇക്കാര്യമെന്ന് മന്ത്രി മനസ്സിലാക്കണം. വലിയ പ്രഖ്യാപനങ്ങൾ നടത്തുകയും അതനുസരിച്ച് കാര്യങ്ങൾ നടത്താതിരിക്കുകയും ചെയ്യുന്നതുമൂലമുണ്ടാകുന്ന ഒരു സ്ഥിതിവിശേഷമാണിത്. ഡ്രൈ ഡേ ആചരിക്കാനും ഫോഗിംഗ് തുടങ്ങാനും ഈ അസംബ്ലിയിൽ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ഗതികേട് ഈ കാലഘട്ടത്തിലുണ്ടായെന്ന് പറഞ്ഞാൽ അത് ദുഃഖകരമല്ലേ? കേരളത്തിലെ ആളുകൾ എച്ച്1 എൻ 1, ഡെങ്കിപ്പനി, എലിപ്പനി ഇവയൊക്കെ പിടിപെട്ട് കഷ്ടപ്പെടുമ്പോൾ നമ്മുടെ ആരോഗ്യ വകുപ്പിനുതന്നെ ഈ രോഗങ്ങളെല്ലാം ബാധിച്ചിരിക്കുന്നു എന്നാണ് ഞാൻ സംശയിക്കുന്നത്. ആരോഗ്യ വകുപ്പ് ഇപ്പോൾ വെന്റിലേറ്ററിലാണെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു മേഖലയിലും വകുപ്പിന്റെ പ്രവർത്തനം നടക്കുന്നില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ 24 x 7 ബെയ്സിസിൽ മന്ത്രിയുടെ ഓഫീസിൽതന്നെ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടായിരുന്നു. അതുപോലെ ജില്ലകളിൽ അഡീഷണൽ ഡയറക്ടർമാർക്ക് ചുമതലകൾ നൽകിയിരുന്നു. ഓരോ ജില്ലയിലും ഓരോ ക്രൈസിസ് മാനേജ്മെന്റ് ടീമിനെയും റാപ്പിഡ് റെസ്പോൺസ് ടീമിനെയും നിയോഗിച്ചിരുന്നു. ഇതെല്ലാം കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചെയ്തതാണ്. ഇതൊന്നും ചെയ്യാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ മുഴുവൻ കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്.

പ്രൈവറ്റ് ആശുപത്രികളിൽ ചികിത്സാ പ്രോട്ടോകോൾ പാലിക്കാത്തതു കൊണ്ടാണ് മരണനിരക്ക് ഉയരുന്നതെന്ന് ബഹുമാന്യയായ മന്ത്രി പറയുകയുണ്ടായി. 22-2-2017-ൽ ഡി.എച്ച്.എസ്. ഇറക്കിയ ഒരു സർക്കുലർ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് മന്ത്രിതന്നെ സമ്മതിച്ചിരിക്കുകയാണ്. പ്രൈവറ്റ് ആശുപത്രികളിൽ പ്രോട്ടോകോൾ നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ട് 22.02.2017-ൽ ഡി.എച്ച്.എസ്.-ന്റെ ഒരു സർക്കുലറുണ്ടായിരുന്നു. പാവപ്പെട്ട ആളുകൾ ചികിത്സയ്ക്കെത്തുന്നതും മരണങ്ങൾ കൂടുതൽ സംഭവിച്ചു കൊണ്ടിരിക്കുന്നതും സർക്കാർ ആശുപത്രികളിലാണ്. അവിടെ ആവശ്യമായ ചികിത്സ ലഭ്യമാകുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവിടെ

ആവശ്യമായ ഡോക്ടർമാരും സ്റ്റാഫും മരുന്നുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പകർച്ചപ്പനി നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ടെക്നിക്കൽ സ്റ്റാഫിനെ നിയമിച്ചിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാർ, സ്പ്രേമെൻ, ക്ലീനർമാർ, ഫാർമസിസ്റ്റ്, ഡോക്ടർമാർ ഉൾപ്പെടെ ആയിരത്തോളം ആളുകളെ നിയമിച്ചിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ അവരെ ആവശ്യമില്ലെന്ന് പറഞ്ഞ് പിരിച്ചുവിട്ടു.

എന്റെ നിയോജകമണ്ഡലത്തിൽ സ്റ്റാച്യുവിന് തൊട്ടുതാഴെ ചിറക്കുളം എന്നൊരു കോളനിയുണ്ട്. അവിടെ പാവപ്പെട്ട കരീം എന്ന ആൾ മരിച്ചു. ജനറൽ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഞങ്ങൾക്ക് പ്രൈവറ്റ് ആശുപത്രിയിൽ പോകാൻ കാശില്ലെന്നാണ് അദ്ദേഹത്തിന്റെ ഭാര്യ എന്നോട് പറഞ്ഞത്. അതുകൊണ്ടാണ് അവർ ജനറൽ ആശുപത്രിയിൽ പോയത്. അദ്ദേഹത്തിന് 24000 പ്ലേറ്റ്ലറ്റ് ഉണ്ടായിരുന്ന ഡെങ്കി ഫീവർ ആയിരുന്നു. അതിന് അർഹമായ ചികിത്സ അവിടെ ലഭ്യമായില്ല. ആ കുടുംബം അനാഥമായി. ആ കുടുംബത്തിന്റെ ഏക വരുമാനമാർഗ്ഗം കരീം ആയിരുന്നു. എനിക്ക് വ്യക്തിപരമായി അടുപ്പമുള്ള ഒരാളായിരുന്നു അദ്ദേഹം. കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങളുടെ സ്ഥിതി ഈ ഗവൺമെന്റ് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് നിസ്സാരവൽക്കരിച്ച് മുന്നോട്ടുപോകുകയാണ്. ഏറ്റവും വലിയ ആശുപത്രിയായ ജനറൽ ആശുപത്രിയുടെ സ്ഥിതി ഇതാണെങ്കിൽ മറ്റ് ആശുപത്രികളുടെ സ്ഥിതി എന്തായിരിക്കും? മന്ത്രിസഭകൾ മാറിയാലും വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും തുടർച്ചയായിരിക്കണം.

കഴിഞ്ഞ സർക്കാരിനെ കുറ്റപ്പെടുത്തിയതുകൊണ്ട് രോഗം മാറില്ല. മുൻ സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ തുടരാൻ മടികാണിച്ചതാണ് കേരളം ഇന്ന് നേരിടുന്ന ആരോഗ്യ വിപത്തിന് കാരണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി ഒരു കലണ്ടർ തന്നെയുണ്ടായിരുന്നു. ഓരോ മാസവും ഏതെല്ലാം വിധത്തിലുള്ള പകർച്ചവ്യാധികൾ വരാൻ സാധ്യതയുണ്ട്; എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യണം എന്നുള്ളത് പ്രസ്തുത കലണ്ടറിൽ സൂചിപ്പിച്ചിട്ടുണ്ട്. അത് എന്റെ കയ്യിലുണ്ട്. (ഒരു നീല പുസ്തകം ഉയർത്തിക്കാട്ടി) വളരെ സമഗ്രമായ ഒരു കലണ്ടർ എല്ലാവർഷവും തയ്യാറാക്കണം. ഇത് ബഹുമാന്യയായ മന്ത്രിക്ക് ഞാൻ തരാം. ഈ വർഷം ഇത് നടപ്പിലാക്കിയോ? ജനുവരി മാസം മുതൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. മുഖ്യമന്ത്രി യോഗം വിളിച്ചത് മാർച്ച് മാസത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് ഓരോ പത്രങ്ങളിലും വാർത്തകൾ വരുന്നുണ്ട്. ഇത് ആരും

കാണുന്നില്ലേ? മാതൃഭൂമി പത്രത്തിൽ ഒരു പേജ് മുഴുവൻ, മംഗളം, മാധ്യമം, ഹിന്ദു എന്നീ ദിനപ്പത്രങ്ങളിലും ഓരോ ദിവസവും വാർത്തകൾ വരുന്ന ഭീകരമായ അവസ്ഥയാണുള്ളത്. ജൂൺ, ജൂലൈ മാസത്തിലാണ് പകർച്ചവ്യാധികളുടെ ഭീകരമായ അവസ്ഥയുണ്ടാകുന്നത്. കേരളത്തിൽ രണ്ടിരട്ടിയിലധികം മരണങ്ങളുണ്ടാകാൻ പോകുന്ന ഒരു സാഹചര്യം മനസ്സിലാക്കി ഇക്കാര്യങ്ങൾ നേരായ ദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും മരണ സംഖ്യ കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്രമേയം ഞാൻ അവതരിപ്പിച്ചതിനു ശേഷമാണ് ഇവിടെ മാലിന്യനിർമ്മാർജ്ജനം, കൊതുക് നിരോധനം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ബഹുമാന്യയായ മന്ത്രി ഏറ്റെടുത്തത്. എന്റെ മണ്ഡലമായ തിരുവനന്തപുരത്തുള്ള ചെങ്കൽച്ചൂളയിൽ മന്ത്രി വന്നു. ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ഇത് എന്നേ തുടങ്ങേണ്ടതായിരുന്നു. രണ്ടുമൂന്ന് മാസത്തിനുമുമ്പ് തുടങ്ങേണ്ട പ്രവർത്തനങ്ങളാണിത്. ഇനിയിപ്പോൾ കൂടുതൽ പനി വരാൻ പോകുകയാണ്. അടിയന്തരപ്രമേയം അവതരിപ്പിച്ചാൽ മാത്രമേ മന്ത്രി ഈ കാര്യങ്ങൾ ചെയ്യുകയുള്ളൂവെന്ന് പറഞ്ഞാൽ അസംബ്ലി 25-ാം തീയതി തീരുകയാണ്. അടുത്ത മാസം പനി വരുന്നു; ഇതെല്ലാം ആലോചിച്ചുകൊണ്ടുവേണം കാര്യങ്ങൾ ചെയ്യാൻ. ആരോഗ്യ വകുപ്പ് സെക്രട്ടറിയായ ശ്രീ. രാജീവ് സദാനന്ദൻ വളരെ മിടുക്കനാണ്. അദ്ദേഹത്തിന് എന്ത് പറ്റി? അദ്ദേഹം ബഹുമാന്യയായ മന്ത്രിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകണം. അദ്ദേഹത്തിന് അതിന് കഴിഞ്ഞില്ലെങ്കിൽ ഈ കാര്യങ്ങൾ പരിശോധിക്കാനും നടപ്പിലാക്കാനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമിച്ചതു പോലെ ഒരു ആരോഗ്യ ഉപദേഷ്ടാവിനെ ആരോഗ്യ വകുപ്പുമന്ത്രി നിയമിക്കണം. കഴിഞ്ഞ സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ തുടർന്നുപോകുന്നതിൽ മടി കാണിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കഴിഞ്ഞ പ്രവശ്യം അടിയന്തരപ്രമേയം അവതരിപ്പിച്ചതിനുശേഷം പത്രമാധ്യമങ്ങളിൽ വന്ന വാർത്തയാണ്, "മന്ത്രി മേയറെ വിരട്ടി; സെക്രട്ടറി മേയറെ കുറ്റപ്പെടുത്തുന്നു; മേയർ ആരോഗ്യ വകുപ്പിനെ കുറ്റപ്പെടുത്തുന്നു; ഇതെല്ലാം കണ്ടുകൊണ്ട് മുഖ്യമന്ത്രി യോഗം വിളിച്ച് എല്ലാവരെയും വിരട്ടുന്നു." എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? പരസ്പരം കുറ്റപ്പെടുത്തുമ്പോൾ വിലപ്പെട്ട ജീവനുകളാണ് നഷ്ടപ്പെടുന്നതെന്ന് ബഹുമാന്യയായ മന്ത്രിയും ആരോഗ്യ വകുപ്പും മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെത്തന്നെ 101 പേർക്ക് ഡെങ്കിപ്പനി പിടിപെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ 71 പേരും തിരുവനന്തപുരത്തുള്ളവരാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ

മെയിന്റെയിൻ ചെയ്ത ഒരു കലണ്ടറിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. വിവിധ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഇവിടെ നടക്കുന്നില്ല. സാമൂഹിക പരിസ്ഥിതി ഘടകങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത്, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, പൊതുമരാമത്ത്, മത്സ്യവിഭവം തുടങ്ങിയ വകുപ്പുകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിരുന്നു. അത് ഇന്ന് നിശ്ചലാവസ്ഥയിലാണ്. അതിന് പ്രത്യേക ഫണ്ട് അനുവദിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. സർക്കാരിന്റെ നിസ്സംഗത കൊണ്ട് ജീവൻ നഷ്ടപ്പെട്ട 72 കുടുംബങ്ങളുണ്ട്. ആ കുടുംബങ്ങൾക്ക് രണ്ടുലക്ഷം രൂപവീതം നഷ്ടപരിഹാരം കൊടുക്കണമെന്ന് ഞാൻ ഈ അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്.

നരേന്ദ്രമോദി ഗവൺമെന്റിന്റെ നോട്ട് പരിഷ്കരണം മൂലമുണ്ടായ ദുരന്തത്തിന് ഇരയായവർക്ക് രണ്ടുലക്ഷം രൂപവീതം കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. അതുപോലെ പാവപ്പെട്ട ആളുകൾക്ക്, മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപവരെ നഷ്ടപരിഹാരം കൊടുക്കുകയും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആളുകൾക്ക് സൗജന്യറേഷൻ നൽകുന്നതിനുള്ള വേണ്ട നടപടി സ്വീകരിക്കുകയും വേണം. കേരളത്തിൽ ശോകാർദ്രമായ അന്തരീക്ഷമാണുള്ളത്. ഓരോ ദിവസവും മരണനിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റ് ഒന്നാം വാർഷികത്തിന്റെ ആഘോഷപരിപാടികളുമായി മുന്നോട്ടുപോകുന്നത് ഉചിതമാണോയെന്നുകൂടി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഓരോ ജില്ലകളിലും ഓരോ ടൈപ്പ് പനിയാണ്. എറണാകുളത്ത് ലെപ്റ്റോ; പത്തനംതിട്ടയിൽ ഡെങ്കി; അങ്ങനെ ഓരോ ജില്ലയ്ക്കും വീതിച്ചുകൊടുത്തിരിക്കുകയാണ്. എന്തു പ്രവർത്തനമാണ് ഇവർ നടത്തിയത്? കാര്യങ്ങൾ നിസ്സാരവൽക്കരിക്കാതെ ഗൗരവമായി കാണണം. തദ്ദേശസ്ഥാപനങ്ങളിലുള്ളവർ അവിടെ വന്നതായി കാണുന്നില്ല; ഇവർ ഒരു കാര്യവും ചെയ്തിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷനിൽ ഒരു കാര്യവും നടന്നിട്ടില്ല; ഒരു സ്ഥലത്തും ഒന്നും ചെയ്തിട്ടില്ല, ഫണ്ട് കൊടുത്തില്ല. അതുകൊണ്ട് അതീവഗൗരവതരമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യും മുൻമന്ത്രിയുമായ ശ്രീ. വി. എസ്.

ശിവകുമാർ ഈ സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയാണ്. ഇത് തർക്കിക്കേണ്ട ഒരു വിഷയമല്ല; കൂട്ടായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. അദ്ദേഹം ഒരു നീല പുസ്തകം കാണിച്ചിട്ട് അദ്ദേഹത്തിന്റെ കാലത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ആകെ റിപ്പോർട്ടാണെന്ന് പറയുകയുണ്ടായി. ഞാൻ ഈ സഭയിൽ മുമ്പ് ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഈ ഗവൺമെന്റും ആരോഗ്യ വകുപ്പും ചെയ്തിട്ടുള്ള കാര്യങ്ങൾ വളരെ വിശദമായി സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസ് നടത്തിയതിനുശേഷം അവസാനത്തെ പരിശോധന നടത്തിയപ്പോൾ അതിൽ പങ്കെടുത്തത് ജില്ലാ കളക്ടർമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റ് ജനപ്രതിനിധികളും ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുമാണ്. ആ വീഡിയോ കോൺഫറൻസ് നടന്നതിന്റെ വ്യക്തമായ റിപ്പോർട്ടും വിശദവിവരങ്ങളും ഞാൻ അങ്ങേയ്ക്ക് തരാം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെല്ലാം എൽ.ഡി.എഫ്.-മായി ബന്ധപ്പെട്ടവരല്ല; ജില്ലയിൽ യു.ഡി.എഫ്.-മായി ബന്ധപ്പെടുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുമുണ്ട്. ജില്ലാ കളക്ടർമാരും വസ്തുനിഷ്ഠമായ വിവരങ്ങളാണ് നൽകുന്നത്. എം.എൽ.എ.യും മുൻമന്ത്രിയുമായ അങ്ങ് വിചാരിക്കുന്നത് അങ്ങയുടെ കാലത്ത് മാത്രം ചെയ്തിട്ടുള്ള എന്തോ മഹാത്ഭുതമാണെന്നാണ്. ജനുവരി മുതൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമന്ത്രിമാർ, പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ വകുപ്പുകൾ എല്ലാം ചേർന്ന് നടത്തിയ മീറ്റിംഗിന്റെ ഭാഗമായി എടുത്ത തീരുമാനങ്ങൾ താഴോട്ട് പോയിട്ടുണ്ട്. അതുമാത്രമല്ല ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ഉള്ള ആരോഗ്യസേന അവിടെ നടത്തിയ സ്ക്വാഡ് പ്രവർത്തനവും ശുചീകരണവുമെല്ലാം അവർ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇത്തവണ രണ്ട് പ്രധാന ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് എടുത്തിട്ടുള്ളത്. ഒന്ന്, ഹെൽത്തി കേരള. ഇത് ജനുവരിയിൽ തന്നെ തുടങ്ങിയിരുന്നു. അതിന്റെ ഭാഗമായി ക്ലീനിംഗ്, ഫോഗിംഗ്, മരുന്ന് കൃത്യമായി സ്റ്റോക്ക് ചെയ്യൽ, ആരോഗ്യ വകുപ്പ് പ്രവർത്തകരുടെ നിരന്തരമായ ഗൃഹസന്ദർശനം എന്നിവ. അതിന്റെ വ്യക്തമായ റിപ്പോർട്ട് ഞാൻ അദ്ദേഹത്തിന് വായിക്കാൻ കൊടുക്കാം. നടന്നുകഴിഞ്ഞ പ്രവർത്തനങ്ങളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതെല്ലാം കേരളത്തിൽ കൃത്യമായി നടത്തിയതുകൊണ്ടാണ് വലിയ തോതിൽ അപകടമുണ്ടാകാതെ നമുക്ക് നിയന്ത്രിക്കുന്നതിനും എവിടെയെങ്കിലും ഒരു ഔട്ട് ബ്രേക്ക് ഉണ്ടായാൽ അപ്പോൾത്തന്നെ ഇടപെട്ട് നിയന്ത്രിക്കുന്നതിനും സാധിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ഡെങ്കി ഔട്ട്ബ്രേക്കുണ്ടായി. എത്രപെട്ടെന്നാണ്, ഒരാഴ്ച കൊണ്ടാണ് അതിനെ പിടിച്ചുകെട്ടാൻ സാധിച്ചത്.

അവിടെ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള തീവ്രമായ ഇടപെടലുണ്ട്. ജില്ലയിൽനിന്നുള്ള 40 അംഗ ടീമും തിരുവനന്തപുരത്തുനിന്ന് അഡീഷണൽ ഡി.എച്ച്.എസ്.-ന്റെ നേതൃത്വത്തിലുള്ള ഒരു സംഘവും അവിടെ ഇടപെട്ട് അതിനെ നിയന്ത്രിച്ചില്ലേ? അത്തരം രോഗം പൊട്ടി പുറപ്പെടുന്നത് നിയന്ത്രിക്കാൻ പറ്റാതെ വന്നിട്ടുള്ളത് എവിടെയാണ്? എച്ച് 1 എൻ 1-ന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. ഒരു അവലോകന യോഗത്തിൽ ഞങ്ങൾ കണ്ടത്, തിരുവനന്തപുരം കോർപ്പറേഷനിൽ ശുചീകരണം വേണ്ടത്ര പൂർത്തിയായിട്ടില്ല എന്നുതന്നെയാണ്. അതിന്റെ അർത്ഥം, കോർപ്പറേഷൻ മേയറും ഭരണസമിതി അംഗങ്ങളും ഒന്നും ചെയ്തിട്ടില്ലെന്നല്ല; അവർ പ്രത്യേകതരത്തിൽ ഒരു പ്ലാനുണ്ടാക്കി അതിലിടപെട്ട് പ്രവർത്തിക്കുകയും ശുചീകരണത്തിന് ശ്രമിക്കുകയും ചെയ്തിരുന്നു. നമുക്ക് മറ്റൊരിടവുമായി താരതമ്യം ചെയ്യാൻ കഴിയാത്ത വിധത്തിൽ തിരുവനന്തപുരത്തെ മാലിന്യ നിർമ്മാർജ്ജന പ്രശ്നം കുറേ കാലമായി നിൽക്കുകയാണ്. അത് ഇപ്പോഴും തുടരുന്നുണ്ട്.

ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞു, അദ്ദേഹം പറഞ്ഞതിനുശേഷമാണ് ഞാൻ ചെങ്കൽച്ചൂളയിൽ പോയതെന്നാണ്. ഞാൻ അവിടെ പോയത് ഡെങ്കി ഡേ-യുടെ ഭാഗമായിട്ടുള്ള ഫങ്ഷൻ നടത്താനാണ്. കേരളത്തിൽ എല്ലായിടത്തും നല്ല ശുചീകരണവും ഫോഗിംഗുമൊക്കെ നടത്തി. അങ്ങയുടെ കോൺസ്റ്റിറ്റ്യുവൻസിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കോളനിയിൽ അപാകതയുണ്ടായിരുന്നുവെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്താൻ ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് അങ്ങേയ്ക്കും ഉത്തരവാദിത്വം ഉണ്ടായിരുന്നു. താങ്കൾ അവിടെ പരിശോധിക്കാൻ പോകുന്നതിനുവേണ്ടി ഞാൻ കാത്തുനിൽക്കണമോ? ഞാൻ അവിടെ ചെല്ലുമ്പോൾ എല്ലാം ക്ലീനാക്കി വച്ചിട്ടുണ്ട്. ഞങ്ങൾ രണ്ടുപേരും പങ്കെടുക്കേണ്ടതായ ഒരു പരിപാടിയാണ് അവിടെ വച്ചത്. അതിന്റെ ഭാഗമായി അവശേഷിച്ച ഒരു മൺകുടത്തിലെ വെള്ളം ഞങ്ങൾ രണ്ടുപേരുംകൂടി കമഴ്ത്തിക്കളഞ്ഞിട്ടുണ്ട്. ഞാൻ ചെല്ലുമ്പോൾ അവിടെ ക്ലീനിംഗും ക്ലോറിനേഷനുമൊക്ക നടത്തിയിട്ടുണ്ടായിരുന്നു. അത് എം.എൽ.എ. അറിഞ്ഞോ ഇല്ലയോ എന്നുള്ള കാര്യം എനിക്കറിയില്ല. ഞാൻ മന്ത്രിയായി ഉത്തരവാദിത്വം ഏറ്റെടുത്ത ഉടൻതന്നെ ജനറൽ ഹോസ്പിറ്റൽ സന്ദർശിച്ചിരുന്നു. അവിടത്തെ ബാത്റൂം വൃത്തികേടായിക്കിടക്കുന്നു, അവിടത്തെ ശുചീകരണ പ്രവർത്തനങ്ങൾ വേണ്ടത്ര തൃപ്തികരമല്ലായിരുന്നു. അന്നും പത്രങ്ങളിൽ ഒരു റിപ്പോർട്ട് കൊടുത്തിരുന്നു; 'മന്ത്രി തന്നെ മൂക്കുപൊത്തി നിൽക്കുന്നു; ബാത്റൂം വൃത്തികേടായിക്കിടക്കുന്നു.' അങ്ങായിരുന്നു തൊട്ടുമുമ്പുവരെയുള്ള ആരോഗ്യവകുപ്പുമന്ത്രി. ഞാൻ

കുറ്റപ്പെടുത്താൻവേണ്ടി ഒന്നും ഉത്തരത്തിൽ പറഞ്ഞിട്ടില്ല. അങ്ങ് പറയുന്നത്, ഞങ്ങളെല്ലാം ഭദ്രമാക്കിയിരുന്നു; ഈ ഗവൺമെന്റ് വന്നപ്പോൾ ആരോഗ്യ മേഖല തകർന്നുപോയെന്നുള്ള രീതിയിൽ ദോഷൈകദൃക്കായി കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. ആ പത്രവും എന്റെ കയ്യിലുണ്ട്. അന്ന് അതെല്ലാം രണ്ടുമാസംകൊണ്ട് വൃത്തിയാക്കി. എന്റെ ധാരണ ഇപ്പോഴും അതുപോലെ പോകുന്നുണ്ടെന്ന് തന്നെയാണ്. വകുപ്പുമന്ത്രിമാർക്ക് എല്ലാ സ്ഥാപനങ്ങളും ദിവസേന പരിശോധിക്കാൻ കഴിയില്ല. ഞാൻ അതിനുശേഷം എറണാകുളം ജനറൽ ഹോസ്പിറ്റലിലും, കണ്ണൂർ ഡിസ്ട്രിക്ട് ഹോസ്പിറ്റലിലും, കൊല്ലം ജില്ലാ ആശുപത്രിയിലും പോയിട്ടുണ്ട്. അവിടെയൊന്നും ഇങ്ങനെയൊരു സംഭവമില്ല. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലുള്ളതുപോലുള്ള സംഭവം അവിടെയെങ്ങുമില്ല. നിങ്ങൾ ഇപ്പോൾ ചെന്ന് നോക്കൂ; പരിശോധിക്കൂ. കേരളത്തിലെ എല്ലാ ആശുപത്രികളും വൃത്തിയായി എന്നൊന്നും അവകാശപ്പെടാൻ എനിക്ക് പറ്റില്ല. നിരന്തരമായി ഇത്തരം സ്വഭാവം സൂക്ഷിക്കുന്ന ചില ആശുപത്രികളുണ്ട്. അവയെ പിടികൂടാൻ തന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്; വെറുതെ വിടാനല്ല. വെറുതെയല്ല ജനറൽ ഹോസ്പിറ്റലിൽ പോയി ഈ കാര്യങ്ങളെല്ലാം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. യുദ്ധകാലാടിസ്ഥാനത്തിൽ ക്ലീനിംഗ് നടന്നില്ലേ; അവിടത്തെ ഡോക്ടർമാരും നേഴ്സുമാരും പത്തുറുപത് ആളുകളും ചേർന്ന് പിറ്റേന്ന് എല്ലാം ശുചിയാക്കിയില്ലേ? നമ്മളെല്ലാം ശ്രദ്ധിക്കേണ്ട ഒരു വിഷയം, ഇത് സംസ്ഥാനത്ത് നല്ലൊരു അവെയർനെസ്സ് ഉണ്ടാക്കിയിട്ടുണ്ട്. ഏതെങ്കിലും ഗവൺമെന്റ് ആശുപത്രി വൃത്തികേടായി കിടന്നാൽ ഈ ഗവൺമെന്റ് വെറുതെ വിടില്ല എന്ന സന്ദേശം ഈ സംസ്ഥാനത്താകെ എത്തിച്ചേർന്നിട്ടുണ്ട്. വളരെ പോസിറ്റീവായിട്ടുള്ള ഒരു സന്ദേശമാണിത്. എല്ലാവരും നന്നായി വൃത്തിയാക്കാൻ തുടങ്ങിയിട്ടുണ്ട്.

10.00 AM]

ഞാൻ കേരള പോലീസ് സേനയെ അങ്ങേയറ്റം ആദരിക്കുന്നു. കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷനും പോലീസ് അസോസിയേഷനും ആശുപത്രികളിൽ ക്ലീനിംഗിന് സഹായം ആവശ്യമുണ്ടെങ്കിൽ ചെയ്യാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ടെന്ന് എന്നെ വിളിച്ച് പറഞ്ഞു. അവർ ജനറൽ ആശുപത്രിയിൽ വന്ന് വളരെ അന്തസ്സുറ്റ പ്രവർത്തനം നടത്തി. അവിടെയെല്ലാം വൃത്തിയാക്കി. ആ വൃത്തി തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തലാണ് ഇനി വരുന്ന നാല് വർഷക്കാലം ആരോഗ്യ വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനം. ജില്ലാതലത്തിൽ

അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ് നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. ജില്ലാതലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. ഇതുപോലെ പുസ്തകം ആക്കിയിട്ട് അങ്ങേയ്ക്ക് വായിക്കാൻ നൽകാം. അതുപോലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ട്. മഴക്കാലപൂർവ്വ ശുചീകരണവും എച്ച്1 എൻ1-ഉം ആയി വലിയ ബന്ധമില്ല. വൈറസ് ഉണ്ടാക്കുന്ന രോഗമാണെന്നും അതിന്റെ മറ്റ കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് നന്നായി അറിയാം. പനിയുടെ എണ്ണം പറഞ്ഞ് പേടിപ്പിക്കാൻ ഇടയാക്കരുത്. ശ്രദ്ധിക്കണം. നല്ല ഉത്കണ്ഠയും മുൻകരുതലും ആവശ്യമാണ്. ഒൻപതിനായിരം പേർക്ക് പനി ബാധിച്ചുവെന്നാണ് ബഹുമാനപ്പെട്ട വി.എസ്. ശിവകുമാർ പറഞ്ഞത്. എന്റെ കയ്യിലുള്ളത് 2015-ലെ കാര്യമാണ്. കേരളത്തിൽ 11,98,329 പേർ പനിച്ചുകിടക്കുന്നുവെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. 2011 മുതൽ 2015 വരെ എച്ച്1 എൻ1 ബാധിച്ച് 96 പേർ മരണപ്പെട്ടു. 2015-ൽ 76 പേരാണ് മരിച്ചതെന്ന് അങ്ങ് തന്നെ അസംബ്ലിയിൽ പറഞ്ഞതാണ്. ഞാൻ കഴിഞ്ഞ ദിവസം കണക്ക് തെറ്റി 68 എന്നുപറഞ്ഞു. പക്ഷെ ഞാൻ പറഞ്ഞത് ശ്രദ്ധിക്കാതെ അങ്ങ് പിന്നീട് 76 മരണം ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. കണക്ക് പരിശോധിച്ചപ്പോൾ അന്ന് 80 മരണം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലായി. ഞാൻ കണക്ക് പറഞ്ഞത് പ്രതിരോധിക്കാൻ വേണ്ടിയല്ല. മഴക്കാലത്ത് എല്ലാവരും ശ്രദ്ധിക്കണം. ആദ്യമായിട്ടല്ല പത്രത്തിൽ ഈ വാർത്ത വരുന്നത്. നമ്മളൊരുമിച്ച് ചെയ്യേണ്ടതാണ്. പത്ത് ദിവസത്തിനിടെ ഡെങ്കി പിടിപെട്ടത് 173 പേർക്കാണ്. "എച്ച്1 എൻ1 മരണനിരക്ക് ഉയരുന്നു. പനി കിടക്കയിൽ കേരളം. മരുന്നിന് ഇല്ല ഡോക്ടർമാർ" - 2015-ലെ മാതൃഭമി പത്രത്തിൽ എഴുതിയിരിക്കുന്നതാണ്. ആ സമയത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന ചോദ്യത്തിന് 3454 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അങ്ങ് തന്നെ അസംബ്ലിയിൽ കൊടുത്തിട്ടുള്ള ഉത്തരത്തിൽ പറയുന്നുണ്ട്. അങ്ങയുടെ മറുപടിയാണിത്. 2753 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഈ ആശുപത്രികളിലെ ഒഴിവുകൾ ഒരുവർഷക്കാലം കൊണ്ട് നികത്തി. ഇനി ക്രിയേറ്റ് ചെയ്ത പോസ്റ്റുകളിൽ, അനുവദിക്കപ്പെട്ട തസ്തികകളിൽ വയനാടും കാസർഗോഡും പോലുള്ള ജില്ലകളിൽ രണ്ടും മൂന്നും ഡോക്ടർമാരെ പോസ്റ്റ് ചെയ്തു. ഇവിടെയിരിക്കുന്ന എം.എൽ.എ.മാർ അവരുടെ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.കളിലും ഈ ഒരു വർഷക്കാലത്തിനിടയിൽ എത്ര ഡോക്ടർമാരെ കിട്ടിയിട്ടുണ്ടെന്ന് പറയട്ടെ. ഞാൻ ആ കണക്ക് പറയുന്നില്ല. എനിക്ക് അടുത്തറിയാവുന്ന പേരാവൂരും ഇരട്ടിയിലും ഡോക്ടർമാരെ പോസ്റ്റ് ചെയ്തു. ഞാൻ പേര് എടുത്ത് പറയുന്നില്ല. ഇവിടെ എല്ലാ ആശുപത്രികളിലും ഡോക്ടർമാരെ പോസ്റ്റ് ചെയ്തില്ലേ?

ഈ ഗവൺമെന്റിന്റെ കാലത്ത് എല്ലാം അട്ടിമറിക്കുകയുണ്ടായി, മന്ത്രിക്ക് ഉപദേശം കൊടുക്കാൻ ആളില്ല എന്നുവരെ അദ്ദേഹം പറഞ്ഞു. ഇക്കാര്യങ്ങളൊക്കെ അൽപ്പസ്വൽപം പഠിക്കാൻ കഴിയുന്ന ബുദ്ധിയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഈ ഒരു വർഷക്കാലംകൊണ്ട് ആരോഗ്യ വകുപ്പിൽ എന്താണ് സംഭവിക്കുന്നത്; എന്താണ് പ്രവർത്തിക്കേണ്ടത്; എങ്ങനെയാണ് ഇടപെടേണ്ടത്; എവിടെയാണ് ഊന്നൽ നൽകേണ്ടത് എന്ന് പഠിക്കാൻ മാത്രം അറിഞ്ഞുകൂടാത്ത വിവരക്കേടുള്ള ഒരാളാണ് ഞാനെന്ന് പറയുന്നില്ല. എനിക്ക് ഒരുപാട് അറിവൊന്നും ഈ മേഖലയിലില്ല. ആരോഗ്യമേഖലയിലെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിവില്ലെന്നുള്ള രീതിയിൽ കൊച്ചാക്കേണ്ട ആവശ്യമില്ല. എന്റെ വകുപ്പിലെ ഉദ്യോഗസ്ഥരും ആരോഗ്യവകുപ്പ് സെക്രട്ടറിയും സമർത്ഥരാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ലഭ്യമാകുന്നുണ്ട്. എന്നാൽ ഇതൊക്കെ പഠിച്ച് കാര്യങ്ങൾ തീരുമാനിക്കാൻ മന്ത്രിക്ക് കഴിയാത്തതുകൊണ്ട് ആരെങ്കിലും ഉപദേശം കൊടുത്തേയ്ക്കുവെന്ന കുത്തുവാക്ക് ഉണ്ടല്ലോ അത് ഇവിടെ പ്രയോഗിക്കേണ്ട കാര്യമില്ല. അൽപ്പസ്വൽപ്പം കാര്യങ്ങളൊക്കെ മനസ്സിലാക്കാൻ പ്രാപ്തിയുണ്ടെന്നുള്ള ആത്മവിശ്വാസത്തോടെ തന്നെയാണ് പറയുന്നത്. കഴിഞ്ഞ ഒരു വർഷക്കാലം ഈ വകുപ്പിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചുനോക്കിയാൽ ഈ ഗവൺമെന്റും യു.ഡി.എഫ്-ഉം തമ്മിലുള്ള വ്യത്യാസം എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകും. ഇതെല്ലാം പത്ര കട്ടിംഗ്സാണ്, ഞാൻ ഇതെല്ലാം വായിക്കുന്നില്ല. നിങ്ങളുടെ കാലത്ത് പനി വന്നു, "കേരളത്തിൽ മരുന്നിനില്ല ഡോക്ടർമാർ" എന്നാണ് പത്രങ്ങളിൽ എഴുതിയിരിക്കുന്നത്. ഇത്തവണ പത്രത്തിൽ അങ്ങനെ എഴുതാൻ സാധിക്കുമോ; ഡോക്ടർമാർ ഇല്ലെന്ന് എഴുതിയോ? പത്രങ്ങളിൽ എന്താണ് എഴുതിയത്; ഡെങ്കിപ്പനി പടരുന്നുണ്ട്, എച്ച്1 എൻ1 പടരുന്നുണ്ട് വളരെയേറെ ശ്രദ്ധിക്കണം. കഴിഞ്ഞ തവണ 11 ഗർഭിണികളാണ് എച്ച്1 എൻ1 പിടിപെട്ട് മരിച്ചത്. അങ്ങ് മറക്കണ്ട. ഇത്തവണ 2 പേർ മരിച്ചു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, രോഗപ്രതിരോധ കാര്യങ്ങൾ സംബന്ധിച്ചാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാന്യയായ മന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്ക് പറയാനുള്ളത് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ എച്ച്.എം.സി-യിൽ 81 ലക്ഷം രൂപയായിരുന്നു ഫണ്ട് ഉണ്ടായിരുന്നത്. ശുചിത്വമിഷനിൽ നിന്നും എൻ.എച്ച്.എം.-ൽ നിന്നുമൊക്കെ രോഗപ്രതിരോധത്തിന് ഫണ്ട് നൽകുന്നുണ്ടെങ്കിലും ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും എച്ച്.എം.സി. ഫണ്ട് ഉണ്ട്. ആ ഫണ്ട് ചെലവഴിച്ചിരുന്നെങ്കിൽ മന്ത്രി പോകുമ്പോൾ അവിടെ ശുചിത്വമില്ലായ്മയുടെ ഒരു

ഗതികേട് കാണേണ്ട ആവശ്യം വരില്ലായിരുന്നു. എച്ച്.എം.സി.-യിൽ നിന്നും അനുവദിക്കുന്ന പണം ചെലവഴിക്കേണ്ടത് മെഡിക്കൽ ഓഫീസർമാരും സൂപ്രണ്ടുമാരുമാണ്. ഇത് ചെയ്യാത്ത ആളുകളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

മി. സ്പീക്കർ: ആശുപത്രികളിലെ ശുചിത്വമില്ലായ്മയല്ല നമ്മുടെ വിഷയം. അത് പിന്നീട് ചർച്ച ചെയ്യാം. പനിയാണ് വിഷയം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യം വളരെ പ്രധാനമാണ്. ചോദിച്ച സ്ഥിതിക്ക് പറയുന്നതിൽ തെറ്റില്ല. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികൾ മിക്കവാറും സ്ഥലത്ത് ഫലപ്രദമായി ഇടപെടുന്നുണ്ട്. ജനറൽ ആശുപത്രിയിൽ ഒരു പോരായ്മയുണ്ടായെന്ന് ഞാൻ പറഞ്ഞല്ലോ. അവിടെ ഞാൻ അവരോട് ചോദിച്ചതും അതാണ്. 93 ലക്ഷം രൂപ അവരുടെ ഫണ്ടിൽ ഉണ്ട്. ക്ലീനിംഗ് നടത്തുന്നതിന് ആരും തടസ്സമില്ല. അക്കാര്യം അവർക്ക് ചെയ്യാമായിരുന്നു, അതിൽ കുറവ് വരുത്തിയതുകൊണ്ട് അവിടെ ഇടപെട്ടിട്ടുണ്ട്, പരിഹരിച്ചിട്ടുണ്ട്. ജി.എച്ച്-ന്റെ കഥ കണ്ട് സംസ്ഥാന വ്യാപകമായി ഇങ്ങനെയാണെന്നൊന്നും ധരിക്കേണ്ട. അവർ അത് തിരുത്തിയിട്ടുണ്ട്. ജി.എച്ച്. ഈ സംസ്ഥാനത്തെ ഏറ്റവും വൃത്തിയും വെടിപ്പുമുള്ള സുന്ദരമായ ആശുപത്രിയായിരിക്കും ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോഴെന്ന കാര്യത്തിൽ നിങ്ങൾക്ക് ആർക്കും ഒരു സംശയവും വേണ്ട. അതിനുള്ള എല്ലാ പ്രവർത്തനവും അവിടെ നടത്തിക്കഴിഞ്ഞു. ഞാൻ ഈ പത്ര കട്ടിംഗ്സൊന്നും മുഴുവനും വായിക്കുന്നില്ല. ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം കൊടുത്തിട്ടുള്ള മറുപടികൾ എന്റെ കയ്യിൽ ധാരാളമുണ്ട്. അങ്ങ് ഇടയ്ക്കിടയ്ക്ക് പ്ലീസ് പറയുന്നതുകൊണ്ട് എനിക്ക് ഇതെല്ലാം വായിക്കാൻ സാധിക്കില്ല. പനി ഒരു സാധാരണ സംഭവമാണ്, അങ്ങനെ ഉണ്ടാകുന്നതാണ്, എല്ലാ വർഷവും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ തവണ ഇവിടെയിരിക്കുന്നവർ അവിടെയിരിക്കുമ്പോൾ അങ്ങയോട് ചോദിച്ച ചോദ്യങ്ങൾക്ക് അങ്ങ് പറഞ്ഞ മറുപടിയുടെ അത്ര ലാഘവത്തോടെ ഞാൻ മറുപടി പറഞ്ഞിട്ടില്ല. സാധാരണ മഴ പെയ്യുമ്പോൾ കേരളത്തിൽ പനി പടരാറുണ്ട് അതിലപ്പുറം ഒന്നുമില്ല എന്ന രീതിയിൽ അങ്ങ് പറഞ്ഞ ഉത്തരം ഈ സഭാ രേഖകളിൽ പ്രിന്റ് ചെയ്തു വന്നിട്ടുണ്ട്. അതെല്ലാം അങ്ങ് വായിക്കണം. ഞാൻ അത്രയും ലാഘവത്തോടെ പറഞ്ഞോ; അങ്ങയുടെ പകുതി ലാഘവത്തോടെ ഞാൻ മറുപടി പറഞ്ഞിട്ടില്ല. ആരോഗ്യ വകുപ്പ് വളരെ ഗൗരവത്തിലാണ് ഇക്കാര്യം കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശക്തമായ നിർദ്ദേശം ഞങ്ങൾക്കുണ്ട്. ഉദ്യോഗസ്ഥർ സമർത്ഥമായി ഇടപെടുന്നുണ്ട്. ഞാൻ എന്റെ വകുപ്പിലെ ഉദ്യോഗസ്ഥരെയൊന്നും കുറ്റം പറയുന്നില്ല. നന്നായി

നയിക്കാൻ പ്രാപ്തിയുള്ള ഉദ്യോഗസ്ഥരെ തന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഈ ഗവൺമെന്റ് കർശന നടപടിയെടുക്കും. അതുകൊണ്ട് ദക്ഷിണേന്ത്യയാകെ പൊട്ടിപ്പുറപ്പെട്ട എച്ച്1 എൻ1 കേരളത്തിൽ ശക്തമായി പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പ് ഒരുങ്ങി നിൽക്കുന്നുണ്ട്. ഭരണ-പ്രതിപക്ഷമെന്ന ഭേദമില്ലാതെ നമ്മളെല്ലാം ഒരുമിച്ച് ഇനിയും മരണം ഉണ്ടാകാതെ നോക്കുകയാണ് വേണ്ടത്. മരുന്ന് കൃത്യമായി സ്റ്റോക്കുണ്ട്. അതിന്റെ കണക്ക് കഴിഞ്ഞ അസംബ്ലിയിൽ പറഞ്ഞു. അതിനേക്കാൾ വലിയ അപകടമൊന്നും അതിനുശേഷം ഉണ്ടായിട്ടില്ല. ഇപ്പോൾ കെ.എം.എസ്.സി.എൽ-ലും എല്ലാ ജില്ലാ ആശുപത്രികളിലും 'ഒസൽട്ടാമിവിർ' സ്റ്റോക്കുണ്ട്. അതാണ് എച്ച്1 എൻ1-ന് കൊടുക്കുന്ന മരുന്ന്. അതിൽ എ, ബി, സി പറയുമ്പോൾ ബി, സി ഘട്ടങ്ങളിൽ വരുമ്പോൾ മരുന്ന് കഴിക്കാനുള്ള പ്രേരണ നൽകണം. ഈ രോഗത്തെ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് വളരെ ഉണർന്ന് പ്രവർത്തിക്കുകയാണ്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ആവശ്യം ഇപ്പോഴില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം ആരോഗ്യ രംഗത്ത് നേടിയ എല്ലാ നേട്ടങ്ങളെയും camouflage ചെയ്യുന്ന തരത്തിലാണ് ഇപ്പോൾ പകർച്ച വ്യാധികൾ വ്യാപകമാകുന്നത്. ഇത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. ലോകത്തിനുമുമ്പിൽ നാം കൈവരിച്ച നേട്ടങ്ങൾ ഒരു മാതൃക തന്നെയാണ്. പക്ഷെ കഴിഞ്ഞ കുറെക്കാലമായി മഴക്കാലത്തിനുമുമ്പ് വ്യാപകമായി പടർന്നുപിടിക്കുന്ന വിവിധ മാരകരോഗങ്ങൾ നിരവധി വിലപ്പെട്ട ജീവനുകൾ അപഹരിക്കുകയാണ്. ഞങ്ങൾ ചെയ്ത കാര്യങ്ങൾ പറഞ്ഞതിനകത്ത് എന്ത് തെറ്റാണ് എന്നെനിക്കറിയില്ല. അത് ഈ ഗവൺമെന്റ് പരിശോധിക്കാൻ വേണ്ടിയാണ് പറഞ്ഞത്. ശ്രീ. വി. എസ്. ശിവകുമാർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടങ്ങളിൽ വ്യാപകമായി പനി പടർന്നപ്പോൾ വളരെ വ്യക്തമായി കൂടിയാലോചന നടത്തി ഒരു കലണ്ടർ തയ്യാറാക്കിക്കൊണ്ട് മഴ വരുന്നതിനുമുമ്പ് ഫെബ്രുവരി മാസം മുതൽ ഇതിനുള്ള മുൻകരുതൽ ആരോഗ്യവകുപ്പ് സ്വീകരിക്കുമായിരുന്നു. ആ മുൻകരുതൽ എടുത്തിരുന്നെങ്കിൽ ഇതുപോലുള്ള പകർച്ച വ്യാധികൾ ഇന്ന് പൊട്ടിപുറപ്പെടില്ലായിരുന്നുവെന്ന വസ്തുതാപരമായ ചിത്രമാണ്

മുന്നിൽവച്ചത്. വിഷയം അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യെ അധിക്ഷേപിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിക്കുന്നത് ഒട്ടും ശരിയല്ല. കഴിഞ്ഞ കാലത്തെ തന്റെ അനുഭവം ഈ ഗവൺമെന്റിന്റെ മുന്നിൽ വച്ചാൽ എന്താണ് തെറ്റ്; ആ കാര്യം മനസ്സിലാക്കി പ്രവർത്തിക്കാൻ വേണ്ടിയാണ് പറയുന്നത്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഒരു ഉപദേശകനെ വയ്ക്കണമെന്ന് പറഞ്ഞത് ഇത്രയും വലിയ തെറ്റാണോ; ബുദ്ധിയില്ലാത്തവരാണോ ഉപദേശകരെ വയ്ക്കുന്നത്; അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എത്ര ഉപദേശകരുണ്ട്; മന്ത്രി അതിനെ അങ്ങനെ എടുക്കാൻ പാടില്ലായിരുന്നു. ഇവിടെ ഒരു ഡി.എച്ച്.എസ്. ഉണ്ടോ; നേരത്തെ ഒരു ഡി.എച്ച്.എസ്. ഉണ്ടായിരുന്നല്ലോ, ആരായിരുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ; അന്നൊരു കലണ്ടർ നിർമ്മിച്ച് പ്രവർത്തനം വളരെ ചിട്ടയോടുകൂടി നടത്തി ഭംഗിയായി ജനുവരി മാസം മുതൽ ജൂൺ-ജൂലൈ മാസങ്ങളിൽ ഉണ്ടാകുന്ന മഴക്കാല രോഗങ്ങൾ പ്രതിരോധിക്കാനുള്ള നടപടി സ്വീകരിക്കുമായിരുന്നു. ആ നടപടിയെടുത്തില്ലെന്നാണ് പറഞ്ഞത്.

ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ, ഇക്കാര്യങ്ങളിൽ അദ്ദേഹം അസ്വസ്ഥനായി എന്നാണ് ഞങ്ങൾക്ക് കിട്ടിയ വിവരം. അങ്ങനെയാണെങ്കിൽ അത് നല്ല കാര്യമാണ്. ഇത് സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഇതിൽ രാഷ്ട്രീയമൊന്നുമില്ല. മഴക്കാലത്തുണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെക്കുറിച്ച് പഠിച്ച് മനസ്സിലാക്കി മുൻകരുതൽ സ്വീകരിക്കേണ്ടത് ഏതൊരു ജനകീയ ഗവൺമെന്റിന്റെയും ചുമതലയല്ലേ; ശ്രീമതി ശൈലജ ടീച്ചറെ ഞങ്ങൾ കുറ്റപ്പെടുത്തിയതല്ലല്ലോ; ഡിപ്പാർട്ട്മെന്റ് ഇവിടെ എന്താണ് ചെയ്യുന്നത്? ഇത് മറികടക്കേണ്ട ഉത്തരവാദിത്തമല്ലേ മന്ത്രിക്കുള്ളത്. ഇവിടെ ഹെൽത്ത് സെക്രട്ടറിയും ഡി.എച്ച്.എസ്.-ഉം മറ്റ് സംവിധാനങ്ങളുമുണ്ട്. ആ സംവിധാനങ്ങൾ വേണ്ടരീതിയിൽ പ്രവർത്തിച്ചില്ല എന്നുള്ള ഗുരുതരമായ അവസ്ഥ ഇവിടെയുണ്ട്. തിരുവനന്തപുരം കോർപ്പറേഷനെപ്പറ്റി ഇവിടെ പറഞ്ഞു, കോർപ്പറേഷൻ ഇതിനുവേണ്ടി എന്തു ചെയ്തു; ഇവിടെയുള്ള മുഴുവൻ വേസ്റ്റും ആമയിഴഞ്ചാൻ തോട്ടിലാണ് ഒഴുക്കിവിടുന്നത്. പനിബാധിച്ച ആളുകൾ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത്. ഇപ്പോൾ പാലക്കാടും എറണാകുളവും തൃശ്ശൂരും ഉൾപ്പെടെ എല്ലാ ജില്ലകളിലും പനി വ്യാപകമാവുകയാണ്. മട്ടന്നൂരിലെ വിഷയം ഇവിടെ പറഞ്ഞു. മട്ടന്നൂർ എം.എൽ.എ. പറഞ്ഞു മുനിസിപ്പാലിറ്റിയുടെ കുറ്റമാണെന്ന്. മുനിസിപ്പാലിറ്റിക്കാർ പറഞ്ഞു ഞങ്ങളുടെ കുറ്റമല്ലായെന്ന്. ഇതിന്റെ കാരണമെന്താണ്? കോ-ഓർഡിനേഷനില്ലായ്മയാണ് ഇതിന്റെ കാരണം. നേരത്തെ എം.എൽ.എ.-മാർ പ്രാദേശികാടിസ്ഥാനത്തിൽ

യോഗങ്ങൾ ചേർന്ന് പനി തടയാനുള്ള നടപടികൾ സ്വീകരിക്കുമായിരുന്നു. മഴക്കാലം വരുന്നുവെന്ന് കണ്ട് നേരത്തെ തന്നെ ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുമായിരുന്നു. ഇതൊന്നും ഇവിടെ നടന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. മൊത്തം പനിബാധിച്ചവരുടെ എണ്ണം എട്ടര ലക്ഷമാണ്. കഴിഞ്ഞ ഒരു ദിവസം മാത്രം പനി ബാധിച്ചത് 9549 പേർക്കാണ്, ആകെ 72 പേർ മരിച്ചു. ഇത് ഔദ്യോഗിക കണക്കാണ്. അനൗദ്യോഗിക കണക്ക് വേറെയുണ്ട്. എച്ച്1.എൻ1. ബാധിതരുടെ എണ്ണം 516-ഉം എച്ച്1.എൻ.1 ബാധിച്ച് മരിച്ചവരുടെ എണ്ണം 40-ഉം ആണ്. 40 പേരാണ് എച്ച്1 എൻ1 പനി ബാധിച്ച് നാല് മാസത്തിനുള്ളിൽ മരിച്ചത്. അമേരിക്കൻ ഭൂഖണ്ഡത്തിൽ മെക്സിക്കോയിലാണ് ഈ പനി നേരത്തെയൊക്കെ ബാധിച്ചിരുന്നത്. ഇൻഫ്ലുവൻസ ഫിവർ എന്ന ഒരു വൈറസ്സാണ് ഈ പനിക്ക് കാരണമാകുന്നത്. അവിടെ നിന്നാണ് നമ്മുടെ രാജ്യത്തേയ്ക്ക് ഈ പനി വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ എയർപോർട്ടിൽ വിദേശത്തുനിന്നും വരുന്ന ആളുകളെ എച്ച്1.എൻ1. പനിയുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ അവരെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുമായിരുന്നു. ഡി.എച്ച്.എസ്-ന്റെ പ്രത്യേക സർക്കുലറുണ്ടായിരുന്നു. ടീച്ചർ അതൊക്കെ ഒന്ന് നോക്കണം. അതുപോലെ റെയിൽവേ സ്റ്റേഷനിൽ ഇതിനുവേണ്ട പ്രത്യേക സംവിധാനങ്ങളുണ്ടായിരുന്നു. ഓരോ താലൂക്കാശുപത്രികളിലും പ്രത്യേക കൺട്രോൾ റൂമുകളുണ്ടായിരുന്നു. സംസാരിച്ചാൽ പകരുന്ന മാരകമായ രോഗമാണ് എച്ച്1 എൻ1 പനി. തമിഴ്നാട്ടിൽ ഈ രോഗം ബാധിച്ച് നൂറുകണക്കിന് ആളുകൾ മരിച്ചു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പ്രശ്നമായി ഇത് മാറിയിട്ടുണ്ട്. ഞങ്ങൾ പറയുന്നത് എന്താണ്; ഡിപ്പാർട്ട്മെന്റ് ഉണർന്നു പ്രവർത്തിച്ചില്ല, മന്ത്രിയെ അല്ലല്ലോ പറയുന്നത്; ഡിപ്പാർട്ട്മെന്റ് ഉണർന്നു പ്രവർത്തിച്ചില്ല, ഇതിന്റെ ഗൗരവം കണക്കിലെടുത്തില്ല. നേരത്തെ ശുചീകരണം നടത്തിയില്ല, മഴക്കാല രോഗങ്ങൾ ഉണ്ടാകുമെന്ന് കണ്ടുകൊണ്ട് അതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചില്ല, ഇതിന് ജനകീയ മുന്നേറ്റമുണ്ടായില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യോഗം വിളിച്ച് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുമായിരുന്നു. രോഗത്തെ നേരിടുന്നതിൽ എൽ.ഡി.എഫ്, യു.ഡി.എഫ് എന്ന വ്യത്യാസമുണ്ടോ? രോഗത്തെ നേരിടുന്നതിൽ രാഷ്ട്രീയമുണ്ടോ? കേരളത്തിൽ മുഴുവൻ ഫോഗിംഗ് നടക്കുമായിരുന്നു. ഫോഗിംഗ് എം.എൽ.എ.-മാർ പറയുന്ന സ്ഥലങ്ങളിൽ മാത്രമല്ല നടത്തുന്നത്. പഞ്ചായത്തുകളായിരുന്നു അതിന് നേതൃത്വം കൊടുത്തത്. പനിയെ നേരിടുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇവിടെ എന്തുചെയ്തു? ഇത്രയും വലിയ സംഭവമുണ്ടായിട്ട്

തദ്ദേശ സ്വയംഭരണ വകുപ്പ് എന്തുകൊണ്ട് ഉണർന്നുപ്രവർത്തിച്ചില്ല; അവർ ചെയ്യേണ്ട ജോലി എന്തുകൊണ്ട് ചെയ്തില്ല? മുഖ്യമന്ത്രി ആ യോഗത്തിൽ ഇതൊക്കെ ചോദിച്ചുവെന്നാണ് എനിക്ക് കിട്ടിയ വിവരം. ചോദിച്ചുവെങ്കിൽ അത് നല്ല കാര്യമാണ്. ഒരു പ്രതിസന്ധിയുണ്ടാകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളെ യോജിപ്പിച്ച് മുൻകരുതലുകൾ സ്വീകരിച്ചില്ല എന്നതാണ് ഇവിടത്തെ ഏറ്റവും വലിയ പരാതി. മാലിന്യക്കൂമ്പാരങ്ങൾ വളരെ വ്യാപകമായി ഉണ്ടാകുന്നു. മഴക്കാല രോഗങ്ങൾ പ്രതിരോധിക്കാൻ ജില്ലാ കളക്ടറേറ്റുകളിൽ നേരത്തെ കൺട്രോൾ റൂമുകൾ തുറക്കമായിരുന്നു. അത് ഇപ്പോഴും തുറക്കണം. അടിയന്തരമായി ജില്ലാ കളക്ടർമാരെ അലെർട്ട് ചെയ്തുകൊണ്ട് കളക്ടറേറ്റുകളിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അവിടെ അതിനുള്ള നടപടി സ്വീകരിക്കണമായിരുന്നു. പല ആശുപത്രികളിലും മരുന്നില്ല എന്ന പരാതി വ്യാപകമാണ്. അതുസംബന്ധിച്ച് പരിശോധിക്കണം. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല, പരിശോധിക്കാൻവേണ്ടി പറയുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ചില സമയത്ത് ചില സ്ഥലങ്ങളിൽ സ്റ്റോക്ക് തീരാം. ഇന്നലെ കോട്ടയം ജില്ലാ ആശുപത്രിയിൽ വാക്സിനേഷന്റെ മരുന്ന് ഇല്ലെന്നു പറഞ്ഞ് ഒരു രോഗി എന്നെ വിളിച്ചു. പരിശോധിച്ചപ്പോൾ മിനിഞ്ഞാന്ന് മരുന്ന് തീർന്നിരുന്നുവെന്ന് കണ്ടെത്തി. മരുന്ന് തീരുന്നതിനുമുമ്പേ അവർ അവിടെ സ്റ്റോക്ക് ചെയ്യേണ്ടതാണ്. ഞാൻ ഉടൻതന്നെ ഇടപെട്ടു, അന്ന് വൈകുന്നേരം ആയപ്പോഴേയ്ക്കും അവിടെ മരുന്നെത്തിച്ചു. അപൂർവ്വം ചിലയിടങ്ങളിൽ മരുന്ന് തീർന്നിട്ട് റിപ്പോർട്ട് ചെയ്യുന്നുണ്ട്. നിങ്ങൾ തന്നെ പരിശോധന നടത്തി നോക്കൂ, മരുന്നില്ലാത്ത ഒരവസ്ഥ ഇന്ന് കേരളത്തിലെ ആശുപത്രികളിലില്ല. എവിടെയെങ്കിലും മരുന്നില്ല എന്ന് റിപ്പോർട്ട് ചെയ്താൽ അപ്പോൾ അവിടെ ആ മരുന്ന് എത്തിക്കാനുള്ള സ്റ്റോക്ക് കെ.എം.എസ്.സി.എൽ.-ൽ ഉണ്ട്. അതിൽ ഉറച്ച വിശ്വാസമുള്ളതുകൊണ്ടാണ് ഞാൻ അത് പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എവിടെയൊക്കെ മരുന്നില്ല എന്നുള്ള കണക്ക് ഡി.എച്ച്.എസ്. എല്ലാ ദിവസവും എടുക്കേണ്ടേ? സാധാരണ ഇത് എങ്ങനെയാണ് ചെയ്യുന്നത്; ഡി.എച്ച്.എസ്.-ന് എവിടെയൊക്കെ മരുന്നില്ല എന്നത് സംബന്ധിച്ച് ഡെയ്‌ലി റിപ്പോർട്ട് കിട്ടില്ലേ? അത് ഞങ്ങൾ പറയേണ്ട ആവശ്യമുണ്ടോ; മന്ത്രി പറയേണ്ട ആവശ്യമുണ്ടോ; ഈ ഉദ്യോഗസ്ഥർക്ക് എന്താണ് ജോലി? ഇങ്ങനെയുള്ള അടിയന്തരഘട്ടങ്ങളിൽ കണക്കെടുത്ത് ആവശ്യമുള്ളിടത്ത് മരുന്ന് എത്തിക്കണം. ടെക്നീഷ്യൻമാരില്ലെങ്കിൽ അത് എത്തിക്കണം. കൂടുതൽ ലാബുകൾ തുറക്കണം. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയോട് പറഞ്ഞാൽ അവർ കൂടുതൽ ലാബ് തുടങ്ങുമല്ലോ;

എച്ച്1.എൻ1. പരിശോധിക്കാനുള്ള നടപടികളുണ്ടാകുമല്ലോ? ഡെങ്കിപ്പനി വളരെ അപകടകരമായി വന്നിരിക്കുകയാണ്. ആളുകളുടെ രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് കുറയുന്നു, ആളുകൾ വളരെയേറെ അവശരായിക്കൊണ്ടിരിക്കുന്നു. നമ്മുടെ കയ്യിലുള്ളത് ഗവൺമെന്റ് ആശുപത്രിയിലെ കണക്കാണ്. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന ധാരാളം ആളുകളുണ്ട്. . ഈ വിഷയം അവതരിപ്പിച്ച ശ്രീ. വി. എസ്. ശിവകുമാർ എന്തോ തെറ്റ് ചെയ്തമട്ടിലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചത്. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി. അങ്ങനെ പറയാൻ പാടില്ല. ഞങ്ങൾ കാര്യങ്ങൾ ഇവിടെ ഉന്നയിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രികൂടി ആ വിഷയം അറിയാൻ വേണ്ടിയാണ്. മന്ത്രി അറിയാത്ത കാര്യങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ഉന്നയിക്കേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്. കേരളം പനിച്ച് വിറയ്ക്കുന്നു. ഇതിനെ ഗൗരവമായി കണക്കിലെടുക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ഇതിനെ റിവ്യൂ ചെയ്യാൻ തയ്യാറാകണം. സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഗുരുതരമായ അവസ്ഥ കണക്കിലെടുത്ത് അടിയന്തര നടപടികൾ സ്വീകരിക്കണം. ഇതിനെ ഒരു ജനകീയ മുന്നേറ്റമായി മാറ്റണം. എല്ലാ രാഷ്ട്രീയപാർട്ടികളും സഹകരിക്കാൻ തയ്യാറാണ്. അതിനെ ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ പനിബാധിതരായ ആളുകളെ രക്ഷിക്കാനുള്ള സഹായമുണ്ടാകണം. ഇവിടെ നാൽപ്പതോളം പേരാണ് പനിബാധിച്ച മരിച്ചത്. അവരുടെ സാമ്പത്തിക നില കണക്കിലെടുത്ത്, അവരുടെ കുടുംബാംഗങ്ങൾക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം നൽകാവുന്നതാണ്. വളരെ പാവപ്പെട്ട, സാധാരണക്കാരായ ആളുകളാണ് മരിച്ചിരിക്കുന്നത്. അവർക്ക് സഹായമെത്തിക്കാൻ മുന്നോട്ടുവരണം. ഗവൺമെന്റ് ഈ കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തെറ്റിദ്ധരിച്ചിരിക്കുകയാണ്. എച്ച്1 എൻ1, ഡെങ്കിപ്പനി എന്നിവയൊക്കെ മന്ത്രി പരത്തുന്നുവെന്ന രീതിയിലാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത് എന്നുള്ള ഒരു ധാരണ വന്നിട്ടുണ്ടോയെന്ന് സംശയമുണ്ട്. ഒരു പ്രമേയം വളരെ ശക്തമായ ഭാഷയിലാണ് പ്രതിപക്ഷം അവതരിപ്പിക്കുന്നത്. പക്ഷേ ഒരു മന്ത്രിയെ

സംബന്ധിച്ചിടത്തോളം കുറച്ചുകൂടി സംയമനത്തിൽ മറുപടി പറഞ്ഞില്ലെങ്കിൽ അതവരുടെ രക്തസമ്മർദ്ദം വർദ്ധിപ്പിക്കുകയും ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുമെന്ന് അവരുടെ ആരോഗ്യത്തിൽ ആശങ്കയുള്ള ഒരാൾ എന്നുള്ള നിലയിൽ പറയാൻ ആഗ്രഹിക്കുകയാണ്.

എച്ച്1 എൻ1 രോഗം ഒരു ഇൻഫ്ലുവൻസ വൈറസാണ്. അതൊരു epidemic ആയി മാറിക്കൊണ്ടിരിക്കുകയാണ്. ഈ രോഗം മറ്റ് സംസ്ഥാനങ്ങളിലുമുണ്ട്. ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പുതുച്ചേരി എന്നിവ കഴിഞ്ഞാൽ അതിന്റെ തൊട്ടുതാഴെ കേരളം വന്നുനിൽക്കുകയാണ്. ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ട ഒരു സംസ്ഥാനമെന്ന നിലയ്ക്ക് നമുക്ക് കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ചെറിയ തുമ്മലിലൂടെ അതിന്റെ droplets വരികയാണെങ്കിൽ അത് കൈകൊണ്ട് നമ്മൾ തൊട്ടുകഴിഞ്ഞ് നമ്മൾ കണ്ണോ മൂക്കോ തുടച്ചുകഴിഞ്ഞാൽ ഈ രോഗം പെട്ടെന്ന് പടരുന്ന രീതിയിലേയ്ക്ക് വരികയാണ്. ഇത് കൂടുതലായി വരുന്നതുകൊണ്ട് ഇതിനെ എങ്ങനെ നേരിടണം എന്നുള്ളത് നമ്മളെല്ലാവരും കൂട്ടായി ആലോചിക്കേണ്ട കാര്യമാണ്. അതുകൊണ്ടാണ് ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ് എന്ന് ഞങ്ങൾ പറയുന്നത്. ഭരണപക്ഷവും പ്രതിപക്ഷവും എന്നുള്ള നിലയ്ക്ക് ചിന്തിക്കേണ്ടതല്ല. ഇതിനെ നമുക്ക് എങ്ങനെ നേരിടാം. മരണസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എച്ച്1 എൻ1 കൂടുതൽ അപകടമുണ്ടാകുന്നത് പ്രമേഹമുള്ള രോഗികളിലും ഗർഭിണികളിലും കൊച്ചുകുട്ടികളിലും immuno suppression അല്ലെങ്കിൽ രോഗപ്രതിരോധം ഇല്ലാത്ത ആളുകളിലൊക്കെ കൂടുതൽ സങ്കീർണ്ണമായി വേഗത്തിൽ പടരാനുള്ള സാധ്യതയുണ്ട്. കാറ്റഗറി എ, ബി, സി എന്നുപറയുന്ന മൂന്ന് തട്ടുകളുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, Epidemic ആയി മാറിയാൽ വൈറസിന്റെ ആക്രമണശേഷി കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത്?

<u>ഡോ. എം. കെ. മുനീർ</u>: സർ, Epidemic ആയി കഴിഞ്ഞാലും ഈ വൈറസ് മറ്റുള്ള ആളുകളിലേയ്ക്ക് പടരുന്നത് കൂടുകയാണ്. അതാണ് epidemic എന്നുപറയുന്നത്. ഒരു സമൂഹത്തെ മുഴുവൻ ബാധിക്കുന്ന രീതിയിലേയ്ക്ക് ഇത് പടരും. ഞാൻ അതാണ് പറഞ്ഞുവരുന്നത്. ഇതിന് മൂന്ന് കാറ്റഗറിയുണ്ട്. കാറ്റഗറി എ-യും ബി-യും ട്രീറ്റ്മെന്റ് അധികം ആവശ്യമുള്ളതല്ല. പക്ഷേ 'സി'-യിൽ എത്തുമ്പോഴേയ്ക്കും അതായത് പനി കൂടുന്ന, വിറയൽ വരുന്ന, ഇതുമായി ബന്ധപ്പെട്ട കോംപ്ലിക്കേഷൻസ് ഉണ്ടാകുന്ന സമയത്ത് ഹോസ്പിറ്റലൈസ് ചെയ്ത് ട്രീറ്റ്

ചെയ്യണം. അതിനാവശ്യമുള്ള tamiflu എന്നുള്ള ഒറ്റ മരുന്നേ ഇതിനുള്ളൂ. അമേരിക്കയിൽ നിർമ്മിക്കുന്ന ഒരു മരുന്നാണ്. ഇതല്ലാതെ വേറെ മരുന്നില്ല. അതുകൊണ്ട് ഇതിനാവശ്യമായിട്ടുള്ള precautions എടുക്കണം. മരുന്ന് കൃത്യമായി ഉണ്ടോയെന്ന് എല്ലാ ദിവസവും മോണിറ്റർ ചെയ്യണം. അല്ലെങ്കിൽ അത് പ്രശ്നത്തിലേയ്ക്ക് പോകും. ഡെങ്കിപ്പനിയും ഇതുപോലെ കൊതുക് ഉണ്ടാക്കുന്ന രോഗമാണ്. ഇപ്പോൾ വിദേശരാജ്യങ്ങളിൽ കൊതുകുകളിൽ ജനറ്റിക് എഞ്ചിനീയറിംഗ് ചെയ്യുന്നു. അതിലൂടെ ഈ രോഗത്തെ പ്രതിരോധിക്കാൻ സാധിക്കും. വലിയ ശക്തിയില്ലാത്ത കൊതുകുകളാണ് പിന്നീട് മുട്ടയിട്ട് വിരിയുന്നത്. അതിന് രോഗം ഉണ്ടാക്കാൻ കഴിയില്ല എന്നൊരു കണ്ടുപിടിത്തം ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ പരീക്ഷിക്കുന്നു. ഉപദേശകരും ശാസ്ത്രജ്ഞരുമൊക്കെ കൂടെയുണ്ടെങ്കിൽ അവരോട് ആദ്യം പറയേണ്ടത് നമുക്ക് ഇതിനെ അതിജീവിക്കാൻ പുതിയ എന്തൊക്കെ മാർഗ്ഗങ്ങളുണ്ടോ അതൊക്കെ പരീക്ഷിക്കണമെന്നാണ്. ഇതിന്റെ swab എടുത്ത് പരിശോധിക്കാനുള്ള സൗകര്യം ആലപ്പുഴയിലും മണിപ്പാലിലുമുള്ള രണ്ട് വൈറോളജി സെന്ററുകളിൽ മാത്രമേയുള്ളൂ. അതുകൊണ്ട് ആരോഗ്യവകുപ്പ് ഗൗരവമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങ് ജില്ലാതലത്തിൽ മന്ത്രിമാരെ വിട്ടുകൊണ്ട് ഉദ്യോഗസ്ഥ തലത്തിൽ ഇത് എങ്ങനെ കൈകാര്യം ചെയ്യാമെന്നാണ്. ഇത് എം.എൽ.എ.പോയി നോക്കണം എന്നൊന്നും മന്ത്രി പറയരുത്. ഓരോ സ്ഥലത്തും എം.എൽ.എ.-മാർ പോകുമ്പോഴും ഉദ്യോഗസ്ഥർ ഏത് രീതിയിലാണ് അവരോട് പെരുമാറുന്നത് എന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് മന്ത്രി തന്നെ നേരിട്ട് ഇത് ചെയ്യണമെന്ന അഭ്യർത്ഥന ഞാൻ വയ്ക്കുകയാണ്. പക്ഷേ ഇതൊന്നും ചർച്ച ചെയ്യാൻ കഴിയില്ല എന്നുള്ള അവസ്ഥയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇങ്ങനെയൊരു അടിയന്തരപ്രമേയം ഇവിടെ രണ്ടാമത്തെ പ്രാവശ്യമാണ് പ്രതിപക്ഷം അവതരിപ്പിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യേണ്ടതുതന്നെയാണ്. കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്രമേയം അവതരിപ്പിച്ചതുകൊണ്ട് ഗുണകരമായ മാറ്റമുണ്ടായി. നിയോജക മണ്ഡലാടിസ്ഥാനത്തിൽ യോഗം വിളിക്കണമെന്നുള്ള ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ കത്ത് എനിക്ക് ലഭിക്കുകയുണ്ടായി. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതും അതുതന്നെയായിരുന്നു. വളരെ മുൻകൂട്ടി ഇത്തരത്തിലുള്ള പ്രതിരോധ

പ്രവർത്തനങ്ങൾ ജനപ്രതിനിധികളെ ഏകോപിപ്പിച്ച് നടത്തേണ്ടിയിരുന്നു. വൈകിയാണെങ്കിൽപോലും അത്തരത്തിലുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടന്നിട്ടുണ്ട്. തലസ്ഥാനത്ത് മാത്രമല്ല കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും പനി പടരുന്നുവെന്നതാണ് ഭയാനകമായ കാര്യം. തലസ്ഥാനത്തോ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ പ്രദേശങ്ങളിലും കൊതുക് നിവാരണം അടക്കമുള്ള പരിപാടികൾ പരാജയപ്പെട്ടതിന്റെ അനന്തരഫലമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എച്ച്1 എൻ1, ഡെങ്കിപ്പനി എന്നിവയുൾപ്പെടെ പനി ബാധിതരായവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നാല് മാസത്തിനിടെ 40 പേർ എച്ച്1 എൻ1 ബാധിച്ച് മാത്രം മരണപ്പെട്ടുവെന്നുള്ള കണക്കുകൾ നമ്മുടെ മുന്നിൽ വന്നിരിക്കുകയാണ്. ഡെങ്കിപ്പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം വേറൊരു ഭാഗത്ത് നിൽക്കുന്നു. കഴിഞ്ഞ ദിവസം വിഴിഞ്ഞം ആശുപത്രിയിൽ ചികിത്സ തേടിയ ഒരു കുട്ടി മരിക്കുകയുണ്ടായി. ആ കുട്ടിയുടെ മാതാപിതാക്കളുടെ ആക്ഷേപം എന്നുപറയുന്നത് യഥാസമയം ഡെങ്കിപ്പനി സ്ഥിരീകരിക്കുവാൻ ഹോസ്പിറ്റലിൽ സംവിധാനമുണ്ടായിരുന്നില്ല എന്നുള്ളതാണ്. ഒരു കുട്ടിയുടെ ജീവൻ അവിടെ ഹോമിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും ഒരു അനാസ്ഥ ആ ഭാഗത്ത് ഉണ്ടായിട്ടില്ലേ; ഇതടക്കമുള്ള എത്രയോ കാര്യങ്ങൾ, ഈ രണ്ടാഴ്ചയ്ക്കിടയിൽ വിവിധ പത്രങ്ങളിൽ വന്നിട്ടുള്ള എഡിറ്റോറിയൽ, ലേഖനങ്ങൾ എന്നിവയൊക്കെ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. 'പനിക്ക് മുന്നിൽ കീഴടങ്ങരുത്' എന്ന് മനോരമ ഉൾപ്പെടെ എല്ലാ പ്രമുഖ പത്രങ്ങളും എഡിറ്റോറിയൽ എഴുതി. ഈ എഡിറ്റോറിയലുകളെല്ലാം ഈ ഗവൺമെന്റിനെതിരെയുള്ള കുറ്റപത്രമാണ്. ഒരു വർഷം പൂർത്തിയാക്കുന്ന ഗവൺമെന്റ് ആരോഗ്യമേഖലയിൽ ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന വലിയ ദുരന്തത്തിനുമുമ്പിൽ നിസ്സംഗതയോടെ നിന്നുവെന്നുള്ളതിന്റെ ഉദാഹരണങ്ങളാണ് ഈ അടുത്ത കാലങ്ങളിൽ വന്ന ലേഖന പരമ്പരകളെല്ലാം. അത് ഈ സർക്കാരിനെതിരെയുള്ള കുറ്റപത്രമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ഒരു കാര്യവും സഭ നിർത്തിവച്ച് ചർച്ച ചെയ്യുകയില്ല എന്നുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കാൻ പാടില്ല. അടിയന്തരമായി ചില പ്രശ്നങ്ങൾ വന്നാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. 'സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്നു, അനേകം പേർ മരിക്കുന്നു, നാല് മാസത്തിനകം നാൽപ്പത് പേർ മരിച്ചു' ഇത്രമാത്രം ഭീകരമായ, ഭയാനകമായ ഒരു

സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് ഉദ്ഭൂതമായാൽ, ആ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുകയില്ല എന്നുള്ള നിലപാട് തികച്ചും പ്രതിഷേധാർഹമാണ്. അത് ഒരിക്കലും അനുവദിക്കത്തക്കതല്ല. മുഖ്യമന്ത്രി, ദയവായി സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ഞങ്ങൾ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തുന്നുണ്ടോ; ഇല്ല. പകർച്ചവ്യാധി പടരുന്നത് ഗവൺമെന്റിന്റെ കുഴപ്പമല്ല. പക്ഷേ എന്ത് നടപടികൾ സ്വീകരിച്ചുവെന്നുള്ളതാണ് പ്രശ്നം. മന്ത്രിയോട് അതാണ് ഞങ്ങൾ ചോദിക്കുന്നത്. എന്ത് നടപടിയാണ് മന്ത്രി സ്വീകരിച്ചത്; ആരോഗ്യ വകുപ്പിനെയോ തദ്ദേശസ്വയംഭരണ വകുപ്പിനെയോ സജ്ജമാക്കിയിട്ടുണ്ടോ; എന്ത് പ്രതിവിധിയാണ് സ്വീകരിച്ചത്; ശുചിത്വത്തെ കുറിച്ച് പറഞ്ഞപ്പോൾ അങ്ങ് അതൊക്കെ പുച്ഛിച്ചുകളഞ്ഞു. ശുചിത്വം ഒരു പ്രധാനപ്പെട്ട വിഷയമല്ലേ? കഴിഞ്ഞ അവലോകന യോഗത്തിൽ തന്നെ ശുചീകരണ പ്രവർത്തനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ വട്ടപ്പൂജ്യമാണെന്ന് ആരോഗ്യ വകുപ്പുമന്ത്രി മുഖ്യമന്ത്രിയോട് പരാതിപ്പെട്ടതായി പത്രത്തിൽ കണ്ടു. ഇതൊക്കെ അനാസ്ഥയല്ലേ സൂചിപ്പിക്കുന്നത്; നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സ്ഥിതിവിശേഷമല്ലേ സൂചിപ്പിക്കുന്നത്; അതുകൊണ്ട് നമുക്കാവശ്യമായ പ്രതിവിധികളുണ്ടാകണം. നിവാരണ നടപടികൾ സ്വീകരിക്കണം. ഈ ഗവൺമെന്റ് ഇതൊന്നും സ്വീകരിക്കുന്നില്ല. അതിൽ മാത്രമാണ് ഞങ്ങൾക്ക് പ്രതിഷേധം. അതുകൊണ്ട് ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, പനി വ്യാപിച്ചിട്ടുള്ളതിനെ സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ പൊതുവെ പരാതിയുണ്ട്. പക്ഷേ ഏറ്റവും കൂടുതൽ മരണവും ഏറ്റവും കൂടുതൽ incidents-ഉം ഉണ്ടാകുന്നത് അധികാരികളൊക്കെയുള്ള തലസ്ഥാനത്ത് തന്നെയാണ് എന്നുള്ളത് ഒരു വിശേഷപ്പെട്ട വസ്തുതയല്ലേ? സംസ്ഥാനം കോർപ്പറേഷനെ കുറ്റപ്പെടുത്തും കോർപ്പറേഷൻ സംസ്ഥാനത്തെ കുറ്റപ്പെടുത്തും എന്നതായിരുന്നു പണ്ടത്തെ സ്ഥിതി. ഇന്ന് അതിന് നിവൃത്തിയില്ല. ഇന്ന് എല്ലാവരെയും പൊതുവെ ആക്ഷേപിക്കുന്ന ഒരു സാഹചര്യം വന്നിരിക്കുന്നു. ജനങ്ങൾ സഹിക്കുന്നു. തിരുവനന്തപുരം നഗരത്തിലുള്ള ഒരു താലൂക്കാശുപത്രിയുടെ ഗതിയെപ്പറ്റി ഇന്നത്തെ പത്രത്തിൽ തന്നെ പറയുന്നുണ്ട്. അവിടെ ഡോക്ടർമാരില്ല. ഉള്ള സ്ഥലത്ത് വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. ഗുരുതരമായ രീതിയിൽ നേമത്തെ താലൂക്കാശുപത്രിയെ സംബന്ധിച്ച് രൂക്ഷമായ വിമർശനം

എണ്ണിയെണ്ണി പറയുന്നുണ്ട്. ഇവിടെ ഒന്നുമില്ല, എല്ലാം ശരിയായി കഴിഞ്ഞിരിക്കുന്നു എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് കയ്യൊഴിയാൻ ശ്രമിക്കുകയാണ്. തീർച്ചയായും ഈ ഒരു സാഹചര്യം തലസ്ഥാനത്തുതന്നെ ഉണ്ടായിട്ടും അതിനെ വേണ്ടരീതിയിൽ ഗൗരവത്തിൽ കാണുന്നില്ല, സർക്കാർ ഉദാസീന നയം കാണിക്കുന്നുവെന്നതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) ക്രെഷെകളുടെ പ്രവർത്തനം

ശ്രീ. പി. കെ. ശശി: സർ, നമ്മുടെ സംസ്ഥാനത്ത് ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രെഷെകളുടെയും അതിലെ അറുന്നൂറോളം വരുന്ന ജീവനക്കാരുടെയും പരിതാപകരമായ സ്ഥിതിവിശേഷം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഓരോ സെന്ററിലും ശരാശരി 25 കുട്ടികളുണ്ട്. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികളെയാണ് ഈ ക്രെഷെകളിൽ പരിപാലിക്കുന്നത്. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ 8 മണിക്കൂർ ജോലി ചെയ്യുന്ന ജീവനക്കാരാണ് അവിടെയുള്ളത്. പക്ഷെ ഇവർക്ക് കിട്ടുന്ന വേതനം വളരെ പരിതാപകരമാണ്. വർക്കർ/ബാലസേവികയ്ക്ക് 1,200 രൂപയും ഹെൽപ്പർക്ക് 800 രൂപയുമാണ് കിട്ടിയിരുന്നത്. ഈ അവസ്ഥയിൽ ചെറിയൊരു മാറ്റമുണ്ടായത് ബഹുമാന്യനായ പാർലമെന്റ് മെമ്പർ സഖാവ് പി. കരുണാകരന്റെ ഇടപെടൽമൂലമാണ്. അദ്ദേഹത്തിന്റെ ഇടപെടൽമൂലമാണ് ശിശുക്ഷേമ സമിതിയിൽ ജോലി ചെയ്യുന്ന ബാലസേവികയ്ക്ക് 3,000 രൂപയും ഹെൽപ്പർക്ക് 1,500 രൂപയുമായി മാസവേതനം ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ വർദ്ധിപ്പിച്ചു നൽകിയത്. ഈ തീരുമാനം നടപ്പിലാക്കിയത് 3 മാസം മാത്രമാണ്. 2016 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസം മാത്രമാണ് ഈ വേതനം കിട്ടിയത്. ഏറ്റവും ദൗർഭാഗ്യകരമായ ഒരവസ്ഥ, കഴിഞ്ഞ 14 മാസക്കാലമായി ചില്ലിക്കാശ് ഈ ക്രെഷെകളിലെ ജീവനക്കാർക്ക് കിട്ടുന്നില്ല. നിരവധി തവണ നിവേദനങ്ങൾ കൊടുത്തു. ഒട്ടേറെ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. ഒരു ഫലവുമുണ്ടായില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള തടസ്സമാണെന്നാണ് അറിയാൻ കഴിഞ്ഞത്. സഖാവ് പി. കരുണാകരൻ, എം.പി. ഇക്കാര്യത്തിൽ വീണ്ടും ഇടപെട്ടു. കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ച ഫണ്ടിന്റെ

ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന ശിശുക്ഷേമ സമിതി നൽകാത്തതിനാലാണ് ഈ ഫണ്ട് തടഞ്ഞു വച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ ഇപ്പോൾ സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് നേരിട്ട് ഫണ്ട് കൊടുക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ 14 മാസക്കാലമായി ഈ ക്രെഷെകളിലെ വർക്കേഴ്സിന് 5 പൈസപോലും വേതനമായി കിട്ടിയിട്ടില്ല. ബാലസേവികയാണെങ്കിലും ഹെൽപ്പറാണെങ്കിലും തൊഴിലെടുക്കുന്നവരല്ലേ; അവർക്ക് ജീവിക്കാനാവശ്യമായ വേതനം നിർബന്ധമായും കൊടുക്കേണ്ടതല്ലേ; ജീവനക്കാരെല്ലാം കട ബാധ്യതയിലാണ്. വലിയ പ്രയാസം അവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ക്രെഷെകളുടെ വാടകയിനത്തിൽ 300 രൂപയാണ് കൊടുക്കുന്നത്. ക്രെഷെകളിൽ മതിയായ സൗകര്യങ്ങളില്ല. കുട്ടികൾക്കാവശ്യമായ ഇരിപ്പിടങ്ങളില്ല, കിടക്കയില്ല, കളിപ്പാട്ടങ്ങളില്ല, കക്കൂസുകളില്ല. മിക്ക ക്രെഷെകളും പ്രവർത്തിക്കുന്നത് പരിതാപകരമായ അവസ്ഥയിലാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി സാമൂഹ്യനീതി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്, ഫണ്ടും അനുവദിക്കുന്നുണ്ട്. പക്ഷെ ഇതിലൊന്നും ഈ ക്രെഷെകളെ പരിഗണിക്കുന്നില്ല. സമൂഹത്തിൽ ഏറെ ശ്രദ്ധയും കരുതലും വേണ്ട ഈ സ്ഥാപനങ്ങൾ അവഗണിക്കപ്പെടുകയാണ്. ഈ ക്രെഷെകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ജീവൻ നിലനിർത്താനുള്ള വേതനമെങ്കിലും കൊടുക്കണം. അതല്ലെങ്കിൽ അവർക്ക് ജീവഹാനി സംഭവിക്കും. ഈ അവസ്ഥയ്ക്ക് അടിയന്തരമായി പരിഹാരമുണ്ടാകണം. ക്രെഷെകളിലെ ബാലസേവികമാർക്ക് 8,000 രൂപയും ഹെൽപ്പർമാർക്ക് 5,000 രൂപയും കൊടുക്കണമെന്നാണ് മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ്. സാമൂഹ്യനീതി വകുപ്പ് 14 ജില്ലകളിലായി 250 പുതിയ ക്രെഷെകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് അടുത്തകാലത്ത് പത്രത്തിൽ വന്നതാണ്. ഇത് ജീവനക്കാരെ സംബന്ധിച്ചിടത്തോളം വലിയ ആശങ്കയുണ്ടാക്കുന്നുണ്ട്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രെഷെകളെ നാശത്തിലേയ്ക്ക് തള്ളിവിടരുത്. ജീവനക്കാരെ അനാഥമാക്കരുത്. പല ജീവനക്കാരും 25 വർഷത്തെ സേവനമനുഷ്ഠിച്ചവരാണ്. കേരളത്തിലെ തൊഴിലെടുക്കുന്നവരുടെ അവകാശങ്ങൾ അംഗീകരിക്കുന്ന, താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ ഗവൺമെന്റും സാമൂഹ്യനീതി വകുപ്പും ഇവരുടെ വേതനം സംബന്ധിച്ച വിഷയം നേരിട്ട് ഏറ്റെടുക്കണം. അവരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കണം. ക്രെഷെകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. ഒന്നുകിൽ ഇവരുടെ വേതനം വർദ്ധിപ്പിക്കുക, നിലവിലുള്ള

ക്രഷെകളെ ശക്തിപ്പെടുത്തുക അല്ലെങ്കിൽ സാമൂഹ്യനീതി വകുപ്പ് പുതിയതായി പ്രഖ്യാപിച്ച ക്രെഷെകളിൽ ഈ ജീവനക്കാരെ ഉൾക്കൊള്ളിക്കണം. ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ സംസ്ഥാന ഗവൺമെന്റുകൾക്ക് നേരിട്ട് ഫണ്ട് നൽകുന്നതുകൊണ്ട് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഇക്കാര്യത്തിൽ ഇടപെട്ട് മതിയായ തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം 2006 മുതൽ കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് (CSWB), ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ എന്നിവ വഴി നടപ്പിലാക്കി വന്നിരുന്ന പദ്ധതിയാണ് രാജീവ് ഗാന്ധി നാഷണൽ ക്രെഷെ സ്കീം. മാസ വരുമാനം 12,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ ജോലിക്ക് പോകുന്ന അമ്മമാരുടെയും മറ്റർഹരായ സ്ത്രീകളുടെയും 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ഡേ-കെയർ സൗകര്യം ലഭ്യമാക്കുകയായിരുന്നു പദ്ധതി. 01.01.2016 മുതൽ പദ്ധതി പരിഷ്കരിക്കുകയും മാസത്തിൽ 15 ദിവസവും വർഷത്തിൽ 6 മാസമെങ്കിലും ജോലിക്ക് പോകുന്ന സ്ത്രീകളുടെ 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ക്രെഷെ സൗകര്യം പരിമിതപ്പെടുത്തുകയും ചെയ്തു. കേന്ദ്ര സഹായം 90 ശതമാനവും 10 ശതമാനം ക്രെഷെ നടത്തുന്ന സ്ഥാപനവും വഹിക്കണമെന്നായിരുന്നു നിബന്ധന. 25 കുട്ടികളുള്ള ഒരു ക്രെഷിന് 13,06,440 രൂപ ഗ്രാന്റും സപ്ലിമെന്റിനും ന്യൂട്രീഷനുമായി ഒരു കുട്ടിക്ക് 12 രൂപ നിരക്കിലും പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റിനായി വർഷത്തിൽ 2,000 രൂപയും നൽകുന്നതാണ് പദ്ധതി. കേരളത്തിൽ CSWB വഴിയും ICCW വഴിയും ധനസഹായം ലഭിക്കുന്ന 767 ക്രെഷെകളാണ് ഉണ്ടായിരുന്നത്. ക്രെഷെകളിലെ വർക്കർക്ക് പ്രതിമാസം 3,000 രൂപയും ഹെൽപ്പർക്ക് 1,500 രൂപയുമാണ് ഓണറേറിയം നൽകിയിരുന്നത്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നിയന്ത്രണത്തിൽ 220 ക്രെഷെകളാണ് പ്രവർത്തിച്ചിരുന്നത്. ശേഷിച്ചത് മറ്റ് വിഭാഗങ്ങൾ നടത്തുന്നതാണ്. ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ വഴിയാണ് ഈ ക്രെഷെകൾക്ക് ഗ്രാന്റ് ലഭിച്ചിരുന്നത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇത്തരം എല്ലാ ക്രെഷെകൾക്കും ഗ്രാന്റ് നൽകുന്നത് നിർത്തിവയ്ക്കുകയും അത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് ഗ്രാന്റ് നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുള്ള തുക സംസ്ഥാന ഗവൺമെന്റിന് ലഭ്യമായിക്കഴിഞ്ഞിട്ടില്ല. നൽകുമെന്ന്

പ്രതീക്ഷിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിലുള്ള ക്രെഷെകളിലുള്ളവർക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം കുറെക്കാലമായി അവതാളത്തിലായിരുന്നു. നിരവധി പ്രശ്നങ്ങൾ അതിൽ നിലനിന്നിരുന്നു. ഏതായാലും പുതിയ ശിശുക്ഷേമ സമിതിയുടെ ഭരണസമിതി നിലവിൽ വന്നതിനുശേഷം ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള സജീവമായ ഇടപെടൽ നടത്തുന്നുണ്ട്. ശിശുക്ഷേമ സമിതിയുടെ ഭാരവാഹികളുമായും സോഷ്യൽ ജസ്റ്റിസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായും ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. വലിയ ബുദ്ധിമുട്ടില്ലാതെ നമുക്ക് ഏറ്റെടുക്കാൻ കഴിയുന്നത് ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിലുള്ള ക്രെഷെകളാണ്. അവ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നതിനുള്ള എല്ലാ കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. അത് സംബന്ധിച്ച വ്യക്തമായ തീരുമാനം അടുത്തുതന്നെയുണ്ടാകും. ഇവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മാത്രം ആലോചിക്കേണ്ട ഒരു വിഷയമല്ല. പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുന്നതാണ്. പ്രതിമാസം ബാലസേവികയ്ക്ക് 3,000 രൂപയും ഹെൽപ്പർക്ക് 1,500 രൂപയുമെന്നുള്ളത് അശാസ്ത്രീയമാണ്. അത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ് 250 പുതിയ ക്രെഷുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അത് അങ്കണവാടികളുമായി ബന്ധപ്പെട്ടാണ്. നിലവിലുള്ള ക്രെഷെകൾക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ അങ്കണവാടികൾ ക്ലബ്ബ്ചെയ്ത് അതിന്റെകൂടെ ഇത്തരത്തിൽ ക്രെഷെകൾ ആവശ്യമുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് ആദിവാസി മേഖലയിലും കടലോര മേഖലയിലും ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അത് നിലവിലുള്ള ക്രെഷെകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നതല്ല. ശിശുക്ഷേമ സമിതി നടത്തുന്ന ക്രെഷെകൾ നല്ല രീതിയിൽ പ്രവർത്തിച്ചുപോരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തുള്ള മറ്റ് ക്രെഷെകൾ സംബന്ധിച്ച് പരിശോധന നടത്തിയശേഷം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന എല്ലാ ക്രെഷെകളും തുടരാൻ സാമൂഹ്യനീതി വകുപ്പ് അനുവാദം നൽകുന്നതാണ്.

<u>ശ്രീ. പി. കെ. ശശി:</u> സർ, 14 മാസത്തെ വേതന കുടിശ്ശികയാണ് കൊടുക്കാനുള്ളത്. അവർ വലിയ പട്ടിണി നേരിട്ടുകൊണ്ടിരിക്കുകയാണ്. വേതന കുടിശ്ശികയുടെ കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വേതന കുടിശ്ശിക നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ നിയോജമണ്ഡലമായ പയ്യന്നൂരിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ എയ്യൻകല്ല് എസ്.ടി. കോളനിയിലെ ക്രെഷുകളെക്കൂടി പരിഗണിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സെൻട്രൽ ഗവൺമെന്റ് ചെയ്തുകൊണ്ടിരുന്നത് സ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് വന്നപ്പോൾ, ചില കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ കാലതാമസമുണ്ടായി. അത് പരിഹരിച്ചുകൊണ്ട് കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) റെയിൽപ്പാത

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിലെ റെയിൽവെ വികസന കാര്യത്തെ സംബന്ധിച്ച് ഉയർന്നിട്ടുള്ള ഒന്നുരണ്ട് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. വാജ്പേയ് ഗവൺമെന്റിന്റെ കാലത്ത് സർവ്വെ പൂർത്തിയാക്കിയിട്ടുള്ള നിലമ്പൂർ-നഞ്ചൻകോട് റെയിൽവെയുടെ കാര്യം കുറെക്കാലമായി നീണ്ടുപോകുകയാണ്. ആദ്യം അത് അൺഎക്കണോമിക്കാണെന്നും; വനത്തിൽക്കൂടി പോകുന്നതാണെന്നുമൊക്കെ പറഞ്ഞുകൊണ്ട് കർണ്ണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉദാസീനതയുണ്ടായി, അതുകൊണ്ടത് നടക്കാതെപോയി. പക്ഷെ ഭാഗ്യവശാൽ അതിനിടയിൽ വേറെ രണ്ട് സംഭവങ്ങളുണ്ടായി. റെയിൽവേയുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുന്ന ശ്രീ. ഇ. ശ്രീധരനെ നിയോഗിച്ചുകൊണ്ട് ഒരു റീസർവ്വെ നടത്താൻ തീരുമാനിച്ചതിന്റെ ഫലമായി രണ്ടുമൂന്ന് അനുകൂല സാഹചര്യങ്ങളുണ്ടായി. ഒന്ന്, നിലമ്പൂർ മുതൽ നഞ്ചൻകോടുവരെയുള്ള ഡിസ്റ്റൻസ് കുറഞ്ഞുകിട്ടി. അതുകൊണ്ടത് ഇക്കണോമിക്കായി മാറി. രണ്ട്, ഇത് ടണൽവഴി ആയതിനാൽ വനത്തിൽക്കൂടി പോകുന്നതുകൊണ്ട് സാധ്യമല്ല എന്ന കർണ്ണാടകത്തിന്റെ ടെക്നിക്കൽ ഒബ്ജക്ഷനും മറികടക്കുവാൻ സാധിച്ചു. ഇത് അണ്ടർഗ്രൗണ്ടായി, ടണൽവഴി പോകുമ്പോൾ ഡിസ്റ്റൻസും കുറയും വനത്തിന്റെ ഒബ്സ്ട്രക്ഷൻസും വരുന്നില്ല എന്നുള്ള അനുകൂല സാഹചര്യങ്ങളൊക്കെ ഉണ്ടായി. അതുകൊണ്ട് ചെലവ് കുറഞ്ഞിരിക്കുന്നു. മൂന്നാമത്തെ അനുകൂലസാഹചര്യം എന്നു പറയുന്നത്, കേരള ഗവൺമെന്റും റെയിൽവെയും തമ്മിൽ ഒരു ജോയിന്റ് എഗ്രിമെന്റ് ഉണ്ടാക്കിയതിന്റെ ഫലമായി ഇത്തരത്തിലുള്ള കാര്യങ്ങൾ ടേക്കപ്പ് ചെയ്യാനുള്ള സാഹചര്യവുമുണ്ടായിരിക്കുന്നു. എന്നാൽ സർവ്വെ നടത്തിയതിനു ചെലവായ

രണ്ടുകോടി രൂപ കൊടുക്കാത്തതിന്റെ ഫലമായി അവർ ഓഫീസെല്ലാം പൂട്ടിപ്പോയിരിക്കുന്നു. അതുകൊണ്ടാണ് യു.ഡി.എഫ്.-ഉം എൻ.ഡി.എ-യും ചേർന്നുകൊണ്ട് സംയുക്തമായി കഴിഞ്ഞ ദിവസം അവിടെ ഹർത്താൽ ആചരിക്കേണ്ടിവന്നത്. ഈ പ്രശ്നം ഗൗരവമായി പരിഹരിക്കേണ്ടതാണ്.

ശബരി റെയിൽപ്പാതയുടെ കാര്യത്തിലും ഇതുപോലുള്ള പ്രശ്നങ്ങൾ അന്നുണ്ടായിട്ടുള്ളതാണ്. ഡിസ്റ്റൻസ് വളരെ കൂടുതലായതുകൊണ്ട് പ്ലാന്റേഷൻസിൽക്കൂടി കടന്നുപോകുന്നതിന് അവിടത്തെ ലോക്കൽ ആളുകളുടെ ഒബ്ജക്ഷൻസ് ഉണ്ടായിരുന്നു. എന്നാൽ പിന്നീട് ജനങ്ങളുടെ ഒബ്ജക്ഷൻ പരിഹരിക്കാൻ വേണ്ടി നടത്തിയ റീസർവ്വെയുടെ ഫലമായി മുമ്പ് 131 കിലോമീറ്റർ ഉണ്ടായിരുന്ന ദൂരം ഇപ്പോൾ 117 കിലോ മീറ്ററായി കുറഞ്ഞിട്ടുണ്ട്. നാട്ടുകാരുടെ ഒബ്ജക്ഷൻസും ഏതാണ്ട് പരിഹരിക്കപ്പെട്ടിരിക്കുന്നു. ഒബ്ജക്ഷൻസ് ഇല്ലാതെ കാര്യങ്ങൾ നടപ്പാക്കാൻ അനുകൂലമായ സാഹചര്യം ഉണ്ടായ അവസരത്തിലാണ് ഈ നിസ്സംഗതയും താൽപ്പര്യക്കുറവും അനുഭവപ്പെടുന്നത്. അതുകൊണ്ട് ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട ഒ. രാജഗോപാൽ കേന്ദ്രമന്ത്രി ആയിരുന്നു. ഇപ്പോൾ എം.എൽ.എ.-യാണ്. കാര്യങ്ങളൊക്കെ അറിയാവുന്ന ആളാണ്. പക്ഷെ അങ്ങ് തന്നിരിക്കുന്ന ശ്രദ്ധക്ഷണിക്കലിൽ ശബരി റെയിൽപ്പാതയുടെ പ്രശ്നവും നിലമ്പൂർ-നഞ്ചൻകോട് പാതയുടെ കാര്യങ്ങളെപ്പറ്റിയുമാണ് പരാമർശിച്ചിരിക്കുന്നത്. അങ്ങ് പറയുന്നത് പണം നൽകാതെ നിലമ്പൂർ പാത അട്ടിമറിച്ചു എന്നാണ്. അടിസ്ഥാനരഹിതമായ കാര്യമാണത്. അങ്ങ് ആരോപണമുന്നയിക്കേണ്ട കാര്യമില്ല. അതിന്റെ സാധ്യത മനസ്സിലാക്കി ചെയ്യണമെന്നാണ് സാധാരണ പറയുന്നത്. 260 കോടി രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കേന്ദ്രം നൽകി, എന്നാൽ സംസ്ഥാനം മൗനം പാലിക്കുകയാണെന്നാണ് പറയുന്നത്. പക്ഷെ ഇവിടെ 260 കോടി രൂപയൊന്നും കിട്ടിയിട്ടില്ല. ചിലപ്പോൾ അത് പത്രവാർത്തയായിരിക്കും. പ്രാരംഭമായി ചെറിയൊരു തുക അനുവദിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. അത് ഏതാണ്ട് പത്തു നാൽപ്പതുകോടി രൂപ വരും. ഇവിടത്തെ മുഖ്യ പ്രശ്നം അതൊന്നുമല്ല. ഇവിടെ പറഞ്ഞ ആരോപണങ്ങൾക്ക് പ്രസക്തിയില്ലെന്ന് ഞാൻ പറയുകയാണ്. കേന്ദ്രം പദ്ധതി അട്ടിമറിച്ചു എന്നൊന്നും എനിക്ക് പറയാൻ കഴിയില്ല. അങ്ങനെയൊന്നുമല്ല സംഭവം. മറുപടി ഞാൻ ഔദ്യോഗികമായി വായിക്കുകയാണ്. കോട്ടയം ജില്ലയിലെ പതിമൂന്നോളം വില്ലേജുകളിൽക്കൂടിയാണ്

ശബരി പാത കടന്നുപോകുന്നത്. മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ചുകൾ മാത്രമാണ് റെയിൽവെ സമർപ്പിച്ചിട്ടുള്ളത്. സ്കെച്ച് അവർ തന്നിട്ടില്ല. അതുകൊണ്ട് അവരെ കുറ്റം പറയാൻ കഴിയുമോ? അവർ സ്കെച്ച് തരണം. പതിമൂന്നെണ്ണത്തിൽ മൂന്ന് സ്കെച്ച് മാത്രമേ കിട്ടിയിട്ടുള്ളൂ. അതിൽ സംസ്ഥാന ഗവൺമെന്റ് യാതൊരു കുഴപ്പവും കാണിച്ചിട്ടില്ല. ഇത് പണിയുക എന്നത് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമാണ്. അങ്ങ് പറഞ്ഞതുപോലെ 2016 സെപ്റ്റംബർ 1-ാം തീയതി സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിൽ ഒപ്പുവച്ച മെമ്മോറാണ്ടം ഓൺ റെയിൽവെ ഡെവലപ്മെന്റ് ഇൻ കേരള, അതിൽ ഞങ്ങൾ ഉറച്ച് നിൽക്കുകയാണ്. നമ്മൾ സമർപ്പിച്ച പതിനാല് പദ്ധതികളിൽ ഒരു പ്രധാനപ്പെട്ട പദ്ധതിയാണിത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ ഈ പദ്ധതിയെ അദ്ദേഹത്തിന്റെ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകാരണം സംസ്ഥാന പദ്ധതിയെക്കാൾ വലിയ പ്രാധാന്യമാണ് ഇതിനുള്ളത്. ഇതുകൂടാതെയാണ് പതിനാല് പദ്ധതികൾ കൊടുത്തിട്ടുള്ളത്. കേന്ദ്ര റെയിൽവേയ്ക്ക് 50:50 ആണ് പുതിയ ലൈനിനുവേണ്ടിയുള്ള ഓഹരി വിഹിതം. പക്ഷെ ഇതിൽ നമ്മളെക്കൊണ്ട് 51 ശതമാനം എടുപ്പിച്ചു. അത് നമ്മൾ സന്തോഷപൂർവ്വം അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രം ഒരു ശതമാനം കുറച്ചു, അത് ഞാൻ കുറ്റമായി പറയുന്നില്ല. അത് ഒപ്പിട്ട് കഴിഞ്ഞകാര്യമാണ്. ഇക്കാര്യത്തിൽ വേഗത കൂട്ടാനും എത്രയുംവേഗം നടപ്പിലാക്കാനും ശ്രമിക്കുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചർ വികസനത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുവെയും റെയിൽവെ ഉപരിതല ഗതാഗതത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും മുൻകയ്യെടുത്ത് നിരവധി ചർച്ചകൾ ഡൽഹിയിൽ നടത്തിയിട്ടുണ്ട്. ഇവിടെത്തന്നെ രണ്ട് യോഗങ്ങൾ അങ്ങ് ഉദ്ദേശിക്കുന്ന ഈ പദ്ധതിയെപ്പറ്റി നടത്തി. അദ്ദേഹം നടത്തിയ അവസാന യോഗം 26.12.2016-ൽ ആയിരുന്നു. രേഖകളെല്ലാം കാണിച്ച് വിശദീകരിക്കാൻ സമയമില്ല. ഗവൺമെന്റിന്റെ തലവൻതന്നെ മുൻകൈ എടുക്കുന്ന ഈ പദ്ധതിയുടെ കാര്യത്തിൽ ഗവൺമെന്റിന്റെ താൽപ്പര്യത്തെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. ഗവൺമെന്റിന് നല്ല താൽപ്പര്യമാണുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്കെച്ചുകൾ വേഗം തരണമെന്ന് റെയിൽവെയോട് അഭ്യർത്ഥിച്ചിട്ടുള്ളത്. ആവശ്യമായ പോലീസ് സംരക്ഷണം നൽകുവാനുള്ള ഉത്തരവ് ബഹു. മുഖ്യമന്ത്രി കൊടുത്തിട്ടുണ്ട്. ശബരി റെയിൽപ്പാതയുടെ പ്രാരംഭ ചെലവുകൾക്കായി രണ്ടുകോടി രൂപ സംസ്ഥാന ഗവൺമെന്റ് പൊന്നുംവില ആഫീസർക്ക് കൊടുത്തിട്ടുണ്ട്. അത് റവന്യൂ കാര്യങ്ങൾക്കുവേണ്ടിയാണ്. എന്നാൽ സ്കെച്ച് കിട്ടാത്തതു കാരണം ഒന്നുംതന്നെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പൈസ എത്രവേണമെങ്കിലും കൊടുക്കാൻ തയ്യാറാണ്. പുതിയ എൽ.എ. ആക്ട് പ്രകാരം

അർത്ഥനാപത്രം ലഭ്യമായ വില്ലേജുകളായ അങ്കമാലി 2.88 ഹെക്ടർ, നെടുമ്പാശ്ശേരി 4.78 ഹെക്ടർ, മറ്റൂർ 10.23 ഹെക്ടർ, വടക്കുഭാഗം 5.33 ഹെക്ടർ, ചേലാമറ്റം 1.17 ഹെക്ടർ അടക്കം ഏതാണ്ട് 24-ൽപ്പരം ഹെക്ടർ, 61 ഏക്കർ ഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇതിനായി റെയിൽവെ നമുക്ക് നഷ്ടപരിഹാരമായി 39,15,11,975 രൂപ, അതാണ് നാൽപ്പത് കോടി രൂപ തന്നിട്ടുണ്ടെന്ന് പറഞ്ഞത്. ബാക്കിയെല്ലാം അവരുടെ പ്രഖ്യാപനങ്ങളാണ്, പദ്ധതിയുമായി ബന്ധപ്പെട്ട് തരുമായിരിക്കും. സംസ്ഥാന സർക്കാരും റെയിൽവെയുമായുള്ള സംയുക്ത സംരംഭത്തിന്റെ ഓഹരി വിഹിതം കേരളത്തിന്റേത് 51 ശതമാനവും റെയിൽവേയ്ക്ക് 49% ശതമാനവുമാണ്. രണ്ടാം ഘട്ടത്തിൽ സുൽത്താൻബത്തേരി വഴിയുള്ള നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനോട് യാതൊരു തരത്തിലുള്ള അവഗണനയുമില്ല. ആരൊക്കെയോ അവിടെ ഹർത്താൽ നടത്തിയെന്നാണ് പറയുന്നത്. ഹർത്താൽ നടത്തേണ്ട കാര്യമെന്താണ്? നമ്മളെല്ലാം ഒരുമിച്ച് നീങ്ങുമ്പോൾ ഹർത്താൽ നടത്തേണ്ട ആവശ്യമുണ്ടോ? ഒരുപാട് കാര്യങ്ങൾ ക്ലിയർ ചെയ്യേണ്ടത് കർണ്ണാടക ഗവൺമെന്റും സെൻട്രൽ ഗവൺമെന്റുമാണ്. അതിനെപ്പറ്റി നമുക്ക് വേറെ ചർച്ച ചെയ്യാം. ഇവിടെ യാതൊരു അപാകതയും കാണുന്നില്ല. അതിന് എട്ട് കോടി രൂപ ഗവൺമെന്റ് പറഞ്ഞതിൽ രണ്ട് കോടി രൂപ കൊടുക്കാം. ഇപ്പോൾ കൊടുക്കേണ്ട ആവശ്യമില്ല, കാരണം അന്തിമമായി അതിന്റെ ക്ലിയറൻസ് കർണ്ണാടകത്തിൽനിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയിട്ടില്ല. അത് ഞാൻ പ്രത്യേകിച്ച് പറയാം. ഇതൊന്നും ആരേയും കുറ്റപ്പെടുത്താൻ പറ്റില്ല. നമുക്കൊരുമിച്ച് പരിശോധിക്കേണ്ട കാര്യമാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലുള്ള 'പ്രഗതി' പദ്ധതിയിൽ ശബരി റെയിൽപ്പാതയേയും ഉൾപ്പെടുത്തിയത് സംസ്ഥാന ഗവൺമെന്റ് സ്വാഗതം ചെയ്തിട്ടുണ്ട്. നിലമ്പൂർ-നഞ്ചൻകോട് റെയിൽവെ ലൈൻ കടന്നുപോകേണ്ടത് സംരക്ഷിത വന മേഖലകളിലൂടെയാണ്. കർണ്ണാടകയുടെ സംരക്ഷിത വനപ്രദേശമായ ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിലൂടെയും കടുവാസങ്കേതത്തിലൂടെയും കടന്നുപോകേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ അത് വിശദമായി പറഞ്ഞ കാര്യമാണ്. അതും വാർത്ത വന്നപ്പോൾ തെറ്റിദ്ധരിച്ചിരിക്കുകയാണ്. തെറ്റിദ്ധാരണകൊണ്ടൊന്നും ഒരു കാര്യവുമില്ല. അപ്പോൾ ഈ കടുവാ സങ്കേതങ്ങളിൽക്കൂടി പോകുമ്പോൾ അനുവാദം വേണ്ടേ? ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിന്റെ അനുമതി വേണ്ടേ? എങ്കിൽപ്പോലും നമ്മുടെ ഗവൺമെന്റ് നേരത്തെ ചർച്ച ചെയ്തു. നമ്മുടെ ചീഫ് സെക്രട്ടറി കർണ്ണാടകത്തിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യാൻ പോകുന്നുണ്ട്. ഗവൺമെന്റ് പരിഗണിച്ചുവരുന്ന ഒരു കാര്യമാണ്. കേന്ദ്ര പരിസ്ഥിതി-വനമന്ത്രാലയത്തിന്റെ

അസാധാരണ ഗസറ്റ് പ്രകാരം ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ് ലൈനുകൾ, റോപ് വേകൾ എന്നിവയുടെ നിർമ്മാണം നിഷേധിച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് ഒന്നും ചെയ്യാനില്ല. അഭ്യർത്ഥിക്കുവാൻ മാത്രമെ കഴിയൂ. അതുകൊണ്ട് കേന്ദ്രം ഇതിനെ അട്ടിമറിച്ചെന്ന് ഞങ്ങളാരും ആരോപണമുന്നയിച്ചില്ല. ഞങ്ങൾക്ക് അങ്ങനെ ഉന്നയിക്കാൻ കഴിയില്ല. അതിന്റെ കാര്യമില്ല. അങ്ങനെയല്ല കാര്യം. ഹർത്താൽ നടത്തി എതിർക്കുകയല്ല വേണ്ടത്. പക്ഷെ കാര്യം മനസ്സിലാക്കാതെയാണ് ഹർത്താൽ നടത്തുന്നത്. കേന്ദ്രഗവൺമെന്റിന്റെ അനുവാദം വേണം. ഇവിടെ ഒരു മരം മുറിക്കണമെങ്കിൽ വകുപ്പുമന്ത്രി ശ്രീ. കെ. രാജു പറഞ്ഞാൽപ്പോലും അവർ കേൾക്കില്ല. വനംവകുപ്പുകാർ അങ്ങനെയാണ്. പിന്നെ കേന്ദ്ര കടുവാ സങ്കേതമാകുമ്പോൾ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? കർണ്ണാടകത്തിനും ആശയക്കുഴപ്പമാണ്. കർണ്ണാടക ഗവൺമെന്റ് തന്നെ ഒരു കോൺഫറൻസിൽ സംശയം പറഞ്ഞു. ഞാൻ അത് ഉദ്ധരിച്ച് ഇവിടെ വായിച്ചു. ഇതിന്റെയെല്ലാം പേരിലുള്ള ആശയക്കുഴപ്പം മാറണം, കേന്ദ്രത്തിന്റെ അനുവാദം വേണം, കർണ്ണാടക സംസ്ഥാനം പൂർണ്ണമായും സഹകരിക്കണം. നമ്മളെ സംബന്ധിച്ച് ഒരു തടസ്സവും ഇതുവരെയും പറഞ്ഞിട്ടില്ല. പരിസ്ഥിതിലോല പ്രദേശം, വന്യജീവി സംരക്ഷണം, ദേശീയ ഉദ്യാനം ഇതെല്ലാമുണ്ട്. അതുകൊണ്ട് കേരള-കർണ്ണാടക ചീഫ് സെക്രട്ടറിമാരുടെ ഒരു യോഗം നടന്നു. ഇനിയും നമ്മുടെ ചീഫ് സെക്രട്ടറി സംസാരിക്കുന്നുണ്ട്. അതുകൊണ്ട് വയനാടിന്റെ പുരോഗതിക്കുള്ള ഒരു കാര്യത്തിനും ഈ ഗവൺമെന്റ് എതിരല്ല. ഗവൺമെന്റ് രണ്ട് കയ്യും നീട്ടി സ്വീകരിക്കുകയാണ്. പക്ഷെ കേന്ദ്രവും കർണ്ണാടക ഗവൺമെന്റും തടസ്സങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്.

<u>പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല</u>: സർ, രണ്ട് കോടി രൂപ നമ്മൾ ട്രാൻസ്ഫർ ചെയ്തു കൊടുത്താൽ കർണ്ണാടക സർക്കാരിന്റെ അനുവാദത്തിന് എന്താണ് പ്രശ്നം; സർവ്വേ നടത്തുന്നതിന് എന്താണ് പ്രശ്നം വരുന്നത്;

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അവർ അങ്ങോട്ട് കയറ്റില്ല. നമുക്ക് വനം വകുപ്പിന്റെ സ്ഥലം വരെ മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. നമുക്ക് ആലോചിക്കാം. രണ്ട് കോടി രൂപ കൊടുത്താൽ ചിലപ്പോൾ നടക്കില്ല. കൊടുക്കുന്നതിന് നമുക്ക് പ്രശ്നമില്ല. 8 കോടി രൂപ നമ്മൾ അനുവദിച്ചിരിക്കുകയല്ലേ. അതിൽനിന്ന് 2 കോടി രൂപ കൊടുക്കാമല്ലോ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ഇ. ശ്രീധരൻ പറയുന്നത് അതിന്റെ ആവശ്യമില്ല എന്നാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ശ്രീ. ഇ. ശ്രീധരൻ അങ്ങനെ നമ്മളോട് ഒറ്റയ്ക്കൊറ്റയ്ക്ക് പറഞ്ഞാൽ പോര. കേന്ദ്ര സർക്കാരും കർണ്ണാടക സർക്കാരും സമ്മതിക്കുന്നില്ല. കർണ്ണാടകയ്ക്ക് ആശയക്കുഴപ്പമാണ്. അതവിടെ രേഖയിലുണ്ട്. വേണമെങ്കിൽ മിനിസ്റ്റർ തലത്തിൽ നമുക്കൊരുമിച്ച് ചർച്ച ചെയ്യാം. ഒരു പ്രശ്നവുമില്ല. യാതൊരു തരത്തിലുള്ള അവഗണനയുമില്ല. 14 റെയിൽവേ പദ്ധതികൾ നടപ്പിലാക്കാൻ ഒപ്പിട്ടിട്ടുണ്ട്. സർക്കാർ അതിൽ ഉറച്ചു നിൽക്കുകയാണ്. ശബരി റെയിൽവേയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും നമുക്കെല്ലാവർക്കും താൽപ്പര്യമുണ്ട്. അത് നടക്കുമെന്ന് ഉറപ്പാണ്. മറ്റേതിനുവേണ്ടി പരിശ്രമിക്കാം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോയിരിക്കുന്നു. ഈ ശബരിപാതയെ സംബന്ധിച്ച് ഒന്നും തന്നിട്ടില്ല എന്നുള്ളത് ശരിയല്ല. ഇപ്രാവശ്യത്തെ റെയിൽവേ ബഡ്ജറ്റിൽ 215 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു. ഏതായാലും ഈ കാര്യത്തിലുള്ള സംശയങ്ങൾ തീർക്കുന്നതിന് കർണ്ണാടകത്തിന്റെയും കേരളത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും സംയുക്തമായ ചർച്ചകൾ നടത്തി മുന്നോട്ടുപോകണം. വനമേഖലയിലൂടെ പോകുന്നതുകൊണ്ട് കർണ്ണാടകത്തിന് ചില ഒബ്ജക്ഷൻസ് ഉണ്ടായിരുന്നു. ഇന്ന് ആ പ്രശ്നം വരുന്നില്ല. കാരണം, ടണൽ വഴി കൊണ്ടുപോകുന്നതിനുള്ള സജഷൻസാണുള്ളത്. അതുകൊണ്ട് പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന ഒരു അന്തരീക്ഷമുണ്ടായിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തുകയാണ് വേണ്ടതെന്നാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എല്ലാ സാഹചര്യവും തുറന്ന മനസ്സോടെയും കേരളത്തിന്റെ സുപ്രധാനമായ ആവശ്യമായും പരിഗണിച്ചുവരികയാണ്. റെയിൽവേ ബഡ്ജറ്റിൽ തുക ഉണ്ടെന്നത് ശരിയാണ്. അതൊന്നും ആരും തർക്കിച്ചില്ല. നമുക്ക് തന്ന പണത്തിന്റേത് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. റെയിൽവേ ബഡ്ജറ്റിൽ ഉണ്ട്.

## V സബ്മിഷൻ

### (1) വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ്

<u>മി. സ്പീക്കർ</u>: ഈ വിഷയം സംബന്ധിച്ച് ശ്രീ. പി.ടി.എ. റഹീമും നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിനും സംസാരിക്കാവുന്നതാണ്.

<u>ഡോ. എം. കെ. മുനീർ</u>: സർ, കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജിയിൽ 2012 മുതൽ 2016 വരെ സിവിൽ, ആർക്കിടെക്ചർ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്/ഡിപ്ലോമ കോഴ്സ്

പഠിച്ചിരുന്ന വിദ്യാർത്ഥികൾ മുഴുവൻ ഇന്ന് സമരത്തിലാണ്. കോഴ്സിന് ചേരുന്ന സമയത്ത് എ.ഐ.സി.റ്റി.ഇ., കേരള പി.എസ്.സി., യു.പി.എസ്.സി., എം.എച്ച്.ആർ.ഡി., ടെക്നിക്കൽ എഡ്യൂക്കേഷൻ ബോർഡ്, നോർക്ക അറ്റസ്റ്റേഷൻ തുടങ്ങിയ അംഗീകാരങ്ങളുണ്ട് എന്നാണ് പറഞ്ഞത്. ഇതിനുവേണ്ടി ഇന്റർനെറ്റിൽവരെ അവർ പരസ്യം കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ കോഴ്സ് കഴിഞ്ഞ് ഇവർ ജോലിക്കുവേണ്ടി ശ്രമിക്കുന്ന സമയത്താണ് ഈ അംഗീകാരമൊന്നും ഇല്ലാത്ത ഒരു സ്ഥാപനമാണെന്ന് മനസ്സിലായിരിക്കുന്നത്. 450 കുട്ടികൾ അഡ്മിഷൻ എടുത്തു. 1.50 ലക്ഷം രൂപ വീതമാണ് ഫീസ് വാങ്ങിയത്. 29-3-2017-ന് രക്ഷിതാക്കൾ മാനേജ്മെന്റുമായി ചർച്ച നടത്തിയപ്പോൾ കോഴ്സിന് അംഗീകാരം വാങ്ങിത്തരാമെന്നു പറഞ്ഞു. 22-ന് വീണ്ടും ചർച്ച നടത്തിയപ്പോൾ മാനേജ്മെന്റ് ഈ അംഗീകാരം ഇല്ല എന്ന് സമ്മതിച്ചു. മതിയായ നഷ്ടപരിഹാരം തരാമെന്ന് പറഞ്ഞു. 9-5-2017-ന് തുടർ ചർച്ചയ്ക്ക് തീരുമാനിച്ചു. പക്ഷേ ഇപ്പോൾ ചർച്ചയ്ക്ക് മാനേജ്മെന്റ് തയ്യാറല്ല എന്നു പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികൾ 13 ദിവസമായി സ്ഥാപനത്തിന്റെ മുന്നിൽ നിരാഹാര സമരത്തിലാണ്. അവരുടെ ആരോഗ്യനില വളരെ കഷ്ടമാണ്. ജില്ലാ കളക്ടർ ഇവരുമായി ചർച്ച നടത്തിയിട്ടുണ്ട്. പക്ഷേ അതിലൊന്നും തീരുമാനമായിട്ടില്ല. സമരം ചെയ്യുന്ന വിദ്യാർത്ഥികളുടെ ജീവൻ അപകടത്തിലാണ് എന്നുള്ളതുകൊണ്ടുതന്നെ മാനേജ്മെന്റ് മൗനം തുടരുന്ന ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്തുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ശക്തമായി ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ പറഞ്ഞതിനെ ഞാൻ പിന്താങ്ങുകയാണ്. ഈ സ്ഥാപനത്തിൽ മാത്രമല്ല ഇത്തരം പ്രശ്നം ഉണ്ടായിരിക്കുന്നത്. ചേറൂർ മലബാർ ഐ.ടി.ഐ., തിരൂർ തിരൂർക്കാട് ഹമദ് ഐ.ടി.സി. തുടങ്ങിയ ഏഴോളം സ്ഥാപനങ്ങളിൽ ഇതേ പ്രശ്നമുണ്ട്. അവിടെയെല്ലാം വിദ്യാർത്ഥികൾ സമരത്തിലാണ്. ബഹുമാനപ്പെട്ട കോഴിക്കോട് ജില്ലാ കളക്ടർ ഈ കാര്യത്തിൽ ഇടപെട്ടുകൊണ്ട് കോഴിക്കോട് വനിതാ പോളിടെക്നിക്ക് ജോയിന്റ് ഡയറക്ടർ എൻ. ശാന്തകുമാർ, കോഴിക്കോട് എൻ.ഐ.ടി.-യിലെ ആർക്കിടെക്ചറൽ മേധാവി ഡോ. എം.എം. നസീർ, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് ടെക്നോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. ഷിജോ തോമസ് എന്നിവരെ വിഷയം പഠിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഭാവി നഷ്ടപ്പെടാതിരിക്കുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് കുന്ദമംഗലത്തുള്ള കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി എന്ന സ്ഥാപനത്തിന് ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നില്ല. ഈ സ്ഥാപനം മാത്രമല്ല എഴോളം വേറെ സ്ഥാപനങ്ങളുമുണ്ട് എന്ന് ബഹുമാന്യനായ പി. ടി. എ. റഹീം പറയുകയുണ്ടായി. ആർക്കിടെക്ചർ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശന സമയത്ത് വാഗ്ദാനം ചെയ്ത പ്രകാരമുള്ള അംഗീകാരങ്ങളില്ല എന്ന് ആരോപിച്ച് 2013 മുതൽ 2016 വരെ അദ്ധ്യയന വർഷങ്ങളിൽ പഠിച്ച വിദ്യാർത്ഥികളും മാനേജ്മെന്റുമായി പ്രശ്നമുണ്ടാകുകയും തുടർന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും മാനേജ്മെന്റ് പ്രതിനിധികളുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി. തീരുമാനം ആകാത്തതിനാൽ വിദ്യാർത്ഥികൾ സമരസമിതി രൂപീകരിച്ച് സ്ഥാപനത്തിന് മുന്നിൽ നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. അതാണ് ബഹുമാന്യനായ ഡോ. എം.കെ. മുനീർ ചൂണ്ടിക്കാണിച്ചത്. 12-5-2017-ൽ ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ മാനേജ്മെന്റ് പ്രതിനിധികളെയും വിദ്യാർത്ഥി പ്രതിനിധികളേയും വിളിച്ച് ചർച്ച നടത്തുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും 23-5-2017-നുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ ആവശ്യപ്പെടുകയും ചെയ്തു. 23-5-2017-ന് മാനേജ്മെന്റ് പ്രതിനിധികളോടും വിദ്യാർത്ഥികളോടും ജില്ലാ കളക്ടറുടെ ചേമ്പറിൽ ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിനിടെ 12-5-2017-ന് മുഹമ്മദ് നസീബ് എന്ന വിദ്യാർത്ഥി മാനേജ്മെന്റ് പ്രതിനിധികൾക്കെതിരെ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 413/2017 ആയി കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. 23-5-2017-ലെ ചർച്ചയിൽ രൂപപ്പെടുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) അരൂർ, കുമ്പളം ടോൾപ്ലാസ വികസനം സംബന്ധിച്ച്

ശ്രീ. എം. സ്വരാജ്: സർ, ഇക്കഴിഞ്ഞ 5-ാം തീയതി ഭാരത സർക്കാർ റോഡ് ഗതാഗതം ആന്റ് ദേശീയപാതാ മന്ത്രാലയം, അവരുടെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. രാജേഷ് ഗുപ്തയുടെ പേരിൽ ഒരു പത്ര പരസ്യം നൽകുകയുണ്ടായി. ആ പത്ര പരസ്യത്തിൽ പരാമർശിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളത്തുള്ള ദേശീയ പാതയിലുള്ള ടോൾപ്ലാസയുമായി ബന്ധപ്പെട്ട് ദേശീയപാത 66-ലെ പരിപാലനം, ഗതാഗതം കൈകാര്യം ചെയ്യൽ, വീതികൂട്ടൽ തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാൻ പോകുന്നതിന്റെ വിജ്ഞാപനമാണ്.

എന്നാൽ ഇത് വളരെ വിചിത്രമായതും അസ്വാഭാവികവുമായ വിജ്ഞാപനമാണ്. വിവരാവകാശ നിയമ പ്രകാരം നൽകിയ ചോദ്യത്തിന് ലഭിച്ച മറുപടി നിർദ്ദിഷ്ട സ്ഥലമെടുപ്പ് അരൂർ-കുമ്പളം ടോൾപ്ലാസയുടെ വിപുലീകരണവുമായി ബന്ധപ്പെട്ടാണ് എന്നാണ്. ടോൾപ്ലാസയുടെ വിപുലീകരണത്തിനുവേണ്ടി നമ്മുടെ നാട്ടിൽ എവിടെയും സ്ഥലം ഏറ്റെടുത്തതായി അറിവില്ല. ടോൾപ്ലാസ തന്നെ ഒരു പൊതുശല്യമായി മാറിയിട്ടുള്ളതാണ്. പണം കൊടുക്കണമെന്നു മാത്രമല്ല യാത്രക്കാരായ ആളുകൾക്ക് ദീർഘസമയം കാത്തുനിൽക്കേണ്ടിവരുന്നു, മോശമായ പെരുമാറ്റം ഇവയൊക്കെയുണ്ടാകുന്നുണ്ട്. കേരളത്തിൽ പി.ഡബ്ല്യൂ.ഡി.യുടെ കീഴിലുള്ള ടോളുകളൊക്കെ ഒഴിവാക്കണമെന്ന് തത്വത്തിൽ തീരുമാനിച്ചു കഴിഞ്ഞു. ഇത് നാഷണൽ ഹൈവേയിൽ തുടരുകയാണ്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഇതിനോടകം വിട്ടുകൊടുത്ത ആളുകൾ തന്നെയാണ് അവിടെയുള്ളവർ. അവരുടെ സ്ഥലമാണ് ഇപ്പോൾ വീണ്ടും ഏറ്റെടുക്കണമെന്ന് പറയുന്നത്. പ്രസ്തുത സ്ഥലത്ത് ഇപ്പോൾ തന്നെ നാലുവരിപ്പാതയുണ്ട്. ഇരുഭാഗത്തും സർവ്വീസ് റോഡും 45 മീറ്ററിൽ കൂടുതൽ വീതിയുമുണ്ട്. ഇപ്പോഴുള്ള വിജ്ഞാപന പ്രകാരം സ്ഥലം ഏറ്റെടുക്കുന്ന സ്ഥിതി വന്നാൽ ഈ പ്രദേശത്തെ എഴുപതോളം വീടുകൾ ഒഴിഞ്ഞുകൊടുക്കേണ്ടിവരും. അഞ്ഞൂറോളം ആളുകളാണ് ഈ വീടുകളിൽ താമസക്കാരായിട്ടുള്ളത്. ഇരുപതോളം വ്യാപാര സ്ഥാപനങ്ങൾ ഇവിടെയുണ്ട്. അവിടെ ജോലി ചെയ്യുന്ന 250-ഓളം തൊഴിലാളികളുണ്ട്. മൂന്ന് മത വിഭാഗങ്ങളുടെ ആരാധനാ കേന്ദ്രങ്ങളുണ്ട്. എന്നാൽ ഇങ്ങനെ എന്തെങ്കിലുമൊരു ആവശ്യത്തിന് സ്ഥലം അത്യാവശ്യമായി വരുന്നുണ്ടെങ്കിൽ ഒരു കിലോമീറ്റർ മാറിയാൽ കൂടുതൽ സൗകര്യപ്രദമായ 20 ഏക്കറോളം സ്ഥലം ആൾപ്പാർപ്പില്ലാതെ ഇപ്പോൾ തന്നെ ലഭ്യമാണ്. ഏകദേശം 5 ഏക്കറോളം സ്ഥലമാണ് ഇവർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ടോൾപ്ലാസയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഉള്ളതാണ്. രണ്ട് നിയോജകമണ്ഡലങ്ങളുടെ അതിർത്തിയിലാണ് ഇതുള്ളത്. തൊട്ടപ്പുറത്തുള്ളത് ബഹുമാന്യനായ ശ്രീ. എ. എം. ആരിഫിന്റെ അരൂർ മണ്ഡലമാണ്. അവിടെനിന്നും വിവിധ ആവശ്യങ്ങൾക്ക് എറണാകുളത്തേയ്ക്ക് വരുന്നവർക്കുപോലും ഇവിടെ ഒരിളവ് കിട്ടുന്നില്ല. അത്തരം വിഷയങ്ങൾ മുമ്പ് ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഞാൻ അത് ഇവിടെ ആവർത്തിച്ച് ആവശ്യപ്പെടുന്നു. അന്യായമായതും അനുചിതമായതുമായ ഒരു വിജ്ഞാപനമാണിത്. ടോൾപ്ലാസയുടെ വിപുലീകരണം എന്നത് കേട്ടുകേൾവിയില്ലാത്തതാണ്. ഇപ്പോൾ കേൾക്കുന്നത് ടോൾപ്ലാസയിലെ തൊഴിലാളികൾക്ക് താമസിക്കാനുള്ള സൗകര്യമൊരുക്കാൻവേണ്ടിയാണെന്നാണ്. ഇതിൽ ചില ദുരൂഹതകളുമുണ്ട്. ഞാൻ ഊഹാപോഹങ്ങളിലേയ്ക്ക് കടക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ അധികാരം

ഉപയോഗിച്ചുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്താനും അന്യായമായ ഈ സ്ഥലമെടുപ്പ് എൻ.എച്ച്.എ.ഐ. യെക്കൊണ്ട് ഉപേക്ഷിപ്പിക്കാനും ഇനി സ്ഥലമെടുത്തേ തീരൂ എങ്കിൽ ആൾപ്പാർപ്പില്ലാത്ത കൂടുതൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാണ്, അവിടേയ്ക്ക് മാറ്റി ഈ പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ടി ഇടപെടൽ നടത്തണം എന്ന അഭ്യർത്ഥനയാണ് സബ്മിഷന്റെ ഭാഗമായിട്ടുള്ളത്.

11.00 AM]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കുമ്പളം വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 1.6943 ഹെക്ടർ ഭൂമി എൻ.എച്ച്-66-ന്റെ വികസനത്തിനായി ഏറ്റെടുക്കുന്നതിന് 30-12-2016-ലെ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പൊതുജനങ്ങൾക്കുള്ള ആക്ഷേപം എൻ.എച്ച്. സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ ബോധിപ്പിക്കുവാൻ അവസരം നൽകിയിട്ടുള്ളതും ചില വസ്തു ഉടമകൾ പരാതി നൽകിയിട്ടുള്ളതുമാണ്. ഇക്കൂട്ടത്തിൽ വീടും ഉപജീവന മാർഗ്ഗവും നഷ്ടപ്പെട്ടവരും ദേശീയപാത വികസനത്തിനുവേണ്ടി നേരത്തേ ഭൂമി വിട്ടു കൊടുത്തിട്ടുള്ളവരുമുണ്ട്. നിലവിലുള്ള ടോൾ പ്ലാസയുടെ വികസനത്തിനുവേണ്ടി മാത്രമാണ് ഭൂമി ഏറ്റെടുക്കുന്നത് എന്നുള്ള ആക്ഷേപവും ചിലർ ഉന്നയിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്ക് 45 മീറ്റർ വീതിയും സർവ്വീസ് റോഡും ഉള്ളതിനാൽ ഇനി വികസനത്തിനായി സ്ഥലം ആവശ്യമില്ലെന്നും ചിലർ വാദിക്കുന്നുണ്ട്. ആക്ഷേപം നൽകുവാനുള്ള സമയം 26-5-2017 വരെ ഉള്ളതിനാൽ അതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റ് കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

### (3) മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം

ശ്രീ. അൻവർ സാദത്ത്: സർ, കൊച്ചി മെട്രോ റെയിലിന്റെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ഘട്ടത്തിന്റെ ഉദ്ഘാടന തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഉദ്ഘാടനം സംബന്ധിച്ച് ചില വിവാദങ്ങൾ ഉയർന്ന സാഹചര്യത്തിൽ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്യുന്നതിന് ആരെയാണ് തീരുമാനിച്ചിരിക്കുന്നത്? എല്ലാവരും വളരെ ആവേശത്തോടെ കാത്തിരുന്ന കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്തുകഴിഞ്ഞാൽ കേരളത്തിന്റെ പല ഭാഗത്ത് നിന്നും മെട്രോ ട്രെയിൻ യാത്രയ്ക്കായി ആലുവയിൽ വരുന്ന യാത്രക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ സ്ഥലം ഇല്ലാത്ത അവസ്ഥ വരും. വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള

സൗകര്യം ഏർപ്പെടുത്തി എന്നായിരിക്കും മെട്രോ അധികൃതർ മുഖ്യമന്ത്രിയെ അറിയിച്ചിരിക്കുന്നത്, എന്നാൽ ഇപ്പോൾ പാർക്കിംഗിനായി ഏർപ്പെടുത്തിയിരിക്കുന്നത് വളരെ പരിമിതമായ സ്ഥലമാണെന്നതാണ് യാഥാർത്ഥ്യം. മെട്രോ റെയിലിന്റെ ഉദ്ഘാടനശേഷം ആലുവയിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം കൊണ്ടുവരണം. വി.ഐ.പി.കളടക്കം ആലുവ ഗസ്റ്റ് ഹൗസിലേയ്ക്കും പാലസിലേയ്ക്കും വരുന്നതിനാൽ വലിയ ഗതാഗതക്കുരുക്കുണ്ടാകാനുള്ള സാധ്യതയുണ്ട്. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടിടപെട്ടുകൊണ്ട് മൾട്ടിലെവൽ പാർക്കിംഗിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കൂടാതെ, കൊച്ചി മെട്രോ റെയിലുമായി ബന്ധപ്പെട്ട് മുട്ടം യാർഡിന് സ്ഥലം ഏറ്റെടുത്തപ്പോൾ അന്നത്തെ ജില്ലാ കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഭൂ ഉടമകളുമായി ചർച്ച നടത്തിയപ്പോൾ അവിടത്തെ പരിസരവാസികൾക്കും ഭൂഉടമകൾക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള തൊഴിലവസരങ്ങൾ നൽകാമെന്ന ഓഫർ കൊടുത്തിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ കത്ത് നൽകുകയും മുഖ്യമന്ത്രി അത് ഗതാഗത സെക്രട്ടറിക്ക് കൈമാറിയിട്ടുമുണ്ട്. പദ്ധതി ഉദ്ഘാടന ഘട്ടത്തിൽ എത്തിയതിനാൽ, പരിസരവാസികളും എല്ലാ രാഷ്ട്രീയ പാർട്ടികളും ഇക്കാര്യമുന്നയിച്ച് അവിടെ സമര പരിപാടികളിലാണ്. അതുകൊണ്ട് നേരത്തെ ഉറപ്പുകൊടുത്തിട്ടുള്ള ആളുകൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ നൽകുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. അൻവർ സാദത്ത് ഈ സബ്മിഷനിലൂടെ ധാരാളം കാര്യങ്ങൾ ഒന്നിച്ച് അവതരിപ്പിച്ചിരിക്കുകയാണ്. കൊച്ചി മെട്രോയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അധികം ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ഈ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ് നല്ലതെന്ന് അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിനുള്ള തീയതി നിശ്ചയിച്ചു കൊണ്ടിരിക്കുകയാണ്. തീയതി അനുവദിക്കുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അതിനായുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും ദിസങ്ങൾക്കുള്ളിൽ യഥാർത്ഥ തീയതി അറിയാൻ കഴിയും. പ്രധാനമന്ത്രിയുടെ തിരക്ക് നമുക്ക് ഊഹിക്കാവുന്നതാണ്, അതുമായി ബന്ധപ്പെട്ട ഒരു തീയതി നിശ്ചയിച്ച് നമുക്ക് ലഭിക്കുന്നതിനുള്ള നടപടി വൈകാതെയുണ്ടാകും.

കൊച്ചി മെട്രോ ആലുവയിൽ വച്ച് ഉദ്ഘാടനം ചെയ്യാമെന്നാണ് കരുതുന്നത്. ആലുവയുടെ ചില പ്രത്യേകതകൾ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഉദ്ഘാടനത്തിനുശേഷം പരിശോധിക്കാം. കൊച്ചി മെട്രോയ്ക്കായി വളരെ നീളത്തിലാണ് സ്ഥലമെടുത്തത്. അതിനുവേണ്ടി ധാരാളം ആളുകളിൽനിന്ന് സ്ഥലമെടുത്തിട്ടുണ്ട്. മുട്ടം മെട്രോ യാർഡിന് മാത്രമല്ല സ്ഥലമെടുത്തത്. അതുമായി ബന്ധപ്പെട്ട് കുറേയേറെ പ്രശ്നങ്ങളുണ്ടാവും. അവർക്കെല്ലാം തൊഴിൽ കൊടുക്കാനുള്ള വാഗ്ദത്തം എങ്ങനെയാണ് നടന്നതെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കാം.

### (4) ഫയലുകൾ നശിപ്പിച്ചത് സംബന്ധിച്ച്

ശ്രീ. മുരളി പെരുനെല്ലി: സർ, 2017 ഏപ്രിൽ 17-ന് രാത്രി തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ അതിക്രമിച്ച് കയറി 'അടാട്ട് ഫാർമേഴ്സ് ബാങ്കിൽ' നടന്ന അഴിമതിയുമായി ബന്ധപ്പെട്ട ഫയലുകളും കമ്പ്യൂട്ടർ രേഖകളും നശിപ്പിക്കാനും കൈവശപ്പെടുത്താനും ശ്രമിച്ച പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സഹകരണ വകുപ്പും വിജിലൻസും നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ബാങ്കിൽ നടന്ന കോടിക്കണക്കിന് രൂപയുടെ കൊള്ള നാട്ടിൽ പാട്ടാണ്. ഈ അന്വേഷണം വഴിമുട്ടിക്കാനുള്ള നീക്കം ഒരു പ്രധാന പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയും അവർക്ക് കുടപിടിക്കുന്ന അഴിമതിക്കാരായ ചില ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്നുവെന്നുള്ള വാർത്തകൾ വളരെ സജീവമായി പത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. തെളിവുകൾ നശിപ്പിക്കാനുള്ള ആസൂത്രിതമായ ഗൂഢപദ്ധതിയുടെ ഭാഗമായിട്ടാണ് ഈ സംഭവം നടന്നിട്ടുള്ളത്. ജോയിന്റ് രജിസ്ട്രാർ ഓഫീസ് പിറ്റേദിവസം ഞാൻ സന്ദർശിക്കുകയുണ്ടായി. കളക്ടേറ്റിലെ സി.സി.ടി.വി. ക്യാമറകളിലെ ദൃശ്യങ്ങളും മൊബൈൽ ടവറും പരിശോധിക്കണമെന്ന ആവശ്യങ്ങൾ വളരെ സജീവമാണ്. ഇതുമായി ബന്ധപ്പെട്ട ഓഫീസ് ഉദ്യോഗസ്ഥരേയും മറ്റ് ആളുകളെയും പ്രാഥമിക അന്വേഷണത്തിൽ ചോദ്യം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അതീവ സുരക്ഷാമേഖലയായ കളക്ടേറ്റിലെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പാതിരാത്രി അതിക്രമിച്ച് കയറി അഴിമതിയുടെ തെളിവുകൾ നശിപ്പിക്കാൻ ശ്രമിച്ച പ്രതികളെയും അവരുടെ പിന്നിൽ പ്രവർത്തിച്ച ഗൂഢശക്തികളെയും പുറത്തുകൊണ്ട് വരുന്നതിനും മാതൃകാപരമായ ശിക്ഷ നൽകുന്നതിനുമാവശ്യമായ സത്വര നടപടി കൈക്കൊള്ളണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൃശ്ശൂർ കളക്ടേറ്റിൽ പ്രവർത്തിക്കുന്ന ജോയിന്റ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് 17-4-2017-ന് വിൽസൺ, നന്ദകുമാർ എന്നിവരുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന 11 പേർ ഉൾപ്പെട്ട സംഘം കളക്ടറുടെ ഉത്തരവുണ്ടെന്ന് പറഞ്ഞ് അതിക്രമിച്ച് കടന്നു. തൃശ്ശൂർ ജില്ലാ കളക്ടർക്കും തൃശ്ശൂർ ജില്ലാ പോലീസ് മേധാവിക്കും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ജനറൽ 18-4-2017-ന് ഇതുസംബന്ധിച്ച് പരാതി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ കളക്ടേറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിന് മുന്നിൽ ചെന്നിരുന്നുവെന്ന് മനസ്സിലായി. അവിടെ നടന്നുവെന്നാരോപിക്കുന്ന മറ്റ് കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണം നടന്നുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. കുറ്റക്കാർക്കെതിരെ സത്വര നടപടി സ്വീകരിക്കുന്നതാണ്.

### (5) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കരാർ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, കേരള ജനത ഒരുമനസ്സോടെ ആഗ്രഹിച്ച സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഇത് ലാന്റ് ലോർഡ് പോർട്ടായി നിർമ്മിക്കുന്നതിന് എല്ലാ നടപടികളും പൂർത്തിയാക്കിയതാണ്. യു.ഡി.എഫ്. സർക്കാർ കേന്ദ്രസർക്കാരുമായി ചേർന്ന് ഗൂഢാലോചന നടത്തി ലാന്റ് ലോർഡ് പോർട്ട് എന്ന ആശയം തന്നെ അട്ടിമറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇഷ്ടതോഴനായ ഗൗതം അദാനിക്ക് ചില്ലി കാശിന് ഈ ബൃഹദ് പദ്ധതി തീറെഴുതി കൊടുത്തിരിക്കുകയാണ്. ഇതിന് ഉമ്മൻചാണ്ടി സർക്കാർ കണ്ടുപിടിച്ച ഉപാധിയാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുമെന്ന് പറയപ്പെടുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്. കേന്ദ്രസർക്കാരും ഉമ്മൻചാണ്ടിയും അദാനിക്കുവേണ്ടി നടത്തിയ ഈ തട്ടിപ്പിലൂടെ ഇവർക്ക് ലഭിച്ച കോഴയുടെ കോടികൾ എത്രയെന്ന് പുറത്തുകൊണ്ടുവരേണ്ടിയിരിക്കുന്നു. നിലവിലെ പദ്ധതിയുടെ ആകെ ചെലവ് 7525 കോടി രൂപയാണ്. ഇതിൽ 5073 കോടി രൂപ (അതായത് 68%) കേരള സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തി പദ്ധതിയിൽ നൽകേണ്ടതുണ്ട്. അദാനിയാകട്ടെ 2454 കോടി രൂപ (അതായത് 32%) മാത്രം ചെലവഴിച്ചാൽ മതി. കരാർ കാലാവധി 40 വർഷവും പിന്നീട് നീട്ടിക്കൊടുക്കാവുന്ന 20 വർഷവും കൂടി ചേർത്ത് ആകെ 60 വർഷമാണ്. വീണ്ടും പരസ്പര സമ്മതത്തോടെ 20 വർഷം കൂടി നീട്ടി നൽകാം. അതായത് 2015-ൽ പിറന്നുവീണ ഒരു മലയാളി കുഞ്ഞിന്റെ പരമാവധി ആയുസ്സുവരെ ഈ പദ്ധതി അദാനിയുടെയും അയാളുടെ മക്കളുടെയും കൈകളിലായിരിക്കുമെന്നതാണ് ഇടതുപക്ഷത്തെ വിഷമിപ്പിക്കുന്ന

വിഷയം. ഇപ്പോൾ വിഴിഞ്ഞത്ത് നടന്നുവരുന്നത് പുലിമുട്ട് നിർമ്മാണമാണ്. കേരള സർക്കാരും പുലിമുട്ട് നിർമ്മാണത്തിന് പാറ ഉപയോഗിക്കുമെന്നാണ് നിലവിലെ കരാറിലുള്ളത്. എന്നാൽ ഈ വ്യവസ്ഥ കാറ്റിൽപ്പറത്തി അദാനി തന്നിഷ്ടപ്രകാരം കോൺക്രീറ്റ് കട്ടകളാണ് ഉപയോഗിക്കുന്നത്. അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ നഗ്നമായ ലംഘനമാണിത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്തോ? എന്തായാലും ഒരു കാര്യം സത്യമാണ്. ഉമ്മൻചാണ്ടിയും കൂട്ടരും ഉണ്ടാക്കിയ തുറമുഖ കരാർ അവ്യക്തവും നിഗൂഢതകൾ നിറഞ്ഞതുമാണ്. കേരളീയർക്കാകെ ഇക്കാര്യത്തിൽ സംശയമുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് ഇടതുപക്ഷ മുന്നണി ഈ കരാർ പൊളിച്ചെഴുതുമെന്ന് ജനങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നതാണ്. ഉമ്മൻചാണ്ടി സർക്കാർ എടുത്ത തീരുമാനം സർക്കാർ ഒരു തുടർച്ച എന്ന നിലയിൽ നടപ്പിലാക്കുവാൻ ബാധ്യതയുണ്ടെന്ന് പറയുന്നതിൽ കാര്യമില്ല. ആയതിനാൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ എല്ലാ കാര്യങ്ങളും വെളിച്ചത്ത് കൊണ്ടുവരുന്നതിനായി ഒരു ധവള പത്രം സർക്കാർ പുറപ്പെടുവിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു സബ്മിഷനിലൂടെ മുൻമുഖ്യമന്ത്രി ഇങ്ങനെ ഒരു അഴിമതി നടത്തി എന്നുപറയുന്ന പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യണം.* ഇത് ശരിയായ നടപടിയല്ല. കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നടപടിയിൽ പ്രതിഷേധമുണ്ടെങ്കിൽ പറഞ്ഞോട്ടെ. ഈ ഗവൺമെന്റ് ആ കരാർ ക്യാൻസൽ ചെയ്യണമെങ്കിൽ ചെയ്തോട്ടെ. റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് സബ്മിഷൻ അതിനുവേണ്ടി ഉപയോഗിക്കുന്നത് ശരിയല്ല. മാത്രമല്ല ഞങ്ങൾക്ക് തിരിച്ചുപറയാൻ അവസരവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അംഗം വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ച സബ്മിഷനുമായി ബന്ധപ്പെട്ട് പറയാനുള്ളത് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസെഷൻ കരാർ സ്വകാര്യ പങ്കാളിയായ വിഴിഞ്ഞം അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് മാസം 17-ാം തീയതി ഒപ്പുവച്ചു. Design, Build, Finance, Operate and Transfer (DBFOT) മാതൃകയിലുള്ള ടി പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണവും നടത്തിപ്പും സ്വകാര്യ പങ്കാളിയുടെ ചുമതലയാണ്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 2362/ഇ.ബി./2017/നി.സെ. തീയതി 22-5-2017) സഭാരേഖകളിൽ നിലനിറുത്താൻ തീരുമാനിച്ചു.

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിന് മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ' ഫണ്ടഡ് വർക്ക് ' ആയ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്.

40 വർഷമാണ് കരാർ കാലാവധി. ഇതിൽ 4 വർഷം നിർമ്മാണ കാലാവധിയും ഉൾപ്പെടും. കൺസെഷണർ സ്വന്തം ചെലവിൽ തുടർഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാറിനനുസൃതമായി നടത്തുകയാണെങ്കിൽ 20 വർഷം കൂടി നീട്ടി നൽകാൻ വ്യവസ്ഥയുണ്ട്.

4 ഘട്ടങ്ങളിലായാണ് നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. 1-ാം ഘട്ടത്തിൽ സ്വകാര്യ പങ്കാളി 3100 മീറ്റർ ബ്രേക്ക് വാട്ടർ, 800 മീറ്റർ ബർത്ത്, 10 ലക്ഷം റ്റി.ഇ.യു. സ്ഥാപിതശേഷി എന്നിവ കൈവരിക്കണം.

സ്ഥാപിതശേഷിയുടെ 90% ട്രാഫിക് കൈവരിക്കുന്നത് അനുസരിച്ച് സ്വകാര്യ പങ്കാളി സമയബന്ധിതമായി പദ്ധതിയുടെ 2-ാം ഘട്ടവും 3-ാം ഘട്ടവും 4-ാം ഘട്ടവും വികസിപ്പിക്കണം. ടി പ്രവർത്തനങ്ങൾക്കുള്ള ചെലവ് പൂർണ്ണമായും വഹിക്കേണ്ടത് സ്വകാര്യ പങ്കാളിയാണ്. (2-4 വരെയുള്ള ഘട്ടങ്ങൾ). ഒന്നാംഘട്ടത്തിൽ മാത്രമാണ് സ്വകാര്യ പങ്കാളിക്ക് സർക്കാർ ധനസഹായം നൽകുന്നത്.

പി.പി.പി. ഘടകമായ 4089 കോടി രൂപയിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ഇത് 1635 കോടി രൂപയാണ്. ഇതിൽ 30% തുകയായ 1226.7 കോടി രൂപ 'Equity Support' ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ 'O & M Support' ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

പി.പി.പി. ഘടകത്തിന്റെ 20% തുകയായ 817.8 കോടി രൂപ നിർമ്മാണ കാലയളവിൽ കേന്ദ്ര സർക്കാർ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവും ഒപ്പം 408.90 കോടി രൂപ (പി.പി.പി. ഘടകത്തിന്റെ 10%)-യും സഹായധനമായി നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ്.

നടത്തിപ്പ് കാലയളവിൽ സംസ്ഥാന സർക്കാർ 408.3 കോടി രൂപ സഹായധനമായി നൽകും. സമയബന്ധിതമായി ഭൂമി ഏറ്റെടുക്കൽ, റെയിൽവേ ലൈനിന്റെ നിർമ്മാണം, പാരിസ്ഥിതികാനുമതി ലഭ്യമാക്കൽ എന്നിവ സർക്കാർ ചുമതലയാണ്. ഇതിന് 1973 കോടി രൂപ മുതൽമുടക്ക് വേണ്ടിവരും.

പദ്ധതിക്കായി ആകെ വേണ്ടത് 149.6761 ഹെക്ടർ ഭൂമിയാണ്. അതിൽ 96.6761 ഹെക്ടർ റവന്യൂ ഭൂമിയും 53 ഹെക്ടർ കടൽ നികത്തിയെടുക്കേണ്ട ഭൂമിയുമാണ്. ഇതിൽ 137.6101 ഹെക്ടർ ഭൂമി (91%) 2015 ഡിസംബർ 4-ന് അദാനി കമ്പനിക്ക് ഉപയോഗത്തിനായുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 12.0660 ഹെക്ടർ ഭൂമിയിൽ 4.3805 ഹെക്ടർ ഏറ്റെടുത്തുകഴിഞ്ഞു. ടി ഭൂമി കമ്പനിക്ക് കൈമാറുന്നതിനും ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. ലൈസൻസ് ചെയ്തിരിക്കുന്ന ഭൂമിയുടെ 30% തുറമുഖേതര വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ പങ്കാളി വിനിയോഗിക്കുന്നതാണ്.

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച തുറമുഖം കരാർ പ്രകാരം 1465 ദിവസം കൊണ്ട് പൂർത്തീകരിക്കണമെന്നാണ്. അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കും.

തുറമുഖ നടത്തിപ്പിന്റെ 15-ാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വാർഷികം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാന വിഹിതം ലഭിച്ചു തുടങ്ങുകയും ചെയ്യും. 20-ാം വർഷം ഇത് ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന 40-ാം വർഷം 21% വരെ ഉയരും. കരാർ നീട്ടുകയാണെങ്കിൽ സർക്കാരിന്റെ വരുമാന വിഹിതവും വർഷത്തിന് ഒരു ശതമാനം വച്ച് കൂടും. കൂടാതെ തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ 7-ാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

മറ്റ് വ്യവസ്ഥകൾ

കരാർ പ്രകാരമുള്ള എല്ലാ സാമ്പത്തിക ക്രയവിക്രയങ്ങളും ഒരു എസ്ക്രോ അക്കൗണ്ടിനും എസ്ക്രോ എഗ്രിമെന്റിനും അനുസൃതമായിരിക്കും. നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസി ഉണ്ടായിരിക്കുന്നതാണ്. കണക്കുകൾ പരിശോധിക്കുന്നതിന് ഓഡിറ്റർ പാനൽ സർക്കാർ തയ്യാറാക്കുന്നതാണ്. ഇതിൽ ഒരു ഓഡിറ്ററെ മാത്രമാണ് സ്വകാര്യ പങ്കാളിക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായി നിയമിക്കാൻ സാധിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾ കർശനമായും സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കും. മാത്രമല്ല, പ്രത്യേകം കൺകറന്റ് ഓഡിറ്ററെ നിയമിക്കാൻ സംസ്ഥാനത്തിനവകാശമുണ്ട്. അതിന് നടപടികൾ എടുത്തുവരുന്നു. നാല് തവണ ടെൻഡർ ചെയ്തശേഷം കൺസെഷണറെ കണ്ടെത്തിയ ഈ പദ്ധതി

സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പദ്ധതി എന്ന നിലയ്ക്കും കേരള ചരിത്രത്തിലെ നാഴികക്കല്ലെന്ന നിലയ്ക്കും സമയനിഷ്ഠമായി പൂർത്തീകരിക്കുന്നതിലാണ് സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ജൂൺ 1-ാം തീയതി വാർഷിക പരിപാടിയോടനുബന്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുക്കുന്ന ഒരു ഉദ്ഘാടന ചടങ്ങ് അവിടെ സംഘടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ആലോചിച്ച് മാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളൂ.

## (6) മൾട്ടിപ്ലക്സ് തിയേറ്ററുകൾ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സാംസ്കാരികരംഗത്തും സിനിമാ രംഗത്തും വിവാദങ്ങളില്ലാതെ വമ്പിച്ച മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന സർക്കാരിനും വകുപ്പുമന്ത്രിക്കും ആദ്യം അഭിവാദ്യങ്ങൾ അർപ്പിക്കുകയാണ്.

കേരളത്തിലെ പ്രധാന ജില്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ കോംപ്ലക്സുകളിൽ ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മൾട്ടിപ്ലക്സ് തിയേറ്ററുകൾ ആരംഭിക്കാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ഇതൊരു വരുമാനം കൂടിയാകും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തമ്പാനൂർ, തിരുവല്ല എന്നീ ബസ് ടെർമിനൽ കോംപ്ലക്സുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ തിയേറ്ററുകൾ നിർമ്മിക്കുന്നതിനായി സ്ഥലം നൽകുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തമ്പാനൂരിൽ ഒന്നും തിരുവല്ലയിൽ മൂന്നും സ്ക്രീനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം മാനദണ്ഡങ്ങൾക്ക് വിധേയമായി വിട്ടുനിൽകാൻ കെ.ടി.ഡി.എഫ്.സി. തയ്യാറായിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കെ.ടി.ഡി.എഫ്.സി-യും തമ്മിൽ ചർച്ച നടത്തി കരാർ നിബന്ധനകൾ അന്തിമമായിക്കൊണ്ടിരിക്കുകയാണ്. ചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാർ ഒപ്പിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും സ്വന്തം വരുമാനം ഉപയോഗിച്ചും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആധുനിക നിലവാരമുള്ള തിയേറ്ററുകൾ സ്ഥാപിക്കുന്നതാണ്. അതോടൊപ്പം

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ തിയേറ്റർ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് താല്പര്യമുള്ള കാര്യം കെ.ടി.ഡി.എഫ്.സി.യെ അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ടെർമിനലുകളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുതരുന്ന സാഹചര്യത്തിൽ അവിടെ തിയേറ്റർ പണിതീർത്ത് പ്രവർത്തിപ്പിക്കുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. കെ.എസ്.എഫ്.ഡി.സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംയുക്തമായി 50 തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണ്. ഈ വർഷം 20 തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ അധികാര കാലാവധിയിൽ സ്വകാര്യ മേഖലയിലുൾപ്പെടെ 500 തിയേറ്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (7) അടൂർ ജനറൽ ആശുപത്രിയുടെ സമഗ്ര വികസനം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സാമൂഹികാരോഗ്യ കേന്ദ്രമായി പ്രവർത്തനമാരംഭിച്ച അടൂർ ഗവൺമെന്റ് ആശുപത്രി 2008-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷമായി ജനറൽ ആശുപത്രിക്കാവശ്യമായ ഒരു തസ്തികയും ഗവൺമെന്റ് അനുവദിച്ചിരുന്നില്ല. ജനറൽ ആശുപത്രിക്കനുസൃതമായ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ കാര്യത്തിലും ഇതര സാങ്കേതിക സൗകര്യങ്ങളുടെ കാര്യത്തിലും പരിതാപകരമായ നില തുടരുകയാണ്. 150 കിടക്കകളുള്ള ഈ ആശുപത്രി 300 കിടക്കകളോടുകൂടിയ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ട് ഒരു പതിറ്റാണ്ടടുക്കുകയാണ്. നിലവിൽ എല്ലാ കെട്ടിട സൗകര്യങ്ങളുമുണ്ടായിട്ടും അർഹമായ പരിഗണന ലഭിക്കാതെ ഈ ആശുപത്രി അവഗണനയിലാണ്. ദിനംപ്രതി രണ്ടായിരത്തിലധികം രോഗികൾ ഒ.പി.യിലും അമ്പതിൽപ്പരം രോഗികൾ ഐ.പി.-യിലുമായി ചികിത്സ തേടിയെത്തുന്ന ജില്ലയിലെ തിരക്കേറിയ ആശുപത്രികളിലൊന്നാണ് അടൂർ ജനറൽ ആശുപത്രി. സംസ്ഥാനത്തെ പ്രമുഖ റോഡുകളായ കെ.പി. റോഡ്, എം.സി. റോഡ്, ചവറ - പത്തനംതിട്ട റോഡ് എന്നിവയോട് ചേർന്നും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടും മറ്റ് നിരവധി അപകടങ്ങളിൽപ്പെട്ടും ചികിത്സ തേടിയെത്തുന്ന ഈ ആശുപത്രി ആലപ്പുഴ, കൊല്ലം ജില്ലകളുടെ അതിർത്തി പ്രദേശത്താണ്. ഈ മേഖലയിൽ മറ്റ് ആശുപത്രികളില്ലാത്തതിനാൽ അന്യ ജില്ലക്കാരായ അസംഖ്യം രോഗികൾ ദിവസേന ഇവിടെ ചികിത്സയ്ക്കായി എത്തുന്നു. എന്റെ എം.എൽ.എ. ആസ്തി

വികസന ഫണ്ടിൽനിന്ന് 1 കോടി രൂപ ഉപയോഗിച്ച് കുട്ടികൾക്കുവേണ്ടി പ്രത്യേകമായ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും ജീവനക്കാരുടെ അഭാവംമൂലം അവിടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റുതന്നെ 5 നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പണം അനുവദിക്കുകയും ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സൂപ്രണ്ടിന്റെ പോസ്റ്റ് 6 മാസമായി ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെ ജനറൽ ആശുപത്രിക്കാവശ്യമായ പത്തോളം സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ കുറവുണ്ട്. നഴ്സിംഗ് സ്റ്റാഫ്, നഴ്സിംഗ് അസിസ്റ്റന്റ്, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള സ്റ്റാഫുകളുടെ കുറവുമുണ്ട്. അടൂർ ജനറൽ ആശുപത്രിയുടെ ഈ വിഷയം സംബന്ധിച്ച് ഞാൻ നേരത്തെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയു മുണ്ടാകാത്തതിനാൽ ആശുപത്രിയുടെ പ്രവർത്തനം വളരെ ശോചനീയമാണ്. വളരെ ഗൗരവമായി ഈ വിഷയം ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അനുഭാവപൂർവം അടൂർ ജനറൽ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2008-ലാണ് അടൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ 300 കിടക്കകളോടുകൂടിയ ജനറൽ ആശുപത്രിയായി ഉയർത്തിയത്. സാമൂഹികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായുള്ള തസ്തിക മാത്രമേ ആ സമയത്തുണ്ടായിരുന്നുള്ളൂ. പിന്നീട് താലൂക്ക് ഹോസ്പിറ്റലിന് ആവശ്യമായ തസ്തിക ക്രിയേറ്റ് ചെയ്യാതെയാണ് ജനറൽ ആശുപത്രിയായി ഇതിനെ അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ഈ കാര്യങ്ങൾ എല്ലാവരും മനസ്സിലാക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ ആശുപത്രികൾ ഇങ്ങനെയാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. പല തരത്തിലുള്ള ഫണ്ട് ലഭ്യമായതിനാൽ കെട്ടിടമുണ്ടാക്കുന്നതിന് ഇപ്പോൾ വലിയ ബുദ്ധിമുട്ടില്ല. ഇവിടെ ദിനംപ്രതി രണ്ടായിരത്തിലധികം രോഗികൾ ഒ.പി. വിഭാഗത്തിലും 50-ലധികം രോഗികൾ ഐ.പി. വിഭാഗത്തിലും എത്തുന്നുണ്ട്. 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനവുമുണ്ട്. മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോ, ഒഫ്താൽമോളജി, ഡെർമറ്റോളജി, ഇ.എൻ.ടി., റെസ്പിറേറ്ററി മെഡിസിൻ എന്നീ സ്പെഷ്യാലിറ്റികൾ ഇവിടെ ലഭ്യമാണ്. ഇതിനാണ് തസ്തിക ആവശ്യമായിട്ടുള്ളത്. ആർദ്രം പദ്ധതി പ്രകാരം അധിക തസ്തിക സൃഷ്ടിക്കാനായി തയ്യാറാക്കിയ പ്രൊപ്പോസലിൽ ഈ

ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാൻ നേരത്തെ പ്രസ്താവിച്ചതാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3100-ലേറെ തസ്തികകൾ ആരോഗ്യമേഖലയിൽ സൃഷ്ടിച്ചു. അത് മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്താൻ വേണ്ടിയും ഒരു ഡോക്ടർ പോലുമില്ലാത്ത ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കാനും ബാക്കിയുള്ളത് ഇതുപോലെ അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ വേണ്ടത്ര സ്റ്റാഫില്ലാത്തത് നികത്താനുമാണ്. ഒരു വർഷത്തിനിടയിൽ ഇത്രയും തസ്തിക ക്രിയേറ്റ് ചെയ്യുന്നത് ചരിത്രപരമായ റെക്കോർഡാണ്. ജനറൽ ഹോസ്പിറ്റലുകളുടെയും ജില്ലാ ഹോസ്പിറ്റലുകളുടെയും തസ്തിക ക്രിയേറ്റ് ചെയ്യുന്ന പ്രൊപ്പോസലിൽ അട്ടൂർ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക ക്രിയേറ്റ് ചെയ്ത് കിട്ടുന്ന മുറയ്ക്ക് അട്ടൂർ ജനറൽ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതായിരിക്കും.

## (8) പുഴയ്ക്കൽ പാലം നിർമ്മാണം

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാന പാതകളിൽ ഏറ്റവും തിരക്കേറിയ പാതയാണ് തൃശ്ശൂരിൽനിന്നും കുന്ദംകുളത്തേയ്ക്ക് പോകുന്ന സംസ്ഥാനപാത. അത് കുന്ദംകുളത്തേയ്ക്ക് മാത്രമല്ല ഗുരുവായൂരിലേയ്ക്ക് പോകുന്ന പ്രധാനപ്പെട്ട വഴികൂടിയാണ്. പൂങ്കുന്നത്തു നിന്നാരംഭിച്ച് പുഴയ്ക്കൽ ശോഭാ സിറ്റിയുടെ മുന്നിലെത്തുന്നതോടുകൂടി നാല് വരി രണ്ട് വരിയായി മാറുകയാണ്. അതിനുശേഷം പുഴയ്ക്കൽ സെന്ററിൽ നിന്നും വീണ്ടും നാലുവരിയായി മാറുകയാണ്. ഇതിനിടയിൽ വരുന്ന ഏകദേശം 250 മീറ്റർ ദൂരം രണ്ട് വരിയായി മാറുന്നതോടെ വലിയ തോതിലുള്ള ഗതാഗതക്കുരുക്കാണുണ്ടാകുന്നത്. ആ പോയിന്റ് പിന്നിടാൻ ഏകദേശം രണ്ട് മണിക്കൂർ വേണ്ടിവരുന്ന സാഹചര്യമാണുള്ളത്. അവിടെ നിലവിൽ രണ്ട് പാലങ്ങളാണുള്ളത്. ഒരു പാലത്തിൽക്കൂടി മാത്രമാണ് ഇപ്പോൾ ഗതാഗതം നടക്കുന്നത്. പഴയ പാലം തകർന്നതിനാൽ അതിലൂടെ ഗതാഗതം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആ പാലം ഇല്ലാത്തതുകൊണ്ടാണ് ഗതാഗതക്കുരുക്ക് വളരെ രൂക്ഷമായുണ്ടാകുന്നത്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം, അവിടെ താൽക്കാലികമായി ഒരു പാലമുണ്ടായാൽ ചെറിയ വാഹനങ്ങൾ കടത്തിവിടാൻ കഴിയും. ഇപ്പോഴത്തെ അവസ്ഥയിൽ പാലം പൂർണ്ണമായിത്തകർന്ന് ഗുരുതരമായ ഗതാഗത പ്രതിസന്ധിയാണ് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ആ പാലം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. അതിന് കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് മോഡലായി പണിയുന്നതുപോലെയുള്ള ഏതെങ്കിലും താൽക്കാലിക

പാലമെങ്കിലും നിർമ്മിക്കാനുള്ള നടപടിയാണ് പ്രതീക്ഷിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്കും അമല മെഡിക്കൽ കോളേജിലേയ്ക്കും അടിയന്തരമായി പോകുന്ന വാഹനങ്ങൾപോലും ഗതാഗതക്കുരുക്കിൽപ്പെടുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. അനിൽ അക്കരയുടെ മണ്ഡലത്തിൽ തൃശ്ശൂർ-കുന്ദംകുളം റോഡിലെ പഴയ, തകർന്ന പുഴയ്ക്കൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ കിഫ്ബി മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. പുഴയ്ക്കൽ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തി, ഡിസൈൻ തയ്യാറാക്കി, ഡി.പി.ആർ. ശരിയായിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത പാലത്തിന് 6.16 കോടി രൂപ മതിയാകും, 10 കോടി രൂപ വേണ്ടതില്ല. 10 കോടി രൂപ എസ്റ്റിമേറ്റിന് മുകളിലുള്ള പദ്ധതികൾ മാത്രമേ കിഫ്ബിയിൽ ഉൾപ്പെടുത്താവൂ എന്നുള്ള കിഫ്ബി കമ്പനിയുടെ തീരുമാനം വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ പാലം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നത് പ്രയാസമാണെന്നും മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയാലേ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിയുകയുള്ളൂവെന്ന ചട്ടപ്രകാരമുള്ള നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ അത് 20 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. തകർന്ന പഴയ പാലത്തിന് സമീപമായി നിലവിലുള്ള പുഴയ്ക്കൽ പാലത്തിൽക്കൂടിയാണ് ഇപ്പോൾ വാഹനഗതാഗതം നടന്നുവരുന്നത്. അവിടെ പൂർണ്ണമായ ഗതാഗത തടസ്സം നിലവിലില്ലാത്തതിനാൽ അടിയന്തരമായി ലൈറ്റ് മോട്ടോർ വെഹിക്കിൾസിന് മാത്രമായി ഒരു പാലം നിർമ്മിക്കേണ്ടതില്ല. എന്നാൽ അനുവദിച്ച തുക രണ്ടുമൂന്ന് തരത്തിൽ ഉപയോഗപ്പെടുത്തി പാലം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവരും. വകുപ്പുമാത്രമല്ല, ഗവൺമെന്റും എം.എൽ.എ.-യും ആലോചിക്കേണ്ട കാര്യമാണിത്. കിഫ്ബിയിൽപ്പെടുത്തി പ്രത്യേക അനുമതി ലഭിക്കുമെന്നോ എക്സംപ്ഷൻ ലഭിക്കുമെന്നോ പരിശോധിക്കണം. മൂവായിരത്തോളം പാലങ്ങൾ പരിശോധിച്ചതിൽ 365 പാലങ്ങൾ ഉടൻ നിർമ്മിക്കേണ്ടതാണ്. അതിൽ ഈ പാലവും ഉൾപ്പെടും. ഏറ്റവും വേഗം നിർമ്മിക്കേണ്ട പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുകയാണ്. അതിനാവശ്യമായ പണം പൊതുബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അല്ലെങ്കിൽ ഗവൺമെന്റ് പ്രത്യേക സാങ്ഷൻ നൽകി മറ്റേതെങ്കിലും വ്യവസ്ഥയിൽപ്പെടുത്തി പാലം നിർമ്മിക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റിന് തീരുമാനമെടുത്തേ മതിയാകൂവെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

## (9) ശ്രീശങ്കരാപാലത്തിന് സമാന്തര പാലം

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, അദ്വൈത ചിന്തകൾ ലോകത്തിന് സമ്മാനിച്ച ജഗദ്ഗുരുവിന്റെ മണ്ണാണ് കാലടി. ഈ പ്രദേശം ഇപ്പോൾ ഗുരുതരമായ ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുകയാണ്. വിശുദ്ധ തോമാശ്ലീഹയുടെ പാദസ്പർശമേറ്റ മലയാറ്റൂർ കുരിശ് തീർത്ഥാടന കേന്ദ്രവും അന്താരാഷ്ട്ര വിമാനത്താവളവും ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയും നിരവധി കോളേജുകളും ഇതിന്റെ സമീപത്തുള്ള സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങളിലേയ്ക്കെല്ലാം പോകാനുള്ള വഴി എം.സി. റോഡ് മാത്രമാണ്. ആ ഭാഗത്ത് വലിയ ഗതാഗതക്കുരുക്ക് നേരിടുകയാണ്. ഇവിടെയൊരു സമാന്തരപാലം വേണമെന്നുള്ള ആശയം പണ്ടുമുതൽക്കേ ഉള്ളതും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതിനോട് അനുകൂലിച്ചിട്ടുള്ളതുമാണ്. 27-3-2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് സമാന്തരപാലത്തിന് 42 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിനെത്തുടർന്ന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിനായി അപ്രോച്ച് റോഡും മറ്റുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി. എന്നാൽ സമീപവാസികളുടെ എതിർപ്പും പൊതുജനങ്ങളുടെ താല്പര്യവും പരിഗണിച്ച് ഒരു ബൈപ്പാസ് കൂടി നിർമ്മിച്ച് നെടുമ്പാശ്ശേരി റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന രീതിയിൽ ഇതിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തി. 24-09-2014-ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വിളിച്ചുചേർത്ത യോഗത്തിൽ ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. ഇതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ 18-8-2016-ൽ പുതിയ അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. പുതിയ പാലത്തിന്റെ അലൈൻമെന്റനുസരിച്ച് 450 മീറ്റർ നീളമുള്ള പാലത്തിന് 7.5 ഏക്കറോളം സ്ഥലം ഏറ്റെടുക്കേണ്ടിവരും. മുമ്പ് 42 കോടി രൂപയായിരുന്നത് ഇപ്പോൾ ഏകദേശം 92 കോടി രൂപയോളം ആവശ്യമായിവരികയാണ്. ഇപ്പോഴും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു നടപടിക്രമങ്ങളും മുന്നോട്ടുപോയിട്ടില്ല. കഴിഞ്ഞ ആഴ്ച ഞാനും എം.എൽ.എ.-മാരായ ശ്രീ. റോജി. എം. ജോണും ശ്രീ. അൻവർ സാദത്തും സംയുക്തമായി നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഒരു മീറ്റിംഗ് വിളിച്ചുചേർക്കുകയും രണ്ടുമാസത്തിനുള്ളിൽ ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കാമെന്നും ഓഗസ്റ്റ് മാസത്തോടുകൂടി കിഫ്ബിയിൽ ഇതുമായി ബന്ധപ്പെട്ട അംഗീകാരം നൽകാമെന്നും ആ മീറ്റിംഗിൽവച്ച് അങ്ങ് വാക്ക് തന്നിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അടിയന്തരമായി ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ പാലം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കാലടി ശ്രീശങ്കരാപാലത്തിന് സമാന്തര പാലം വേണമെന്നത് പുതിയ ഗവൺമെന്റും പരിഗണിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് 2012 മാർച്ച് 27-ന് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. കാലടി സമാന്തര പാലത്തിന് 42 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായെങ്കിലും ഭാഗികമായ സാങ്കേതികാനുമതി മാത്രമേ ലഭിച്ചുള്ളൂ. ഇൻവെസ്റ്റിഗേഷനുള്ള സാങ്കേതികാനുമതി ലഭിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പരിശോധന പൂർത്തിയായാലുടൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ഡിസൈൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്. 7.5 ഏക്കർ സ്ഥലം ഏറ്റെടുക്കാനുണ്ട്. അതിന് 2013-ൽ പാർലമെന്റ് പാസ്സാക്കിയ പുതിയ നിയമപ്രകാരമുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ അർത്ഥന പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ അധികാരികൾ മുഖേന ത്വരിതപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 32.16 മീറ്റർ നീളമുള്ള 14 സ്പാൻ ഇതിനാവശ്യമുണ്ട്. നിലവിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, കാലടി ഭാഗത്ത് എം.സി. റോഡുമായി ബന്ധിപ്പിക്കുന്ന 1.5 കി.മീ. നീളമുള്ള റോഡിന്റെ നിർമ്മാണം അത്യാവശ്യമായി വന്നിരിക്കുന്നു. അതിന് കൂടുതൽ തുക ആവശ്യമാണ്. ഇതിനായി പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. ഡിസൈൻ പൂർത്തിയാക്കി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതാണ്. പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമിക്കും പുതിയ റോഡിനുമായി 20 കോടി രൂപ കൂടി വേണ്ടിവരും. അനുവദിച്ച 42 കോടി രൂപയ്ക്ക് പുറമേ 20 കോടി രൂപ ചേർത്ത് 62 കോടി രൂപ അടങ്കലിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## (10) കരിമണൽ ഉപയോഗിച്ചുള്ള പദ്ധതികൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ വിവരാവകാശ നിയമപ്രകാരം ശേഖരിച്ച രേഖകളുടെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെയും പ്രതിപക്ഷത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. രേഖകളനുസരിച്ച് ലോകത്തിലെ തോറിയം നിക്ഷേപത്തിന്റെ മൂന്നിലൊരു ഭാഗവും ഇന്ത്യയിലാണുള്ളത്. അതിൽ 15.93 ശതമാനം കേരളത്തിലാണുള്ളത്. കേരളത്തിൽ ചവറ മുതൽ ആലുവ വരെയുള്ള തീരങ്ങളിൽ കരിമണൽ, മോണോസൈറ്റ്, ഇൽമനൈറ്റ് തുടങ്ങിയ ധാതുക്കൾ ധാരാളമായി അടങ്ങിയിട്ടുണ്ട്.

മണൽ നിക്ഷേപത്തിൽനിന്ന് തോറിയം വളരെ വേഗത്തിലും ചെലവ് കുറഞ്ഞ രീതിയിലും വേർതിരിച്ചെടുക്കാൻ കഴിയും. ഒരു ടൺ മോണോസൈറ്റിൽനിന്ന് 150 കിലോഗ്രാം തോറിയം ഉല്പാദിപ്പിക്കാനാകും. കേന്ദ്ര അറ്റോമിക് എനർജി വകുപ്പിലെ 21-1-2006-ലെ എസ്.ഒ.61/ഇ. നമ്പർ വിജ്ഞാപനപ്രകാരം ഇൽമനൈറ്റ്, മോണോസൈറ്റ് തുടങ്ങിയ ഖനന ധാതുക്കൾ അറ്റോമിക് മിനറൽസിന്റെ പ്രിസ്ക്രൈബ്ഡ് ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അവിടെയാണ് ഏറ്റവും വലിയ അപകടമുള്ളത്. ഓപ്പൺ ജനറൽ ലൈസൻസിനും സ്വകാര്യ കമ്പനികളുടെ കയറ്റുമതിക്കും വഴിയൊരുക്കുകയാണ് അതുമൂലം ചെയ്യുന്നത്. പാർലമെന്റ് പാസ്സാക്കിയ 1957-ലെ ദി മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ അറ്റോമിക് മിനറൽസ് ലിസ്റ്റ് അതേപടി നിലനിൽക്കുമ്പോഴാണ് പാർലമെന്റ് അറിയാതെയുള്ള ക്രമവിരുദ്ധമായ വിജ്ഞാപനം. അതുവഴിയാണ് മുഴുവൻ കൊള്ളയും നടത്താൻ സാധിക്കുന്നത്. മൈൻസിന്റെ ചീഫ് കൺട്രോളറായിരുന്ന മലയാളിയായ അംബ്രോസ് റിട്ടയർ ചെയ്യുന്നതുവരെ അവിഹിതമായ ലൈസൻസ് ഒന്നും നൽകിയിരുന്നില്ല. അദ്ദേഹം റിട്ടയർ ചെയ്തതിനുശേഷം രഞ്ചൻ സഹായി എന്ന ആൾ ചാർജ്ജെടുത്തതുമുതൽ വഴിവിട്ട് ലൈസൻസ് നൽകുകയുണ്ടായി. 2004-നുശേഷം ഏതാണ്ട് 2.1 ദശലക്ഷം മോണോസൈറ്റ് അഥവാ തത്തുല്യമായ 1950300 ടൺ തോറിയമാണ് കരിമണലിന്റെ രൂപത്തിൽ ഇന്ത്യയുടെ തീരങ്ങളിൽനിന്നും അപ്രത്യക്ഷമായിട്ടുള്ളത്. അപൂർവ്വമായ ധാതുക്കളുടെ അനിയന്ത്രിതമായ ഇത്തരം ഖനനം മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ മറവിൽ തകൃതിയായി നടക്കുകയാണ്. നിഷ്പക്ഷമായ അന്വേഷണം നടത്തിയാൽ ഒരു പക്ഷേ ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ അഴിമതി, ഇപ്പോഴും നിർബാധം തുടരുന്ന കരിമണലുമായി ബന്ധപ്പെട്ടതായിരിക്കുമെന്ന് പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മോണോസൈറ്റ് നിക്ഷേപങ്ങളിൽനിന്നുള്ള തോറിയത്തെ ആശ്രയിച്ച്, പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാതെ വിപുലമായ ആണവോർജ്ജ പദ്ധതികൾ ആവിഷ്കരിക്കാനാകുമെന്നും ഡൽഹിയും മുംബൈയും പോലുള്ള നഗരത്തിൽപ്പോലും അഡ്വാൻസ് ഹെവി വാട്ടർ റിയാക്ടർ സ്ഥാപിക്കാമെന്നും 2016-ൽത്തന്നെ 300 മെഗാവാട്ടിന്റെ പ്രോട്ടോടൈപ്പ് ഉണ്ടാക്കാമെന്നും 2025-ഓടുകൂടി തോറിയത്തിൽനിന്നും ഇലക്ട്രിസിറ്റി ഉല്പാദിക്കാമെന്നും അറ്റോമിക് എനർജി കമ്മിഷൻ ചെയർമാൻ ഡോ. ആർ. കെ. സിൻഹ 2014-ൽ പറഞ്ഞിട്ടുള്ളതാണ്. നിലവിൽ ഉപയോഗിക്കുന്ന കൽക്കരി പോലുള്ളവ ഉണ്ടാക്കുമ്പോഴുണ്ടാകുന്ന ആഗോള കാലാവസ്ഥാ വ്യതിയാനത്തെപ്പോലും ഇതുവഴി ചെറുക്കാൻ സാധിക്കും. അതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി 2006-ലെ

വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും അശാസ്ത്രീയമായ മണൽ ഖനനം നടത്തുന്നത് തടയുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. ഒരു നൂറ്റാണ്ട് കാലത്തേയ്ക്ക് കേരളത്തിനാവശ്യമായ മുഴുവൻ വൈദ്യുതിയും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ താപോർജ്ജത്തെക്കാൾ കുറഞ്ഞ ചെലവിൽ കരിമണലിൽനിന്ന് ഉല്പാദിപ്പിക്കുവാനും വൈദ്യുതിക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണാനും സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണ്. അതോടൊപ്പം ഇപ്പോൾ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യംകൂടി പറയാം. ഇപ്പോൾ ഓഫ്ഷോർ ഖനനത്തിന് പുതിയ നിയമത്തിന്റെ കരട് തയ്യാറാക്കിവരികയാണ്. അടിയന്തരമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, ലേലം വിളിക്കുമ്പോൾ സംസ്ഥാനത്തെ ഖനനാധിഷ്ഠിത പൊതുമേഖലാ സ്ഥാപനങ്ങളിൽത്തന്നെ ഇത് നിലനിർത്താനുള്ള നടപടികൂടി ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷ നേതാവിനും ശ്രീ. ഒ. രാജഗോപാലിനും ഇടപെടാനുള്ള അവസരമാണിത്. എല്ലാവരുംകൂടി ഇടപെട്ട് കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കണം. വിവരാവകാശ നിയമപ്രകാരം മുഴുവൻ രേഖകളും എടുത്തപ്പോൾ വലിയ അപകടമാണ് കാണുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഇൻഡ്യയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്ന സ്ഥാപനമാണ് ബീച്ച് സാന്റ് മിനറൽസിനെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുന്നത്. ബീച്ച് സാന്റ്, ഹെവി മിനറൽസ് എന്നപേരിലും അറിയപ്പെടുന്നുണ്ട്. ഇവയിൽ ടൈറ്റാനിയം ധാതുക്കളായ ഇൽമനൈറ്റ്, റൂട്ടൈൽ, ല്യൂകോക്സിൻ എന്നീ ധാതുക്കളും കൂടാതെ ഗാർനെറ്റ്, സിലിമനൈറ്റ്, സിർക്കൺ, മോണോസൈറ്റ് എന്നീ ധാതുക്കളും ഉൾക്കൊള്ളുന്നു. മൊണോസൈറ്റിൽ കൂടുതലായി കാണപ്പെടുന്നത് റെയർ എർത്ത് മൂലകങ്ങളാണ്. എന്നാൽ മോണോസൈറ്റിൽ തോറിയം എന്ന മൂലകവും ചെറിയ തോതിൽ യുറേനിയം എന്ന മൂലകവും കാണപ്പെടുന്നതിനാൽ ഈ ധാതുവിനെ റേഡിയോ ആക്റ്റീവ് ധാതുവായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. കേരളത്തിൽ ബീച്ച് സാന്റ് മിനറൽ നിക്ഷേപം കാണപ്പെടുന്നത് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പ്രദേശങ്ങളുൾപ്പെടെ വടക്കൻ കേരളത്തിലാണെങ്കിലും വളപട്ടണം, അഴീക്കോട്, പൊന്നാനി, ചാവക്കാട് പ്രദേശത്ത് ബീച്ച് സാന്റ് മിനറൽസുണ്ട്. 2016-ൽ എ.എം.ഡി. പുറത്തുവിട്ട കണക്ക് പ്രകാരം കേരളത്തിൽ 19 ലക്ഷം ടൺ മോണോസൈറ്റ് നിക്ഷേപം ഉണ്ടെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. മോണോസൈറ്റിൽ ഏകദേശം 9 ശതമാനം മുതൽ 10 ശതമാനംവരെ തോറിയം

ഡൈഓക്സൈഡ് ഉണ്ട്. 9 ശതമാനം എടുത്താൽ കേരളത്തിൽ മോണോസൈറ്റിൽനിന്നും 1,71,000 ടൺ തോറിയം ഡൈഓക്സൈഡ് വേർതിരിച്ചെടുക്കാവുന്നതാണ്. ഇൻഡ്യയിൽ ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിനുമാത്രമാണ് അറ്റോമിക് എനർജി ആക്ട് 1962 പ്രകാരം മോണോസൈറ്റ് കൈകാര്യം ചെയ്യാൻ ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റോമിക് എനർജി ലൈസൻസ് നൽകിയിട്ടുള്ളത്. 1952 മുതൽ ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.) അവരുടെ ആലുവയിലുള്ള പ്ലാന്റിൽ റെയർ എർത്ത്സ് വേർതിരിച്ചെടുക്കുന്നുണ്ടായിരുന്നുവെങ്കിലും 2004-ൽ ഈ പ്ലാന്റിന്റെ പ്രവർത്തനം നിർത്തുകയാണ് ചെയ്തത്. ഇപ്രകാരം വേർതിരിച്ചെടുക്കുമ്പോഴുണ്ടാകുന്ന തോറിയം ഡൈഓക്സൈഡ് വേർതിരിച്ച് ഇവിടെ സൂക്ഷിച്ചുപോന്നിരുന്നു. 2015-ൽ ഒഡീഷയിലുള്ള ഐ.ആർ.ഇ.എൽ.-ന്റെ കീഴിലുള്ള ഒറീസ്സ സാന്റ് കോംപ്ലക്സിൽ മോണോസൈറ്റ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചു. കേരളത്തിൽ ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ സ്ഥാപനങ്ങൾ ബീച്ച് സാന്റ് മിനറൽസ് ഖനനം ചെയ്തുവരുന്നു. ഐ.ആർ.ഇ.എൽ. വേർതിരിച്ചെടുക്കുന്ന മോണോസൈറ്റ് 2004 വരെ ആലുവയിലുള്ള പ്രോസസ്സിംഗ് പ്ലാന്റിലേയ്ക്ക് കൊണ്ടുപോയിരുന്നുവെങ്കിലും 2004-ൽ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തനം നിർത്തിയതിനുശേഷം മോണോസൈറ്റ് റേഡിയോ ആക്ടീവായതിനാൽ അത് പ്രത്യേക സുരക്ഷാ സംവിധാനമുണ്ടാക്കി ചവറ പ്ലാന്റിൽത്തന്നെ സൂക്ഷിച്ചുവന്നു. കെ.എം.എം.എൽ. വേർതിരിച്ചെടുക്കുന്ന ശുദ്ധീകരിക്കാത്ത മോണോസൈറ്റ് ഇപ്രകാരം സുരക്ഷാ സംവിധാനമുണ്ടാക്കി അവരുടെ പ്ലാന്റിലും സൂക്ഷിച്ചുവരുന്നു. ഈ രണ്ട് കമ്പനികളും അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസോടെയാണ് മോണോസൈറ്റ് കൈകാര്യം ചെയ്തുവരുന്നത്. 2015-ൽ ഒഡീഷയിൽ പ്രവർത്തനമാരംഭിച്ച മോണോസൈറ്റ് പ്രോസസ്സിംഗ് പ്ലാന്റിലേയ്ക്ക് ഇപ്പോൾ ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നിവിടങ്ങളിൽനിന്ന് മോണോസൈറ്റ് കൊണ്ടുപോകുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റോമിക് എനർജിയും കേന്ദ്രസർക്കാരും പുറത്തുവിട്ടിട്ടുള്ള രേഖകളിൽനിന്ന് മനസ്സിലാക്കാവുന്നത് തോറിയത്തിൽനിന്നും നേരിട്ട് ന്യൂക്ലിയർ എനർജി ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയില്ല എന്നാണ്. തോറിയത്തെ യുറേനിയം-233 ആക്കി മാറ്റിയാൽ മാത്രമേ ന്യൂക്ലിയർ എനർജി (ആണവോർജ്ജം) ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇൻഡ്യയിൽ കൂടുതലായും കാണപ്പെടുന്ന തോറിയം ഉപയോഗിച്ച് ആണവോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനായി ഇൻഡ്യ മൂന്ന് ഘട്ടങ്ങളായുള്ള ആണവോർജ്ജ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിലെ മൂന്നാംഘട്ട പദ്ധതിയിലെ തോറിയം ഉപയോഗിച്ചുമാത്രമേ ആണവോർജ്ജം ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം തോറിയം ഉപയോഗിച്ച് ആണവോർജ്ജം ഉൽപ്പാദിക്കുന്ന ഒരു പ്രോട്ടോടൈപ്പ് പ്ലാന്റ് ഇൻഡ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ തോറിയം ഉപയോഗിച്ച് ആണവോർജ്ജം ഉൽപ്പാദിപ്പിക്കാൻ ഇനിയും ഇൻഡ്യ സജ്ജമായിട്ടില്ല എന്നാണ് കേന്ദ്ര സർക്കാർ പുറത്തുവിട്ട വിവരങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ആണവോർജ്ജത്തെ സംബന്ധിക്കുന്ന പഠനങ്ങൾ ഇൻഡ്യാ ഗവൺമെന്റ് രഹസ്യമായി വയ്ക്കുന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. കേരളത്തിൽനിന്നും ഖനനം ചെയ്യുന്ന മോണോസൈറ്റിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റോയൽറ്റി കേരള സർക്കാരിനാണ് ലഭിക്കുന്നത്. ഐ.ആർ.ഇ.എൽ. കൃത്യമായി സർക്കാരിലേയ്ക്ക് റോയൽറ്റി നൽകിയതിനുശേഷം മാത്രമാണ് മോണോസൈറ്റ് അവരുടെ പ്ലാന്റിൽനിന്ന് കൊണ്ടുപോകുന്നത്. എന്നാൽ 2004 മുതൽ ആലുവയിലുള്ള പ്ലാന്റിന്റെ പ്രവർത്തനം നിർത്തിയതിനുശേഷം മോണോസൈറ്റ് കൊണ്ടുപോകാത്തതിനാൽ റോയൽറ്റി നൽകുകയുണ്ടായിരുന്നില്ല. എന്നാൽ ഒഡീഷയിൽ പുതിയ പ്ലാന്റ് 2015-ൽ പ്രവർത്തനമാരംഭിച്ചതിനുശേഷം അവിടേയ്ക്ക് മോണോസൈറ്റ് കൊണ്ടു പോകുന്നതിനായി റോയൽറ്റി കേരള സർക്കാരിന് നൽകുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ചില പ്രശ്നങ്ങളുണ്ട്. ഇതിന്റെ സ്വകാര്യവൽക്കരണ നീക്കങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. അത് തടയണം. ഗവൺമെന്റ് ഒരു നയത്തിന്റെ ഭാഗമായി അത് തുടരുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്നിടത്തോളം ആ കാര്യത്തിൽ ഇടപെടാൻ തയ്യാറാണ്. കരിമണലിൽനിന്നുള്ള മോണോസൈറ്റും അതിലടങ്ങിയിട്ടുള്ള തോറിയവും രാജ്യത്തിനകത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സമ്മർദ്ദവും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് കെ.എം.എം.എൽ.-നെ പ്രയോജനപ്പെടുത്തിയുള്ള കാര്യങ്ങളാണ്. അവിടെ കരിമണൽ പൊതുമേഖലയിൽ ഖനനം ചെയ്യുന്നതിനായി കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ശക്തിപ്പെടുത്തിയും കെ.എം.എം.എൽ.-നെ പ്രയോജനപ്പെടുത്തിയും ഇപ്പോഴുള്ളതിനുപുറമേ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പുതിയ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുകയാണ്. തോറിയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്ന് അനുമതിക്കും മറ്റ് കാര്യങ്ങളിലും സമ്മർദ്ദം ചെലുത്താം. ഓഫ്ഷോർ മിനറൽസിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനുവേണ്ടിയുള്ള ആക്ടിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് ഇപ്പോൾ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അത് മനസ്സിലാക്കുന്ന മുറയ്ക്ക് സർക്കാർ ആ വിഷയത്തെക്കുറിച്ച് പഠിച്ചാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (11) തെരുവുനായ്ക്കളുടെ കടിയേറ്റുണ്ടായ മരണം

ശ്രീ. എം. വിൻസെന്റ്: സർ, നമ്മുടെ സംസ്ഥാനത്തെയാകെ ഞെട്ടിച്ച ദാരുണമായ ഒരു സംഭവം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുല്ലുവിളയിലുണ്ടായി. ചൂടുകാരണം മത്സ്യത്തൊഴിലാളികൾ കൂടുതലും ഇപ്പോൾ കടപ്പുറത്താണ് കിടന്നുറങ്ങുന്നത്. ഇന്നലെ രാത്രി ജോസ് ക്ലിൻ എന്ന 48 വയസ്സുള്ള ചെറുപ്പക്കാരൻ മത്സ്യബന്ധനത്തിനുശേഷം വീട്ടിൽനിന്ന് രാത്രി കിടന്നുറങ്ങാൻ കടപ്പുറത്തേയ്ക്ക് പോകുന്ന സമയത്ത് അമ്പതോളം തെരുവുനായ്ക്കൾ സംഘടിതമായി ആക്രമിച്ചതുമൂലം മരണപ്പെടുകയുണ്ടായി. 21 വയസ്സുള്ള വിവാഹ പ്രായമെത്തിയ ഒരു പെൺകുട്ടി ഉൾപ്പെടെ മൂന്ന് മക്കളും ഭാര്യയും വൃദ്ധയായ മാതാവും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ഇദ്ദേഹത്തിന്റെ ദാരുണമായ അന്ത്യം ആ കുടുംബത്തെ തന്നെ അനാഥമാക്കിയിരിക്കുകയാണ്. ജോസ് ക്ലിനിന്റെ വീടിന്റെ 100 മീറ്റർ അകലെയാണ് കഴിഞ്ഞ ആഗസ്റ്റ് മാസം ശിലുവമ്മ എന്ന വീട്ടമ്മ ഇതുപോലെ തെരുവുനായ്ക്കളുടെ കൂട്ടത്തോടെയുള്ള ആക്രമണത്തിൽ മരണപ്പെട്ടത്. അടുത്തടുത്ത പ്രദേശങ്ങളിലാണ് ഈ സംഭവങ്ങളുണ്ടായിരിക്കുന്നത്. മരണം സംഭവിച്ചില്ലെങ്കിൽപ്പോലും അനേകം ആളുകൾക്ക് തെരുവുനായ്ക്കളുടെ കടി ഏൽക്കുകയുണ്ടായി. രണ്ടുദിവസം മുമ്പ് സെൽവി എന്നുപറയുന്ന പെൺകുട്ടിയും തെരുവുനായ്ക്കളുടെ ആക്രമണത്തെത്തുടർന്ന് വളരെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ആന്റണി എന്നു പറയുന്ന ആളിന്റെ ജനനേന്ദ്രിയം നായ കടിച്ചെടുക്കുന്ന സംഭവം വരെയുണ്ടായി. ഒരു നഷ്ടപരിഹാരവും ഈ കാര്യത്തിൽ നൽകിയിട്ടില്ല. ആദ്യത്തെ സംഭവമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രി 28-10-2016-ന് നൽകിയ മറുപടിയിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഇനിയുണ്ടാകാത്ത വിധത്തിൽ ഇഫക്ടീവായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. തെരുവുനായ്ക്കളിൽനിന്ന് മനുഷ്യജീവൻ രക്ഷിക്കാൻ എല്ലാ നടപടിയും സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയതാണ്. അങ്ങനെ ഇഫക്ടീവായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ 48-കാരന്റെ ജീവൻ നമുക്ക് രക്ഷിക്കാൻ സാധിക്കുമായിരുന്നു.

എ.ബി.സി. പ്രോജക്ടുകൾക്ക് നിർദ്ദേശം നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്ന് ഡി.പി.സി.-കൾക്ക് നിർദ്ദേശം നൽകിയെന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ അന്ന് പറഞ്ഞത്. എത്ര പഞ്ചായത്തുകളെയാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര പഞ്ചായത്തുകൾക്കാണ് ഇങ്ങനെ അംഗീകാരം നഷ്ടപ്പെടുത്തിയിട്ടുള്ളത്? 15.5

കോടി രൂപയുടെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ അനുമതിക്കായി കൊടുത്തിട്ടുണ്ട് എന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ അതിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മൂന്നരലക്ഷം തെരുവുനായ്ക്കളുള്ള കേരളത്തിൽ ഈ സർക്കാർ വന്നതിനുശേഷം 8274 നായ്ക്കൾക്കാണ് സ്റ്റെറിലൈസേഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇഫക്ടീവായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഒരു ജീവൻ രക്ഷിക്കാമായിരുന്നുവെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഇനിയെങ്കിലും സർക്കാർ ഉണർന്ന് പ്രവർത്തിക്കണം. സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉണർന്ന് പ്രവർത്തിക്കാത്തതിന്റെ അടിസ്ഥാനത്തിലാണ് ഇത് സംഭവിച്ചത്. മാലിന്യക്കൂമ്പാരം ഭക്ഷിക്കാനാണ് തെരുവുനായ്ക്കൾ കൂട്ടത്തോടെ വരുന്നത്. ഈ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു തടസ്സവുമില്ല, അതിനുള്ള ഇച്ഛാശക്തി സർക്കാർ കാണിക്കണം. മാലിന്യം നിർമ്മാർജ്ജനം ചെയ്തിരുന്നുവെങ്കിൽ തെരുവുനായ്ക്കൾ വരില്ലായിരുന്നു, ഈ ജീവൻ അപഹരിക്കില്ലായിരുന്നു, സർക്കാരിന്റെ കഴിഞ്ഞ തവണത്തെ മറുപടിയിൽ പറഞ്ഞ നടപടികളെല്ലാം സ്വീകരിക്കുമെന്ന് വിശ്വസിച്ചുകൊണ്ടാണ് ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികൾ ഇരുന്നത്. പക്ഷെ ആ നടപടികളൊന്നും ഫലവത്തായില്ല എന്നാണ് ഈ സംഭവം കാണിക്കുന്നത്. ഇതിനുമുമ്പ് വർക്കലയിലും സമാന സംഭവമുണ്ടായി. ഞാനതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് കഴിഞ്ഞ തവണത്തെപ്പോലെയല്ലാതെ ഇഫക്ടീവായ നടപടിയെടുക്കണം. ഇന്നവിടെ ഹർത്താലും ജനങ്ങളുടെ റോഡ് ഉപരോധവും നടക്കുകയാണ്. ആദ്യത്തെ സംഭവമുണ്ടായപ്പോൾ പ്രതിഷേധത്തിന്റെ ഒരു ചെറിയ ശബ്ദം പോലുമുണ്ടാക്കിയില്ല. സർക്കാരിന്റെ നടപടികൾക്കായി കാത്തിരിക്കുകയായിരുന്നു. ഇന്ന് ജനങ്ങളാകെ പ്രക്ഷോഭത്തിന്റെ പാതയിൽ നിൽക്കുകയാണ്. കഴിഞ്ഞ തവണത്തെപ്പോലെ നിസ്സാരമായി കാണാതെ ഗൗരവമായി കണ്ടുകൊണ്ട് ഈ പ്രശ്നങ്ങളിൽ അടിയന്തരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അനാഥമായിപ്പോയ ആ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവമുള്ള കാര്യമാണിത്. 48 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ ഇന്നലെ കൂട്ടമായി നായ്ക്കൾ ആക്രമിച്ച് കടിച്ചുകൊല്ലുകയാണ് ചെയ്തത്. ആ കുടുംബത്തിന് സഹായം ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. ശിലുവമ്മ മരണപ്പെട്ട അതേ സ്ഥലത്തുവച്ചാണ് ഇതും ഉണ്ടായിരിക്കുന്നത്. ഈ വിഷയം

വളരെ ഗൗരവത്തോടെ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കരിങ്കുളം ഗ്രാമപഞ്ചായത്തിൽ പുല്ലുവിള കടപ്പുറത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ ഒരു സഹോദരൻ മരണപ്പെടാൻ ഇടയായ സാഹചര്യം അത്യന്തം ദൗർഭാഗ്യകരമാണ്. മുമ്പും ഇവിടെ സമാനമായ മരണം നടന്നിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുനായ ആക്രമണം വർദ്ധിച്ചതിനെത്തുടർന്ന് എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കാൻ പ്ലാൻ ഫണ്ട് നീക്കിവയ്ക്കണമെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ യഥാസമയംതന്നെ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് 21.06 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുകയും ചെയ്തു. കുടുംബശ്രീയെ പ്രയോജനപ്പെടുത്തിയും എ.ബി.സി. പ്രോഗ്രാം യാഥാർത്ഥ്യമാക്കാൻ ശ്രമങ്ങൾ നടന്നുവരികയാണ്. അപകടകാരികളായ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യാൻ നിയമം അനുവദിക്കുന്നുണ്ടെങ്കിലും സ്ഥായിയായ പരിഹാരമാർഗ്ഗം വന്ധ്യംകരണം മാത്രമാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. തെരുവുനായ ആക്രമണത്തിന് വിധേയരായ 19 പേർ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മീഷനെ സമീപിച്ചിരുന്നു. കമ്മീഷൻ തൽസബന്ധമായി വിശദമായ റിപ്പോർട്ട് സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തു. കോടതി ഇത് അംഗീകരിച്ച് ഉത്തരവായി. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് സിരിജഗൻ നിർദ്ദേശിച്ചതും സുപ്രീംകോടതി വിധിച്ചതുമായ നഷ്ടപരിഹാരത്തുകയായ 33,37,743 രൂപ പ്ലാൻ ഫണ്ടിൽനിന്നാണെങ്കിൽപ്പോലും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തെരുവുനായ്ക്കളെ പിടിച്ച് വന്ധ്യംകരണം നടത്തി പരിപാലിച്ചുവിടുന്നതിന് 2,100 രൂപയാണ് കുടുംബശ്രീക്ക് നൽകാൻ സർക്കാർ പ്രത്യേക ഉത്തരവിലൂടെ നിർദ്ദേശിച്ചത്. ഇപ്പോൾ കുടുംബശ്രീയെ മാത്രമാണ് ഇക്കാര്യത്തിനായി സർക്കാർ എംപാനൽ ചെയ്തിട്ടുള്ളത്. കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കോംപിറ്റന്റായ സ്വകാര്യ ഏജൻസികളെക്കൂടി കുടുംബശ്രീക്കൊപ്പം എംപാനൽ ചെയ്ത് ഈ പ്രതിസന്ധിയെ മറികടക്കാൻ ഉടൻ നടപടികൾ സ്വീകരിക്കും. കരിങ്കുളം ഗ്രാമപഞ്ചായത്തിലുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തിൽ ബന്ധപ്പെട്ട കുടുംബത്തിന് മതിയായ നഷ്ടപരിഹാരം സർക്കാർ നൽകുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും ജനറൽ, സോഷ്യൽ സെക്ടറിനെക്കുറിച്ചുള്ള റിപ്പോർട്ടും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

### (1) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

### (2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപത്തിയൊന്നാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളെ സംബന്ധിച്ച സ്വതന്ത്ര പഠന റിപ്പോർട്ട്, സമിതിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## IX നിയമനിർമ്മാണകാര്യം

### 2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

മി. സ്പീക്കർ: 2017-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച ക്രമപ്രശ്നം ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശന് ഉന്നയിക്കാവുന്നതാണ്.

## X ക്രമപ്രശ്നം

### ബിൽ ക്രമപ്രകാരമല്ല എന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വർഷം ജി.എസ്.ടി. നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട് വർദ്ധിപ്പിച്ച യാതൊരു നികുതി നിർദ്ദേശങ്ങളും 2017-18-ലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഇല്ല. ഒരു നികുതിയും വർദ്ധിപ്പിച്ചിട്ടില്ല. പക്ഷെ 275, 276, 277 എന്നീ മൂന്ന് ഖണ്ഡികകളിലായി ചില നികുതികൾ ഇല്ലാതാക്കിയിട്ടുണ്ട്, ചില നികുതികൾ കുറച്ചിട്ടുണ്ട്. അല്ലാതെ ഈ ബഡ്ജറ്റിൽ നികുതി സംബന്ധിച്ചുള്ള യാതൊരുവിധ വർദ്ധനവും ഉണ്ടായിട്ടില്ല. വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട് നികുതി വർദ്ധനവ് കൊണ്ടുവരുന്നതിനുവേണ്ടിയാണ് സാധാരണ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത്. നികുതി കുറച്ചിരിക്കുന്ന കാര്യത്തിനുവേണ്ടി ഫിനാൻസ് ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കി നികുതി ഇളവ് പ്രാബല്യത്തിൽ വരുത്താവുന്നതാണ്. നികുതി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് ബില്ലിൽ അമെന്റ്മെന്റ് വരുത്തി ഇത് കൊണ്ടുവരേണ്ട ആവശ്യമുള്ളൂ. അതുകൊണ്ട് ഈ ഫിനാൻസ് ബിൽ അനാവശ്യമായിട്ടുള്ളതും അപ്രസക്തമായിട്ടുള്ളതുമാണ്. ഇതുകൊണ്ടുവരേണ്ട യാതൊരു കാര്യവും നികുതി നിർദ്ദേശങ്ങളിലില്ല. അതുകൊണ്ട് ഇത് അവതരിപ്പിക്കുന്നത് ക്രമത്തിലല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഈ ധനകാര്യ ബില്ലിൽ ഇല്ല. അദ്ദേഹം അഭിപ്രായപ്പെട്ടതുപോലെ വാറ്റ് നിയമത്തിലെ 93-ാം വകുപ്പുപ്രകാരം നിലവിലുള്ള നികുതികളിൽ എക്സിക്യൂട്ടീവ് ഉത്തരവുവഴി ഇളവ് നൽകാം. അത് പിന്നീട് നിയമസഭയിൽ പാസ്സാക്കി നിയമമാക്കിയാലും മതി. പക്ഷെ, ഈ ഫിനാൻസ് ബിൽ നികുതി ഇളവിന്റേതല്ല. നികുതി കുടിശ്ശികയിൽ ഇളവ് കൊടുക്കുന്നതും മുൻകൂട്ടി അടച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുനൽകുന്നതല്ലെന്നും വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങളാണ്. അതിന് നിയമഭേദഗതി കൂടിയേ തീരൂ. എക്സിക്യൂട്ടീവ് ഓർഡർ

വഴി ചെയ്യാൻ പറ്റുന്നതല്ല. വാറ്റ് നിയമം മാത്രമല്ല, മുദ്രപത്ര നിയമം, ആഡംബര നികുതി നിയമം, അഗ്രികൾച്ചറൽ ഇൻകം ടാക്സ് തുടങ്ങി മറ്റ് നിയമങ്ങളും ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ സ്വീകാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ അവസാനം അമെന്റ്മെന്റ് നടത്തിവന്ന Rule 153 (എ)-യ്ക്കകത്ത് ഈ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഫിനാൻസ് ബിൽ എന്നുപറയുന്ന ഡെഫനിഷനിൽ അങ്ങിപ്പോൾ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. അതുകൂടി അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് പരിഗണിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ നിയമപ്രകാരവും ശക്ധർ ആന്റ് കൗളിന്റെയുമെല്ലാം അടിസ്ഥാനത്തിൽ മിശ്രസ്വഭാവമുള്ള ഫിനാൻസ് ബില്ലുകൾ അവതരിപ്പിക്കാനുള്ള അവകാശവും പുതിയ നികുതി വർദ്ധനവിന്റെ മാത്രമല്ല, അല്ലാതെയുള്ള അനുബന്ധ നിയമങ്ങളിലെ ഭേദഗതിയും ഫിനാൻസ് ബില്ലിലൂടെ കൊണ്ടുവരാനുള്ള അവകാശമുണ്ട്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: 2017-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ല എന്നതാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി. 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുൻവർഷം ഏർപ്പെടുത്തിയ നികുതിക്ക് ഈ വർഷത്തെ ബഡ്ജറ്റിലൂടെ ഇളവ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മുൻവർഷം ഈടാക്കിയ നികുതി തിരിച്ചുകൊടുക്കുന്നത് ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത നിയമത്തിൽ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ക്രമപ്രശ്നത്തിൽ ഉന്നയിച്ചതുപോലെ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെയാണ് ഇത് നടപ്പാക്കുന്നതെങ്കിൽ അതിന് നിയമപ്രാബല്യം ഉണ്ടാകാൻ ഇടയില്ലായെന്നും കോടതി ഇടപെടലുകൾക്ക് ഇടയാകുമെന്നും ന്യായമായും കരുതാവുന്നതാണ്. അതുമാത്രമല്ല 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമത്തിനുപുറമെ മറ്റ് നാല് നിയമങ്ങൾക്കുകൂടി 2017-ലെ ധനകാര്യ ബില്ലിലൂടെ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അവയൊക്കെത്തന്നെ തീർത്തും അനിവാര്യമായ ഭേദഗതികളുമാണ്. ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചതുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ നടത്താവുന്നതുമാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

[12.00 Noon]

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, 2017- ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2017-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, 2017-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരളത്തിലെ ജനങ്ങൾക്കുമേൽ യാതൊരു തരത്തിലുള്ള നികുതി ബാധ്യതയും ചുമത്തിയിട്ടില്ലാത്ത ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. സ്വർണ്ണത്തിന്റെ പർച്ചേസ് നികുതി സംബന്ധിച്ച വിഷയം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് കഴിഞ്ഞ പ്രാവശ്യം ഞാൻ സൂചിപ്പിച്ച ഒരു കാര്യമാണ്. ഇത് വ്യാപാരികൾ പിരിച്ചിട്ടില്ലാത്ത ടാക്സാണെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതുപോലെ വനസ്പതിയുടെ മറ്റൊരു രൂപമായ ബേക്കറി ഷോർട്ടനിംഗിന് നിലവിൽ ഈടാക്കുന്ന നികുതി സംബന്ധിച്ച കാര്യങ്ങളും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിലും പരിഹാര മുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അയൽ സംസ്ഥാനങ്ങളിൽ ഇതിന് 5% മാത്രമാണ് നികുതി പിരിക്കുന്നത്. വനസ്പതി ഇനത്തിലാണ് ഇത് പെടുത്തിയിരിക്കുന്നത്. മാർഗറൈൻ 14.5 ശതമാനമാണ്. ബേക്കറി ഷോർട്ടനിംഗ് വനസ്പതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. തമിഴ്നാട് സർക്കാർ 5% നികുതി ചുമത്തിക്കൊണ്ട് ആ നിയമം അവിടെ ബാധകമാക്കിയിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പ് കാലത്ത് 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നുപറഞ്ഞപ്പോൾ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും

കളിയാക്കി. അവരുടെ വാഗ്ദാനം പോലെ ആളുകളെ പറ്റിക്കുകയാണെന്ന് കരുതി. എന്നാലിപ്പോൾ എല്ലാം ശരിയായിക്കൊണ്ടിരിക്കുകയാണ്. ഒരു വർഷംകൊണ്ടു തന്നെ ജീവിത ഗുണമേന്മ അളക്കുന്നതിനുള്ള എല്ലാ സൂചികകളിലും കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കേരളം മാതൃകയാവുകയാണ്. കേരള ബഡ്ജറ്റിന്റെ ജനകീയത അഭിമാനകരമാണ്. കടുത്ത വേനലും കഴിഞ്ഞ വർഷം മഴക്കുറവുമുണ്ടായ കേരളത്തിൽ പവർകട്ട് ഇല്ല. ഒരു വർഷംകൊണ്ട് പുതുതായി 3,55,000 വൈദ്യുതി കണക്ഷൻ നൽകി. 29-05-2017-ന് കോഴിക്കോടുവച്ച് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി മുഖ്യമന്ത്രി പ്രഖ്യാപിക്കാൻ പോകുകയാണ്. ഇന്ത്യയിലാദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ഇതിൽ എടുത്തുപറയേണ്ടത് 30,000 പാവപ്പെട്ട കുടുംബങ്ങളുടെ വീടുകൾ സർക്കാർ ചെലവിൽ വയറിംഗ് നടത്തിക്കൊടുത്തുകൊണ്ടാണ് ഈ ചരിത്ര നേട്ടം കൈവരിക്കുന്നത് എന്നതാണ്. കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് കമ്മീഷൻ ചെയ്തു. സോളാർ എന്ന വാക്കുതന്നെ അഴിമതിയുടെയും വൃത്തികേടുകളുടെയും പര്യായമായി യു.ഡി.എഫ്. സർക്കാർ മാറ്റി. എന്നാൽ ഇന്ന് പ്രസ്തുത നടപടികളെ എൽ.ഡി.എഫ്. സർക്കാർ നേരെയാക്കി കൊണ്ടുവരികയാണ്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും എന്നുപറഞ്ഞതിന്റെ പ്രസക്തി ഇതെല്ലാമാണ്.

കേരളത്തിലെ വിദ്യാഭ്യാസ മേഖല ശരിയാകുന്നത് കാണുന്നില്ലേ. സ്കൂളുകൾ ആദായകരമല്ലെന്ന് പറഞ്ഞ് അവയെ അടച്ചുപൂട്ടി ഭൂമി വിറ്റ് ലാഭം കൊയ്യാൻ സ്കൂൾ മുതലാളിമാർക്ക് ഒത്താശ ചെയ്തുകൊടുത്ത യു.ഡി.എഫ്.-ന്റെ നടപടി തിരുത്തി ആ പ്രവണത തന്നെ അവസാനിപ്പിക്കുന്ന തരത്തിൽ നാല് അടച്ചുപൂട്ടിയ സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുകയുണ്ടായി. സർക്കാർ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ചരിത്രത്തിലിതുവരെ ഉണ്ടായിട്ടില്ലാത്തവിധം കോടികൾ വാരിക്കൊടുത്തുകൊണ്ട് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചു. ഇത് എല്ലാം ശരിയാക്കുന്നതിന്റെ ഭാഗമാണ്. അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സർക്കാർ ചെലവിൽ യൂണിഫോം നൽകാൻ തീരുമാനിക്കുകയും സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ യൂണിഫോമും പാഠപുസ്തകങ്ങളും സ്കൂളിൽ എത്തിക്കുകയും ചെയ്തു. കുട്ടികളും രക്ഷിതാക്കളും ഇന്ന് വളരെയേറെ സന്തോഷത്തിലാണ്.

ഇന്ന് കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി വിദ്യാഭ്യാസ വായ്പയെടുത്ത് വിദ്യ അഭ്യസിച്ച കുട്ടികൾക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കാതാവുകയും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്തതുമായ

ഗുരുതരമായ അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾ ആത്മഹത്യ ചെയ്ത സംഭവം വരെയുണ്ടായി. പെൺമക്കളെ കെട്ടിച്ചയക്കാൻ കഴിയുന്നില്ല. കാരണം ബാങ്ക് ജപ്തിക്കൊരുങ്ങി നിൽക്കുന്ന കുടുംബത്തിൽ നിന്നും പെണ്ണെടുക്കാൻ ആളുകൾ തയ്യാറല്ല. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരെടുത്ത ധീരവും മനുഷ്യത്വപരവുമായ നടപടിയാണ് വിദ്യാഭ്യാസ വായ്പ തിരിച്ചടവിനായി 900 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചത്. ഒരു ലക്ഷം രൂപ വായ്പയെടുത്ത ജോസഫിനെ ജയിലിലടച്ചത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ. നിങ്ങൾക്ക് ഒന്നും ശരിയാക്കാൻ കഴിഞ്ഞില്ല. എൽ.ഡി.എഫ്. വന്നു എല്ലാം ശരിയാക്കി കൊണ്ടിരിക്കുകയാണ്.

ആരോഗ്യ മേഖലയിൽ എൽ.ഡി.എഫ്. ഒരു വർഷംകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഗുണഫലം ലഭിക്കാത്ത ഏതെങ്കിലും മണ്ഡലമുണ്ടോ? സ്വന്തം പാർട്ടിക്കാർക്ക് മാത്രം വികസനമെന്ന കഴിഞ്ഞകാല സർക്കാർ നയം മാറ്റിയെഴുതി. ആവശ്യമായ തസ്തികകൾ അനുവദിച്ചുകൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുകയാണ്. കഴിഞ്ഞ കാലത്ത് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയെന്ന് പേരുമാറ്റിയശേഷം ആവശ്യമായ ഡോക്ടർമാരെയോ സ്റ്റാഫിനെയോ അനുവദിച്ചിരുന്നില്ല. ചില ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകളായി മാറിയ കഥ ഇവിടെ ചർച്ച ചെയ്തതാണല്ലോ. എൽ.ഡി.എഫ്. വന്നശേഷം 2753 തസ്തികകൾ ആശുപത്രികൾക്ക് അനുവദിച്ചു 170 പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി.

കേരളത്തിന്റെ കാർഷിക മേഖലയിൽ പുത്തനുണർവ് അനുഭവപ്പെട്ടു. കൃഷി ഒരു സംസ്കാരമായി ജനങ്ങളിൽ വേര് പിടിക്കുകയല്ലേ. തരിശ് നിലങ്ങൾ കതിരണിഞ്ഞു. കോഴിക്കോട് ജില്ലയിൽ മൂന്ന് പതിറ്റാണ്ട് തരിശ്ശായി കിടന്ന ആവളപ്പാണ്ടിയിൽ 1100 ഏക്കറിൽ നെല്ല് വിളയിച്ചു. ആറന്മുളയിലെ ചരിത്രം മാറ്റിയെഴുതി. ആറന്മുള ബ്രാന്റ് അരി വിപണിയിലിറക്കി. യു.ഡി.എഫ്. സർക്കാർ മെത്രാൻ കായലടക്കം സ്വകാര്യ മുതലാളിമാർക്ക് വിൽക്കുന്ന സമീപനമല്ലേ സ്വീകരിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന 43 പൊതുമേഖലാ സ്ഥാപനങ്ങളിൽ 33 എണ്ണം നഷ്ടത്തിലായിരുന്നുവെന്നത് മറക്കരുത്. ഒരു വർഷംകൊണ്ട് അതിൽ 13 എണ്ണത്തിനെ ലാഭത്തിലാക്കി. ഒരു വർഷംകൊണ്ട് 13052 ചെറുകിട വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത്

ആരംഭിച്ചു. കേരളത്തിന്റെ വ്യവസായ മേഖല കുതിക്കുകയാണ്. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ease of doing business അതിന് സഹായകരമാണ്. സ്റ്റാർട്ടപ്പ് ഇൻവെസ്റ്റ്മെന്റ്, സപ്പോർട്ട് സബ്സിഡി എന്നീ ഇനങ്ങളിൽ 45.78 കോടി രൂപയാണ് നീക്കിവച്ചത്. വൻകിട-ഇടത്തരം വ്യവസായങ്ങൾക്ക് 482 കോടി രൂപ നൽകുകയും പൊതുമേഖലാ വ്യവസായങ്ങളുടെ വിഹിതം 100 കോടി രൂപയിൽ നിന്ന് 270 കോടി രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതെല്ലാം കൊണ്ടാണ് എല്ലാം ശരിയായിക്കൊണ്ടിരിക്കുകയാണെന്ന് ജനം പറയുന്നത്.

യു.ഡി.എഫ്. സർക്കാർ മുന്നണി നിലനിർത്താൻ വീതിച്ചുനൽകിയ അഴിമതിയുടെ വിളനിലമായ തദ്ദേശ സ്വയംഭരണ വകുപ്പിനെ ഈ സർക്കാർ ഒന്നാക്കുകയും അഴിമതി അവസാനിപ്പിക്കുകയും പുതുതായി 1317 തസ്തികകൾ നൽകുകയും ചെയ്തു. ഒരു വർഷംകൊണ്ട് 202178 ശൗചാലയങ്ങൾ നിർമ്മിച്ചുനൽകിക്കൊണ്ട് ഇന്ത്യയ്ക്കുതന്നെ നമ്മുടെ സംസ്ഥാനം മാതൃകയായി. യു.ഡി.എഫ്. ഭരണകാലത്ത് കണ്ണീരും കയ്യുമായി കഴിഞ്ഞിരുന്ന കയർ-കശുവണ്ടി-കൈത്തറി മേഖല ഇന്ന് സമാധാനത്തിന്റെയും സന്തോഷത്തിന്റെയും മേഖലകളായി മാറി. കടുത്ത വേനലിൽ കേരളമാകെ വെള്ളം എത്തിക്കുന്നതിൽ സർക്കാർ കാണിച്ച ജാഗ്രത എടുത്തുപറയേണ്ടതാണ്.

യു.ഡി.എഫ്. ഭരണകാലത്ത് 419 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ടാക്കിയ കൺസ്യൂമർ ഫെഡ് ഒരു വർഷംകൊണ്ട് 64 കോടി രൂപ ലാഭത്തിലായി.

കേന്ദ്രം അരിവിഹിതം വെട്ടിക്കുറച്ച് ജനങ്ങളെ പട്ടിണിക്കിടാൻ മുതിർന്നപ്പോൾ 440 കോടി രൂപ നൽകിക്കൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്തി. അഴിമതിയുടെ കൂത്തരങ്ങായിരുന്ന പൊതുമരാമത്ത് വകുപ്പ്; സ്ഥലം മാറ്റത്തിന് ലേലം വിളി നടന്ന വകുപ്പ്; എസ്റ്റിമേറ്റ് തുകയുടെ പല മടങ്ങ് ആർ.ഇ.-യിലൂടെ തട്ടിപ്പ് നടന്ന വകുപ്പ്; അത് ഇന്ന് സംശുദ്ധമായ ഭരണനടപടികളിലൂടെ ശരിയായിക്കൊണ്ടിരിക്കുകയാണ്. അഴിമതിയും തീവെട്ടിക്കൊള്ളയും നടന്നിരുന്ന അന്നത്തെ അവസ്ഥ മാറി. അഴിമതി വെളിച്ചത്തുകൊണ്ടുവരുന്നവർക്ക് അഞ്ചുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച സർക്കാരാണിത്. തൊഴിലാളികൾക്ക് അനുകൂലമായി മാറ്റിയെഴുതിയ പുതിയ നയം തൊഴിൽമേഖല ശരിയാകുന്നതിന്റെ ലക്ഷണമല്ലേ. തൊഴിലാളികൾ സ്വദേശിയായാലും പരദേശിയായാലും അവരെല്ലാം ഈ സർക്കാരിന്റെ പരിഗണനയ്ക്ക് അർഹരാണെന്ന് തെളിയിച്ചുകൊണ്ടാണ് 'ആവാസ്' പദ്ധതി പ്രഖ്യാപിച്ചത്. ലഹരി വിമോചനത്തിനായി പ്രഖ്യാപിച്ച 'വിമുക്തി' നല്ല ഫലം ചെയ്യുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടം കയറി

മുടിഞ്ഞ് 27 പെൻഷൻകാർ ആത്മഹത്യ ചെയ്ത കെ.എസ്.ആർ.ടി.സി. ഇന്ന് രക്ഷപ്പെടുകയാണ്. ഭാവനാപൂർണ്ണമായ പദ്ധതികൾ ഈ പ്രസ്ഥാനത്തിന് തുണയാകുകയാണ്. അന്യസംസ്ഥാന തൊഴിലാളികൾക്ക് തീരെ സൗകര്യമില്ലാത്ത, വൃത്തിഹീനമായ സ്ഥലങ്ങളിൽ കഴിയുന്ന ദയനീയമായ അവസ്ഥ നാമെല്ലാം കാണുന്നതാണ്. കേരളത്തിൽ ഇവരുടെ താമസം മനുഷ്യത്വപരമാക്കാൻ വേണ്ടിയുള്ള 'അപ്നാ ഘർ' എന്ന പദ്ധതി ഇന്ന് ഇന്ത്യയ്ക്ക് മാതൃകയാവുകയാണ്. കഴിഞ്ഞകാല യു.ഡി.എഫ്. ഭരണം തകർത്ത കേരളത്തിൽ എല്ലാം ശരിയാവുകയാണ്. കശുവണ്ടി, കയർ, കൈത്തറി, പരമ്പരാഗത വ്യവസായ മേഖലകൾ, തുരുമ്പെടുത്ത് കട്ടപ്പുറത്തായ കെ.എസ്.ആർ.ടി.സി., വിദ്യാഭ്യാസം, വൈദ്യുതി, ആരോഗ്യം, ക്രമസമാധാനം എല്ലാം ശരിയാകുന്നു. ഇന്ത്യാ ടുഡെയുടെ ഏറ്റവും പുതിയ സർവ്വേ പ്രകാരം ഇന്ത്യയിൽ ഏറ്റവും മനസ്സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന സ്ഥലം കേരളമാണെന്ന് പറയുന്നു. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ കേരളം ഒന്നാം സ്ഥാനം നേടിയിരിക്കുന്നു. ഇന്ന് കേരളത്തിലെ മന്ത്രിമാർക്ക് ഉദ്ഘാടനത്തിന് വരാൻ സമയമില്ല. അത്രയേറെ പദ്ധതികൾ പൂർത്തിയാക്കിക്കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വലിയ ക്രെയിൻ ഉപയോഗിച്ച് രണ്ട് തൂണുകളിൽ കയറ്റിവച്ച കൊച്ചി മെട്രോയുടെ കോച്ചിന്റെ ഫ്ലാഗ് ഓഫ് ചെയ്യാൻ മുഖ്യമന്ത്രി അടക്കം വലിയൊരു മന്ത്രിപ്പട തന്നെയുണ്ടായിരുന്നു. ആ മെട്രോയുടെ യഥാർത്ഥ ഉദ്ഘാടനം നടക്കുമ്പോൾ, കൊച്ചിൻ മെട്രോയിൽ ട്രാൻസ്ജെൻഡേഴ്സിന് ജോലി നൽകിക്കൊണ്ട് ലോകചരിത്രത്തിൽ കേരളം സ്ഥാനം നേടുകയാണ്. ഇങ്ങനെ കേരളം ശരിയാകുമ്പോൾ പ്രതിപക്ഷം മാത്രമാണ് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ശരിയാകാത്തത് എന്ന് കാണാൻ കഴിയും. പ്രതിപക്ഷത്തെ വാണാക്രൈ ആക്രമിച്ചിരിക്കുന്നുവെന്ന് സംശയിക്കുന്നു. ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ കാണാൻ അവർക്ക് സാധിക്കാതെ വരുന്നത് അവർ മാധ്യമങ്ങൾക്കൊപ്പം സഞ്ചരിക്കുന്നതുകൊണ്ടാണ്. മൂന്നാൾ സമരത്തെ മൂവായിരം എന്ന് തെറ്റിദ്ധരിപ്പിക്കുകയാണ്. മഷിക്കുപ്പിയും കരുതി സമരത്തിന് പോകുന്നവരെ പ്രോത്സാഹിപ്പിക്കുകയാണ്. ഈ ബില്ലിനെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഇന്ന് രാഷ്ട്രീയത്തിലെ പല വിവാദങ്ങളും കാണുമ്പോൾ "എന്റെ അച്ഛൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് എങ്ങനെയാണ് കൈകാര്യം ചെയ്തിരുന്നതെന്ന് ആലോചിക്കാറുണ്ട്. ആഴ്ചകളോളം നീട്ടിക്കൊണ്ടുപോകുന്ന പല വിവാദങ്ങളും അച്ഛൻ ഒരു ദിവസം കൊണ്ട് തീർക്കുമായിരുന്നു. പെട്ടെന്ന്

തീരുമാനങ്ങളെടുക്കാനുള്ള കഴിവായിരുന്നു അച്ഛന്റെ പ്രത്യേകത. സൂചികൊണ്ട് എടുക്കാവുന്ന കാര്യങ്ങൾ ഇന്ന് തൂമ്പകൊണ്ട് എടുക്കുന്നത് കാണുമ്പോൾ അച്ഛനെ ഓർമ്മ വരും. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരെ എൽ.ഡി.എഫ്.-ന്റെ ആൾ, യു.ഡി.എഫ്.-ന്റെ ആൾ എന്ന രീതിയിൽ അദ്ദേഹം വേർതിരിച്ചുകണ്ടിരുന്നില്ല. അവർ ചെയ്യുന്ന ജോലി കൊണ്ടാണ് ഓരോരുത്തരെയും അളന്നിരുന്നത്. കഴിഞ്ഞ സർക്കാരിന്റെ അടുപ്പക്കാരനായിരുന്നുവെന്നതുകൊണ്ട് ഒരു ഉദ്യോഗസ്ഥനെയും അച്ഛൻ അകറ്റി നിർത്തിയില്ല. അതുകൊണ്ടുതന്നെ ഇ.കെ. നായനാരുടെ കാലത്ത് ഐ.എ.എസ്., ഐ.പി.എസ്. വിവാദങ്ങൾ ഉണ്ടായിരുന്നില്ല." ദിവംഗതനായ; ജനകീയനായ കേരളത്തിന്റെ മുൻമുഖ്യമന്ത്രി ഇ. കെ. നായനാരുടെ ചരമവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ മകൻ ശ്രീ. കെ. പി. കൃഷ്ണകുമാർ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് എഴുതിയ ലേഖനത്തിന്റെ തുടക്കമാണ് ഞാൻ ഇവിടെ വായിച്ചത്. വ്യക്തമായ ഒരു സന്ദേശമാണ് ഈ സഭയ്ക്കും ഇവിടെ അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾക്ക് ഇത് നൽകുന്നത്. സൂചികൊണ്ട് എടുക്കാവുന്ന കാര്യങ്ങൾ ഇന്ന് തൂമ്പകൊണ്ട് എടുക്കുന്നത് കാണുമ്പോൾ അച്ഛനെ ഓർമ്മ വരുമെന്ന് ഇ. കെ. നായനാരുടെ മകനെ കൊണ്ടുപോലും പറയിപ്പിച്ച ഒരു ഗവൺമെന്റാണിതെന്ന് നമുക്കെല്ലാവർക്കും മനസ്സിലായി. രാഷ്ട്രീയരംഗം ശുദ്ധീകരിച്ചുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഒന്നാം വർഷത്തെ നേട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി പറയുന്നത്. യു.ഡി.എഫ്.-ൽ ആയിരിക്കുമ്പോൾ നിങ്ങളുടെ അഴിമതി വിരുദ്ധ ശരങ്ങൾ മുഴുവൻ ഏറ്റുവാങ്ങിയിരുന്ന രണ്ട് നേതാക്കൾ; നിങ്ങളുടെ അഴിമതി വിരുദ്ധ പോരാട്ടത്തിന്റെ പ്രതിസ്ഥാനത്ത് നിന്നിരുന്ന രണ്ട് നേതാക്കളോട് ഇപ്പോൾ നിങ്ങൾക്ക് വല്ലാതെ സ്നേഹം കൂടിയിരിക്കുന്നുവെന്നുള്ളതാണ് സമകാലീന സംഭവങ്ങൾ വ്യക്തമാക്കുന്നത്. ഇടമലയാർ കേസിലെ വാദിക്കും പ്രതിക്കും ക്യാബിനറ്റ് പദവി കൊടുത്ത ചരിത്രത്തിലെ ആദ്യത്തെ സർക്കാരാണ് ഈ സർക്കാരെന്നുള്ളത് നമുക്ക് ബോദ്ധ്യപ്പെട്ടു. മാണി സാറിന് കോട്ടയം ജില്ലാ പഞ്ചായത്ത് നിങ്ങളുടെ പിന്തുണയോടെ കൊടുക്കാൻ തയ്യാറാകുന്നു. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ക്യാബിനറ്റ് പദവിയിലേയ്ക്ക് എത്തിക്കാനും നിങ്ങൾ എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നു. മുഖ്യമന്ത്രിക്ക് ഇരട്ടച്ചങ്കില്ല എന്നായിരുന്നു ഞാൻ ഇത്രയും നാൾ പ്രസംഗിച്ചുകൊണ്ടിരുന്നത്. ഞാൻ അതൊന്ന് തിരുത്തുകയാണ്. മുഖ്യമന്ത്രിക്ക് ഇരട്ടച്ചങ്കുണ്ട്. രണ്ട് ചങ്ക് ബ്രോസ്. ഒരു ചങ്ക് ബ്രോ ഇപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും മറ്റൊരു ചങ്ക് ബ്രോ കെ. എം. മാണി സാറുമാണെന്നുള്ളതാണ് ഇപ്പോൾ കേരളത്തിന് മനസ്സിലാകുന്ന ഒരു കാര്യം. ഇങ്ങനെയാണോ രാഷ്ട്രീയരംഗം ശുദ്ധീകരിക്കുന്നത്. അഴിമതികേസിൽ

ശിക്ഷിക്കപ്പെട്ട എന്നുള്ളതിന്റെ പേരിൽ നിങ്ങൾ ഒരുപാട് വിമർശനങ്ങൾ ഉന്നയിച്ചിട്ടുള്ള ആളെ ക്യാബിനറ്റ് പദവിയിലേയ്ക്ക് കൊണ്ടുവന്നും അഴിമതിയുടെ പേരിൽ അങ്ങിരിക്കുന്ന കസേരയും കമ്പ്യൂട്ടറും വരെ തല്ലിപ്പൊളിച്ച സമരത്തിന് നേതൃത്വം നൽകിയിരിക്കുന്ന ആളുകൾ, അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന് ജില്ലാ പഞ്ചായത്തിന്റെ അധികാരവും കൊടുത്ത് നടത്തുന്ന രാഷ്ട്രീയ ശുദ്ധീകരണത്തിന് കേരളത്തിലെ ജനങ്ങളുടെ ഇടയിൽ വലിയ അംഗീകാരം ഉണ്ടായിരിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. ശരിയാക്കൽ മനോഹരമായിട്ടുണ്ട് എന്നാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

2016-ൽ ദേശാഭിമാനി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സംബന്ധിച്ച് ഒരു കാര്യമെഴുതി. "അഴിമതിക്കാരനെ അധികാര ദുർവിനിയോഗത്തിലൂടെ വിട്ടയയ്ക്കുകയാണ് ഇവിടെ. അഴിമതിക്കാരനെ വഴിവിട്ടും സംരക്ഷിക്കുമെന്ന പ്രഖ്യാപനമാണ് ഉമ്മൻ ചാണ്ടി സർക്കാർ മലയാളിക്ക് നൽകുന്ന കേരളപ്പിറവി സമ്മാനം. രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ തീർപ്പിനെപ്പോലും അധികാരഗർവ് കൊണ്ട് യു.ഡി.എഫ്. സർക്കാർ തട്ടിത്തെറിപ്പിക്കുന്നു" എന്ന് അന്നത്തെ ദേശാഭിമാനി കുറിച്ചുവച്ചു. ഇന്ന് അതേ ആർ. ബാലകൃഷ്ണപിള്ളയെ ക്യാബിനറ്റ് പദവിയിൽ, അതും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സമാനമായ പദവിയിൽ കൊണ്ടിരുത്തുമ്പോൾ എന്ത് ന്യായീകരണമാണ് ഇവിടെ ഇടതുപക്ഷത്തിന് കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ നൽകാനുള്ളത്? പ്രത്യേക കോടതിയുടെ ശിക്ഷ റദ്ദാക്കിയ ഹൈക്കോടതി നടപടിയേയും സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചിരുന്നു. ആ പാരഗ്രാഫിന്റെ അവസാനമെഴുതുന്നു. "ഏത് കുറ്റവാളിക്കും ഭരണത്തിന്റെ തണലുണ്ടെങ്കിൽ നിയമത്തെയും നീതിപീഠത്തെയും പുല്ലുപോലെ മറികടക്കാമെന്ന് വ്യക്തമാക്കപ്പെടുന്നു. ഇത് അപകടകരമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കടിഞ്ഞാണില്ലാത്ത കുതിച്ചോട്ടം അനുവദിക്കാൻ പാടില്ല. കുറ്റവാളികളുടെ കൂടാരമായി കുറ്റകൃത്യങ്ങളുടെ സംരക്ഷകരായി ഇങ്ങനെ ഒരു സർക്കാർ എന്തിന്? അതിശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ട സമയമായി" എന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ യു.ഡി.എഫ്. നിയമിച്ച കാലത്ത് ദേശാഭിമാനി കുറിച്ചുവച്ച വാചകങ്ങളെങ്കിലും നിങ്ങൾക്ക് ഓർമ്മയുണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആശിച്ചുപോകുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ശ്രീ. വി. കെ. സി. മമ്മത് കോയ ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. വനസ്പതിയെ സംബന്ധിച്ചും ബേക്കറി ഷോർട്ടനിംഗിനെക്കുറിച്ചുമാണത്. ഒരേ പ്രോഡക്ടിന്റെ രണ്ട് പേരിന് വ്യത്യസ്ത

ടാക്സ് ഏർപ്പെടുത്തുന്നത് ശരിയല്ല എന്ന് അദ്ദേഹം പറഞ്ഞ കാര്യത്തോട് ഞങ്ങളും യോജിക്കുന്നു. അതുപോലെ പത്രങ്ങളിൽ കഴിഞ്ഞ ദിവസം വന്ന ഒരു കാര്യമുണ്ട്. കൊച്ചി മെട്രോയുടെ ഉദ്ഘാടനം ഈ മാസം 30-ന് എന്ന് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ; തീരുമാനിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി. 'കൊച്ചി മെട്രോ ഉദ്ഘാടനത്തിന് മുമ്പ് വിവാദം; പ്രഖ്യാപിച്ച തീയതി മാറ്റി' - 'ശ്രീ. കടകംപള്ളി സുരേന്ദ്രനെ തിരുത്തി ശ്രീ. പിണറായി വിജയൻ'. കേരളത്തിന്റെ അഭിമാനമായ ഒരു പ്രോജക്ടിന് ഇത്രയും കാലമില്ലാത്ത വിവാദങ്ങൾക്ക് തുടക്കം കുറിക്കാനാണ് ഇപ്പോൾ ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ആരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ് നിങ്ങളുടെ തർക്കമെന്നുള്ളത് ഞങ്ങൾക്കറിയാം.

പക്ഷെ, കേരളത്തിലെ ജനങ്ങൾക്ക് ഒരു കാര്യത്തിൽ തർക്കമില്ലാത്തതാണ്. കൊച്ചി മെട്രോയെന്ന ഏറ്റവും വലിയ വികസന പ്രവർത്തനം നടപ്പിലാക്കിയതിന് കേരള ജനങ്ങളുടെ അംഗീകാരവും ആദരവും ലഭിക്കേണ്ട മൂന്ന് വ്യക്തികളുണ്ട്. അത് മറ്റാരുമല്ല, പ്രിയങ്കരനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും, ഡോ. മൻമോഹൻ സിംഗും, ശ്രീ. ഇ. ശ്രീധരനും അതുപോലെ ശ്രീ. ഏലിയാസ് ജോർജ് ഉൾപ്പെടെ അതിന് നേതൃത്വം നൽകിയ ആളുകളുമാണെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. നിങ്ങൾക്ക് ഇത് പറയുമ്പോൾ അസ്വസ്ഥതയുണ്ടാകുന്നത് സ്വാഭാവികമാണ്.

ഈ ഗവൺമെന്റിന്റെ സ്വന്തമായ ഒരു നേട്ടം കൊണ്ട് ഒന്നാം വർഷം ആഘോഷിക്കുവാൻ കഴിയുമായിരുന്നെങ്കിൽ നിങ്ങൾക്ക് ഈ അവസ്ഥ വരുമായിരുന്നില്ല. ഈ ഗവൺമെന്റിന് ഏതെങ്കിലും വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമായിരുന്നെങ്കിൽ നിങ്ങൾക്ക് ഇത്രയും വിമർശനങ്ങൾ നേരിടേണ്ടി വരുമായിരുന്നില്ല. കേരളപ്പിറവിക്ക് മെട്രോ ഉദ്ഘാടനം ചെയ്യാമെന്ന് ശ്രീ. ഇ. ശ്രീധരന്റെ പ്രസ്താവനയെപ്പോലും വൈകിപ്പിച്ച് ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തിന് മറ്റൊന്നുമില്ലാത്തതുകൊണ്ട് യു.ഡി.എഫ്.ന്റെ കുഞ്ഞിന്റെ അച്ഛനാകാൻ ശ്രമിക്കുന്നതുപോലെയാണ് ഇപ്പോൾ ഈ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. 2004-ൽ അന്നത്തെ കേരള സർക്കാർ ഡി.എം.ആർ.സി.യോട് ഡി.പി.ആർ. തയ്യാറാക്കാൻ പറയുകയും അതിനുശേഷം പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം 2011-ലാണ് യു.ഡി.എഫ്. സർക്കാർ വീണ്ടും കെ.എം.ആർ.എൽ.മായി മുന്നോട്ടുവരുന്നത്; 2012-ലാണ് പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം കിട്ടുന്നത്; മാർച്ച് 9-നാണ് ശ്രീ. ഇ. ശ്രീധരനെ ചുമതലപ്പെടുത്തുന്നതായി ഡി.എം.ആർ.സി. ഉത്തര വിറക്കുന്നത്; 2012 ജൂലൈയിലാണ് യൂണിയൻ ഗവൺമെന്റിന്റെ ക്ലിയറൻസ് ലഭിക്കുന്നത്, ക്യാബിനറ്റ് അപ്രൂവൽ കിട്ടുന്നത്; 2012 സെപ്റ്റംബറിലാണ്

ഡോ. മൻമോഹൻ സിംഗ് അതിന് തറക്കല്ലിടുന്നത്; 2013 ജൂണിലാണ് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നത്; 2013 മെയ് മാസത്തിലാണ് ഡി.എം.ആർ.സി.-യും എം.ഡി. ഏലിയാസ് ജോർജ്ജും തമ്മിലുള്ള ഫസ്റ്റ് ഫേയ്സിനുവേണ്ടിയുള്ള എം.ഒ.യു. ഒപ്പുവയ്ക്കുന്നത്; ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ജൂണിൽ ആരംഭിക്കുന്നു; 2013-ന് ഒടുവിൽ കാനറാ ബാങ്കുമായി സാമ്പത്തിക കാര്യത്തിന് എഗ്രിമെന്റ് വയ്ക്കുന്നു; 2013 ജൂൺ 19-ന് 22 സ്റ്റേഷനുകൾക്ക് ക്യാബിനറ്റിന്റെ തീരുമാനം വരികയും സെപ്റ്റംബറിൽ ആദ്യ സ്റ്റേഷന്റെ നിർമ്മാണം കലൂരിൽ തുടങ്ങുകയും ചെയ്യുന്നു; 2014 ആഗസ്റ്റിൽ കോച്ച് നിർമ്മിക്കാനുള്ള കരാറിൽ നമ്മുടെ ഗവൺമെന്റ് ഒപ്പ് വയ്ക്കുന്നു; 2015 ജൂൺ 10-ന് മെട്രോയുടെ ഓട്ടോമാറ്റിക് ടിക്കറ്റ് സംവിധാനത്തിനുള്ള തീരുമാനങ്ങളെടുക്കുന്നു; 2015 സെപ്റ്റംബർ 4-ന് കൊച്ചി മെട്രോയുടെ പുതിയ ലോഗോ ഡിസൈൻ അവതരിപ്പിക്കുന്നു; 2016 ജനുവരി 2-ന് മെട്രോയുടെ ആദ്യ സെറ്റ് കോച്ചുകൾ നമുക്ക് അവർ കൈമാറുന്നു; ജനുവരി 12-ന് കോച്ചുകൾ മുട്ടം യാർഡിൽ എത്തുന്നു; 2016 ജനുവരി 23-ന് മുട്ടം യാർഡിൽ കോച്ചുകളുടെ പരീക്ഷണ ഓട്ടം തുടങ്ങുന്നു; മാർച്ച് 21-ന് മുട്ടം മുതൽ ഇടപ്പള്ളി വരെ കൊച്ചി മെട്രോയുടെ പരീക്ഷണ ഓട്ടം ഉൾപ്പെടെ നടന്നു. ആ പദ്ധതിയുടെ 90 ശതമാനം ജോലികൾക്കും കർമ്മധീരമായി നേതൃത്വം നൽകി, കൊച്ചി ടൗണിൽ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേരള വികസന ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഏട് എഴുതി ചേർത്തത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാരായിരുന്നു എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമുണ്ട്. അത് അംഗീകരിക്കാൻ നിങ്ങൾക്ക് മടിയാണെങ്കിൽ വേണ്ട, പക്ഷെ തീയതിയുടെ പേര് പറഞ്ഞുകൊണ്ട്, ആര് ഉദ്ഘാടകൻ ആകണമെന്നുള്ള വിവാദങ്ങളിലേയ്ക്കെങ്കിലും തള്ളിയിടാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കണമായിരുന്നു. കേരളത്തിന്റെ 60-ാം വയസ്സ് ആഘോഷിച്ച കേരളപ്പിറവി ദിനമായ നവംബർ 1-ന് മെട്രോ ഉദ്ഘാടനം ചെയ്യാമായിരുന്നു. അതിനുപകരം ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തിൽ പ്രത്യേകിച്ചൊന്നും എടുത്തുവയ്ക്കാൻ ഇല്ലാത്തതുകൊണ്ട് ഈ പദ്ധതിയുടെ പേരിൽ അത് ആഘോഷിക്കേണ്ടി വരുന്ന അവസ്ഥയിലേയ്ക്ക് നിങ്ങളുടെ ഗവൺമെന്റ് മാറേണ്ടി വരുമായിരുന്നില്ല. എന്തായാലും കേരളത്തിലെ ജനങ്ങൾക്ക് ഇപ്പോൾ ബോധ്യം വരുന്നുണ്ട്. എല്ലാം ശരിയാക്കാമെന്നുള്ള മുദ്രാവാക്യം അത് മുദ്രാവാക്യങ്ങളിൽ മാത്രം ഒതുങ്ങുമ്പോൾ, പ്രതിപക്ഷത്തിരിക്കുമ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെയും ശ്രീ. കെ. എം. മാണിയെയും കുറിച്ചുപറഞ്ഞ ഓരോ കാര്യങ്ങളും മറന്ന് പെരുമാറുമ്പോൾ അത് ഓർമ്മയുള്ള കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ചോദ്യം ചെയ്യപ്പെടുമെന്നുള്ളതുകൊണ്ട് ഈ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലേയും പ്രശ്നങ്ങൾ പരിഹരിക്കാൻ യുക്തിഭദ്രമായിട്ടുള്ള പ്രോജക്ടുകളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുമ്പോൾ അതിൽ കേവലമായ രാഷ്ട്രീയ കാര്യങ്ങൾ മാത്രം ഉൾപ്പെടുത്തുന്ന രീതിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. മുൻ മുഖ്യമന്ത്രിമാരെക്കുറിച്ചുള്ള ശ്രീ. ഷാഫി പറമ്പിലിന്റെ അഭിപ്രായം കേൾക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നു. സഖാവ് ഇ.എം.എസ്, സഖാവ് ഇ. കെ. നായനാർ അതുപോലെ ബന്ധപ്പെട്ട എല്ലാ മുഖ്യമന്ത്രിമാരെക്കുറിച്ചും അദ്ദേഹം വാനോളം പുകഴ്ത്തുകയാണ്. ഇപ്പോൾ ഭരിക്കുന്ന സഖാവ് ശ്രീ. പിണറായി വിജയനെക്കുറിച്ചും ഇതുപോലെ നാളെ പറയേണ്ടിവരുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

റേഷന്റെ കാര്യത്തിലും സഹകരണസംഘം അവസാനിപ്പിക്കുന്ന കാര്യത്തിലും ഈ സംവിധാനത്തെ തകർക്കാൻ കേന്ദ്ര സർക്കാർ നിഷേധാത്മകമായ സമീപനങ്ങൾ സ്വീകരിക്കുമ്പോൾ, അതിനെയെല്ലാം പൊതുജനങ്ങളുടെ സഹകരണത്തോടെ പിടിച്ചുനിർത്താൻ കഴിയുന്ന, അതിന് നേതൃത്വം വഹിക്കുന്ന ഗവൺമെന്റാണ് ഇപ്പോഴുള്ളത്. വിലക്കയറ്റം സംബന്ധിച്ച വിഷയമൊക്കെ ആദ്യത്തെ സെഷനിലെ പ്രധാനപ്പെട്ട കാര്യമായിരുന്നു. അരിയുടെ വില 46 രൂപ ആയിരുന്നത് ഇപ്പോൾ 30-32 രൂപയിലേയ്ക്ക് തിരികെ കൊണ്ടുവന്നിരിക്കുകയാണ്. കൺസ്യൂമർ ഫെഡിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് യഥാർത്ഥത്തിൽ വില നിലവാരം പിടിച്ചുനിർത്താൻ സഹായിച്ചത്.

വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം, ആവാസ വ്യവസ്ഥയുടെ മാറ്റം, കാട്ടിൽ നിന്ന് ഗ്രാമങ്ങളിലേയ്ക്ക് ഇറങ്ങിവരുന്ന വന്യമൃഗങ്ങളുടെ എണ്ണം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ആളുകൾ മരണപ്പെടുന്നതുമായി ബന്ധപ്പെട്ട നിരവധി ആക്ഷേപങ്ങൾ ഇവയൊക്കെയാണ് പ്രതിപക്ഷം ഉന്നയിച്ചത്. ഇപ്പോൾ മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി എന്നുപറയുന്നതിൽ നിന്നുതന്നെ എത്രമാത്രം ആ മേഖലയിൽ ദിശാപരമായ മാറ്റത്തിന് തുടക്കം കുറിക്കുന്നു എന്നുള്ളത് വളരെ സ്പഷ്ടമാണ്.

ഉത്പാദന മേഖലയുടെ സ്ഥാനത്തിന് പകരം ഭൂമി കമ്പോള ചരക്കായി മാറുന്ന സാഹചര്യമുണ്ട്. മാധ്യമങ്ങളിൽ വരുന്ന വാർത്ത ശരിയാണെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റുകാരനെന്ന് പറയുന്നത് അമേരിക്കൻ പ്രസിഡന്റ് ട്രംപാണ്. കമ്പോളത്തിന്റെ ചരക്കാക്കി കാർഷിക മേഖലയെ

അവഗണിക്കുന്ന സമയത്ത് ഈ ഗവൺമെന്റ് തരിശുഭൂമിയെ കൃഷിഭൂമിയാക്കുകയാണ്. ആറന്മുള, മെത്രാൻ കായൽ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു മന്ത്രി ഗവൺമെന്റിന്റെ പ്രതിനിധിയായി മുന്നിട്ടിറങ്ങുന്നത് വേറിട്ട കാഴ്ചയല്ലേ? നമുക്ക് ആവശ്യമായ മുട്ട, പച്ചക്കറി, മാംസം എന്നിവയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുമെന്ന് ഈ ഗവൺമെന്റ് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. ജൈവ പച്ചക്കറി വ്യാപനത്തിൽ എല്ലാവരുടെയും സഹകരണംകൊണ്ട് സർക്കാർ ലക്ഷ്യം കൈവരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇത്തരം പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷത്തിന് എങ്ങനെയാണ് അതിനെ എതിർക്കാൻ കഴിയുന്നത്? ഇച്ഛാശക്തിയോടുകൂടി പറയുന്ന കാര്യങ്ങൾ അതേപടി നടപ്പിലാക്കാൻ തന്റേടം കാണിക്കുന്ന മുഖ്യമന്ത്രിയെയാണ് കേരളം കാണുന്നത്. ജനബന്ധമുള്ള വിഷയങ്ങൾ പഠിക്കാൻ, ജനോപകാരപ്രദമായ അഭിപ്രായങ്ങൾ പറയുന്നതിൽ മടി കാണിക്കാത്ത മുഖ്യമന്ത്രിയാണ്. 36 കൊല്ലമായി മുടങ്ങിക്കിടക്കുന്ന മലയോര കർഷകന്റെ പട്ടയ പ്രശ്നം സാക്ഷാത്കരിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രിയോടൊപ്പം മുഖ്യമന്ത്രിയും ഉണ്ടെന്നുള്ളത് പ്രതീക്ഷാനിർഭരമായിട്ടുള്ള നാളെയുടെ സൂചനകളാണ്. അഴിമതിക്കെതിരായ സമരം ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമല്ലേ? ഒരു ഗവൺമെന്റിന് അഴിമതി തുടച്ചുനീക്കാൻ കഴിയുമെന്ന് കാണിച്ച ഭരണം എന്നാണ് ഉണ്ടായിട്ടുള്ളത്? വിദ്യാഭ്യാസ രംഗത്തെ പുതിയ പരിഷ്കാരങ്ങൾ, ഹൈടെക്കും ഇന്റർനാഷണലുമായി ബന്ധപ്പെട്ട് ജനപങ്കാളിത്തത്തോടുകൂടി സമൂലമായ മാറ്റങ്ങൾ നടക്കുകയാണ്. ഇതുപോലൊരു മാറ്റം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? സാഹചര്യത്തെ പ്രയോജനപ്പെടുത്താൻ, എപ്പോഴും അധികാര വികേന്ദ്രീകരണത്തിനും സാമ്പത്തിക വികേന്ദ്രീകരണത്തിനും ജന വിശ്വാസത്തിനുമൊക്കെ ഏറെ പ്രാധാന്യം നൽകുന്ന ഒരു ഗവൺമെന്റ് എന്ന അർത്ഥത്തിൽ എന്നും ഈ സർക്കാർ അറിയപ്പെടും, നിലനിൽക്കും എന്ന കാര്യത്തിൽ ഉറപ്പുണ്ട്. ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ എഴുതിചേർക്കുന്ന കാലഘട്ടമായിരിക്കും ഇത്.

ഈ ഗവൺമെന്റിന്റെ കിഫ്ബി പദ്ധതി കേട്ടുകേൾവിയില്ലാത്ത പരിഷ്കാരമാണോ? നികുതി നിർദ്ദേശങ്ങളൊന്നുമില്ലാതെ ഗവൺമെന്റിന്റെ പുതിയ ധനസ്രോതസ്സ് തുറക്കുക എന്ന് പറയുന്നതിൽ അഭിമാനം കൊള്ളുന്നവരാണ് കേരളത്തിലെ മുഴുവൻ ജനങ്ങളും. പ്രതിപക്ഷത്തിന്റെ സംശയം നിരവധിയാണ്, ഓരോ സമയത്തും ഓരോ രീതിയിലാണ്. ചിലപ്പോൾ പറയും ഇത് നടക്കാൻ പോകുന്നില്ലെന്ന്, ചിലപ്പോൾ പറയും ഇതിന് നിയമസാധുതയില്ലെന്ന്, മറ്റ് ചിലപ്പോൾ പറയുന്നത് ഇത് നേരത്തെ നമ്മൾ നടപ്പിലാക്കിയതാണെന്നാണ്.

എന്നാൽ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതിയാണെങ്കിലും ഞങ്ങൾക്ക് പണം അനുവദിക്കണമെന്ന് വേറെ തരത്തിലും പറയുന്നു. കിഫ്ബി എന്ന് കേൾക്കുമ്പോൾ ഉറച്ച സ്റ്റാന്റ് ഉണ്ടാകേണ്ടത് പ്രതിപക്ഷത്തിനാണ്. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞതാണ്. കൊച്ചി മെട്രോയ്ക്ക് 3000 കോടി രൂപ ബഡ്ജറ്റിൽ ഇല്ലാതിരുന്നിട്ടും പുറത്തുനിന്ന് കണ്ടെത്തിയില്ലേ; ഇത് പുതിയ രീതിയാണ്. കേരളത്തിൽ നിരവധിയായ പദ്ധതികൾ നാല് വർഷം കൊണ്ട് പൂർത്തിയാകുമെന്നുള്ളതാണ് ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റിലൂടെ വരച്ച് കാണിച്ചത്. ഈ വികസന ചരിത്രത്തിൽ പുതിയ അദ്ധ്യായം കുറിക്കുമ്പോൾ തന്നെ ഇപ്പോൾ അപ്പുറത്ത് കാണുന്ന പ്രതിപക്ഷത്തിന്റെ 41 എന്ന അംഗസംഖ്യ 14 ആക്കി മാറ്റുക എന്നതു തന്നെയാണ് ഇപ്പോഴത്തെ ഗവൺമെന്റിന്റെ പുതിയ പരിഷ്കാരങ്ങൾകൊണ്ട് ലക്ഷ്യമിടുന്നത് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ, ലൈഫ് പദ്ധതി തുടങ്ങി നാല് മിഷനുകൾ ഉൾപ്പെടെ കൊണ്ടുവന്ന് കേരളത്തെ മാറ്റിമറിക്കാൻ ഇതുപോലുള്ള പരിഷ്കാരം കൊണ്ടുവന്ന ഗവൺമെന്റ് വേറെ ഉണ്ടാകില്ലായെന്ന് ചരിത്രം രേഖപ്പെടുത്തുമെന്ന ഉത്തമ വിശ്വാസത്തോടെ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ

ശ്രീ. പി. ഉബൈദുള്ള]

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനം ധന പ്രതിസന്ധി നേരിടുന്നതിന്റെ ഒരു നഖചിത്രം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ടി. എം. തോമസ് ഐസക് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാന ഭാഗത്ത് വരച്ചുകാണിക്കുന്നുണ്ട്. ബഡ്ജറ്റ് കമ്മി 13066 കോടി രൂപയിൽനിന്ന് 13935 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ വളരെ പ്രധാനപ്പെട്ട ഒരു ക്രമപ്രശ്നം ഇവിടെ ഉന്നയിച്ചു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വളരെ സൗമ്യമായി അതിന് മറുപടിയും പറഞ്ഞു. അതിൽ പോയിന്റൊന്നും ഉണ്ടായിരുന്നില്ല. സ്പീക്കർ അത് റൂൾ ഔട്ട് ചെയ്തു. പക്ഷേ വസ്തുത വസ്തുതയായി അവശേഷിക്കുകയാണ്. സാധാരണ ധനകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ അതിൽ നികുതി നിർദ്ദേശങ്ങളുണ്ടാകും. പക്ഷേ 2017-ലെ ധനകാര്യ ബിൽ വ്യത്യസ്തമായൊരു ധനകാര്യ ബില്ലാണ്. നേരത്തെ നിർദ്ദേശിക്കപ്പെട്ട നികുതികളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പ്രഖ്യാപിച്ച ഇളവുകൾക്ക് നിയമ പ്രാബല്യം കൊടുക്കുന്നതിനുമുള്ള ഒരു ബില്ലാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്.

അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്ട്, ലക്ഷ്വറി ടാക്സ് ആക്ട്, വാറ്റ് ആക്ട് എന്നിവയിലൊക്കെ അദ്ദേഹം ഭേദഗതി നിർദ്ദേശിച്ചിരിക്കുകയാണ്. ഇ-സ്റ്റാമ്പിംഗിനെ സംബന്ധിച്ച് അദ്ദേഹം ഭേദഗതി പറയുന്നുണ്ട്. അത് സ്റ്റാമ്പ് ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിൽ കൊണ്ടുവരാൻവേണ്ടി മാത്രമാണ്. വേറെ പ്രത്യേകിച്ച് ഒരു നിർദ്ദേശവും അതിനകത്തില്ല.

ഈ ബില്ലിൽ അസാധാരണമായ ഒരു സംഭവം നടന്നിട്ടുണ്ട്. സാധാരണ ബിൽ പാസ്സാക്കിയതിനുശേഷമാണ് റൂൾസ് ഫ്രെയിം ചെയ്യുന്നത്. പക്ഷേ ചട്ടം നേരത്തെ വന്നുകഴിഞ്ഞു. അത് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. ഇപ്പോൾ സൈബർ ആക്രമണങ്ങളും എ.ടി.എം. തട്ടിപ്പും വർദ്ധിച്ചിരിക്കുന്നു. വാണാക്രൈ സൈബർ ആക്രമണത്തിൽ നിന്നും ഇപ്പോഴും നാം മോചിതരായിട്ടില്ല. ഈ സഭയിൽ ബഹുമാന്യരായ അംഗങ്ങളും പണ്ഡിതരായ ആളുകളും പ്രാക്ടിക്കൽ എക്സ്പീരിയൻസുള്ള ആളുകളുമുണ്ട്. അവരുടെയൊക്കെ അഭിപ്രായം തേടാതെ റൂൾസ് ഫ്രെയിം ചെയ്തത് ശരിയായില്ല.

ചരക്ക് സേവന നികുതി നിയമം ജൂലൈ മാസത്തിൽ നിലവിൽ വരികയാണ്. അത് വരുമ്പോഴുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് ഇപ്പോഴും പൂർണ്ണ ധാരണയില്ല. രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഡൽഹിയിൽ കൂടിയ പത്രസമ്മേളനത്തിൽ, ജി.എസ്.ടി. വൻകിട കമ്പനികളുടെ കൊള്ളയ്ക്കുള്ള ഒരു വഴിയാണെന്ന് പറയുകയുണ്ടായി. ഞാൻ അതിനെ അനുകൂലിക്കുകയാണ്. കാരണം കേന്ദ്രഗവൺമെന്റിന്റെ പൊതുസ്വഭാവം അതാണ്. എന്നും കോർപ്പറേറ്റുകളെ സഹായിക്കുന്ന ഒരു നിലപാടാണ് മോദി ഗവൺമെന്റ് എടുത്തിട്ടുള്ളത്. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്നുള്ളതാണ് പ്രധാന പ്രശ്നം. കേന്ദ്രം ഒരു നിയമമുണ്ടാക്കുമ്പോൾ അതിനനുരോധമായി കേരളവും ഒരു നിയമമുണ്ടാക്കണം. ഇപ്പോൾ സഭ ചേരുമ്പോൾത്തന്നെ എല്ലായിടത്തും ഓർഡിനൻസിനെപ്പറ്റിയാണ് സംസാരം. അങ്ങനെ സഭ ചേരുമ്പോൾ ഉപശാലകളിലും സഭയ്ക്കുള്ളിലുമൊക്കെ ഓർഡിനൻസിനെപ്പറ്റി സംസാരം നടക്കുന്ന രീതിതന്നെ ശരിയല്ല. അത് വളരെ അനാരോഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്. അതോടൊപ്പം ഈ നികുതി കുറഞ്ഞാലും അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് ലഭിക്കണം. ഈ ഉല്പന്നങ്ങളുടെ മാക്സിമം റീട്ടെയിൽ പ്രൈസ് കുത്തകക്കാരും കോർപ്പറേറ്റുകളുമൊക്കെ കുറയ്ക്കാൻ തയ്യാറാകുന്നില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. അവരെ അതിന് തയ്യാറാക്കിയാൽ മാത്രമേ സാധാരണക്കാരിലേയ്ക്ക് ഇതിന്റെ ഗുണം എത്തിക്കാൻ സാധിക്കുകയുള്ളൂ.

ചരക്ക് സേവന നികുതിക്ക് മുന്നോടിയായി കുടിശ്ശിക നിവാരണ പാക്കേജ് പ്രഖ്യാപിച്ച ധനകാര്യ വകുപ്പുമന്ത്രി സ്വർണ്ണത്തിന്റെയും വനസ്പതിയുടെയും പർച്ചേസ് ടാക്സ് കുടിശ്ശികയുടെ കാര്യത്തിൽ ഒരു പാക്കേജും കൊടുത്തിട്ടില്ല. ശ്രീ. ഷാഫി പറമ്പിലും ശ്രീ. വി. കെ. സി. മമ്മത് കോയയുമൊക്കെ ഇതിനെക്കുറിച്ച് പറഞ്ഞു. കോമ്പൗണ്ടിംഗ് വ്യവസ്ഥപ്രകാരം നികുതിയടയ്ക്കുന്ന വ്യാപാരികൾക്ക് തൊട്ടുമുൻവർഷം കൊടുത്ത നികുതിയുടെ ഒരു നിശ്ചിത ശതമാനം കൂട്ടിക്കൊടുക്കുന്ന സംവിധാനമാണ് സാധാരണ ചെയ്യാറുള്ളത്. 2014-ലെ ധനകാര്യ ബിൽ പ്രകാരം സ്വർണ്ണ വ്യാപാരികൾ സാധാരണക്കാരിൽനിന്നും കസ്റ്റമേഴ്സിൽനിന്നും വാങ്ങിയ ആഭരണത്തിന് അഞ്ച് ശതമാനം പർച്ചേസ് ടാക്സ് കൊടുക്കേണ്ട സ്ഥിതിയാണ്. കോമ്പൗണ്ടിംഗ് ആരംഭിച്ച കാലംമുതൽ ഇല്ലാതിരുന്ന പർച്ചേസ് ടാക്സ് ഇപ്പോൾ വ്യാപാരികൾ നൽകേണ്ട സ്ഥിതിയാണ്. കേരളത്തിൽ ഒരുകാലത്ത് തഴച്ചുവളർന്ന സ്വർണ്ണ വ്യാപാരം ഇന്ന് അന്യദേശങ്ങളിലേയ്ക്ക് പോകുകയാണ്. അതിൽ ഇടപെടുമെന്നും നിലപാടെടുക്കുമെന്നും കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതാണ്. ഇന്ന് ചേരുന്ന സബ്ജക്ട് കമ്മിറ്റിയിലെങ്കിലും സ്വർണ്ണവ്യാപാരികളുടെയും വനസ്പതിക്കാരുടെയും പ്രശ്നത്തിൽ ഒരു തീരുമാനമെടുത്ത് ഈ ബിൽ വീണ്ടും സഭയിൽ വരുമ്പോൾ അവതരിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെ സംസ്ഥാനത്ത് അധികമായി ലഭിക്കേണ്ട ഇൻപുട്ട് ടാക്സ് ഇളവിന്റെ തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ വളരെ ബോധവാനാണ്. അദ്ദേഹം അത് ശ്രദ്ധിക്കുമെന്നും അറിയാം. എന്നാലും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് ചില മുന്നൊരുക്കങ്ങളുണ്ട്. അതൊന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുവരെ ചെയ്തതായി അറിയില്ല. പ്രത്യേകിച്ച് കമ്പ്യൂട്ടറൈസേഷൻ, ജീവനക്കാരുടെ ട്രെയിനിംഗ് ഇവയിലൊന്നും ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

നമ്മുടെ സംസ്ഥാനം കർഷകരുടെ ലോകത്തേയ്ക്ക് തിരിച്ചുവരികയാണ്. ഗവൺമെന്റുതന്നെ അതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മുൻ ഗവൺമെന്റും പ്രോത്സാഹിപ്പിച്ചിരുന്നു. ജി.എസ്.ടി. വരുമ്പോൾ കർഷകർക്കാവശ്യമുള്ള വളം, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കുള്ള നികുതി ഒഴിവാക്കിക്കൊടുക്കണം. സൗരോർജ്ജ പാനലിന്റെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. സിയാലിലൊക്കെ ചെയ്തത് വമ്പിച്ച വിജയമാണ്. ജി.എസ്.ടി. വരുമ്പോൾ സൗരോർജ്ജ ഉല്പന്നത്തിനും ടാക്സില്ലാത്ത ഒരവസ്ഥയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ ഗവൺമെന്റ് വന്നാൽ എല്ലാം ശരിയാകുമെന്നാണ് ഇവരെല്ലാം പറഞ്ഞത്. പാവപ്പെട്ട രോഗികൾ വളരെ പ്രതീക്ഷയോടെയാണ് കാത്തിരുന്നത്. അവരുടെ ക്ഷേമപെൻഷനുകൾ വീട്ടിലെത്തിച്ചുകൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. പക്ഷേ മൂന്ന് മാസമായി പാവപ്പെട്ടവർക്കും വൃദ്ധർക്കും ക്ഷേമപെൻഷൻ കിട്ടുന്നില്ല.

അതുപോലെ യു.പി.എ. ഗവൺമെന്റിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെട്ട പദ്ധതിയാണിത്. ഏഴ് മാസക്കാലമായി അവർക്ക് വേതനം ലഭിക്കുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സെക്രട്ടേറിയറ്റ് നടയിൽ അവർ സമരത്തിലാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഇന്ന് അവർ സമരം ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും കൊടുത്തിട്ടില്ല. അതൊടൊപ്പം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട വിഹിതം വാങ്ങാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അത് അങ്ങേയറ്റം വേദനാജനകമാണ്. തൊഴിലുറപ്പ് പദ്ധതി വളരെ നല്ല പദ്ധതിയാണ്. നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമൊക്കെ ഏത്രയോ വർക്കുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. പട്ടിണിക്കാരായ അവർ ഇപ്പോഴും ശമ്പളം കിട്ടാതെ ജോലി ചെയ്യുകയാണ്. എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ ഈ ഗവൺമെന്റ് അവരുടെ കാര്യമെങ്കിലും ശരിയാക്കിക്കൊടുത്താൽ നന്നായിരുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, വജ്ര ജൂബിലി ആഘോഷ കാലയളവിൽ ചേരുന്ന ഈ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

'ആറിത്തണുത്തമറവിയ,ല്ലെപ്പൊഴു

മാളിപ്പടർന്നിടുന്നോർമ്മതാൻ യൗവനം'

എന്ന് ചങ്ങമ്പുഴയാണ് കുറിച്ചത്. വജ്ര ജൂബിലി വർഷത്തിൽ ആദ്യ മന്ത്രിസഭയെക്കുറിച്ചുള്ള ഓർമ്മകൾ ഏതൊരു രാഷ്ട്രീയ വിദ്യാർത്ഥിക്കും രാഷ്ട്രീയ പ്രവർത്തകനും വല്ലാത്ത യൗവനവും ഊർജ്ജവും പകർന്നുനൽകുമെന്നാണ് ഞാൻ കരുതുന്നത്. 1957 ഏപ്രിൽ 5-ന് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ് കൃത്യം ആറാമത്തെ ദിവസമാണ് കുടിയൊഴിപ്പിക്കൽ നിരോധന നിയമം ഓർഡിനൻസായി

അവതരിപ്പിക്കപ്പെടുന്നത്. ആ ധീരമായ ചുവടുവയ്പ്പ് മുതൽ ഇതപര്യന്തമുള്ള കേരളത്തിന്റെ രാഷ്ട്രീയചരിത്രം പരിശോധിച്ചാൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടികൾ നേതൃത്വം നൽകുന്ന ഗവൺമെന്റുകൾക്ക് മാത്രമേ ഈ സമൂഹത്തിന്റെ അടിത്തട്ടിലുള്ള മനുഷ്യന്റെ നൊമ്പരങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്ന് കാണാൻ കഴിയും. ആ ഗവൺമെന്റ് തന്നെ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ ബിൽ, പരമാവധി മര്യാദാപാട്ടം നിജപ്പെടുത്തുന്ന ചുവടുവയ്പ്പ് തുടങ്ങിയ ഓരോ സമീപനം, നിർഭാഗ്യവശാൽ 28 മാസം മാത്രം പ്രായമുള്ള സർക്കാരിനെ 1959 ജൂലൈ 30-ന് ഇൻഡ്യൻ പ്രസിഡന്റ് പിരിച്ചുവിടുകയുണ്ടായി. അതിന് നിദാനമായ സാഹചര്യം, സാമൂഹ്യ-സാമുദായിക ശക്തികളെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ തുടങ്ങിവച്ച പ്രതിലോമ രാഷ്ട്രീയ പ്രവണതകൾ ഇന്നും കേരളീയ രാഷ്ട്രീയാന്തരീക്ഷത്തിൽ നിലനില്ക്കുന്നുണ്ട്. പിന്നീട് കേരള രാഷ്ട്രീയത്തിന്റെ കുമ്പസാരക്കൂട്ടിൽ കയറിനിന്നുകൊണ്ട്, അന്ന് നേതൃത്വം നൽകിയ ആളുകൾ, വിമോചനസമരം തെറ്റായിപ്പോയി എന്നുപറഞ്ഞവരുണ്ട്. എന്നാൽ ആ വിമോചനസമരം സൃഷ്ടിച്ച പ്രതിലോമകരമായ രാഷ്ട്രീയാന്തരീക്ഷം ഇന്നും കേരളത്തിൽ തുടരുന്നുണ്ട്. ആ ഗവൺമെന്റ് പദ്ധതി നിർവ്വഹണത്തിൽ പ്രകടിപ്പിച്ച ഇച്ഛാശക്തി കണക്കുകളിലൂടെ നമുക്ക് ബോധ്യമാകുന്നതാണ്. 1956-57 വർഷത്തിൽ 58.1 ശതമാനമായിരുന്ന പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെങ്കിൽ അത് 1957-58 ആയപ്പോഴേയ്ക്കും 84.5 ശതമാനമായി വർദ്ധിച്ചു. 1958-59 ആയപ്പോൾ സർക്കാരിനെ പിരിച്ചുവിടപ്പെട്ട കാലത്ത് 94 ശതമാനമായിരുന്നു. ഇതെല്ലാം സ്വയം സംസാരിക്കുന്ന വസ്തുതകളും കണക്കുകളുമായിരുന്നു.

'കേരള മോഡൽ' എന്ന് സാർവ്വദേശീയമായി പ്രശംസിക്കപ്പെടുന്ന കാഴ്ചപ്പാടിന്റെ അടിത്തറകളായ വിദ്യാഭ്യാസം, ആരോഗ്യം, ഭൂപരിഷ്കരണം എന്നിവയ്ക്കായിരുന്നു ആ സർക്കാരും അതിന് തുടർച്ചയായി വന്ന ഇടതുപക്ഷ ഗവൺമെന്റുകളും ഊന്നൽ നൽകിയത്. 1974-ലെ കർഷകത്തൊഴിലാളി നിയമം, ചുമട്ടു തൊഴിലാളി നിയമം, ക്ഷേമനിധി നിയമം, കള്ളുചെത്തു തൊഴിലാളികളുടെ ക്ഷേമനിധി, കശുവണ്ടി തൊഴിലാളികൾക്കായി കുടിവറുപ്പ് നിരോധനനിയമം, സാക്ഷരതാ പ്രസ്ഥാനം, ജനകീയാസൂത്രണം തുടങ്ങി കേരള രാഷ്ട്രീയത്തിന്റെ വികാസ ചരിത്രത്തിൽ നാഴികക്കല്ലുകളായി, വഴിവിളക്കുകളായി നിൽക്കുന്ന പുരോഗമനപരമായ നിലപാടുകളെല്ലാം ഇടതുപക്ഷ ഗവൺമെന്റുകളുടേതാണെന്ന് ഒരു രാഷ്ട്രീയ വിദ്യാർത്ഥിക്ക് നിസ്സംശയം പറയാം. ഒരുവന്റെ കമ്മ്യൂണിസ്റ്റ് യാത്ര, പൊതുപ്രവർത്തന യാത്ര ആരംഭിക്കുന്നത് ധീരമായ ചുവടുവയ്പ്പിൽ നിന്നാണ്.

'എത്തേണ്ടതാമവിടെയെത്തിയാലും ശരി
മധ്യേമരണം വിഴുങ്ങിയാലും ശരി
മുന്നോട്ടുതന്നെ നടക്കുംവഴിയിലെ
മുള്ളുകളൊക്കെ ചവിട്ടിമെതിച്ചു ഞങ്ങൾ.'

ആ ധീരത ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് നേതൃത്വം നൽകിയ സഖാവ് ഇ.എം.എസ്.-നുണ്ടായിരുന്നു; സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇപ്പോഴത്തെ ഗവൺമെന്റിനും ആ ധീരതയുണ്ട്. ഇന്ന് കേരളത്തിൽ രൂപപ്പെട്ടുവന്നിരിക്കുന്ന ഒരു മാറ്റത്തിന്റെ അന്തരീക്ഷം മനസ്സിലാക്കാൻ നിർഭാഗ്യവശാൽ പ്രതിപക്ഷത്തിന് കഴിയാതെ പോയിരിക്കുന്നു. ഇന്ന് കേരളത്തിൽ ഒരു മാറ്റമുണ്ട്. ആ മാറ്റം എന്നുപറയുന്നത്, കേരളത്തിലെ സാമുദായിക സംഘടനാനേതാക്കൾക്ക് തലവേദനയില്ലാത്ത ഒരു കാലം വന്നിരിക്കുന്നു എന്നതാണ്. അവർക്ക് മന്ത്രിമാർ ആരാണെന്ന് നിശ്ചയിക്കുന്നതിന് തലപുണ്ണാക്കേണ്ടി വരുന്നില്ല. മന്ത്രിമാർക്ക് ഏതൊക്കെ വകുപ്പുകളാണെന്ന് നിശ്ചയിക്കുന്നത് സമുദായ നേതാക്കളല്ലാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. എല്ലാ ജാതിയിലും മതത്തിലും സമുദായത്തിലുംപെട്ട മലയാളികളായ മനുഷ്യരെ ഒരുപോലെ കാണുന്ന, സമഭാവനയോടെ കാണുന്ന ഒരു ഗവൺമെന്റിന്റെ സാന്നിദ്ധ്യം കേരളത്തിലുണ്ടായിരിക്കുന്നു.

അഴിമതി ഒരു അർബുദമാണ്. ലോകബാങ്കിന്റെ കണക്കുകൾ തന്നെ പറയുന്നുണ്ട്, 1.6 ബില്ല്യൺ ഡോളറാണ് അഴിമതിയുടെ രൂപത്തിൽ നഷ്ടമാകുന്നത്. യഥാർത്ഥത്തിൽ ആ അഴിമതി വർഗ്ഗീയതയെപ്പോലെ മതഭീകര വാദത്തെപ്പോലെ ആക്രമിക്കുന്നത് സാധാരണക്കാരായ മനുഷ്യരെയാണ്. ആ അഴിതിയിൽ നിന്ന് മലയാളികളെ രക്ഷിക്കുകയെന്ന ദൃഢനിശ്ചയമാണ് പിണറായി സർക്കാരിന്റെ മുഖമുദ്ര. 'Zero tolerance to corruption' എന്നത് ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്. അഴിമതി വച്ചുപൊറുപ്പിക്കുകയില്ലായെന്ന പ്രഖ്യാപനമല്ല, മറിച്ച് അതിനുള്ള ധീരമായ നടപടികൾ സ്വീകരിച്ചിരിക്കുന്നു.

വിസിൽ ബ്ലോവേഴ്സിന് 5 ലക്ഷം രൂപയുടെ അവാർഡ് പ്രഖ്യാപിച്ചിരിക്കുന്നു. ഇത് കേരള രാഷ്ട്രീയ ചരിത്രത്തിലെന്നല്ല, ഇൻഡ്യയുടെ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുമോ? Centre for Media Studies നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് നമ്മുടെ മുന്നിലുണ്ട്. ഇൻഡ്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. അഴിമതിയിൽ ഒന്നാമത് നിൽക്കുന്നത് അയൽ സംസ്ഥാനമായ കർണ്ണാടകയാണെന്നും ആ പഠന റിപ്പോർട്ട് പറയുന്നുണ്ട്.

അത് എ.കെ.ജി. പഠന ഗവേഷണകേന്ദ്രം തയ്യാറാക്കിയ റിപ്പോർട്ടല്ല എന്ന കാര്യമെങ്കിലും പ്രതിപക്ഷം അംഗീകരിച്ചുതരണം. ക്രമസമാധാന നിലയുടെ കാര്യത്തിൽ, ഇൻഡ്യ ടുഡേ ഇവിടത്തെ ഇടതുപക്ഷത്തെ പിന്തുണയ്ക്കുന്ന ഒരു മാധ്യമമാണെന്ന് എതിരാളികൾ പറയില്ലല്ലോ? ഇൻഡ്യയിൽ ക്രമസമാധാനനില ഭദ്രമായ സംസ്ഥാനമാണ് കേരളമെന്ന് ഇൻഡ്യ ടുഡേ പറയുന്നു. 'ഗാർഡിയൻ' എന്ന അന്തർദ്ദേശീയ പത്രം ഗവൺമെന്റിനെ പ്രശംസിക്കുകയാണ്. ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനം മാതൃകാപരമാണെന്നാണ് ആ പത്രം വിശദീകരിക്കുന്നത്.

ഇവിടെ 'തിരുക്കുറൾ'-നെ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'നല്ലവാക്കുകൾ പറയാൻ അവസരമുണ്ടായിരിക്കെ അതുചെയ്യാതെ വർത്തമാനം പറയുന്നത് മധുരപ്പഴം വേണ്ടായെന്ന് തീരുമാനിച്ച് പഴുക്കാത്ത ഫലത്തെ ഇഷ്ടപ്പെടുന്നതുപോലെയുള്ള ഒരു വ്യായാമമാണ് ' യഥാർത്ഥത്തിൽ പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് 'ഹരിതകേരളം' സൃഷ്ടിക്കുന്നതിനായി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നമുക്ക് സമൃദ്ധമായ ഒരു ഭൂതകാലമുണ്ട്. വയലേലകളും കുളങ്ങളും വറ്റാത്ത കിണറുകളും സംതൃപ്തരായ ഗ്രാമീണ ജനതയുമൊക്കെയുള്ള ഒരു ജനത. പട്ടിണിയുടെയും പരിവട്ടത്തിന്റെയും രൂക്ഷമായ ആക്രമണങ്ങൾ ഉണ്ടാകുമ്പോഴും മനുഷ്യന് ജീവിച്ചുപോകാൻ കഴിയുന്ന കുളിർമ്മയുള്ള ആ ഇന്നലെകളിലേയ്ക്ക് മലയാളികളെ കൊണ്ടുപോകാൻ പദ്ധതി ആവിഷ്ക്കരിച്ച ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും ഇടതുപക്ഷ ഗവൺമെന്റിനെതിരായി ആക്രമണങ്ങൾ അഴിച്ചുവിടുന്നതുകൊണ്ട് കിട്ടുന്ന ഏതൊരു വടിയുമെടുത്ത്, നേതാക്കളുടെ പ്രസംഗങ്ങൾ, പ്രസംഗങ്ങളിലെ കുത്തും കോമയും പരാമർശങ്ങൾ, ഇതെല്ലാം എടുത്തുകൊണ്ട്, ഗവൺമെന്റിനെ ആക്രമിക്കാൻ ഇറങ്ങിത്തിരിച്ചവർ യഥാർത്ഥത്തിൽ പരാജയപ്പെടുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു ലേഖനം വായിക്കുകയുണ്ടായി. പണ്ട് നമ്മുടെ നാട്ടിൽ പറയുന്ന ഒരു ഫലിതമുണ്ട്. ഒരു മജിസ്ട്രേറ്റ് വക്കീലിനോട് പറഞ്ഞു, 'വക്കീലിന്റെ വാദം നിർത്തിയാൽ കക്ഷിയെ വെറുതെ വിടാം' എന്നുപറഞ്ഞതുപോലെ ദുർബലമായ വാദമുഖങ്ങളാണ് അദ്ദേഹം നിരത്തുന്നത്. രാഷ്ട്രീയ സദാചാരത്തെക്കുറിച്ച് ഒരു മന്ത്രിയുടെ രാജിയിലേയ്ക്ക് നയിച്ച ഫോൺവിളിയെക്കുറിച്ച് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ ഉന്നം ഇങ്ങോട്ടാണോ അതോ അങ്ങോട്ടാണോ എന്ന് സംശയമുണ്ട്. മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു പ്രഥമവിവര റിപ്പോർട്ടുണ്ട്. ആ പ്രഥമവിവര റിപ്പോർട്ടിലെ മൊഴികൾ, അതുപോലെ അന്വേഷണ കമ്മീഷന്റെ മുമ്പിൽ കൊടുത്ത മൊഴികൾ, അത് ഈ സഭയിലിരിക്കുന്ന പലരുടെയും നേർക്ക് ചാട്ടുളിപോലെ തുളച്ചുകയറുന്നതല്ലേ എന്ന സംശയം ഞങ്ങൾ ഉന്നയിക്കുകയാണ്.

ഇവിടെ സഖാവ് ശ്രീ. ഇ. പി. ജയരാജന്റെ രാജിയെക്കുറിച്ച് പറഞ്ഞു. ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് സംശയാതീതമാകണമെന്ന ദൃഢമായ നിലപാട് ഉയർത്തിപ്പിടിച്ചുകൊണ്ട് എന്റെ പേരിൽ ഉന്നയിക്കപ്പെടുന്ന ആരോപണം എന്റെ പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ മേൽ കരിനിഴൽ പടർത്തരുതെന്ന ഉറച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസ്ഥാനം രാജി വയ്ക്കാൻ തയ്യാറായ ശ്രീ. ഇ. പി. ജയരാജനുണ്ട്. കഴിഞ്ഞ അഞ്ചു വർഷം നമുക്ക് മറക്കാൻ കഴിയുമോ; കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ അനുഭവങ്ങൾ നമ്മുടെ മുൻപിലുണ്ട്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് ഇവിടെയൊരു ഫോഗിംഗ് ആണ് നടത്തിയിരിക്കുന്നത്. വലതുപക്ഷ രാഷ്ട്രീയ ജീർണ്ണതകൾ, അഴിമതി, കെടുകാര്യസ്ഥത എന്നിവയിൽനിന്നും കേരളത്തെ രക്ഷിക്കാൻ ഒരു ശുചീകരണ നവീകരണ യജ്ഞം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. അത് ഈ നാട്ടിലെ ജനങ്ങൾ തിരിച്ചറിയുന്നുമുണ്ട്. പക്ഷെ ആ യാഥാർത്ഥ്യങ്ങളെയെല്ലാം മറച്ചുവച്ചുകൊണ്ട് പത്രങ്ങളുടെ വെണ്ടയ്ക്കാ തലക്കെട്ടുകളും ഒൻപത് മണി ചർച്ചകളും വഴി ഒരു കൃത്രിമമായ പൊതുബോധം സൃഷ്ടിക്കാനുള്ള ആസൂത്രിതമായ ശ്രമം ഇവിടെ നടക്കുന്നുണ്ട്. ആ ആസൂത്രിത ശ്രമങ്ങൾക്ക് നീർക്കുമിളയുടെ ആയുസ്സ് മാത്രമാണ് ഉണ്ടാകുക. കാരണം ഇവിടെ ജനങ്ങൾ അനുഭവിച്ചറിയുകയാണ്. ആംഗലേയ ഭാഷയിൽ ചൊല്ലുണ്ട്, " The best and the most beautiful thing in this world cannot be seen or even touched; they must be felt with the heart" . ഹൃദയംകൊണ്ട് ഈ നാട്ടിലെ മൂന്നേകാൽ കോടി മലയാളികൾ അനുഭവിച്ചറിയുന്ന യാഥാർത്ഥ്യങ്ങളുണ്ട്. ഇന്നലെ ഇടുക്കിയിൽ 5500 പേർക്കാണ് പട്ടയം നൽകിയത്. ഈ പന്ത്രണ്ട് മാസത്തിനിടയിൽ നിയമന നിരോധനത്തിന്റെ മരവിപ്പിൽ നിന്ന് നിയമനത്തിന്റെ സാന്ത്വനം തേടിയ 36647 പേർ, ജനനീ ജന്മസുരക്ഷാ തണൽ അനുഭവിച്ച 1180 പേർ, ലാപ്ടോപ്പ് ലഭ്യമായ 1537 വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് 900 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചതിന്റെ ഗുണഭോക്തക്കളായ വിദ്യാർത്ഥി കുടുംബങ്ങൾ, 2170 കോടി രൂപയുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമായവർ ഇങ്ങനെ പറയാൻ തുടങ്ങിയാൽ ഇത് അക്കങ്ങളല്ല, എണ്ണങ്ങളല്ല, മറിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുവയ്ക്കുന്ന സുസ്ഥിര വികസന മാതൃകയുടെ അംബാസിഡർമാരാണ് ഇവരെന്ന യാഥാർത്ഥ്യം കേരളം തിരിച്ചറിയുന്നുണ്ട്. നിങ്ങൾ എത്ര വലിയ തലക്കെട്ടുകൾ നൽകിയാലും ഇടതുപക്ഷ വിരുദ്ധരെ കുത്തിനിറച്ച് രാത്രിയിൽ ചർച്ചകൾ നടത്തിയാലും അങ്ങനെ നിങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന പൊതുബോധത്തിന് ആയുസ്സുണ്ടാകുകയില്ലെന്ന ഒട്ടേറെ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നമുക്ക് ഒരുമിച്ച് മുന്നേറാം. സർക്കാർ നമ്മോടൊപ്പം ഉണ്ടെന്ന്

കേരളത്തിന്റെ മുഖ്യമന്ത്രി പറയുമ്പോൾ, ഇടതുപക്ഷജനാധിപത്യ മുന്നണി പറയുമ്പോൾ, കേരളത്തിലെ ജനങ്ങൾക്ക് അതൊരു ആശ്വാസമാണ്. ഞാൻ നേരത്തെ പറഞ്ഞ കണക്കുകൾ ഈ ഗവൺമെന്റ് സാന്ത്വനമായി, തണലായി അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ, നമുക്ക് ഒരുമിച്ച് മുന്നേറാമെന്ന് ഗവൺമെന്റ് പറയുമ്പോൾ, ഞങ്ങൾ ഒപ്പം നടക്കാൻ തയ്യാറാണ് എന്നുതന്നെയാണ് കേരളത്തിലെ ജനങ്ങൾ പറയുന്നത്. അതുതന്നെയാണ് ground reality. ഹരിത കേരളത്തിനുവേണ്ടി, അഴിമതിയില്ലാത്ത നാടിനുവേണ്ടി, കയറി കിടക്കാൻ കിടപ്പാടമുള്ള മനുഷ്യർക്കുവേണ്ടി നാട്ടിൻപുറങ്ങളിലെ ജനങ്ങൾ രാഷ്ട്രീയത്തിനതീതമായി ഒപ്പം നടക്കുകയാണ്. ഇടവേളകളിൽ ഇടതുപക്ഷ ഭരണം നഷ്ടമാകുന്ന ദുരന്തത്തിൽ നിന്ന് തുടർച്ചയായ ഇടതുപക്ഷ ഭരണത്തിലേയ്ക്ക് കേരളം ചുവടുവയ്ക്കുന്നുവെന്നതിന്റെ തുടക്കമാണ് ഈ ആദ്യ വർഷം. ആദ്യ വർഷത്തിൽ അവതരിപ്പിക്കപ്പെട്ട ധനവിനിയോഗ ബില്ലിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ വർഷത്തെ ബഡ്ജറ്റ് ഏതാണ്ട് എം.ടി. മയമായിരുന്നു. എം.ടി.-യുടെ രണ്ടാമൂഴം ഒരു മെഗാ പദ്ധതിയായി വീണ്ടും സിനിമയിലേയ്ക്ക് ആവിഷ്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇപ്പോൾ വളരെയേറെ ചർച്ച ചെയ്യപ്പെട്ടുന്നൊരു വിഷയം കൂടിയാണിത്. യാദൃശ്ചികമായിട്ടായിരിക്കാം, അദ്ദേഹത്തിന്റെ ബഡ്ജറ്റ് ഒരു മെഗാ പ്രോഗ്രാമായിട്ടാണ് തോന്നുന്നത്. സങ്കടം അതല്ല. എം.ടി.-യുടെ രണ്ടാമൂഴത്തിലെ കഥാപാത്രമായ ഭീമസേനൻ ആയിരുന്നു എപ്പോഴും എല്ലാ കാര്യങ്ങളിലും നേതൃത്വപരമായ പങ്കുവഹിച്ച് മുമ്പോട്ട് പോയിരുന്നത്. പക്ഷെ ഒരിക്കൽപോലും ആ അംഗീകാരം അതിന്റെ അർത്ഥത്തിൽ അദ്ദേഹത്തിന് കിട്ടിയിട്ടില്ല. കല്യാണ സൗഗന്ധികം അന്വേഷിച്ചുപോയി കൊണ്ടുവന്ന് പാഞ്ചാലിക്ക് കൊടുത്തതിനുശേഷം, അത് നിലത്തിട്ട് ചവിട്ടി മെതിക്കുന്ന ഒരു കാഴ്ചയാണ് ഭീമൻ കാണുന്നത്. അതിന്റെയൊരു ആത്മദു:ഖം എക്കാലത്തും ആ കഥാപാത്രത്തോടൊപ്പമുണ്ട്. എം.ടി. വളരെ മനോഹരമായി വരച്ചിട്ട ഒരു കഥയാണ്. അദ്ദേഹത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹം കിഫ്ബി ഉൾപ്പെടെയുള്ള മെഗാപദ്ധതികളുമായി വരുന്നത്. എന്നിട്ടും എവിടെയൊക്കെയോ അത് ചവിട്ടി അരച്ച് പോകുന്നുവെന്ന ആത്മദു:ഖം അദ്ദേഹത്തിനുണ്ട്. കാലത്തിലെ സേതുവിനെപോലെയാണ് അദ്ദേഹം. വരും വരാതിരിക്കില്ല, എന്നുള്ള വിശ്വാസമാണ് സേതുവിനെ എം.ടി.-യുടെ കാലത്തിലൂടെ മുന്നോട്ടുകൊണ്ടുപോയത്. എല്ലാം ശരിയാകും, ശരിയാകാതെ ഇരിക്കുകയില്ല

എന്നുള്ള പ്രതീക്ഷയായിരിക്കാം അദ്ദേഹത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. നാലുകെട്ടിന്റെ തത്വശാസ്ത്രം വരച്ച മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ അദ്ദേഹത്തിന്റെ പഴയ നാലുകെട്ട് പൊളിച്ച് അവിടെ പുതിയൊരു വീട് സ്വന്തം അമ്മയ്ക്കുവേണ്ടി പണിയുന്നിടത്താണ് കഥ അവസാനിക്കുന്നത്. ഇവിടെയും ഒരുപക്ഷെ ധനകാര്യത്തിന്റെ പഴയ നാലുകെട്ട് പൊളിച്ച് പുതിയ നാലുകെട്ട് നിർമ്മിക്കാനുള്ള വലിയ ശ്രമമാണ് നടത്തുന്നത്. ഇതിനകത്ത് അത്ഭുതങ്ങൾ തീർച്ചയായിട്ടും സംഭവിക്കാം. കിഫ്ബിയെ പൂർണ്ണമായും എതിർക്കുന്നതിനപ്പുറത്ത് ഇതിന്റെ സുതാര്യതയും യാദൃശ്ചികതയും തിരിച്ചറിഞ്ഞ് ക്രിയാത്മകമായി കൊണ്ടുപോകാൻ കഴിഞ്ഞുവെങ്കിൽ തീർച്ചയായും കുറെയേറെ മാറ്റങ്ങൾ അക്കാര്യത്തിൽ ചെയ്യാൻ കഴിയും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇത് ധനകാര്യ ബില്ലാണ്. സാധാരണ ഈ സഭയിലെ നിഷ്പക്ഷൻ; മൂന്ന് മുന്നണിയിലും ചേരാത്ത ഒരാൾ ഞാൻ മാത്രമേയുള്ളൂ. ഈ ബിൽ സംബന്ധിച്ച് ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് yes അല്ലെങ്കിൽ no പറയണം. കാരണം അദ്ദേഹം യു.ഡി.എഫ്.-നോടൊപ്പം നിന്ന് ജയിച്ച ആളാണ്. അപ്പോൾ ഈ ബില്ലിനെ എതിർക്കുന്നുവെന്ന് പറയണം അല്ലെങ്കിൽ അനുകൂലിക്കുന്നുവെന്ന് പറയണം. നപുംസകമായി പോകാൻ പറ്റില്ല. ഡോ. എൻ. ജയരാജിന്റെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും ഇപ്പോഴത്തെ നയം എന്താണ്? ഈ ബില്ലിനെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്ന് വ്യക്തമാക്കണം.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പറഞ്ഞുവരുന്നതേയുള്ളൂ. അദ്ദേഹം എന്റെ അയൽവാസിയും വളരെ വേണ്ടപ്പെട്ട ആളുമാണ്. അദ്ദേഹം പറയുന്നതുപോലെ പ്രസംഗിക്കണമെന്ന് പറഞ്ഞാൽ ശരിയാകുകയില്ല. നല്ലത് എവിടെ കണ്ടാലും ശരിയാണെന്ന് അംഗീകരിക്കണമെന്നാണ് ബഹുമാന്യനായ നമ്മുടെ നേതാവ് പറഞ്ഞിട്ടുള്ളത്. എനിക്ക് അതിനപ്പുറത്തേയ്ക്ക് വേറൊരു ചിന്ത പറയാനാകില്ല. ഇതിനകത്ത് നല്ല ഭാഗങ്ങളുണ്ട്. മോശമായ കാര്യങ്ങളിലേയ്ക്ക് വരുന്നുണ്ട്. നാളെ ശ്രീ. പി. സി. ജോർജ് ധനകാര്യ വകുപ്പുമന്ത്രിയായാലും, അദ്ദേഹം ധനകാര്യവകുപ്പുമന്ത്രിയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയെന്നുള്ളത് പ്രായോഗികതയുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ കർത്തവ്യമാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അദ്ദേഹം അത് നിർവ്വഹിക്കാൻ ശ്രമിക്കുന്നു. അതിന്റെ നന്മ കുറയൊക്കെ കാണുന്നുവെന്ന് മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. അത് പ്രായോഗിമാകട്ടെയെന്ന് ആത്മാർത്ഥമായി ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, റബ്ബർ കർഷകരുടെ പ്രശ്നത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എം. മാണി സർ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തി. അത് തുടർന്നുകൊണ്ടുപോകുമെന്ന് ഗവൺമെന്റ് പറഞ്ഞു. നല്ല കാര്യമാണ്. പക്ഷെ 25 കോടിയോളം രൂപ കുടിശ്ശിക നിൽക്കുന്നു. റബ്ബർ കർഷകർ വിഷമത്തിലാണ്. ഇത് പരിഹരിക്കപ്പെടേണ്ട പ്രധാന പ്രശ്നമായി നിൽക്കുന്നു. 2013-14 ബഡ്ജറ്റിൽ, ഗോൾഡ് കോമ്പൗണ്ടിംഗ് ആക്ടിൽ ഉണ്ടായ പിശക് തിരുത്തുന്ന വിഷയം ഇതിനുമുമ്പ് സഭ ചർച്ച ചെയ്തതാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയുടെ അഭിപ്രായ സമന്വയം ഉണ്ടാകുന്ന ഒരു നിർദ്ദേശമാണ് വന്നത്. അത് പരിഹരിക്കപ്പെടേണ്ട വിഷയമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ? ശ്രീ. പി. സി. ജോർജിന് പിശക് പറ്റിയെന്നാണ് തോന്നുന്നത്. നപുംസകത്തിന്റെ റോൾ എടുക്കുന്നതിനെപ്പറ്റി അദ്ദേഹം ഒരു പരാമർശം നടത്തി. അദ്ദേഹം ചെയ്യുന്ന നിലപാടിനെത്തന്നെ കുഴപ്പത്തിലാക്കിയോയെന്ന് എനിക്ക് സംശയമുണ്ട്. ഞങ്ങൾ അത് ഉദ്ദേശിക്കുന്നില്ല. ഒന്നുകിൽ അനുകൂലിക്കുക, അല്ലെങ്കിൽ പ്രതികൂലിക്കുക. അതാണ് എല്ലാദിവസവും കേരള കോൺഗ്രസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്നും ഞങ്ങൾ അത് ചെയ്യും.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഇവിടെ നേരത്തെ സൂചിപ്പിച്ച സ്വർണ്ണവ്യാപാരികളുമായി ബന്ധപ്പെട്ട വിഷയം, 2013-14 കാലഘട്ടത്തിലെ കോമ്പൗണ്ടിംഗ് ആക്ടിലെ പർച്ചേസ് ടാക്സിനകത്തുണ്ടായ തെറ്റ്, അത് എല്ലാ കക്ഷി നേതാക്കളും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ ഇവിടെ സൂചിപ്പിച്ചതാണ്. അത് തിരുത്തണം, വാങ്ങാത്ത പണത്തിന് നികുതി അടയ്ക്കണമെന്ന് പറയുന്നതിൽ ഒരു ന്യായവുമില്ല. വനസ്പതിയുമായി ബന്ധപ്പെട്ട വിഷയവും വളരെ ഗൗരവമായി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണം. ഇത് വ്യാപാരികളുടെ ഭാഗത്തുനിന്നുണ്ടായ തെറ്റല്ല. അങ്ങയുടെ പ്രസംഗത്തിലെ 281-ാം ഖണ്ഡികയിൽ പറയുന്നത് ലോട്ടറിയുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന്റെ അടിയന്തര അനിവാര്യത കണക്കിലെടുത്ത് വരുന്ന ധനകാര്യ ബില്ലിനോടൊപ്പം ലോട്ടറിയിലുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവരും എന്നുപറഞ്ഞിരുന്നത് പുതിയ ബില്ലിനോടൊപ്പം ഇല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം ജി.എസ്.ടി. ബിൽ എല്ലാവരുടെയും പരിഗണനയ്ക്ക് വരുന്നതിനുമുമ്പ് സഭാസമ്മേളനം അവസാനിപ്പിക്കുന്നതിനാൽ ഒരു ഓർഡിനൻസിലൂടെ കൊണ്ടുവരുന്നത് എത്രമാത്രം ആശാസ്യമാണെന്നുള്ളതും ഗൗരവമായ വിഷയമാണ്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം അവസാനിച്ചു.

ഡോ. എൻ. ജയരാജ്: സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ആംനെസ്റ്റി സ്കീമുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണഗതിയിൽ പുതിയ നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ നേരത്തെയുണ്ടായിരുന്ന ഉപയോഗപ്രദമായ ആംനെസ്റ്റി സ്കീമുകൾ വരാറുണ്ടായിരുന്നു. ജി.എസ്.ടി. കടന്നുവരുന്ന ഈ സന്ദർഭത്തിൽ നേരത്തെ യുണ്ടായിരുന്ന വാറ്റിനുവേണ്ടിയുള്ള പുതിയ ആംനെസ്റ്റി സ്കീമുകൾ ഇതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ സ്കീമുകൾ പ്രഖ്യാപിക്കുന്ന രീതി ശരിയാണോ? യഥാർത്ഥത്തിൽ ഇതിൽ പലതും അതിന്റെ റിട്ടേണുമായി ബന്ധപ്പെട്ട തർക്കത്തിന്റെ അവസാന ഘട്ടത്തിൽ നിൽക്കുമ്പോൾ ഇത് ആശാസ്യമായ രീതിയാണോ എന്നത് പരിഗണിക്കേണ്ട കാര്യമാണ് എന്നുകൂടി സൂചിപ്പിക്കുന്നു. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. "എൻ അന്തപ്പുരവാതിൽ തുറന്ന് എന്റെ ഉള്ളിലുള്ള ആ സ്വപ്നമല്ലികയെ നീ എടുത്തുകൊള്ളൂ" എന്നുപറഞ്ഞാണ് വയലാർ കല്യാണസൗഗന്ധികം അവസാനിപ്പിക്കുന്നത്. അതുപോലെ കിഫ്ബിയൊക്കെ കൊണ്ടുവന്ന് എന്റെ മനസ്സിലുള്ള സ്വപ്നമല്ലിക എടുത്തു കൊള്ളൂവെന്ന് അങ്ങ് പറയുന്നുണ്ട്. ഈ മല്ലിക പൂർണ്ണമായി വിടർന്ന് അതിന്റെ സൗന്ദര്യവും സൗരഭ്യവും എത്രമാത്രം വിടർത്താൻ കഴിയുമെന്നുള്ള ആശങ്ക പങ്കുവച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.00 PM]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഒരു പുതിയ കേരളം സൃഷ്ടിച്ചെടുക്കാനുള്ള ഈ ഗവൺമെന്റിന്റെ പരിശ്രമം കേരള സമൂഹം ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുണ്ടെന്നാണ് ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ മനസ്സിലാക്കുന്നത്. അതിനുവേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ജനകീയാസൂത്രണം എന്ന ലക്ഷ്യം പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള കർമ്മ പദ്ധതികൾക്ക് വ്യക്തമായ മാർഗ്ഗരേഖ ഇതിനകം തന്നെ പുറപ്പെടുവിച്ചുകഴിഞ്ഞു. വരുന്ന അഞ്ചുവർഷത്തെ മാത്രം വികസന സമീപനമല്ല ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. കേരളത്തിന്റെ സുസ്ഥിര വികസന മുന്നേറ്റമാണ് ഇടതുപക്ഷ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. പതിമൂന്നാം പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്കായി രണ്ട് ലക്ഷം കോടി രൂപയാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിൽ 60,000 കോടി രൂപ സംസ്ഥാനത്തെ സർക്കാർ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കി. അത് കേരളത്തിലെ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകുന്നതാണെന്നാണ് മനസ്സിലാക്കാൻ

കഴിയുന്നത്. 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ തുടർച്ചയായുള്ള വികസനക്ഷേമ നടപടികളുമായിട്ടാണ് എൽ.ഡി.എഫ്. ഇന്ന് മുന്നേറിക്കൊണ്ടിരിക്കുന്നത്. മതനിരപേക്ഷത, അഴിമതിരഹിതമായ ഒരു വികസന കേരളം എന്നിവ സൃഷ്ടിക്കുന്നതിന് മുൻതൂക്കം നൽകുന്ന പദ്ധതികൾക്കാണ് സർക്കാർ ഇന്ന് തുടക്കമിട്ടിട്ടുള്ളത്. ഇതിന്റെ മാറ്റങ്ങൾ ഈ കഴിഞ്ഞ ഒരു വർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കാണാൻ കഴിയും. കേരളത്തിന്റെ പൊതുവായ തകർച്ചയ്ക്ക് കാരണമായ നയപരിപാടികൾ നടപ്പിലാക്കിയ യു.ഡി.എഫ്.-നെയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ പരാജയപ്പെടുത്തിയത്. അഞ്ചുവർഷം വരുത്തിവച്ച കെടുതികൾക്ക് അറുതിവരുത്തിയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനമുന്നേറ്റം ഈ ഒരു വർഷം കൊണ്ട് വ്യക്തമാക്കിയത്. അഴിമതി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുൻമന്ത്രിമാർക്കെതിരെയുള്ള തുടർനടപടിയില്ലാത്ത 26 വിജിലൻസ് കേസ്സുകളാണ് പുറത്തുവന്നത്. ഒരു കേസ്സിനും തുടർനടപടിയുണ്ടായിരുന്നില്ലെന്ന് നമുക്കറിയാം. മുൻമുഖ്യമന്ത്രിയടക്കമുള്ള 14 മന്ത്രിമാരുടെ പേരിലാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഒരു തുടർനടപടിയും കേരളത്തിലുണ്ടായിട്ടില്ല. സോളാർ, ബാർകോഴ, പാറ്റൂർ, ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട്, പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മേഖലയിൽ നടന്ന അഴിമതി, പാമോലിൻ, കൺസ്യൂമർ ഫെഡ്, സൈൻബോർഡ്, ടൈറ്റാനിയം തുടങ്ങിയ അഴിമതി ആരോപണം കേരള സമൂഹം ശ്രദ്ധയോടുകൂടി നോക്കിക്കണ്ടതിന്റെ ഫലമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കേരളത്തിലെ ജനസമൂഹം അധികാരം നൽകിയത്. വമ്പിച്ച ജനപിന്തുണയെന്ന് ഈ നാട്ടിലെ ആർക്കാണ് മനസ്സിലാകാത്തത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽ കൃത്യത പാലിക്കാൻ കഴിഞ്ഞില്ലെന്ന് സി. & എ.ജി. കുറ്റപ്പെടുത്തി. ബഡ്ജറ്റിൽ നിർദ്ദേശിച്ച തുകപോലും വിനിയോഗിച്ചില്ല എന്നാണ് സി. & എ.ജി.-യുടെ റിപ്പോർട്ട്. 2015-16 വർഷം 1,18,890.79 കോടി രൂപയുടെ പദ്ധതിയിൽ 94,377 കോടി രൂപയുടെ ചെലവ് മാത്രമേ നടത്തിയിട്ടുള്ളൂവെന്നാണ് സി. & എ.ജി. കണ്ടെത്തിയത്. 82 പുതിയ പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചതിൽ 41 പദ്ധതികൾക്ക് തുക വകയിരുത്തി, 23 പദ്ധതികൾക്കായി 1,190.71 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അതിനുമുമ്പുള്ള വർഷങ്ങളെ അപേക്ഷിച്ച് ചെലവഴിക്കാത്ത തുക കൂടുകയാണ് ചെയ്തത്. ഈ കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവേറ്റുന്നതിലും വികസന കാര്യങ്ങളിലും യു.ഡി.എഫ്. ഗവൺമെന്റിന് എത്രമാത്രം പ്രതിബദ്ധതയുണ്ടായിരുന്നുവെന്നാണ് ഈ കണക്ക് വ്യക്തമാക്കുന്നത്. ഇവിടെ

ഇടതുപക്ഷ ഗവൺമെന്റിനെ ആക്രമിക്കുകയാണ്. നാം നമ്മുടെ കാലത്ത് ചെയ്തതിനെക്കുറിച്ചൊരു അവലോകനം സ്വയം നടത്തുന്നത് നല്ലതല്ലേ; ഈ നാട്ടിലെ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ ആവിഷ്കരിക്കുന്ന പദ്ധതികൾപോലും നടപ്പിലാക്കാൻ കഴിയാത്തവരാണ് എന്ന് വ്യക്തമാക്കി. സർക്കാർ വായ്പാ സഹായം നൽകുന്ന സ്ഥാപനങ്ങളുണ്ട്. 13,010 കോടി രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്. എത്രമാത്രം കെടുകാര്യസ്ഥതയാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിരുന്നത്. അത്യന്തം ജീർണ്ണിച്ച രാഷ്ട്രീയ സംസ്കാരമല്ലേ യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിൽ വളർന്നുവന്നത്. അധികാരം, അഴിമതി, അനാശാസ്യം തുടങ്ങിയവ കെട്ടുപിണഞ്ഞുകിടന്ന ഒരു രാഷ്ട്രീയ സംസ്കാരമല്ലേ യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിലുണ്ടായിരുന്നത്. എത്ര ശക്തമായ ആക്ഷേപം വന്നിട്ടും കടിച്ചുതൂങ്ങി അധികാരത്തിൽ തുടരാനുള്ള പരിശ്രമമല്ലേ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്നത്. ആരെങ്കിലും രാജിവച്ചുപോകാൻ സ്വയം തയ്യാറായോ? എത്രമാത്രം ആരോപണം ഉന്നയിച്ചിട്ടും അധികാരസ്ഥാനത്ത് കടിച്ചുതൂങ്ങി കിടക്കുകയായിരുന്നു. ഈ അധികാരം പങ്കിട്ടെടുക്കാൻ, അഴിമതി നടത്താൻ, ഇതായിരുന്നില്ലേ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിരുന്നത്. നിയമം നിയമത്തിന്റെ വഴിക്ക് എന്നാണ് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്. നിയമം നിയമത്തിന്റെ വഴിക്ക് പോകാനല്ല, ഈ കേരള സമൂഹത്തെ രക്ഷിക്കുകയാണ് ഗവൺമെന്റിന്റെ ബാധ്യത. നിയമം നിയമത്തിന്റെ വഴിക്ക് പോകലല്ല, നിയമം കേരളത്തിൽ നടപ്പിലാക്കുക എന്നതാണ് ഒരു ഗവൺമെന്റിന്റെ ബാധ്യത എന്ന് മനസ്സിലാക്കാൻ കഴിഞ്ഞ ഒരുവർഷം കൊണ്ട് കേരള സമൂഹത്തിന് കഴിഞ്ഞില്ലേ? അഴിമതിയുടെ ഒരു വിഷയവും ഒരു വർഷത്തിനുള്ളിൽ ഇടതുപക്ഷ ഗവൺമെന്റിനെ സ്വാധീനിച്ചില്ലല്ലോ? ഇതൊരു അഴിമതി ഗവൺമെന്റാണെന്ന് പറയാനുള്ള അവസരം ഒരു വർഷം പിന്നിട്ടിട്ടും ആർക്കും ലഭിച്ചില്ലല്ലോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം പിന്നിടുകയല്ലേ, ആർക്കെങ്കിലും ഒരു പരാമർശം പോലും നടത്താനുള്ള അവസരം ഈ ഗവൺമെന്റ് നൽകിയോ? സെന്റർ ഫോർ മീഡിയാ സ്റ്റഡീസ് അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണ്ടെത്തുകയുണ്ടായി. അവർ പറഞ്ഞു, ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. ഭരണ മികവിൽ ഉയർന്ന സംസ്ഥാനമെന്ന നേട്ടം കരസ്ഥമാക്കിയില്ലേ ഈ ഗവൺമെന്റ്. ഇന്ത്യാ ടുഡേയുടെ നാഷണൽ സർവ്വേയിൽ ക്രമസമാധാന പാലനത്തിൽ ഭദ്രമായ സംസ്ഥാനമാണ് കേരളം എന്ന് അവർ കണ്ടെത്തി. കൊച്ചി മെട്രോയിൽ ഭിന്നലിംഗ വിഭാഗത്തിൽ ജോലി സംവരണമേർപ്പെടുത്തിയതിനെ ബ്രിട്ടണിൽനിന്നും പുറത്തിറങ്ങുന്ന ഗാർഡിയൻ

പത്രം, നേരത്തെ ശ്രീ. ഐ.ബി. സതീഷ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി കേരള ഗവൺമെന്റിനെ പ്രശംസിച്ച് ലേഖനമെഴുതുകയുണ്ടായി. ജീവിതശൈലീ രോഗങ്ങൾ ചെറുക്കാൻ ആവിഷ്ക്കരികരിച്ച പദ്ധതിയെ ബി.ബി.സി. അഭിനന്ദിച്ചില്ലേ; ഇതെല്ലാം പുറത്തുവന്നതല്ലേ, ഒ.ഡി.എഫ്. പ്രഖ്യാപിച്ചില്ലേ കേരളത്തിൽ? ഇന്ത്യയിൽ ഒ.ഡി.എഫ്. പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമല്ലേ, വൈദ്യുതിയുടെ കാര്യത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഏർപ്പെടുത്തിയ സംസ്ഥാനമായി കേരളം മാറുകയല്ലേ, ഇതെല്ലാം ദേശീയ-അന്തർദ്ദേശീയ ശ്രദ്ധയിലേയ്ക്ക് കേരളത്തെ ഉയർത്തിയിരിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ സംസ്ഥാനത്തിലെ സാമൂഹ്യരംഗത്ത് നിലനിന്നിരുന്ന നെഗറ്റീവിന്റെ പേരിലാണ് ശ്രദ്ധ പിടിച്ചുപറ്റിയതെങ്കിൽ, ഇന്ന് കേരളത്തിൽ ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്ന ഒരു പോസിറ്റീവ് അംശമാണ് കേരളത്തിനുള്ളത്. ആ നിലയിലാണ് ദേശീയ അന്തർദ്ദേശീയ ശ്രദ്ധ കേരളത്തിലെ ഗവൺമെന്റ് പിടിച്ചുപറ്റിയിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ നിലനിന്നിരുന്ന അവസ്ഥ മാറ്റിയില്ലേ; പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നിരവധി ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെന്തായിരുന്നു; 42 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. 8 പൊതുമേഖലാ സ്ഥാപനങ്ങളൊഴികെ മറ്റെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലായിരുന്നില്ലേ; ഈ ഗവൺമെന്റ് വന്നു. 5 പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ലാഭകരമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ; ഇവിടെ കൃഷിഭൂമി തരിശ്ശിടുകയായിരുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായി 1.97 ലക്ഷം ഹെക്ടറിൽ നെൽകൃഷി നടത്തിയത് 2016-17-ൽ 2.02 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. നെൽകൃഷി രംഗം അതിവിപുലമാക്കുന്നതിന് ഗവൺമെന്റ് നടത്തിയ പരിശ്രമത്തിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ വികസനമാണ് അടിസ്ഥാന പ്രശ്നമെന്ന ലക്ഷ്യം വച്ചുകൊണ്ട് ഒരുമിക്കാം, യോജിച്ചുമുന്നേറാമെന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ സന്ദേശം ഉയർത്തിപ്പിടിക്കാനുള്ള ബാദ്ധ്യതയാണ് പ്രതിപക്ഷത്തിനുള്ളത് എന്ന് വിനയത്തോടുകൂടി അവരോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. ദേശീയതലത്തിൽ കോൺഗ്രസ്സിന്റെ നില നാം കാണുകയല്ലേ; തലതിരിഞ്ഞതും തെറ്റായതുമായ സാമ്പത്തിക സമീപനത്തെ പിന്തുണച്ചതിന്റെ ഭാഗമായി, തെറ്റായ രാഷ്ട്രീയ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി ഈ രാജ്യത്തെ ദേശീയ രാഷ്ട്രീയത്തിൽ ഒരുകാലത്ത് കുടപിടിച്ച് നിന്നിരുന്ന കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം തകർന്നടിയുകയല്ലേ; ഇന്നും

അവർ തിരുത്താൻ തയ്യാറല്ലല്ലോ; കോൺഗ്രസ് പാർട്ടി തകർന്ന് തരിപ്പണമായി കൊണ്ടിരിക്കുകയല്ലേ; ഈ രാജ്യത്ത് മതേതരത്വം ഉയർത്തിപ്പിടിക്കാൻ ബാധ്യതപ്പെട്ട പാർട്ടി ഈ രാജ്യത്തെ തീവ്ര പ്രസ്ഥാനവുമായി അവിഹിതമായ ബന്ധം വച്ചുപുലർത്തി നമ്മുടെ നാട്ടിൽ നിന്നും ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയല്ലേ; നമുക്ക് ഉത്കണ്ഠയുണ്ട്. കോൺഗ്രസ്സിന്റെ ഈ നിലപാടിൽ ഞങ്ങൾക്ക് ഉത്കണ്ഠയുണ്ട്. ഞങ്ങൾക്ക് ആശങ്കയുണ്ട്. പക്ഷേ അവർ മനസ്സിലാക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കേരള സംസ്ഥാനത്തെ നവീകരിക്കുക എന്നുള്ളത് ഇടതുപക്ഷത്തിന്റെ ബാധ്യതയാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് വിവിധ രംഗങ്ങളിൽ പാടുപെട്ട് നാടിന്റെ വികസനത്തിനുവേണ്ടി യത്നിച്ചു കൊണ്ടിരിക്കുന്നത്. ഞാൻ ഓരോന്നായി പറയുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥിയെ കേന്ദ്രീകരിച്ചാകണം വിദ്യാഭ്യാസം. വിദ്യാർത്ഥിയെ ബഹുമാനിച്ചുകൊണ്ടാകണം വിദ്യാഭ്യാസ പരിഷ്കാരങ്ങളെല്ലാമെന്ന് ഋഷി തുല്യനായ അമേരിക്കൻ ചിന്തകനായിരുന്ന എമേഴ്സൺ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി വിദ്യാഭ്യാസ രംഗത്ത് ഈ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നത്. മാതൃഭാഷാ സംരക്ഷണ വിഷയത്തിൽ ഈ സർക്കാർ സ്വീകരിച്ച ധീരമായ നിലപാടുകൾ സ്വാശ്രയ കോലാഹലത്തിൽ ശ്രദ്ധിക്കാതെ പോകുകയാണെന്ന് തോന്നുന്നു. മലയാളം സംസാരിച്ചതിന്റെ പേരിൽ പിഴ ഒടുക്കേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം ഇനി ഒരിക്കലും നമ്മുടെ സ്കൂളുകളിലുണ്ടാകില്ല. മാതൃഭാഷ മനസ്സിലാക്കാനും സംസാരിക്കാനും വായിക്കാനും നന്നായി എഴുതാനും വിദ്യാർത്ഥിയെ പ്രാപ്തമാക്കുകയാണ് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രഥമ കർത്തവ്യമെന്ന് പറഞ്ഞത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വക്താക്കൾക്കും തള്ളിപ്പറയാൻ കഴിയാത്ത പ്രശസ്ത ഇംഗ്ലീഷ് പത്രപ്രവർത്തകനും ചരിത്രകാരനും നോവലിസ്റ്റുമായ എച്ച്.ജി. വെൽസാണ്. ഈ നാട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പടർന്നുപിടിക്കാൻ ഇടയായ സാഹചര്യവും നാം പഠനവിഷയമാക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥയാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തഴച്ചുവളരാൻ ഇടയാക്കിയതെന്ന് നാം മനസ്സിലാക്കണം. ഇത് മനസ്സിലാക്കി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള ബൃഹദ് പദ്ധതിയാണ് വിദ്യാഭ്യാസ വകുപ്പ് ഇന്ന് തയ്യാറാക്കിയിരിക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർത്തിയെടുക്കാൻ നടത്തി കൊണ്ടിരിക്കുന്ന വമ്പിച്ച പരിശ്രമം കേരള സമൂഹം ശ്രദ്ധാപൂർവ്വം കാണുന്നു വെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. താത്കാലികമായി ഏതെങ്കിലും

പത്രവാർത്തയിൽ വന്ന പദപ്രയോഗങ്ങൾ ഉപയോഗിച്ചുകൊണ്ട് മന്ത്രിമാർക്കെതിരായി കനത്ത ആക്ഷേപവുമായി രംഗത്ത് വന്നിരിക്കുന്ന പ്രതിപക്ഷത്തിന് രാഷ്ട്രീയമില്ല, രാഷ്ട്രീയം അവരിൽനിന്നും ചോർന്നു പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി ഒരുമിച്ച് മുന്നേറാൻ ഇടതുപക്ഷത്തോടൊപ്പം സഹകരിക്കുക എന്ന സാമൂഹ്യ ബാധ്യത ഏറ്റെടുക്കാൻ പ്രതിപക്ഷം മുന്നോട്ടുവരേണ്ടതായിട്ടുണ്ട് എന്ന ഒരു അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകൾ നിർത്തുകയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുന്നു. 2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇറക്കിയ ധവളപത്രത്തിൽ പറയുന്ന ഒരു വാഗ്ദാനമുണ്ട്. അതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ഉദ്ധരിക്കാം. 'കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി സംസ്ഥാന സർക്കാർ അഭിമുഖീകരിക്കുന്ന ധനപ്രതിസന്ധി അതിരൂക്ഷമാകുകയും പരിഹരിക്കാൻ കഴിയാത്ത അതിസങ്കീർണ്ണമായ പ്രശ്നമായി മാറുകയും ചെയ്തിരിക്കുന്നു. സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി തകർച്ചയിലേയ്ക്കും അരാജകത്വത്തിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുന്നു' എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളത് വളരെ ശരിയാണ്. കേരളത്തെ ബാധിച്ചിട്ടുള്ള ഈ സുഖക്കേട് കണ്ടെത്തിയ ഡോക്ടർ പിന്നീട് സ്വീകരിച്ച നയപരിപാടികൾ അതിനെല്ലാം കടകവിരുദ്ധമായി ആ രോഗം വർദ്ധിക്കാനും മൂർച്ഛിക്കാനും ഇടയാക്കുന്ന രീതിയിലായി മാറി. ഭരണം നിലനിർത്താനും അതിന്റെ പ്രചരണത്തിനും വേണ്ടി വലിയ ധൂർത്തും പണച്ചെലവും നടത്തുന്നു. ബ്യൂറോക്രസിയുടെ അമിതമായ വികസനത്തിനുവേണ്ടിയും അവരെ തീറ്റിപ്പോറ്റുന്നതിനുവേണ്ടിയും വാങ്ങിക്കൂട്ടിയ കടത്തിന്റെ പലിശകൊടുക്കാൻ വേണ്ടി സംസ്ഥാന വരുമാനത്തിന്റെ ഏതാണ്ട് 60 ശതമാനവും നാം ചെലവഴിക്കുന്നു. ബാക്കിയുള്ളതുകൊണ്ട് എന്ത് വികസനം നടക്കും; കുറെ വാചകമടിക്കാം. കുറെ വാഗ്ദാനങ്ങളും നൽകാം. കഴിഞ്ഞ പ്രാവശ്യം കുറെ വാഗ്ദാനങ്ങൾ നൽകി. പലതും നടപ്പാക്കിയിട്ടില്ല. എനിക്ക് ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. സമയം അനുവദിക്കുന്നില്ല. ഇപ്രാവശ്യം ശ്രീ. എം. ടി. വാസുദേവൻ നായരുടെയും മറ്റും നോവലുകളെ അടിസ്ഥാനപ്പെടുത്തി ചില സാങ്കൽപ്പികമായിട്ടുള്ള കാര്യങ്ങൾ പറഞ്ഞ് ജനങ്ങളിൽ വലിയ പ്രതീക്ഷകൾ വളർത്തുകയും പതിവുപോലെ പരാജയപ്പെടുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിലുള്ള പോക്കുകൊണ്ട് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ രാഷ്ട്രീയ പ്രതിസന്ധിക്ക് പരിഹാരമാകുന്നില്ല എന്നുമാത്രമല്ല അത് കൂടുതൽ ദുഷ്കരമായി മാറുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലത്ത് അധികാരത്തിലിരുന്ന കേന്ദ്ര ഗവൺമെന്റുകൾ കേരളത്തിലെ കർഷകന്റെ താൽപ്പര്യത്തിന് വിരുദ്ധമായ നിലപാടുകളാണ് സ്വീകരിച്ചത്. കേരളത്തിന്റെ സാമ്പത്തിക ശക്തി കൃഷിയായിരുന്നു. കുരുമുളക്, റബ്ബർ തുടങ്ങിയവ ഇഷ്ടം പോലെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാൻ കേന്ദ്രഗവൺമെന്റ് ആസിയാൻ കരാർ മൂലം അനുവാദം കൊടുത്തു. കാർഷിക മേഖലയിലെ തകർന്ന സമ്പദ്ഘടനയോടൊപ്പം വൻകിട കുത്തകകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള മത്സരമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. കോൺഗ്രസ് (ഐ) ആണോ ഇന്ന് അധികാരത്തിലുള്ള ബി.ജെ.പി. ഗവൺമെന്റാണോ, ആരാണ് രാജ്യത്ത് കുത്തകകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നത്; നോട്ടുകൾ പിൻവലിച്ച അവസരത്തിൽ ഇന്ത്യയിലെ സാമ്പത്തിക ശാസ്ത്രജ്ഞൻമാരൊന്നുമല്ല അതിനെ ന്യായീകരിച്ചത്. ഇത് അങ്ങേയറ്റം ഗുണപരമായി എന്ന് അംബാനി പരസ്യമായി പറഞ്ഞു. ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ എത്ര ശതമാനം വരും ഇന്ത്യയിലെ വൻകിട കുത്തകക്കാർ. ഒരു ശതമാനം അല്ലെങ്കിൽ രണ്ട് ശതമാനം. ഇന്ത്യൻ സമ്പദ്ഘടനയുടെ എത്ര ശതമാനം അവരുടെ കൈവശമാണ്. അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ത്യാ രാജ്യത്ത് ഒരു പുതിയ സമീപനം സ്വീകരിക്കേണ്ടതുണ്ട്. കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ബഡ്ജറ്റ് അതിന് സഹായകരമാകും. നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായങ്ങളുടെ വളർച്ച അത്യാവശ്യമാണ്. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന സാധാരണക്കാരന്റെ ജീവിതത്തെ മെച്ചപ്പെടുത്തിയെടുക്കാൻ എങ്ങനെ സാധിക്കും? കഴിഞ്ഞ കാലത്ത് സ്വീകരിച്ചതിനെക്കാൾ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നു. ഒരു ഭാഗത്ത് കൃഷിക്കാരനെ സഹായിക്കുന്നു, മറ്റൊരു ഭാഗത്ത് ചെറുകിട കാർഷിക മേഖലയെ സഹായിക്കുന്നു. കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യം നേടിത്തന്നതാണ് നമ്മുടെ കടൽ സമ്പത്ത്. ആ മേഖല ട്രോളറുകളുടെ കൈകളിലായി. ആ ട്രോളറുകൾക്ക് മുമ്പ് വിദേശ ട്രോളറുകൾ എന്നുപറയുമായിരുന്നു. ഇന്ത്യയിലെ വൻകിട കുത്തകക്കാർ ട്രോളറുകളുമായി ആഴക്കടൽ മത്സ്യബന്ധത്തിന് പോകുന്നു. അങ്ങനെ ഇന്ത്യയിലെ വൻകിട കുത്തകക്കാർ, കടലിലായാലും ഭൂമിയിലായാലും സമ്പദ്ഘടനയെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണ്. ഇതൊരു വസ്തുതയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ജനതാ പാർട്ടി രൂപീകരിക്കുന്ന അവസരത്തിൽ അതിലുള്ള എല്ലാ കക്ഷികളും ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമായി അംഗീകരിച്ചിരുന്നു. ഇതൊക്കെ കുറച്ച് മനസ്സിലാക്കിയിട്ടുവേണം എന്നെപ്പോലുള്ളവരോട് ചോദിക്കാൻ. ആ ഗാന്ധിയൻ സമീപനങ്ങളുടെ അടിസ്ഥാനത്തിലാണ് മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽനിന്നും പോയപ്പോൾ പാക്കിസ്ഥാൻ പ്രധാനമന്ത്രി ശ്രീ. നവാസ് ഷെരീഫ് പറഞ്ഞത് ഇന്ത്യാ - പാക്കിസ്ഥാൻ വിഭജനത്തിനുശേഷം മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാനമന്ത്രിയായപ്പോഴാണ് ഒരു സൗഹൃദത്തിന്റെ കാലഘട്ടമുണ്ടായതെന്ന്. ആ കാലഘട്ടത്തിൽ വർഗ്ഗീയ സംഘട്ടനം ഇന്ത്യയിൽ എവിടെയുമില്ലായിരുന്നു.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, അങ്ങ് പറഞ്ഞുവരുന്നത് സംഘടനാ കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും മാർക്സിസ്റ്റ് പാർട്ടിയുടെ എല്ലാ പിന്തുണയും ഉണ്ടായിരുന്നു എന്നല്ലേ?

<u>ശ്രീ. സി. കെ. നാണു:</u> സർ, അതല്ല ഞാൻ പറയുന്നത്, നിങ്ങളും എന്നപ്പോലെയുള്ളവരും ഇവിടെയിരുന്ന് ജനാധിപത്യത്തെക്കുറിച്ച് പറയുന്ന ഒരു അന്തരീക്ഷമുണ്ടല്ലോ; ഈ അന്തരീക്ഷം തകർക്കപ്പെട്ടിരുന്നു എന്നാണ്. ജയപ്രകാശ് നാരായണൻ, മൊറാർജി ദേശായി തുടങ്ങി സ്വാതന്ത്ര്യ സമരകാലത്ത് ജീവിച്ചിരുന്ന ദേശീയ നേതാക്കൾ മുഴുവൻ ജയിലിൽ കിടന്ന് നരകയാതന അനുഭവിക്കുന്ന അവസരത്തിൽ ഒരമ്മയുടെയും അവരുടെ ഇളയ മകന്റെയും കൈകളിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം അങ്ങോട്ടുമിങ്ങോട്ടും അധികാരം കൈമാറുമ്പോൾ ഇന്ത്യൻ ജനാധിപത്യം നിലനിൽക്കുമോയെന്ന് ലോകം ചോദിച്ചു. അമേരിക്കയെയും മറ്റ് രാജ്യക്കാരെയും പ്രീതിപ്പെടുത്താൻ ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. സംഘടനാ കോൺഗ്രസ്, സോഷ്യലിസ്റ്റ് പാർട്ടി, ഭാരതീയ ജനതാ പാർട്ടി എന്നീ വ്യത്യസ്ത കോണുകളിൽ നിൽക്കുന്നവർ എങ്ങനെ നാടിനെ രക്ഷിക്കുമെന്നാണ് അവർ ചോദിച്ചത്. മൂന്ന് ദിവസംകൊണ്ട് ഈ നേതാക്കൾ ഒരു പാർട്ടിയുണ്ടാക്കി - ജനതാ പാർട്ടി. കക്ഷികൾ വേറെയായിരുന്നു. ഒരു പ്രകടന പത്രികയുണ്ടാക്കി. ജനങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിച്ചു. വേറെ മാർഗ്ഗമില്ല. ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കാൻ ഞങ്ങൾ യോജിക്കണം. അവിടെയും ജയപ്രകാശ് നാരായണൻ ആർ.എസ്.എസ്. നേതൃത്വത്തെ സമീപിച്ച് പഴയ കാലമല്ലെന്നും എല്ലാവരും ഗാന്ധിയൻ സമീപനം സ്വീകരിക്കണമെന്നും പറഞ്ഞു. എല്ലാവരും സ്വീകരിച്ചു. അതെങ്ങനെ തകർന്നുവെന്നുള്ളത് വേറെ വിഷയം.

ശ്രീ. വി. ടി. ബൽറാം: സർ, സമാനമായ ഒരു സാഹചര്യം ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർന്നുവരുന്നതായി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പറഞ്ഞ രീതിയിൽ എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഒരു ഫാസിസ്റ്റ് ഭരണകൂടമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ അതിനെതിരെ ഒരു മതേതര ജനാധിപത്യ കൂട്ടായ്മ രാജ്യവ്യാപകമായി ഉയർന്നുവരണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുണ്ടോ; അതിനെതിരെ ബീഹാർ തെരഞ്ഞെടുപ്പിലും ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിലുമടക്കം ഇടതു മുന്നണി സ്വീകരിച്ച സമീപനങ്ങൾ തെറ്റായിപ്പോയി എന്നുള്ള ഒരു പുനർവിചിന്തനത്തിലേയ്ക്ക് അങ്ങും അങ്ങയുടെ പാർട്ടിയുമെങ്കിലും എത്തിച്ചേരുന്നുണ്ടോ;

ശ്രീ. സി. കെ. നാണു: സർ, അങ്ങ് ഒരു ചെറുപ്പക്കാരനായ രാഷ്ട്രീയക്കാരനാണ്. കാമരാജ് നാടാർ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു. ഒരു ശതമാനംപോലും സ്വാർത്ഥതയില്ലാത്ത കാമരാജ് നാടാർ കോൺഗ്രസ് പ്രസിഡന്റായിരിക്കുമ്പോഴാണ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത്. അപ്പോൾ അദ്ദേഹം പറഞ്ഞു, " എല്ലാം പോച്ച് നാൻ താൻ ആൾ എന്ന് " . സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വിഷമകരമായ ഒരു കാലഘട്ടമായിരുന്നു അത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മകളെന്ന നിലയ്ക്ക് ഇന്ദിരാ ഗാന്ധിയെ പ്രധാനമന്ത്രിയാക്കിയതിന്റെ ഫലമായി നിരനിരയായി ഇന്ത്യ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെ സംബന്ധിച്ചാണ് കാമരാജ് സൂചിപ്പിച്ചത്. അടിയന്തരാവസ്ഥക്കാലത്ത് ലക്നൗവിലുണ്ടായിരുന്ന കാമരാജ് നാടാരുടെ വിഷമതകൾ മനസ്സിലാക്കിയ ആളാണ് ഞാൻ. ഒരു കുടുംബ വാഴ്ച ഒരു ജനാധപത്യ രാജ്യത്തിന് യോജിച്ചതല്ല. നമുക്കെല്ലാവർക്കും അറിയാമല്ലോ; ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ രാജ്യം ഭരിച്ചത് സഞ്ജയ് ഗാന്ധിയാണ്. അദ്ദേഹത്തിന്റെ മരണശേഷം രാജീവ് ഗാന്ധി. രാജീവ് ഗാന്ധിയുടെ മരണശേഷമോ; നിങ്ങളെപ്പോലുള്ള ജനാധിപത്യ വിശ്വാസികളായ ചെറുപ്പക്കാരോട് ഞാൻ ചോദിക്കുന്നു, ശ്രീ. എ. കെ. ആന്റണിയെപ്പോലെ അഴിമതിക്കാരനല്ലാത്ത ഒരാൾ ദേശീയ നേതാവായിട്ടുപോലും കൊള്ളാവുന്നയാളാണെന്നും നാളെ അധികാരത്തിൽ വരാനുള്ള ആളാണെന്നും ചിന്തിക്കാൻ നിങ്ങൾ സന്നദ്ധരായോ; അവിടെയിരുന്ന് രാഷ്ട്രീയം അന്തസ്സായി പഠിക്കുന്ന കോൺഗ്രസ്സിന്റെ നേതാക്കളോട്, ഈ നിയമസഭയിൽ കാലത്തിനനുസരിച്ചുള്ള പ്രശ്നങ്ങൾ വളരെ സമർത്ഥമായി പറയുന്നവരോട് ഞാൻ പറയുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഒരു കുടുംബവാഴ്ചയെ അല്ലെങ്കിൽ ഏകാധിപത്യത്തെ നേരിടുന്നതിനുള്ള കൂട്ടായ്മയാണ് ഉണ്ടായതെന്നും ഗാന്ധിയൻ ആദർശങ്ങളുടെ അടിത്തറയിൽ എല്ലാവരും യോജിച്ചുവെന്നും നാണുവേട്ടൻ പറഞ്ഞു. എ. ബി. വാജ്പേയി വിദേശകാര്യ വകുപ്പുമന്ത്രിയായും ശ്രീ. എൽ. കെ. അദ്വാനി വാർത്താവിതരണ വകുപ്പുമന്ത്രിയായുമുള്ള ആ തുടക്കമല്ലേ ഇന്നത്തെ ബി.ജെ.പി.-യിലെത്തി ഇന്ത്യ മുഴുവൻ അടക്കി വാഴുന്ന മറ്റൊരു ഫാസിസത്തിന്റെ രൂപമായി മാറിയതെന്ന് നാണുവേട്ടൻ പറയുമോ;

<u>ശ്രീ. സി. കെ. നാണു:</u> സർ, ജനാധിപത്യത്തെ രക്ഷിക്കാൻ വേറെ മാർഗ്ഗമില്ല. പക്ഷെ ഞങ്ങൾക്ക് ഒരു പ്രസ്ഥാനമുണ്ടാക്കാൻ സാധിച്ചില്ല. രാജ്യത്തെ രക്ഷിക്കാനുള്ള ഒരു മുന്നേറ്റമായിരുന്നു. ഒരു സംഘടനയില്ല. ജനതാ പാർട്ടിയുടെ അധികാരത്തിലുള്ള ഗവൺമെന്റ് കേന്ദ്രത്തിൽ നിലവിൽ വന്നു. ഞങ്ങൾക്ക് പാർട്ടിയില്ല. സ്വന്തം അധികാരത്തിനുവേണ്ടി ചിലർ പരിശ്രമിച്ചു. ഞങ്ങളുടെ പ്രസ്ഥാനം തകർന്നു. ഞങ്ങൾ ദുർബലരായി. കോൺഗ്രസ് അധികാരത്തിൽ വന്നിട്ട് ഈ രാജ്യത്തെ രക്ഷപ്പെടുത്താൻ സാധിച്ചോ; എന്തുകൊണ്ട് സാധിച്ചില്ല; ഇന്ത്യാ രാജ്യത്ത് ജനതാ ഭരണകാലത്ത് എടുത്ത തീരുമാനം ഇന്ത്യയിലെ വൻകിട കുത്തകകൾക്ക് ഇത്ര കോടി രൂപയുടെ വ്യവസായങ്ങൾ മാത്രമേ നഗരത്തിൽ നടത്താൻ പാടുള്ളൂവെന്നായിരുന്നു. ഇന്ത്യയിലെ വൻകിട കുത്തകക്കാരെ തകർക്കുന്ന നിലപാടുകൾ സ്വീകരിച്ചു. നിങ്ങൾ ആ നിലപാടിനെതിരായി നിന്നു. നിങ്ങളാണ് അംബാനിയേയും അദാനിയേയും വൻകിട കോടീശ്വരൻമാരെയും വളർത്തിയത്. ശ്രീ. നരേന്ദ്ര മോദി അവരുടെ വക്താവായി മാറുന്നു. സംശയം വേണ്ട, രാജേട്ടൻ എന്നോട് ക്ഷമിക്കണം, ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു, ഇതും രക്ഷപെടില്ല. പഴയ ജനതാ പാർട്ടിയിലെ മൊറാർജി ദേശായിയും ശ്രീ. വി. പി. സിംഗും പ്രധാനമന്ത്രി ആയിരുന്നതുപോലെയുള്ള ഗവൺമെന്റുകളെ കൊണ്ടുവരാൻ ഇന്ത്യയിലെ ജനങ്ങൾ എന്ന് സന്നദ്ധമാകുമോ അന്ന് മാത്രമേ ഈ രാജ്യത്തെ ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാൻ സാധിക്കൂ. ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ. അതിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയടക്കമുള്ള ശക്തികൾ കൂടുതൽ സജീവമായി നിൽക്കണമെന്ന് പുതിയ കാലഘട്ടം ആവശ്യപ്പെടുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്....... പ്ലീസ്.... കൺക്ലൂഡ്....

<u>ശ്രീ. സി. കെ. നാണു:</u> സർ, ഞാൻ ഒന്നുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എടുത്ത തീരുമാനത്തോട് ഞാൻ അങ്ങേയറ്റം യോജിക്കുന്നു. പെൻഷൻ നൽകി കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സ്വീകരിച്ച നിലപാടുകളെ ബഹുമാനിക്കുന്നു.

2001-ൽ ശ്രീ. ഇ. ശ്രീധരൻ കൊച്ചിക്കുവേണ്ടി ഒരു വലിയ പ്രോജക്ട് ഉണ്ടാക്കിയിരുന്നു. ആ പ്രോജക്ട് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് അംഗീകരിച്ചു. അതിനുശേഷമുള്ള 5 കൊല്ലം യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ അതുമായി ഒരിഞ്ചുപോലും മുന്നോട്ടു പോയില്ലെന്നുള്ളതടക്കം ശ്രീ. ഷാഫി പറമ്പിൽ നേരത്തെ പറഞ്ഞ കാര്യങ്ങളും പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ഈ ചർച്ച ഒരു അധരവ്യായാമ പ്രക്രിയയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്തായാലും നികുതിയുടെ പല കാര്യങ്ങളും ചർച്ച ചെയ്യേണ്ടത് ആവശ്യമുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാം. അതിനോടൊപ്പം ഈ സർക്കാരിന്റെ ഫിസ്കൽ ഇൻഡിസിപ്ലിനെക്കുറിച്ചൊക്കെ സംസാരിക്കാൻ ഒരു വേദി കിട്ടുമെന്നും ഞാൻ വിശ്വസിക്കുന്നു. ധനകാര്യ രംഗത്തെ കാര്യം നോക്കുകയാണെങ്കിൽ ഈ സർക്കാരിനും മിനിസ്റ്റർക്കും ഒരു ഷോർട്ട് ടേം മെമ്മറി ലോസ് ഉണ്ടോ എന്നൊരു സംശയം എനിക്കുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് നികുതി കുടിശ്ശിക പിരിക്കുന്നതിൽ കാര്യമായൊന്നും നടന്നില്ലെന്ന് പറഞ്ഞ് വലിയ ആക്ഷേപമാണ് അങ്ങ് ഉന്നയിച്ചത്. 6,883 കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ടായിരിക്കുന്നു. എൽ.ഡി.എഫ്. സർക്കാർ വരുമ്പോൾ എല്ലാം ശരിയാകുന്നതിന്റെ ഭാഗമായി ആ പണം മുഴുവൻ പിരിക്കുമെന്ന് അങ്ങ് പറഞ്ഞതാണ്. മേയ് മാസമായിട്ടും അതിന്റെ മൂന്ന് ശതമാനമായ 179 കോടി രൂപ മാത്രമാണ് നികുതി കുടിശ്ശിക ഇനത്തിൽ പിരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുള്ളത്. കോടതി ഉത്തരവുകാരണം പിരിക്കാൻ പരിമിതികളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞിരിക്കുന്നത്. കോടതി ഉത്തരവുകാരണം പിരിക്കാൻ പരിമിതികളുണ്ടെങ്കിലും 30 കോടി രൂപ ചെലവാക്കി ഡോ. ടി. പി. സെൻകുമാറിനെ ശരിയാക്കാൻ കോടതിയിലേയ്ക്ക് ഒരു വക്കീലിനേയും അതിനോടൊപ്പം ചാർട്ടേർഡ് ഫ്ലൈറ്റും താജ് ഹോട്ടലും കൊടുത്തപ്പോൾ അതിന്റെ ഒരു ശതമാനം പണം കൊടുത്തിരുന്നുവെങ്കിൽ 6883 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിക്കാൻ പറ്റുമായിരുന്നുവെന്ന വിശ്വാസം എനിക്കുണ്ട്. അങ്ങ് പുറപ്പെടുവിച്ച ധവള പത്രത്തിൽ പറഞ്ഞത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മുരടിച്ചു പോയിരിക്കുന്നുവെന്നും അതിന്റെ വളർച്ച പടവലങ്ങപോലെ താഴോട്ടാണെന്നുമാണ്. 2014-2015-ൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലഘട്ടത്ത് ഏഴ് ശതമാനം വളർച്ചയുണ്ടായിരുന്നു. 2015-2016-ൽ 8.1 ശതമാനം വളർച്ചയുണ്ടായിരുന്നു. ഇന്ന് കേരളത്തിന്റെ

സാമ്പത്തിക വളർച്ചയുടെ നിരക്ക് എന്താണെന്ന് മലയാളികളോട് പറയുവാനുള്ള ആർജ്ജവം അങ്ങ് കാണിക്കണമെന്ന് ഞാൻ പറയുകയാണ്. അടുത്തതായി പറയുവാനുള്ളത് ഷോർട്ട് ടേം മെമ്മറി ലോസ്സിനെക്കുറിച്ചാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില കൂടിയപ്പോൾ, ഏകദേശം 619 കോടി രൂപയുടെ നികുതി ഭാരം മലയാളികൾക്ക് താങ്ങാൻ കഴിയില്ലെന്ന് മനസ്സിലാക്കി അതിൽനിന്ന് കേരള സർക്കാരിന് ലഭിക്കുന്ന അഡീഷണൽ ടാക്സ്, വേണ്ടെന്ന് പറഞ്ഞ് നികുതിഭാരത്തിൽ നിന്നും ജനങ്ങളെ ഒഴിവാക്കിയിരുന്നു. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിലൂടെ ഒരു വർഷംകൊണ്ട് കേരള സർക്കാരിന് ഏകദേശം 246.69 കോടി രൂപയാണ് നികുതി വർദ്ധനവിലൂടെ ലഭിച്ചിരിക്കുന്നത്. ഈ നികുതി വർദ്ധന മാറ്റിക്കൂടെ എന്ന് അങ്ങയോട് ചോദിച്ചപ്പോൾ അതിനെപ്പറ്റി പഠിക്കാമെന്നല്ലാതെ ഇതുവരെ ഒന്നും ചെയ്യാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടില്ല. കിഫ്ബി-യെക്കുറിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നിലവിലെ സ്ഥിതി അനുസരിച്ച് വൻകിട പദ്ധതികൾക്കുള്ള അയ്യായിരം കോടി രൂപയിൽനിന്നും രണ്ടായിരത്തി നാനൂറ് കോടി രൂപ വകമാറ്റി വച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പത്ത് ശതമാനം മോട്ടോർ വാഹന നികുതിയിനത്തിൽ കിട്ടിയ 251 കോടി രൂപ, പെട്രോൾ സെസ്സ് - 448 കോടി രൂപ, പ്രവാസികളുടേയും പാവപ്പെട്ട മലയാളികൾ മക്കളെ കല്യാണം കഴിപ്പിക്കുവാനും വീട് വയ്ക്കുവാനും കെ.എസ്.എഫ്.ഇ. ചിട്ടി എടുത്തിരിക്കുന്ന പണമെല്ലാംകൂടി ചേർത്ത് പത്തുമൂവായിരത്തി മുന്നൂറ് കോടി രൂപ കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ് അങ്ങ് നൂറ്റൊന്ന് പദ്ധതികളും പന്ത്രണ്ടായിരം കോടി രൂപയ്ക്കുള്ള പദ്ധതികൾക്കുമുള്ള അനുമതി കിഫ്ബി വഴി നൽകിയിട്ടുള്ളത്. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ ഊട്ടിയ ബൈബിളിലെ കഥ നമുക്കെല്ലാമറിയാം. ഇതെല്ലാം ഒരു ദൈവീക പ്രതിരൂപമായ യേശുക്രിസ്തുവിന് ചെയ്യാൻ കഴിഞ്ഞു. ഇതൊക്കെ സാറിനെക്കൊണ്ട് ചെയ്യിപ്പിക്കുന്നത് ഭാവിയിൽ അങ്ങയെ വാഴ്ത്തപ്പെട്ടവ നാക്കുന്നതിനാണോ അതോ വീഴ്ത്തപ്പെട്ടവനാക്കുന്നതിനാണോ എന്നുള്ള ചെറിയ ഭയം എനിക്കുണ്ട്. അതുകൊണ്ട് അങ്ങ് അതൊക്കെ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്നുള്ള ഒരു അഭിപ്രായം എനിക്കുണ്ട്.

ഈ സർക്കാർ കഴിഞ്ഞ ഒരു വർഷക്കാലം ഏറ്റവും കൂടുതൽ ചെയ്തിട്ടുള്ളത് പരസ്യം നൽകലാണ്. ഞാൻ ഇന്നലെ എന്റെ മണ്ഡലത്തിലൂടെ വണ്ടിയിൽ പോയപ്പോൾ എഫ്.എം. റേഡിയോ ഓൺ ചെയ്തു, നല്ല മധുരമാർന്ന ഒരു പാട്ടിന് ശേഷം പെട്ടെന്ന് മുഖ്യമന്ത്രിയുടെ ശബ്ദത്തിൽ എൽ.ഡി.എഫ്. സർക്കാർ ഒന്നാം വർഷത്തിലേയ്ക്കെന്നും പറഞ്ഞ് എന്തൊക്കെയോ ഞാൻ കേട്ടു. സത്യം

പറഞ്ഞാൽ അത് കേട്ട് പേടിച്ച് എഫ്.എം. ഓഫ് ചെയ്യുകയായിരുന്നു. പഴയ 'ഷോലെ' സിനിമയിൽ ഒരു കഥയുണ്ട്. റാംപൂർ ഗ്രാമത്തിലെ കൊച്ചുകുട്ടികൾ ഭക്ഷണം കഴിക്കാനിരിക്കുമ്പോഴോ കരയുമ്പോഴോ അമ്മമാർ പറയുന്നുണ്ട് "ബെച്ചാ സോജാ വർനാ ഗബ്ബർ സിംഗ് ആയേഗാ" നിങ്ങൾ ഉറങ്ങിയില്ലെങ്കിൽ ഗബ്ബർ സിംഗ് വരുമെന്ന് പറഞ്ഞ് പേടിപ്പിച്ചാണ് രാംപൂർ ഗ്രാമത്തിലെ കുട്ടികളെ ഉറക്കിക്കൊണ്ടിരുന്നത്. ഇന്ന് കേരളത്തിലെ ഉറങ്ങാതെയും ഭക്ഷണം കഴിക്കാത്തതുമായ കുട്ടികളെ നിങ്ങൾ പെട്ടെന്ന് ഭക്ഷണം കഴിച്ചോ, ഉറങ്ങിക്കോ അല്ലെങ്കിൽ ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ പരസ്യം കേൾപ്പിക്കുമെന്നു പറഞ്ഞാണ് എന്റെ നാട്ടിൽ കുട്ടികളുടെയൊക്കെ കരച്ചിൽ നിർത്തിക്കുന്നത്. സർക്കാർ സത്യപ്രതിജ്ഞ ചെയ്ത സമയത്ത് പരസ്യത്തിനുവേണ്ടി ചെലവാക്കിയിട്ടുള്ളത് ഒരു കോടി രൂപയാണ്. 2016 മെയ് 25-ന് ചെലവാക്കിയതാണ്. നൂറ് ദിവസത്തെ ആഘോഷത്തിനുവേണ്ടി ഏകദേശം മൂന്ന് കോടി എൺപത്തിയൊന്ന് ലക്ഷം രൂപയുടെ ചെലവാണ് ചെയ്തിരിക്കുന്നത്. അതിനേക്കാളുപരി, നിങ്ങൾക്ക് നാണമില്ലല്ലോ, ഒരു കമ്മ്യൂണിസ്റ്റുകാരിയായ അമ്മയെ പബ്ലിക്കായി ഷെയിം ചെയ്യിക്കാൻ, മനുഷ്യാവകാശ ലംഘനം നടത്തുവാൻ വേണ്ടി പതിനെട്ട് ലക്ഷം രൂപ, സർക്കാരിന്റെ, നികുതി അടയ്ക്കുന്നവരുടെ പണമെടുത്ത് ഒരമ്മയ്ക്കെതിരെ പരസ്യം കൊടുത്ത സർക്കാരാണിത്. ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയായപ്പോൾ പത്തുലക്ഷം രൂപയുടെ സ്യൂട്ടിൽ സ്വന്തം പേര് തയ്ച്ചു, കേണൽ ഗദ്ദാഫി ലിബിയ ഭരിച്ചപ്പോൾ സ്വർണ്ണം കൊണ്ടുള്ള തോക്കുണ്ടാക്കി, മറ്റേതോ രാജ്യത്തിൽ ഒരു രാജ്ഞി സ്വർണ്ണ പാദുകമുണ്ടാക്കി. പത്ത് കോടി രൂപ ചെലവാക്കി ഒരു വർഷംകൊണ്ട് സ്വന്തം മുഖം മിനുക്കാനും പൗഡറിട്ട് കാണിക്കുവാനും ഈ സർക്കാർ കാണിക്കുന്നത് മോദിക്കും ഗദ്ദാഫിക്കും മേലെയാണെന്നുള്ള കാര്യം ഞാൻ ആർജ്ജവത്തോടുകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. ദീർഘിപ്പിക്കുന്നില്ല. ഇവിടെ ശ്രീ. ഐ. ബി. സതീഷ് സംസാരിച്ചപ്പോൾ പറഞ്ഞു, ഇന്ത്യാ ടുഡേയിലും ഗാർഡിയൻ മാഗസിനിലുമൊക്കെ ഈ സർക്കാരിനെ പ്രകീർത്തിച്ച് വാർത്തകൾ വന്നുവെന്ന്. ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. ഐക്യരാഷ്ട്ര സംഘടന ഒരു ചെറിയ സംഘടനയല്ല, 2014-ൽ ജനസമ്പർക്ക പരിപാടിയുടെ പേരിൽ ഇന്ത്യയിൽ ഒരൊറ്റ മുഖ്യമന്ത്രിയെ മാത്രമാണ് യു.എൻ. അവിടെ വിളിച്ച് ആദരിച്ചിട്ടുള്ളത്, അത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന, യു.ഡി.എഫ്. മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി അവർകളെ ആയിരുന്നു. ആ ജനസമ്പർക്കത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് മൂന്ന് പ്രാവശ്യം ജനസമ്പർക്ക പരിപാടി നടത്തി, 12,32,000 അപേക്ഷകൾ

സ്വീകരിക്കുകയും ഒൻപത് ലക്ഷം അപേക്ഷകളിൽ തീർപ്പുണ്ടാക്കുകയും ചെയ്തു. ഇന്ന് കളക്ടർമാരും സബ്കളക്ടർമാരും ഓടി നടന്ന് ജനസമ്പർക്കം നടത്തിക്കൊണ്ടിരിക്കുകയാണ്. അവസാനം ലഭിച്ച ലിസ്റ്റിൽ 60,000 പരാതികൾ മാത്രമാണ് കിട്ടിയത്. അതിൽ 50 ശതമാനം പോലും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയെ കളിയാക്കുന്നു.

അതോടൊപ്പംതന്നെ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഓപ്പറേഷൻ കുബേരയുടെ കണക്കുകൾ ഞാൻ പറയാം, 5/2014-ൽ തുടങ്ങിയ ഓപ്പറേഷൻ കുബേരയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 210 സ്ഥാപനങ്ങൾക്കെതിരെയും 4000 വ്യക്തികൾക്കെതിരെയും കേസ്സെടുക്കാൻ കഴിഞ്ഞു. ഇക്കഴിഞ്ഞ പന്ത്രണ്ട് മാസംകൊണ്ട് കേവലം 8 സ്ഥാപനങ്ങൾക്കെതിരെയും 161 വ്യക്തികൾക്കെതിരെയുമാണ് ഓപ്പറേഷൻ കുബേരയിൽകൂടി നിങ്ങൾക്ക് കേസ്സെടുക്കുവാൻ കഴിഞ്ഞത്. ഓപ്പറേഷൻ കുബേരയെ മാറ്റി ഓപ്പറേഷൻ കുംഭകർണ്ണയാക്കിയിരിക്കുകയാണ് ഈ സർക്കാർ.

അതുപോലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറും പറഞ്ഞതാണ്. അഞ്ഞൂറോളം ചോദ്യങ്ങൾ ഇന്ന് ലാപ്സാക്കി ഇട്ടിരിക്കുകയാണ്. ശ്രീ. ഇ. കെ. വിജയൻ, സി.പി.ഐ.-ക്കാരനായതുകൊണ്ടാണെന്ന് തോന്നുന്നു, "നാദാപുരം മണ്ഡലത്തിൽ ആർ.എസ്.എസ്-ന്റെ ആയുധ പരിശീലനം നടക്കുന്നുണ്ടോ" എന്ന 2975-ാം നമ്പർ ചോദ്യത്തിനും "ചീമേനിയിലെ തുറന്ന ജയിലിൽ ഗോപൂജ നടക്കുന്നുണ്ടോ" എന്ന 2956-ാം നമ്പർ ചോദ്യത്തിനും ഇതുവരെ മുഖ്യമന്ത്രി മറുപടി നൽകിയിട്ടില്ല. വേഴാമ്പലിനെപ്പോലെ മറുപടി കിട്ടാൻവേണ്ടി ഞാനുൾപ്പെടെയുള്ള എം.എൽ.എ.-മാർ കാത്തിരിക്കുകയാണ്. എന്തായാലും ഒരു കാര്യത്തിൽ സന്തോഷമുണ്ട്, ശ്രീ. വി. കെ. സി. മമ്മത് കോയ അവർകൾ ഇന്നത്തെ ചർച്ച തുടങ്ങിയപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്, മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഉദ്ഘാടനം ചെയ്തു തീർക്കുവാൻ സമയം കിട്ടുന്നില്ലായെന്ന്. ശരിയാണ് അദ്ദേഹം പറഞ്ഞത്, അദ്ദേഹത്തിന്റെ മനസ്സിലുള്ള കാര്യം തന്നെയാണ് പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച കാര്യങ്ങൾ, അവ ഉദ്ഘാടനം ചെയ്യുന്ന ജോലി മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്.

കൊച്ചി മെട്രോയിൽ ഇപ്പോൾ ഭിന്നലിംഗക്കാരായ ആളുകൾക്ക് ജോലി കൊടുത്തുവെന്ന് പറഞ്ഞു. ഇന്ന് ജോലി കൊടുത്തിരിക്കുന്ന ആളുകൾക്ക് പതിനായിരം രൂപ മാത്രമാണ് ശമ്പളം കൊടുക്കുന്നത്. അവർ ജോലിയെടുക്കുന്നത് താൽക്കാലിക വ്യവസ്ഥയിൽ കമ്പനി നിയമപ്രകാരമാണ്. അവർക്കുവേണ്ടി

സർക്കാർ എന്ത് ചെയ്തിട്ടുണ്ട്? ഭിന്നലിംഗക്കാർക്കുവേണ്ടി ആദ്യമായി ഒരു നിയമം കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. ഇതെല്ലാം വെറും ഒരു പേരിനുവേണ്ടിമാത്രം നിങ്ങൾ ചെയ്യുന്നതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടനത്തിന് ഞാനുൾപ്പെടെയുള്ള എം.എൽ.എ-മാർ പോയപ്പോൾ ഒരൊറ്റ കമ്മ്യൂണിസ്റ്റ് എം.എൽ.എ.-യോ, എൽ.ഡി.എഫ്. നേതാക്കളോ ഇല്ലായിരുന്നു. പണ്ട് ഞാൻ കേട്ട കഥയാണ്, കൊച്ചി എയർപോർട്ടിൽ ഫ്ലൈറ്റ് ലാന്റ് ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞ ആളുകൾ ഇപ്പോൾ ഈ സഭയിൽ തന്നെയുണ്ട്. അതോടൊപ്പംതന്നെ കൊച്ചി മെട്രോയെ തുരങ്കം വയ്ക്കാൻ നോക്കുന്ന ആളുകളാണ് ഇവിടെയുള്ളത്. കൊച്ചി മെട്രോയ്ക്ക് വേണ്ടി ഏറ്റവും കൂടുതൽ പണിയെടുത്ത കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും യു.ഡി.എഫ്. സർക്കാരും ശ്രീ. ഇ. ശ്രീധരനും മുൻപ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗുമൊക്കെ ഉള്ളപ്പോഴും അവസാനം മണ്ണുംചാരി നിന്നവൻ മെട്രോയും കൊണ്ടുപോയി എന്നുള്ള വിഷമം പങ്കുവച്ചുകൊണ്ട്, ഈ സർക്കാരിന്റെ ദുർനടപടികൾ ഇനിയും അവസാനിപ്പിച്ചില്ലെങ്കിൽ ജനങ്ങൾ അതിനെതിരെ പ്രതിരോധമുണ്ടാക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ പ്രസംഗം നടത്തുന്നതിനിടയിൽ ഒരു തമാശ പറയാൻ ശ്രമിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കളിയാക്കാനാണ് ശ്രമിച്ചത്. എനിക്ക് ഓർമ്മ വന്നത്, 'വടക്കുനോക്കി യന്ത്രം' എന്ന സിനിമയിൽ ശ്രീനിവാസന്റെ കഥാപാത്രമായ തളത്തിൽ ദിനേശൻ തന്റെ സുന്ദരിയായ ഭാര്യയെ ചിരിപ്പിക്കാൻവേണ്ടി വാഴത്തോട്ടത്തിലിരുന്നുകൊണ്ട് ഒരു പരിശ്രമം നടത്തുന്നുണ്ട്. ഒരു വഴിപോക്കൻ ചായക്കട എന്നുകരുതി ബാർബർ ഷോപ്പിൽ കയറി, എന്തുണ്ട് കഴിക്കാൻ എന്നുചോദിച്ചപ്പോൾ, കട്ടിംഗും ഷേവിംഗുമുണ്ട് എന്ന് ബാർബർ ഷോപ്പുകാരൻ പറയുമ്പോൾ, ഹഹാ..ഹാ.. എന്നുപറഞ്ഞ് ശ്രീനിവാസന്റെ ഒരു ചിരിയുണ്ട്. അതുപോലെ മുഖ്യമന്ത്രിയെ കളിയാക്കാൻ ഒരു തമാശ ഇവിടെ പറയുകയുണ്ടായി. ഇവിടെ പ്രതിപക്ഷത്തിന്റെ ചർച്ച തുടങ്ങിവച്ച ശ്രീ. ഷാഫി പറമ്പിലും സമാനമായ ചില വർത്തമാനങ്ങളാണ് പറഞ്ഞത്. ശ്രീ. ഷാഫി പറമ്പിൽ എന്റെ സുഹൃത്തുകൂടിയാണ്. അദ്ദേഹം പറഞ്ഞത് യു.ഡി.എഫ്-ന്റെ കുഞ്ഞുങ്ങളുടെ അച്ഛന്മാരായി മാറുകയാണ് എൽ.ഡി.എഫ്. എന്നാണ്. ഏത് നല്ല കുഞ്ഞിനാണ് ഇവർ ജന്മം നൽകിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പത്തുമാസം അല്ല അഞ്ചുവർഷം ഇവർ ചുമന്നുനടന്ന് ജന്മം നൽകിയ കുഞ്ഞുങ്ങളെല്ലാം ചാപിള്ളകളായിരുന്നുവെന്നാണ് ഈ നാട് മനസ്സിലാക്കുന്നത്. ഒന്ന് ഏത് പനപ്പുറത്തും ഇറക്കാൻ കഴിയുന്ന ഒറ്റയാൾ വിമാനം കണ്ണൂരിലെ ഒരു പറമ്പിലിറക്കിയിട്ട് ഇതാ വിമാനത്താവളം എന്ന് നിങ്ങൾ പറഞ്ഞപ്പോൾ, കേരളം കണ്ടത് യു.ഡി.എഫ്-ന്റെ ഒരു ചാപിള്ളയെയായിരുന്നു.

രണ്ട്, പാലവും പാളവുമൊന്നുമില്ലാത്ത സ്ഥലത്ത് മെട്രോ ട്രെയിനിന്റെ ഒരു ബോഗി കൊണ്ടുവന്നിറക്കി ഇത് കൊച്ചി മെട്രോ എന്ന് നിങ്ങൾ പറഞ്ഞപ്പോഴും കേരളം കണ്ടത് നിങ്ങളുടെ മറ്റൊരു ചാപിള്ളയെയാണ്. കുതിച്ചു പായുന്ന ട്രെയിനുകളും അതിനാവശ്യമായ പാളവും പാലവും പത്രാസുമെല്ലാം ഒത്തിണങ്ങിയ ഇരട്ടച്ചങ്കുള്ള ഒരു കുട്ടിയാണ് എൽ.ഡി.എഫ്. സമർപ്പിക്കുന്ന കൊച്ചി മെട്രോ എന്ന് നിങ്ങൾ മനസ്സിലാക്കണം.

ഇവർ എന്തിനാണ് ഇങ്ങനെ പരിശ്രമിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഇപ്പോൾ നവമാധ്യമങ്ങളിലെല്ലാം ഒരു സംഭാഷണം പ്രചരിക്കുന്നുണ്ട്. ഒരു പ്രവാസിയും നാട്ടിലെ കൂട്ടുകാരനുമായുള്ള ഫോൺ സംഭാഷണം ഇങ്ങനെയാണ്. കൂട്ടുകാരൻ വിളിച്ച് പ്രവാസിയോട് പറയുന്നു, "എന്താ സഖാവേ പിണറായി വന്നതിൽ പിന്നെ എല്ലാം വിവാദങ്ങളാണല്ലോ. ഭരണമൊന്നും നടക്കുന്നില്ലേ" എന്ന്. അപ്പോൾ പ്രവാസി ചോദിക്കുന്നു, " അല്ലെടാ, നിന്റെ ചേച്ചി പി.എസ്.സി. ലിസ്റ്റിൽ ഉണ്ടായിരുന്നല്ലോ. എന്തായി;" . അപ്പോൾ മറുപടി "പറയാൻ മറന്നതാടാ. അവൾക്ക് കഴിഞ്ഞ മാസം വില്ലേജിൽ ജോലി കിട്ടി." അടുത്ത ചോദ്യം "അമ്മയ്ക്കിപ്പോൾ പെൻഷനൊക്കെ കിട്ടുന്നില്ലേ" . " പിന്നേ, പെൻഷൻ ഇപ്പോൾ കൂടിയിട്ടുമുണ്ട്." എന്ന മറുപടി. അടുത്ത ചോദ്യം "അനിയൻ ഇപ്പോൾ ഏത് സ്കൂളിലാണ് പഠിക്കുന്നത്;" "അവനെ ഇപ്പോൾ മൂക്കുതല സ്കൂളിലേയ്ക്ക് മാറ്റി. പഴയ സ്കൂളിൽ കഴുത്തറപ്പൻ ഫീസാണ്. ഇപ്പോൾ മൂക്കുതല സ്കൂൾ പഴയ സ്കൂളൊന്നുമല്ലെടോ" എന്നൊക്കെ പറഞ്ഞിട്ട് ആ കൂട്ടുകാരൻ തിരിച്ചു ചോദിക്കുന്നു. " നീ എന്താ വിവാദങ്ങളെപ്പറ്റി പറഞ്ഞപ്പോൾ ഇതൊക്കെ ചോദിക്കാൻ" . " ഇതുതന്നെയാടാ അതിനുള്ള ഉത്തരം " എന്ന് പ്രവാസി മറുപടി പറയുകയാണ്. അപ്പോൾ കുറച്ചുനേരം നിശബ്ദനായ ആ കൂട്ടുകാരൻ പറയുന്നു, " തെറ്റിപ്പോയെടാ, ക്ഷമിക്കെടാ" എന്നുപറഞ്ഞ് ഫോൺ സംഭാഷണം തുടരുകയാണ്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഫേസ് ബുക്ക് വീരൻമാൻ ഇത് കണ്ടുകാണുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ഈ സർക്കാരിന്റെ നേട്ടങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ പ്രതിപക്ഷത്തിന് അവകാശമുണ്ട്. സർക്കാർ നേട്ടങ്ങൾ ചരമ കോളത്തിലേ നിരത്തൂ എന്ന് വാശിപിടിക്കാൻ പല മാധ്യമങ്ങൾക്കും സ്വാതന്ത്ര്യമുണ്ട്. അതിനെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇത് കേരളമാണ്. പതിറ്റാണ്ടുകൾ നീണ്ടുനിന്ന

സാമൂഹ്യ, സാമ്പത്തിക ഉച്ചനീചത്വങ്ങളെ അതിജീവിച്ച് മുന്നേറിയ കേരളമാണ്. എല്ലാ ഇരുട്ടിന്റെ നാലുകെട്ടുകളേയും ഭേദിച്ച് വികസനത്തിന്റെ വിപ്ലവ ലോകത്തേയ്ക്ക് കുതിച്ചു കയറിയ കഥകൾ കേട്ട് വളർന്നവരാണ് നമ്മൾ. ശ്രീ. എം. ടി. വാസുദേവൻ നായരുടെ ' നാലുകെട്ട് '-ലെ അപ്പുണ്ണിയുടെ വാക്കുകളെ സാക്ഷി നിർത്തിയാണ് ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗം നടത്തിയത്. "വളരും. വളർന്നു വലുതായി ആരെയും ഭയപ്പെടാതെ ഞാൻ ജീവിക്കും" എന്ന അപ്പുണ്ണിയുടെ വാക്കുകൾ ആവർത്തിക്കുകയാണ് കേരളം. കേരളത്തിലെ പാവപ്പെട്ട ജനത വളരും. വളർന്നു വലുതായി അരാജകവാദികളേയും വർഗ്ഗീയ ഭ്രാന്തരെയും ഭയപ്പെടാതെ ജീവിക്കും എന്ന് ഉറപ്പുവരുത്തുന്ന സാമ്പത്തിക രാഷ്ട്രീയ നയമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

ഈ തറവാട് മുടിച്ച് കഴിഞ്ഞ ഭരണക്കാർ വരുത്തിവച്ചതാണ് കോടികളുടെ കടം. അതുമാത്രമല്ല നാട്ടിലെ പണമെല്ലാം ഒറ്റരാത്രികൊണ്ട് അസാധുവാക്കി കോർപ്പറേറ്റ് കൊള്ളക്കാർക്ക് സമ്പദ്‌വ്യവസ്ഥ അടിയറവച്ച കേന്ദ്ര ഭരണ ധിക്കാരത്തേയും മറികടന്നുകൊണ്ടാണ് കേരള ജനതയുടെ ജീവിത സ്വപ്നങ്ങൾക്ക് പുതുജീവൻ നൽകാൻ മഹാമാന്ത്രികനെപ്പോലെ ശൂന്യതയിൽനിന്നും സമ്പത്ത് പുനർ സൃഷ്ടിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ലഭിക്കുന്ന സമ്പത്ത് പാവപ്പെട്ടവരിലേയ്ക്ക് ഒരു ചോർച്ചയുമില്ലാതെ എത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരും ഈ നാടിന്റെ പുണ്യമല്ലാതെ മറ്റെന്താണ്? മുൻസർക്കാർ കുടിശ്ശിക വരുത്തിയ എത്രയെത്ര കോടികളാണ് എൽ.ഡി.എഫ്. സർക്കാർ കൊടുത്തു തീർത്തത്. ക്ഷേമ പെൻഷൻ 1,525 കോടി രൂപ കൊടുത്തത് ഈ സർക്കാരല്ലേ? ദുർബലരായ നിരാലംബരായ അഗതികൾ, വിധവകൾ, കർഷകത്തൊഴിലാളികൾ, കൈകാലുകൾക്ക് ശേഷിയില്ലാത്തവർ, മുട്ടിലിഴഞ്ഞ് നീങ്ങുന്നവർ തുടങ്ങി എത്രയോ ലക്ഷം വരുന്ന പാവങ്ങൾ കൂപ്പുകയ്യുമായി ജനസമ്പർക്ക മഹാമേളകളിൽ കാത്തുനിന്ന പൂർവ്വകാല കേരളം, അവരുടെയെല്ലാം കണ്ണുനീർ തുടച്ചുകൊണ്ടാണ് യു.ഡി.എഫ്. കടംവച്ച 1,525 കോടി രൂപ കൊടുത്തതും പെൻഷൻ 1,100 രൂപയായി ഉയർത്തിയതും എന്നത് യുഡി.എഫ്. ഓർക്കുന്നത് നല്ലതായിരിക്കും. കരാറുകാർക്കും ബിൽ ഡിസ്കൗണ്ട് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്ന 1,775.59 കോടി രൂപ കൊടുത്തതും ഈ ധനകാര്യ വകുപ്പുമന്ത്രിയാണ്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, ബോർഡുകൾ എന്നിവയിൽനിന്ന് ഇപ്പോൾ തരാമെന്നുപറഞ്ഞ് യു.ഡി.എഫ്. സർക്കാർ വാങ്ങിയ 1,365 കോടി രൂപയുടെ കടവും തിരിച്ചുനൽകിയത് ഈ സർക്കാരല്ലേ; കർഷകർ, മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ എന്നിവരുടെ പെൻഷൻ കുടിശ്ശിക 268 കോടി രൂപയും മറ്റെല്ലാ കടവും ചേർത്ത് 7,165 കോടി രൂപയും കൊടുത്തു തീർത്തതും ഈ സർക്കാരാണ്.

പന്ത്രണ്ട് മാസക്കാലംകൊണ്ട് കണ്ണഞ്ചിപ്പിക്കുന്ന വിസ്മയക്കുതിപ്പ് നടത്തുന്ന എൽ.ഡി.എഫ്.-ന്റെ തിളക്കം താങ്ങാനാവാതെ യു.ഡി.എഫ്.-ന് കാഴ്ചകൾ നഷ്ടപ്പെട്ടതാണോ; അതോ പാവപ്പെട്ടവരുടെ ശാപംമൂലം അവർക്ക് അന്ധത ബാധിച്ചതാണോ; എന്തെന്നറിയില്ല. എന്തായാലും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കുറച്ച് പണം മാറ്റിവയ്ക്കണം. സത്യം മാത്രം കാണാൻ കഴിയാത്ത പ്രത്യേകതരം തിമിരം ബാധിച്ച ഈ പ്രതിപക്ഷ മാന്യർക്ക് കണ്ണട നൽകാൻ ധനം മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര സഹായങ്ങളെല്ലാം വട്ടപ്പൂജ്യവും കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിൽ സംസ്ഥാന വിഹിതം കുത്തനെ വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഇക്കാലത്ത് 26,500 കോടി രൂപയായി പദ്ധതി അടങ്കൽ ഉയർത്തിയ ധനകാര്യ മാനേജ്മെന്റിന്റെ മാസ്മരികത എന്തെന്നറിയാതെ വാപൊളിക്കുകയാണ് പ്രതിപക്ഷം. അപ്പോഴാണ് കിഫ്ബിയുടെ കുതിച്ചുവരവ്. പദ്ധതി അടങ്കൽ കണ്ട് അന്തംവിട്ട പ്രതിപക്ഷത്തെ അമ്പരപ്പിച്ച് വികസനപ്പെരുമഴയായി കഴിഞ്ഞ വർഷം 15,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് എ.എസ്. നൽകിയ കിഫ്ബി 25,000 കോടി രൂപയുടെ പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കുറേ കോടികൾ ജനങ്ങൾക്ക് കിട്ടിയിരുന്നു. ഒരു കോടിയും അവർക്ക് കൊടുത്തില്ലെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ വികസന ക്ഷേമപദ്ധതികൾക്കുള്ള കോടികളുടെ സമ്പത്തല്ല. പിന്നെ ഏത് കോടിയാണ്; യുഡി.എഫ്.-ന്റെ ദുർഭരണംകൊണ്ട് അന്നംമുട്ടി, മാനംകെട്ട് മരണത്തിലേയ്ക്ക് വലിച്ചെറിയപ്പെട്ട മനുഷ്യന്റെ ഡെഡ്ബോഡിയിൽ പുതച്ചിരുന്ന കോടിത്തുണിയായിരുന്നു യു.ഡി.എഫ്.-ന്റെ സംഭാവനയായ കോടി. അതെല്ലാം മാറി. ഭൂമിയും കൃഷിയും മനുഷ്യന്റെ മാനവും അഭിമാനവും കേരള ജനതയ്ക്ക് വീണ്ടെടുക്കുന്നതാണ് ഈ ധനകാര്യ പ്ലാനിംഗ് എന്ന് നിങ്ങളറിയണം. കാർഷിക മേഖലയുടെ അടങ്കൽ ചരിത്രത്തിൽ ആദ്യമായി 2,106 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. ഏത് പാറപ്പുറത്തും മണ്ണ് വാരിയിട്ട് നെല്ല് വിളയിക്കാൻ ഞങ്ങളുണ്ട് എന്നുപറയുന്ന പാലക്കാടൻ കർഷകരുടെ ആനന്ദ നൃത്തം കണ്ടാണ് ഞാൻ ഈ സഭയിൽ എത്തുന്നത്. കടുത്ത വരൾച്ചയിലും ആത്മവിശ്വാസത്തിന്റെ കൊടുമുടിയിൽ നെൽ കർഷകർ എത്തിയത് വെറുതെയല്ല. വരൾച്ച കാരണം കൃഷി ഇറക്കാത്ത കർഷകർക്ക് ഹെക്ടറിന് 6,000 രൂപ നൽകുമെന്ന് ഈ സഭയിൽ പ്രഖ്യാപിക്കാൻ ധൈര്യം നൽകുന്ന ധനകാര്യ മാനേജ്മെന്റിനെ രണ്ട് കയ്യും പൊക്കി ഞാൻ അംഗീകരിക്കുന്നു. എന്നാൽ പാലക്കാട് നിരവധി പഞ്ചായത്തുകളിൽ കൃഷി ഓഫീസർമാരില്ലെന്ന പരിമിതി അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്.

പച്ചനിറവും ഈ സഭയിൽ ഒരു ചർച്ചയാണല്ലോ. പച്ചനിറം മനുഷ്യ മനസ്സിന് നൽകുന്ന കുളിർമ്മയും ഉണർവ്വും മനോഹാരിതയുമെല്ലാം കോണിയിലൂടെ ഇറക്കി പാതാളത്തിലാഴ്ത്തിയ, കേരളത്തെ മരുഭൂമി സമാനമാക്കി മാറ്റിയ പ്രതിപക്ഷം കാണാനിരിക്കുന്നതേയുള്ളൂ. നിങ്ങൾ തകർത്ത് തരിപ്പണമാക്കിയ ഈ കേരളത്തെ ഞങ്ങൾ ഹരിതാഭമാക്കുകയാണ്. എന്റെ നാട് പാലക്കാടാണ്. അവിടെ മകര സംക്രാന്തിക്ക് ഒരു ആചാരമുണ്ട്. സംക്രാന്തിയുടെ തലേദിവസം സന്ധ്യാ സമയത്ത് സ്ത്രീകൾ കുറ്റിച്ചൂലും മുറവുമെടുത്ത് വീടിന്റെ അകവും പുറവുമെല്ലാം അടിച്ച് വൃത്തിയാക്കും. എല്ലാ ചപ്പും ചവറും പൊട്ടിയ മൺചട്ടിയിലോ കീറിയ മുറത്തിലോ എടുത്തിട്ട് കുറ്റിച്ചൂലും താളും മഞ്ഞളും പുരയിടത്തിന്റെ നാല് മൂലയിൽനിന്ന് കുറച്ച് മണ്ണും വാരിയിട്ട് അതിലൊരു തുണിത്തിരിയുംവച്ച് അതിൽ തീയും പിടിപ്പിച്ച് പടിപ്പുറത്തേയ്ക്ക് നടന്ന് നാലും കൂടിയ പെരുവഴിയിൽ എവിടെയെങ്കിലും കൊണ്ടിട്ട് പുറംതിരിഞ്ഞ് നോക്കാതെ തിരിച്ചുനടക്കുന്ന ആചാരത്തിനിടയിൽ അവർ വിളിച്ചു പറയും, " ചേട്ട പോ ശീപോതി വാ, ചേട്ട പോ ശീപോതി വാ" . ദുഷിച്ചതെല്ലാം പോ, ഐശ്വര്യം വാ. കെട്ടകാലം പോ, നല്ല കാലം വാ എന്നാണ് അവരുടെ പ്രാർത്ഥന. ഞാൻ കരുതിയത് ഇതിലൊന്നും കാര്യമില്ലെന്നായിരുന്നു. എന്നാൽ പാലക്കാട്ടുകാരുടെ ആചാരം കേരളമാകെ ഏറ്റെടുത്ത കാഴ്ചയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞാൻ കണ്ടത്. ജനങ്ങൾ യു.ഡി.എഫ്. എന്ന വൃത്തികേടുകളെ അടിച്ചുവാരി പുറമ്പോക്കിലേയ്ക്ക് വലിച്ചെറിഞ്ഞ് " യു.ഡി.എഫ് പോ, എൽ.ഡി.എഫ്. വാ" എന്നുപറഞ്ഞപ്പോഴുണ്ടായ മാറ്റവും ഇപ്പോഴുണ്ടാകുന്ന മുന്നേറ്റവും കാണുമ്പോൾ ഞാൻ എന്റെ നാട്ടുകാരുടെ ആചാരത്തിൽ വിശ്വസിക്കുന്നു. അവശേഷിക്കുന്ന മാലിന്യംകൂടി തൂത്തുവാരി കളയുന്നതിനാണ് ഹരിതകേരളം പദ്ധതിയിലെ ആദ്യത്തെ 127 കോടി രൂപ പ്രഖ്യാപിച്ചത്. ജനങ്ങളാകെ ശുചിത്വ ക്യാമ്പയിൻ ഏറ്റെടുത്തിരിക്കുകയാണ്. ഏത് മൂലയിൽ ഒളിഞ്ഞുകിടക്കുന്ന മാലിന്യവും അവർ കണ്ടെത്തും. അടിച്ചുവാരി നശിപ്പിക്കും. പ്രതിപക്ഷം സൂക്ഷിക്കുന്നതാണ് നല്ലത്. നാല് വർഷം പിന്നിടുമ്പോൾ ഒരു ചേട്ടയും ഈ കേരളത്തിൽ അവശേഷിക്കില്ല. ഐശ്വര്യത്തിന്റെ സമ്പൂർണ്ണ വേദിയായി കേരളം മാറുമ്പോൾ ഈ സഭയിലെ 141 സീറ്റിലും എൽ.ഡി.എഫ്. ആകുമെന്ന് നമുക്ക് ഉറപ്പിക്കാം. അതാണ് ഭാവി കേരളം. അന്നേയ്ക്ക് എല്ലാ നീർച്ചാലുകളും നിറഞ്ഞൊഴുകും. നമ്മുടെ സുഹൃത്ത് ശ്രീ. കോവൂർ കുഞ്ഞുമോന്റെ കല്യാണം നടന്നാലും ഇല്ലെങ്കിലും ശാസ്താംകോട്ട തടാകമുൾപ്പെടെ നിറഞ്ഞൊഴുകും എന്നുറപ്പിക്കുന്ന ബഡ്ജറ്റാണിത്. എം.ടി.-യുടെ 'മഞ്ഞ് ' എന്ന സിനിമയിൽ കണ്ട നൈനിറ്റാൾ തടാകംപോലെ എല്ലാ തടാകവും നിറഞ്ഞുകവിയുന്ന പദ്ധതിക്കാണ് ഈ സർക്കാർ തയ്യാറെടുക്കുന്നത്. കുളങ്ങൾ, അരുവികൾ, തോടുകൾ, കിണറുകൾ

എല്ലാം വീണ്ടെടുക്കുന്ന കേരളത്തിൽ മഴവെള്ള കൊയ്ത്തിനുവേണ്ടി മഴക്കുഴികൾ സാധ്യമാക്കാൻ പണത്തിന്റെ പെരുമഴയാണ് ധനകാര്യ ബില്ലുകളിലൂടെ കാണുന്നത്. കുടിവെള്ള പദ്ധതിക്ക് 1,058 കോടി രൂപ, വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി 413 കോടി രൂപ. ഇതിനുപുറമേ വിവിധ നദികളുടെയും ഡാമുകളുടെയും പുനരുജ്ജീവനത്തിന് നിരവധി കോടിയും നൽകിയ മാന്ത്രിക ധനകാര്യ മാനേജ്മെന്റ് കണ്ട് തൊണ്ടയിലെ വെള്ളം വറ്റിയ യു.ഡി.എഫ്. അംഗങ്ങൾക്ക് രണ്ട് ഗ്ലാസ് വെള്ളം ഏത് പ്രസംഗത്തിന് മുൻപും നൽകാൻ നിർദ്ദേശം നൽകണം. അല്ലെങ്കിൽ നാവ് പിഴച്ചുപോകും. പകർത്തി എഴുതാൻ കഴിയാതെ ഈ ഹാളിലെ ക്ലാർക്കുമാരെല്ലാം സമ്മേളന കാലത്ത് കൂട്ട ലീവെടുക്കുന്ന സ്ഥിതി വരും. അതുകൊണ്ട് വെള്ളം കൊടുക്കണം. കഴിഞ്ഞ അഞ്ച് വർഷക്കാലം ഒരാശ്വാസ വാക്കുപോലും പറയാൻ അര ഡോക്ടർ പോലുമില്ലാതിരുന്ന ആതുരാലയങ്ങളെ 'ആർദ്രം പദ്ധതി'യിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ധനനിർദ്ദേശങ്ങളെ എന്തിനാണ് പ്രതിപക്ഷം എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എൽ.ഡി.എഫ്. വന്നപ്പോൾ ഡോക്ടർ വന്നു. അവരുടെ ആത്മവിശ്വാസവും കൂടി.

ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ ഡോ. സഫ്രാദ്, മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ച വാർത്ത കണ്ടില്ലേ? യു.ഡി.എഫ്. ഭരിക്കുമ്പോൾ എന്ത് ശസ്ത്രക്രിയയാണ് നടന്നത്; ബോർഡ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയാണ് അന്ന് നടന്നത്. പി.എച്ച്.സി മാറ്റി സി.എച്ച്.സി-യും, അത് മാറ്റി താലൂക്ക് ആശുപത്രി എന്ന ബോർഡുമാക്കി, അടുത്തയാഴ്ച ജില്ലാ ആശുപത്രി എന്നാക്കി. അവസാനവർഷം എല്ലായിടത്തും മെഡിക്കൽ കോളേജിന്റെ ഫ്ലക്സ് ബോർഡ് തൂക്കി നാടുവിട്ട യു.ഡി.എഫ്.-കാരെത്തേടി അന്ന് ചികിത്സ കിട്ടാതെ മരിച്ചവരുടെ പ്രേതങ്ങൾ രാപ്പകൽ സമരത്തിന് വരുന്നുണ്ടെന്ന വാർത്ത നമ്മൾ കേൾക്കാൻ പോവുകയാണ്. ജീവിതശൈലീ രോഗങ്ങളുടെ മരുന്നുകൾ സൗജന്യമായി നൽകുമെന്ന് ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്, എന്നാൽ ജീവിതശൈലി രോഗങ്ങൾ മാറ്റാൻ സഹായിക്കുന്ന ചികിത്സയെ നമ്മൾ പ്രോത്സാഹിപ്പിക്കണം. പരമ്പരാഗത നാട്ടുചികിത്സാ ധാരകളിലൊന്നായ പ്രകൃതിചികിത്സ കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിക്കാൻ ഫണ്ട് നൽകണമെന്നും എന്റെ മണ്ഡലത്തിൽ ഒരു പ്രകൃതിചികിത്സാ കേന്ദ്രം ആരംഭിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. വർക്കലയിലുള്ള നാച്യുറോപ്പതി ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയാൽ അതൊരു പ്രകൃതിചികിത്സാ പഠനകേന്ദ്രമായി മാറ്റാൻ നമുക്ക് കഴിയും. എന്റെ വീട് ആലത്തൂർ വീഴുമലയുടെ താഴ്വാരത്തിലാണ്. ആ മലയ്ക്ക് ഒരു ഐതിഹ്യമുണ്ട്, യുദ്ധത്തിൽ പരിക്കേറ്റ ലക്ഷ്മണനെ രക്ഷിക്കാൻ മൃതസഞ്ജീവനി തേടിപ്പോയ

ഹനുമാൻ, മൃതസഞ്ജീവനിച്ചെടി ഏതെന്ന് തിരിച്ചറിയാൻ കഴിയാതെ വന്നപ്പോൾ മരുത്വാമല പിഴുതെടുത്ത് ആകാശ മാർഗ്ഗം പറന്നു വരുമ്പോൾ അടർന്നുവീണ ഒരു കഷണമാണ് വീഴുമല എന്നാണ് നാട്ടിലെ ഐതിഹ്യം. ഇപ്പോൾ നമ്മൾ കേൾക്കുകയാണ്, ഉത്തരാഖണ്ഡിലെ ചൈനീസ് അതിർത്തിക്കടുത്തുള്ള ഹിമാലയ മലനിരയിലെ ദ്രോണഗിരിയിൽ മൃതസഞ്ജീവനി എന്ന അത്ഭുത ചെടി കണ്ടെത്തുന്നതിന് പ്രത്യേക ടീമിനെ കേന്ദ്രം നിയോഗിച്ചിരിക്കുന്നുവെന്ന്. എൽ.ഡി.എഫ് സർക്കാരിന്റെ ബഡ്ജറ്റ് മൃതസഞ്ജീവനി പോലെ കേരളീയ പൊതുസമൂഹത്തിന് ജീവൻ നൽകുന്നത് കാണാൻ ഞാൻ അവരെ കേരളത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. മരണപ്പെട്ടെന്ന് കരുതുന്നവരെപ്പോലും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ ശേഷിയുള്ള മൃതസഞ്ജീവനി ചെടികൾ നിറഞ്ഞ മലയാകെ ഉരുക്കിയെടുത്ത് നിറച്ചുവച്ച ഈ ബഡ്ജറ്റിലെ എല്ലാ നിർദ്ദേശങ്ങളുടെയും നിർവ്വഹണത്തിനുവേണ്ടി എല്ലാ ധനനിർദ്ദേശങ്ങളേയും ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. 21-05-2017-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഒരു പത്രസമ്മേളനം നടത്തി. ആ പത്രസമ്മേളനത്തിൽ അദ്ദേഹം സർക്കാരിനെതിരെ ഒരു കുറ്റാരോപണ പത്രം സമർപ്പിച്ചു. ആ കുറ്റാരോപണ പത്രത്തിൽ പ്രധാനമായും 65 കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഭൂരിപക്ഷം മാധ്യമങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ പ്രതിപക്ഷനേതാവിന്റെ പത്രസമ്മേളനത്തെ കണ്ടില്ല. പിണറായി സർക്കാരിന്റെ മുഖമുദ്ര ധാർഷ്ട്യവും അഹങ്കാരവുമാണ് എന്നുപറഞ്ഞാണ് പത്രസമ്മേളനത്തിന്റെ പൊതുവായ ആശയം പത്രക്കാർക്ക് മുന്നിൽ അവതരിപ്പിച്ചത്. ഇന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചപ്പോൾ ഏതാണ്ടെല്ലാവരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒറ്റ തിരിഞ്ഞ് ആക്രമിക്കുന്നതിനുള്ള മികച്ച ശ്രമം നടത്തിയിട്ടുണ്ട്. പ്രതിപക്ഷനേതാവ് എന്ത് കാര്യമാണ് കുറ്റപത്രത്തിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത് എന്നറിയാൻ അതിന്റെ കോപ്പി സംഘടിപ്പിച്ചപ്പോഴാണ് അദ്ദേഹം പറഞ്ഞിട്ടുള്ള രസകരമായ ഒട്ടനവധി കാര്യങ്ങൾ കാണാൻ കഴിഞ്ഞത്. അതിൽ 65-ാമത്തേത് ധൂർത്തും അനാവശ്യ ചെലവുകളും - 1957-ലെ ഇ.എം.എസ് മന്ത്രിസഭയുടെ ചെലവുകളെ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നത്. അന്നത്തെ സത്യപ്രതിജ്ഞാ ചെലവ് 4394 രൂപയായിരുന്നു. 2016-ലെ ഇടതു സർക്കാരിന്റെ സത്യപ്രതിജ്ഞാ ചെലവ് പരസ്യം കൂടാതെ 35,52,894 രൂപയാണ്, പരസ്യം ഉൾപ്പെടെ ആകെ ചെലവ് 1.75 കോടി രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. 1957-ലെ ഇ. എം. എസ്. മന്ത്രിസഭയുടെ കാലത്ത് ഒരു പുരുഷൻ പണിയെടുത്താൽ കിട്ടുന്നത് 12 അണ അഥവാ 75 പൈസയാണ്. ഇന്ന് ഒരു പുരുഷൻ പണിയെടുത്താൽ

കിട്ടുന്നത് 750 രൂപയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ, അന്നത്തെ കാലഘട്ടവും ഈ കാലഘട്ടവും തമ്മിലുള്ള അന്തരം ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടി മാത്രമാണ് ഈ കണക്കുകൾ ഇവിടെ പറഞ്ഞത്. കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ള ഒന്നാമത്തെ ആരോപണം അന്നം മുടക്കി - ദശാബ്ദങ്ങളായി കേരളത്തിൽ മുടങ്ങാതെ നടന്നിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷൻ വിതരണം മുടക്കി എന്നാണ്. എത്രയോ തെറ്റായ കാര്യമാണത്. ആരാണ് അന്നം മുടക്കിയത്? അന്നം മുടക്കിയത് ഞങ്ങളാരുമല്ല, അന്നം മുടക്കിയ ആൾ അദ്ദേഹത്തോടൊപ്പമുണ്ട്. യു.ഡി.എഫ് ഭരണകാലത്തുണ്ടായ പിടിപ്പുകേടും കെടുകാര്യസ്ഥതയും അഴിമതിയുമാണ് അന്നം മുടക്കുന്നതിന് കാരണമായിട്ടുള്ളത്. ആ കാലഘട്ടത്തിൽ ഉണർന്നുപ്രവർത്തിക്കേണ്ട ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ ഉത്തരവാദിത്തം നിർവ്വഹിക്കാതിരുന്നതിനുശേഷം ഈ കുറ്റപത്രം സമർപ്പിച്ചത് അദ്ദേഹം അദ്ദേഹത്തിനെതിരെ സമർപ്പിക്കുന്ന ഒരു കുറ്റപത്രമായി മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ.

അധികാരമേറ്റ് ഒരു വർഷം കഴിഞ്ഞിട്ടും റേഷൻ മുൻഗണനാ പട്ടികയിലെ തെറ്റ് തിരുത്താനോ റേഷൻ കാർഡ് വിതരണം ചെയ്യാനോ കഴിഞ്ഞില്ല എന്നതാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ ആരോപണം. അതിനുള്ള മറുപടി ഈ സഭയിൽ ബഹുമാന്യനായ ഭക്ഷ്യ വകുപ്പുമന്ത്രി പി. തിലോത്തമൻ പറഞ്ഞു.

ചരിത്രത്തിലാദ്യമായി അരി വില കിലോയ്ക്ക് 50 രൂപ കടന്നപ്പോൾ ഒന്നും ചെയ്യാതെ നോക്കിനിന്നു എന്നതാണ് അടുത്ത ആരോപണം. അരിക്കടകൾ തുറന്നതടക്കം മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ചെയ്തു. പൊതു മാർക്കറ്റിൽ ഇടപെടുകയും അതോടൊപ്പം ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുകയും ചെയ്ത ഒരു ഗവൺമെന്റിനെതിരെ കൊണ്ടുവരുന്ന ബാലിശമായ ഒരു ആരോപണമായി മാത്രമേ നമുക്കതിനെ കാണാൻ കഴിയൂ.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത ജോലികളെല്ലാം നിർലജ്ജം ബന്ധുക്കൾക്ക് പതിച്ചു നൽകി - എന്തൊരു ബാലിശമായ ആരോപണമാണ് ഇത്; ഇങ്ങനെയോണാ കുറ്റപത്രം സമർപ്പിക്കേണ്ടത്? ഇദ്ദേഹത്തിന് പറയാൻ കാര്യങ്ങളൊന്നുമില്ലായിരുന്നുവെങ്കിൽ ആരോടെങ്കിലും ചോദിച്ചാൽ എത്രയോ നല്ല പോയിന്റുകൾ കിട്ടുമായിരുന്നു. ബന്ധു നിയമനത്തിൽ പിടിക്കപ്പെട്ടപ്പോൾ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട ഇ. പി. ജയരാജന്റെ ബന്ധുക്കളെ മാത്രം ഒഴിവാക്കി മറ്റ് ബന്ധുക്കൾ നിർബാധം തുടരുന്നു എന്ന് പറഞ്ഞിരിക്കുന്നു. ഇ.പി ജയരാജനോട് എന്തൊരു സ്നേഹം! അദ്ദേഹത്തെ ഇങ്ങനെ വല്ലാതെ സ്നേഹിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞത് ഞങ്ങൾക്ക് മനസ്സിലായി. പക്ഷേ നിങ്ങളുടെ പാർട്ടി സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രന് അത് ബോധ്യപ്പെട്ടിട്ടില്ലല്ലോ! ഇതിനേക്കാൾ വലിയ കുറ്റപത്രം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും വരികയാണ്. ഞങ്ങൾ പറഞ്ഞതിനും എത്രയോ അപ്പുറത്താണ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞിരിക്കുന്നത്. അതിനുള്ള മറുപടി കൂടി പറഞ്ഞാൽ ഉപകാരമായിരുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കഴിഞ്ഞ പ്രാവശ്യം ശ്രീ. അനൂപ് ജേക്കബ് കുഴപ്പം കാണിച്ചപ്പോൾ നിങ്ങളടക്കമുള്ള ആളുകൾ മിണ്ടാതിരുന്നില്ലേ; ഓരോ വകുപ്പിലേയും മന്ത്രിമാർ കയ്യിട്ട് വാരിയപ്പോൾ നിങ്ങൾ മിണ്ടാതിരുന്നതുകൊണ്ടാണ് ഓരോരുത്തർക്കും കോടതി കയറിയിറങ്ങേണ്ട സാഹചര്യമുണ്ടായത്. പറയേണ്ട സമയത്ത് പറയേണ്ട കാര്യങ്ങൾ പറഞ്ഞുതന്നെ പോകണം. അത് പറയുന്നതുകൊണ്ട് മറ്റ് കുഴപ്പങ്ങളൊന്നും ഉണ്ടാകില്ല. ഇപ്പോൾ അങ്ങ് ചോദിച്ചത് നല്ല ഉദ്ദേശ്യത്തോടെ അല്ലെന്നും എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തി ബാലിശമായ ആരോപണങ്ങൾ എന്നെക്കൊണ്ട് വായിപ്പിക്കരുതെന്നുള്ള ഉദ്ദേശ്യം ഉള്ളതുകൊണ്ടും പ്രതിപക്ഷനേതാവിനെ സംരക്ഷിക്കേണ്ടത് അങ്ങയുടെ ആവശ്യമായതുകൊണ്ടും ഞാൻ ഇത് വായിക്കുന്നില്ല. പക്ഷേ ഈ സാധനം അർഹിക്കുന്ന അവജ്ഞയോടുകൂടി പത്രക്കാർ തള്ളിക്കളഞ്ഞു. മുഖസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണോ ഒരാളുടെ പ്രവർത്തനം വിലയിരുത്തേണ്ടത്? പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സുന്ദരനാണ്. നാളെ അദ്ദേഹം വലിയ പൊസിഷനിലെത്തിയാൽ അദ്ദേഹമാണ് പ്രഗത്ഭനായ ഭരണാധികാരി എന്നുപറയാൻ പറ്റുമോ? ഒരാളെ വിലയിരുത്തേണ്ടത് മുഖസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ഇന്നലത്തെ പട്ടയ മേളയുടെ കാര്യം ഏറ്റവും വിഷമിപ്പിക്കുന്നതാണ്. നിങ്ങൾ കഴിഞ്ഞ വർഷം പട്ടയ വിതരണം നടത്തിയപ്പോൾ ഞങ്ങളെല്ലാം സഹകരിച്ചതാണ്. 5500 പേർക്ക് പട്ടയം കൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ഒരു ലക്ഷം പട്ടയം കൊടുത്താൽ ഒരു പവന്റെ സ്വർണ്ണമോതിരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് തരുമെന്ന വാഗ്ദാനം നടത്തിയ യോഗത്തിൽ പങ്കെടുത്തയാളാണ് ഞാൻ. അങ്ങ് ആ സ്വർണ്ണമോതിരം വാങ്ങിക്കുമെന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ സ്വർണ്ണമോതിരം വാങ്ങിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ മാക്സിമം ചെയ്തു. റവന്യൂ വകുപ്പുമന്ത്രിയായിരുന്നത് വളരെ ചുരുങ്ങിയ കാലമാണ്.

2.00 PM]

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ ശരിയാണ്. കാര്യങ്ങൾ ചെയ്യണമെന്ന് അങ്ങ് വളരെ ആത്മാർത്ഥതയോടെ ആഗ്രഹിച്ചിരുന്നു. അങ്ങനെ പട്ടയ നടപടിയുമായി മുന്നോട്ടുപോയപ്പോൾ അങ്ങയെ മാറ്റി പുതിയ ആളെ വച്ചു, അതെന്തിനാണെന്നാണ് ഞങ്ങളുടെ ചോദ്യം. ഒരു ലക്ഷം പട്ടയം കൊടുത്ത് സ്വർണ്ണമോതിരം വാങ്ങാനുള്ള അവസരം നഷ്ടപ്പെടുത്തി എന്നുള്ള വിഷയം തന്നെയാണ് ഞങ്ങൾ പറയുന്നത്. അങ്ങേയ്ക്ക് തുടരാൻ അവസരം തന്നിരുന്നെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ കയ്യിൽനിന്നും അങ്ങ് ഉറപ്പായും ആ സ്വർണ്ണമോതിരം വാങ്ങുമായിരുന്നു, എനിക്കുകൂടി അത് കാണാനുള്ള ഭാഗ്യമുണ്ടാകുമായിരുന്നു.

ഈ ഗവൺമെന്റ് വന്നിട്ട് ഒരു വർഷമായി, 5500 പട്ടയങ്ങൾ നൽകി. ഇടുക്കിയിൽ പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് അവിടെയുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അങ്ങേയ്ക്ക് നന്നായറിയാം. അങ്ങ് മൂന്നാറിൽ ഏറുമാടത്തിൽ കയറി താഴെ ഇറങ്ങി വരുന്ന ഒരു സീനുണ്ടല്ലോ, സത്യം പറഞ്ഞാൽ ഞാൻ ഏറ്റവും കൂടുതൽ പേടിച്ചുപോയ രംഗമാണത്, ഞാൻ കയറിയില്ല. ഭൂമി ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങ് ഏറുമാടത്തിൽ കയറി ഇറങ്ങുമ്പോൾ അങ്ങയുടെ കാലൊന്ന് ചെറുതായി വിറച്ചോ, ഇതിനുമുകളിൽ നിന്ന് താഴേയ്ക്കെങ്ങാനും വീണാൽ സംഗതി ആകെ കുഴപ്പമാകുമല്ലോ എന്ന് ഓർത്ത് സത്യത്തിൽ പേടി തോന്നി.

ഇപ്പോഴത്തെ മന്ത്രി ഏറുമാടത്തിന്റെ മണ്ടയിലൊന്നും കയറിയില്ല, സെക്രട്ടേറിയറ്റിൽ അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുകയാണ്, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അവിടെ നടപടി ആരംഭിച്ചിട്ടുണ്ട്. ഏറുമാടത്തിന്റെ മണ്ടയിൽ കയറിയില്ലെങ്കിലും ഇച്ഛാശക്തിയുള്ളവരുണ്ടെങ്കിൽ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിയും. ഒരു ഗവൺമെന്റ് കയ്യേറ്റക്കാർക്കെതിരാണെന്ന് തോന്നിയാൽ അവർ അനങ്ങില്ല.

വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ഒഴിപ്പിക്കൽ നടപടി വളരെ ഭംഗിയായി തുടങ്ങിവച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവസരം ഇല്ലാതെ അദ്ദേഹത്തിന് എന്ത് ചെയ്യാൻ സാധിക്കും? അദ്ദേഹം ഏറുമാടത്തിൽ കയറിയശേഷം താഴെ ഇറങ്ങിയപ്പോൾ ബന്ധപ്പെട്ട ആളുകൾ ഇദ്ദേഹത്തിന്റെ കയറ്റം അത്ര ശരിയല്ലെന്നും, ഇങ്ങനെ പോയാൽ പലരും ഇവിടെ നിന്ന് ഇറങ്ങി പോകേണ്ട സാഹചര്യമുണ്ടാകുമെന്നും പറഞ്ഞു. അതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഒഴിവാക്കി ഞങ്ങൾക്ക് സംരക്ഷണം തരുന്ന ഒരാളെ വയ്ക്കണമെന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പാവം തിരുവഞ്ചൂർ രാധാകൃഷ്ണനെ മാറ്റി പുതിയ ആളെ കൊണ്ടുവന്ന് കയ്യേറ്റക്കാരുടെ സംരക്ഷകനാക്കിയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എന്നെ ഇങ്ങനെ പൊക്കി വെളിയിൽ ഇടരുത്. ...........(മൈക്ക് ഓഫ്)...........

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലെയുള്ള ഒരാളെ ഒരിക്കലും അങ്ങനെ ചെയ്യില്ല. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ കയ്യേറ്റക്കാരുടെ പേരിൽ നടപടിയുണ്ടാകും, പട്ടയം കൊടുക്കും തുടങ്ങിയ കാര്യങ്ങളിൽ ഞങ്ങൾക്ക് വലിയ പ്രതീക്ഷ ഉണ്ടായിരുന്നു. 27-04-2017-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗവുമായി ബന്ധപ്പെട്ട് ഒരു അടിയന്തര പ്രമേയം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പി. ടി. തോമസ് കൊണ്ടുവന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്ത്, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷമുള്ള രണ്ടാമത്തെ ആഴ്ചയിൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ വിളിച്ചുകൂട്ടിയ സർവ്വകക്ഷി യോഗത്തിൽ ഞങ്ങളെല്ലാവരും പങ്കെടുക്കുകയുണ്ടായി. എല്ലാ ആവശ്യങ്ങൾക്കും ഒരു മാജിക്കുകാരനെപ്പോലെ പരിഹാരമുണ്ടാക്കി നൽകാമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. പത്ത് ചെയിനിൽ അടക്കം പട്ടയം നൽകാമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. എന്നാൽ പത്ത് ചെയിനിൽ ഒരാൾക്ക് പോലും പട്ടയം കൊടുക്കാൻ സാധിച്ചില്ല. അവിടത്തെ ഇഷ്യൂസ് അത്രമാത്രം ഗുരുതരമാണ്. അതിന്റെ കാരണം ഇന്നോ, ഇന്നലെയോ ആരംഭിച്ചതല്ല. കേരള സംസ്ഥാനം രൂപീകൃതമായ കാലത്തോളം ആ വിഷയങ്ങൾക്ക് പഴക്കവുമുണ്ട്. ഒരു ചെയിൻ എന്നുപറഞ്ഞാൽ 20 മീറ്ററാണ്. ഇപ്പോൾ പത്ത് ചെയിൻ ഒരു ചെയിൻ ആക്കിയും രണ്ട് ചെയിൻ ആക്കിയും മൂന്ന് ചെയിൻ ആക്കിയും പട്ടയം കൊടുത്താൽ 60 മീറ്റർ അപ്പുറമുള്ള, മലമുകളിൽ താമസിക്കുന്ന ആളുകൾക്ക് മാത്രമേ പട്ടയം കിട്ടുകയുള്ളൂ എന്ന് ഞാൻ ഇന്നലെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് പറഞ്ഞു. ഒരു ചെയിനിലും രണ്ട് ചെയിനിലും മൂന്ന് ചെയിനിലുമൊക്കെയാണ് ബഹുഭൂരിപക്ഷം ആളുകൾ താമസിക്കുന്നത്. പന്തീരായിരത്തിലധികം ആളുകൾ അവിടെ താമസിക്കുന്നുണ്ട്. കെ. എസ്. ഇ. ബി.-ക്ക് ആ സ്ഥലം വേണമെങ്കിൽ ഏറ്റെടുത്തശേഷം ഇവർക്ക് കോമ്പൻസേഷൻ കൊടുത്ത് ഒഴിപ്പിച്ചാൽ മതി. ഈ സ്ഥലം കെ.എസ്.ഇ.ബി.-ക്ക് വേണമെന്ന് പറഞ്ഞ് എടുക്കുകയും അവർക്ക് കോമ്പൻസേഷൻ കൊടുക്കാതിരിക്കുകയും പിന്നീട് ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശം എന്ന പേരിൽ നിലനിൽക്കുകയും ചെയ്യുന്ന ഈ ഭൂമിക്ക് പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യാണ് തീരുമാനമെടുക്കേണ്ടത്. അന്ന് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദാണ് അന്നത്തെ യോഗത്തിൽ ഒബ്ജക്ഷൻ പറഞ്ഞത്. എന്നാൽ 27-4-2017-ൽ ഇതേ വിഷയം സംബന്ധിച്ച് സഖാവ് പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ

തീരുമാനമെടുത്തപ്പോൾ അത് മുഴുവനും ചെയ്യാൻ പാടില്ല എന്നായിരുന്നു തീരുമാനമെടുത്തത്. അങ്ങ് വനം വകുപ്പുമന്ത്രി ആയിരുന്നപ്പോൾ നീലക്കുറിഞ്ഞി സാങ്ച്വറിയുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ തെറ്റായി ഉൾപ്പെട്ടുപോയ കൃഷിക്കാരെ ഒഴിവാക്കണം എന്ന് തീരുമാനമെടുത്തതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നീലക്കുറിഞ്ഞി സാങ്ച്വറി മേഖലയെ നാഷണൽ പാർക്ക് ആക്കി മാറ്റി എന്നുള്ളതാണ് ഇതിലെ പ്രധാന പ്രശ്നം. അത് താങ്കളുടെ പാർട്ടിയിലെ നേതാവായിരുന്ന ശ്രീ. ബിനോയ് വിശ്വമാണ്. അതിന്റെ അതിർത്തിയും എല്ലുകയും കൃത്യതയോടുകൂടി വന്നതുകൊണ്ട് ഗവൺമെന്റ് നോട്ടിഫിക്കേഷനിലാണ് അങ്ങനെ മാറിയത്. ഡീ-നോട്ടിഫൈ ചെയ്യാൻ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. അത് ലഭിക്കുമോ എന്നുള്ളത് ഇപ്പോഴും സംശയമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ അതാണ് പറഞ്ഞുവന്നത്. ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ രണ്ട് ഗവൺമെന്റുകളുടെയും കാലത്ത് എടുത്ത തീരുമാനമാണ് നീലക്കുറിഞ്ഞി സാങ്ച്വറി നോട്ടിഫിക്കേഷന്റെ ഭാഗമായി ഉൾപ്പെട്ടുപോയ ആളുകളെ ഒഴിവാക്കി, അവരുടെ ഭൂമി മാറ്റിക്കൊടുത്ത്, അവർക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കണമെന്നുള്ളത്. അതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിനെതിരായിട്ടാണ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നത്. അന്ന് ഞാൻ എഴുന്നേറ്റെങ്കിലും എനിക്ക് അവസരം കിട്ടിയില്ല, പിന്നീട് അവസരം കിട്ടുമ്പോൾ അതുസംബന്ധിച്ച് പറയാം എന്നാണ് കരുതിയത്. ഭരണ-പ്രതിപക്ഷവുമായി അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കുന്നതിനപ്പുറം, ഇന്നലത്തെ പട്ടയമേളയിൽ പ്രതിപക്ഷനേതാവും ബന്ധപ്പെട്ട ആളുകളും സഹകരിച്ചിരുന്നെങ്കിൽ വളരെ എളുപ്പത്തിൽ ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമായിരുന്നു. പ്രതിപക്ഷം വന്നില്ലെന്ന് മാത്രമല്ല, അവർ ആ പട്ടയമേള ബഹിഷ്കരിക്കുന്ന സാഹചര്യമാണുണ്ടായത്. പ്രതിപക്ഷമാണ് എന്നുള്ളതുകൊണ്ട് എന്തു നല്ല കാര്യം ഭരണപക്ഷം ചെയ്താലും അതിനോടെല്ലാം വിയോജിപ്പ് പ്രകടിപ്പിക്കണമെന്ന നിലപാട് ശരിയല്ല. ഡോ. ടി. എം. തോമസ് ഐസക്കിന് എതിരെയുള്ള ആരോപണമെന്താണ്? അദ്ദേഹം ട്രഷറി പൂട്ടിയില്ല; ശമ്പളം കൃത്യമായി കൊടുക്കുന്നു; പെൻഷൻകാരുടെ കുടിശ്ശിക കൊടുത്തു. ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് സംസാരിച്ചപ്പോൾ രണ്ട് കാര്യങ്ങളാണ് പ്രധാനമായും ചൂണ്ടിക്കാണിച്ചത്. ഈ ഗവൺമെന്റിനെതിരെ എന്തെങ്കിലും ശക്തമായ അഴിമതിയാരോപണങ്ങൾ കൊണ്ടുവരുമെന്നാണ് ഞാൻ

വിചാരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഒരു വർഷം ആഘോഷിക്കുമ്പോൾ അഴിമതിയിൽ മുങ്ങിക്കുളിച്ച് മന്ത്രിമാർക്ക് പുറത്തിറങ്ങാൻ കഴിയാത്തവിധം ആരോപണങ്ങൾ കൊണ്ട്, അവർ ഉണ്ടാക്കിവച്ച വിന അവരുടെ നേരെ തന്നെ തിരിച്ചടിക്കുന്ന സാഹചര്യങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തൊഴിലുറപ്പ് പദ്ധതിയിലെ കാശ് കൊടുക്കണം, ക്ഷേമ പെൻഷനുകൾ കൊടുക്കണമെന്ന രണ്ട് ആവശ്യങ്ങൾ മാത്രം ഉന്നയിച്ച് ചർച്ച അവസാനിപ്പിക്കുന്ന സാഹചര്യമാണുണ്ടായത്. എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല. കാര്യക്ഷമതയോടുകൂടി ധനകാര്യ വകുപ്പ് മുന്നോട്ടുകൊണ്ടുപോകുന്നതിൽ പ്രിയപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കാണിക്കുന്ന മിടുക്കിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടി ഈ സംസ്ഥാനത്തിന്റെ ധനകാര്യം കൈകാര്യം ചെയ്യുന്നതിലുള്ള അദ്ദേഹത്തിനുള്ള പ്രാഗത്ഭ്യം എടുത്തുപറയേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിലും സ്പെഷ്യൽ മീറ്റിംഗിലും ജി.എസ്.ടി. കേരളത്തിന്റെ സമ്പദ്ഘടയിൽ വലിയ മുന്നേറ്റമുണ്ടാക്കുമെന്ന് പറഞ്ഞുവെങ്കിൽ ഇപ്പോൾ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ജി.എസ്.ടി. വരുമ്പോൾ ഉണ്ടാകുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറയുമെന്ന് പ്രതീക്ഷിക്കുകയാണ്. നമുക്ക് കഴിഞ്ഞ വർഷം ടാർജറ്റ് ചെയ്ത വളർച്ചയിലേയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എ.ജി.യുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ള ഒട്ടനവധി വിഷയങ്ങളുണ്ട്, അതൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാമ്പത്തിക തട്ടിപ്പ് എന്ന പേരിൽ സി.&എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളാണ്. അതൊന്നും ആവർത്തിക്കുന്നതിന് ഈ സമയം ഉപയോഗിക്കുന്നില്ല. നമ്മൾ ലക്ഷ്യം വയ്ക്കുന്ന സാമ്പത്തിക വളർച്ചയിലേയ്ക്ക് എത്തിച്ചേരുന്നതിന് എന്താണ് തടസ്സമായി നിൽക്കുന്നത് എന്ന വസ്തുത കൂടി ഈ അവസരത്തിൽ അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്തും വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തും ഒ.ഡി.ആർ. (അദർ ഡിസ്ട്രിക്ട് റോഡ്) എം.ഡി.ആർ.(മേജർ ഡിസ്ട്രിക് റോഡ്) ആക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി തവണ നോട്ടിഫിക്കേഷൻസ് ഇറങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നിട്ട് ഒരു വർഷമാകാൻ പോകുകയാണ്. ഇതിനിടയിൽ ഒ.ഡി.ആർ.-മായി ബന്ധപ്പെട്ട് ഗസറ്റ് നോട്ടിഫിക്കേഷനടക്കം പഞ്ചായത്ത് റോഡ് പി.ഡബ്ല്യൂ.ഡി. എം.ഡി.ആർ.

ആക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾ സമ്മതിച്ച റോഡുകളുടെ എസ്റ്റിമേറ്റുകൾ ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. എന്റെ മണ്ഡലത്തിലെ റോഡിന് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മുന്നിലെത്തുകയും ചെയ്തു. ഇന്ന് ഒരു പ്രത്യേക യോഗം വിളിച്ചുചേർത്ത് അത് നൽകാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം പറഞ്ഞു. 12 ആദിവാസിക്കുടികളാണ് അവിടെയുള്ളത്. 8 മീറ്ററിലധികം വീതിയുള്ള, ആദിവാസികൾ മാത്രം താമസിക്കുന്ന സെറ്റിൽമെന്റാണത്. രണ്ടായിരത്തിലധികം ആദിവാസികൾ താമസിക്കുന്ന ഒരു പ്രത്യേക ആദിവാസി സെറ്റിൽമെന്റ് ഏരിയയാണ്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, ഈ നിയമസഭയിലെ 20-25 ഓളം മെമ്പർമാരുടെ മണ്ഡലങ്ങളിലെ റോഡുകളുടെ പണി പെന്റിംഗിലാണ്. അങ്ങ് മാനദണ്ഡങ്ങൾക്ക് വിധേയമായി പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് റോഡുകൾ ഏറ്റെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. രണ്ടുവർഷത്തിനകത്ത് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെയും ഏറെ നീണ്ടുപോകുന്ന സാഹചര്യമുണ്ടാകും. ഒ.ഡി.ആർ.കളെ കൂടി എം.ഡി.ആർ. ആയി പ്രഖ്യാപിച്ച് പി.ഡബ്ല്യു.ഡി.-യെ കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ ഈ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിന് 1.32 കോടി രൂപ മാത്രമേ ചെലവായിട്ടുള്ളൂ എന്ന് സമാധാനിക്കുകയാണ്. 1957-ൽ നിന്നും 2017 ആകുമ്പോഴേയ്ക്കും സ്വാഭാവികമായി 4,250 രൂപയിൽ നിന്നും 1.37 കോടി രൂപ എന്നുള്ളത് വളരെ കമ്മി ആണെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോളുടെ അഭിപ്രായം. ഇ.എം.എസ്.-ൽ നിന്നും സ്വാഭാവികമായും ശ്രീ. പിണറായി വിജയനിലേയ്ക്കുള്ള ദൂരം കുറച്ചധികമാണെന്നുള്ളതുകൊണ്ട് അത് വലിയ ഒരു വ്യത്യാസമായി നിങ്ങൾക്ക് കാണാൻ കഴിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതിനെ ധനകാര്യ ബിൽ എന്ന പേര് കൊടുക്കാൻ കഴിയില്ല. ഇതിനെ വേണമെങ്കിൽ ആംനെസ്റ്റി ബിൽ എന്നുപറയാം. രാജ്യത്തും സംസ്ഥാനത്തും ധനകാര്യ ബില്ലുകളെക്കുറിച്ചും മറ്റ് ബില്ലുകളെക്കുറിച്ചും ഒരു സങ്കൽപ്പമുണ്ട്. അതിന് ഭരണഘടനയിൽ കൃത്യമായ ഒരു ഗൈഡ്‌ലൈനുണ്ട്. മണി ബില്ലാണെങ്കിൽ സാധാരണഗതിയിൽ അതിൽ ഒരു ടാക്സ് ഇംമ്പോസിഷൻ വേണം, അല്ലെങ്കിൽ അബോളിഷ് ചെയ്യണം, അല്ലെങ്കിൽ റെമിഷൻ വേണം, അല്ലെങ്കിൽ ആൾട്ടറേഷൻ വേണം, അല്ലെങ്കിൽ റെഗുലേഷൻ വേണം; ഇവിടെ

അതൊന്നുമുണ്ടായിട്ടില്ല. ഇവിടെ കുറച്ച് ആംനെസ്റ്റി മാത്രമാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഇതിനെ ആംനെസ്റ്റി ബിൽ എന്നല്ലാതെ ധനകാര്യ ബിൽ എന്ന് എങ്ങനെയാണ് പറയുന്നത്? ജി.എസ്.ടി നിയമം നിലവിൽ വരാൻ പോകുന്നതോടുകൂടി കേരളത്തിൽ ജനറൽ സെയിൽ ടാക്സ് ആക്ട്, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്ട്, കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട് തുടങ്ങിയ നിയമങ്ങൾ അനുസരിച്ച് ചുമത്തിയിരുന്ന നികുതികൾക്ക് ഇളവ് നൽകി ഒഴിവാക്കുകയാണ് ചെയ്യുന്നത്. സ്വാഭാവികമായും ടാക്സ് ഒഴിവാകുമെങ്കിൽ ഇപ്പോൾതന്നെ അത് ഒഴിവാക്കേണ്ട ആവശ്യമുണ്ടോ? ഇത്ര ധൃതിയിൽ ഇങ്ങനെ ഒരു ബില്ലുകൊണ്ടുവന്നതുകൊണ്ട് എന്ത് കാര്യമാണുള്ളത്. ഈ ധനകാര്യ ബില്ലുകൊണ്ട് സംസ്ഥാനത്തെ എക്സ്ചെക്കറിന് വല്ല ലാഭവും കിട്ടുന്നുണ്ടോ, അതല്ലെങ്കിൽ സംസ്ഥാനത്തെ സാധാരണക്കാരായ ആളുകൾക്ക് വല്ല ഗുണവുമുണ്ടോ, അവർക്ക് ഇതുകൊണ്ട് ഒരു ഫലവും കിട്ടുന്നില്ല. ഗവൺമെന്റിനും സാധാരണക്കാരായ ജനങ്ങൾക്കും പ്രയോജനമില്ലാത്ത ഒരു ബിൽ കൊണ്ടുവന്നതുകൊണ്ട് എന്ത് കാര്യമാണുള്ളത്? നിയമപരമായും പരമ്പരാഗതവുമായിട്ടുള്ള ബഡ്ജറ്റിന്റെയും ധനകാര്യ ബില്ലുകളുടെയുമൊക്കെ സങ്കൽപ്പങ്ങളെ മാറ്റിമറിച്ചുകൊണ്ട് വളരെ സമർത്ഥനായ ധനകാര്യ വകുപ്പുമന്ത്രി വളയമില്ലാതെ ഒരു ചാട്ടം നടത്തുകയാണ്. ഇപ്പോൾ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പെട്രോളിയം സെസ്സ് കിഫ്ബിയിലേയ്ക്ക് മാറ്റിയതിലൂടെ ബഡ്ജറ്റിൽ വരേണ്ടതായ സെസ്സ് നഷ്ടമായി. ജി.എസ്.ടി. വഴി ലഭിക്കേണ്ട തുക എത്രയാണ്, അത് എങ്ങനെയാണ് ലഭിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഇപ്പോൾ ഒരു വ്യക്തതയുമില്ല. കാശ്മീർ സമ്മേളനത്തിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്ക് കുറെക്കൂടി വ്യക്തതയുണ്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇത് ലഭിക്കുമെന്ന് ഉറപ്പുവരുത്താതെ നിലവിൽ ഇങ്ങനെ ഒരു സംവിധാനം കൊണ്ടുവരുന്നത് എന്തിനുവേണ്ടിയാണ്; ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ അതിനുവേണ്ടി എന്തെങ്കിലും മുന്നൊരുക്കങ്ങൾ വേണ്ടേ? ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിച്ചതുപോലെ ഇപ്പോൾ ഒരു ഓർഡിനൻസിന്റെ പശ്ചാത്തല സംഗീതം കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരു സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഓർഡിനൻസിന്റെ പശ്ചാത്തല സംഗീതം കേൾപ്പിച്ച് സഭ പിരിഞ്ഞാലുടനെ ഓർഡിനൻസുവഴി അത് നടപ്പിലാക്കുന്നു എന്നുള്ളത് ജനാധിപത്യ വിരുദ്ധമായ കാര്യമാണ്. കൂടാതെ ഈ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾക്ക് സുതാര്യതക്കുറവുമുണ്ട്. എന്ത് ചോദ്യം ചോദിച്ചാലും മറുപടിയില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചോദിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ സഭയിൽ സംസാരിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കൃഷ്ണൻകുട്ടി ഒരു ചോദ്യം ചോദിച്ചു, (എ) 2016-17 ബഡ്ജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുകകൾ

എത്രയാണ്, ഹെഡ് തിരിച്ച് വിവരങ്ങൾ നൽകാമോ; ഇതേ സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റായി അഡീഷണൽ ആതറൈസേഷൻ വഴി തുക ലഭ്യമാക്കുകയും ചെലവഴിക്കാതെ തിരികെ അടച്ചതുമായ തുകയുടെ വിവരങ്ങൾ - എല്ലാ വകുപ്പുകളുടെയും നൽകാമോ; (ബി) 2016-2017 സാമ്പത്തിക വർഷത്തിൽ റവന്യൂ കുടിശ്ശിക എത്രയാണ്; ഓരോ വകുപ്പിലും 5 വർഷത്തിലേറെയായി പിരിച്ചെടുക്കാനുള്ള തുകകൾ എത്രയാണ്; ഇത് വകുപ്പ് തിരിച്ച് നൽകാമോ; (സി ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് നികുതി അടയ്ക്കുവാൻ സാവകാശം നൽകിയിട്ടുണ്ട്; തുക സഹിതം വിവരങ്ങൾ നൽകാമോ; കൂടാതെ വിവിധ വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ എത്രയാണ്; ഇതിനെതിരെ വകുപ്പുകൾ സ്വീകരിച്ച നടപടികളും ഈടാക്കിയ തുകകളുടെയും വിവരങ്ങൾ നൽകാമോ? അതിനുള്ള മറുപടി - വിവരങ്ങൾ ശേഖരിച്ചു വരുന്നു എന്നാണ്. എന്തെങ്കിലും വിവരം തരണ്ടേ? ഇത്ര നികുതി കുടിശ്ശികയുണ്ട്, ഇത്ര വെട്ടിപ്പ് നടത്തിയിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് ഒരു കണക്കുമില്ലാതിരിക്കുമോ; ഇത് ഭരണകക്ഷിയിൽപ്പെട്ട ഒരു അംഗം ചോദിച്ച ചോദ്യത്തിനുള്ള മറുപടിയാണ്. ഇക്കാര്യത്തിൽ ഭരണകക്ഷിയും പ്രതിപക്ഷവും എന്ന വ്യത്യാസമില്ല. ഒന്നുകിൽ ചോദ്യത്തിന് തീരെ മറുപടി നൽകാതിരിക്കുക. അല്ലെങ്കിൽ വിവരം ശേഖരിച്ചു വരുന്നു എന്നാണ് മറുപടി. ഇനി എന്നാണ് മറുപടി തരുന്നത്? ഇപ്പോൾ ബഡ്ജറ്റ് കഴിഞ്ഞു, ബില്ല് കഴിഞ്ഞു, ഇനി ഈ വിവരം കൊണ്ട് എന്ത് കാര്യമാണുള്ളത്; അടുത്ത ബഡ്ജറ്റ് വരുമ്പോൾ ഈ വിവരങ്ങൾ കിട്ടിയിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഗവൺമെന്റിന് ജനങ്ങൾക്ക് നൽകാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു സുതാര്യതയില്ല. ക്യാബിനറ്റ് എടുക്കുന്ന തീരുമാനങ്ങളെ സംബന്ധിച്ച് പത്രസമ്മേളനം നടത്തുന്ന കീഴ്വഴക്കം ഇല്ലാതായി. ശ്രീ. കാനം രാജേന്ദ്രനടക്കം പത്രസമ്മേളനം നടത്തണമെന്ന് അഭ്യർത്ഥന നടത്തിയിട്ടും ഇതൊന്നും ഇടതുപക്ഷ മുന്നണിയുടെ തീരുമാനമല്ലെന്ന് പറഞ്ഞിട്ടും ഇപ്പോഴും ക്യാബിനറ്റ് എടുക്കുന്ന തീരുമാനങ്ങൾ പുറത്തേയ്ക്ക് വരുന്നില്ല. ആളുകൾക്ക് വിവരാവകാശ നിയമം പ്രകാരം മറുപടി ലഭിച്ചെങ്കിൽ മാത്രമേ നിയമസഭയുമായും ധനകാര്യവുമായും ബന്ധപ്പെട്ട വിവരങ്ങൾ സംസാരിക്കാനുള്ള വ്യക്തതയും ധാരണയും ഉണ്ടാകൂ. ബില്ലിൽ എന്തെങ്കിലും നികുതി നിർദ്ദേശങ്ങൾ ഉണ്ടോ; വല്ലതും ഒഴിവാക്കുന്നുണ്ടോ; ഇതൊന്നുമില്ലാതെ എന്തിനുവേണ്ടിയാണ് ഇങ്ങനെ ഒരു ബില്ല് അവതരിപ്പിക്കുന്നത്? ഇവിടെ ജി.എസ്.ടി. നടപ്പിലാക്കാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി സംവിധാനത്തിൽ എത്ര ശതമാനം വ്യാപാരികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്? എന്റെ അറിവിൽ 70 ശതമാനം വ്യാപാരികൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാക്കി വരുന്ന 30 ശതമാനം വ്യാപാരികളെ രജിസ്റ്റർ ചെയ്യിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇതൊക്കെ സ്വീകരിച്ചാൽ മാത്രമേ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നമ്മൾ

ഉദ്ദേശിക്കുന്ന വരുമാനം ലഭ്യമാകൂ. അത് ലഭ്യമാകാതെ ജി.എസ്.ടി നടപ്പിലാക്കിയതുകൊണ്ട് 'അമ്മായി കുടിച്ച പാൽക്കഞ്ഞി' എന്ന് പറഞ്ഞമാതിരി നമുക്ക് എന്തെങ്കിലും ഗുണം ലഭിക്കുമോ?

2017 ജൂലൈ ഒന്നു മുതൽ ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയതായി ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറയുകയുണ്ടായി. ആ പരിശീലനം എത്രമാത്രം എഫക്ടീവാണ്. വരാനിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ അവർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ ശൃംഖല എല്ലാ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധിപ്പിച്ച് വികസിപ്പിച്ചിട്ടുണ്ടോ; അതിനുള്ള കോമൺ പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ജി.എസ്.ടി.എൻ കമ്പനിയുമായി സംസ്ഥാന സർക്കാർ കരാറിൽ ഒപ്പിട്ടിട്ടുണ്ടോ; ഒപ്പിട്ടിട്ടുണ്ടെങ്കിൽ ആ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; വരാനിരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനും സംസ്ഥാനത്തിന് ലഭിക്കുവാനുള്ള വരുമാനം കൃത്യമായി ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. കമ്പ്യൂട്ടർ ശൃംഖലയെ സുരക്ഷിതമാക്കുന്നതിനായി മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ ലോകത്താകമാനം കമ്പ്യൂട്ടർ ശൃംഖലയ്ക്കുണ്ടാകുന്ന വലിയ രീതിയിലുള്ള അപകടങ്ങൾ നമ്മൾ മനസ്സിലാക്കിയിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള]

രാജ്യത്ത് ഇങ്ങനെയുള്ള പ്രതിസന്ധിയുണ്ടാകുമ്പോൾ അതിനെ തരണം ചെയ്യുന്നതിന് സുരക്ഷിതമായിട്ടുള്ള നടപടികൾ എന്തൊക്കെയാണ് സ്വീകരിച്ചിട്ടുള്ളത്? ഇപ്പോൾ ഇന്ത്യയിൽ എവിടെ നിന്ന് സാധനങ്ങൾ വാങ്ങിയാലും കേരളത്തിന് ലഭിക്കേണ്ട നികുതി ലഭിക്കും. ഇതുസംബന്ധിച്ച് എന്തെങ്കിലും വ്യക്തത വരുത്തിയിട്ടുണ്ടോ? ഉദാഹരണത്തിന്, പുറത്തുള്ള ഒരാൾ സാധനം വാങ്ങുകയാണെങ്കിൽ അവിടത്തെ കടക്കാരൻ വ്യക്തമായി അയാളുടെ പേരും അഡ്രസ്സും രേഖപ്പെടുത്തുന്നില്ലെങ്കിൽ ആ നികുതി നമുക്ക് ലഭിക്കുമോ; അതോ വൻതോതിലുള്ള വ്യാപാരങ്ങൾ മാത്രമേ നടക്കുകയുള്ളോ; ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

2016-ൽ പുറത്തിറക്കിയ ധവള പത്രത്തിന്റെ ടേബിൾ 11 പ്രകാരം 13,019 കോടി രൂപ പിരിച്ചെടുക്കാനുള്ളതിൽ 31-3-2017 വരെ പിരിച്ചെടുക്കാൻ സാധിച്ചത് 179.8 കോടി രൂപയാണ്. ഇത് നമ്മുടെ ധനകാര്യ മാനേജ്മെന്റിൽ നികുതി പിരിച്ചെടുക്കുന്നതിൽ എത്രമാത്രം പരാജയമുണ്ട് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. അതുപോലെ ധവളപത്രത്തിന്റെ ടേബിൾ 11.9-ൽ അപ്പീൽ

കേസ്സുകളിൽ കുടുങ്ങി പിരിച്ചെടുക്കാവാൻ കഴിയാത്ത തുക 3,720 കോടി രൂപ എന്നുപറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ വന്ന കാര്യങ്ങളാണ്. 47000-ത്തോളം കേസ്സുകൾ ഇപ്പോഴും പെന്റിംഗിലാണ്. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കോടതിയിൽ പ്രത്യേക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ, കേസ്സുകളുടെ എണ്ണം ഇങ്ങനെ കൂടി വരികയാണ്. സ്റ്റേകൾ നിലനിൽക്കുകയാണ്. കോടതി കേസ്സുകളിൽ മാത്രം തീർപ്പുകൽപ്പിച്ച് ഇത് സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ; ഇതൊന്നും ചെയ്യാതെ ഒരു ബില്ലുമാത്രം ഇവിടെ നടപ്പിലാക്കിയതുകൊണ്ട് എന്ത് നേട്ടമാണ് ഗവൺമെന്റിനുള്ളത്? 2016-17 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 76 ശതമാനം മാത്രമാണ് നമുക്ക് ചെലവഴിക്കാൻ കഴിഞ്ഞത്. കേന്ദ്രം അനുവദിച്ച 6534.1 കോടി രൂപയിൽ 4983.68 കോടി രൂപ മാത്രമാണ് ചെലവായത്. ഇതിന്റെ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായ പരിശോധനയ്ക്ക് തയ്യാറാകണം. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുട്ടനാട് പാക്കേജ്, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കുള്ള തുക വാങ്ങിയെടുക്കുന്നതിൽ സർക്കാർ എന്ത് സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്? സമയബന്ധിതമായി വരവുചെലവു കണക്കുകളും നടത്തിപ്പ് റിപ്പോർട്ടുകളും സമർപ്പിക്കാത്തതിനാൽ 2000 കോടി രൂപ നേടിയെടുക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. 14- ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തുകയുണ്ടായി. ഇത് ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്നത് പരിശോധിക്കേണ്ടതല്ലേ? കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സമയബന്ധിതമായി പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കാൻപോലും നമുക്ക് കഴിയുന്നില്ല. യഥാസമയം പദ്ധതി സമർപ്പിക്കാത്തതുമൂലം കേന്ദ്രം പല പദ്ധതികളും ഒഴിവാക്കുകയുണ്ടായി. 60 ശതമാനത്തിന് മുകളിൽ കേന്ദ്രസഹായം ലഭിച്ചിരുന്നത് 40 ശതമാനമായി ചുരുങ്ങിപ്പോയി. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുകയാണ്. അഖിലേന്ത്യാ തലത്തിൽ രൂപീകരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്ത് അനുയോജ്യമല്ലാതെ വരുമ്പോൾ മാനദണ്ഡങ്ങൾക്കുള്ളിൽനിന്നുകൊണ്ട് സംസ്ഥാനത്തിന് യോജിക്കുന്ന പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്രത്തിൽനിന്ന്

ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്ര കോ-ഓർഡിനേഷൻ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട കെ. ഡി. പ്രസേനൻ സൂചിപ്പിക്കുകയുണ്ടായി, 'ദുഷ്ടമുള്ളതെല്ലാം പോയി ഈ ഗവൺമെന്റ് വന്നതോടുകൂടി, നല്ലതെല്ലാം വന്നുകൊണ്ടിരിക്കുകയാണ്' എന്ന്. അതിന്റെ പല തെളിവുകളും വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ജീവിച്ചിരിക്കുന്നതിൽ ഏറ്റവും മഹാനായ നേതാവാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ. എല്ലാവരും ആദരിക്കുന്ന നേതാവാണ് അദ്ദേഹം. അദ്ദേഹത്തിന് ക്യാബിനറ്റ് പദവി കൊടുത്തതുപോലെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും ക്യാബിനറ്റ് പദവി കൊടുത്തു. ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ തന്നെ പോരാടിയ കേസ്സിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും ശ്രീ. വി. എസ്. അച്യുതാനന്ദന്റെ അതേ റാങ്ക് തന്നെ കൊടുത്തിരിക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദനെ അപമാനിക്കാൻ ഇതിൽ കൂടുതൽ എന്തെങ്കിലും വേണമോ? നിങ്ങൾ മാത്രം സഹിച്ചുകൊണ്ട് കാര്യമില്ല, കേരളം സഹിക്കുകയാണ്. യേശുക്രിസ്തുവിനെ ഗാഗുൽത്താ മലയിൽ രണ്ട് കള്ളൻമാർക്കിടയിൽ നിർത്തിയാണ് ക്രൂശിച്ചിട്ടുള്ളത്. അതുപോലെ അഴിമതിക്കാരനായി ശിക്ഷിക്കപ്പെട്ടിട്ടുള്ള ഒരാളിന് നൽകിയ അതേ പദവി, അതേ സിംഹാസനം തന്നെയാണ് ശ്രീ. വി. എസ്. അച്യുതാനന്ദനും നൽകിയിട്ടുള്ളത് എന്നുപറയുമ്പോൾ അഴിമതിയോടുള്ള ഈ ഗവൺമെന്റിന്റെ സമീപനങ്ങളെന്തായിരുന്നു എന്നതിന്റെ ഏറ്റവും പുതിയ തെളിവ് ഇതാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു വർഷം പൂർത്തിയാക്കുന്ന പിണറായി സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് സഹായം നൽകേണ്ട ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണമാണ് ഈ ധനവിനിയോഗ ബില്ലിന്റെ ഭാഗമായി നടക്കുന്നത്. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച പലരും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒരു വർഷക്കാലത്തെ പ്രവർത്തനത്തെ നിശിതമായി വിമർശിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ഒരു വർഷം പൂർത്തിയാക്കുന്ന ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് നല്ല ആത്മവിശ്വാസത്തോടെ ഈ നാട്ടിൽ എവിടെച്ചെന്നും ഞങ്ങൾക്ക് പറയാൻ കഴിയും. അതിന് ഞങ്ങൾക്ക് യാതൊരു പതർച്ചയുമില്ല.

കാരണം ഈ ഗവൺമെന്റ് കാര്യങ്ങൾ നന്നായി ചെയ്തിട്ടുണ്ട്. പല കാര്യങ്ങളും ഇവിടെ സംസാരിച്ചവർ സൂചിപ്പിച്ചു. ഈ മാസം 29-ാം തീയതി കോഴിക്കോട് വച്ച് കേരളം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സംസ്ഥാനമായി ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. അതിൽ പ്രതിപക്ഷ നേതാവിനെയും ക്ഷണിച്ചിട്ടുണ്ട്. കുറെക്കാലമായി സമ്പൂർണ്ണ വൈദ്യുതീകരണം എന്നുപറയുന്നതുകൊണ്ട് ചിലപ്പോൾ പുതുമ തോന്നില്ലായിരിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രിയായിരുന്നപ്പോഴാണ് അതിന് ആരംഭം കുറിച്ചത്. അന്ന് രണ്ട് ലക്ഷത്തിലധികം വീടുകൾക്ക് സൗജന്യ കണക്ഷൻ നൽകി. പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 5 വർഷക്കാലവും നിങ്ങൾ അക്കാര്യത്തിൽ ഒന്നും ചെയ്തില്ല. എന്തെങ്കിലും ചെയ്തുവെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; നിങ്ങൾ ഒന്നും ചെയ്തില്ല. പിന്നീട് അത് പുനരാരംഭിക്കാൻ വീണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരേണ്ടിവന്നു. ഇപ്പോൾ 157000 വീടുകൾക്ക് പുതിയതായി കണക്ഷൻ കൊടുത്തു. അതിനായി 174 കോടിയോളം രൂപ ചെലവഴിച്ചു. ഇത് വേഗത്തിൽ നിർവ്വഹിക്കാവുന്ന കാര്യമായിരുന്നില്ല. ഇടമലക്കുടി, ആറളം, റോസ്മല, അമ്പൂരി തുടങ്ങിയ മലയോര മേഖലകളിലാകെ നിബിഡ വനങ്ങൾക്കിടയിലൂടെ 23 കിലോമീറ്റർവരെ ലൈൻ വലിച്ച് കണക്ഷൻ കൊടുത്തിട്ടുണ്ട്. ആദിവാസികൾ താമസിക്കുന്ന ഏറുമാടങ്ങളിൽവരെ കണക്ഷൻ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഏത് ഏറുമാടത്തിൽ കണക്ഷൻ കൊടുത്തുവെന്ന് വൈദ്യുതി വകുപ്പുമന്ത്രിയോട് ഒരു ചോദ്യമായി എഴുതിച്ചോദിച്ചാൽ അങ്ങേയ്ക്ക് മറുപടി ലഭിക്കും. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 70 വർഷമായില്ലേ; കൂടുതൽ കാലവും നിങ്ങളും ബി.ജെ.പി.യുമല്ലേ ഇന്ത്യ ഭരിച്ചത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം. . . . . .

ശ്രീ. എ. പ്രദീപ് കുമാർ: താങ്കൾ എന്നെക്കൊണ്ട് അധികം പറയിപ്പിക്കരുത്. വളരെക്കാലം ഇന്ത്യ ഭരിച്ച നിങ്ങൾ ഇപ്പോൾ എവിടെ നിൽക്കുന്നുവെന്ന് ആലോചിച്ചോ? ഞങ്ങൾ താഴെത്തന്നെയാണ്. ഞാൻ അങ്ങയോട് സംസാരിക്കാം. ഇന്ത്യാ ഗവൺമെന്റ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നുണ്ട്. ഒരു ഗ്രാമത്തിൽ രണ്ട് പൊതുസ്ഥാപനങ്ങളിൽ കണക്ഷൻ കൊടുത്താൽ, ആകെയുള്ള വീടുകളിൽ 10 ശതമാനത്തിന് കണക്ഷൻ കൊടുത്താൽ അത് സമ്പൂർണ്ണ വൈദ്യുതീകരണ ഗ്രാമമായി എന്നാണ് ഇന്ത്യാ ഗവൺമെന്റിന്റെ മാനദണ്ഡം. ഇത്രയും കാലം കോൺഗ്രസ് ഭരിച്ച ഇന്ത്യയിലെ ആ പൊതുസ്ഥിതിയിൽനിന്ന് കേരളം എത്രത്തോളം പുരോഗതി കൈവരിച്ചു എന്ന വ്യത്യാസം മനസ്സിലാക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയെപ്പോലൊരു സീനിയർ മെമ്പർ ഇങ്ങനെ പറയരുത്. ശ്രീ. എ. കെ. ബാലൻ മുന്നിലിരിപ്പുണ്ട്. രാജീവ് ഗാന്ധിയുടെ കാലത്ത് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയിലൂടെ അന്നുവരെയുണ്ടായിരുന്ന എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ഷൻ കൊടുത്തതാണ്. ബാക്കിയുള്ളതാണ് ഇപ്പോൾ കൊടുക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ വൈദ്യുതി രംഗത്ത് ആ പദ്ധതിയാണ് വലിയ മാറ്റമുണ്ടാക്കിയത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആർ.ജി.ജി.വി.വൈ. പദ്ധതിയിലാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയത്. നമ്മൾ ഓരോ മണ്ഡലത്തിലും ഒരു എം.എൽ.എ.-ക്ക് അന്ന് 1 കോടി രൂപ മിനിമം കൊടുത്തു. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം ആ കാലഘട്ടത്തിൽ പൂർത്തീകരിച്ചു. 45 വർഷം പ്രതിപക്ഷത്തിരുന്ന് മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയത് സഖാവ് വി. എസ്. അച്യുതാനന്ദന്റെ കാലഘട്ടത്തിലാണെന്ന കാര്യം ഓർമ്മയുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇരിക്കൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എം.എൽ.എ. ഫണ്ടിൽനിന്ന് പൈസ കൊടുക്കാത്തതിനാൽ അവിടെ കാലതാമസം നേരിട്ടിട്ടുണ്ട്. നമ്മൾ തമ്മിൽ തർക്കിക്കണ്ട. അഖിലേന്ത്യാ തലത്തിൽ ഒരു ഗ്രാമം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ ഗ്രാമമാണെന്ന് പ്രഖ്യാപിക്കാൻ ഗ്രാമത്തിലെ രണ്ട് പൊതുസ്ഥാപനം വൈദ്യുതീകരിച്ചാൽ, ആകെയുള്ള വീടുകളിൽ 10 ശതമാനം വൈദ്യുതീകരിച്ചാൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി എന്ന് പ്രഖ്യാപിക്കുന്ന സ്ഥിതിയാണ് ഇന്ത്യയിലാകെയുള്ളത്. അവിടെയാണ് ഒരു വീടുപോലും അവശേഷിപ്പിക്കാതെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച നേട്ടമുണ്ടാക്കിയത് എന്നാണ് ഞാൻ പറഞ്ഞത്. ആ വ്യത്യാസം അങ്ങ് മനസ്സിലാക്കണം. കഴിഞ്ഞ സഭയിൽ ആരോ പറയുന്നതുകേട്ടു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജാവിനെ പോലെയാണെന്ന്. തീർച്ചയായും അങ്ങനെതന്നെയാണ്. രാജഭരണ കാലത്ത് മാത്രം നടന്ന ചില കാര്യങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷവും നടക്കുന്നുണ്ട്. അത് മറ്റൊന്നുമല്ല, ജലാശയങ്ങൾ സംരക്ഷിക്കുന്ന, പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്ന, പരിസ്ഥിതി സംരക്ഷണത്തിനും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനുമൊക്കെ പ്രാധാന്യം കൊടുക്കുന്ന ഒരു സമീപനം

ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. ഞാൻ മുമ്പൊരിക്കൽ ഇവിടെ സൂചിപ്പിച്ചിരുന്ന കോഴിക്കോടുള്ള എല്ലാ മനുഷ്യ നിർമ്മിത ജലാശയങ്ങളും സാമൂതിരി രാജാവ് നിർമ്മിച്ചതാണ്. മാനാഞ്ചിറയും തളിക്കുളവും കുറ്റിച്ചിറയും ഗരുഡൻ കുളവും താമരക്കുളവും നീലിച്ചിറയും പൂഴിച്ചിറയുമൊക്കെ നിർമ്മിച്ചത് സാമൂതിരി രാജാവാണ്. രാജഭരണത്തെക്കാൾ എത്രയോ പരിഷ്കൃതമാണ് ജനാധിപത്യ വ്യവസ്ഥ എന്ന് നമുക്കറിയാവുന്നതാണ്. നമ്മളെല്ലാവരും ആ അഭിപ്രായമുള്ളവരുമാണ്. ആ ജനാധിപത്യ വ്യവസ്ഥയിലുള്ള രണ്ട് കണ്ടംകുളവും ആനക്കുളവും നികത്തിയതല്ലാതെ പുതിയതൊന്നും ഇക്കാലംവരെ നിർമ്മിച്ചിട്ടില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു. ആ കാലത്തുൾപ്പെടെ ഗവൺമെന്റിന് പ്രൊപ്പോസൽ തന്നിട്ടുണ്ട്. പിന്നീട് ഞാൻ ശ്രീ. അടൂർ പ്രകാശിനോട് സംസാരിച്ചിട്ടുമുണ്ട്. എന്നിട്ടും നിങ്ങൾ ഞാൻ തന്ന പ്രൊപ്പോസലിന് അനുമതി തന്നില്ല. അതൊരു വലിയ ജലാശയത്തിന്റേതായിരുന്നു. നിങ്ങൾക്ക് അതിന്റെ ക്രെഡിറ്റ് കിട്ടുമായിരുന്നു. രാജാവ് ചെയ്തൊരു കാര്യം ചെയ്തു എന്ന് പറയാമായിരുന്നു. പക്ഷേ ഇന്ന് പിണറായി സർക്കാരിന്റെ മുമ്പാകെ ആ പദ്ധതി സമർപ്പിച്ചപ്പോൾ ഹരിത കേരള മിഷന്റെ കാഴ്ചപ്പാടിലുൾപ്പെടുത്തി എന്റെ നിയോജകമണ്ഡലത്തിൽ രാജഭരണ കാലത്ത് നിർമ്മിച്ചതിനേക്കാൾ വലിപ്പത്തിൽ 65 ഏക്കർ വിസ്തൃതിയിൽ അതിമനോഹരമായ ജലാശയം നിർമ്മിക്കാൻ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ പണം അനുവദിച്ചു. 20 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചു. അത് ഈ സർക്കാരിന്റെ കാലത്തുണ്ടാകും. അതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ വ്യത്യാസം. അതുകാണുമ്പോൾ ഇതൊക്കെ രാജാക്കൻമാരുടെയും ചക്രവർത്തിമാരുടെയും കാലത്താണല്ലോ ഉണ്ടായത് എന്ന തോന്നൽ നിങ്ങൾക്കുണ്ടാകും. അങ്ങനെയാണ് ഇവിടെ രാജഭരണമാണെന്ന തോന്നൽ നിങ്ങൾക്കുണ്ടാകുന്നത്. ഇത് നിങ്ങളുടെ ഭരണകാലത്ത് ചിന്തിക്കാൻ കഴിയാത്തതാണ്. എല്ലാം നികത്തി ഫ്ലാറ്റ് നിർമ്മിക്കാൻ നിങ്ങൾ സൗകര്യം ചെയ്തുകൊടുത്തു.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും സുപ്രധാനമായതല്ലേ ദേശീയപാതാ വികസനവും ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിയും. അതെല്ലാം ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളാണ്. ഇന്ന് അതൊക്കെ നടപ്പിലാക്കാൻ പറ്റില്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ചെളിയിൽ കുത്തിയ നാട്ടപോലെയെന്ന് കോഴിക്കോട് ഒരു ഭാഷയുണ്ട്. അങ്ങനെയുള്ള നിലപാടല്ലേ വികസനത്തിന്റെ കാര്യത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി കൈക്കൊണ്ടത്. ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രി നെഞ്ചൂക്കോടെ ആ വികസനം യാഥാർത്ഥ്യമാക്കാനുള്ള

നിലപാട് സ്വീകരിക്കുന്നു, അതിനുള്ള പ്രതിബന്ധങ്ങൾ തട്ടിമാറ്റുന്നു. തീർച്ചയായും ഈ സർക്കാരിന്റെ കാലത്ത് ദേശീയപാതാ വികസനവും ഗ്യാസ്പൈപ്പ് ലൈൻ പദ്ധതിയും യാഥാർത്ഥ്യമാകില്ലെന്ന് ഉറക്കെപ്പറയാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ആ പദ്ധതികളൊക്കെ നടക്കാൻ പോവുകയാണ്. കേരളത്തിന്റെ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഐ.ടി. പോലുള്ള പൊല്യൂഷനില്ലാത്ത ഇൻഡസ്ട്രീസാണ്. കേരളം മുഴുവൻ ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുകയെന്ന് പറയാറുണ്ട്. അതുപോലെ ടൂറിസം മേഖലയിൽ നിങ്ങളുടെ കാലത്ത് എന്തെങ്കിലും ശ്രദ്ധേയമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ? വടക്കൻ കേരളത്തിൽ, ആദ്യത്തെ ഐ.ടി. ഇൻഡസ്ട്രിയായ കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടക്കമിട്ട് പണി ആരംഭിച്ചതാണ്. മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അത് വച്ചുതാമസിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പണി ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോയി ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് കാലവിളംബം വരുത്തിയതാണ്. ആദ്യം പൂർത്തിയായ യു.എസ്. സൈബർ പാർക്കിൽ 10 കമ്പനികളെ കൊണ്ടുവരുന്നതിന് യാതൊരു തരത്തിലുള്ള പരിശ്രമവും യു.ഡി.എഫ്.-ന്റെ അഞ്ച് വർഷം നടന്നില്ല. അങ്ങനെ കൊണ്ടുവരണമെങ്കിൽ ഗവൺമെന്റ് ഐ.ടി. ഡിപ്പാർട്ട്മെന്റ് ഇനിഷ്യേറ്റീവ് എടുത്ത് റോഡ്ഷോ നടത്തി നമ്മുടെ പൊട്ടൻഷ്യലിന്റെ പബ്ലിസിറ്റി കൊടുത്ത് കൊണ്ടുവരണം. അതൊന്നും ചെയ്തില്ല. ഈ ഗവൺമെന്റ് അതെല്ലാം ചെയ്യുകയാണ്. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയില്ല. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞതാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത മലാപ്പറമ്പ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രി താല്പര്യമെടുത്ത് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാനും ഭൂമി കച്ചവടം നടത്താനും മാനേജർമാർക്ക് അനുമതി കൊടുത്ത സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തത് നിസ്സാരമായ കാര്യമല്ല, അതൊരു സന്ദേശമാണ്. പിന്നീട് മാനേജ്മെന്റുകൾ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള ധൈര്യം കാണിച്ചിട്ടില്ല. സർക്കാരിന്റെ സമീപനത്തിലുള്ള വ്യത്യാസമാണത്. ഞാൻ ചില കാര്യങ്ങൾ പറയുമ്പോൾ പഴയ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് വിഷമം തോന്നരുത്. ശ്രേഷ്ഠഭാഷാ ദിനമായ നവംബർ 1-നാണ് ഒരു മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടാൻ കഴിഞ്ഞ ഗവൺമെന്റ് ഉത്തരവിട്ടത്. ആ മാനേജർ കേസ്സിന് പോയപ്പോൾ കേസ് തോറ്റുകൊടുത്തു. അപ്പീൽ പോകണ്ട എന്ന് തീരുമാനിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അപ്പീൽ പോയി, ആ സ്കൂൾ

ഗവൺമെന്റ് ഏറ്റെടുത്തു. യു.ഡി.എഫ്.-ന്റെ കാലത്ത് വിദ്യാഭ്യാസ മേഖല ഈജിയൻ തൊഴുത്തായിരുന്നുവെന്ന് 'വീക്ഷണം' പത്രം തന്നെയാണ് എഴുതിയത്. ആ വ്യത്യാസം എല്ലാ മേഖലകളിലുമുണ്ട്.

വിദ്യാഭ്യാസ വായ്പയെക്കുറിച്ച് പറയുകയുണ്ടായി. അതിനെ നിങ്ങൾ പ്രശംസിക്കേണ്ടതും പിന്തുണയ്ക്കേണ്ടതുമല്ലേ. ബ്ലേഡ് കമ്പനി പോലെയായിരുന്ന വിദ്യാഭ്യാസ വായ്പയുടെ 900 കോടിയോളം രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തു. വിദ്യാഭ്യാസ വായ്പ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ദേശസാൽകൃത ബാങ്കുകൾപോലും ഏർപ്പെടുത്തുന്ന പലിശ അത്ര ഭീകരമാണ്. ആ ബാധ്യതയാണ് ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറായത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് സ്കൂൾ പദ്ധതി ഈ ഗവൺമെന്റ് നമ്മുടെയൊക്കെ മണ്ഡലങ്ങളിൽ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചില്ലേ? പറഞ്ഞ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് ഇന്ന് രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞതാണ്. ആരോഗ്യ വകുപ്പ് കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ മണ്ഡലത്തിലെയും ആശുപത്രികളുടെ കാര്യങ്ങൾക്കായി നിങ്ങളുടെ പിന്നാലെ കെഞ്ചി നടന്നിട്ടും പരിഹാരം കാണാതിരുന്നതിന് ഇപ്പോൾ പരിഹാരം കണ്ടു. 2700-ൽപ്പരം പുതിയ തസ്തികകൾ സൃഷ്ടിച്ചു. അതിൽ 700-ഓളം ഡോക്ടർമാർ തന്നെയുണ്ട്. ഈ ഗവൺമെന്റിന്റെ ആരോഗ്യ നയത്തിന്റെ മികവ് അനുഭവിക്കാൻ പോകുന്നതും കുടുംബ ഡോക്ടർ സമ്പ്രദായം വരുന്നതും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ സെന്ററുകളായി വികസിപ്പിക്കുന്ന പദ്ധതി പൂർണ്ണതയിലേയ്ക്ക് വരുമ്പോഴാണ്. അതിനുള്ള ശ്രദ്ധേയമായ ചുവടുവയ്പുകൾ തുടങ്ങിക്കഴിഞ്ഞു. ചെറിയ കാര്യങ്ങളിൽപ്പോലും യു.ഡി.എഫ്. സർക്കാരും ഇപ്പോൾ ഭരിക്കുന്ന എൽ.ഡി.എഫ്. സർക്കാരും തമ്മിലുള്ള താരതമ്യം നോക്കിയാൽ ആ വ്യത്യാസം മനസ്സിലാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെട്ടുകൊണ്ട് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന വകുപ്പിലെ ഒരു കാര്യം പറയാം. അങ്ങ് സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയം ദേശീയ ഗെയിംസിൽ സൈക്ലിംഗിൽ സ്വർണ്ണം ലഭിച്ച കുട്ടിക്ക് ഒരു സൈക്കിൾ വാങ്ങിക്കൊടുക്കാൻ ഞാൻ അങ്ങയുടെ അടുത്ത് വന്നിരുന്നു. ആ കുട്ടി വായ്പയെടുത്ത് സൈക്കിൾ വാങ്ങി ഓടിച്ചാണ് സ്വർണ്ണം നേടിയത്. അന്നത് കൊടുത്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ഒരു കാര്യം ഞാൻ പറയാം. കോഴിക്കോട് നടക്കാവ് സ്കൂളിലെ അഭിരാമി എന്ന കുട്ടി

ഭാരോദ്വഹനത്തിൽ ഇൻഡോനേഷ്യയിൽ നടന്ന മത്സരത്തിൽ സ്വർണ്ണവും മറ്റൊരു മത്സരത്തിന് വെള്ളിയും നേടിവന്നു. ഞങ്ങൾ ആ കുട്ടിക്ക് സ്വീകരണം കൊടുത്തു. അവർക്ക് ഇൻഡോനേഷ്യയിൽ പോകാൻ പൈസയുണ്ടായിരുന്നില്ല. അവസാനം ശ്രീ. എ. കെ. ബാലൻ മുൻകയ്യെടുത്ത് പട്ടികജാതി വകുപ്പിൽനിന്ന് ഒന്നര ലക്ഷം രൂപ അനുവദിച്ച് നൽകിയതുകൊണ്ടാണ് ആ കുട്ടിക്ക് ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽനിന്ന് സ്വർണ്ണം നേടാൻ സാധിച്ചത്. നിങ്ങളുടെ കാലത്ത് തിരുവനന്തപുരത്ത് നടന്ന ദേശീയ ഗെയിംസിൽ അഞ്ചിത എന്ന കുട്ടി വായ്പ വാങ്ങിയ സൈക്കിൾ ഓടിച്ചാണ് സ്വർണ്ണം നേടിയത്. ആ കുട്ടിക്ക് ഒരു സൈക്കിൾ കൊടുക്കാൻപോലും സാധിച്ചില്ല. നിങ്ങളല്ലേ പറഞ്ഞത് ദേശീയ ഗെയിംസ് ലാഭത്തിലായിരുന്നുവെന്ന്; എന്നാൽ ലാഭത്തിലായിരുന്ന ദേശീയ ഗെയിംസിൽനിന്ന് ഒരു സൈക്കിൾ കൊടുത്തുകൂടായിരുന്നോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതുപോലെ അങ്ങനെയൊരു കാര്യം ചെയ്തിട്ടുണ്ടെങ്കിൽ നല്ലകാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഒളിമ്പിക്സിനുപോയ നമ്മുടെ കേരളത്തിന്റെ താരം ഒ. പി. ജെയ്ഷ, വി. ആർ. ശ്രീജേഷ് എന്നിവർക്ക് വിദേശത്തുപോയി പരിശീലനം നേടുന്നതിനായി 10 ലക്ഷം രൂപ വീതം നൽകിയ കേരളത്തിലെ ഏക ഗവൺമെന്റ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. വേണമെങ്കിൽ ഞാൻ ഇനിയും പറയാം. അങ്ങേയ്ക്ക് വേണമെങ്കിൽ മുഴുവൻ ആളുകളുടെയും ലിസ്റ്റ് തന്നെ തരാം. സർവ്വകാല റെക്കോർഡോടുകൂടിയാണ് സ്പോർട്സ് വകുപ്പ് അന്ന് കൈകാര്യം ചെയ്തിരുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, സ്പോർട്സ് ക്വാട്ട നിയമനം ഒന്നും ഇവരുടെ കാലത്ത് കൊടുത്തിട്ടില്ല. അതവിടെ നിൽക്കട്ടെ. മാൻഹോൾ ദുരന്തത്തിൽ മരിച്ച നൗഷാദിനെക്കുറിച്ച് നമ്മളൊക്കെ സങ്കടപ്പെട്ടതാണല്ലോ. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ജോലി കൊടുക്കുമെന്ന് പ്രഖ്യാപിച്ചതിനുശേഷം എത്ര മാസം നിങ്ങൾ അധികാരത്തിലുണ്ടായിരുന്നു; ഒരു വർഷത്തോളം ഇല്ലായിരുന്നോ? പക്ഷെ പ്രഖ്യാപിച്ചതേയുള്ളൂ. ഇപ്പോൾ ഈ ഗവൺമെന്റാണ് നൗഷാദിന്റെ ഭാര്യയ്ക്ക് ജോലി കൊടുത്തത്. നിങ്ങളൊന്നും ചെയ്തില്ല. അങ്ങനെ ധാരാളം കാര്യങ്ങളുണ്ട്. അതവിടെ നിൽക്കട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 234 പേർക്ക് യു.ഡി.എഫ്. ഗവൺമെന്റ് ജോലി കൊടുത്തു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ അങ്ങേയ്ക്ക് നിഷേധിക്കാനാവില്ല. മനുഷ്യന്മാരുടെയൊന്നും പിടിയിലല്ലാത്ത ചില പ്രകൃതി പ്രതിഭാസങ്ങളും പ്രശ്നങ്ങളുമൊക്കെ വരുമ്പോൾ നമ്മൾ വിഷമിച്ചുപോകും. ഈ

കടുത്ത വരൾച്ചയിലും നാട്ടിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടാതിരിക്കുന്നതിന് കാരണം ഈ ഗവൺമെന്റ് ഏറ്റവും ഗംഭീരമായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമാണ്. എവിടെയെങ്കിലും പ്രാദേശികമായി ഒറ്റപ്പെട്ട ചില പ്രശ്നങ്ങളുണ്ടാകും. വാട്ടർ അതോറിറ്റിയെ എപ്പോഴും നമ്മൾ കുറ്റം പറയാറുണ്ട്. പക്ഷെ വാട്ടർ അതോറിറ്റിയെ പ്രശംസിക്കാവുന്ന നിലയിൽ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പ്രവർത്തനം നടന്നു. നെയ്യാർ ഡാമിൽനിന്ന് തോട് വെട്ടി വെള്ളം അരുവിക്കരയിൽ കൊണ്ടുവന്നാണ് തിരുവനന്തപുരത്ത് വെള്ളം കൊടുത്തത്? ഇങ്ങനെയുള്ള നടപടി ഓരോ സ്ഥലത്തുമുണ്ടായി. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്ത് തുടർച്ചയായി പവർകട്ട് ആയിരുന്നു. വരൾച്ചയും വെള്ളക്ഷാമവും ഉണ്ടായിട്ടും ഈ സർക്കാരിന്റെ കാലത്ത് പവർകട്ട് ഉണ്ടായോ? ആർക്കും പുകഴ്ത്താനും പ്രശംസിക്കാനും സാധിക്കാത്തതുകൊണ്ട് നിങ്ങളുടെ കാലത്ത് മന്ത്രിമാരെ പുകഴ്ത്താൻ യു.ഡി.എഫ്. യോഗത്തിൽ പ്രത്യേക തീരുമാനമുണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യമുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിന്റെ ഭരണത്തിലും രാഷ്ട്രീയത്തിലും ഒരുതരം ശുദ്ധീകരണം ഈ സർക്കാരിന് കൊണ്ടുവരാൻ കഴിഞ്ഞു. കേരളത്തിന്റെ ഒരു പ്രത്യേകത, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഊർജ്ജ പ്രവാഹത്തിൽ ഉലയൂതി ജ്വലിപ്പിക്കപ്പെട്ട ഒരു രാഷ്ട്രീയ സംശുദ്ധി എല്ലാക്കാലത്തും ഉണ്ടായിരുന്നുവെന്നുള്ളതാണ്.

<u>മി. ചെയർമാൻ</u>: അങ്ങ് വളരെ സീനിയറായ മെമ്പറാണ്. ദയവായി സഹകരിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഇവിടത്തെ ബൂർഷ്വോ രാഷ്ട്രീയ പാർട്ടികൾക്കും ആ സംശുദ്ധിയുണ്ടായിരുന്നു. പക്ഷെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് അധികാരത്തിനുവേണ്ടി ഇവയെല്ലാം കളഞ്ഞുകുളിച്ചത്. അഴിമതിയും അശ്ലീലതയും അധാർമ്മികതയും വിളയാടിയ കാലത്തുനിന്ന് ഈ സർക്കാരാണ് രാഷ്ട്രീയ സംശുദ്ധിയിലേയ്ക്ക് വീണ്ടും കേരളത്തെയും ഇവിടത്തെ ഭരണ വ്യവസ്ഥയേയും കൊണ്ടുവന്നത്. അതാണ് മുഖ്യമന്ത്രി പറഞ്ഞത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം, ദയവായി ചുരുക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ശ്രീ. ഷാഫി പറമ്പിൽ രാവിലെ ഇവിടെ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ച ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം പറഞ്ഞത്, അഴിമതിക്കെതിരായി ഞങ്ങൾ ഏറ്റവും ശക്തമായി വിമർശനമുന്നയിച്ച ആളുകളെ ഇപ്പോൾ ഇടതുപക്ഷം ചേർത്തിപിടിച്ചിരിക്കുന്നുവെന്നാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ

കാര്യമൊക്കെ പറഞ്ഞു. പക്ഷെ കഴിഞ്ഞ കാലത്ത് ഞങ്ങൾ അഴിമതിക്കെതിരെ ഏറ്റവും ശക്തമായി പറഞ്ഞുകൊണ്ടിരുന്നത് ശ്രീ. ഉമ്മൻ ചാണ്ടിക്ക് എതിരായിട്ടാണ്. അദ്ദേഹം എല്ലാ അഴിമതിക്കാരെയും സംരക്ഷിച്ചു നിർത്തി. യു.ഡി.എഫ്. എന്നുപറയുന്ന അഴിമതിയുടെ കൂടാരത്തിൽനിന്ന് ഞങ്ങളുടെ വിമർശനത്തിനിരയായിട്ടുള്ള ആര് പുറത്തുവന്നാലും ഞങ്ങൾ സ്വീകരിക്കും. ഏത് തങ്കപ്പെട്ട മനുഷ്യനെയും അഴിമതിക്കാരനാക്കുന്ന അന്തരീക്ഷമാണ് അവിടെയുള്ളത്. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. കേന്ദ്ര കോൺഗ്രസ് നേതൃത്വം അഴിമതിയിൽ മുങ്ങിനിൽക്കുമ്പോഴും, യു.പി.എ. സർക്കാരിനെ ഞങ്ങൾ പിന്തുണച്ചില്ലേ? ......(മൈക്ക് ഓഫ്)....... ബി.ജെ.പി.ക്കും കോൺഗ്രസ്സിനു മെതിരായുള്ള രാഷ്ട്രീയ നിലപാടിന്റെ ഭാഗമായി സഹകരിക്കുന്നവരെയെല്ലാം സഹകരിപ്പിക്കുന്നതും അഴിമതിയുടെ ചെളി പൂണ്ട ആ കൂടാരത്തിൽനിന്ന് പുറത്തുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതും ഞങ്ങളുടെ നയമാണ്. ഞാൻ ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. നേരത്തെ തടസ്സവാദമുന്നയിച്ചുകൊണ്ട് ബില്ലിന്റെ അപ്രസക്തിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഒരു ബില്ലാണിത്. നികുതി നിർദ്ദേശങ്ങൾ വേണ്ടായെന്ന് തീരുമാനിക്കാനുള്ള കാരണം ഈ വർഷം ജി.എസ്.ടി. നടപ്പാക്കുമെന്ന തീരുമാനമാണ്. ജൂലൈ 1-ാം തീയതി ജി.എസ്.ടി. കൊണ്ടുവരണം. കഴിഞ്ഞ മാസം 25-ാം തീയതി മുതൽ ഒരു മാസത്തിലധികമായി ഈ സഭ സമ്മേളിക്കുന്നു. ജൂലൈ 1-ാം തീയതി കൊണ്ടുവരേണ്ട ജി.എസ്.ടി. ബിൽ പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയിട്ടും സംസ്ഥാന ഗവൺമെന്റ് പാസ്സാക്കേണ്ട ബിൽ ഈ നിയമസഭയിൽവച്ച് പാസ്സാക്കാത്തത് ദൗർഭാഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ആദ്യമായിട്ടാണ് ഈ നിയമസഭയിൽ വന്നതിനുശേഷം നിയമസഭാ സമ്മേളനം നടക്കുമ്പോൾ മന്ത്രിമാർ ഓർഡിനൻസിനെക്കുറിച്ച് സംസാരിക്കുന്നത് കേൾക്കുന്നത്. നിയമസഭാ സമ്മേളനം അവസാനിപ്പിച്ചു കഴിഞ്ഞാലാണ് സാധാരണ ഓർഡിൻസ് ഇറക്കുമെന്ന് മന്ത്രിമാർ പറയാറുള്ളത്. പക്ഷെ ഇവിടെ ഈ സമ്മേളനത്തിൽ പല മന്ത്രിമാരും അവരുടെ മറുപടി പ്രസംഗത്തിനിടയിൽ പറയുന്നത് ഓർഡിനൻസ് കൊണ്ടുവരുമെന്നാണ്. നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ടും നോക്കുകുത്തിയാക്കിക്കൊണ്ടും ഓർഡിനൻസ് ഇറക്കുന്നത് ശരിയാണോ; ജി.എസ്.ടി.-യെക്കുറിച്ച് എല്ലാവർക്കും ഉത്കണ്ഠയും ധാരാളം സംശയങ്ങളുമുണ്ട്. ആ സംശയങ്ങളും ഉത്കണ്ഠയുമെല്ലാം പരിഹരിച്ച് നിയമനിർമ്മാണ സഭയിൽ ബഹുമുഖമായ ചർച്ചകൾക്കുശേഷം പാസ്സാക്കപ്പെടേണ്ട

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ജി.എസ്.ടി. അത് ഓർഡിനൻസ് കൊണ്ടുവന്ന് നടപ്പാക്കേണ്ട ഒന്നല്ല. അങ്ങനെ ഓർഡിനൻസ് കൊണ്ടുവന്ന് നടപ്പാക്കാനുള്ള ആ നീക്കത്തെ ഞങ്ങൾ ശക്തിയായി എതിർക്കുകയാണ്. നമുക്കറിയാം ഈ ബഡ്ജറ്റിൽ തന്നെ പല ഖണ്ഡികകളിലായി ജി.എസ്.ടി.-യെ സ്വാഗതം ചെയ്തുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചിട്ടുള്ളത്. ജി.എസ്.ടി.-യുടെ പ്രാധാന്യത്തെക്കുറിച്ചും സവിശേഷതകളെ കുറിച്ചും വിവരിക്കുന്ന ആറ്, ഏഴ് ഖണ്ഡികകളുണ്ട്. യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് ജി.എസ്.ടി. ബിൽ കൊണ്ടുവന്നപ്പോൾ അന്ന് സി.പി.എം.-ന്റെ ഭാഗത്തുനിന്ന് അതിശക്തമായ എതിർപ്പായിരുന്നു. ഇത് സംസ്ഥാനത്തിന് ലാഭമുണ്ടാക്കുമെന്ന് ഞങ്ങളെല്ലാം പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് പ്രതിപക്ഷത്തിരിക്കുന്ന സമയത്താണ് 'വാറ്റ്' നികുതി കൊണ്ടുവന്നത്. അന്ന് അദ്ദേഹം ഇത് വലിയ കുഴപ്പമായിരിക്കുമെന്ന് പറഞ്ഞു. പതിനായിരം കോടി രൂപയുടെ നികുതി ലാഭം ഈ സംസ്ഥാനത്തിനുണ്ടാകുമെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. അന്നത്തെ നിയമസഭയിൽ ഞാനും അദ്ദേഹവും തമ്മിൽ ഇക്കാര്യത്തെപ്പറ്റി തർക്കിച്ചതാണ്. ആ 'വാറ്റ്' പിന്നീട് വലിയ ലാഭകരമായ ഒന്നായി മാറി. അതുപോലെതന്നെ ജി.എസ്.ടി.-യും. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നപ്പോൾ അതിനെ ശക്തിയായി എതിർത്തു. പക്ഷെ ഇപ്പോൾ ഈ ബഡ്ജറ്റിലെ ഖണ്ഡികകളിൽ ജി.എസ്.ടി.-യുടെ സവിശേഷതകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വർണ്ണിക്കുന്നത്. അത് അന്തർ-സംസ്ഥാന നികുതി ബന്ധങ്ങളിൽ ഒരു യൂണിഫോമിറ്റി വരുത്തുമെന്നും നികുതിക്കുമേൽ നികുതി ഉണ്ടാകില്ലെന്നും ലോക രാജ്യങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ നികുതി ഈടാക്കുന്ന ഒരു രാജ്യം ഇൻഡ്യയാണ് എന്നുള്ള ഒരു കുറവ് പരിഹരിച്ച് മറ്റുള്ള ഉൽപ്പന്നങ്ങളുമായി കോമ്പീറ്റ് ചെയ്യാൻ കഴിയാവുന്ന തരത്തിൽ നമ്മുടെ നികുതി സമ്പ്രദായം പൂർണ്ണമായിത്തന്നെ പരിഷ്കരിക്കപ്പെടുന്ന ഒന്നാണെന്നും അതിന്റെ സവിശേഷതകളെക്കുറിച്ചുമെല്ലാം പറയുന്നു. ജി.എസ്.ടി.-യുടെ എംപവേർഡ് കമ്മിറ്റിയിൽ അംഗമായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസംവരെ ജി.എസ്.ടി.-യുടെ പ്ലസ് പോയിന്റുകളെക്കുറിച്ചാണ് സംസാരിച്ചിരുന്നത്. പക്ഷെ ശ്രീനഗറിൽ ചേർന്ന കഴിഞ്ഞ ദിവസത്തെ സമ്മേളനത്തിനുശേഷം അദ്ദേഹം കീഴ്മേൽ മറിഞ്ഞിരിക്കുകയാണ്. എന്തുകൊണ്ടാണ് സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ജി.എസ്.ടി.-ക്ക് എതിരായി സംസാരിക്കുന്നതെന്ന് അറിയാൻ ഞങ്ങൾക്കെല്ലാവർക്കും ആഗ്രഹമുണ്ട്. കാരണം ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതിനും ഈ ബഡ്ജറ്റിലെ ഖണ്ഡികകളിൽ

സൂചിപ്പിച്ചിരിക്കുന്നതിനും വിരുദ്ധമായ ഒരു നിലപാട് ശ്രീനഗറിലെ മീറ്റിംഗ് കഴിഞ്ഞതിനുശേഷം ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കാനുള്ള കാരണമെന്താണെന്ന് ഞങ്ങൾക്കറിയണം. അങ്ങ് പറഞ്ഞിരിക്കുന്ന ഒരു പോയിന്റിനോട് ഞങ്ങൾ യോജിക്കുന്നു. ജി.എസ്.ടി. നടപ്പാക്കിക്കഴിയുമ്പോൾ നികുതി ഭാരം കുറയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ധാരാളം ഉൽപ്പന്നങ്ങൾക്ക് നികുതി ഗണ്യമായി കുറയും. പ്രത്യേകിച്ച് ഇടത്തരക്കാരും സാധാരണക്കാരും ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നികുതി ഭാരം കുറയുമ്പോൾ അതിന് ഗുണഫലം എവിടെയാണുണ്ടാകുന്നത്; വില കുറയണം. പക്ഷെ ഈ വലിയ തോതിൽ ഉൽപ്പന്നങ്ങളുണ്ടാക്കുന്ന കോർപ്പറേറ്റ് കമ്പനികൾ വില കുറയ്ക്കാൻ തയ്യാറാകുമോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മാക്സിമം റീട്ടെയിൽ പ്രൈസ് കൊടുത്തിരിക്കുന്നതിനേക്കാൾ വില കുറയ്ക്കാൻ അവർ തയ്യാറാകണം. വില കുറയ്ക്കാൻ അവർ തയ്യാറാകുന്നില്ല എന്നതുമാത്രമല്ല ജി.എസ്.ടി.-യുടെ ഫൈനൽ സ്റ്റേജ് വരുമ്പോഴേയ്ക്കും പല ഉൽപ്പന്നങ്ങളുടെയും എം.ആർ.പി. ഗൗരവതരമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ജി.എസ്.ടി. പോലുള്ള ഒരു നികുതി സമ്പ്രദായം വരുമ്പോൾ വില കുറയുന്നതിനുപകരം വില വർദ്ധിക്കുന്ന സംവിധാനം ദേശവ്യാപകമായി ഉണ്ടാകുകയാണ്. അതിനെ ഈ ഗവൺമെന്റ് എതിർത്താൽ ഞങ്ങൾ അതിന്റെകൂടെ ഉണ്ടാകുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാരണം ഇപ്പോഴുള്ള എം.ആർ.പി. നികുതി ഭാരം കുറയുന്നതിനനുസരിച്ച് കുറയ്ക്കണം, ജി.എസ്.ടി. വരുന്നതിന്റെ ഗുണഫലം സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാകുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം.

അതുപോലെ ലോട്ടറിക്ക് നികുതി വേണ്ട എന്നുപറയുന്ന തീരുമാനം ശരിയല്ല. അതിനുവേണ്ടി ആര് സമ്മർദ്ദം ചെലുത്തിയാലും അത് ശരിയല്ല. ഒരുപക്ഷെ നമുക്ക് നികുതി അടയ്ക്കേണ്ടിവരുമെങ്കിൽപ്പോലും ലോട്ടറിക്ക് നികുതിയുണ്ടാകണം. ഗാംബ്ലിംഗ് (ചൂതാട്ടം), റെയ്സിംഗ് എന്നിവ പോലെയുള്ള ഒന്നുതന്നെയാണ് ലോട്ടറിയും. നേരത്തെ ഗാംബ്ലിംഗ് ആക്ടിൽ ലോട്ടറിയെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് നിർബന്ധമായും ലോട്ടറിക്ക് നികുതി ഏർപ്പെടുത്തണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ജി.എസ്.ടി. വരുന്നതിനുമുമ്പ് കേരളത്തെക്കുറിച്ച് സാമ്പത്തിക വിദഗ്ദ്ധരായ ആളുകൾ പറഞ്ഞിരുന്നത് കേരളം ഒരു സേവനാധിഷ്ഠിത സംസ്ഥാനമാണ് എന്നാണ്. കാരണം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രൈമറി

സെക്ടറും സെക്കണ്ടറി സെക്ടറും വലിയ പെർഫോമൻസില്ലാത്ത ഒരു സ്റ്റേറ്റാണ് കേരളം. പക്ഷെ സേവന മേഖലയാണ്. ആ സേവന മേഖലയിൽ ജി.എസ്.ടി. വരുമ്പോൾ ഉണ്ടാകുന്ന വലിയ വർദ്ധനവ് നമ്മുടെ നികുതി വരുമാനത്തിലുമുണ്ടാകും എന്ന് ആദ്യമെല്ലാം പറഞ്ഞുകേട്ടിരുന്നു. ജി.എസ്.ടി. വരുന്നതിനുമുമ്പ് സേവന നികുതി പൂർണ്ണമായും പിരിച്ചിരുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ കേരളത്തിൽനിന്നും സേവന നികുതി പിരിച്ചതിന്റെ കണക്ക് സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലുണ്ടോ; സംസ്ഥാനത്തെ നികുതി വകുപ്പിന്റെ കയ്യിലുണ്ടോ; എത്ര കോടി രൂപയാണ്, അല്ലെങ്കിൽ എത്ര ശതമാനമാണ്; കേന്ദ്രം മൊത്തമായി പിരിച്ചിരുന്ന സേവന നികുതിയുടെ എത്ര ശതമാനമാണ് കേരളത്തിൽനിന്ന് ഇതിനുമുമ്പ് കളക്ട് ചെയ്തിരുന്നത്? അങ്ങനെയൊരു വലിയ തുക കേന്ദ്ര ഗവൺമെന്റ് കളക്ട് ചെയ്തിട്ടുണ്ട് എങ്കിൽ ഈ ജി.എസ്.ടി. വരുമ്പോൾ വലിയൊരു വർദ്ധനവ് നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടാകും. ഇതിനുമുമ്പ് സംസ്ഥാനത്തെ നികുതി വകുപ്പോ അല്ലെങ്കിൽ ഇവിടെയുള്ള ഏതെങ്കിലും ഗവേഷണ സ്ഥാപനങ്ങളോ അതിനെക്കുറിച്ചൊരു പഠനം നടത്തിയിട്ടുണ്ടോയെന്ന് അങ്ങ് വ്യക്തമാക്കുമെന്ന് ഞാൻ കരുതുന്നു. യഥാർത്ഥത്തിൽ ജി.എസ്.ടി., നികുതി നൽകുന്നതിനുവേണ്ടി ആളുകളെ പ്രേരിപ്പിക്കുന്ന ഒന്നാണ്. കാരണം, നികുതി വളരെ റാഷണലൈസ് ചെയ്യുമ്പോൾ നികുതിയുടെ നെറ്റ്‌വർക്കിന് പുറത്തുനിൽക്കുന്നവരാണ് ഏറ്റവും കൂടുതൽ. ശരിക്കുപറഞ്ഞാൽ നികുതി കൊടുക്കുന്ന ആളുകളെ നോക്കി നികുതി കൊടുക്കാത്ത ആളുകൾ കൊഞ്ഞനംകുത്തി നിൽക്കുന്ന ഒരു നികുതി സമ്പ്രദായമാണ് നമ്മുടെ നാട്ടിലുള്ളത്. പ്രധാനപ്പെട്ട ആളുകളല്ലേ പുറത്തുനിൽക്കുന്നത്. മനഃപൂർവ്വമായി നികുതി കൊടുക്കാതിരിക്കുന്നതിനുവേണ്ടി ക്രിമിനൽ കുറ്റം ചെയ്യുന്നവരാണ് ഒരുകൂട്ടർ. മറ്റൊരു കൂട്ടർ, അവർക്ക് താങ്ങാൻ പറ്റുന്നില്ല. അശാസ്ത്രീയമായ നികുതി സമ്പ്രദായങ്ങളുണ്ടാകുമ്പോൾ അവരുടെ ഉൽപ്പന്നവും ലാഭവുമായി ബന്ധപ്പെട്ട് ഈ നികുതി അവർക്ക് അഫോർഡ് ചെയ്യാൻ സാധിക്കാത്തതുകൊണ്ട് നികുതി സമ്പ്രദായത്തിൽനിന്ന് പുറത്തുനിൽക്കുന്ന, നികുതി അവോയ്ഡ് ചെയ്യുന്ന ആളുകളുണ്ട്. എല്ലാ ആളുകളെയും നികുതിയുടെ നെറ്റ്‌വർക്കിലേയ്ക്ക് കൊണ്ടുവരാൻ ഈ ജി.എസ്.ടി. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ആലോചന വേണ്ടത്. നികുതിയുടെ നെറ്റ്‌വർക്ക് വർദ്ധിപ്പിച്ചുകൊണ്ട് നികുതി കുറച്ചിട്ടാണെങ്കിലും കൂടുതൽ ആളുകളെ നികുതിയുടെ നെറ്റ്‌വർക്കിൽ ഉൾപ്പെടുത്താനുള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ കരുതുന്നു. നികുതി പിരിവുമായി ബന്ധപ്പെട്ട് വലിയൊരു പരാതി എനിക്ക് ഈ സഭയുടെ മുമ്പാകെ വയ്ക്കാനുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ നേതൃത്വം നൽകുന്ന സി.പി.ഐ (എം) അനുകൂലമായിട്ടുള്ള ഇടതുപക്ഷ വ്യാപാരി സംഘടനയുണ്ട്. ആ വ്യാപാരി സംഘടനയിൽ അംഗമായ എറണാകുളത്തെ ഒരു മൊത്തവസ്ത്ര വ്യാപാരിയുടെ കടയിൽ കഴിഞ്ഞ ഏപ്രിൽ മാസം 22-ാം തീയതി റെയ്ഡ് നടന്നു. പാലക്കാട്ടും തൃശ്ശൂരിലുമുള്ള ഒൻപത് ഇന്റലിജൻസ് ഉദ്യോഗസ്ഥർ വന്നാണ് റെയ്ഡ് നടത്തിയത്. അവിടെ ഈ സംഘടനയിൽപ്പെട്ട ആളുകളും അവരുടെ ഗുണ്ടകളും ചേർന്ന് ഉദ്യോസ്ഥരെ ക്രൂരമായി മർദ്ദിച്ചു. മാത്രമല്ല, 20 കോടി രൂപയുടെ നികുതിവെട്ടിച്ച രേഖകൾ അവർ പിടിച്ചെടുത്തിട്ടുണ്ടായിരുന്നു. ആ രേഖകൾ പരസ്യമായി ഈ ഗുണ്ടകളും കച്ചവടക്കാരും അവരുടെ ബന്ധുക്കളുംകൂടി കീറി കാറ്റിൽപ്പറത്തി. ഞാൻ പറയുന്ന കാര്യങ്ങളെല്ലാം പിന്നീട് പോലീസിന് കിട്ടിയ ഈ സി.ഡി.യിലുണ്ട് (സി.ഡി. ഉയർത്തിക്കാണിച്ചു). അങ്ങനെയൊരു റെയ്ഡ് നടത്തിയത് ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടിയും അവർ നികുതി വെട്ടിപ്പ് നടത്തിയതിന്റെ ഇൻഫർമേഷൻ കിട്ടിയതിന്റെ അടിസ്ഥാനത്തിലുമാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ കണ്ടു. അങ്ങനെയാണെങ്കിൽ നിയമപരമായി നികുതി വെട്ടിപ്പ് നടത്തിയ ആളുകളെ പിടിക്കാൻവേണ്ടി അകത്തുചെന്ന, കൈക്കൂലി വാങ്ങാത്ത ഈ ഉദ്യോഗസ്ഥരെ ക്രൂരമായി മർദ്ദിക്കുകയും അവർ അവിടെനിന്ന് പിടിച്ചെടുത്ത രേഖകൾ നശിപ്പിക്കുകയും ചെയ്തവർക്കെതിരായി എന്തുനടപടി സ്വീകരിച്ചു വെന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പരാതി കൊടുത്തുകഴിഞ്ഞപ്പോൾ കേസ്സെടുത്തു എന്നല്ലാതെ ഒരു മാസമായി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്ത, പ്രധാനപ്പെട്ട രേഖകൾ നശിപ്പിച്ച ഒരാളെപ്പോലും പോലീസ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അത് വളരെ ദൗർഭാഗ്യകരമാണ്. ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയവരിൽ ഒരാളെപ്പോലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അതിനെക്കാൾ ഗൗരവമായിട്ടുള്ള കാര്യമെന്നുപറയുന്നത് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നുള്ളതാണ്. അവിടെനിന്നും പിടിച്ചെടുത്ത രേഖകൾ പരിശോധിച്ച് അസസ്സ്മെന്റ് കൊടുക്കാനോ പെനാലിറ്റി കൊടുക്കാനോ ഉള്ള ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. നികുതി പിരിവിനിറങ്ങുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, അവരുടെ ആത്മവീര്യം തകർക്കുന്ന നടപടികളാണ് ചെയ്യുന്നതെങ്കിൽ, പാർട്ടിയാണ് ഇത്തരം കാര്യങ്ങൾ തീരുമാനിക്കുന്നതെങ്കിൽ, പാർട്ടിക്കാരുടെ വീട്ടിൽനിന്നും അവരുടെ കടകളിൽനിന്നും നികുതി പിരിക്കണ്ട എന്നൊരു തീരുമാനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ ഇവിടെ എങ്ങനെ ശരിയായ നികുതി പിരിവ് നടക്കും എന്ന് അങ്ങ് വ്യക്തമാക്കേണ്ടതുണ്ട്. ഇത്തരമൊരു നടപടി ചെയ്ത ആളുകളെ

അടിയന്തരമായി അറസ്റ്റുചെയ്യാനുള്ള നിർദ്ദേശവും അവർക്കെതിരായി ഡിപ്പാർട്ട്മെന്റലായിട്ടുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ടാക്സ് കളക്ഷനുമായി ബന്ധപ്പെട്ട് ഇവിടെ പലപ്പോഴും അഴിമതിരഹിത വാളയാറും അഴിമതിരഹിത ചെക്ക് പോസ്റ്റുകളെയും കുറിച്ചൊക്കെ പറഞ്ഞു. പക്ഷെ ഇപ്പോൾ വീണ്ടും ചെക്കുപോസ്റ്റുകളിൽനിന്നും ധാരാളം കൈക്കൂലി വാർത്തകൾ പുറത്തുവരുന്നുണ്ട്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. അങ്ങ് സദുദ്ദേശത്തോടുകൂടി ചെയ്ത കാര്യമാകാം. എന്തുകൊണ്ടാണ് വീണ്ടും ചെക്കുപോസ്റ്റുകൾ അഴിമതി കേന്ദ്രങ്ങളായി മാറുന്നതെന്ന് അന്വേഷിക്കണം. ഭരണാനുകൂല സംഘടനകളാണ് ട്രാൻസ്ഫർ നടത്തുന്നത്. മൂന്നുമാസവും ആറുമാസവും ചെക്കുപോസ്റ്റുകളിലെ പോസ്റ്റിംഗിന് അവിടത്തെ ഭരണാനുകൂല സംഘടനകൾ എഴുതിത്തരുന്ന പേരുകളാണ് ഇപ്പോൾ കൊടുക്കുന്നത്. നേരത്തെ അഴിമതിരഹിത പദ്ധതി നടപ്പിലാക്കിയ സന്ദർഭത്തിൽ ഒരുപക്ഷെ മന്ത്രിയോ മന്ത്രിയുടെ ഓഫീസോ നേരിട്ട് പോസ്റ്റിംഗ് നടത്തിയപ്പോൾ കുറെ നാളത്തേയ്ക്ക് നിയന്ത്രിക്കാൻ കഴിഞ്ഞുവെങ്കിൽ ഇപ്പോൾ ഭരണാനുകൂല സംഘടനയിലെ ആളുകൾ എഴുതിക്കൊടുക്കുന്ന ആളുകൾ ചെക്ക് പോസ്റ്റിൽ ചെന്നപ്പോൾ അവർ മേശയ്ക്കടിയിൽക്കൂടിയും മേശയ്ക്ക് മീതെക്കൂടിയും കൈനീട്ടിക്കൊണ്ടിരിക്കുകയും ചെക്ക് പോസ്റ്റുകൾ വീണ്ടും അഴിമതി കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയുമാണ്. ജി.എസ്.ടി വരുമ്പോൾ ചെക്ക്പോസ്റ്റ് ഉണ്ടാവില്ല എന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ചെക്ക്പോസ്റ്റുണ്ടാകും എന്ന് ഇപ്പോൾ പറയുന്നു. ഇതുസംബന്ധിച്ച കാര്യങ്ങൾക്കൂടി അങ്ങ് വ്യക്തമാക്കണം.

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല എന്നെല്ലാം പറയുന്നുണ്ടെങ്കിലും മാർച്ച് 31-ാം തീയതിക്ക് മുമ്പായി ബിൽ കൊടുത്ത എത്രയോ പഞ്ചായത്തുകൾക്ക് പണം കിട്ടിയിട്ടില്ല. 31-ാം തീയതിക്കുമുമ്പ് ബിൽ സബ്മിറ്റ് ചെയ്തിട്ടും ഇതുവരെ പണം കിട്ടാത്ത ധാരാളം ലോക്കൽ ബോഡികൾ കേരളത്തിലുണ്ട്. അവർക്ക് പണം കിട്ടിയിട്ടില്ല. ലോക്കൽ ബോഡി മിനിസ്റ്റർക്ക് അറിയാം, അവർ ക്യൂവിലാണ്. ഇപ്പോൾ രണ്ടാമതും അവരോട് ബിൽ സബ്മിറ്റ് ചെയ്യാൻ പറയുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പല നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിച്ചുനിൽക്കുകയാണ്. ഏപ്രിൽ-മെയ് മാസത്തിലാണ് ഏറ്റവും കൂടുതൽ പണികൾ നടക്കേണ്ടത്. ഇനി ഇപ്പോൾ മഴയായി. ഒന്നും ചെയ്യാൻ കഴിയാത്ത ഘട്ടമാണ്. സംസ്ഥാനത്ത് യഥാർത്ഥത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടോ; പഞ്ചായത്തിലെ ബില്ലുകൾപോലും പേയ്മെന്റ് ചെയ്യാൻ

കഴിയാത്ത തരത്തിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണോ ഈ സർക്കാർ ഉഴലുന്നത് എന്ന് അങ്ങ് വ്യക്തമാക്കണം. ഈ സംസ്ഥാനത്തെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ഈ ഫിനാൻസ് ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കഴിയുന്നില്ല എന്നതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ സംസാരിച്ച ശ്രീ. എം. ഉമ്മർ, ശ്രീ. ഷാഫി പറമ്പിൽ തുടങ്ങി ഇപ്പോൾ സംസാരിച്ച് അവസാനിപ്പിച്ച ശ്രീ. വി. ഡി. സതീശൻ അടക്കം സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ആശങ്കകൾ പ്രകടിപ്പിക്കുകയുണ്ടായി. ഒരു കാര്യം വളരെ ശരിയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ടതുപോലെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ലക്ഷ്യമിട്ടതിന്റെ ഏതാണ്ട് പകുതിയാണ് വർദ്ധനവുണ്ടായത്. നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെയൊക്കെ മാറ്റിനിർത്തിയാൽപ്പോലും ഉണ്ടാകേണ്ടിയിരുന്ന നികുതി വർദ്ധനവ് ഉണ്ടായില്ല എന്നുള്ളത് ഒരു വാസ്തവമാണ്. അതിൽ ഗൗരവമായിട്ടുള്ള ഒരു ചോദ്യം ഉന്നയിച്ചത് ശ്രീ. കെ. എസ്. ശബരീനാഥനാണ്. അദ്ദേഹം പറഞ്ഞത് കുടിശ്ശിക പിരിച്ചതിനെക്കുറിച്ചാണ്. ആറായിരം എന്ന കണക്കാണ് അദ്ദേഹം പറഞ്ഞത്, എല്ലാ വകുപ്പിന്റെയും കൂടിച്ചേർത്താണ് പതിനായിരം എന്നുപറയുന്നത്. ആ കുടിശ്ശിക പിരിച്ചുവെങ്കിൽതന്നെ എത്ര കോടി രൂപ വരുമായിരുന്നു; അതിനെന്താണ് തടസ്സം എന്ന ഗൗരവകരമായ ചോദ്യമായിരുന്നു അദ്ദേഹം ചോദിച്ചത്. എനിക്ക് പറയാനുള്ളത് ആറായിരം കോടി രൂപ കുടിശ്ശിക എന്നുപറയുന്നുണ്ടെങ്കിലും ആറായിരമില്ല. ഇനി പിരിക്കാൻ പറ്റില്ലെന്ന് കളക്ടർമാർ പറഞ്ഞിട്ടുള്ള തുക നമ്മൾ എഴുതിത്തള്ളിയിട്ടില്ല. സ്വർണ്ണത്തിന്മേലുള്ള പർച്ചേസ് ടാക്സ് പിൻവലിക്കണമെന്ന് ഇവിടെ എല്ലാപേരും പറഞ്ഞു. ആ കുടിശ്ശിക എഴുതിത്തള്ളിയാലും 2000 കോടി രൂപയേ മാറുകയുള്ളൂ. ഇതെല്ലാം കഴിഞ്ഞാലും 3000-4000 കോടിയോളം രൂപ നികുതി കുടിശ്ശികയായി ഉണ്ടാകും. എന്താണ് ഈ ഫിനാൻസ് ബിൽകൊണ്ട് ലക്ഷ്യമിടുന്നതെന്ന് പലരും ആശ്ചര്യകരമായി ചോദിച്ചു. ഈ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുക എന്നതാണ് ഫിനാൻസ് ബില്ലിന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് ആംനസ്റ്റി സ്കീം കൊണ്ടുവന്നിട്ടുള്ളത്. കുടിശ്ശിക എന്നുപറയുമ്പോൾ സർക്കാരിന് കിട്ടേണ്ട നികുതിയുണ്ട്, അതിന്റെ പലിശയുണ്ട്, പിന്നെ എല്ലാത്തിനുമുള്ള പെനാലിറ്റിയുമുണ്ടാകും. പെനാലിറ്റി 200 ശതമാനമാണ്. അതടങ്ങുന്നതാണ് ഈ പറയുന്ന തുക. നമ്മൾ ആംനസ്റ്റിയിൽ ചില ഇളവുകൾ നൽകി പരമാവധി നികുതി സമാഹരണം നടത്താനുള്ള പരിശ്രമം നടത്തുകയാണ്. 1500 കോടി രൂപയ്ക്കും 2000 കോടി രൂപയ്ക്കും ഇടയ്ക്കെങ്കിലും ഈ

വർഷം നികുതി സമാഹരിക്കാൻ കഴിയണം. അതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് പ്രിസംപ്റ്റീവ് ടാക്സ്, 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരുമാനമുണ്ടെങ്കിൽ വാറ്റും നിയമപ്രകാരമുള്ള നികുതിയും നൽകണം. അതിന് താഴെയാണെങ്കിൽ 0.5 ശതമാനം നികുതി നൽകണം. എല്ലാവർക്കും അറിയാം, ധാരാളം വ്യാപാരികൾ അറുപത് ലക്ഷം രൂപയിൽ വിറ്റുവരുമാനമെത്തുമ്പോൾ അത് താഴ്ത്തിക്കാണിക്കും. അങ്ങനെയൊരു പതിനായിരം പേരുടെ ലിസ്റ്റ് ഇപ്പോഴുണ്ട്. അവർക്കൊക്കെ മുഴുവൻ തുകയ്ക്കും പെനാലിറ്റിയായി 14.5 ശതമാനം വച്ച് ഈടാക്കാൻ തീരുമാനിച്ചാൽ അവർ ആത്മഹത്യ ചെയ്യേണ്ടിവരും. അത് നാട്ടിൽ ഉണ്ടായിട്ടുള്ളതാണ്. അതുകൊണ്ട് നമ്മൾ ഒരു ഇളവ് നൽകി. അവരുടെ മൊത്തം ടേൺ ഓവർ 60 ലക്ഷം രൂപയ്ക്ക് താഴെയാണെങ്കിൽ അര ശതമാനവും 60 ലക്ഷത്തിനും ഒരു കോടി രൂപയ്ക്കും ഇടയ്ക്കാണെങ്കിൽ ഒരു ശതമാനവും ഒരു കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ രണ്ട് ശതമാനവും നൽകണമെന്നതാണ് ഇളവ്. കഴിഞ്ഞ സഭയിൽ ശ്രീ. വി. ഡി. സതീശൻ ഇവിടെ വച്ചത് സ്വല്പം കഠിനമാണ്. ചില കാര്യങ്ങളിൽ വളരെ ഉയർന്ന ഭാരം വരുമെന്നൊക്കെ പറഞ്ഞിരുന്നു. ഇതുപോലെ വാറ്റ് നികുതിയിലും ധാരാളം കുടിശ്ശികയുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ട് സർക്കാർ എടുത്തിരിക്കുന്ന ഒരു സമീപനം, വാറ്റ് നികുതിയിൽ മുതലും പെനാലിറ്റിയുടെ മുപ്പതുശതമാനവും തരണം. പലിശ പോട്ടെ, എങ്കിൽ നമുക്ക് ശരിയാക്കാം. ഉദാരമായ വ്യവസ്ഥ വച്ച് സർക്കാരിന് കിട്ടേണ്ട നികുതിയും പലിശയും കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് പ്ലാനിംഗിൽ ചട്ടമുണ്ടാക്കി പ്രഖ്യാപിക്കലല്ല. ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിംകുഞ്ഞ് നിയമം പാസ്സാക്കുന്നതിനുമുമ്പ് ചട്ടം എങ്ങനെയെന്ന് ചോദിച്ചു. നമ്മുടെ ഫിനാൻസ് ബില്ലിനൊരു പ്രത്യേകതയുണ്ട്. സഭയിൽ വയ്ക്കുന്ന അന്നുമുതൽ അത് ആക്ടാകും. മുൻകാല പ്രാബല്യം അതിനുണ്ട്. അതുകൊണ്ടത് ചെയ്യണമെങ്കിൽ നമുക്ക് ചില ആസൂത്രണങ്ങൾ വേണ്ടിവരും. അപ്പോഴും ചട്ടമുണ്ടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് എല്ലാ ജില്ലയിലും ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. യോഗങ്ങളെല്ലാം തീർന്നിട്ടില്ല. ഇനി അപ്പീൽകാരുടെയും ഇന്റലിജൻസുകാരുടെയും യോഗമുണ്ട്. ഇതെല്ലാം കൂടിയാകുമ്പോൾ എല്ലാതലത്തിലും ചർച്ച ചെയ്തുകഴിഞ്ഞിരിക്കും.

3.00 PM]

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മൾ എന്റയർ സിസ്റ്റം ചെയ്ഞ്ച് ചെയ്തുകൊണ്ട് ജി.എസ്.ടി.-യിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയാണ്. വർഷങ്ങളായി

കിടക്കുന്ന കേസുകൾ, അരിയേഴ്സ്, റിവിഷൻ പെറ്റീഷൻ, അപ്പീൽ തുടങ്ങി ധാരാളം കാര്യങ്ങളുണ്ട്. ഇതിൽ ചില കാര്യങ്ങളിൽ മാത്രമാണ് ആംനെസ്റ്റി സ്കീം അനൗൺസ് ചെയ്തിട്ടുള്ളത്. പക്ഷെ എല്ലാത്തിനുംകൂടി ഒരു സ്കീം അനൗൺസ് ചെയ്ത് മൊത്തമായി കിട്ടാവുന്നത്രയും പണം പിരിച്ചെടുക്കുകയും ഈ സിസ്റ്റം അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ പുതിയ സിസ്റ്റത്തിലേയ്ക്ക് മാറുമ്പോൾ ധാരാളം സാങ്കേതിക പ്രശ്നങ്ങളുണ്ടാകും. ഇത് പരിഹരിക്കാൻ കഴിയില്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിന് തന്നെയാണ് പരിശ്രമിക്കുന്നത്. അതിനാലാണ് എല്ലാ നിയമത്തിലും ആംനെസ്റ്റി പറഞ്ഞിട്ടുള്ളത്. പക്ഷെ 2010-11 വരെയേ നമ്മൾ കൊടുത്തിട്ടുള്ളൂ. കാരണം അതിനുശേഷമുള്ള അസസ്മെന്റ് തീർന്നിട്ടില്ല. അസസ്മെന്റും റീ-അസസ്മെന്റും തീർക്കാതെ ആംനെസ്റ്റി പ്രഖ്യാപിച്ചാൽ ഇനി ഞങ്ങളൊന്നും നോക്കില്ലെന്ന് പ്രഖ്യാപിക്കുന്നതിന് തുല്യമായിരിക്കും. അതുകൊണ്ടാണ് 2010-11 വരെയുള്ള കേസുകൾക്ക് ആംനെസ്റ്റി വയ്ക്കുന്നത്. വലിയ അളവിൽ അപ്പീൽ കേസ്സുകൾ കെട്ടിക്കിടക്കുന്നത് സമയബന്ധിതമായി തീർപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി പുതുതായി അപ്പീൽ ഡി.സി.-മാരെ നിയമിച്ചിട്ടുണ്ട്, കൂടുതൽ ബെഞ്ചുകളുമുണ്ട്. അതിനാൽ ഇക്കാര്യങ്ങളെല്ലാം കൂടുതൽ വേഗത്തിൽ നടക്കുമെന്നാണ് കരുതുന്നത്.

അതുപോലെ അസസ്മെന്റ്, റീ-അസസ്മെന്റ് നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയാണ്. അതിൽ ഇന്റലിജൻസ് വിഭാഗം കണ്ടുപിടിച്ച ക്രൈം ഫയലുകൾ, വാഹന ചെക്കിംഗുമായി ബന്ധപ്പെട്ട കേസുകൾ, എ.ജി. കണ്ടുപിടിച്ചവ, ഇന്റേണൽ ഓഡിറ്റ് വിംഗ് കണ്ടുപിടിച്ചവ എന്നിവ ഉൾപ്പെടെ ആയിരക്കണക്കിന് കേസ്സുകളുണ്ട്. അവയെല്ലാം സമയബന്ധിതമായി അസസ്മെന്റും റീ-അസസ്മെന്റും നടത്തി തീർപ്പാക്കുന്നതിനുള്ള ആലോചനകളാണ് ജില്ലാതല യോഗങ്ങളിൽ നടക്കുന്നത്. മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ പ്രസ്തുത യോഗങ്ങൾ നടന്നുകഴിഞ്ഞു. എത്രയുംപെട്ടെന്ന് അസസ്മെന്റുകളും റീ-അസസ്മെന്റുകളും പൂർത്തീകരിക്കാനും അപ്പീൽ കേസ്സുകളിൽ തീർപ്പുണ്ടാക്കാനും ഹൈക്കോടതിയിലെ പെൻഡിംഗ് കേസ്സുകളിൽ ഇടപെടാനും തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ പ്രേരിപ്പിച്ച് സെറ്റിൽ ചെയ്യിക്കുന്നതിനുള്ള നിയമനിർമ്മാണം എന്നതാണ് ഈ ഫിനാൻസ് ബില്ലിന്റെ പ്രസക്തി.

ഈ ബില്ലിൽ വരാത്ത ചില കാര്യങ്ങളെക്കുറിച്ച് പല മെമ്പർമാരും ഇവിടെ പറയുകയുണ്ടായി. അതിലൊന്ന് സ്വർണ്ണത്തിന്റെ പർച്ചേസ് ടാക്സ് സംബന്ധിച്ചാണ്. അക്കാര്യം മുൻ ധനകാര്യ വകുപ്പുമന്ത്രിയും പ്രസ്താവിക്കുകയുണ്ടായി.

നിയമനിർമ്മാണ വേളയിൽ അന്നദ്ദേഹം ലക്ഷ്യമിട്ടതല്ല, അദ്ദേഹത്തിന് അങ്ങനെയൊരു ഇന്റൻഷനുണ്ടായിരുന്നില്ല. അബദ്ധത്തിൽ വന്ന പാകപ്പിഴയാണത്. ദുർവ്വഹമായിട്ടുള്ള ഭാരമാണ് വ്യാപാരികളുടെമേൽ വച്ചിട്ടുള്ളതെന്ന് ബഹുമാന്യരായ കക്ഷിനേതാക്കന്മാരെല്ലാം പറഞ്ഞിരുന്നു. ഇങ്ങനെയുള്ള ഏർപ്പാടുകൾ ഉണ്ടാകില്ലെന്ന് പറഞ്ഞുതന്നെയാണ് വ്യാപാരികളെ കോമ്പൗണ്ടിംഗ് സ്കീമിലേയ്ക്ക് കൊണ്ടുവന്നിരുന്നത്. അത് നീക്കം ചെയ്യേണ്ടതാണ്. ഒഫീഷ്യൽ അമെന്റ്മെന്റായി സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ചർച്ച ചെയ്യാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ട് വിഷയങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ശ്രീ. വി. കെ. സി. മമ്മത് കോയ സംസാരിച്ചപ്പോഴും ബേക്കറി ഷോർട്ടനിംഗുമായി ബന്ധപ്പെട്ട പ്രശ്നം പറഞ്ഞതാണ്. അത് വനസ്പതിക്ക് തുല്യമാണെന്ന ഡിക്ലറേഷൻ കൺസേൺഡ് അതോറിറ്റിയിൽ നിന്ന് കിട്ടിയിട്ടുണ്ട്. അത് പിരിക്കാത്ത നികുതിയാണ്. ഇതിലൊരു ഓപ്പണിംഗ് ഇല്ലെന്നതാണ് കഴിഞ്ഞ പ്രാവശ്യം സബ്ജക്ട് കമ്മിറ്റിയിൽ സംസാരിച്ചപ്പോൾ പറഞ്ഞത്. ഇതും പരിഹരിക്കപ്പെടേണ്ടതല്ലേ. അത് അവർ കളക്ട് ചെയ്യാത്ത പൈസയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കഴിഞ്ഞ തവണ ഒഫീഷ്യലായി ഡിക്ലയർ ചെയ്ത മൊബൈൽ ചാർജ്ജറിന്റെ വിഷയവും ഇതിൽ വരും. മറ്റൊന്ന്, ബേക്കറി ഷോർട്ടനിംഗിന്റേതാണ്. മാർഗറൈൻ 14.5 ശതമാനവും വനസ്പതിക്ക് 5 ശതമാനവുമാണ് നികുതി. ഇതിനിടയ്ക്കാണ് ബേക്കറി ഷോർട്ടനിംഗ് വരുന്നത്. അത് വനസ്പതിയാണോ മാർഗറൈനാണോ എന്നൊരു തർക്കമുണ്ട്. ഡിപ്പാർട്ട്മെന്റ് അവസാനം നൽകിയ എക്സ്പ്ലനേഷൻ അത് മാർഗറൈൻ ആണെന്നാണ്. പക്ഷെ, ആ എക്സ്പ്ലനേഷൻ നൽകിയത് നാല് മാസം മുമ്പായതിനാൽ അതിന് മുൻകാല പ്രാബല്യം നൽകുന്നത് എങ്ങനെയെന്ന ചോദ്യമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചത്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അതിനൊരു പോംവഴി കണ്ടെത്താം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഡിപ്പാർട്ട്മെന്റ് വനസ്പതിയാണെന്നാണ് പറഞ്ഞത്. അങ്ങ് പറഞ്ഞപ്പോൾ തെറ്റിപ്പോയി. മാർഗറൈൻ ആണെന്നാണ് പറഞ്ഞത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വനസ്പതിക്ക് 5 ശതമാനവും മാർഗറൈന് 14.5 ശതമാനവുമാണ്. ഞാൻ ഇവിടെ നൽകിയ എക്സ്പ്ലനേഷൻ മാർഗറൈനിലേയ്ക്ക് വിടാമെന്നുള്ളതാണ്. അങ്ങനെയല്ലെന്നാണ് അംഗങ്ങൾ ഇവിടെ പറഞ്ഞത്. ഏതായാലും എക്സ്പ്ലനേഷൻ നൽകിയ തീയതിക്ക് മുമ്പുള്ള

കാലത്തേതിൽ എന്താണ് ചെയ്യാൻ കഴിയുകയെന്ന് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് തീരുമാനമെടുക്കാം. എല്ലാവരും ജി.എസ്.ടി. നിയമത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ അതവതരിപ്പിക്കാൻ കഴിയാത്തതിൽ എനിക്ക് ഖേദമുണ്ട്. പക്ഷെ നിശ്ചയമായും നിയമപരമായ നടപടികൾ സ്വീകരിച്ച് ജൂലൈ 1-നുമുമ്പ് നമ്മൾ തയ്യാറെടുത്തിരിക്കും.

എന്താണ് ജി.എസ്.ടി.-യോടുള്ള വിമർശനം, വാറ്റിനോടുള്ള വിമർശനം? ശ്രീ. വി. ഡി. സതീശൻ എന്തുപറഞ്ഞാലും ഞാൻ പറഞ്ഞ സ്ഥലത്തുതന്നെ നിൽക്കുകയാണ്. വാറ്റ് ആയാലും ജി.എസ്.ടി. ആയാലും സംസ്ഥാനങ്ങളുടെ നികുതി അധികാരം ഇല്ലാതാകുമെന്ന പ്രശ്നമുണ്ട്. വേറെ തർക്കമല്ല. ഇനി കേരളത്തിൽ എന്തെങ്കിലും നികുതി വരുമാനം വർദ്ധിപ്പിക്കണമെന്ന് വിചാരിച്ചാൽ സാധിക്കുമോ. നമ്മുടെ വികസന പാത എന്താണെന്ന് തീരുമാനിക്കുന്നത് നമ്മുടെ വരുമാനവുമായി ബന്ധപ്പെട്ടാണ്. ഇപ്പോൾ നോർഡിക് രാജ്യങ്ങൾ - സ്വീഡൻ, നോർവ്വേ, ഡെന്മാർക്ക് -അവരുടെ ടാക്സ് റെറ്റിക്കുലേഷൻ 50 ശതമാനത്തിനടുത്താണ്. എന്നാൽ ഇന്ത്യയിൽ അത് 30 ശതമാനത്തിനടുത്താണ്. നമ്മൾ വേറൊരു പാതയാണ് പിന്തുടരുന്നത്. കേരളത്തിൽ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ സർക്കാർ കൂടുതൽ ഇടപെടുന്നു. അതുകൊണ്ട് നമ്മൾ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ നികുതി പിരിച്ചിട്ടുണ്ട്. നമ്മുടെ ടാക്സ്-ജി.ഡി.പി. റേഷ്യോ ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്. അതുവച്ചാണ് ഈ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നത്. നാളെ ഇത് പോരെന്നും നോർഡിക് രാജ്യങ്ങളെപ്പോലെ വേണമെന്ന് തീരുമാനിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഇതോടെ ഇല്ലാതാകും. അതാണ് വിമർശനം. അതേസമയം കേന്ദ്ര സർക്കാരിന്റെ അവകാശങ്ങളും പോയെന്ന് ചിലർ പറയുന്നുണ്ട്. പക്ഷെ, കേന്ദ്രത്തിന്റെ എല്ലാ അവകാശവും പോയിട്ടില്ല, അവർക്ക് ഡയറക്ട് ടാക്സസുണ്ട്, കസ്റ്റംസ് ഡ്യൂട്ടിയുണ്ട്, വേണമെങ്കിൽ നോട്ട് അച്ചടിക്കുകയും ചെയ്യാം. അവരുടെ സ്വാതന്ത്ര്യം പോകുന്നില്ല. പക്ഷെ, സംസ്ഥാനങ്ങളുടെ അധികാരം പോകുന്നു. നമ്മൾ വാറ്റ് സമ്പ്രദായത്തിലേയ്ക്ക് പോയി. ഏത് നികുതി സമ്പ്രദായമാണെങ്കിലും ഫലപ്രദമായി നടപ്പിലാക്കിയാൽ നികുതി പിരിക്കാം. വാറ്റിൽ കുറച്ചുകൂടി സൗകര്യങ്ങളുണ്ട്. ആ സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ചതിനാൽ നികുതി വരുമാനം കൂടി. പിന്നെ എന്തുകൊണ്ടാണ് ജി.എസ്.ടി.-യെ എതിർക്കാതിരുന്നത്? വാറ്റ് നികുതിയിലേയ്ക്ക് പോയപ്പോൾ തന്നെ നമ്മുടെ സ്വതന്ത്രമായ നികുതി അധികാരം പോയി. കഴിഞ്ഞ തവണ മന്ത്രിയായപ്പോൾ അധികാരമുണ്ടെന്ന് പറഞ്ഞ് ആദ്യത്തെ വർഷം ആഡംബര വസ്തുക്കൾക്ക് 20% നികുതി വച്ചു. പിറ്റേ വർഷം അത് പിൻവലിക്കേണ്ടി വന്നില്ലേ. വാറ്റ് സമ്പ്രദായത്തിൽ തനിച്ചങ്ങനെ പോകാൻ

പറ്റില്ല. ഇപ്പോൾ ഔപചാരികമായി, *de facto* ഇല്ലാതായിത്തീർന്നു, *de jure* ഇല്ലാതായിത്തീർന്നു. ആ വിമർശനം അവിടെ നിൽക്കുമ്പോൾതന്നെ നമുക്ക് ജി.എസ്.ടി.യെ കൂടുതൽ ഗുണപരമായി ഉപയോഗിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. അങ്ങനെ നോക്കുമ്പോൾ രണ്ട് കാര്യങ്ങൾ നമ്മൾ കാണണം. അതിലൊന്ന്, നമ്മൾ ഉപയോഗിക്കുന്ന സാധനങ്ങളിൽ 95 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതാണ്. നമ്മൾ ഇവിടെ ഉണ്ടാക്കുന്നതിന്റെ 75 ശതമാനവും പുറത്ത് വിൽക്കുകയും ചെയ്യുന്നു. കേരളത്തിൽ എൻട്രി ടാക്സില്ലാത്തതുകൊണ്ട് പുറത്തുനിന്ന് ആർക്കുവേണമെങ്കിലും എന്തും കൊണ്ടുവരാം. സ്വന്തം ഉപയോഗത്തിനെന്ന് പറഞ്ഞാൽ കേരളത്തിൽ നികുതി ചുമത്താൻ പറ്റില്ല. ഈ ചോർച്ച വളരെ വലുതാണ്.

കേരളത്തിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാളിനെപ്പറ്റി ഞാൻ അന്വേഷിച്ചു. ഇവിടെ അതിന് നികുതിയൊന്നും വാങ്ങിയിട്ടില്ല, എന്നാൽ കള്ളത്തരവുമല്ല. നിയമത്തിലെ ലൂപ്ഹോൾ ഉപയോഗിച്ചാണ് അവർ പുറത്തുനിന്ന് കൊണ്ടുവരുന്നത്. ഇന്ന് നമ്മൾ വീട് പണിയാൻ തുടങ്ങിയാൽ ഏജന്റ് വന്ന് ഇവിടെ നിന്നും മേടിക്കണ്ട കൊണ്ടുവന്ന് സപ്ലൈ ചെയ്യാം സ്വന്തം ഉപയോഗത്തിനെന്ന് പറഞ്ഞ് ഫോമിൽ ഒപ്പിട്ടുതന്നാൽ മതിയെന്ന് പറയും. ഇതാണ് രീതി. എന്നുമാത്രമല്ല കാശ്മീരിലെ യോഗത്തിലുണ്ടായ ഒരു പ്രധാനപ്പെട്ട തീരുമാനം ഇതാണ്. വിൽക്കാൻവേണ്ടി സാധനങ്ങൾ കൊണ്ടുവന്നുകഴിഞ്ഞാൽ നമുക്ക് നികുതി കിട്ടും. സ്വന്തം ഉപയോഗത്തിനായി ബിൽ എഴുതാതെ കൊണ്ടുവന്നാൽ നികുതി കിട്ടില്ല. പക്ഷേ സംസ്ഥാനത്തിന് പുറത്തുനിന്ന് സാധനങ്ങൾ വാങ്ങിക്കുന്ന ഒരാൾ കേരളത്തിലെ അഡ്രസ് നൽകുകയാണെങ്കിൽ ഐ.ജി.എസ്.ടി.-യാണ് ബാധകമാകുക; കേരളത്തിന് നികുതി ലഭിക്കും. എവിടെപ്പോയി ഷോപ്പ് ചെയ്താലും ബില്ലിൽ കേരളത്തിലെ വീട്ട് അഡ്രസ് കൊടുക്കാൻ തയ്യാറായാൽ ആ നികുതി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു നേട്ടമാണ്.

രണ്ടാമത്തേത്, നമുക്ക് കൂടുതൽ സർവ്വീസ് ടാക്സുള്ളതാണ്. ശ്രീ. വി. ഡി. സതീശൻ ചോദിച്ചതുപോലെ കേരളത്തിൽ നിന്ന് എത്ര സർവ്വീസ് ടാക്സാണ് കിട്ടുകയെന്ന് പറയാനാവില്ല. അങ്ങനെ ഒരു പഠനവുമില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, സാധാരണഗതിയിൽ ബിൽ വാങ്ങിക്കുമ്പോൾ അയാളുടെ പേരും ഫുൾ സ്റ്റേറ്റിന്റെ അഡ്രസ്സും തന്നെ കൊടുക്കണമെന്ന് നിർബന്ധമുണ്ടോ? എങ്കിൽ മാത്രമേ കേരളത്തിന് നികുതി ലഭിക്കുകയുള്ളോ? അപ്പോൾ അഡ്രസ് കൊടുക്കുന്ന ഉപഭോക്താവിന്റെ മനോധർമ്മത്തിനനുസരിച്ച് മാത്രമേ നമുക്ക് നികുതി ലഭിക്കുകയുള്ളോ. അല്ലാതെ കേരളത്തിന് നിർബന്ധമായി നികുതി ലഭിക്കുന്ന സാഹചര്യമില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: 50000 രൂപയ്ക്ക് മുകളിലാണെങ്കിൽ കൃത്യമായി അഡ്രസ് എഴുതി വാങ്ങിക്കണം. എസ്.ജി.എസ്.ടി., സി.ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിങ്ങനെ മൂന്നുതരത്തിലുണ്ട്. അന്തർ സംസ്ഥാന വ്യാപാരത്തിന് ഐ.ജി.എസ്.ടി. ആണ് ഏർപ്പെടുത്തുന്നത്. വാങ്ങിക്കുന്ന സംസ്ഥാനത്തല്ലാതെ, വേറെ അഡ്രസ് പറഞ്ഞാൽ ഐ.ജി.എസ്.ടി.-യിലാണ് അത് ബുക്ക് ചെയ്യുക. അപ്പോൾ നമുക്ക് ഓട്ടോമാറ്റികായി നികുതി ലഭിക്കും.

ശ്രീ. എം. ഉമ്മർ: ഇതിനെ ആധാർ കാർഡുമായി ലിങ്ക് ചെയ്യാൻ വല്ല വ്യവസ്ഥയുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: അങ്ങനെ നിർബന്ധമാക്കാൻ സാധിക്കില്ല. അത് ഉപഭോക്താവിന്റെ സ്വാതന്ത്ര്യമാണ്. ഉപഭോക്താവ് അഡ്രസ് നൽകിയില്ലെങ്കിൽ, വാങ്ങിക്കുന്ന സംസ്ഥാനത്തിന് നികുതി ലഭിക്കും. പക്ഷേ സ്വന്തം ഉപയോഗത്തിനാണെന്ന് പറഞ്ഞ് കേരളത്തിൽ അമ്പതിനായിരം രൂപയ്ക്ക് മുകളിൽ വരുന്നത് മുഴുവൻ ബിൽ ചെയ്യേണ്ടി വരും. ബിൽ ചെയ്യുമ്പോൾ ഐ.ജി.എസ്.ടി.യാണ് ബാധകമാകുക. ഐ.ജി.എസ്.ടി. അടയ്ക്കാതെ വണ്ടിയിൽ കയറ്റി കൊണ്ടുവരികയാണെങ്കിൽ നമുക്ക് പിടിക്കാം.

ഒരു ബാങ്കിന്റെ സർവ്വീസ് ടാക്സ് അതിന്റെ ഹെഡ് ക്വാർട്ടേഴ്സിലാണ് ഈടാക്കുന്നത്. ഓരോ ബ്രാഞ്ചിലും ഈടാക്കില്ല. അതുകൊണ്ട് കേരള സംസ്ഥാനത്തുനിന്ന് എത്ര സേവന നികുതി കിട്ടിയെന്നുള്ളത് നമുക്ക് ഇപ്പോൾ പറയാൻ കഴിയില്ല, ഊഹിക്കാനേ സാധിക്കുകയുള്ളൂ. എന്നാൽ ഇനി മുതൽ അങ്ങനെയല്ല. ഓരോ സംസ്ഥാനത്തും പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടി വരും. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള ട്രാൻസാക്ഷന് ആ സംസ്ഥാനത്തിന് തന്നെ നികുതി ലഭിക്കുകയും ചെയ്യും. അപ്പോൾ നമ്മുടെ നികുതി വരുമാനം ഗണ്യമായി കൂടാനുള്ള സാധ്യതയുണ്ട്. അപ്പോൾ അനുമാനം എന്താണ്? ഇന്ത്യയിൽ നിശ്ചയിക്കാൻ പോകുന്ന നിരക്ക്, റവന്യൂ ന്യൂട്രൽ നിരക്കായിരിക്കും. ജി.എസ്.ടി. വരുന്നതിനുമുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി വരുമാനം തന്നെ ജി.എസ്.ടി.-യുടെ ഈ നിരക്കിൽ കിട്ടും. ആ നിരക്ക് നിശ്ചയിക്കണമെന്നാണ് തീരുമാനം. അതിന്റെ അടിസ്ഥാനത്തിലാണ് 28, 18, 12, 5 എന്നീ നിരക്കുകൾ നിശ്ചയിച്ചത്. പക്ഷേ ഇപ്പോൾ അവസാനം തീരുമാനം വന്നപ്പോഴുണ്ടായത്, കേരളത്തിലെ 1200 മൊത്തം ടു ഡിജിറ്റ് ചരക്കുകളുള്ളതിൽ 960 ചരക്കുകൾക്ക് 14.5 ശതമാനം നികുതിയായിരുന്നു. ആ 14.5 ശതമാനത്തിന്റെ ജി.എസ്.ടി.യിലെ ഇന്നത്തെ നിരക്ക് 28 ശതമാനമാണ്. അതിന്റെ പകുതിയായ 14 ശതമാനം നമുക്ക് ലഭിക്കും. അങ്ങനെയുള്ളത് 200 എണ്ണമേയുള്ളൂ. ബാക്കിയെല്ലാം 18-ഉം 12-ഉം ശതമാനമാണ്. നമുക്ക് ലഭിക്കുന്നത് 9 അല്ലെങ്കിൽ 6 ശതമാനം

നികുതിയാണ്. ഇത്രയും കുറവുണ്ടാകും. നമുക്ക് മാത്രമല്ല, എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും കുറയും. 50000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കേന്ദ്രം തുടക്കത്തിൽ പറഞ്ഞത്. അത് കുറയ്ക്കാൻവേണ്ടി സെസ് ഏർപ്പെടുത്താൻ പോകുന്നുവെന്നാണ് അറിയുന്നത്. എന്നാൽ ചുരുങ്ങിയത് ഒരു ലക്ഷം കോടി രൂപയുടെയെങ്കിലും കുറവുണ്ടാകുമെന്നാണ് എന്റെ കണക്കുകൂട്ടൽ. ചിലപ്പോൾ അതിനെക്കാൾ കൂടുതൽ വരും. ഇതുസംബന്ധിച്ചിട്ടുള്ള വാഗ്വാദങ്ങൾ നടക്കുകയാണ്. നികുതി കൂട്ടണമെന്ന് വാദിച്ചിട്ടില്ല. പക്ഷേ റവന്യൂ വരുമാനം കുറയരുതെന്ന് പറഞ്ഞിട്ടുണ്ട്. നികുതി നിരക്കിൽ 40 ശതമാനത്തോളം കുറവ് വന്നാലും സാധനങ്ങളുടെ വില കുറയുമോ? കോർപ്പറേറ്റുകളാണ് വില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാരാണ് പറഞ്ഞിരിക്കുന്നത്, ഓരോ ചരക്കിന്റെയും നേരത്തെയുണ്ടായിരുന്ന 12 നികുതികളാണ് ഇല്ലാതാകുന്നത്. 12 നികുതികൾ കൂട്ടുമ്പോൾ എത്ര നികുതിയാണ് വന്നിരുന്നത്. എം.ആർ.പി. വിലയെന്താണ്? നികുതിയിളവിന്റെ ഫലമായി എം.ആർ.പി.യിൽ എന്തുമാറ്റം വേണമെന്നുള്ളത് പ്രഖ്യാപിക്കാൻ തയ്യാറാകണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇനി അവർ പ്രഖ്യാപിക്കാൻ തയ്യാറായില്ലെങ്കിലും കേരള സർക്കാർ ചെയ്യും. നമ്മൾ പ്രഖ്യാപിക്കുന്നതിനനുസരിച്ച് വില കുറയണമെന്നില്ല. പക്ഷേ നടക്കുന്ന അക്രമം മനസ്സിലാക്കണമല്ലോ. കോർപ്പറേറ്റ് കൊള്ള നടക്കുകയാണ്. നമ്മൾ ഒരുമിച്ചു നിൽക്കാമെന്ന് ശ്രീ. വി. ഡി. സതീശൻ പറയുകയുണ്ടായി. ജി.എസ്.ടി. വന്നതിന്റെ നേട്ടം ജനങ്ങൾക്ക് കിട്ടണം, കോർപ്പറേറ്റുകൾക്കല്ല കിട്ടേണ്ടത്. നല്ല കാര്യം. ഇതാണ് ഞാൻ പറഞ്ഞത്. അല്ലാതെ ജി.എസ്.ടി. മോശമെന്നുള്ളതല്ല. ഇതിപ്പോൾ കോർപ്പറേറ്റ് പ്ലണ്ടറിലേയ്ക്ക് നയിക്കുകയാണ്. കേരളം ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ജി.എസ്.ടി. നിയമത്തിൽ 'ആന്റി പ്രോഫിറ്റീറിംഗ് ക്ലോസ് കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ടെലിവിഷനുകളിലെല്ലാം ഈ ചരക്കിന് ഇത്ര നികുതിയായിരുന്നു; ഇത്ര കുറയുമെന്നൊക്കെ വന്നത്. അത് ചില ചരക്കുകളുടെ മാത്രമാണ്. പക്ഷേ എല്ലാ ചരക്കുകളുടെയും വേണമെന്നുള്ളതാണ് നിലപാട്. വളം തുടങ്ങിയ കാര്യങ്ങൾക്കൊക്കെ നികുതി ഇല്ലാതാക്കണമെന്ന് ഇവിടെ ഒരു ഡിമാന്റ് വന്നു. വ്യവസായ ഉല്പന്നങ്ങൾക്ക് നികുതി ഇല്ലാതായാൽ ആ വ്യവസായം തകർന്നുപോകും. അതാണ് ജി.എസ്.ടി.-യുടെ പ്രത്യേകത. ഇത് അറിയാത്തതുകൊണ്ടാണ്. ഉദാഹരണത്തിന് പത്രക്കാർ കേരളത്തിലും ഡൽഹിയിലും ഞങ്ങളെ വന്നുകണ്ട് ന്യൂസ് പേപ്പറിന് ഇതുവരെയും നികുതിയുണ്ടായില്ല, ഇനിയുണ്ടാകാൻ പാടില്ലെന്ന് ആവശ്യപ്പെട്ടു. വളരെ ന്യായമായ കാര്യമാണ്. ഇതുവരെയില്ലാത്ത നികുതി എങ്ങനെയാണ് ഏർപ്പെടുത്തുന്നത്? പക്ഷേ നികുതി നടപ്പായപ്പോൾ എന്താണുണ്ടായത്. ന്യൂസ് പ്രിന്റിനുമേൽ 5 ശതമാനം നികുതിയുണ്ട്. എന്തുകൊണ്ട് ഏർപ്പെടുത്തി? 5 ശതമാനം നികുതി ഏർപ്പെടുത്തണമെന്ന് ന്യൂസ് പ്രിന്റ് മുതലാളിമാർ ആവശ്യപ്പെട്ടു. കാരണം അവർ

വാങ്ങുന്ന അസംസ്കൃത വസ്തുക്കൾ, മെഷിനറി എന്നിവയ്ക്ക് നികുതിയുണ്ട്. ആ നികുതിക്ക് സെറ്റ് ഓഫ് കിട്ടണമെങ്കിൽ വിൽക്കുമ്പോഴും നികുതി വേണം. അല്ലെങ്കിൽ അതൊക്കെ അവരുടെ തലയിലിരിക്കും. നികുതി പാസ് ചെയ്യണ്ടേ. അതിന് 5 ശതമാനമെങ്കിലും വേണം. ഇന്ത്യയിൽ ന്യൂസ് പ്രിന്റ് ഇറക്കുമതിയുണ്ട്. ന്യൂസ് പ്രിന്റിന് നികുതിയില്ലെങ്കിൽ ഇറക്കുമതിക്കും നികുതിയുണ്ടാകില്ല. അപ്പോൾ ഇവിടത്തെ ന്യൂസ് പ്രിന്റുകാർ വാങ്ങിച്ച അസംസ്കൃത വസ്തുക്കൾക്കും ക്യാപിറ്റൽ ഗുഡ്സിനുമെല്ലാം അവർ നികുതി കൊടുക്കുമ്പോൾ ആ നികുതിയുടെ ഭാരമില്ലാത്ത ന്യൂസ് പ്രിന്റ് പുറത്തുനിന്ന് ഇറങ്ങുകയാണ്. ന്യൂസ് പ്രിന്റിന് 5 ശതമാനം നികുതി ഏർപ്പെടുത്തിയപ്പോൾ ഞങ്ങൾക്കും 5 ശതമാനം നികുതി ഏർപ്പെടുത്തണമെന്ന് പത്രക്കാർ വന്നുപറഞ്ഞു. അങ്ങനെ ആദ്യമായി ന്യൂസ് പേപ്പറിനുമേൽ 5 ശതമാനം നികുതി വന്നു. ഇതൊരു പുതിയ സമ്പ്രദായമാണ്. പണ്ട് വാറ്റ്-ന്റെ ഇൻപുട്ട് ക്രെഡിറ്റ് ആരംഭിക്കുന്നത് സംസ്ഥാനാതിർത്തിയിലാണ്. ഇന്ന് അങ്ങനെയല്ല, തുടക്കം മുതൽ അവസാനം വരെയും ഇൻപുട്ട് ക്രെഡിറ്റ് വരികയാണ്. അതുകൊണ്ടാണ് സെൽഫ് പോലീസിംഗ് വരുന്നത്. ബിൽ വാങ്ങിക്കൽ ഓരോരുത്തരുടെയും താല്പര്യമാണ്. ആ ബില്ലുണ്ടെങ്കിലേ ഔട്ട് പുട്ട് ടാക്സിൽ കിഴിവ് ലഭിക്കുകയുള്ളൂ. അതുകൊണ്ട് ബിൽ ചെയ്യപ്പെടും. ബിൽ കൃത്യമായി ഉണ്ടാകുന്നതുകൊണ്ട് നികുതി വരുമാനം കൂടും. അതിനാൽ വരുമാനം ഗണ്യമായി കൂടുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. അത്ര കുറവൊന്നും വരില്ല. അഥവാ വന്നാലും നമുക്ക് കൂട്ടാമല്ലോ എന്നുള്ള ന്യായം പറഞ്ഞുനിൽക്കുകയാണ്. ഇനി കൂട്ടുമ്പോഴേക്കും ഈ നേട്ടമുണ്ടായതെല്ലാം കോർപ്പറേറ്റുകൾക്ക് ലഭിക്കും. ഇനി നിരക്ക് കൂട്ടുമ്പോൾ കോർപ്പറേറ്റുകൾ വില പിന്നെയും കൂട്ടുമെന്നുള്ള പ്രശ്നം മാത്രമേയുള്ളൂ. അപ്പോൾ ജി.എസ്.ടി. പോലുള്ള പുതിയ സിസ്റ്റത്തിനുവേണ്ടി നമ്മൾ തയ്യാറെടുത്ത് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം. ഒന്നാമതായി ഈ നിയമമുണ്ടാക്കുന്നതിൽ കേരളത്തിൽ, മന്ത്രി മാത്രമല്ല, കമ്മീഷണർ, സെക്രട്ടറി എന്നിവരൊക്കെ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഈ പങ്കാളിത്തംകൊണ്ടാണ് ഇത്രയേറെ ഗുണകരമായി വന്നിട്ടുള്ളത്. ഉദാഹരണത്തിന്, ഇപ്പോഴുള്ള തീരുമാനപ്രകാരം ഇ-കൊമേഴ്സ് വഴി നമ്മൾ ഒരു സാധനം ഓർഡർ ചെയ്യുകയാണെങ്കിൽ അതിന്റെ നികുതി നമുക്ക് കിട്ടും. നേരത്തെ അങ്ങനെയായിരുന്നില്ല, ഹെഡ് ക്വാർട്ടേഴ്സിലായിരുന്നു നികുതി ലഭിച്ചുകൊണ്ടിരുന്നത്. ഇത് അംഗീകരിച്ചുകിട്ടുന്നത് ചെറിയ കാര്യമല്ല. ടൂർ ഓപ്പറേറ്റേഴ്സ്, ടിക്കറ്റ് അവിടെ ബുക്ക് ചെയ്താലും സർവ്വീസ് ടാക്സ് ഇവിടെയാണ് വരുന്നത്. ഇങ്ങനെയുള്ള മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ നമ്മുടെ ഉദ്യോഗസ്ഥർ വളരെ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇവിടത്തെ സീനിയറായ നമ്മുടെ ഉദ്യോഗസ്ഥർ ഏറ്റവും വിദഗ്ധരായിട്ടുള്ള ആളുകൾ ഇക്കാര്യം പഠിച്ച് ചെയ്തിട്ടുണ്ട്. ഞാൻ ഇത് വലിയ പ്ലസ് പോയിന്റായി കാണുന്നു.

രണ്ടാമതായി ഇതിന്റെ അടിസ്ഥാനത്തിൽ പരിശീലനങ്ങൾ നടന്നു. അത് പോരാ. വിൽപ്പന നികുതിയിൽ നിന്ന് VAT-ലേയ്ക്ക് പോകുമ്പോൾ utter confusion ആണ്. വാല്യൂ ആഡഡ് ടാക്സ് ഓരോ ഘട്ടത്തിലെയും മൂല്യം വർദ്ധിക്കുമ്പോൾ അതിന്മേൽ നികുതിയെന്ന് പറഞ്ഞാൽ മനസ്സിലാകില്ല, conceptualise ചെയ്യാൻ പറ്റില്ല. എന്നാൽ VAT-ൽ നിന്ന് GST-യിലേയ്ക്ക് പോകുന്നത് വളരെ ലളിതമാണ്. സംസ്ഥാന അതിർത്തിയിൽ VAT നികുതി നിൽക്കില്ല, അങ്ങേയറ്റം വരെ VAT പോകുമെന്ന് പറഞ്ഞാൽ പ്രശ്നം തീർന്നു. Conceptually അത് പ്രശ്നമുള്ള കാര്യമല്ല. ഉദ്യോഗസ്ഥർക്ക് മാത്രമല്ല, നമുക്ക് കൺഫ്യൂഷനുണ്ടാകും, വ്യാപാരികൾക്ക് കൺഫ്യൂഷനില്ല, അവർക്ക് ഒരു പ്രശ്നവുമില്ല. VAT-ന്റെ എക്സ്റ്റൻഷൻ മാത്രമാണിത്. അതുകൊണ്ട് വാറ്റ് നടത്തിയതുപോലുള്ള ഭയങ്കരമായ പരിശീലനത്തിന്റെ ആവശ്യമില്ല. മൂന്നാമത്തെ ഘടകം വരുന്നത് കമ്പ്യൂട്ടറൈസേഷന്റേതാണ്. കമ്പ്യൂട്ടറൈസേഷനിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം നമ്മുടേതാണ്. E-filing, e-payment, രേഖകൾ ഡൗൺലോഡ് ചെയ്യൽ തുടങ്ങിയ കാര്യങ്ങളിൽ വളരെ prepared ആണ്. ഇവിടെ ജി.എസ്.ടി.എൻ.-ഉം ആയി കരാർ ഉണ്ടാക്കിയിട്ടുണ്ടോയെന്ന് ചോദിച്ചു. കരാർ മാത്രമല്ല, ജി.എസ്.ടി.എൻ.-ൽ കേരളവും ഓഹരി ഉടമയാണ്. 49 ശതമാനം മാത്രമേയുള്ളൂ, 51 ശതമാനം ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളാണ്. അപ്പോൾ സ്വകാര്യമാണെന്ന് പറയാം. പക്ഷെ നമുക്ക് നിർവ്വാഹമില്ല. നമ്മൾ അവിടെ പോകുന്നതിനുമുമ്പ് തന്നെ തീരുമാനമായിക്കഴിഞ്ഞിരിക്കുന്നു. അത് എന്തുകൊണ്ടാണെന്ന് തർക്കിച്ചപ്പോൾ അവർ പറയുന്നത്, പബ്ലിക് സെക്ടറാണെങ്കിൽ ശമ്പളത്തിന് പരിധിയുണ്ടെന്നാണ്. ടോപ് ബ്രെയിൻസിനെ എടുക്കണം. ഇന്ത്യാ മഹാരാജ്യത്ത് എവിടെ കച്ചവടം നടന്നാലും അതൊരു കമ്പ്യൂട്ടറിൽ പോയി അവിടെനിന്നാണ് ഓരോ സംസ്ഥാനത്തേയ്ക്കും പോകുന്നത്.

<u>മി. സ്പീക്കർ</u>: ജി.എസ്.ടി. റിലേറ്റഡ് ക്ലാസ് പെൻഡിംഗിലാണ്. അത് നടത്തണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് ഒരു ദിവസം നിശ്ചയിക്കുകയാണെങ്കിൽ അനൗപചാരികമായ ചർച്ച എല്ലാവരും പങ്കെടുക്കുന്ന രീതിയിൽ നടത്താവുന്നതാണ്.

<u>മി. സ്പീക്കർ</u>: നമ്മൾ ഒരു ദിവസം നിശ്ചയിച്ചതാണ്. ഒരു പ്രത്യേക കാരണംകൊണ്ട് മാറ്റിയതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ പറഞ്ഞുവന്നത്, ഒരു വണ്ടി വരുമ്പോൾ ചെക്ക് പോസ്റ്റിൽ ഇൻവോയ്സ് അപ്‌ലോഡ് ചെയ്യണം. ചെക്ക്

പോസ്റ്റ് ഇല്ലായെന്ന് പറഞ്ഞതിന്റെ കാരണം എന്താണ്? ഒരാളെ നിർത്തി അവിടെ പിരിവ് വേണ്ട. Human interface വരുമ്പോഴല്ലേ ഇതൊക്കെ സാധ്യമുള്ളത്. കേരളത്തിലേയ്ക്ക് കയറാനായി ആകെ 200 ഊടുവഴികൾ മാത്രമേയുള്ളൂ. അവിടെ ക്യാമറ വയ്ക്കാം. ഭാരവണ്ടിയാണെങ്കിൽ, വരുമ്പോൾ തന്നെ വാഹനത്തിന്റെ നമ്പറിന്റെ ഫോട്ടോയെടുത്ത് നേരെ ജി.എസ്.ടി.എൻ.-ൽ കൊടുത്താൽ, ആ വാഹനം അവിടെ നിന്ന് പുറപ്പെട്ടപ്പോൾ ഇൻവോയ്സ് അപ്ലോഡ് ചെയ്തിട്ടുണ്ടോയെന്ന് തത്സമയം അറിയാൻ സാധിക്കും. അതാണ് കമ്പ്യൂട്ടർ സമ്പ്രദായത്തിലൂടെ നടപ്പാക്കുന്നത്. ഇൻവോയ്സ് ഇല്ലെങ്കിൽ ആ നമ്പർ code with flash ചെയ്താൽ പിടിച്ചുനിർത്തി നോക്കും. അത് confiscation ആണ്, അതിൽ കുറഞ്ഞുള്ള ശിക്ഷയില്ല, സെക്യൂരിറ്റിയുടെ ഏർപ്പാടില്ല. കേരളത്തിൽ ചെയ്തിട്ടുള്ളത്, നമുക്ക് ആവശ്യമുള്ള ഡാറ്റയെല്ലാം നമ്മുടെ മോഡ്യൂളിൽ വന്ന് അവിടെ നിന്ന് എടുക്കും. ബാക്കിയെല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി.യെയാണ് ഏൽപ്പിച്ചത്. കേരളം മാത്രമാണ് സ്വന്തമായി മോഡ്യൂൾ ഉണ്ടാക്കിയത്. അതുകൊണ്ട് നമ്മൾ റെഡിയാണ്. ബാക്കിയുള്ള സ്ഥലങ്ങളിൽ റെഡിയായിട്ടില്ല. റെഡിയായിട്ടുള്ളവരോട് കേന്ദ്ര സർക്കാർ പറയുന്നത്, നിങ്ങൾ എന്തിനാണ് പേടിക്കുന്നത്, 14 ശതമാനം വച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നഷ്ടപരിഹാരം തരുമല്ലോയെന്നാണ്. അതുകേൾക്കുമ്പോൾ എല്ലാവർക്കും സമാധാനമാണ്. IT preparedness-ൽ ഏറ്റവും ഉയർന്നുനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. സ്വൈപ്പിംഗ് മെഷീനൊന്നും വേണ്ട എന്നാണ് വന്നിരിക്കുന്ന കുറിപ്പ്. കച്ചവടം സാധാരണ പോലെ തന്നെയാണ്. സ്വൈപ്പിംഗ് മെഷീൻ വേണമെന്ന യാതൊരു നിർബന്ധവുമില്ല.

കേരള സർക്കാരിന്റെ നിലപാട് ലോട്ടറിയിൽനിന്ന് നികുതി വേണ്ടെന്നല്ല, 28 ശതമാനം നികുതി വേണമെന്നാണ്. ആ നിലപാടിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ബില്ലിൽ പുതിയ ലോട്ടറി നിയമം ഉണ്ടാകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അത് കൊണ്ടുവന്നിട്ടില്ല. കാരണം, നിയമജ്ഞരുമായി ചർച്ച ചെയ്തുകഴിഞ്ഞപ്പോൾ ഇനി അങ്ങനെയൊരു നിയമനിർമ്മാണം സാധ്യമല്ലെന്നാണ് പറഞ്ഞത്. ഗ്യാമ്പ്ലിംഗ് ജി.എസ്.ടി.-ൽ പോയി. ഇനി അതിന്മേൽ എന്തെങ്കിലും നികുതി ഏർപ്പാട് കൊണ്ടുവരാൻ കഴിയില്ല. ഗ്യാമ്പ്ളിംഗ്, റെയ്സിംഗ്, ലോട്ടറി ഇതു മൂന്നും ജി.എസ്.ടി.-യിലാണ്. ജൂലൈ 1 മുതൽ ലോട്ടറി നിയമം ഇല്ലാതാകുമ്പോൾ അന്യസംസ്ഥാനത്തുള്ള ലോട്ടറി കച്ചവടക്കാരനും കേരളത്തിൽ വന്നുകൂടെ? ഇതിനെ എങ്ങനെ നേരിടുമെന്നുള്ള പ്രശ്നമുണ്ട്. അതിനുള്ള ഉത്തരമാണ് 28 ശതമാനം നികുതി എന്നുള്ളത്. കാരണം, കേരള സംസ്ഥാന ലോട്ടറിയിൽ

40 ശതമാനം സമ്മാനവും 30 ശതമാനം കമ്മീഷനുമാണ്. സമ്മാന തുക 40 ശതമാനം എന്നത് തൽക്കാലത്തേയ്ക്ക് 50 ശതമാനമാക്കി മാറ്റിയിട്ടുണ്ട്, attractive ആക്കാൻ പോവുകയാണ്. (അപ്പോൾ 40+30=70) ലാഭവും നികുതിയുമായി കേരള സർക്കാരിന് കിട്ടുന്നത് 30 ശതമാനമാണ്. 28 ശതമാനം മുഖവിലയ്ക്ക് ടാക്സ് കാണിക്കണമെങ്കിൽ പ്രൈവറ്റ് പ്ലേയർക്ക് കളിക്കാൻ പറ്റുമോ? ഒരു പ്രൈവറ്റ് പ്ലേയർക്കും സ്പേയ്സില്ല. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുകയാണെങ്കിൽ നികുതി കിട്ടും, ലാഭമില്ല. ഇത് വലിയൊരു പിടിവലിയാണ്. ഇത് മുഖവിലയ്ക്ക് പാടില്ല, ലാഭത്തിന്മേലെ പാടുള്ളൂ, കമ്മീഷന്മേലെ പാടുള്ളൂ തുടങ്ങിയ കാര്യങ്ങളിൽ ലോട്ടറി മാഫിയ വലിയ ക്യാമ്പയിൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ജൂൺ 3-ന് നമ്മൾ തീരുമാനിക്കാൻ പോവുകയാണ്. ഒരു സംശയവും വേണ്ട. ശക്തമായ നിലപാടെടുക്കും. നികുതി വേണ്ടെന്നുള്ളതല്ല, ഉയർന്ന നികുതി വേണം, ലാഭം നികുതിയായി മാത്രമേ ലഭിക്കുകയുള്ളൂ. കേന്ദ്രം പകുതി കൊണ്ടുപോകും. കേന്ദ്ര സർക്കാരല്ലേ പോട്ടേ എന്നുവയ്ക്കാം. അത്രയും കുറച്ച് മതി. എന്നാലും വേറെ സംസ്ഥാന ലോട്ടറി മാഫിയ്ക്ക് കളിക്കാനുള്ള സ്ഥലം കേരളത്തിൽ ഉണ്ടാക്കിക്കൊടുക്കരുത്. അതാണ് ലോട്ടറി സംബന്ധിച്ച് നമ്മൾ എടുത്തിട്ടുള്ള സമീപനം.

കിഫ്ബിയെക്കുറിച്ച് പലരും ചോദിച്ചു, സമയം കഴിഞ്ഞ സ്ഥിതിക്ക് വീണ്ടുമൊരു ചർച്ചയിലേയ്ക്ക് പോകുന്നില്ല. പെട്രോളിനും ഡീസലിനും വില വർദ്ധിക്കുമ്പോൾ ഗവൺമെന്റ് നികുതി കുറയ്ക്കാൻ തയ്യാറുണ്ടോയെന്ന് ഒരംഗം ചോദിച്ചതാണ്. ഇല്ല. ഞങ്ങൾ കുറയ്ക്കാൻ തയ്യാറല്ല. കേന്ദ്ര സർക്കാർ നികുതി കൂട്ടുമ്പോഴൊക്കെ നമ്മൾ നികുതി കുറച്ച് സഹിച്ചുകൊണ്ടിരിക്കണമെന്ന് പറയുന്നത് നടക്കുന്ന കാര്യമല്ല. കേന്ദ്ര സർക്കാർ നികുതി കൂട്ടുന്നത് ഇല്ലാതാക്കണം, എക്സൈസ് നികുതി കുറയ്ക്കണം എന്നുള്ള നിലപാടാണ് നമുക്കുള്ളത്. അതല്ലാതെ അവർ നികുതി കൂട്ടുമ്പോൾ അവരുടെ നികുതി ഭാരം നമ്മുടെ പിടലിക്ക് ഇരുന്നോട്ടേയെന്ന നിലപാട് സ്വീകരിക്കാൻ തയ്യാറല്ല. അതുകൊണ്ട് നികുതി കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ഇതിൽ മൂന്ന് മാസത്തെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞത് താൽക്കാലികം മാത്രമാണ്. ആ ലിസ്റ്റ് അദാലത്ത് നടത്തി ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞാൽ മുഴുവൻ റിലീസ് ചെയ്യും. റബ്ബറിന്റെ കാര്യത്തിലും എന്താണെന്നുള്ളത് പരിശോധിക്കാം. റബ്ബറിന് കുടിശ്ശികയുണ്ടെങ്കിൽ കൊടുക്കുന്നതിൽ തടസ്സമുണ്ടാകില്ല.

അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് സംബന്ധിച്ച് നിയമസഭയിൽ ഉറപ്പ് നൽകി. ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് ആദ്യം അയയ്ക്കേണ്ടെന്നും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും എസ്റ്റിമേറ്റുകൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് സമർപ്പിച്ചാൽ ഒരാഴ്ച കൊണ്ട് അനുവാദം കൊടുക്കുമെന്നും പറഞ്ഞു. ഞാൻ പരിശോധിച്ചപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ശരാശരി രണ്ടാഴ്ച കൊണ്ട് അനുവാദം കൊടുക്കുന്നുണ്ട്. എന്നാൽ ഇവിടെ ഡിപ്പാർട്ടുമെന്റ് കൊടുക്കുക, ആ ഡിപ്പാർട്ടുമെന്റിൽനിന്ന് താഴോട്ട് അയയ്ക്കുക, അവിടെ നിന്ന് എസ്റ്റിമേറ്റ് വരിക, വീണ്ടും നോക്കി ഇങ്ങോട്ട് പോവുക ഇതാണ് നിങ്ങളുടെ പരാതിക്ക് അടിസ്ഥാനം എന്നാണ് തോന്നുന്നത്. അതുകൊണ്ട് ഇവിടെ ചർച്ചയിൽ വന്നതുപോലെ, എം.എൽ.എ. ഫണ്ട് പോലെ ജില്ലാതലത്തിൽ തീരുമാനിക്കട്ടേയെന്നുള്ളത് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള തീരുമാനത്തിലേയ്ക്ക് ഞങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കിക്കഴിഞ്ഞാൽ സഭയിൽ സ്റ്റേറ്റ്മെന്റ് നടത്താൻ സാധിക്കും അതല്ലെങ്കിൽ വിശദമായ ഓർഡർ അയയ്ക്കാം. ഇത് തടസ്സപ്പെടുത്തുക എന്നുള്ളതല്ല, എത്രയും പെട്ടെന്ന് കാര്യങ്ങൾ എങ്ങനെ ചെയ്യാൻ പറ്റുമെന്നുള്ളതാണ്. ആകെ ഒരു നിബന്ധന മാത്രമേയുണ്ടാകുകയുള്ളൂ. ഏതെങ്കിലും സ്പെഷ്യൽ എക്സംപ്ഷൻ വേണമെന്നുണ്ടെങ്കിൽ ഇവിടെ തന്നെ വരണം. സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കെട്ടിടം പണിയുന്നതിന് മുമ്പ് അവിടത്തെ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെടുത്തണം. കിഫ്ബിയുടെ പണത്തെക്കാൾ വലിയ സംവിധാന മുണ്ടാക്കുകയാണ്. ആ തലത്തിൽ നമ്മൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്യേണ്ടിവരും. അതല്ലാതെ വെറെ നിബന്ധനകളൊന്നും വയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. അത്തരത്തിൽ മാറ്റുന്നതിനുവേണ്ടി ശ്രമിക്കും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇതുപോലുള്ള അങ്ങയുടെ ശക്തമായ നിലപാടുകളെയൊക്കെ അനുകൂലിക്കുകയാണ്. മനസ്സാക്ഷിയുള്ള എല്ലാവരും അനുകൂലിക്കും. 800 കോടി രൂപയുടെ വരുമാനം കേന്ദ്ര ഗവൺമെന്റിനും 215 കോടി രൂപയുടെ വരുമാനം സംസ്ഥാന സർക്കാരിനുമുണ്ട്. റബ്ബർ ബോർഡ് നിർത്താൻ പോകുന്നുവെന്നുള്ളത് സത്യമാണോ? റബ്ബർ ബോർഡിന്റെ ഇഷ്യൂ സ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. നമ്മുടെ വരുമാനത്തിന്റെ 90 ശതമാനവും കേരളത്തിലാണ്. കേരളം ആ കാര്യത്തിൽ ഉത്തരവാദിത്വം ഏറ്റെടുത്താൽ അൽപ്പം കൂടി വിശ്വാസ്യത കർഷകർക്കുണ്ടാകും. അതിനെപ്പറ്റി ധനകാര്യ വകുപ്പുമന്ത്രി ചർച്ച ചെയ്യാൻ തയ്യാറാകുമോ? റബ്ബറിന്റെ ഉത്പാദനവും വിപണനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർഷകർക്ക് സബ്സിഡി പോലും ഇല്ലാതാവുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, റബ്ബർ ബോർഡ് നിലനിർത്താൻ വേണ്ടി ശക്തമായ നിലപാടെടുത്ത് ഒരുമിച്ചുനിന്ന് സമരം ചെയ്യുകയാണ്. ഇങ്ങനെയുള്ള ബോർഡ് കശുവണ്ടിക്കുകൂടി വേണമെന്നല്ലേ കേരളം വാദിച്ചുകൊണ്ടിരിക്കുന്നത്. റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്നതിനെതിരെ ഒരുമിച്ചുനിന്ന് ശക്തമായ നിലപാടെടുക്കുന്നതായിരിക്കും ശരിയെന്നാണ് എനിക്ക് തോന്നുന്നത്.

ഒ.ഡി.ആർ. (Other District Road), എം.ഡി.ആർ. (Major District Road) എന്നിവയിൽ നല്ലൊരു പങ്കും പി.ഡബ്ല്യു.ഡി.യുടെ അധീനതയിലാണ്. അല്ലാതെയുള്ള റോഡ് വന്നാൽ കിഫ്ബിയിൽ എങ്ങനെ ചെയ്യുമെന്നാണ് ഇവിടെ ചോദിച്ചത്. തമ്മനം-പുല്ലേപ്പടി റോഡ് നഗരസഭയുടേതായിരുന്നു. അതിന് നിങ്ങൾ എന്ത് ചെയ്തു? കിഫ്ബിയിൽ എടുത്തിട്ടുള്ള റോഡുകൾ നഗരസഭ നന്നാക്കാൻ പോകുന്നു. അത് സറണ്ടർ ചെയ്തു. സറണ്ടർ ചെയ്ത സർട്ടിഫിക്കറ്റ് പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തപ്പോൾ എ.എസ്. നൽകി. ഇതുതന്നെയാണ് ഏത് റോഡിനും ബാധകമാകുന്നത്. ഏറ്റെടുത്തിരിക്കുന്ന റോഡ് പി.ഡബ്ല്യു.ഡി.-യുടേതല്ലെങ്കിൽ ആരാണോ ബന്ധപ്പെട്ട ഉടമസ്ഥൻ അവർ അത് സറണ്ടർ ചെയ്യണം. അങ്ങനെയല്ലേ നിങ്ങൾ ചെയ്തത്. അതുതന്നെ ഇനിയും പാലിച്ചാൽ മതിയാകും.

കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ ഒരു അവലോകന യോഗം നടത്തുന്നുണ്ട്. ആ യോഗത്തിനുശേഷം നിങ്ങൾക്ക് ഓരോരുത്തർക്കും തന്നിട്ടുള്ള പ്രോജക്ടുകൾ എങ്ങനെ ഫോളോ അപ് ചെയ്യാം, സ്പീഡ് അപ് ആക്കാം എന്നുള്ളതിനെക്കുറിച്ച് വിശദമായ ഒരു സർക്കുലർ എല്ലാ എം.എൽ.എ.മാർക്കും എത്തിച്ചു തരുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ധൂർത്തും ആഡംബര ചെലവുകളുമുണ്ട്. ഇതെല്ലാം കുറയ്ക്കണമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത് ഇതെല്ലാമാണെന്ന് പറയുന്നത് ശരിയല്ല. കേരളത്തിലെ ആളുകൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം ഇന്ത്യയിലെ ബാക്കിയുള്ള സംസ്ഥാനങ്ങളിലെ ആളുകൾക്ക് സ്വപ്നം കാണാനല്ലേ കഴിയൂ. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ ഇതൊക്കെ ഭരണകൂടം നൽകുന്നതല്ലേ; ധൂർത്ത് മാത്രമാണോ കേരളത്തിൽ നടന്നിട്ടുള്ളത്? കേരളത്തിലെ മാറി മാറിവരുന്ന സർക്കാരുകളുടെ കാഴ്ചപ്പാടനുസരിച്ച് കേരളത്തിൽ നടത്തിയിട്ടുള്ള സാമൂഹ്യക്ഷേമ മേഖലകളിലെ നിക്ഷേപങ്ങൾ ധൂർത്തല്ല. അത് ശമ്പളം വച്ച് കണക്കാക്കാൻ കഴിയുന്നതുമല്ല. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും പണം മുടക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ശമ്പളം കൊടുത്ത ഉദ്യോഗസ്ഥനല്ലേ ഏറ്റവും വലിയ

മുതൽമുടക്ക്. അല്ലാതെ കെട്ടിടം പണിയലാണോ? കേരളത്തിൽ ധൂർത്താണെന്നുള്ള രീതിയിൽ പരത്തി പറയേണ്ട കാര്യമില്ല. ഇവിടെ പ്രതിസന്ധിയെന്നുപറഞ്ഞ് ആരും കടന്നുപോകണ്ട.

വടക്കേ ഇന്ത്യയിൽ പ്രശ്നങ്ങളൊന്നുമില്ലെന്ന് പറയുന്നുണ്ടല്ലോ. എന്താണ് കാര്യമെന്ന് അറിയാമോ? വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും അവിടെ ഒന്നും ചെലവാക്കുന്നില്ല. കേരളത്തിൽ അങ്ങനെ പറ്റുമോ? അങ്ങനെ ചെലവാക്കാൻ തയ്യാറല്ലെന്ന് പറയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുമോ? അതുകൊണ്ട് വടക്കേ ഇന്ത്യയും കേരളവും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നാണ് ഞാൻ പറയുന്നത്. അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ കുറേക്കൂടി വിശദീകരിക്കാമായിരുന്നു.

ചെക്ക്പോസ്റ്റുകളിലെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ഉന്നയിച്ചു. സമീപഭാവിയിൽ ചെക്ക്പോസ്റ്റ് അവസാനിക്കുകയാണല്ലോ എന്നുള്ള ഒരു മനോഭാവം വന്നിരുന്നു. കടുംവെട്ടിന്റെയും അനുഭവങ്ങൾ വന്നിട്ടുണ്ട്. ഏതായാലും ഇപ്പോൾ ഒരു കാര്യം തീരുമാനിച്ചു. ഏത് വണ്ടി പുറപ്പെട്ടാലും തത്സമയം കണക്ക് ലഭിക്കണമെന്ന് ഞാൻ പറഞ്ഞല്ലോ. ആ തത്സമയ കണക്ക് തരാൻ ഡിസംബർ മാസമാകുമെന്നാണ് കേന്ദ്ര സർക്കാർ അനൗപചാരികമായി പറഞ്ഞത്. അതിനെ ആശ്രയിച്ച് അതൊക്കെ ഡിസ്ബാന്റ് ചെയ്യാൻ നമുക്ക് കഴിയില്ല. കോഴിക്കൊന്നും നികുതിയില്ലാത്തതുകൊണ്ട് കടത്തിവിടാം. പക്ഷേ ഇവിടെ വരുന്ന വണ്ടിയിൽ ഇൻവോയ്സ് ഉണ്ടാകണം. അതിന് ചെക്ക്പോസ്റ്റുണ്ടാകണം. അതുകൊണ്ട് ചെക്ക്പോസ്റ്റുകളിൽ അൽപ്പം അമാന്തം വന്നിട്ടുണ്ടെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ അതില്ലാതാക്കി അതിനെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇ-ചെക്കിംഗ് നടത്തുന്നതിനുമുള്ള നടപടികളുണ്ടാകും. ഇപ്പോൾ വിജിലൻസ് വളരെ കർശനമായി പരിശോധനകൾ നടത്തുന്നുണ്ട്. ഏതായാലും മാധ്യമങ്ങളിലൊക്കെ വാർത്ത വന്നതിന്റെ പ്രത്യാഘാതമായിട്ടായിരിക്കാം അവർക്കൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പക്ഷേ സർക്കാരിന്റെ ഭാഗത്തുനിന്നും വലിയ ജാഗ്രതയുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ, എറണാകുളത്ത് യാദൃശ്ചികമായി രണ്ടുപേർ പോയതല്ല. ഏതൊക്കെ സ്ഥലത്താണ് റെഡിമെയ്ഡ് ഗാർമെന്റ്സ് തയ്ക്കുന്നതെന്നും അതെങ്ങനെയാണ് വരുന്നതെന്നുമെല്ലാം വളരെ സിസ്റ്റമാറ്റിക്കായി അന്വേഷണം നടത്താൻ പോയതാണ്. ഉദ്യോഗസ്ഥർ അവിടെ ചെന്നപ്പോൾ ചുറ്റുപാടുമുള്ള ആളുകളെല്ലാം എതിർക്കാൻ വന്നു. കാരണം അങ്ങനെയൊരു പതിവ് ആ പ്രദേശത്തില്ല. പിന്നെ അദ്ദേഹം അവിടത്തെ ഒരു പ്രധാനപ്പെട്ട കച്ചവടക്കാരനുമായിരുന്നു. അവിടെ മർദ്ദനമൊന്നും ഉണ്ടായിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മർദ്ദനമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ അതിന്റെ സി.ഡി. നൽകാം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. വി. ഡി. സതീശൻ ഇത്ര കൃത്യമായി പറഞ്ഞതുകൊണ്ട് നമുക്ക് ഒരുമിച്ചിരുന്ന് കാണാം. സ്വാഭാവികമായും ചില എതിർപ്പുകളുണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും ബലപ്രയോഗം നടത്തുകയും ചെയ്തവരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. കേസ് അതിന്റെ വഴിക്കുപോകട്ടെ. ഈ തെളിവുവച്ച് അസസ്മെന്റ് പൂഴ്ത്തിവച്ച് കൊടുക്കാനല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഊർജ്ജിതമായി അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. വെറുതെ വിടാൻ തീരുമാനിച്ചിട്ടില്ല. ആരായാലും ഏത് കച്ചവടക്കാരനായാലും സർക്കാരിന് കിട്ടേണ്ട ഒരു പൈസയ്ക്കും കോംപ്രമൈസ് ഇല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇങ്ങനെ തടസ്സം നിന്ന ആളുകളെ അറസ്റ്റ് ചെയ്യണ്ടേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അറസ്റ്റ് ചെയ്യും. അതിന്റെ നടപടി ക്രമപ്രകാരം നീങ്ങും. നികുതി ഈടാക്കുക എന്നുള്ളതാണ് നികുതി വകുപ്പിന്റെ തീരുമാനം. അസസ്മെന്റ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. നികുതി ഈടാക്കുകതന്നെ ചെയ്യും. കഴിഞ്ഞ തവണത്തേതുപോലെ സെക്ടർ തിരിച്ച് എല്ലാ കടകളും പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു തെറ്റിദ്ധാരണ വന്നിട്ടുണ്ട്. ഇത് നാലഞ്ച് വർഷംകൊണ്ടുണ്ടായതാണ്. നമ്മൾ കൊടുക്കുന്നത് വാങ്ങിക്കൊണ്ട് പോകുമല്ലോ എന്നുള്ള മനോഭാവമാണ് വ്യാപാരികളുടേത്. ഇപ്പോൾ ജി.എസ്.ടി.-യിലേയ്ക്ക് പോകുകയല്ലേ? അതുകൊണ്ട് ഇത്രയും മതി എന്നുള്ളതാണ്. കഴിഞ്ഞ തവണ നികുതി കുറഞ്ഞിട്ടുള്ള ആളുകളുടെ കണക്ക് രണ്ടാമത് പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സർക്കാരിന്റെ നികുതി പിരിവിൽ ഒരിക്കലും ഉദാസീനതയുണ്ടാകില്ല. അതുകൊണ്ട് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എല്ലാവരുടേയും സഹകരണം വേണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഏഴ് മാസമായി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം കിട്ടുന്നില്ല. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും കൊടുത്തിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇക്കാര്യം സബ്മിഷനായി ഇവിടെ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞതാണ്. ഞാൻ പലതവണ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞപ്പോൾ ഏപ്രിൽ മാസത്തിൽ തരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഏപ്രിൽ മാസത്തിൽ

തമിഴ്നാടിന് 2,100 കോടി രൂപയും കേരളത്തിന് 112 കോടി രൂപയും കൊടുത്തു. ഇതിന് മുഖ്യമന്ത്രി കേന്ദ്രത്തിലേയ്ക്ക് കത്തയച്ചിട്ടുണ്ട്. അതിന്റെ മറുപടി പ്രതീക്ഷിച്ചിരിക്കുന്നു. ഈ സഭ തന്നെ ഒരു നിലപാട് എടുക്കേണ്ടിവരും. ഇതിന്റെ സംഘടനകളിൽനിന്ന് സമരങ്ങളൊക്കെ ഉണ്ടാകാനിടയുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രഗവൺമെന്റിന്റെ തകരാറാണെന്ന് പറയുന്നു. ഇവിടെ ശ്രദ്ധക്ഷണിക്കലിനും ചോദ്യോത്തരത്തിനുമൊക്കെ മറുപടി തന്നു. ഞാൻ ഡൽഹിയിലെ ആ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടു. ശ്രീ. വി. കെ. സിബ്ബ എന്ന അഡീഷണൽ സെക്രട്ടറി മൂന്ന് പ്രാവശ്യം ഇങ്ങോട്ട് കത്തയച്ചിട്ടും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. മാത്രമല്ല സംസ്ഥാന ഗവൺമെന്റിന്റെ മാച്ചിംഗ് ഗ്രാന്റിന്റെ വ്യക്തമായ രേഖയില്ല. സൗത്ത് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങൾക്കും കൊടുത്തു. കേരള ഗവൺമെന്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ടാണ് കേരളത്തിന് ലഭിക്കാത്തതെന്ന് പറഞ്ഞ് മിനിഞ്ഞാന്ന് എനിക്ക് മറുപടി കിട്ടി.

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരള ഗവൺമെന്റ് ഇതുവരെ വെയ്സ് ആന്റ് മീൻസ് മൈനസിലേയ്ക്ക് പോയിട്ടില്ല. അത്രയ്ക്ക് ഭദ്രമാണ്. 5,100 കോടി രൂപ പെൻഷൻ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ പിന്നെയാണ് 600 കോടി രൂപ വരുന്ന മാച്ചിംഗ് ഗ്രാന്റ്. മാച്ചിംഗ് ഗ്രാന്റ് കൊടുക്കുന്നതിലൊന്നും ഒരു പോരായ്മയുമില്ല. കേരളം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. അവരുടെ ഏറ്റവും വലിയ വിമർശനമെന്ന് പറയുന്നത്, കേരളം അസ്സറ്റ് ഉണ്ടാക്കുന്നില്ല, 40 ശതമാനമെങ്കിലും മെറ്റീരിയൽ കോസ്റ്റ് വേണം, കേരളത്തിന്റേത് 5 ശതമാനവും. അതുകൊണ്ട് ഞങ്ങൾ സംഘടിതമായി അസ്സറ്റുണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പിന്നെ അവർ പറഞ്ഞത്, അതിന്റെ ചുമതലക്കാരനായി ഫുൾ ടൈം ഒരാൾ വേണമെന്നാണ്. അങ്ങനെ വേണമെങ്കിൽ അങ്ങനെയാകട്ടെ. അതിൽ നമുക്ക് തർക്കമൊന്നുമില്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയത്തുതന്നെ ഹാജരാക്കിയിട്ടുണ്ട്. ചില എം.പി.മാർക്ക് നൽകിയ മറുപടിയിൽ അത്തരമൊരു പരാമർശമുണ്ടായിരുന്നു. അതിനെത്തുടർന്ന് വീണ്ടും പരിശോധന നടത്തി അതിന്റെ കോപ്പി ഹാജരാക്കി. അതിനുശേഷമാണ് ബഹുമാന്യനായ നരേന്ദ്ര സിംഗ് ടോമർജിയെ കണ്ടതും സംസാരിച്ചതും. ഈ വർഷം നിർബന്ധമായും 30 ശതമാനം അസ്സറ്റ് ക്രിയേഷനുണ്ടാക്കാനായി പദ്ധതികൾ ആവിഷ്കരിക്കാൻ ഇതിനകം നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ സംസാരിച്ചപ്പോൾ, സെക്രട്ടറി, ശ്രീ. വി. കെ. സിബ്ബ രണ്ട് പ്രാവശ്യം ഇങ്ങോട്ട് കത്തയച്ചിട്ടും മറുപടി കൊടുത്തിട്ടില്ലെന്നാണ് പറഞ്ഞത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അത് വെറുതെ പറയുന്നതാണ്.

<u>മി. സ്പീക്കർ</u>: മന്ത്രി ഫ്ലോറിൽ ഉത്തരവാദിത്വത്തോടെയല്ലേ പറയുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇക്കാര്യത്തിൽ ഈ സഭ ഒരുമിച്ചുനിന്ന് നിലപാടെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ശ്രീ. പി. ടി. തോമസിന് സംശയമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് സന്ദർഭമുണ്ടാക്കാം. അതിന് തടസ്സമില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കൃഷിക്കാർ നെല്ല് അളന്നതിന്റെ പൈസ കിട്ടിയിട്ടില്ല. അത് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും കിട്ടാത്തതാണോ? എന്താണ് അതിന്റെ കാരണമെന്ന് അറിയാൻ ആഗ്രഹമുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടാത്തതാണ്. ഇത് കണക്കിലെടുത്ത് വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുക്കുകയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അത് പറയുകയും ചെയ്തു. ഇനി മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലെടുത്ത്, അതിന്റെ രസീത് സഹകരണ ബാങ്കിൽ കൊടുത്താൽ അപ്പോൾ തന്നെ ഡിസ്കൗണ്ട് ചെയ്ത് പൈസ നൽകും. (കേന്ദ്ര സർക്കാരിന്റേത് അടക്കം). കേന്ദ്രവും സംസ്ഥാനവും കൊടുക്കേണ്ട പലിശ കേരള സർക്കാർ സഹകരണ ബാങ്കിന് കൊടുക്കും. കൃഷിക്കാരൻ കൊടുക്കണ്ട.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, കഴിഞ്ഞ ദിവസം 131 കോടി രൂപ ലഭിച്ചു. അതിപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കും. കൃഷിക്കാരനെ പീഡിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇതിന് വേണ്ടിവരുന്ന പലിശ ചെലവ് സർക്കാർ വഹിക്കും. നെല്ല് എടുത്തുകഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ അവിടത്തെ സഹകരണ ബാങ്കിൽനിന്ന് പണം നൽകുന്നതിനുള്ള നടപടിയുണ്ടാകും. 2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2017-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## XI അറിയിപ്പ്

### ചലച്ചിത്ര പ്രദർശനം

മി. സ്പീക്കർ: 2016-ലെ മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ 'മാൻഹോൾ' എന്ന സിനിമയുടെ പ്രദർശനം ഇന്ന് വൈകിട്ട് 6.00 മണിക്ക് മെംബേഴ്സ് ലോഞ്ചിൽ നടത്തുന്നതാണ്. എല്ലാ അംഗങ്ങളും പ്രസ്തുത പ്രദർശനം കാണാൻ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ....... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.43-ന് പിരിഞ്ഞു.)

## അനുബന്ധം

## 22-05-2017-ന് മേശപ്പുറത്തുവച്ച പുതുക്കിയ മറുപടി
## (15-5-2017-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം *410)
### നെയ്യാർ ഡാമിൽ നിന്നും ജലമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

(*410) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. കെ. ശശി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കടുത്ത ജലക്ഷാമം പരിഹരിക്കുന്നതിന് നെയ്യാർ ഡാമിൽനിന്നും ജലമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ മലയോര മേഖലകളിലും ഗ്രാമപ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കോളനികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) കുടിവെള്ള ക്ഷാമം കൂടുതൽ രൂക്ഷമായ പഞ്ചായത്തുകളിൽ ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ ജലസംഭരണിയിൽനിന്ന് ജലം കരമനയാറ്റിൽ എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പൂർണ്ണ തോതിലുള്ള പമ്പിംഗും നടക്കുന്നു. നെയ്യാർ ഡാമിലെ കാപ്പുകാട് നിന്നും ജലം പമ്പ് ചെയ്ത് 1.5 കി.മീ. അകലെയുള്ള കുമ്പിൾമൂട് തോടിലെത്തിക്കുകയും തുടർന്ന് 9.5 കി.മീ ദൂരം തോടിലൂടെ ഒഴുക്കി കരമന നദിയിൽ അണിയിലക്കടവിലെത്തിക്കുന്ന പ്രവർത്തനങ്ങളാണ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചത്. ഇതിലേയ്ക്കായി 400 മീറ്റർ, 800 mm DIK-9 പൈപ്പ്, 350 മീറ്റർ, 700 mm DIK-9 പൈപ്പ് എന്നിവ സ്ഥാപിച്ചും 100 HP-യുടെ പമ്പുകൾ 2 എണ്ണം ജലസംഭരണിയിൽ താഴ്ത്തി ഇടാവുന്ന പ്രത്യേക തരം (180 HP) പമ്പുകൾ 2 എണ്ണം ഉപയോഗിച്ചും ഏകദേശം70 ദശലക്ഷം ലിറ്റർ വെള്ളം പമ്പു ചെയ്യുന്നു. കൂടാതെ 400 മീറ്റർ, 600 mm ഡി.ഐ. പൈപ്പിലൂടെ ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന്റെ ഡ്രെഡ്ജർ

ഉപയോഗിച്ചുള്ള പമ്പിംഗും ജലസേചന വകുപ്പിന്റെ ഡ്രെഡ്ജർ ഉപയോഗിച്ചുള്ള 200 mm പി.വി.സി.യുടെ രണ്ട് ലൈനിലൂടെയുള്ള പമ്പിംഗും നടന്നുവരുന്നു. ഘട്ടംഘട്ടമായി തുടങ്ങിയ പ്രവർത്തികൾ ആകെ 15 ദിവസം കൊണ്ടാണ് വൈദ്യുതി, വനം, വ്യവസായം, മോട്ടോർ വാഹനം, റവന്യൂ, ധനകാര്യം, പോലീസ് എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ ജലവിഭവ വകുപ്പിന് സാധിച്ചത്.

(ബി) ഉണ്ട്. മലയോര മേഖലകളിലും ഗ്രാമപ്രദേശങ്ങളിലും ജലലഭ്യത ഉറപ്പാക്കാൻ വേണ്ടി നിലവിലെ ലൈനുകൾ ദീർഘിപ്പിച്ചും ജലം എത്തിച്ചേരാത്ത ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ ക്രമീകരിച്ചും, കുടിവെള്ള പദ്ധതികളുടെ കിണറ്റിലേയ്ക്കുള്ള ലീഡിംഗ് പൈപ്പുകൾ താഴ്ത്തിയും കിണറുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽമാറ്റിയും പമ്പുകളുടെ കാര്യക്ഷമത ഉറപ്പാക്കിയും പരമാവധി ജലവിതരണം ഉറപ്പുവരുത്തുന്നുണ്ട്. റവന്യൂ, തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ ടാങ്കർ ലോറിവഴി വരൾച്ച ബാധിത പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്. നദികളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പാക്കുന്നു.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ വരൾച്ചയെ തുടർന്ന് കുടിവെള്ള വിതരണം നടത്തുന്നതിനായി 350 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിരുന്നു. അതുപ്രകാരം തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ 217 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കടുത്ത ജലക്ഷാമം കണക്കിലെടുത്ത് തിരുവനന്തപുരത്ത് 51 സ്ഥലങ്ങളിൽ കേരള വാട്ടർ അതോറിറ്റി മുൻകൈയെടുത്ത് ജില്ലാ ഭരണകൂടം ലഭ്യമാക്കിയ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമായ പഞ്ചായത്തുകളിൽ, പഞ്ചായത്തുകളും ജില്ലാ ഭരണകൂടവും ആവശ്യപ്പെടുന്ന പ്രകാരം ടാങ്കറുകൾ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ വിവിധ വെൻഡിംഗ് പോയിന്റുകളിൽനിന്നും ശുദ്ധീകരിച്ച ജലം നൽകിവരുന്നു.

## (2) 8-5-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2300)-ന് നൽകിയ പുതുക്കിയ മറുപടി

### മാവേലിക്കരയിലെ ആശുപത്രികളുടെ കെട്ടിടനിർമ്മാണം

(2300) <u>ശ്രീ. ആർ. രാജേഷ്:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മാവേലിക്കര ജില്ലാ ആശുപത്രി, നൂറനാട് ലെപ്രസി സാനറ്റോറിയം, വള്ളികുന്നം ഹോമിയോ ആശുപത്രി എന്നിവയ്ക്കായി പുതിയതായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

മാവേലിക്കര ജില്ലാ ആശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി 68.25 കോടി രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ മെയിൽ & ഫീമെയിൽ വാർഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഒ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി 40 കോടി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 2352 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് മെയിൽ & ഫീമെയിൽ വാർഡ് നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വള്ളികുന്നം ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ആയുഷ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## (3) 12-05-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3589)-ന് പുതുക്കിയ മറുപടി

### ബെവ്കോ പുതുതായി വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങൾ

(3589) ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദേശീയ-സംസ്ഥാന പാതയോരത്ത് നിന്ന് മദ്യ വിൽപ്പന ശാലകൾ പുതുതായി ബെവ്കോ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേരു വിവരം തുടങ്ങിയവ വ്യക്തമാക്കുമോ;

(ബി) ബെവ്കോ കടമുറികൾ വാടകയ്ക്കെടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കടകൾ വാടകയ്ക്കെടുക്കുന്നതിന് നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചാണോ പുതിയ കടകൾ വാടകയ്ക്കെടുത്തിട്ടുള്ളത്;

(ഡി) ബെവ്കോ വാടകയ്ക്കെടുത്തിട്ടുള്ള കടകൾക്ക് വാടക നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(ഇ) ഇപ്പോൾ ബെവ്കോ വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, കരാർ തുടങ്ങിയവയ്ക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ദേശീയ/സംസ്ഥാന പാതയോരത്ത് നിന്ന് മദ്യവിൽപ്പനശാലകൾ 500 മീറ്റർ മാറ്റിസ്ഥാപിക്കണമെന്ന ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ബെവ്കോ പുതുതായി വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേര് വിവരം എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നത് താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ്.

1. പ്രാദേശികതലത്തിലുള്ള പരസ്യങ്ങൾ/അന്വേഷണം/ വെബ്സൈറ്റ് എന്നിവ വഴി ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ തെരഞ്ഞെടുക്കുന്നു.
2. കെട്ടിടങ്ങൾ, ആഡിറ്റ് ടീം അംഗങ്ങൾ, മാനേജർ/റീജിയണൽ മാനേജർമാർ എന്നിവർ പരിശോധിച്ച് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുന്നു. തെരഞ്ഞെടുക്കുന്ന കെട്ടിടം അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നതാണെന്നും സംസ്ഥാന ദേശീയ പാതയോരത്തുനിന്നും 500 മീറ്റർ അകലം പാലിക്കുന്നവയാണെന്നും എക്സൈസ് വകുപ്പ് മുഖേന ഉറപ്പുവരുത്തുന്നു.
3. കെട്ടിട ഉടമസ്ഥനുമായി വാടക മിതപ്പെടുത്തുവാൻ മാനേജർ/റീജിയണൽ മാനേജർമാരുമായി ചർച്ച ചെയ്ത് ഹെഡ്ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യുന്നു.
4. ഹെഡ് ഓഫീസ് തലത്തിൽ സീനിയർ ഉദ്യോഗസ്ഥരടങ്ങിയ "റെന്റ് കമ്മിറ്റി" കെട്ടിട അപേക്ഷകൾ പരിശോധിക്കുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസ്ഥകൾ അംഗീകരിക്കാവുന്ന പ്രൊപ്പോസലുകൾക്ക് അനുവാദം നൽകുവാൻ മാനേജിംഗ് ഡയറക്ടർക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ശിപാർശ ചെയ്ത് വാടക കൂടുതലാണെങ്കിൽ വീണ്ടും കെട്ടിട ഉടമയുമായി ചർച്ച നടത്തുവാൻവേണ്ടി ബന്ധപ്പെട്ട റീജിയണൽ മാനേജർ/മാനേജർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

5. ഇപ്രകാരം ശിപാർശ ചെയ്ത പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ അംഗീകരിക്കുകയും ആവശ്യമാണെങ്കിൽ ബോർഡിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) ഷോപ്പ് മാറ്റുന്നതിലേയ്ക്കായി കെട്ടിടങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഉത്തരം (ബി)-യിൽ പറഞ്ഞിരിക്കുന്ന നടപടികൾ പാലിക്കാറുണ്ട്.

(ഡി) കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന പ്രസ്തുത പ്രദേശത്തിന്റെ വാണിജ്യപരമായ പ്രാധാന്യവും വികസനവും, പ്രദേശത്ത് നിലവിലുള്ള വാടക നിരക്ക്, കെട്ടിടത്തിന്റെ മേന്മ, ഉപഭോക്താക്കളുടെ സൗകര്യം, റോഡ് കണക്ടിവിറ്റി, റോഡിന്റെ പ്രാധാന്യം, പാർക്കിംഗ് സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് അനുസൃതമായും കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും മൂല്യവും ആണ് സാധാരണഗതിയിൽ സ്വാധീനിക്കുന്ന ഘടകങ്ങൾ. പക്ഷേ കോർപ്പറേഷന്റെ വിദേശ മദ്യശാലകൾക്കുള്ള ഷോപ്പുകൾ എടുക്കുമ്പോൾ മേൽപ്പറഞ്ഞ ഘടകങ്ങൾ പാലിക്കാൻ ഒരിക്കലും സാധിക്കുന്നില്ല. നിയമപ്രകാരം പാലിക്കേണ്ട നിബന്ധനകൾക്ക് അനുസൃതമായ കെട്ടിടങ്ങൾ ജനവാസം കുറഞ്ഞ സ്ഥലങ്ങളിൽ കണ്ടെത്തുക എന്നത് ദുഷ്കരമായതിനാൽ, പ്രാദേശികമായി നിലവിലുള്ള വാടകയേക്കാൾ മെച്ചപ്പെട്ട നിരക്കിലാണ് വാടക നൽകുവാൻ നിർബന്ധിതമാകുന്നത്.

(ഇ) ഇപ്പോൾ ബെവ്കോ വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, കരാർ തുടങ്ങിയവ നിശ്ചയിക്കുന്നതിന് നിലവിൽ സർക്കാർ അംഗീകാരം ആവശ്യമില്ല. കെട്ടിടം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതി അന്വേഷണം നടത്തുവാനായി കോർപ്പറേഷന് ലഭിക്കുകയും പരാതിയിൽ കഴമ്പില്ലെന്ന് കണ്ട് പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

---